# സൈബർ ആധുനികത

## സംവാദം സംസ്കാരം സംലയനം



എഡിറ്റർ

ഡോ. ജോസ് കെ. മാനുവൽ

## ഡോ. ജോസ് കെ. മാനുവൽ

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര – ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323

ഇ–മെയിൽ: kjosemanuel@gmail.com

# സൈബർ ആധുനികത
## സംവാദം സംസ്കാരം സംലയനം

എഡിറ്റർ

ഡോ. ജോസ് കെ. മാനുവൽ

TURN BOOKS

Malayalam Language
**Cyber Adhunikatha Sumsakaram**
Malayala Cyberpadanangal

Edited by **Dr. Jose K. Manuel**

Compiled and Published by **Turn Books Kottayam**
Rights Reserved
First Published - July 2019

Cover Design : Joseph Francis, Pala

Printed in India
Vibgyor Imprints, Calicut - 673 004

Publishers
**Turn Books**, P.B. No.1, Teekoy
Kottayam, Kerala - 686 580, India
Email: turnbooks4u@gmail.com
Web Site: www.turnbooksgroup.com
Tel: 9495200006, +914822280007/08/09

Distributors
Turn Books Hub, Kottayam - 580
Email: turnbookshub@gmail.com
Tel: 9846486439

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publishers.

ISBN: 978 - 93 - 87709 - 17 - 1

Price : ₹ **350**

0000202118142151511190000300000720170154920915136000100000000350

# ഉള്ളടക്കം


മുന്നറിവുകൾ

1. ഉത്തരാധുനികതയിൽനിന്നും സൈബർ
   ആധുനികതയിലേക്ക് - ഡോ. ജോസ് കെ. മാനുവൽ /11–25
2. നവമാധ്യമങ്ങളിലെ നാടോടിത്തങ്ങൾ -
   ഡോ. സി.ആർ.രാജഗോപാൽ /26–47
3. വ്യാപാരം വിശ്വവ്യാപന വലയിലാകുമ്പോൾ -
   വി.കെ.ആദർശ് /48–63
4. ട്രോളുകളും ജനാധിപത്യവും - എൻ.പി.സജീഷ് /64–93
5. ട്രോൾ മലയാളം @ സൈബർ സ്പേസ് -
   വിശാൽ ജോൺസൺ /94–109
6. സൈബർകാലവും ഭാഷാഗ്ലോക്കലൈസേഷനും
   - ഡോ.ബിനു സചിവോത്തമപുരം /110–124
7. സൈബർലോകവും സംസ്കാരവും - ഡോ.ടി.ജിതേഷ് /125–135
8. സൈബർചാലുകളിലെ ആക്ടിവിസം
   - ഡോ.എം.ബി മനോജ് /136–145
9. സൈബർഫെമിനിസം: ഒരു സാംസ്കാരിക സംവാദം
   - ഡോ. സുജാറാണി മാത്യു /146–156
10. സൈബർ സംസ്കാരവും സൈദ്ധാന്തികരും
    - ഡോ. തോമസ് സ്കറിയ /157–164
11. സൈബർ പൊതുമണ്ഡലം:വ്യാപ്തിയും പ്രസക്തിയും
    - ബ്ലെയ്സ് ജോണി /165–176

12. സൈബർ സംസ്കാരവും മാധ്യമസംലയനവും

– ഡോ. സുനിൽ ജോസ് /177–185

13. സൈബർസാഹിത്യം – മനോജ് ജോസഫ് /186–198

14. സൈബർസാഹിത്യത്തിന്റെ അവതാരലീലകൾ

– അനീറ്റ ഷാജി /199–206

15. സൈബർജീവിതവും സർഗ്ഗഭാവനയും

– എൻ. മുരാരി ശംഭു /207–215

16. സൈബറിടങ്ങളിലെ സാസ്കാരിക വിനിമയങ്ങൾ

– ഡോ. എം. എസ് പോൾ /216–220

17. സൈബർ സംസ്കാരത്തിന്റെ രണ്ടാം പരിച്ഛേദം

– ശ്രീനാഥ് സദാനന്ദൻ /221–239

18. സൈബറിടവും വിഭാഗീയതയും

– സജി കരിങ്ങോല /240–248

19. സൈബർമേഖലയിലെ ദൃശ്യാഖ്യാനങ്ങൾ

– ജോസഫ് ടി.കെ. /249–268

20. കേരളീയ സൈബർസമൂഹവും 'ആപ്പു'കളും:

– അനൂപ് കെ.ആർ /269–279

21. സൈബർനെറ്റിക്സ് സിദ്ധാന്തം – ജിഷ എം. ലാൽ /280–302

ലേഖകപരിചയം /303–309

# മുന്നറിവുകൾ

ഓരോ സമൂഹത്തിന്റെയും ഭാവുകത്വം നിരന്തരം മാറ്റത്തിനും പുതുക്കലിനും വിധേയമാണ്. വർത്തമാന ഭാവുകത്വത്തെ പുതുക്കുന്നതും നവമായ രീതിയിൽ ക്രമീകരിക്കുന്നതും സൈബർവൽക്കരണമാണ്. ഇന്റർനെറ്റും സ്മർട്ട്ഫോണും ഓരോ വ്യക്തിക്കും മാധ്യമ കേന്ദ്രീകൃതമായ സാക്ഷരതയും ആഗോളപൗരത്വവും വെർച്വൽ അസ്തിത്വവും നൽകി. മാധ്യമങ്ങളുമായി ചേർന്ന് ആശയരൂപീകരണ വിനിമയ പ്രക്രിയകൾ സൈബർനെറ്റിക്സ് ചാനലുകളിലൂടെ നടത്തുന്നവരെ പോസ്റ്റ്ഹ്യൂമൻ (Posthuman) എന്നാണ് വ്യവഹരിക്കുന്നത്.

പോസ്റ്റ്ഹ്യൂമന്റെ ഭാഷ, സാഹിത്യം, ബുദ്ധി, വൈകാരികത, സംസ്കാരം, വ്യവഹാരം തുടങ്ങിയവയ്ക്കെല്ലാം കുറെയധികം സവിശേഷതകളുണ്ട്. ഈ ഗ്രന്ഥത്തിലെ ഓരോ ലേഖനവും അത്തരം സവിശേഷതകൾ വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്നവയാണ്. സൈബർ ഭാഷകൾ, സൈബർ സാഹിത്യത്തിന്റെ സ്വഭാവവും വ്യാപ്തിയും, സൈബർവത്കരിക്കപ്പെടുന്ന ദൃശ്യാഖ്യാനങ്ങളുടെ പ്രസക്തിയും രാഷ്ട്രീയവുമെല്ലാം കൃത്യതയോടെ അവതരിപ്പിക്കുന്നു. നർമ്മത്തോടൊപ്പം സാമൂഹ്യവിമർശനത്തിന്റെയും പ്രതിഷേധത്തിന്റെയും ഭാഗമാകുന്ന ട്രോളുകൾ, സൈബർ ആക്ടിവിസം, സൈബർ സംവാദം തുടങ്ങി സൈബർ മേഖലയിലെ വൈവിദ്ധ്യമുള്ള സാംസ്കാരികവിനിമയങ്ങൾ നിയതമായി വിലയിരുത്തലുകൾക്ക് വിധേയമാക്കുന്നു.

വർത്തമാനകാല സംസ്കാരമണ്ഡലം, സിദ്ധാന്തനിർണയം എന്നീ നിലയിലും പ്രയോഗതത്വമെന്ന നിലയിലും വിശകലനം ചെയ്യുന്ന ഗ്ലോബൽ ലോക്കലൈസേഷൻ, സൈബർ ആധുനികത, സൈബർ സ്പേസ്, സൈബർ സംസ്കാരം തുടങ്ങിയവ എന്താണെന്ന് കൃത്യതയോടെ വ്യക്തമാക്കുന്നു. സൈബർനെറ്റിക്സ് സിദ്ധാന്തം, സൈബർ ഫെമിനിസം, സൈബർകാലത്തെ മാധ്യമസംലയനരീതി, അനിവാര്യത പോലെ രൂപപ്പെടുകയും സംവാദാത്മകവുമാവുകയും ചെയ്യുന്ന സൈബർ പൊതുമണ്ഡലം തുടങ്ങിയവ എന്താണെന്ന് വ്യക്തമാക്കുന്ന പ്രബന്ധങ്ങളും മിഴിവാർന്ന സൗന്ദര്യം പുലർത്തുന്നു.

സാങ്കേതിക ബന്ധമുള്ള ഭാഷ, വ്യവഹാരം തുടങ്ങിയവയുമായി ഇഴപിരിയുന്ന മനുഷ്യരുടെ ഭാവനയും സർഗാത്മകതയും പരിവർത്തന വിധേയമാകുന്നതോടൊപ്പം നവമായ അവസ്ഥയിലേക്ക് മനുഷ്യജീവിതം പരിവർത്തനപ്പെടുന്നു. ഈ പശ്ചാത്തലത്തിലണ് നാടോടിത്തങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കും അനിവാര്യത പോലെ

പരിവർത്തനം സംഭവിക്കുന്നത്. മലയാളം പോലെയുള്ള പ്രാദേശിക ഭാഷകളും പ്രാദേശിക വിപണികളും ആഗോള പ്രസക്തമാകുന്നതിന്റെ സ്വഭാവം, ആശയവിനിമയങ്ങളുടെയും വ്യവഹാരങ്ങളുടെയും അടിസ്ഥാനത്തിൽ ശൃംഖലവത്കരിക്കപ്പെടുന്ന ആഗോളസമൂഹത്തിന്റെ സ്വഭാവം തുടങ്ങിയവയും ഈ ഗ്രന്ഥത്തിലെ ലേഖനങ്ങളിൽ പ്രതിപാദന വിധേയമാകുന്നുണ്ട്.

പുതിയ കാലത്തെയും ആ കാലത്തിന്റെ ഭാവുകത്വത്തെയും സ്വീകരിച്ചവർക്കു മുന്നിലേക്ക് ഇത്തരമൊരു ഗ്രന്ഥം സംവിധാനം ചെയ്ത് ഇറക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ ഗ്രന്ഥത്തിലേക്ക് ലേഖനങ്ങൾ നൽകിയ ഓരോരുത്തർക്കും സ്നേഹപൂർവ്വമായ നന്ദി.

**ജോസ് കെ. മാനുവൽ**

# ഉത്തരാധുനികതയിൽ നിന്നും സൈബർ ആധുനികതയിലേക്ക്

**ജോസ് കെ. മാനുവൽ**

ഓരോ പുതുമയും/ആധുനികതയും അത് രൂപപ്പെടുന്ന കാലത്തിന്റെ നിർമ്മിതിയാണ്. അവയുടെ ആഗമനം പഴമയെ തിരസ്കരിച്ചോ മാറ്റിമറിച്ചോ സംഭവിക്കുന്ന പരിവർത്തനത്തിന്റേതാണ്. വർത്തമാന കാലം സൈബർ ആധുനികത(Cyber Modernism)യുടേതാണ്. ഇന്റർനെറ്റ്, സ്മാർട്ട് ഫോൺ തുടങ്ങിയ മാധ്യമങ്ങൾ മുന്നോട്ടുവെച്ച ഡിജിറ്റൽ സംസ്കാരമാണ് സൈബർ ആധുനികതയെ രൂപീകരിച്ചെടുത്തത്. സാഹിത്യം, കല, സാംസ്കാരിക പ്രവർത്തനം, പൊതുമണ്ഡലം, സംവാദം, രാഷ്ട്രീയം തുടങ്ങിയ എല്ലാ മേഖലകളിലും ആഗോളാടിസ്ഥാനത്തിൽ രൂപമെടുത്ത അവസ്ഥാവിശേഷത്തെ സൂചിപ്പിക്കുന്ന സൈബർ ആധുനികത മാനവരാശിയുടെ വ്യവഹാരപ്രക്രിയയിൽ ലളിതവൽക്കരണവും ഒപ്പം സാധ്യതകളുടെ ബഹുസ്വരതയാർന്ന രീതികളുമാണ് രൂപീകരിച്ചുകൊണ്ടിരിക്കുന്നത്.

കാലവ്യവഹാരങ്ങളെ ഉൾക്കൊണ്ട് പ്രയാണം നടത്തുന്ന സമൂഹങ്ങൾ ക്രമത്തിൽ പുതുക്കലുകൾക്ക് വിധേയമാകുന്നു. ഈ പുതുക്കലുകളാണ് ആധുനികത (Modernism)യ്ക്കും, തീവ്രആധുനികത (High Modernism)യ്ക്കും തുടർന്ന് ഉത്തരാധുനികത (Post Modernism) യ്ക്കും തീവ്രഉത്തരാധുനികത(Post Post Modernism)യ്ക്കും കാരണമായത്. ഈ കാലഘട്ടങ്ങളിലെല്ലാം ബഹുരാഷ്ട്രങ്ങളും ബഹുസമൂഹങ്ങളും അവരുടേതായ ചിന്ത, പ്രവർത്തനം തുടങ്ങിയ വ്യവഹാര മണ്ഡലത്തിൽ ശ്രദ്ധ ഊന്നിനിന്നു. സൈബർ ആധുനികത പരസ്പര ബന്ധിതമായ സംസ്കാരത്തി (connected culture) ന്റേതാണ്. വേൾഡ് വൈഡ് വെബ്ബിന്റെ കണ്ടുപിടുത്തത്തോടു കൂടി അനായാസേന ഇന്റർനെറ്റ് വഴി കമ്പ്യൂട്ടറുകളെയും സ്മാർട്ട് ഫോണുകളെയും പരസ്പരം ബന്ധിപ്പിക്കുകയും ആശയങ്ങൾ, സന്ദേശങ്ങൾ, അറിവുകൾ, ദൃശ്യാ

ഖ്യാനങ്ങൾ, വിനോദം തുടങ്ങിയവയെല്ലാം അതിവേഗത്തിൽ കൈമാറുവാൻ സഹായിക്കുകയും ചെയ്യുന്നതിനൊപ്പം Netizen പദവിയിലേക്ക് ഓരോ വ്യക്തിയേയും എത്തിക്കുന്നു. നെറ്റിസൺഷിപ്പ് ആഗോള സൈബർ സമൂഹത്തിലെ പൗരത്വമാണ്. നെറ്റിസൺഷിപ്പ് കരസ്ഥമാക്കി ഇന്റർനെറ്റിലൂടെയും സ്മാർട്ട്ഫോണിലൂടെയും ആശയവിനിമയം, വ്യാപാരം തുടങ്ങിയ വ്യവഹാരങ്ങൾ നിർവ്വഹിക്കുന്നവർ ഏറ്റവും പുതിയ സാംസ്കാരികാവസ്ഥയുടെ പിൻബലമുള്ള സൈബർ ആധുനികതയുടെ ഭാഗമാണ്.

ഇന്റർനെറ്റ് തീർക്കുന്ന അദൃശ്യമായ ലോകത്തെ വെർച്വൽ വേൾഡ് (Virtual World) എന്നാണ് സൈബർ ആധുനികതയുടെ കാലത്തെ ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റൽ (David Crystal) വിളിക്കുന്നത് (Crystal, David. 2001: 5). ഇ-മെയിൽ വിലാസവും ഫെയ്സ് ബുക്ക്, ടിറ്റർ തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിൽ അംഗത്വവുമുള്ള ഓൺലൈൻ പൗരന്മാർക്ക് ദ്വന്ദ്വവ്യക്തിത്വമാണ് കല്പിച്ചിരിക്കുന്നത്. ശാരീരിക സാന്നിദ്ധ്യത്തിലൂടെ സാധ്യമാകുന്ന വ്യക്തിത്വവും (Physical Identity) ശരീരത്തിന്റെ അസാന്നിദ്ധ്യത്തിൽ ആശയത്തിന്റെ/വസ്തുവിന്റെ സാന്നിദ്ധ്യത്തിലൂടെ സാദ്ധ്യമാകുന്ന വ്യക്തിത്വവും (Virtual Identity) മാണുള്ളത്. ഗൂഗിൾ ഐഡിയായുടെ ഡയറക്ടറായ ജറാഡ് കോഹിർ (Jared Coher) ഇന്റർനെറ്റ് തീർക്കുന്ന വലയത്തിനുള്ളിൽ വരുന്ന ആഗോളമായ ഒറ്റ സമൂഹത്തെ കണക്ടഡ് സംസ്കാരത്തിന്റെ വക്താക്കളായി വിലയിരുത്തുന്നതിനൊപ്പം അവരുടെ സൈബർ വ്യവഹാരത്തിന്റെ തീവ്രതയിലൂടെ സാധ്യമായ സൈബർ വ്യക്തിത്വത്തെക്കുറിച്ചുകൂടി നിരീക്ഷിക്കുന്നു (Schmidt, 2013:13). ഇന്റർനെറ്റിന്റെ വലയത്തിനുള്ളിലും സ്മാർട്ട് ഫോണിന്റെ പരിധിക്കുള്ളിലും നിൽക്കുന്ന ഓരോ വ്യക്തിയും ആഗോള ആശയവിനിമയ ശൃംഖലയുടെ കണ്ണിയാണ്. ഈ കാലഘട്ടത്തിലെ ഒരു വ്യക്തി ഈ വലയത്തിനുള്ളിൽ നിന്നോ പരിധിക്കുള്ളിൽ നിന്നോ പുറത്തുപോകുന്ന സമയം എപ്പോഴാണ്? പുറത്തുപോകുമ്പോൾ കാലിക സംസ്കാരത്തിൽ നിന്നും സാക്ഷരതയിൽ നിന്നും പുറത്തേയ്ക്കുതന്നെയാണ് പോകുന്നത്.

**സാങ്കേതിക വിപ്ലവം**

മാധ്യമങ്ങളാണ് സമൂഹത്തിൽ മാറ്റങ്ങൾ അതിവേഗത്തിൽ കൊണ്ടുവന്നത്. വർത്തമാനകാലം ഏഴാമത്തെ ബഹുജന മാധ്യമമായ സ്മാർട്ട് ഫോണിന്റേതാണ്. അതിനുമുമ്പുള്ള മാധ്യമങ്ങൾ അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയാണ്. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും കണ്ടുപിടുത്തത്തോടെയാണ് വ്യത്യസ്ത രീതികളിലുള്ള ആശയവിനിമയം വളരെ ലളിതമായി സാധ്യമായത്. അതുകൊണ്ടുതന്നെയാണ് ഈ കാല

ഘട്ടത്തെ ജറാഡ് കോഹിർ സാങ്കേതിക വിപ്ലവത്തിന്റെ (Technology Revolution) കാലമെന്നു വിശേഷിപ്പിച്ചത്(Schmidt, 2013:4). ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായതിലേയ്ക്കും വലിയ വിപ്ലവമാണ് ഡിജിറ്റൽ സാങ്കേതികതയും ഇന്റർനെറ്റും ചേർന്ന് നിർവ്വഹിച്ചതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

'The New Digital Age' എന്ന ഗ്രന്ഥം രചിച്ചത് ഗൂഗിൾ ഐഡിയായുടെ ഡയറക്ടർ ജറാഡ് കോഹിനും ഗൂഗിൾ എക്സിക്യൂട്ടീവ് ഡയറക്ടർ എറിക് ഷ്മിഡ്റ്റും (Eric Schmidt) ചേർന്നാണ്. ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുതന്നെ ഇന്റർനെറ്റ് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഓരോ നിമിഷവും ചെലുത്തുന്ന സ്വാധീനത്തെപ്പറ്റിയാണ് വ്യക്തമാക്കുന്നത്. Think of all the websites you've ever visited all the e-mails you've sent and stories you've read online all the facts you've learned and fictions you've encountered and debunked. Think of every relationship forged, every journey planned, every job found and every dream born, nurtured and implemented through this platform. Consider too what the lack of top-down control allows: the online scans, the bullying campaigns, the hat-group websites and the terrorist chat rooms. This is the internet the world's largest ungovered space (Schmidt, 2013:3).

മാധ്യമസാങ്കേതികസാക്ഷരത നിരന്തരം പുതുക്കിക്കൊണ്ടിരിക്കേണ്ടതാണ്. സാങ്കേതികതയുടെ കാലിക പ്രസക്തമായ വളർച്ചയും മാധ്യമത്തിന്റെ പരിവർത്തന വിധേയമാകുന്ന അവസ്ഥയും മാധ്യമവിനിയോഗ രീതികളെ പരിവർത്തിപ്പിച്ചുകൊണ്ടേയിരിക്കും. ജീവിതത്തെ ലളിതവും വേഗതയുള്ളതുമാക്കി തീർക്കുവാനുള്ള പ്രവർത്തനങ്ങളുടെ വിപ്ലവാത്മകമായ ആഘോഷമാണ് നവമാധ്യമങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. വർത്തമാനകാലത്തെ അറിവ് "Trans Disciplinary integrated knowldge"ആണ്. ഇന്റർനെറ്റിന്റെ വ്യാപനവും സാങ്കേതികതയുടെ വളർച്ചയുമാണ് അറിവിനെ സംബന്ധിച്ച് മുൻ ധാരണകളെ മാറ്റിമറിച്ച് കാലിക പ്രസക്തമായ അവസ്ഥ രൂപീകരിച്ചത്. വ്യക്തികളുടെ അസ്തിത്വത്തെ പറ്റിയുള്ള നിർണയം സംസ്കാരത്തെപ്പറ്റിയുള്ള വിശകലനം ചിന്താരീതിയുടെ സ്വഭാവം പ്രവർത്തനങ്ങളുടെ രീതി തുടങ്ങിയവയെല്ലാം പ്രാദേശികമോ പരമ്പരാഗത രീതിയിലോ പിൻതുടരാനാവാത്ത അവസ്ഥയാണുള്ളത്. ബഹുസംസ്കാരങ്ങളെപ്പറ്റിയുള്ള അറിവും അവയുടെ അധിനിവേശവും പ്രാദേശികമായി വരെ യഥാർത്ഥ്യമായിക്കഴിഞ്ഞു. വിവിധ ഭാഷകളിലേയും രാഷ്ട്രങ്ങളിലേയും സാഹിത്യം, കല തുടങ്ങിയവയും വിനോദ രീതികളും വിജ്ഞാനമേഖലകളും ഇന്റർനെറ്റിലൂടെ സാധ്യമാകുന്നു. അക്കാദമിക് പഠനങ്ങളിലേക്ക് 'സൈബർ' കേന്ദ്രീകൃതമായ അറിവുകളുടെ കുത്തൊഴുക്ക് തുടരുകയാണ്. ഈ

പശ്ചാത്തലത്തിലാണ് സൈബോർ, ദലിത്, ഫെമിനിസം, പാരിസ്ഥിതി, മാധ്യമം തുടങ്ങിയുള്ള വിശകലനങ്ങൾ പ്രാദേശികമായി വളർന്നു വരുന്ന ഓരോ പഠനത്തേയും ശക്തമായി സ്വാധീനിക്കുകയും പുത്തൻ രീതിയിൽ പരിവർത്തിപ്പിക്കുകയും ചെയ്യുന്നത്. ഇന്റർനെറ്റിനുള്ളിൽ അറിവിനായും വിനോദത്തിനായും പ്രതികരണങ്ങൾക്കായും പ്രവേശിക്കുന്നവർ വ്യത്യസ്തമായ മേഖലകളിലേക്കാണ് എത്തുന്നത്. യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത് അന്തർ സംസ്കാര ആശയ വിനിമയമാണ്. (Intercultural communication) ഈ ആശയവിനിമയരീതി മാധ്യമ സാക്ഷരതയുള്ള വ്യക്തിയെ Intergrated global citizen ആക്കുന്നു.

സാങ്കേതികവിപ്ലവത്തിന്റെ ഭാഗമാകുന്ന വ്യക്തികളും സമൂഹങ്ങളും ഒരേ സമയം ആഗോളസമൂഹത്തെയും സംസ്കാരങ്ങളെയും അറിയുമ്പോൾ തന്നെ അവർ ശീലിച്ചുവന്ന ഭാഷ, ആചാരങ്ങൾ സാംസ്കാരികാന്തരീക്ഷം എന്നിവയെ പുതുക്കി ക്രമീകരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വർത്തമാനകാല ആഗോളീകരണം അഥവാ സൈബർ ആധുനികതയുടെ കാലത്തെ ആഗോളീകരണം സജീവമാകുന്നത്.

**ചരിത്രപാഠങ്ങൾ**

ആധുനികതയും തീവ്രആധുനികതയും ഉത്തരാധുനികതയും തീവ്രഉത്തരാധുനികതയും എന്താണെന്ന് സാമാന്യമായി വിശകലനം ചെയ്യുന്നത് അതിനുശേഷം ശക്തമായി വരുന്ന സൈബർ ആധുനികതയെപറ്റി മനസിലാക്കാൻ ഉപകരിക്കും. അച്ചടിയുമായി ബന്ധപ്പെട്ട് അറിവിന്റെ ഉത്പാദന വിനിമയത്തിലൂടെ പതിനെട്ടാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ വളർന്നുവന്ന പ്രബുദ്ധതയുടെ കൂടി പ്രത്യുത്പന്നമാണ് ആധുനികത. വ്യവസായ വിപ്ലവത്തോടെയാണ് ആധുനികത സജീവമായത്. പരമ്പരാഗത കൃഷിയെ നിസ്സാരവൽക്കരിച്ചുകൊണ്ട് വ്യവസായങ്ങളും യന്ത്രവൽകൃതമായ കൃഷിരീതികളും ഈ ഘട്ടത്തിൽ സജീവമായി.

ജീവിതത്തിന് പുത്തൻ ഉണർവും വേഗതയുമേറിയപ്പോൾ ആധുനികമായ സൗകര്യങ്ങൾ ക്രമത്തിൽ വളർന്നുവന്നത് നഗരങ്ങളെ കേന്ദ്രീകരിച്ചാണ്. 1890കൾ മുതൽ ഇംഗ്ലണ്ടിലും ഫ്രാൻസിലും നഗരജീവിതത്തിന് പ്രിയമേറി വന്നു. ഇതിന്റെ പരിണിത ഫലമായി പരമ്പരാഗത വിശ്വാസങ്ങളിൽനിന്നുള്ള വ്യതിയാനവും പുത്തൻ അറിവുകളെ ആധാരമാക്കിയുള്ള ശീലങ്ങളും ജീവിതത്തിൽ സ്വാഭാവികതയോടെ സംഭവിച്ചു. രാഷ്ട്രീയസ്വേച്ഛാധിപത്യത്തിനെതിരേയുള്ള വികാരം, പരമ്പരാഗത കുടുംബവ്യവസ്ഥയിൽനിന്നും ചെറുകുടുംബങ്ങളിലേയ്ക്കുള്ള മാറ്റം, ശാസ്ത്ര വളർച്ചയ്ക്ക് സംഭവിച്ച വേഗത, ക്ലാസിക് സങ്കല്

പത്തിൽ നിന്ന് റൊമാന്റിസിസത്തിലേക്കുള്ള മാറ്റം തുടങ്ങിയവയെല്ലാം സാംസ്കാരിക മേഖലകളെയും സാഹിത്യ രചനകളെയും ആഴത്തിൽ സ്വാധീനിച്ചു. മനുഷ്യമനസ്സിനെക്കുറിച്ചുള്ള ചിന്തയും അതിന്റെ പ്രത്യുൽ പന്നമായി രൂപപ്പെട്ട അറിവും മനുഷ്യന് മനുഷ്യനിൽ തന്നെയുള്ള വിശ്വാസത്തിൽ ഉടവ് വരുത്തി. ഓരോ മനുഷ്യന്റെയും ഉള്ളിൽ ഒരു മൃഗവും ഒരു കാട്ടാളനും ഉറങ്ങിക്കിടക്കുന്നുണ്ടെന്ന വിശ്വാസം ഇതിന്റെ പിൻബലത്തിൽ ശക്തമായതാണ്. കാഫ്ക, കാമു, ഷെനെ, യോനെസ്കോ, സാർത്ര് തുടങ്ങിയ പാശ്ചാത്യചിന്തകർ മാറിയ സാഹചര്യത്തെ ഉൾക്കൊണ്ട് ആധുനികതയുടെ കാലത്തെ ശ്രദ്ധേയരായ എഴുത്തുകാരായി. വ്യക്തമായി പറഞ്ഞാൽ ബൂഷ്വാ യഥാതഥവാദത്തോടുള്ള എതിർപ്പിന്റെ രൂപത്തിലാണ് ആധുനികത പ്രത്യക്ഷമായതും സജീവമായതും. നഗരവൽക്കരണത്തിന്റെ തീക്ഷ്ണതയും വ്യവസായ വിപ്ലവാനന്തരചിന്താരീതിയും മനുഷ്യന് മനുഷ്യനെപ്പറ്റി തന്നെ മതിപ്പില്ലാതാകുകയും അവന്റെ അസ്തിത്വത്തെ പറ്റിയുള്ള വ്യഥ തീവ്രമാകുകയയും ചെയ്ത കാലത്താണ് തീവ്രആധുനികതയെ (High modernism) പറ്റിയുള്ള വിശകലനങ്ങൾ സജീവമായത്.

മാധ്യമവിനിയോഗ ശീലത്തിന്റെയും ജീവിതവേഗത്തിന്റെയും പുത്തൻ ദിശാസൂചിയെന്ന നിലയിലാണ് ഉത്തരാധുനികത സജീവമായത്. ഴാങ് ബോദ്രിയാർ, ഴാങ് ഫ്രാൻസ്വാ ല്യോത്ത്യാർ, ഫ്രെഡറിക് ജെയിംസൺ, യൂർഗർ ഹാബർമാസ് തുടങ്ങിയ ഉത്തരാധുനിക സൈദ്ധാന്തികരുടെ നിരീക്ഷണങ്ങളിലൂടെ സഞ്ചരിച്ച് ആ കാലഘട്ടത്തെ അഥവാ ദിശാസൂചകത്തെ മനസിലാക്കാം. മാധ്യമങ്ങൾ യാഥാർത്ഥ്യത്തേക്കാൾ തീവ്രമായ അതിയാഥാർത്ഥ്യം രൂപീകരിക്കുന്നു. ആഗോളവ്യാപനശക്തിയുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ രൂപീകരിക്കുന്ന നിർമ്മാണ യന്ത്രങ്ങൾ ആഗോളവൽക്കരണത്തിന് കാരണമാകുന്നു. സത്യം, യുക്തി എന്നിവയെ മിഥ്യ, അസത്യം എന്നിവയിൽ നിന്ന് വേർതിരിക്കാൻ കഴിയാത്ത അവസ്ഥയും ഈ കാലഘട്ടത്തിന്റേതാണ്.

ഉത്തരാധുനികതയെ ഒരു സവിശേഷ കാലഘട്ട സൂചനയായിട്ടാണ് ഴാങ് ഫ്രാൻസ്വാ ല്യോത്ത്യാർ നിർണയിക്കുന്നത്. മുമ്പുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ലിഖിത, ഭാഷണ സ്വഭാവത്തോടുകൂടിയ ഭാഷകൾക്കുമേൽ ദൃശ്യഭാഷയുടെ ആഗമനം സംഭവിച്ചു. ഈ ഭാഷാരൂപീകരണത്തിൽ നിരവധി ചാനലുകളോടുകൂടിയ ടെലിവിഷനുള്ള സ്ഥാനം അനിഷേധ്യമാണ്. ക്ലാസിക് സ്വഭാവത്തോടുകൂടിയ മഹാഖ്യാനങ്ങൾ (Grand Narrative) തകരുകയും കാലികമായ ജീവിത നിരീക്ഷണത്തേയും വേഗതയേയും ഉൾക്കൊള്ളുന്ന ലഘു ആഖ്യാനങ്ങൾ (Little narrative) പ്രസക്തമാകുകയും ചെയ്തു. വിവിധതരം

ക്യാമറകൾ, റെക്കാർഡറുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങി പ്രത്യുല്പാദന ക്ഷമമായ യന്ത്രങ്ങളുടേതായ കാലഘട്ടത്തെയാണ് ഫ്രെഡറിക് ജെയിംസൺ ഉത്തരാധുനികമെന്ന് നിർണയിക്കുന്നത്. പതിനായിര ക്കണക്കിന് ക്യാമറകളോ കമ്പ്യൂട്ടറുകളോ പുറത്തിറങ്ങിയാൽ എല്ലാം ഒറിജിനൽ ആയിരിക്കുന്ന അവസ്ഥ. അല്ലെങ്കിൽ ഒറിജിനിൽ കണ്ടെ ത്താൻ കഴിയാത്ത അവസ്ഥ. അറിവുകളുടെ ഉത്പാദനത്തിന്റെയും വിനിയോഗത്തിന്റെയും വേഗതയും രീതിയുംകൊണ്ട് നഗരങ്ങളും ഗ്രാമ ങ്ങളും തമ്മിലുള്ള അന്തരം ഈ കാലഘട്ടത്തിൽ കുറഞ്ഞു കുറഞ്ഞു വരുന്നതായി ജെയിംസൺ നിരീക്ഷിക്കുന്നു. കമ്പോളങ്ങൾ ആഗോള മുതലാളിത്ത കമ്പനികളുടെ ഉത്പന്നങ്ങൾകൊണ്ട് ഈ കാലഘട്ടത്തിൽ സജീവമാണെന്നും ജെയിംസൺ വിലയിരുത്തുന്നു.

ആധുനികതയുടെ കാലത്ത് വിലമതിച്ചിരുന്ന സത്യം, ജ്ഞാനം, യാഥാർത്ഥ്യം തുടങ്ങിയവ ഉത്തരാധുനികതയുടെ കാലത്ത് പരിത്യ ജിക്കുകയോ മാറ്റത്തിന് വിധേയമാക്കുകയോ ചെയ്തെന്ന് യൂർഗർ ഹാബർമാസ് വ്യക്തമാക്കുന്നു. പെരുകുന്ന അറിവുകൾ സൃഷ്ടിക്കുന്ന ആശയക്കുഴപ്പത്തിന്റെ കാലമായും ഈ ഘട്ടത്തെ നിർണയിക്കുന്നു. ഉത്തരാധുനികതയെപ്പറ്റിയുള്ള നിർണയത്തിൽ പ്രസക്തമായി വരുന്ന ഒരു സങ്കീർണ്ണതയുണ്ട്. അതൊരു സാഹിത്യപ്രവണതയാണോ സാംസ്കാരിക പ്രതിഭാസമാണോ എന്നുള്ള സംവാദമാണത്. സൊസൂ റിന്റെ ഭാഷാശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള ഘടനാവാദവും അതിനെ നിരാകരിച്ചുകൊണ്ട് ഫൂക്കോ, ലക്കാൻ, ദറിദ തുടങ്ങിയ ചിന്ത കർ ആവിഷ്കരിച്ച വ്യത്യസ്തമായ ഘടനാനന്തരചിന്തകളും ഈ കാല ഘട്ടത്തിൽ ഭാഷയുടെ അടിസ്ഥാനധർമ്മങ്ങളെ സംബന്ധിച്ച അംഗീ കൃത ധാരണകളെ തകിടം മറിക്കുകയുണ്ടായി. റെയ്മണ്ട് ഫെഡർമാ നെപ്പോലെയുള്ളവരുടെ നിരീക്ഷണത്തിലെ അതികഥ (Metafiction) സങ്കല്പനം ഈ കാലഘട്ടത്തിന്റെ നിർമിതിയാണ്. ഒരു കഥയുടെ ഭാഷാപരവും ആഖ്യാനാത്മകവുമായ സ്വത്വം ആ കഥയിൽ തന്നെ വ്യാഖ്യാനിക്കപ്പെടുന്നതിനെയാണ് ലിൻഡ ഹച്ചിയനെപ്പോലെയുള്ള വർ അതികഥയായി കല്പിക്കുന്നത്. സാഹിത്യപ്രവണതയിൽ നിന്നും അകന്നുനിന്ന് സാംസ്കാരിക പ്രതിഫലനമായി ഉത്തരാധുനികതയെ നിർണയിക്കുമ്പോൾ അത് ആഗോളവൽക്കരണത്തിന്റെ കൂടി പ്രത്യുൽപന്നമാണ്. തീവ്രമായ ആഗോളവൽക്കരണത്തിന്റെയും മാധ്യ മങ്ങൾ നിർമ്മിക്കുന്ന പ്രതീതിയാഥാർത്ഥ്യത്തിന്റെയും മനുഷ്യമനോ ഭാവങ്ങളിൽ രൂപമെടുത്ത കച്ചവട സ്വാർത്ഥ മനോഭാവത്തിന്റെയും പിൻബലത്തിലാണ് പോസ്റ്റ് പോസ്റ്റ് മോഡേണിസത്തെപ്പറ്റിയുള്ള നിർണയങ്ങൾ സജീവമായത്. സാഹിത്യം, കല, വിനോദം തുടങ്ങിയ വയെല്ലാം ഈ ഘട്ടത്തിൽ ഡിജിറ്റൽവൽക്കരണത്തിന് വിധേയമാകു ന്നുണ്ട്.

**ആഗോള പ്രാദേശീകരണം**

സൈബർ ആധുനികതയുടെ കാലത്തെ വിപണി സ്വഭാവവും സാംസ്കാരികാവസ്ഥയും നിർണയ വിധേയമാക്കുന്ന അവസ്ഥയാണ് ആഗോള പ്രാദേശികരണം (Global Localization) എന്ന് പ്രാഥമികമായി നിർണയിക്കാം. ഉത്തരാധുനികതയുടെ കാലത്ത് സംഭവിച്ച ആഗോള വൽക്കരണം (Globalization) ബഹുരാഷ്ട്രകമ്പനികളുടെ ഉത്പന്നങ്ങൾ പ്രാദേശികമായ വിപണികളിലേയ്ക്ക് വരെ ഒഴുകിയെത്തുകയായിരുന്നു. കേരളം പോലെയുള്ള ചെറുസ്ഥലങ്ങളിലെ സംസ്കാരങ്ങളും മലയാളം പോലെയുള്ള പ്രാദേശിക ഭാഷകളും ഇല്ലാതാകുമെന്ന ഭീതി ഈ കാലഘട്ടത്തിൽ സ്വാഭാവികമായി രൂപമെടുത്തു. വർത്തമാന പ്രഖ്യാപിതമായ സൈബർ ആധുനികത പ്രാദേശിക സംസ്കാരങ്ങളെയും പ്രാദേശിക ഭാഷകളെയും ഇന്റർനെറ്റിന്റെ സാധ്യതകളിലൂടെ ആഗോള വ്യാപകവും വൈവിദ്ധ്യത്തിന്റെ ആഘോഷവുമാക്കി.

ഗൂഗിൾ മലയാളം (Google Malayalam) യാഹൂ മലയാളം (yahoo malayalam) എന്നെല്ലാം മലയാളത്തെ നിർണയിക്കുമ്പോൾ അതിന്റെ പുത്തൻ മാധ്യമ സ്വധീനമുള്ള സ്വഭാവമാണ് വ്യക്തമാകുന്നത്. ഒരു പ്രദേശത്തു മാത്രം ഒതുങ്ങാവുന്ന പ്രാദേശിക ഭാഷകൾ ആഗോള ഭാഷ ശൃംഖലയുടെ ഭാഗമാതുന്ന അവസ്ഥ കൂടിയാണുള്ളത്. സൈബർ ആധുനികത ദൃശ്യസംസ്കാരത്തിന്റെയും ദൃശ്യഭാഷയുടെയും ആഗോള വ്യാപകമായ ഉത്സവം കൂടിയാണ് നടത്തുന്നത്. പ്രാദേശീകതയെകൂടി ഉൾക്കൊണ്ട ആഗോളീകരണം നവമാധ്യമ കേന്ദ്രീകൃതമായ പുതുഭാഷ, അധികാരം, രാഷ്ട്രീയം, വ്യവഹാരങ്ങൾ തുടങ്ങിയവയാണ് മുന്നോട്ടുവയ്ക്കുന്നത്. പ്രാദേശിക പ്രസക്തിയുണ്ടായിരുന്ന ആഫ്രിക്കൻ സാംബ നൃത്തം, ചൈനീസ് ഓപ്പറ, അറേബ്യൻ ബെല്ലി ഡാൻസ്, ഇന്ത്യൻ സർപ്പനൃത്തം തുടങ്ങിയവ ആഗോളവത്കരണത്തിന്റെ കാലത്ത് തിരസ്കരിക്കപ്പെടുകയാണുണ്ടായത്. സൈബർ ആധുനികതയുടെ കാലത്ത് ഇവയെല്ലാം വൈറലായി ആഗോളാടിസ്ഥാനത്തിൽ പ്രചരിക്കുകയാണ്. ഡിജിറ്റലായുള്ള രേഖപ്പെടുത്തലും ഇന്റർനെറ്റിലൂടെയുള്ള വ്യാപനലും പ്രാദേശിക കലാരൂപങ്ങൾക്ക് പുത്തൻ അസ്തിത്വ മാണ് നൽകിയിരിക്കുന്നത്. രംഗവേദിയിൽ അവതരിപ്പിക്കുമ്പോൾ മാത്രം നിലനിൽക്കുന്ന കലാരൂപങ്ങളും പ്രാദേശികമായ ആഘോഷങ്ങളും ഡിജിറ്റലായുള്ള രേഖപ്പെടുത്തലിലൂടെ പുത്തൻ അസ്തിത്വത്തെയാണ് സ്വീകരിച്ചിരിക്കുന്നത്. കൊടുങ്ങല്ലൂർ ഭരണി, തൃശൂർ പൂരം, പലതരത്തിലുള്ള തെയ്യാവതരണങ്ങൾ തുടങ്ങിയവ ഇന്റർനെറ്റിലേക്ക് പ്രവേശിച്ചതോടെ പുത്തൻ നിലനിൽപ്പിന്റെ മേഖലയിൽ എത്തുകയായിരുന്നു. ആംഗ്രിബേഡ്സ് (Angry Birds) ടെബിൾ റൺ (Temple Run) തുടങ്ങിയുള്ള കുട്ടിക്കളികൾ ആഗോള വ്യാപകമായി ലക്ഷക്ക

ണക്കിന് ആളുകൾ ഉപയോഗിക്കുമ്പോൾ ഫോക്ക് കല്പനകൾക്ക് പ്രചാരം വർദ്ധിക്കുകയാണ്. നാടോടികലാരൂപങ്ങളുടെയും പ്രാദേശിക മിത്തുകളുടെയും പുനരവതരണങ്ങൾ ഡിജിറ്റൽ രൂപത്തിൽ ആഗോളാടിസ്ഥാനത്തിൽ സ്വീകരിക്കുമ്പോൾ ആഗോളവത്കരണത്തിന്റെയും കമ്പോള സ്വഭാവത്തിന്റെയും കാലികരീതിയാണ് വ്യക്തമാകുന്നത്.

സൈബർ ആധുനികത ആഗോള സമൂഹത്തെ പരിവർത്തിപ്പിച്ച് ക്രമീകരിക്കുന്ന രീതി ശ്രദ്ധേയമാണ്. ആഗോളീകരണം അതിതീവ്രമായപ്പോൾ അതിനെതിരെയുള്ള ചിന്ത സജീവമായി. ആഗോളീകരണത്തിന്റെ വിരുദ്ധസ്വഭാവമുള്ള പ്രാദേശീകരണത്തെപ്പറ്റിയുള്ള (Localization) ചിന്തകൾ സജീവമായി. ആഗോളീകരണത്തിനെതിരേ പ്രാദേശിക സമൂഹങ്ങളും വിപണികളും ഉണർന്ന് പ്രവർത്തിച്ചു തുടങ്ങി. ഈ പ്രവർത്തനങ്ങളെ യഥാർത്ഥവും സജീവവുമാക്കിയത് നവമാധ്യമങ്ങളാണ്. ഉല്പന്നങ്ങൾ വാങ്ങുവാനും വില്ക്കുവാനുമുള്ള ഇടമായി ഓൺലൈൻ/സൈബർ സ്പെയ്സ് മാറിയതോടെ വിപണിയുടെ സ്വഭാവത്തിനും മാറ്റം  സംഭവിച്ചു. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ വരെ ഇടനിലക്കാരും സൂപ്പർ മാർക്കറ്റുകളുമില്ലാത്ത ഓൺലൈൻ വഴി വില്പനയും വാങ്ങലും നടത്താമെന്നായതോടെ ആഗോളീകരണകാലത്തെ വിപണികളുടെ കുത്തക സ്വഭാവത്തിന് മാറ്റം സംഭവിച്ചു. കൃത്യമായി പറഞ്ഞാൽ ഗ്ലോബലൈസേഷനും ലോക്കലൈസേഷനും സമന്വയിച്ച് ഗ്ലോബൽ ലോക്കലൈസേഷൻ സംഭവിച്ചു. ഈ പ്രതിഭാസത്തെ ഗ്ലോക്കലൈസേഷൻ (Glocalization) എന്നാണ് സാമാന്യമായി വ്യവഹരിക്കുന്നത് (Khondker, 2004:7).

ഗ്ലോക്കലൈസേഷനെ 21-ാം നൂറ്റാണ്ടിലെ ആഗോള വ്യവഹാര പ്രക്രിയയെന്നാണ് ഹക്വ കോൺഡ്കർ (Haqua Khondker) നിർണയിക്കുന്നത് (Khondker, 2004:3). വസ്തു നിഷ്ഠമായി വിലയിരുത്തിയാൽ ഗ്ലോബലൈസേഷൻ പോലെതന്നെ പുതിയൊരു സ്വഭാവത്തോട് കൂടിയ വിപണി സ്വഭാവമാണ് ഗ്ലോക്കലൈസേഷൻ മുന്നോട്ടു വെയ്ക്കുന്നത്. ഗ്ലോക്കലൈസേഷൻ സ്വഭാവം നിർണയിച്ചുകൊണ്ട് ചിൻ യിടിയൻനും (Ching-Yi-Tien) പോൾ സി റ്റാലിയും (Paul C-Talley) വിലയിരുത്തുന്നത് Think globally act locally എന്നാണ് (Ching, 2007:1). Amazon, e-Bay.in, Homeshop, junglee, Flipkart, myntra, goexu, yepme, yebin തുടങ്ങിയ ഓൺലൈൻ വ്യാപാരഇടങ്ങളിൽ വർത്തമാന കാലത്ത് കേരളത്തിൽ പോലും പ്രസക്തവും സജീവവുമാണ്.

**സൈബർ സാഹിത്യവും സംസ്കാരവും**

ഉത്തരാധുനികതയിൽ നിന്ന് സൈബർ ആധുനികതയിലേക്ക് വരുമ്പോൾ വിശകലനരീതികളും സൈദ്ധാന്തികരും സിദ്ധാന്തവൽ

ക്കരണവും സമൂലമായ മാറ്റത്തിന് വിധേയമാകുന്നു. ഓൺലൈൻ ഐഡന്റിറ്റി, നെറ്റിസൺഷിപ്പ്, വെർചൽ വേൾഡ്, സൈബർ കൾച്ചർ, സൈബർ ലിറ്ററേച്ചർ, ഹൈപ്പർ ടെക്സ്റ്റ്, ഡിജിറ്റൽ റൈറ്റിങ്, ഇ-പബ്ലിക്കേഷൻ, ഫേയ്സ് ബുക്ക് തുടങ്ങിയുള്ള പദങ്ങൾ വിപുലമായ പ്രവർത്തന മേഖലകളെയാണ് സംവാദാത്മകമായി മുന്നോട്ടു വയ്ക്കുന്നത്. അലൻ ലിയു(Alan Liu), ഹെന്ററി ജൻകിൻസ്(Hendry Jenkins), കാതറിൻ ഹെയ്സ് (Katherine Hyles), പൈററ്റ് വൈറസ് (Piret Vires), ഡേവിഡ് ക്രിസ്റ്റൽ (David Crystal) തുടങ്ങിയുള്ളവർ സൈബർ സംസ്കാരത്തിന്റെ പിൻബലത്തിൽ വസ്തുതകളെയും ഭാഷവിനിയോ ഗത്തെയും സിദ്ധാന്തവൽക്കരിച്ചവരിൽ ചിലരാണ്. ഇലക്ട്രോണിക് സാഹിത്യ സിദ്ധാന്തം, ഗ്ലോക്കലൈസേഷൻ, സൈബർ സാഹിത്യം, തുടങ്ങിയുള്ള നിരവധി കല്പനകൾ കാലികപ്രസക്തമായ/സൈബർ മേഖലയുമായി ബന്ധപ്പെട്ട സിദ്ധാന്തവൽക്കരണത്തിന്റെ ഭാഗമാണ്.

ബ്രിട്ടീഷ് സാംസ്കാരിക പഠിതാവായ അലൻ കിർബിയാണ് ഡിജിമോഡേണിസം എന്ന പദം വ്യാപകമായി ഉപയോഗിച്ചത്. "Digi modernism: How New Technology Dismantle and Reconfigure Our Culture എന്ന ഗ്രന്ഥത്തിലാണ് ഡിജിറ്റൽവൽക്കരണം നടന്ന സമകാലീന സംസ്കാരത്തെ വിശേഷിപ്പിക്കാനായി ഡിജിമോഡേണിസത്തെ വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്നത്. മാധ്യമ കേന്ദ്രീകൃതമായി രൂപപ്പെടുന്ന എഴുത്ത്, വായന, പ്രസാധനം തുടങ്ങിയുള്ള വ്യവഹാരങ്ങളെ 'Imaging the New Media Encounter' എന്ന പ്രബന്ധത്തിൽ അലൻ ലിയു (Alan Liu) കാലികാവസ്ഥയുമായി ബന്ധപ്പെട്ട് പരിവർത്തന വിധേയമാകുന്ന രീതി വ്യക്തമാക്കുന്നുണ്ട്. എഴുത്ത് (Writing), കോഡു രൂപത്തിലാക്കൽ (Encoding) ആയി മാറുന്നു. വായന (Reading) സെറ്റിലെ അന്വേഷണം (Browsing) ആയിപരിവർത്തനപ്പെടുന്നു. പ്രസിദ്ധീകരണം(Publishing) അയയ്ക്കൽ (Transmitting)ആയി തീരുന്നു. സൂക്ഷിച്ച് വെയ്ക്കൽ (Preservation) കുടിയേറ്റം (Migration) ആയി ക്രമീകരിക്കുന്നു. മുഴുകൽ (Absorption) മുങ്ങൽ (Immersion) ആയി മാറുന്നു. അനുകരിക്കൽ (Mimesis) രൂപപ്പെടുത്തി ക്രമീകരിക്കൽ (Modeling) ആയിതീരുന്നു. ഭാവന (Imagination) കൃത്രിമത്വം (Simulation) ആയി രൂപപ്പെടുന്നു(Simens 2013:20). സ്ക്രീൻ മാധ്യമങ്ങൾ മുന്നോട്ടു വയ്ക്കുന്ന പാഠനിർമ്മാണവുമായി ബന്ധപ്പെട്ടതും അതിന്റെ വിനിയോഗവുമായി നിർണയ വിധേയമാകുന്നതുമായ ഈ പ്രവർത്തനങ്ങൾ മുമ്പുണ്ടായിരുന്ന സാഹിത്യസങ്കൽപ്പം, ആസ്വാദനരീതി മനോഭാവം സൗന്ദര്യസങ്കൽപ്പം തുടങ്ങിയവയെല്ലാം സമൂലമായി തന്നെ പരിവർത്തിപ്പിക്കും. ഈ പരിവർത്തനം സൈബർ വിനിയോഗത്തിന്റെ ആഗോളവലയത്തിലെത്തുന്നവരെയെല്ലാം ഒരുപോലെ

സ്വാധീനിക്കുന്നവയാണ്. പാഠനിർമ്മിതിയിലും പാഠവിനിയോഗത്തിലും സാങ്കേതികതയെ ആശ്രയിക്കുന്ന സാഹിത്യമായാണ് വർത്തമാനകാല സാഹിത്യത്തെ അലൻ ലിയു നിർണയിക്കുന്നത് (Simens, 2013:19). കൃത്യമായി പറഞ്ഞാൽ സത്തയിൽ സാങ്കേതികത്വം വഹിക്കുന്ന രൂപ മാണ് സൈബർ സാഹിത്യത്തിനുള്ളത്. ഇലക്ട്രോണിക് സാഹിത്യ സിദ്ധാന്തത്തിന്റെ അവതാരകയെന്ന നിലയിലാണ് കാതറിൻ ഹെയ്സ് (Katherine Hayles) ശ്രദ്ധ നേടിയത്. വേൾഡ് വൈഡ് വെബ്ബ് ഉദയം ചെയ്തതോടെ ഗ്രന്ഥകർതൃത്വം/ രചനാ കർതൃത്വവുമായി ബന്ധപ്പെട്ട് പുത്തൻ തന്ത്രങ്ങളും രീതികളും പ്രോഗ്രാമുകളും നിലവിൽ വന്നു. കഥ പറയുന്നതിന്റെയും കഥയ്ക്കുള്ളിൽ അവതരിപ്പിക്കുന്ന സ്ഥല പരവും ഭാവപരവുമായ അവസ്ഥകളുടെയും പരിമിതികളെ ഇലക്ട്രോണിക് സാഹിത്യം അപ്രത്യക്ഷമാക്കി. കലാപരമായി പലഭാഗങ്ങളിലും ഗെയിം പ്ലേകൾ പകരം വന്നു. വൈവിദ്ധ്യമാർന്ന ടെക്നിക്കുകളും ദൃശ്യാത്മ കത ഉൾകൊള്ളുന്ന അവതരണങ്ങളും അനിമേഷനുകളും ഗ്രാഫിക്കു കളും പരമ്പരാഗതമായ സാഹിത്യ ചിന്തകളിൽ മാറ്റം വരുത്തുകയും സൈബർ സാഹിത്യത്തെ ആസ്വാദന ആഘോഷത്തോടെ സമ്പന്ന മാക്കുകയും ചെയ്തു. ഹൈപ്പർ ടെക്സ്റ്റുകളുടെ സാധ്യത സൈബർ സാഹിത്യത്തിന്റെ വിപുലന സ്വഭാവമാണ് വ്യക്തമാക്കുന്നതെന്നും കാതറിൻ ഹെയ്സ് വിലയിരുത്തുന്നു (2007:4).

മഷി ബാഷ്പീകരിച്ചുപോയ നവമാധ്യമ കാലത്ത് അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ശബ്ദങ്ങൾ, ദൃശ്യങ്ങൾ, തുടർച്ചയായ ചലനങ്ങൾ തുടങ്ങി നിരവധി ഘടകങ്ങളെ സൃഷ്ടിക്കുന്ന പ്രതലം സ്ക്രീനാണ്, അതും ടച്ച് സ്ക്രീൻ. ഈ കാലഘട്ട ത്തിലെ സൈബർ വായനയെപ്പറ്റി ബെർ ട്രാൻഡ് ഗെർവെയ്സിന്റെ (Bertrand Gervais) നിരീക്ഷണം വിലമതി ക്കേണ്ടതാണ്. സൈബർ വായനയെന്നാൽ സൈബർ സ്പെയ്സിന്റെ വിപുലമായ വിവരസാഗരത്തിനു മുകളിലൂടെയുള്ള സഞ്ചാരമാണ്. ആ സഞ്ചാരത്തി നിടയിൽ ആഴങ്ങളിലേക്കുള്ള മുങ്ങലും മുഴുകലും അന്വേഷണവും സ്വാഭാവികതയോടെ സംഭവിക്കുന്നു(Simens, 2013: 192). സൈബർപാഠത്തെപ്പറ്റിയുള്ള പൈറസ് വൈറസിന്റെ (Pires Vires) നിരീക്ഷണവും ശ്രദ്ധേയമാണ്. ശ്രാവ്യസങ്കേതത്തോടും ദൃശ്യ ചിത്ര വിന്യാസത്തോടും കൂടിയ ഒരു പാഠം നിർമ്മിക്കുകയും നിലനിർ ത്തുകയും ഒപ്പം ശ്രാവ്യസങ്കേതത്തേക്കാളും ദൃശ്യചിത്ര വിന്യാസ രീതി യേക്കാളും പ്രാധാന്യം പാഠത്തിന് കൈവരുകയും ചെയ്താൽ അതിനെ സൈബർ പാഠം/സൈബർ ടെക്സ്റ്റ് എന്നു വിളിക്കാമെന്നാണ് പൈറസ് വൈറസ് പറയുന്നത് (2005:160). പീറ്റർ ഗാലിസണ്ണിന്റെ (Peter Gallison) നിരീക്ഷണത്തിൽ സ്വഭാവത്തിൽ സങ്കരസ്വഭാവം പുലർത്തുന്ന നിർമ്മിതിയാണ് സൈബർസാഹിത്യം. വ്യത്യസ്തമായ

പാഠങ്ങൾ സാങ്കേതിക വൈദഗ്ധ്യം തുടങ്ങിയവ സമ്മേളിക്കുന്ന വ്യവഹാരമണ്ഡങ്ങളുടെ സമഗ്രതയാണ് സൈബർസാഹിത്യത്തിന്റെ നിയതമായ അസ്തിത്വം നിർണയിക്കുന്ന തെന്നും പീറ്റർ ഗാലിസൺ വിലയിരുത്തുന്നു(1977:48).

വിപുലമായ അർത്ഥവ്യാപ്തി പ്രദാനംചെയ്യുന്ന പദമാണ് സൈബർ സംസ്കാരം. സൈബർവൽക്കരണത്തിനു വിധേയമായ വിജ്ഞാനം, അസ്തിത്വം, പൊതുമണ്ഡലം, നിയമവ്യവസ്ഥ, ഭാഷാ വിനിയോഗരീതികൾ തുടങ്ങിയവയുടെ സമഗ്രത ഓരോ വ്യക്തി യെയും ക്രമീകരിക്കുകയും വ്യക്തികൾ അടങ്ങിയ സമൂഹത്തെ നിർണ്ണ യിക്കുകയും ആഗോളാടിസ്ഥാനത്തിൽ 'നെറ്റിസൺ' ആയി പരിവർത്തി പ്പിക്കുക യുമെല്ലാം ചെയ്തതിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ നിർണയമാണ് സൈബർ സംസ്കാരം പ്രതിനിധീകരിക്കുന്നത്. നവ മാധ്യമ വിനിമയ രാഷ്ട്രീയവുമായി ബന്ധിപ്പിച്ച് സംസ്കാര വിശകലനം നടത്തുമ്പോൾ മാധ്യമത്തിന്റെ അസ്തിത്വം തന്നെ ഈ കാലഘട്ട ത്തിൽ വൈവിദ്ധ്യവൽക്കരണത്തിന് വിധേയമാകുന്നു. ഈ പശ്ചാത്തല ത്തിലാണ് ഹെൻഡ്രി ജൻകിൻസിന്റെ (Hendry Jenkins) മാധ്യമസംല യന സിദ്ധാന്തം (Media Convergence Theory) കാലികപ്രസക്തമായ നവമാധ്യമ വ്യക്തിത്വനിർണയ സംവാദമാക്കുന്നത്.

എഴുത്ത്, രേഖപ്പെടുത്തൽ, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയെല്ലാം സ്മാർട്ട്ഫോണിൽ യഥേഷ്ടം സാധ്യ മാകുമ്പോൾ ഫോണിന്റെ അസ്തിത്വം എന്താണ്? ഇന്റർനെറ്റ് കണക്ഷ നോടുകൂടിയ ടെലിവിഷൻ ഏതെല്ലാം മാധ്യമങ്ങളുടെ സേവനമാണ് നിർണയിക്കുന്നത്? ഇന്റർനെറ്റ് കണക്ഷനുള്ള ഒരു കംപ്യൂട്ടറിന്റെ ഉപ യോഗം എത്രമാത്രം വ്യാപ്തിയുള്ളതാണ്? ഒരാവശ്യം മാത്രം നിർവ്വഹി ക്കുന്ന മാധ്യമങ്ങൾ സൈബർ ആധുനികതയുടെ കാലത്ത് അപ്രസക്ത മാകുകയും ബഹുമാധ്യമങ്ങളെ ഉൾക്കൊള്ളുവാൻ കഴിയുന്ന സങ്കര സ്വഭാവത്തോടു കൂടിയ മാധ്യമങ്ങൾ പ്രസക്തമാകുകയും ചെയ്യുന്നു.

മാധ്യമങ്ങൾ മനുഷ്യാവശ്യത്തിനു വേണ്ടിയുള്ള നിർമ്മിതിക ളാണ്. മാധ്യമങ്ങൾ നിരന്തരം ഉപയോഗിക്കുന്നവരുടെ ചിന്ത, ഭാവന, സർഗാത്മകത, ഭാഷ, തുടങ്ങിയുള്ള എല്ലാ വ്യവഹാരരീതികളും മാധ്യമ സ്വഭാവത്തോടും അഥവാ മാധ്യമങ്ങൾ മുന്നോട്ടു തരുന്ന വിനിമയസാധ്യതകളെയും ഉൾക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. ക്രമത്തിൽ പല പ്രവർത്തികളും മാധ്യമമില്ലാതെ ചെയ്യാൻ കഴിയാത്ത അവസ്ഥ സംജാതമാകും. സൈബർനെറ്റിക്സ് (Science of Control and Communication in Animal and Machine System) ഈ പശ്ചാത്തല ത്തിലാണ് വർത്തമാനകാലപ്രസക്തമായ സംസ്കാരവിശകലന സിദ്ധാ ന്തമെന്ന നിലയിൽ പ്രസക്തമാകുന്നത്. ഓർമ്മയുടെ ഭാഗമായി

ബൗദ്ധികപ്രവർത്തനങ്ങളുടെ ഭാഗമായി കമ്പ്യൂട്ടറുകളും സ്മാർട്ട് ഫോണും ഉപയോഗിക്കുന്ന പുതുതലമുറ അവയുടെ സഹായത്തോടെയാണ് വിനോദകളികളും വിജ്ഞാനസ്വീകരണവും അനുസ്യൂതം സാധിക്കുന്നത്. യന്ത്രസഹായത്തോടെ മാനുഷികപ്രവർത്തനങ്ങൾ ക്രമീകരിക്കുമ്പോൾ സ്വാഭാവികതയോടെ യന്ത്രം ജീവിതവ്യവഹാരങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി തീരുന്നു.

**പോസ്റ്റ്ഹ്യൂമൻ**

How We Become Posthuman: Virtual Bodies in Cybernetics, Literature and information എന്ന ഗ്രന്ഥത്തിൽ കാതറിൻ ഹെയിൽസ് (Katherin Hayles) സ്വാഭാവികമായി ആശയ വിനിയാധി പ്രക്രീയകൾ നടത്തുന്നവരെ ഹ്യൂമൻ എന്നും പ്രതിപ്രവർത്തന ക്ഷമമായ യന്ത്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നവരെ പോസ്റ്റ് ഹ്യൂമൻ എന്നുമാണ് തിരിച്ചിരിക്കുന്നത്. ഇലക്ട്രോണിക് സാഹിത്യനിരൂപകയെന്ന നിലയിൽ ആഗോള പ്രശസ്തമായ പ്രൊഫസറാണ് കാതറിൻ ഹെയിൽസ്. പ്രതിപ്രവർത്തന ക്ഷമമായ യന്ത്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന 'പോസ്റ്റ് ഹ്യൂമന്റെ' ബുദ്ധി (Inteligence) ഭാവന (Imagination) സർഗാത്മകത (Creativity) തുടങ്ങിയ അടിസ്ഥാന അസ്തിത്വനിർണയ പ്രവർത്തന ഘടകങ്ങൾ യന്ത്രവിനിയോഗത്തിന്റെ ചില സ്വഭാവ സവിശേഷതകൾ ഉൾക്കൊണ്ട് വികസിക്കുകയും ക്രമത്തിൽ പരിവർത്തന വിധേയമാകുകയും ചെയ്യുമെന്ന് ഹെയിൽസ് നിരീക്ഷിക്കുന്നു. യന്ത്രങ്ങളുടെ കൃത്രിമമായ ബുദ്ധിയിലേക്ക് (Artificial Inteligence) ഒരു തലമുറ സഞ്ചരിച്ചെത്തുമ്പോൾ പുതുതലമുറ അതിലേക്ക് ജനിക്കുന്നവരാണ്. യന്ത്രബുദ്ധിയെക്കൂടി മുൻനിർത്തിയായിരിക്കും അവരുടെ മസ്തിഷ്കവും ശരീരവും പ്രവർത്തന സജ്ജമാകുന്നത്. ഈ അവസ്ഥകളെയെല്ലാം ഉൾക്കൊണ്ടായിരിക്കും അവരുടെ ഭാഷാജ്ഞാനവും പാഠബോധവും വ്യവഹാരപ്രക്രിയകളും സംഭവിക്കുന്നത്.

നോബേർട്ട് വിനർ (Norbert Wiener) സൈബർനെറ്റിക്സിനെ (Cybernetics) വിശദീകരിക്കാനായി The Theory of Message എന്ന കല്പനയാണ് ഉപയോഗിക്കുന്നത്. ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയ മാധ്യമങ്ങളെ ആശയവിനിമയത്തിനായി പലരീതികളിലാണ് ഉപയോഗിക്കുന്നത്. വിനിയോഗിക്കുന്ന മാധ്യമത്തിന്റെ സ്വഭാവത്തിനനുസരിച്ച് ആശയം ഉത്പാദിപ്പിച്ച് മാധ്യമത്തിലൂടെ തന്നെ അത് വിനിമയം ചെയ്യുന്നു. ആശയം സൈബർ സ്പേസിലെത്തുന്നതോടെ അതിന് ആഗോളാടിസ്ഥാനത്തിലുള്ള വ്യാപനശക്തി കൈവരുന്നു.

മാധ്യമങ്ങൾ ആശയവിനിമയത്തിൽ സാന്നിദ്ധ്യമാകുമ്പോൾ Sender/Author, Receiver/Observer എന്ന പരസ്പരബന്ധിതമായ

ശൃംഖലയാണ് പ്രസ്കതമാകുന്നത്. ആശയങ്ങൾ സന്ദേശങ്ങളായി (Messages) സഞ്ചരിച്ച് ഒരു മാധ്യമത്തിൽ നിന്നും ആവശ്യാനുസരണം ബഹുമാധ്യമങ്ങളിലേക്ക് എത്തുന്നു. Author അഥവാ Sender മാധ്യമത്തിന്റെ സഹായത്തോടെ ആശയം അഥവാ പാഠം രൂപീകരിക്കുന്നു. തുടർന്ന് ആ മാധ്യമത്തിലൂടെ തന്നെ അത് വിനിമയം ചെയ്യുന്നു. ഈ പ്രക്രിയയിൽ മാധ്യമത്തിന്റെ സ്വഭാവം, മാധ്യമം രൂപീകരിക്കുന്ന ഭാഷാരീതികൾ, മാധ്യമം വിനിയോഗിക്കുന്ന വ്യക്തിയുടെ അറിവ് തുടങ്ങിയവയെല്ലാം ആശയരൂപീകരണത്തിൽ പ്രസക്തമായി വരുന്ന ഘടകങ്ങളാണ്.

Observer അഥവാ Receiver മാധ്യമത്തിന്റെ സഹായത്തോടെ സന്ദേശം അഥവാ പാഠം നിരീക്ഷിച്ച് ആശയവിശകലനം നടത്തുന്നു അഥവാ ഭാഷാനിർണയം നടത്തുന്നു. യഥാർത്ഥത്തിൽ ഇവിടെ മാധ്യമമാണ് ആശയം പ്രകാശിപ്പിക്കുന്ന ഇടമാകുന്നത്. മാധ്യമത്തിന്റെ കുറെയധികം സ്വഭാവരീതികൾ സ്വാഭാവികതയോടെ ആശയപ്രകാശനത്തെ സ്വാധീനിക്കും.

മാധ്യമസഹായത്തോടെ രൂപീകരിക്കുന്ന സൈബർപാഠം (Cybertext) അതിന്റേതായ സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്. എസ്പൻ ആർസെത് (Espen Aarseth) അദ്ദേഹത്തിന്റെ പ്രസിദ്ധമായ Cybertext എന്ന ഗ്രന്ഥത്തിൽ സൈബർടെക്സ്റ്റുകളെല്ലാം 'ergodic' ആണെന്ന് നിർണയിക്കുന്നു. എർഗോഡിക്കിന്റെ അർത്ഥം 'Path of Energy or Work' എന്നാണ്. ഈ അർത്ഥം സൈബർപാഠത്തിന്റെ വിപുലമായ സാധ്യതയാണ് വ്യക്തമാകുന്നത്. ബഹുമാധ്യമങ്ങളിലേക്ക് ഒരേസമയം പാഠം എത്തുമെന്നുള്ളത് സ്വീകരിക്കുന്ന മാധ്യമത്തിന്റെ സഹായത്തോടെ നിമിഷനേരം കൊണ്ട് പാഠത്തിന്റെ സ്വഭാവം മാറ്റിമറിക്കാമെന്നുള്ളതും സാധ്യതകളിൽ ഒന്നുമാത്രമാണ്. അയയ്ക്കുന്ന വ്യക്തിയും സ്വീകരിക്കുന്ന വ്യക്തികളും തമ്മിൽ നിമിഷനേരം കൊണ്ട് പരസ്പരം ആശയങ്ങൾ സംവാദാത്മകതയോടെ കൈമാറാമെന്നുള്ളത് ഇനിയൊരു സാധ്യതയാണ്. അയക്കുന്ന സന്ദേശം, ശബ്ദം, ദൃശ്യം, ലിഖിതഭാഷ, വീഡിയോ, ആനിമേഷൻ ചിത്രങ്ങൾ തുടങ്ങിയവയും ഇവയുടെയെല്ലാം സമ്മേളനത്തിലൂടെ രൂപപ്പെടുന്ന പാഠം എന്നിവയെല്ലാം സമ്മേളിച്ചാണ് അയക്കുന്ന സന്ദേശത്തിന്റെ സ്വഭാവം നിർണയിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് പരസ്പരബന്ധിതമായ കമ്പ്യൂട്ടർ സംസ്കാരം (Linked Computer Culture) ആശയരൂപീകരണത്തിലേയും ആശയസ്വീകരണത്തിലേയും വൈവിദ്ധ്യങ്ങളുടെ വിപ്ലവം സൃഷ്ടിച്ചത്. യഥാർത്ഥത്തിൽ ആശയങ്ങളുടെ അഥവാ സൈബർപാഠങ്ങളുടെ ഇരിപ്പിടമെന്ന നിലയിൽ സൈബർസ്പേസിന് പ്രസക്തിയേറെയാണ്. മനുഷ്യബുദ്ധിയും സാങ്കേതികതയുടെ സാധ്യ

തകളും ചേർന്ന് പ്രവർത്തിക്കുമ്പോൾ രചനാരീതി, വായനാരീതി, പാഠ സ്വഭാവം തുടങ്ങിയവ വിപുലവത്കരണത്തിന് വിധേയമാകുന്നു. ഈ വിപുലവത്കരണം ഭാഷകളുടെ മുമ്പുള്ള സ്വഭാവത്തെ സമൂലമായി മാറ്റിമറിക്കും.

സൈബർ വ്യവഹാരം, സൈബർ ഭാഷ, സൈബർ സാഹിത്യം സൈബർ വായന അഥവാ കാഴ്ച തുടങ്ങിയുള്ള പുത്തൻ സാംസ്കാരികാവസ്ഥയെ അഭിമുഖീകരിക്കുന്ന മനുഷ്യൻ അവന്റെ വ്യക്തിത്വത്തിലേക്ക് നവമാധ്യമങ്ങളുമായി/യന്ത്രങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ജ്ഞാനം ഉൾക്കൊണ്ടവരാണ്. അനുദിനം വളർന്നുവരുന്ന നവസാങ്കേതികതയെ ഉൾക്കൊള്ളുന്ന മനുഷ്യൻ, മനുഷ്യസമൂഹങ്ങൾക്കൊപ്പം മാത്രമല്ല നവമാധ്യമങ്ങൾക്കൊപ്പം കൂടിയാണ് ജീവിക്കുന്നത്. ഓരോ വ്യക്തിയോടുമൊപ്പം ചേർന്നു നില്ക്കുന്ന മാധ്യമത്തിന്റെ പ്രവർത്തനക്ഷമത കൂടിയാണ് വ്യക്തിയെ കാര്യക്ഷമതയുള്ളവനാക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് സൈബർ നെറ്റിക്സുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്ക് കാലികപ്രസക്തി കൈവരുന്നത്.

മാധ്യമപ്രവർത്തനരീതിക്ക് ഒരു വലിയ ജനവിഭാഗത്തെ നിർണ്ണയിക്കാനും നിയന്ത്രിക്കാനും കഴിയുന്ന അവസ്ഥ സ്വാഭാവികതയോടെ ഉരുത്തിരിഞ്ഞു വരുന്നത് സൈബർ ആധുനികതയുടെ സവിശേഷ സ്വഭാവങ്ങളിലൊന്നാണ്. ഈ പശ്ചാത്തലത്തിലാണ് മാധ്യമ കേന്ദ്രീകൃതമായി പുത്തൻ അധികാര രാഷ്ട്രീയ വ്യവസ്ഥ സംജാതമാകുന്നത്. ഈ അവസ്ഥ വർത്തമാനകാല സൈബർ ആധുനികതയെ പുനർ നിർണയത്തിന് വിധേയമാക്കും.

## Bibliography


1. Ching-Yi Tien and Paul C. Talley. *'Think Globally, Act Locally': 'Glocalization' in Taiwanese Higher Education.* International Journal of Business and Social Science: Vol.2, No.15: August 2012.
2. Chomsky, Noam. *Media Control: The Spectacular Achievement of Propaganda.* Seven Stories Press: new York,1997.
3. Craig, Geoffery. *The Media Politics and Public Life*. Allen & Unwin.: Australia, 2007.

4. Crystal, David. *Language and the Internet*. Cambridge University Press: Cambridge, 2001.
5. Crystal, David. *Txting: The Gr8 Dh8.* Oxford University Press: New York, 2009.
6. Galison, C. Peter. *Image And Logic: A Material Culture of Microphysics*. University of Chicago: Chicago, 1997.
7. Hayles, Katherine, N. *How we Become Posthuman: Virtual Bodies in Cybernetics, Literature and Information.* University of Chicago: Chicago, 1999.
8. Hayles, Katherine, N. *Electronic Literature what is it.* http://eliterature.org/pad/elp.html. 2007.
9. Khondker, Habibual Haque. *Glocalization as Globalzation: Evolution of a sociological Concept.* Bangladesh e-Journal of sociology, Vol. No. 2 2004.
10. Schmidt, Eric and Jared Cohen. *The New Digital Age*. John Murrary Publishers: Great Britain, 2013.
11. Siemens, Ray and Susan Schreibman. *A companion to Digital Literary Studies.* Wiley - Blackwell: Oxford 2013.
12. Tomi, Ahonen.T. *Mobile as 7th Mass Media*. Oxford University Press:New York. 2006.
13. Urbanski, Heather. *Writing and the Digital Generation*. McFarland: London, 2010.
14. Vires, Pires. *Literature in Cyberspace*. http:/www.folklore. 2005.

# നവമാധ്യമങ്ങളിലെ നാടോടിത്തങ്ങൾ

ഡോ. സി. ആർ. രാജഗോപാലൻ

**കു**റിയസന്ദേശങ്ങൾ സമരസന്ദേശങ്ങളായി മാറ്റി യുവജനങ്ങളുടെ ബോധത്തെ കീഴടക്കിയ എസ്എംഎസ്സിന്റെ പിതാവ് മാറ്റി മക്കോനൻ ലോകത്തിൽനിന്ന് വിടവാങ്ങിയിരിക്കുന്നു. കൗമാരമനസ്സുകളെ കീഴടക്കിയ ആഗ്രി ബേർഡ് എന്ന വീഡിയോ ഗെയിം പിറന്ന ഫിൻലാന്റിൽ ജനിച്ച അദ്ദേഹം 1984-ലാണ് എസ്എംഎസ്സ് എന്ന ആശയം മുന്നോട്ടു വച്ചത്. ആശയവിനിമയഗവേഷണത്തിൽ നടന്ന ഈ കുതിപ്പാണ് നഗര നാടോടിത്തത്തിന്റെ താന്തോനിത്ത പ്രകടനങ്ങളായി നവമാധ്യമ യുഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ് യുഗത്തിൽ ആശയ സംവേദനത്തിൽ വന്ന സാദ്ധ്യതകളും പുതുകയ്യടക്ക സംവിധാനങ്ങളും സാമൂഹ്യബന്ധങ്ങളെപ്പററിയുള്ള നരവംശസങ്കല്പങ്ങൾ മാറ്റിമറച്ചു. ബഹുസാദ്ധ്യതകളുള്ള ഒരു യന്ത്രത്തിനു ചുറ്റുമാണ് ഇപ്പോൾ മനുഷ്യ ക്രീഡകൾ. ഇ-നരവംശശാസ്ത്രത്തിന്റെ ബോധനരീതികളും പെരുമാറ്റമാറ്റങ്ങളും പുതിയൊരു സംസ്കാരംതന്നെ സൃഷ്ടിച്ചിരുക്കുന്നു. ആഗോളമായിത്തന്നെ പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും സ്വന്തം ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും കൈ മാറുവാനും കഴിഞ്ഞു. Connect With People, share on your wall എന്നതാണ് ഈ യുഗത്തിന്റെ സന്ദേശങ്ങൾ. ജനപ്രിയതയും പങ്കാളിത്തവുമാണ് നാടോടിത്തത്തിന്റെ അടയാളവാക്യം. പാട്ടുകാർ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതുപോലെയാണ് നവമാധ്യമങ്ങൾ സ്വീകാര്യമായത്. ഫേസ്ബുക്കിലെ കമൻറുകൾ ചുവരെഴുത്തുകൾക്കു - wall post - തുല്യമായി. വ്യക്തിത്വം വികസിക്കുക മാത്രമല്ല ബോധത്തിന്റെ ചക്രവാളം കീഴടക്കുകയായിരുന്നു. കേൾവിയുടേയും.

### ഫോക്‌ലോർ അർജന്റീനോ

പരിധികളില്ലാത്ത സൗഹൃദത്തിന്റെ നവനാടോടിത്തം പിറന്നിരിക്കുന്നു. തനിഭാഷയിൽ, തനിച്ചിത്രത്തിൽ ആവിഷ്ക്കരിക്കാം. Express

yourself using your words, a picture, a video or your favorite quote. ഗൂഗിളിങ് യാത്രയിലൂടെ ജ്ഞാനത്തിന്റെ ഉറവിടങ്ങൾ തേടിയ ലയാൻ ഒരു പ്രയാസവുമില്ല. ലൈബ്രറി, ഗവേഷണസ്ഥാപനങ്ങൾ, പ്രഭാഷകന്മാർ തുടങ്ങിയ അറിവിന്റെ സ്ഥാപനവൽകൃതരൂപങ്ങളെ തിരസ്ക്കരിച്ചുകൊണ്ട് യുവചേതന സ്വാതന്ത്ര്യം ആഘോഷിക്കുകയാണ്. ജ്ഞാനത്തിന്റെ നിഗൂഢവൽക്കരണം ബോധത്തിന്റെ ഗൂഗിളിങ് സംവിധാനത്തിൽ പൊളിഞ്ഞുപോയി. ഔപചാരികസംസ്കൃതിയ്ക്കെതിരായുള്ള നാടോടിവൽക്കരണത്തിന്റെ ആക്ടിവിറ്റിയും മനോധർമ്മപ്രകാശനവുമാണ് മനുഷ്യമസ്തിഷ്ക്കത്തിനു ചുറ്റുമുള്ള പ്രകാശവലയത്തിൽ അരങ്ങേറുന്നത്. യൂട്യൂബിലും എംപി3-യിലും സാമ്പചെണ്ടയും ഡിജെയും കൂട്ടിക്കലർന്ന് പൊടിപൊടിക്കുകയാണ്. ഫോക്ലോർ അർജന്റീനോ, ഫോക്ലോർ ബൊളിവിയാനോ എന്നീ ഫോക്-ടെക് സംഗീതങ്ങൾ തരംഗങ്ങളായിമാറി. സ്പെയിനിന്റെ ആധിപത്യ അഹങ്കാര സംഗീതത്തെ തൂത്തെറിഞ്ഞുകൊണ്ട് ബൊളീവിയൻ കാടുകളിലെ ആദിമനിവാസികളുടെ കാട്ടുമുളസംഗീതം എക്സെന്റർ സംവിധാനത്തിലൂടെ യുവമനസ്സുകളിൽ തീപിടിക്കുകയാണ്. പള്ളിവാള് ദ്രവട്ടക കയ്യിലേന്തും തമ്പരാട്ട്യേയ്എന്ന മണ്ണാൻ നന്തുണിത്തോററംപാട്ടിന് യൂട്യൂബിൽ വൈവിധ്യമാർന്ന വ്യത്യസ്ത ദൃശ്യാവിഷ്കാരങ്ങളുണ്ടാകുന്നു. വ്യത്യസ്ത നാദങ്ങളുടെ ലോകത്ത് MySpace, Facebook, Twitter, Tumblr, Twitmusic, MP3.com, Connect To Music, Spotify, Last.fm, MOG-8tracks, Connect Using Other Mediums, YouTube, Sound Cloud, Instagram, Find Your Market, Reverbnation - OurStage, OurWave, Fanbridge, Artists.MTV, Eventful-, Create Music, Kompoz, Dopetracks- Write About It, Hypebot, SoSoActive, Hypem.com, A New Band A Day - Resources തുടങ്ങി ഇരുപത്തഞ്ചോളം സാമൂഹ്യമാധ്യമങ്ങളിൽ നാടോടിത്തത്തിന്റെ സജ്ജീവ സാന്നിദ്ധ്യമുണ്ട്.

നവസാങ്കേതികവിദ്യയ്ക്കകത്ത് നുഴഞ്ഞുകയറി നാടോടിത്തം അതിന്റെ സാമൂഹ്യധർമം നിർവഹിച്ചുകൊണ്ടിരിക്കുന്നു. പാശ്ചാത്യ-കൊളോണിയൽ സംഗീതത്തെ കാതുകളിൽനിന്ന് ചെറുത്തുതോൽപ്പിക്കുവാൻ സൈബർ സാങ്കേതികവിദ്യയുപയോഗിച്ചുകൊണ്ട് നാടോടിസംഗീതസമരങ്ങൾ നടക്കുകയാണ്. കാതുകളിൽനിന്ന് കാതുകളിലേക്ക് തനതുചരിത്രങ്ങൾ പുനർജ്ജനിക്കുകയാണ്. 'അമാ അമാ ആമസോണാസ്' എന്ന പാട്ട് വീണ്ടും മുഴങ്ങി. നാടോടിസംഗീതവ്യവസായത്തിന് പുതിയമാനങ്ങളും അനന്തസാധ്യതകളും നൽകിയത് സാമൂഹ്യമാധ്യമങ്ങളാണ്. ബാൻഡുകൾ പ്രതിരോധഗ്രൂപ്പുകളായി നാടോടിത്തങ്ങൾ കയ്യടക്കി. തെരുവോര സംഗീതത്തിന് പ്ളാറ്റുഫോമുകളായി, പാട്ടിന്റെ കമ്മ്യൂണിറ്റികൾ ലയരഹിതനാദങ്ങൾ പകർന്നു. നാടോടിസംഗീത

ത്തിന്റെ രാഷ്ട്രീയ സമ്പദ്ഘടന വിലയിരുത്തപ്പെട്ടു. നാടോടിത്തത്തിന്റെ നിർണായകമായ സൂചകങ്ങൾ നിത്യജീവിതത്തിൽ പോപ്പുലർ കൾച്ചറിൽ പൊലിക്കുകയാണ്. മാഷപ്പ് പോലെ. പലവിധ സംഗീതസമ്പ്രദായങ്ങൾ മിക്സ് ചെയ്ത് അതിൽനിന്ന് പുതിയൊരു സങ്കരപല്ലവി പ്രയോഗിക്കുന്നതിനെയാണ് "mashup" എന്നു പറയുന്നത്. ഇതൊരു ജമൈക്കൻ വാക്കാണ്. പല ഡാറ്റാകൾ ചേർത്ത് വെബ്സൈററിലോ ഓൺലയിനിലോ നിർമിക്കുന്നതിനെ മാഷപ്പ് എന്നു വിശേഷിപ്പിക്കുന്നു. നവമാധ്യമസാഹചര്യത്തിൽ ജന്മമെടുത്ത സങ്കരത്വ (hybridization) സംസ്കാരത്തേയാണ് ഇതു സൂചിപ്പിക്കുന്നത്. ഫിലിമും സ്പോർട്സും കഴിഞ്ഞാൽ ലോകത്തിലെ മൂന്നാമത്തെ ജനപ്രിയ കൂട്ടായ്മയാണ് എതിർസംഗീതങ്ങൾ. ഗ്രാമങ്ങളിൽ പ്രധാനമായിരുന്ന (rural domain) പാർശ്വവൽകൃതസമൂഹങ്ങളുടെ സംഗീതം നവമാധ്യമങ്ങളുടെ വരവോടെ നഗരസംഗീതമായി സജീവമായി. എംപി3, ഡിജിറ്റൽ സാങ്കേതിക വിദ്യ എന്നിവ നിലവിൽ വന്നതോടെ എളുപ്പത്തിൽ കോപ്പിയെടുകത്തുത്ത് പ്രചുരപ്രചാരമായി.

'പള്ളിവാള് ഭദ്രവട്ടക കയ്യിലേന്തും തമ്പുരാട്ട്യേയ്',

'ആടു പാമ്പേ ആടാടു പാമ്പേ - ആടാടു പാമ്പേ',

'ആ-ഏ-ഓ- കൈതോല പായവിരിച്ച് പായേലൊരുപിടി നെല്ലും ചൊരിഞ്ഞ്' എന്നീ നാടൻപാട്ടുകൾ യൂട്യൂബിൽ ഹരമായി. നാടോടിത്തങ്ങളിൽ താന്നോനിത്തങ്ങളേ ഉണ്ടായിരുന്നുള്ളു.

**ഫോക്-ടെക് നിർമിതി**

ഇൻഫർമേഷൻ ഹൈപ്പർച്ചന്തയിൽ വിജ്ഞാനം വില്പനച്ചരക്കാകുന്നതോടൊപ്പം വിനോദത്തിന്റെ കളിക്കളം സജീവമായി. സാങ്കേതികവും പരിഷ്കൃതവുമായ പേരുകൾക്കുപകരം ഫോക് ഐഡന്റിററി നിറഞ്ഞ തനിനാടൻ പേരുകളും നവ നാടോടിത്തത്തെ പ്രതിനിധീകരിക്കുന്നതാണ് പല ബ്ളോഗിന്റെയും പേരുകൾ. ജാലകം മുതൽ വേനൽമഴവരെ ഇതുനീളുന്നു. അട്ടട്ടേ, രസികൻ, വികടശിരോമണി, കായംകുളം കുഞ്ഞാട്, പാത്തുവിനും പറയാനുണ്ട്, കൊടകരപുരാണം, നമത് വാഴും കാലം, അനോണി ആന്റണി, ഒളിയമ്പുകൾ എന്നിവ. ഫോക്-ടെക് നിർമിതിയുടെ ഏറ്റവും നല്ല ഉദാഹരണമാണ് കുഞ്ഞാക്കാന്റെ യാഹു. സമകാലിക ജനകീയസംസ്കാരത്തിന്റേയും ഫോക് മനഃസ്ഥിതിയുടേയും സ്വതന്ത്രാവിഷ്കാരങ്ങളാണ് ബ്ളോഗുകൾ. നാട്ടിൻപുറങ്ങളിലെ ഓർമകൾ വേട്ടയാടുന്നതിന്റെ ആവിഷ്കാരങ്ങളാണ് പ്രവാസികളുടെ ബ്ളോഗുകൾ. ഗൃഹാതരത്വത്തിന്റെ നാടോടിവൽക്കരണത്തിലൂടേയാണ് സാമൂഹ്യവൽക്കരണം നടക്കുന്നത്. മഷി പുരളുന്നില്ല എന്നതും നാടോടി സംസ്കാരത്തിന്റെ സവിശേഷത

യാണ്. നേരമ്പോക്കുകളുടേയും ഹാസ്യങ്ങളുടേയും രൂപത്തിൽ കടന്നു വരുന്ന ധാരാളം കമന്റുകൾ ഫേസ്ബുക്കിലും ട്വിറ്ററിലും കാണാം. ടിന്റുമോൻ തമാശകൾ ഇതിലൊന്നു മാത്രമാണ്. ലോകത്തെങ്ങും പ്രചാര ത്തിലുള്ള ആമയും മുയലും പന്തയംവച്ച നാടോടിക്കഥ ഒരു ടിന്റുമോൻ തമാശയായിമാറുന്നു.

'ആമയും മുയലും എൻട്രൻസ് എക്സാം എഴുതി.

ആമയ്ക്ക് 80% മാർക്ക്, മുയലിന് 82%

അഡ്മിഷൻ കട്ട് ഓഫ് – 85%

എന്നിട്ടും ആമയ്ക്ക് പ്രവേശനം കിട്ടി. എങ്ങനെ?

*

*

*

'സ്പോർട്സ് ക്വോട്ട'

പണ്ടൊരു ഓട്ടപ്പന്തയത്തിൽ ഒന്നാമതെത്തിയതല്ലേ!'

ആനയും ഉറുമ്പും കഥകളും ഇങ്ങനെ പ്രചാരത്തിലായി. ഒരു ദാഹരണം നോക്കാം.

ആനയും ഉറുമ്പും റെയിൽവേസ്റ്റേഷനിൽ.

ആന: ഈ കേരളാ എക്സ്പ്രസ് പണ്ട് ഞാൻ ഡൊണേറ്റ് ചെയ്തതാ.

ഉറുമ്പ് : 'പോടാ നൊണയാ'

അപ്പോൾ അനൗൺസ്മെന്റ് വന്നു:

'കേരളാ എക്സ്പ്രസ് ആനേ കീ സംഭാവനാ ഹെ'

അതുകേട്ട് ഉറുമ്പ് ചമ്മിപ്പോയി

ഇനിയും ഓർമ്മകളിലേക്കു മറഞ്ഞുപോയിട്ടില്ലാത്ത നാടോടിത്ത ങ്ങൾ രസകരമായി തേട്ടിവരുന്നതുകാണാം.

കുറിക്കുകൊള്ളുന്ന, ഉരുളക്കുപ്പേരിപോലുള്ള പ്രതികരണങ്ങൾ അടിക്കടി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് ഇവയുടെ സാദ്ധ്യത കൾ. ഏതൊരു ശ്രേഷ്ഠചിഹ്നത്തേയും തച്ചുടക്കാനും വക്രീകരിക്കാനും തത്ഭവത്തിലൂടെ തന്റേടമാക്കിമാറ്റുവാനും ഫോക് ക്രിയേറ്റിവിറ്റിക്കു കഴിയുന്നു. വാഴ്ത്തി സ്തുതിച്ചുഎന്നതിന് വാട്ടിത്തൊലിച്ചുവെന്നും സംസ്കൃതം എന്നതിന് അമുക്കിതംഎന്നും വക്രീകരിക്കുന്ന പൊറാട്ടു വൽക്കരണം തന്നേയാണ് ബ്ലോഗുവൽക്കരണത്തിലൂടെ നടത്തുന്നത്. വൈവിധ്യമാർന്ന നാട്ടുഭാഷാപ്രയോഗങ്ങൾ (vernacular expression)

നടത്തുന്ന ഇവ മെറ്റാ ഫോക്‌ലോറായി മാറുന്നു. പ്രതിഷ്ഠയെത്തന്നെ മാററുന്നതാണ് നവവ്യക്തിത്വങ്ങൾ.

നഗരനാടോടിത്തത്തിന്റെ കാലത്തിൽ പഴഞ്ചൊല്ലുകളും നവ മാധ്യമങ്ങളിൽ നുഴഞ്ഞുകയറുകയും പുതിയ സാമൂഹ്യധർമം നിറവേററുകയും ചെയ്തു. ഫോക്‌ലോർ ഇപ്പോൾ ആഘോഷിക്കുന്നത് ജനപ്രിയസംസ്കാരത്തിലാണ്. നാഗരിക ഐതിഹ്യങ്ങളുടെ ആഖ്യാനങ്ങളാണ് മാധ്യമങ്ങളിൽ ആവേശിക്കുന്നത്. ഈ കഥകൾ വാമൊഴിയായി മാത്രമല്ല ഇ-മെയിൽ, ബ്ളോഗ്, യൂട്യൂബ്, ഫെയ്സ്ബുക്ക്, ചാററ് മുറികൾ, വെബ്സൈറ്റ് എന്നിവ വഴി ലോകമെങ്ങും പ്രചരിക്കുന്നു. സ്മാർട്ട്ഫോണിലെ വാട്ട്സ്ആപ്പിൽ മല്ലൂസ്സുകളുടെ പ്രളയമാണ്. കൂതറ ആവിഷ്ക്കാരങ്ങളും ഗൗരവമേറിയ വിവരങ്ങളും കൈമാറാം. സൈബർ ഹാസ്യങ്ങൾ വെറും ചിരിയോ തമാശയോ അല്ല. അത് ജനപ്രിയ സൗന്ദര്യശാസ്ത്രത്തെയാണ് നിർമ്മിക്കുന്നത്. വാമൊഴിപാരമ്പര്യത്തിൽനിന്ന് ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കുള്ള രംഗപ്രവേശം നവനാടോടിത്തം സൃഷ്ടിച്ചിരിക്കുന്നു. ജോക്ക് ലോർ ചിലർക്ക് ഹരമാണ്. ഐറണിക്ക് പ്രതിഷേധങ്ങൾ സമൂഹമനസ്സിന്റെ വിലയിരുത്തലുകളാണ്. ഒരു കൂട്ടായ്മ മറെറാരു കൂട്ടായ്മയിലേക്ക് പൊടിപ്പും തൊങ്ങലും നൽകി ഇ-മെയിൽ വഴി ആശയങ്ങൾ പ്രചരിപ്പിക്കുന്നു. ചങ്ങലക്കത്തുകൾ ഒരു വ്യക്തിക്കു മാത്രമല്ല ഗ്രൂപ്പ് മെയിലായി തൽസ്സമയം പ്രചരിപ്പിക്കാം. കത്തുരൂപത്തിലുളളവ നവഫോക്‌ലോറാ(epistolary folklore)ണ്. 2015-ൽ റഷ്യൻ പ്രസിഡന്റ് പുതിൻ 7 ദിവസം അപ്രത്യക്ഷമായപ്പോൾ എന്തെല്ലാം കഥകൾ പ്രചരിച്ചു!

**അർബൻ ഐതീഹ്യങ്ങൾ**

അർബൻ ഐതിഹ്യങ്ങളുടെ എൻസൈക്ളൊപീഡിയ തയ്യാറാക്കിയ ഹരോൾഡ് ബ്രൂൻവാന്റ് പറയുന്നു ആളുകളിപ്പോഴും മായിക കഥകളിൽ, ഗോസിപ്പുകളിൽ രമിക്കുന്നുവെന്ന്. നവഫോക്‌ലോറിലെ ഇനമാണ് അർബൻ ഐതീഹ്യങ്ങൾ. കാർണിവലുകളിൽ ഊയലാടുന്ന പൊയ്ക്കാൽ വേഷങ്ങളും റോബോട്ടുകളും ഊതിവീർപ്പിച്ച ബലൺരൂപങ്ങളും (inflatable toys) മനുഷ്യബൊമ്മകളും (mannequin) യൂറോപ്യൻ നഗരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ജീവനുള്ള മനുഷ്യശില്പങ്ങളും ചെകുത്താൻ മാസ്ക്കുകളും പച്ചകുത്തും (tatooing) അങ്ങാടിമരുന്നുകളും നഗരനാടോടിത്തത്തിന്റെ ഭാഗമാകുകയും നവമാധ്യമങ്ങളിലേക്ക് ചേക്കേറുകയും ചെയ്തു. ഇവയെ ഡിജിറ്റൽ ഐതിഹ്യങ്ങൾ എന്നാണ് വിളിക്കുന്നത്. ഡിജിറ്റൽ കഥപറച്ചിലും ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. സിനിമയേയും സീരിയലുകളേയും പരസ്യങ്ങളേയും സ്വാധീനിക്കുന്നത് നഗരത്തിലെ കെട്ടുകഥകളാണ്. ബ്ളാക്മാൻ വീണ്ടും കടന്നുവരുന്നു. നേരത്തെ പ്രചരിച്ചിരുന്ന വാമ്പയർ, ഒടിയൻ, എട്ടടിവീരൻ, റിപ്പർ എന്നി

വരെ പിന്തുടർന്നുകൊണ്ട് പുതിയ നഗരവേഷങ്ങൾ കടന്നുവന്നു. ഇമേജിനെ ഉപയോഗിക്കുന്നവർക്ക് രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ഫോട്ടോഷോപ്പ് സംവിധാനം നാടോടിവൽക്കരണത്തിന്റെ പുതിയ ചിത്രക്കാഴ്ച്ചയാണ് ഉണ്ടാക്കിയത്. ഫോട്ടോഷോപ്പ്ഡ് ഇമേജസ്...നെറ്റ് ലോർ ആയിക്കഴിഞ്ഞിരിക്കുന്നു. നഗരങ്ങളിൽ കഥകൾ പ്രചരിപ്പിക്കുന്ന ഗാങ്ങുകളുണ്ട്. സ്മാർട്ട്ഫോണും സഞ്ചരിക്കുന്ന ഡിജിറ്റൽ സംവിധാനവും വന്നതോടെ ഡിജിറ്റൽ ഫോക് സജ്ജീവമാണ്. നാടോടിസംഗീതജ്ഞരും നർത്തകരുമാണ് ഇത് കൂടുതൽ ഉപയോഗപ്പെടുത്തിയത്. അറിയപ്പെടാത്ത പല വംശീസംഗീതധാരകളും പുറത്തുവന്നു. നെറ്റ് ആർട്ട് ഇന്ന് ഏറെ സജ്ജീവമാണ്. നവസാങ്കേതിക സംവിധാനമുപയോഗിച്ചുകൊണ്ട് ആസ്ത്രേലിയയിലെ അബോറിജിനൽ ആർട്ട് ബൗദ്ധികസ്വത്താവകാശത്തിന്റെ പരിധിയിലായി. എത്തനോഗ്രാഫിക് ഗവേഷണം ഇ-ഫീൽഡ്വർക്കിലേക്കെത്തിയിരിക്കുന്നു. സർച്ച് എഞ്ചിൻ ഡാറ്റാശേഖരണം നടത്തിക്കൊള്ളും. ഗൂഗിൾ മാപ്പിങ്ങിലൂടെ സൈബീരിയയിലെ സ്വാമി ഗോത്രങ്ങളുടെ പാർപ്പിടങ്ങൾ കാണാം.

**ഡിജിററൽ യുഗത്തിലെ നാടോടിക്കഥകൾ**

ന്യൂമീഡിയ ഗെയിംസ് ദൃശ്യസംസ്കാരത്തിന്റെ അവിഭാജ്യ ഘടകമായിത്തീർന്നിരിക്കുന്നു. 2009ൽ ഫിൻലാൻറിൽ ജന്മമെടുത്ത ആഗ്രിബേർഡ്സ് എന്ന കുട്ടിക്കളി എത്ര വേഗമാണ് ലക്ഷക്കണക്കിന് കൗമാരക്കാരിലേക്കെത്തിയത്. ഐഫോണുകളിലെ തരംഗമായി അതു മാറി. ആഗ്രിബേർഡിന്റെ മുട്ടകൾ മോഷ്ടിച്ച പന്നിയോടുള്ള ദേഷ്യമാണ് തെറ്റാലിയിൽനിന്നുള്ള ഏറായി മാറുന്നത്. 2009-ൽ ജാക്കോ ലിസാലയുടെ മനസ്സിൽ ഉരുവംകൊണ്ട ആശയമാണ് ചിറകില്ലാത്ത ഉണ്ടപ്പക്ഷിയും കുറെ പന്നികളും തമ്മിലുള്ള കളി. വിനോദവും വിജ്ഞാനവും ഇടകലർന്ന് കാർണിവൽവൽക്കരണത്തിന്റെ സ്വഭാവങ്ങൾ ഏററുവാങ്ങുകയായിരുന്നു നവമാധ്യമങ്ങൾ. വീഡിയോ ഗെയിമുകളിൽ ഏററവും കൂടുതൽ കടന്നുവന്നത് മായികമായ നാടോടിക്കഥകളാണ്. കളികളുടെ മാതൃകയിലാണ് വീഡിയോ ഗെയിമുകൾ സൃഷ്ടിച്ചത്. 90കളിൽ ഗെയിംപാർലർ നഗരനാടോടിത്തത്തിന്റെ ഭാഗമായി. കലേവാല എന്ന നാടോടി ഇതിഹാസം പിറന്ന ഫിൻലാന്റിൽനിന്നാണ് ആഗ്രിബേഡ്സ് മോണിറ്ററിലേക്ക് ചാടിവീണത്. മെഷ്യൻഗണ്ണിനേക്കാൾ പ്രിയപ്പെട്ടത് നാടോടിത്ത ആയുധമായ തെറ്റാലിയായിരുന്നു. ഉത്തരാധുനിക കാലഘട്ടത്തിലെ കൺവർജന്റ് നവമാധ്യമങ്ങളിലെ പ്രധാനയിനമാണ് വീഡിയോ ഗെയിംസ്. ദശലക്ഷക്കണക്കിന് യുവാക്കളുടെ രാത്രികൾ പകലുകളാക്കുന്ന ഈ ഗെയിം വ്യവസായത്തിൽ മുതലിറക്കുന്നവർ ഈസോപ്പുകഥകളിൽ ഗവേഷണം നടത്തുകയാണ്. ഒറ്റക്കുകളിച്ചുമുന്നേറാനും കളിച്ചുല്ലസിക്കാനും നാഗരിക സമൂഹത്തിൽ നാടോടിക്ക

ളികളുടെ രൂപമാതൃകയിൽ പുതുകളിരൂപങ്ങൾ പ്രചാരത്തിലായി. വാൾട്ട് ഡിസ്നി പരമ്പരകളും ടെമ്പിൾ റൺ ഓക്സ് വീഡിയോ ഗെയിമുകളും കൗമാരക്കാരുടെ തലക്കടിച്ച ഒന്നാണ്. പോക്കിമോൺ ഗോഎന്ന സ്മാർട്ട്ഫോൺ ഗെയിം അമേരിക്കയിലെ ഇദാഹോ സർവകലാശാല യിൽ പാഠ്യവിഷയമായിരിക്കുന്നു. ജനപ്രിയ ഗെയിസുകളുടെ ഉറവിടം നാടോടിസംസ്കാരമായിരുന്നു. ഒളിച്ചുകളി, ടാഗ് എന്ന സമൂഹക്കളി എന്നിവയും പഠനവിധേയമായിരിക്കുന്നു. ഒരു കാലത്ത് ടോം ആന്റ് ജെറി കഥകൾക്കുണ്ടായിരുന്ന ജനപ്രിയത നവമാധ്യമങ്ങളുടെ വര വോടെ പുതിയ അതിസാങ്കേതിക മായികകഥകളിലേക്ക് ചേക്കേറി. ഗ്രിമ്മിന്റെ കഥകൾ, ഈസോപ്പ് കഥകൾ, റഷ്യൻ ബിലിനി കഥകൾ, ഫെയറികഥകൾ തുടങ്ങിയ മാന്ത്രിക നാടോടിക്കഥകളുടെ മാതൃകയി ലാണ് വീഡിയോഗെയിമുകൾ ഉണ്ടാക്കിയത്. നായകൻ, പ്രതിനായകൻ, ദുർമന്ത്രവാദി, സഹായി, മാന്ത്രികവസ്തുക്കൾ, ദുഷ്ടജന്തുക്കൾ, ചെകു ത്താൻമാർ, നിധി, മാലാഖമാർ, ഈവിൾ ഫ്ളവർ തുടങ്ങിയ സ്ഥിരം കഥാപാത്രങ്ങൾ കാർട്ടൂണുകളിലും ഗെയിമുകളിലും കടന്നുവരുന്നു. നാടോടിക്കഥകളുടെ രൂപിമപഠനം നിർവ്വഹിച്ച വ്ളഡമീർ പ്രോപ്പ് കഥാ പാത്രങ്ങൾക്കല്ല അവരുടെ പ്രവൃത്തികൾ (functions) ക്കാണ് പ്രാധാന്യം നൽകിയത്. യക്ഷിക്കഥകളിൽ മാററമില്ലാത്ത (constants) ഈ പ്രവൃത്തികൾക്കാണ് നവമാധ്യമങ്ങളിൽ പ്രാധാന്യം നൽകുന്നത്. കഥാപാത്രങ്ങളുടെ ക്രിയാംശത്തെ അടിസ്ഥാനമാക്കി ഫെയറികഥ കളുടെ ഘടനാപരമായ വ്യാകരണം രചിക്കുകയാണ് പ്രോപ്പ് ചെയ്തത്. ഈ കഥാപാത്രങ്ങളെയെല്ലാം വിരൽത്തുമ്പുകൊണ്ട് നിയന്ത്രിക്കാനാ കുന്നുവെന്നതാണ് ഡിജിറ്റൽ സ്വാതന്ത്ര്യം. പല ലെവലുകളും ജയിച്ചു മാത്രമേ മുന്നേറുവാൻ കഴിയുകയുള്ളു. അപകടങ്ങളിൽ സഹായിക്കാൻ സേവറും ഡോണറും എത്തുന്നു. നാടോടിക്കഥകളാണ് ഡിജിററൽ യുഗത്തിലെ ഏറ്റവും വലിയ മാർക്കറ്റ്. ജനമനസ്സുകളെ സ്വാധീനിക്കാ നുള്ള ഗെയിംപ്രോഗ്രാമുകൾക്കായി കമ്പനികൾ നാടോടിക്കഥകളിൽ ഗവേഷണം നടത്തുകയാണിന്ന്. നാടോടിക്കഥകളിൽ മാത്രമല്ല പല നാടുകളിലും പ്രചാരത്തിലുണ്ടായിരുന്ന നാടൻകളിരൂപങ്ങളിലും ഗവേ ഷണം നടത്തിയാണ് ഗെയിമുകൾ രൂപപ്പെടുത്തിയത്. ഫോക് ഗ്രാഫിക്കും നാടോടിശബ്ദങ്ങളും നാടോടിക്കഥകളുടെ ഘടനയും കൗമാരമനസ്സു കളെ കീഴടക്കി.

**ചാറ്റിങ്ങ് അനുഷ്ഠാനങ്ങൾ**

ഇ-മെയിൽ മെസഞ്ചർ വ്യക്തിപ്രഭാവത്തിൽ വലിയ വിപ്ലവ മാണ് ഉണ്ടാക്കിയത്. ഓരോരുത്തരും പ്രതീതി സൗഹൃദങ്ങളുടെ ശ്രീകോവിൽ പണിയുകയായിരുന്നു ചെയ്തത്. അവനവനെ പ്രതിഷ് ഠിച്ച് അവനവനെ പൂജചെയ്യുന്ന നവനരവംശാനുഷ്ഠാനം നിലവിൽ

വന്നു. ചാറ്റിങ്ങ് അനുഷ്ഠാനങ്ങൾ വ്യക്തിത്വങ്ങളുടെ നിഗൂഢമായ ആഘോഷങ്ങൾ എന്ന നവഫോക്‌ലോറാണ് സൃഷ്ടിച്ചത്. ഒരു കാലത്ത് ആഫ്രിക്കയിൽ രഹസ്യസമൂഹങ്ങൾഉണ്ടായിരുന്നു. നഗരനാടോടിത്ത ങ്ങളിലും അത്തരം നവനിഗൂഢഗ്രൂപ്പുകളെക്കാണാം. ബാർബർഷാപ്പു കളിൽനിന്നും ബ്യൂട്ടിപാർലറുകളിൽനിന്നുമാണ് ശരീരഫാഷൻ തരംഗങ്ങൾ പുറത്തുകടക്കുന്നത്. ഒരുകാലത്ത് വസ്ത്രങ്ങളായിരുന്നു ഫാഷന്റെ അടിസ്ഥാനം. ഇന്നത് ശരീരത്തിലേക്കും മുടിയുടെ ഫേഷനിലേക്കും മാറി. സ്പൈക് സ്റ്റൈലും മുഖത്തെഴുത്തും ടാറ്റൂയിങ്ങും നഗരനാടോ ടിത്തത്തിന്റെ ഭാഗമായപ്പോൾ വ്യക്തിത്വത്തിന് സ്വയംസാമ്രാജ്യങ്ങൾ സൃഷ്ടിക്കുവാനുള്ള ആയുധങ്ങളായിമാറുകയായിരുന്നു, നവമാധ്യമ ങ്ങൾ. ഏലസ്സും മാന്ത്രികച്ചരടും പോലെ ഹെഡ്സെറ്ററും ശരീരത്തിന്റെ ഭാഗമാകുകയായിരുന്നു. ഇത്തരം ഗൂഢമനസ്സുകളുടെ അഭയകേന്ദ്രങ്ങ ളിലിരുന്ന് സല്ലപിക്കുകയാണവർ. അന്തർമുഖരായവർക്കും വ്യക്തി പരമായ ഫോക്കിനെ പുറത്തെടുക്കാൻ ചാറ്റിങ്ങിലൂടെ കഴിയുന്നു. അദൃശ്യ മായ വ്യക്തികളോടാണ് സല്ലാപം നടത്തുന്നത്. കാണിക്കാരുടെ ഒരു മാന്ത്രികാനുഷ്ഠാനത്തിന് ചാറ്റ് എന്നാണ് പേര്. രോഗങ്ങളോ ഗോത്ര ത്തിന് പ്രതിസന്ധിഘട്ടങ്ങളോ വരുമ്പോൾ പന്ത്രണ്ടുതരം ചാററുകൾ നടത്തുന്നു. മുട്ടുകാണി കൊക്കര എന്ന ലോഹവാദ്യം വായിച്ചുകൊണ്ട് അദൃശ്യദേവതകളുമായി നടത്തുന്ന സംവാദമാണ് ചാറ്റ്. പ്രജ്ഞയുടെ യാത്രയും അദൃശ്യശക്തികളുമായി നടത്തുന്ന അനുഷ്ഠാനസല്ലാപവും ആദിമമനുഷ്യപ്രജ്ഞയുടെ ശ്രേഷ്ഠമായ കഴിവായിരുന്നു. അതാണ് ഏഴായിരം വർഷം പഴക്കമേറിയതും സൈബീരിയയിൽ ജന്മമെടുത്ത തെന്നും കരുതപ്പെടുന്ന ഷാമനിസം എന്ന പ്രാചീനവിശ്വാസസംഹിത. ഈ മനോബലതന്ത്രത്തിന്റെ നവപ്രകടനമാണോ ചാറ്റിങ്ങ്? ചാറ്റിങ്ങി ലൂടെ ലഭിക്കുന്ന മനശ്ശാസ്ത്രപരമായ നിർവൃതിയാണ് ശമനമന്ത്രം.

നാട്ടറിവും നാടൻപാട്ടും കൃഷിയും പഴഞ്ചൊല്ലും സ്വന്തം സ്വപ്ന ങ്ങളും കൈമാററം ചെയ്യാനുള്ള നവമാധ്യമച്ചന്തയിൽ നല്ല തിരക്കാണ്. ആർക്കും തിരുത്താവുന്ന ചൊല്ലുകളുടെ സ്വതന്ത്ര സംഗ്രഹമാണ് വിക്കി ചൊല്ലുകൾ എന്ന മുഖവുരയോടെയാണ് വിക്കി പ്രധാന താൾ ആരംഭി ക്കുന്നത്. എണ്ണായിരം പഴഞ്ചൊല്ലുകളും കടങ്കഥകളും ശൈലികളും നാടൻപാട്ടുകളും വിക്കിയിൽ കടന്നുവരുന്നു. മലബാർ പഴഞ്ചൊല്ലു കൾ, ഞാറ്റുവേല പഴഞ്ചൊല്ലുകൾ, സ്ത്രീച്ചൊല്ലുകൾ എന്നിങ്ങനെ പുതിയ വർഗീകരണവും കാണാം. ആർക്കും പഴഞ്ചൊല്ലുകളും പുതു ചൊല്ലുകളും കൂട്ടിച്ചേർക്കാം. കടങ്കഥയുടെ വിശദീകരണം നോക്കുക. വിക്കിപീഡിയ, ഒരു സ്വതന്ത്ര വിജ്ഞാനകോശം. പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയാത്തതും ഗുഢമായ അർത്ഥം ഉള്ളതുമായ ചെറിയ ചോദ്യങ്ങളാണ് കടങ്കഥകൾ. (ഇംഗ്ലീഷ്: Riddle) അല്പം ചിന്തിക്കാതെ

സൂക്ഷ്മാർത്ഥം ഗ്രഹിക്കാൻ സാധ്യമല്ലാത്ത ചോദ്യങ്ങളോ ഉത്തരങ്ങളോ ആയ ഇത്തരം കടങ്കഥകൾ ലോകത്തിലെല്ലായിടത്തും പ്രചാരമുണ്ട്. കടങ്കഥകൾ ഒരു സാഹിത്യവിനോദം കൂടിയാണ്. അഴിപ്പാൻകഥ, തോൽക്കഥ എന്നീ പേരുകളും ഉണ്ട്. മലയാളത്തിൽ കടങ്കഥകൾക്ക് കുട്ടികളുടെ ഇടയിൽ വൻ പ്രചാരം നൽകിയത്. കുഞ്ഞുണ്ണിമാഷ് എന്ന റിയപ്പെടുന്ന കവി കുഞ്ഞുണ്ണി ആയിരുന്നു. കടങ്കഥകളുമായി ബന്ധ പ്പെട്ട നിരവധി പുസ്തകങ്ങളും സമാഹാരങ്ങളും കുഞ്ഞുണ്ണി പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ഉദാഹരണമായി, "കിക്കിലുക്കും കിലുകിലുക്കും, ഉത്ത രത്തിൽ ചത്തിരിക്കും" എന്ന കടങ്കഥയുടെ ഉത്തരം "താക്കോൽക്കൂട്ടം" എന്നാണ്. ആനകേറാമല, ആളുകേറാമല, ആയിരം കാന്താരി പൂത്തി റങ്ങി എന്ന കടങ്കഥയുടെ ഉത്തരം നക്ഷത്രങ്ങൾ എന്നാണ്. "കാള കിടക്കും കയറോടും ഉത്തരം = മത്തൻവള്ളി ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര. ഉത്തരം = ചെരുപ്പ്.

കാരണവന്മാരുടെ ഉള്ളറിവുകളായിരുന്ന പഴഞ്ചൊല്ലുകളും കടങ്കഥകളും വിദ്യാലയങ്ങളിലെ പ്രോജക്റ്റുകളിൽ സന്ദർഭാനുസരണം പ്രയോഗിച്ചിരുന്ന നാട്ടുപഴമയായി. ഇന്നത് സൈബർപഴമൊഴിപ്പത്തായ ത്തിലെ ഡാറ്റാബേസ്സായി വളർന്നുകൊണ്ടിരിക്കുന്നു. നാടൻ പാട്ടുകളും വിക്കി താളുകളിൽ നിറയുന്നു. ഇത്തരം ഓരോ ഡിജിറ്റൽ ഡാറ്റകളും ഫോക് ഇൻഫർമേററിക്സിന്റെ അറിവുറവിടങ്ങളായി മാറിക്കൊണ്ടി രിക്കുകയാണ്. ഇന്റർ ആക്ടീവ് ഡിവിഡിയിലൂടെ അറിവിന്റെ തിണ കളിലൂടെ, കർസറുകളിലൂടെ സഞ്ചരിക്കാം. ചൈനയിലെ സിൽക്ക് റോഡിനെപ്പറ്റിയുള്ള ഡിവിഡി ഒരു കൂട്ടായ്മയുടെ വിജയമാണ്. പക്ഷേ ഇന്ന് ഡിജിറ്റൽ യുഗമാണ്. നവസാങ്കേതിക വിദ്യയുപയോഗിച്ചുകൊണ്ട് ഏററവും ഭംഗിയായും കാര്യക്ഷമമായും നാടോടിജീവികയെ പകർത്തു കയും ലോകത്തിനുമുമ്പിൽ അവതരിപ്പിക്കയും ചെയ്യുന്ന സ്മിത്തോ ണിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിജിറ്റൽ പ്രവർത്തനങ്ങൾ ഇവിടെ ഓർക്കാം. നവമാധ്യമങ്ങളിൽ ദൃശ്യനരവംശശാസ്ത്രത്തിന്റെ ചിഹ്നങ്ങളിലൂടെ പെറുവിലെ പച്ചാമാമ (ഭൂമിയമ്മ) നാടോടിഫെസ്ററിവൽ അരങ്ങുത കർക്കുന്നു. ബഹുരൂപിയായ നാടോടിത്തത്തിന്റെ ക്രിയാവ്യാപാരങ്ങൾ സംസ്കാരത്തിന്റെ ജീവൽപ്രതീകങ്ങൾ സൃഷ്ടിക്കുന്നു. വിക്കിയിൽ പ്രത്യക്ഷപ്പെട്ട നാടൻപാട്ടുകളിലൊന്ന് താഴെ ചേർക്കുന്നു.

നെൽകൃഷിയുമായി ബന്ധപ്പെട്ട ഒരു <u>നാടൻപാട്ട്</u>

കാഞ്ഞിരക്കീഴ്നടുക്കണ്ടം തുണ്ടത്തിൽ
ആതിച്ചൻ കാളേ വലത്തും വച്ചൂ
ചന്തിരൻ കാളേയിടത്തും വച്ചൂ
ഇച്ചാലുപൂട്ടി മറുചാലുഴുവുമ്പം

ചേറും കട്ടയൊടയും പരുവത്തിൽ
ചവുട്ടിനിരത്തിയവാച്ചാലും കോരി
വാച്ചാലും കോരീപൊരിക്കോലും കുത്തി
പൊരിക്കോലും കുത്തിയാവാരീവെതപ്പീനാ
വാരീവെതച്ചൂമടയുമടപ്പീനാ
പിറ്റേന്നുനേരം വെളുത്തതും തീയതി
മടതുറന്നൂ വെതയും തോത്തീ
നെല്ലെല്ലാം കാച്ചൂകുനിയും പരുവത്തിൽ
നെല്ലിന്റെ മൂട്ടിപ്പെരമാവും കാവൽ

ആശയനിവേദനത്തിനുള്ള ഒരുപകരണം മാത്രമാണ് മാധ്യമം എന്ന ലളിതമായ നിർവചനങ്ങളുടെ കാലം കഴിഞ്ഞു. അറിഞ്ഞോ അറിയാതേയോ നാം നവമാധ്യങ്ങളുടെ വലയത്തിനുള്ളിലാണ്. ഓരോരുത്തരും ഓരോ മാധ്യമങ്ങളുടെ കൂട്ടായ്മയിൽ അഭിരമിക്കുകയാണ്. വ്യക്തിയുടെ സ്വാതന്ത്ര്യസങ്കല്പങ്ങളും അഭിലാഷങ്ങളും പൂർത്തീകരിക്കാനുള്ള ഉപകരണങ്ങൾ എന്ന നിലയിൽ നവമാധ്യമങ്ങൾ യുവലോകം ഏറ്റെടുത്തുകഴിഞ്ഞു. യുവതയുടെ ലോകവീക്ഷണങ്ങൾ തന്നിഷ്ടമാർന്ന രൂപത്തിലാണ് പ്രവഹിക്കുന്നത്. ഓരോരുത്തരും പ്രപഞ്ചം കീഴടക്കിയ നടരാജന്മാരാകുകയായിരുന്നു. മോണിറ്ററിൽ സ്വന്തം പ്രതീതിയിടങ്ങളുണ്ടാക്കി യാഥാർത്ഥ്യത്തിന്റെ പ്രതിരൂപങ്ങളെ പുനർജ്ജനിപ്പിക്കുന്ന സംവിധാനമാണ് നവമാധ്യമങ്ങളിൽ കാണുന്നത്. ഈ പുതുയിടത്തേയാണ് മാധ്യമ പ്രവാചകനായ വില്യം ഗിബ്സൻ 1984-ൽ "cyberspace" എന്ന് വിശേഷിപ്പിച്ചത്. 3. വിവരസാങ്കേതിക യുഗത്തിലെ പുതുവിഗ്രഹങ്ങളിലൊന്നാണ് ഈ ചിദാകാശങ്ങൾ. പ്രതീതിയിടങ്ങളെപ്പറ്റിയുള്ള പഠനം Spatiology എന്നും അതിന്റെ രീതി ശാസ്ത്രം data visualization എന്നും അറിയപ്പെടുന്നു. പ്രതീതി പരിസരത്തിന്റെ ലോകത്തെ മുൻകൂട്ടി പ്രവചിച്ചത് കഥയെഴുത്തുകാരനായ ഗിബ്സനാണ്. ശാസ്ത്രനോവലുകളുടെ മാസ്മരികമായ ഭാവനാലോകത്തിൽ പതിതജീവിതത്തിന്റേയും ഉന്നത സാങ്കേതികലോകത്തിന്റേയും ഒരു സമന്വയം കാണാം. കംപ്യൂട്ടറധിഷ്ഠിത യാഥാർത്ഥ്യം ജീവിതത്തിന്റെ ഭാഗമാകുകയായിരുന്നു. അദ്ദേഹത്തിന്റെ ന്യൂറോമാൻസർ എന്ന കൃതിയിലെ ആദ്യവാചകംതന്നെ അതു വ്യക്തമാക്കുന്നു. The sky above the port was the color of television, tuned to a dead channel. നഗരങ്ങളും പാലങ്ങളും സൃഷ്ടിക്കുന്ന വിഭ്രാത്മകലോകങ്ങളിലൂടെ മറ്റൊരു ലോകം സൃഷ്ടിക്കുകയാണ് മനോരാജ്യങ്ങളുടെ എഴുത്തുകാരൻ (visionary writter). നവമാധ്യമങ്ങൾക്കുചുററും മനഷ്യനെങ്ങനെ പെരുമാറുന്നുവെന്നത് പുതുസംസ്കാരപഠനമാണ്.

അകലങ്ങളിലിരിക്കുന്ന അറിയപ്പെടാത്തവരുമായി ആശയാഭിലാഷങ്ങൾ കൈമാറുവാൻ കഴിയുന്നുവെന്നതാണ് കൈപ്പിടിയിലൊതുങ്ങുന്ന ഈ മാധ്യമങ്ങളുടെ സ്വഭാവം. ഉള്ളംകയ്യിലൊതുങ്ങിയ സ്വാതന്ത്ര്യം വ്യക്തിത്വനിർമിതിയുടെ സാധ്യതകൾ വദ്ധിപ്പിച്ചു. നവ എഴുത്തുകൾ, സൈബർ എഴുത്തുകൾ സംസ്കാരത്തിൽ പ്രതിവ്യാകരണങ്ങൾ സൃഷ്ടിച്ചു. ഭാഷകളെ ഇടകലർത്തുകയും ചുരുക്കെഴുത്തുകളുടെ കോഡുകൾ ഉപയോഗിക്കുകയും ഗ്രാഫിറ്റിയുടെ സങ്കേതങ്ങൾ സ്വീകരിക്കുയും ചെയ്തു. നാടോടിനാടകങ്ങളിലേയും സർക്കസ്സിലേയും ചന്തപ്രകടനങ്ങളിലേയും മനോധർമ്മപ്രകടനങ്ങളാണ് ഈ സ്വത്വാവിഷ്കാരങ്ങളിൽ കാണുന്നത്. സ്വന്തം കഴിവുകൾ സ്വയം തിരിച്ചറിയുന്ന സമയദ്വീപുകളിലൂടെ സ്വത്വശരീരങ്ങൾ ഒഴുകിനടന്നു. സ്വന്തം ഇമേജിന്റ സംരക്ഷണം, വ്യത്യസ്തതയുടെ തിരിച്ചറിവ്, സ്വാതന്ത്ര്യബോധം എന്നിവ സ്വത്വപ്രേരകസിദ്ധാന്തപ്രകാരം പഠിക്കുവാൻ തുടങ്ങി. ഇ-ജനാധിപത്യം സൈബർ സ്പെയ്സിൽ വിപ്ളവങ്ങൾതന്നെ സൃഷ്ടിച്ചു. കൃത്രിമമായ ബുദ്ധിയും മനുഷ്യരഹിതമനസ്സും ഉത്ഭവിക്കുകയായിരുന്നു.

ഒരേ മട്ടിലുള്ളതും വഴങ്ങാത്തതും പ്രേക്ഷകർക്ക് നിർജ്ജീവമായ സ്ഥാനം മാത്രം നൽകുന്നതുമായ പത്രം, റേഡിയോ, ടെലിവിഷൻ തുടങ്ങിയ പഴയ മാധ്യമങ്ങളുടെ സ്ഥാനത്ത് ഉപഭോക്താക്കൾക്ക് സജീവമായ പങ്കാളിത്തം നൽകുന്നതും കേന്ദ്രീകൃതമല്ലാത്തതും സ്വയം നിയന്ത്രിതവുമായ നവമാധ്യങ്ങ ഇന്ന് ഒരു യാഥാർത്ഥ്യമാണ്. നവമാധ്യമങ്ങളുടെ ശക്തിയും വ്യാപനവും വ്യക്തമാക്കുന്ന ഒരു സംഭവം പറയാം. തൃശൂരിലെ ഒരു കർഷകക്കൂട്ടായ്മക്കുവേണ്ടി വയനാട്ടിലെ ജൈവകർഷകനും നാല്പതിൽപരം പൈതൃകവിത്തുകൾ കാത്തുസൂക്ഷിക്കുന്ന കുറിച്യകർഷകനുമായ ചെറുവയൽ രാമേട്ടനെ ഫോണിൽ വിളിച്ചു. അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു. 'മാഷെ, ഞാനിപ്പോൾ ചങ്ങനാശ്ശേരിക്കടുത്ത് ഒരു ഗ്രാമത്തിലാണ്. 'കൃഷിഭൂമി'എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലാണ്. സംഘാടകർ വിളിച്ചിട്ട് വന്നതാണ്. തിരക്കിലാണ്. ഉച്ചക്ക് തിരിച്ചു വിളിക്കാം.'ഞാൻ ഫേസ്ബുക്കിലെ കൃഷിഭൂമിയിലേക്കു പ്രവേശിച്ചു. ജൈവകൃഷിയുടെ ജനപ്രിയ പരിപാടികൾ നിങ്ങൾക്കു കാണാം. വിത്തറിവുകളും ഉണ്ട്. ഇത്തരം ചെറുതും വലുതുമായ മുഖപുസ്തക കൂട്ടായ്മകളും, നെറ്റ്വർക്ക് ചങ്ങാതിക്കൂട്ടങ്ങളും പ്രതീതി യാഥാർത്ഥ്യങ്ങൾ മാത്രമല്ല, സാമൂഹ്യയാഥർത്ഥ്യങ്ങൾ തന്നേയായി മാറിയിരിക്കുന്നു. ഫേസ്ബുക്കിലും മൊബൈൽഫോണിലും തെളിയുന്ന ഇത്തരം നാടോടിത്തങ്ങൾക്ക് ഒരു ചരിത്രമുണ്ട്. ഇങ്ങനെ നൂറുകണക്കിനു കൂട്ടായ്മകൾ കൃഷിയിൽ മാത്രമല്ല, കവിതയിലും നാടകത്തിലും നാട്ടറിവു പാട്ടുകളിലും സമാന്തരമായി പ്രവർത്തിക്കുന്നുണ്ട്. ഫോക്ലോറിക് പ്രതികരണത്തിന്റെ പ്രസക്തിയാണിതുകാണിക്കുന്നത്. പുതിയ കൂട്ടായ്മ

കൾ ഒരേ സ്വഭാവം പുലർത്തുന്നതും വ്യക്തിത്വവിശേഷങ്ങൾ നിറഞ്ഞതുമായ പഴയ 'ഫോക്ക്' തന്നേയാണ്.

എന്നാൽ വിവരസാങ്കതികവിദ്യയുടെ യുഗം പിറക്കുന്നതിനു മുമ്പ് ഒരു സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾ സംവേദനം ചെയ്ത മുഖ്യമാധ്യമമായിരുന്നു നാടൻകലകൾ. സമൂഹത്തിലെ ആശയവിനിമയരൂപങ്ങളിൽ ഏറ്റവും ശക്തമായ മാധ്യമമാണ് നാടോടിസംസ്കാരത്തിന്റെ തൗര്യത്രിക സാംസ്കാരികാവിഷ്കാരങ്ങൾ. ഗോത്രച്ചെണ്ട റേഡിയോയുടെ ഫലം ചെയ്തിരുന്നുവെന്ന് മാർഷൽ മക്ലൂഹൻ വ്യക്തമാക്കിയിട്ടുണ്ട്. പുതിയ സമൂഹത്തിൽ ജന്മമെടുത്ത ജനപ്രിയ സംസ്കാരം എന്ന സങ്കല്പനം വരുന്നതുവരെ ആ സാമൂഹ്യധർമ്മങ്ങൾ നിർവഹിച്ചിരുന്നത് ഫോക്ലോറിന്റെ വൈവിദ്ധ്യരൂപങ്ങളായിരുന്നു. ജനനം മുതൽ മരണം വരേയുള്ള സാമൂഹ്യസന്ദർഭങ്ങളിൽ പാരമ്പര്യസംസ്കാരത്തിന്റെ ആശയസംവേദനങ്ങൾ നടത്തിയത് നാടോടിസംസ്കാരമാണ്. ചന്തകൾ, ഉത്സവങ്ങൾ, അനുഷ്ഠാന-അനുഷ്ഠാനേതര രംഗകലകൾ, കളിരൂപങ്ങൾ എന്നീ സാമൂഹ്യസന്ദർഭങ്ങളിൽ ശക്തമായ ആശയങ്ങൾ കൈമാറിയത് വൈവിദ്ധ്യമാർന്ന നാടോടിജീവികയും അതിന്റെ ചിഹ്നവ്യവസ്ഥയും അതിന്റെ സന്ദേശങ്ങളുമായിരുന്നു. നരവംശജീവിതത്തിന്റെ അതിജീവന-ആഘോഷങ്ങൾ സാംസ്കാരിക കോഡുകളിലൂടേയാണ് കൈമാറ്റം ചെയ്തിരുന്നത് എന്ന് ക്ളോഡ് ലെവിസ്ട്രൗസിന്റെ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**ജനപ്രിയസംസ്കാരം**

സാമൂഹ്യമായ കെട്ടുറപ്പുനൽകി സാംസ്കാരിക-പാരിസ്ഥിതിക പൈതൃകവും ലോകവീക്ഷണവും കൈമാറിപ്പോരുവാൻ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഫോക്ലോറിനു കഴിഞ്ഞിരുന്നു. ഗ്രാമീണ-ഗോത്രസമൂഹത്തിലെ സന്തുലിതജീവിതത്തിന്റെ ആധാരം പൈതൃക സന്ദേശങ്ങളായിരുന്നു. സാംസ്കാരിക സംവേദനത്തിന്റെ പ്രതിപ്രവർത്തനങ്ങൾ നിർവഹിച്ചിരുന്ന നൃത്തം, ശരീരഭാഷ എന്നീ നാടോടി പ്രതീകങ്ങളെപ്പറ്റി ഇവാൻസ് പ്രിച്ചാർഡ്, ഡേസ്മണ്ട് മോറിസ് എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. കോളനിയനന്തര കാലഘട്ടത്തിലെ നാടോടിജീവികയുടെ പുതിയ വ്യവഹാരമാണ് ജനപ്രിയസംസ്കാരമെന്നത്. നാടോടിസംസ്കാരം പഴമയുടെ പ്രതീകമായി കാഴ്ചബംഗ്ളാവിലെ പ്രദർശനവസ്തുവായി മാറുന്നതല്ലെന്നും നാഗരിക-നവമാധ്യമകേന്ദ്രീകൃത സമൂഹത്തിലും നാടോടിസംസ്കാരത്തിന്റെ അടിസ്ഥാനചോദനകൾ നിലനിൽക്കുന്നുവെന്നും നഗരനരവംശശാസ്ത്രം വ്യക്തമാക്കുന്നു. ഗോത്ര-ഫോക് ക്രിയേറ്റുവിററി നവമാധ്യമങ്ങളിലും കാണാം. തനതു സന്ദർഭങ്ങളിൽനിന്നുമാറിയും ഫോക്ലോർ സംഭവിച്ചുകൊണ്ടിരിക്കുന്നു. പുതിയ കൂട്ടായ്മകൾ, പ്രായോഗിക ഫോക്ലോർ, ഫേക്ലോർ,

ക്രാഫ്റ്റ്സ്, കുടിൽ വ്യവസായം, നാട്ടറിവുപാട്ടവതരണങ്ങൾ, ആൽബങ്ങൾ, ടൂറിസം, ജാഥകൾ, സാംസ്കാരിക വ്യവസായം, ബഹുജനമാധ്യമങ്ങൾ, മൾട്ടിമീഡിയ, ഗവേഷണം, പരസ്യം, നവമാധ്യമങ്ങൾ എന്നിവയാണ് പുതിയ സാംസ്കാരിക സന്ദർഭങ്ങൾ. ഇത്തരം ദ്വിതീയ സാഹചര്യങ്ങൾ ഇന്നൊരു യാഥാർത്ഥ്യമാണെന്നും ഫോക്‌ലോറിന്റെ മുദ്രകൾ ഇതിലൊക്കെ പ്രതിഫലിച്ചു കാണുന്നുവെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. നവമാധ്യമങ്ങളിലെ എഴുത്ത് ദ്വിതീയ ഫോക്‌ലോർ ആണെന്നും അത് പുതിയ വാച്യത്ത(new orality)മാണെന്നും വാൾട്ടർ ഓങ്ങ് വ്യക്തമാക്കിയിട്ടുണ്ട്.

**ഔദ്യോഗിക സംസ്കാരതിരസ്കാരം എന്ന നവമാധ്യമലക്ഷണം**

നവമാധ്യമങ്ങൾ പുതിയ സാംസ്കാരികലോകത്തെ മാത്രമല്ല, വ്യക്തിത്വത്തെത്തന്നെ അടിമുടി മാറ്റിപ്പണിയുകയുണ്ടായി. ആവിഷ്ക്കാര സ്വാതന്ത്ര്യം എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ഔപചാരികമായ ജ്ഞാനവിനിമയരീതിയെ ചോദ്യംചെയ്യുകയും ചെയ്യുന്ന കാലം പിറന്നുവീണു. ഈ ഔപചാരിക-ഔദ്യോഗിക സംസ്കാരതിരസ്കാരം എന്ന നവമാധ്യമലക്ഷണം ഏറ്റവും കൂടുതൽ അനുയോജ്യമായത് നാടോടി സംസ്കാരത്തിനായിരുന്നു. അതുകൊണ്ടുതന്നെ ഫേസ്ബുക്ക്, ട്വിറ്റർ, മൊബൈൽഫോൺ തുടങ്ങിയ ജനപ്രിയ മാധ്യമങ്ങളിൽ ആഘോഷിച്ചത് ഫോക്‌ലോറായിരുന്നു. ഭാഷയിലും ഗ്രാഫിറ്റിയിലും ദൃശ്യത്തിലും ഫോക്കിന്റെ നവരൂപങ്ങൾ ആവിഷ്കരിച്ചു. ഫോക്‌ലോറിന്റെ പാരമ്പര്യ സിദ്ധാന്തങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ ആവശ്യമായിവന്നു. ഇപ്രകാരം നവകാലത്തിന്റെ ഫോക്‌ലോറിന് പുനർവ്യാഖ്യാനം നടത്തിയ നാടൻകലാപണ്ഡിതനാണ് ബെൻ-അമോസ്. ജനപ്രിയസംസ്കാരത്തെ കച്ചവടസംസ്കാരമായി കാണുന്നതിനെ അമോസ് എതിർക്കുന്നു. ഫോക്‌ലോറിന്റെ ചരിത്രപരമായ ആഴവും കരുത്തും സമകാലിക സമൂഹം തിരിച്ചറിഞ്ഞില്ല. വ്യാപന-ദേശാടന സിദ്ധാന്തം, ബഹുസ്ഥലോത്ഭവ സിദ്ധാന്തം എന്നീ ഫോക്‌ലോർ പഠനങ്ങളെത്തുടർന്ന് വന്ന ജനപ്രിയസംസ്കാരപഠനങ്ങൾ അതിനുള്ള ഉത്തരമാണ്. നരവംശപരമായ ശാസ്ത്രമാണ് ഫോക്‌ലോർ. ജനകീയ സംസ്കാരത്തിന്റെ അഭിരുചികൾക്ക് പരിണാമമനുസരിച്ചുള്ള മാറ്റങ്ങൾ സംഭവിച്ച് രൂപഭേദങ്ങളാർജ്ജിക്കുന്നു. പാരമ്പര്യത്തിൽനിന്നുൽഭൂതായ ശക്തിയും നവസർഗാത്മകതയും ചേർന്ന് പുതുകാലത്തിനു യോജിച്ച സൃഷ്ടി നടത്തുന്നു. ഇന്നവേഷനുകൾ പ്രയുക്തകലയേക്കാൾ കലതന്നേയായി മാറുന്നു. ജനകീയസംസ്കാരവും ജനപ്രിയസംസ്കാരവും ഒന്നായിത്തീർന്ന സാമൂഹ്യപരിണതിയിലാണ് നാമിപ്പോൾ. നവമാധ്യമങ്ങളുടെ പ്രസരണ ഇടങ്ങളിൽ ഫോക്‌ലോർ ധാരാളമായി കടന്നുവരുന്നത് അതുകൊണ്ടാണ്.

ഫോക്‌ലോറിസ്റ്റായ അലൻ ഡന്റസിന്റെ ഒരു പ്രധാന സംഭാവനയാണ് സന്ദർഭപഠനം (texts, context and performance). സാമൂഹ്യ സന്ദർഭത്തിലാണ് ഒരു ഫോക്‌ലോറിന്റെ ആവിഷ്ക്കരണത്തികവ് കാണുന്നത്. പാഠങ്ങൾ സന്ദർഭങ്ങളിൽ പുനഃസൃഷ്ടിക്കപ്പെടുന്നു എന്നതാണ് നാടോടിസംസ്കാരത്തിന്റെ സമകാലിക പ്രസക്തി. ആശയവിനിമയത്തിന്റെ പ്രഥമ സങ്കല്പനമാണ് സന്ദർവൽക്കരണം (contextualism). ഫോകലോറിന്റെ ചാലകശക്തിയും ആശയവിനിമയ രീതിയും സന്ദർഭങ്ങളിൽ നിന്നറിയാം. ഈ സങ്കല്പത്തെ ഇങ്ങനെ വികസിപ്പിക്കാം. നവമാധ്യമങ്ങളുടെ കാലത്ത് പാരമ്പര്യസന്ദർഭം (traditional context), നിർമ്മിത സന്ദർഭം (creative context), പ്രതീതി സന്ദർം (virtual context) എന്നിങ്ങനെ മൂന്നു സാഹചര്യങ്ങൾ നാമിന്നഭിമുഖീകരിക്കുന്നുണ്ട്. ഈ സാമൂഹ്യസന്ദർങ്ങളിൽ പ്രകടിതമാകുന്ന ജനപ്രിയസംസ്കാരത്തിന്റെ ജനകീയ സൗന്ദര്യശാസ്ത്രം നിർണയിക്കേണ്ടതുണ്ട്. അഭിജാതസംസ്കാരത്തിനെതിരായുള്ള കാല്പനികമായ തിരസ്കാരമെന്നനിലക്കാണ് യൂറോപ്പിൽ ഫോക്‌ലോർ വളർന്നുവന്നത്. ഗ്രാമീണജീവിതത്തിന്റെ സൗന്ദര്യശാസ്ത്ര സങ്കല്പങ്ങൾ ഉയർന്നുവന്നു. ഫോക്കിനും സൗന്ദര്യമുണ്ടെന്ന് അംഗീകരിക്കേണ്ടിവന്നു. അതാണ് ദേശിസൗന്ദര്യബോധം (ethno aesthetics). ഫോക്സമൃദ്ധിയുടെ വിളവെടുപ്പ് നടന്നത് ജനപ്രിയസംസ്കാരത്തിലാണ്. ഈ പോപ്പുലിസം ഒരളവുവരെ പുതിയ ഇലക്ട്രോണിക്ക് മാധ്യമങ്ങളിലേക്ക് ചേക്കേറുകയും ചെയ്തു. സംസ്കാരത്തിന്റെ വ്യവസായവൽക്കരണ (comodification of culture) കാലത്ത് ജനപ്രിയ-ഫോക്‌ലോർ സംസ്കാരം വീരോചിതവും നിർണായകവുമായ സ്വാധീനശക്തിയായി. ജോൺ ക്ളാർക്ക് എന്ന ഫോക്‌ലോറിസ്റ്റ് ഇങ്ങനെ വാദിക്കുന്നു. "Cultural populism has been right to argue against the notion of the people as cultural dupes, but the alternative is not necessarily a population of cultural activists conducting a cultural guerrilla war." (1990:42)

**സാംസ്കാരികമുദ്രയുള്ള സജീവനാടോടിത്തം**

സമരവും പ്രതിരോധവും സമാന്തരമായി ചെയ്യുന്നുവെന്നതാണ് ജനകീയ സംസ്കാരത്തിന്റെ സവിശേഷത. വൈവിധമാർന്ന ഭാഷണകേളികൾ, വക്രീകരിച്ച പ്രയോഗസാദ്ധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നത് നവമാധ്യമങ്ങളിലാണ്. സർക്കസ്, തെരുവ്, നാടോടി സംഗീതം, അനൗപചാരിക കൂട്ടായ്മകൾ, യാത്ര, പ്രകടനങ്ങൾ എന്നിവയെല്ലാം പോസ്റ്റായിമാറുന്നു. ദൃശ്യനരവംശശാസ്ത്രത്തിൻതന്നെ വലിയ മാറ്റങ്ങളുണ്ടാക്കിയ ഫോട്ടോകളും ഫേസ്ബുക്ക് ഫോക്കിന്റെ സ്വഭാവമായിരുന്നു. നാടോടിത്തക്കാഴ്ചയിൽനിന്നാണ് ചിത്രപാഠങ്ങൾ ജന്മമെടുക്കുന്നത്. വ്യത്യസ്തമായ പ്രതികരണങ്ങളാണ് അവയുണ്ടാ

ക്കിയത്. അംഗീകൃതവും അഭിജാതവുമായ സൗന്ദര്യസങ്കല്പങ്ങൾ തകരുന്നു. സമകാലിക നവമാധ്യമങ്ങളിലെ ഈ പ്രതിഭാസത്തെ ന്യൂസ് ലോർ എന്നാണ് ഫ്രാങ്ക് റസ്സൽ വിശേഷിപ്പിക്കുന്നത്.

**സമാന്തര സംസ്കാരത്തിന്റെ ചുമരെഴുത്തുകൾ**

ബ്ളോഗെഴുത്തുകൾ, ഫേസ്ബുക്കിലെ സ്വതന്ത്രമായ പ്രതികരണങ്ങൾ, ടിറ്ററാവിഷ്കാരങ്ങൾ, പുതിയ കൂട്ടായ്മകൾ, അവയുടെ പേരുകൾ, മൊബൈൽ റിങ്ങ്ടോണുകൾ, മൊബൈൽ പാട്ടുകൾ, മൊബൈൽ ശബ്ദങ്ങൾ, നാടൻപാട്ടുകൾ, എസ് എം എസ്സുകൾ, എസ് എം എസ്സ് തമാശകൾ, അറിയിപ്പുകൾ, കംമ്പൂട്ടർ ചിത്രഭാഷകളുടെ വ്യവഹാരം. സൈബർ പെരുമാറ്റ രീതികൾ, സൈബർ കുറ്റകൃത്യങ്ങൾ, സോഷ്യൽ മീഡിയയിൽ കണ്ട കാഴ്ചകൾ, ഓൺലൈൻ മാഗസിൻ, എന്നിവയെല്ലാം സമൂഹത്തിന്റെ തനിപ്പകർപ്പുകളായി മാറിയെന്നു മാത്രമല്ല സങ്കീർണമായ നെറ്റ് വർക്കിന്റെ വലയത്തിൽപ്പെടാത്തവരായി ആരുമില്ല എന്നതാണ് വർത്തമാനകാല യാഥാർത്ഥ്യം. ഇതിൽ സജ്ജീവമായി ഇടപെടുന്നവരാകട്ടെ നവനാടോടിത്തത്തിന്റെ വായ്ത്താരികൾ പിന്തുടരുന്നു. കേരളത്തിലെ ഏറ്റവും പഴയ ഓൺലൈൻ മാസികയായ പുഴ.കോം നാട്ടറിവ് എന്ന പരമ്പര അവതരിപ്പിക്കുകയുണ്ടായി. നാടോടിത്തരത്തിന്റെ സ്വാധീനം പ്രതികരണങ്ങളിൽ നിന്നറിയാം. പാരമ്പര്യ വിജ്ഞാനത്തെയും നാടൻകലയേയും ആധുനികമായ രീതിയിൽ അവതരിപ്പിച്ചു. 1 നാടൻപാട്ടുകൾ കാണാനും കേൾക്കാനും ആദ്യമായി നെററ് വർക്കിൽ അവതിപ്പിച്ചത് പുഴ.കോം ആയിരുന്നു. 2. ത്വരിതമായ ഇലക്ട്രോണിക് ആശയക്കൈമാററത്തിന്റെ യുഗത്തിൽ അന്തർവൈജ്ഞാനികത നിറഞ്ഞ, സാംസ്കാരികമുദ്രയുള്ള സജീവനാടോടിത്തവും സ്വീകാര്യത നേടി. ആഫ്രിക്കൻ സംഗീതം പാശ്ചാത്യ മനസ്സുകളിൽ പടർന്നുകയറിയതുപോലെ സമാന്തര സംസ്കാരത്തിന്റെ ചുമരെഴുത്തുകൾ ഇ-മാധ്യമങ്ങളിലേക്ക് ആവേശിച്ചു. ആഗോളമാധ്യമ വ്യവസായവും അന്തർദ്ദേശീയ മാധ്യമ റഗുലേറ്റി പരമാധികാരങ്ങളും കോർപ്പറേറ്റ് - ആഗോള താല്പര്യങ്ങളാണ് പരിരക്ഷിക്കുന്നതെങ്കിലും മാധ്യമങ്ങൾക്കകത്ത് പടർന്നുകയറാനുള്ള കരുത്ത് യുവ ജനകീയചേതനക്കുണ്ടായിരുന്നു. ഉപഭോഗ പ്രത്യയശാസ്ത്രങ്ങൾ, ഡിജിറ്റൽ യുഗ ത്തിലെ ജനാധിപത്യബോധം, നവസാങ്കേതികവിദ്യയുടെ വളർച്ച, ഓരോ രാജ്യങ്ങളിലേയും സൈബർ നിയമങ്ങൾ, മാധ്യമരാക്ഷസന്മാരുടെ പോര്, മാധ്യമമനുഷ്യാവകാശങ്ങൾ, ഡിജിറ്റൽ ആർട്ട് എന്നീ പുതിയ സാഹചര്യങ്ങളിലൂടേയാണ് ഫോക് പ്രതിരോധങ്ങൾ കടന്നുപോകുന്നത്.

സാങ്കേതിക - സാംസ്കാരിക ചുവടുമാറ്റം പുതിയ വിചാര മാതൃകകളേയാണ് സൃഷ്ടിച്ചിരിക്കുന്നത്. കച്ചവടമാധ്യമങ്ങൾ കച്ചവട

ലക്ഷ്യത്തോടുകൂടി ഫോക്‌ലോറിന്റെ ജനസ്വാധീനം ഉപയോഗിക്കുന്നുണ്ട്. പുലിക്കളിയും മാവേലി, ക്രിസ്മസ് പപ്പ എന്നീ രൂപങ്ങളും ആവശ്യത്തിനുപയോഗിക്കുന്നു. മൊബൈൽ പരസ്യങ്ങളിൽ ഇപ്പോഴില്ലെങ്കിൽ എപ്പോഴുമില്ല, മൂന്നല്ല ഒന്നാണ് എന്നിങ്ങനെ പുതുമൊഴികൾ കടന്നുവന്നു. ജപ്പാനിലും അമേരിക്കയിലുമുള്ള നവമാധ്യമങ്ങളിലാണ് ഉപഭോക്തൃ സംസ്കാരത്തെ കളിയാക്കുന്ന നാടോടിത്തത്തെ ഉപയോഗിച്ചുള്ള പ്രതികരണങ്ങൾ ഏറെയുണ്ടായതെന്ന് ആലോചിക്കണം. നഗരജീവിതം മനസ്സിലും ചെയ്‌വനയിലും നാടോടിത്തം ഇഷ്ടപ്പെടുന്നുവെന്ന് സാരം. ഓൺലൈൻ മാസ്‌ക്കുകൾ, ഏലസ്, ടാറ്റു, ഫോക് കോസ്റ്റ്യൂംസ് എന്നിവയാണ് ഏറേയും ആവശ്യപ്പെടുന്നത്. ചാറ്റുറൂമിൽ പങ്കെടുക്കുന്ന വെബ് കമ്മ്യൂണിറ്റികൾ സ്വന്തം വാമൊഴിപ്രതിമയിൽ അഭിരമിക്കാനാഗ്രഹിക്കുന്നു. സമൂഹബുദ്ധികൾ (Collective Intelligences) വെബ്സ്പെയിസ് കീഴടക്കാനാഗ്രഹിക്കുന്നു. ഫോക്‌ലോർ ഫീൽഡ് വർക്ക് ഇപ്പോൾ ഇന്റർനെറ്റിലാണ്! സാങ്കേതിക വിപ്ലവത്തിന്റെ അദൃശ്യമായ ആഗോള ആധിപത്യത്തെ അടിമത്തത്തോടുകൂടി സ്വീകരിക്കുന്നതിനുപകരം സജീവമായ ജനകീയ കൂട്ടായ്മകളുടെ പ്രത്യക്ഷശക്തി സ്വീകരിക്കുകയാണ് വേണ്ടത്. ഇതിന് നാടോടിത്തങ്ങളുടെ എതിരാഖ്യാനങ്ങൾ കൂട്ടായ്മകൾക്ക് കരുത്തുനൽകുന്നു. പഴയകാല കാല്പനിക സമീപനങ്ങൾക്കുപകരം നാടോടിത്തത്തിന്റെ രാഷ്ട്രീയ സമ്പദ്ഘടനയാണ് ഡിജിറ്റൽ യുഗത്തിൽ ചർച്ചയാകുന്നത്. നിയോ കൊളോണിയൽ സമൂഹത്തിൽ ജനകീയാവിഷ്കാരങ്ങളുടെ രാഷ്ട്രീയമാനങ്ങൾ തിരിച്ചറിയണം.

ജനപ്രിയസംസ്കാരത്തിനുമപ്പുറം ഒരു സംസ്കാരത്തിന്റെ ആകത്തുകയും പ്രദേശിക സമഗ്രതയുടെ ഉല്പന്നവുമാണ് നാടോടി സംസ്കാരബോധം. സാമൂഹ്യവാർത്താവിനിമയം, വാമൊഴിക്കല, സാസ്കാരിക സംവാദങ്ങളുടെ സന്ദർഭങ്ങൾ (social communication, verbal art, and the contexts of cultural discourses) എന്നിവയായിരുന്നു നാടോടിസംസ്കാരത്തിന്റെ മേഖലകൾ. നവമാധ്യമങ്ങളുടെ കടന്നുവരവിൽ ഫോക്‌ലോർ ആശയവിനിമയത്തിന്റെയും ജനപ്രിയസംസ്കാരത്തിന്റേയും നവ ലാവണ്യബോധമാണ് പഠനവിധേയമാക്കുന്നത്. കലാചിന്തകനായ വിജയകുമാർമോനോൻ ചന്തയുടെ ലാവണ്യംഎന്ന ലേഖനത്തിൽ ജനപ്രിയ സൗന്ദര്യം വിലയിരുത്തുന്നുണ്ട്. സംസ്കാരപ്രയോഗതന്ത്രങ്ങളുടെ താത്വികപഠനത്തിന് ഫോക്‌ലോറിന്റെ സാമൂഹ്യസംവേദന ക്ഷമതയുടെ സങ്കല്പങ്ങൾ ഏറെ പ്രയോജനപ്പെടുന്നു.

**പ്രകടനാത്മക സംസ്കാരിക – സാമൂഹ്യസന്ദർഭം**

പാഠവും (text) സന്ദർഭവും (context) സംബന്ധിച്ച പിൽക്കാല പഠനങ്ങൾ സാംസ്ക്കാരികാനുഷ്ഠാനങ്ങൾ, സാംസ്കാരികമായ ഇട

ങ്ങൾ, സാംസ്കാരികമായ അറിവ് എന്നിവയെ സംബന്ധിച്ച നിരീക്ഷ ണങ്ങൾ മനസ്സിലാക്കാൻ സഹായിച്ചു. പുതിയ സമൂഹത്തിൽ മനുഷ്യൻ നടത്തുന്ന പ്രകടനാപരമായ സന്ദർഭത്തെപ്പററി പഠനം നടത്തിയ ആളാണ് റിച്ചാർഡ് ബൗമാൻ. പ്രകടനാത്മക സംസ്കാരിക-സാമൂഹ്യ സന്ദർഭം (performative cultural expressions) സംസ്കാരപഠനത്തിനുള്ള ഉപാധിയാണ്. അറിവിന്റെ പ്രയോഗതന്ത്രവും സന്ദർഭതലവും സാംസ്കാരികവിനിമയത്തിലുണ്ട്. ഗോത്രസമൂഹങ്ങളിൽ സവിശേഷ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന ഭാഷയുടെ സാമൂഹ്യധർമ്മം വ്യക്ത മാക്കുന്നതാണ് മലിനോവ്സ്കിയുടെ അന്വേഷണം. പങ്കാളിത്തം, ഒരു മത്തം, പൊതുസാമ്യത, സമുദായത്തം (participation, association, commonness, community) എന്നിവയാണ് ഒരു നരവംശസാമൂഹ്യാനു ഷ്ഠാനത്തിന്റെ പ്രത്യേകത. ഭാഷയുടെ എത്തനോഗ്രാഫിക് വിവരങ്ങൾ ആശയവിനിമയത്തിന്റെ നെറ്റ്വർക്കിനേയാണ് കാണിക്കുന്നത്. ഇത്തരം അന്വേഷണങ്ങൾ അന്തർവിജ്ഞാനീയപഠനങ്ങൾക്കും നവമാധ്യമങ്ങ ളുടെ മനശ്ശാസ്ത്രപഠനങ്ങൾക്കും പ്രേരകമായി. നിത്യജീവിതത്തിലെ സംഭാഷണത്തിന്റെ ജനപദപരമായ സ്വഭാവങ്ങളും സാമൂഹ്യധർമ്മങ്ങളും അന്തർസംസ്കാരാന്വേഷണത്തിനു പ്രേരകമായി.

**സാങ്കേതികവിദ്യയെ ആവിഷ്കരണ സൗഹൃദമാക്കിമാറ്റുക**

ജനപ്രിയ-ഫോക്‌ലോർ സംസ്കാരത്തെക്കുറിച്ച് ജോൺ സ്റ്റോറി തുടങ്ങിയവരുടെ പഠനങ്ങൾ നിലവിൽവന്നതോടെ പ്രയുക്ത സൗന്ദര്യ ശാസ്ത്രവും ഉടലെടുത്തു. ചിഹ്നം, ക്രിയ, അറിവ്, ഇടം എന്നീ തലങ്ങ ളിൽ ജനകീയസംസ്കാരത്തിന്റെ പരിവർത്തനാത്മകമായ ഇടപെടൽ എങ്ങനെ കടന്നുവരുന്നുവെന്ന് മനസ്സിലാക്കണം. അഭിജാത-സാഹിത്യ പഠനങ്ങളിലൊന്നും ഫോക്‌ലോർ സൈദ്ധാന്തികത കടന്നുവരുന്നില്ലെ ങ്കിലും ഉത്തരാധുനിക അന്തർവൈജ്ഞാനിക പഠനങ്ങളിലും അന്തർസം സ്കാരപഠനങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട ഒന്നായി ഫോക്‌ലോർ വളർന്നു കഴിഞ്ഞിരിക്കുകയാണ്. നവമാധ്യമങ്ങൾ അടക്കം സാമൂഹ്യസംവേദന ങ്ങളുടെ സ്വാധീനവും സ്വഭാവവും മനസ്സിലാക്കുവൻ ഉത്തരാധുനിക അന്തർവൈജ്ഞാനികപഠനങ്ങൾക്കുകഴിയുമെന്ന് തിരിച്ചറിഞ്ഞുകഴി ഞ്ഞിരിക്കുകയാണ്. വാമൊഴി ആവിഷ്കാരത്തിന്റെ കരുത്തും നവീന ക്രിയാരൂപങ്ങളും നവമാധ്യമങ്ങൾക്ക് വഴങ്ങുന്നവയായിരുന്നു. സംസ്കാര ആശയനിവേദനത്തിനുവേണ്ടി ഫോക്‌ലോറിൽ ഉപയോ ഗിക്കുന്ന തന്ത്രങ്ങൾ നവമാധ്യമങ്ങളിലൂടെ ഉപയോഗിക്കുവാൻ തുടങ്ങി. സമ കാലിക മാധ്യമപരിസരത്തിൽ ഫോക്‌ലോറിന്റെ ഇടപെടൽ ശക്തമാണ്. പാരമ്പര്യത്തെ തഴുകുമ്പോഴും അതിന്റ പ്രതിധ്വനികൾ സാമൂഹ്യമായ ഇടപെടൽ നടത്തുന്നു, പുതുരൂപത്തിലാണെന്നുമാത്രം. സാങ്കേതിക വിദ്യയെ ആവിഷ്കരണ സൗഹൃദമാക്കിമാറ്റുക എന്നതാണ് ലക്ഷ്യം.

പാഠകേന്ദ്രീകൃതതലത്തിൽനിന്ന് ആശയവിനിമയ സന്ദർഭതലത്തിലേക്ക് പ്രാധാന്യം നൽകുന്നുവെന്നതാണ് ഫോക്‌ലോർ ആധുനികത. സന്ദർഭങ്ങളിൽ പുനരാവിഷ്ക്കരിക്കുന്ന ഓരോ ഫോക്‌ലോറും പുതിയതാണ്. ഇവിടെ വാമൊഴിക്കല ആശയവിനിമയക്രിയാരൂപം തന്നേയാണ് നടക്കുന്നത്. നവമാധ്യമങ്ങൾ കടന്നുവന്നപ്പൾ ഏറ്റവും സ്വീകാര്യമായത് നാടോടിവഴക്കങ്ങൾ തന്നേയായിരുന്നു. വാമൊഴി പ്രതികരണങ്ങളിലായിരുന്നു പുതിയ കൂട്ടായ്മകൾക്കുതാല്പര്യം. എസ് എം എസ്, ഫേസ്ബുക്ക് ഇടങ്ങളിൽ ാഷയുടെ കെട്ടുപാടുകളില്ലാതെ പ്രതികരിച്ചു. കരിന്തലക്കൂട്ടത്തിന്റെ ഒരു ക്ഷണപ്പത്രം നോക്കുക. പി. ആർ. രമേഷ് (കരിന്തലക്കൂട്ടം) ഇങ്ങനേയാണ് പ്രതികരിച്ചത്. ‘Kootarey... mannakathey... E..natarivu ... clubintey... udghadana... kalathilake... vannalum... Ezhara... moolikkan... CJ.kuttappanasan... Nammodukoodayunde... Oru... natarivuvartha... Remesh... puliyely. vadama'.

**ക്രാഫ്റ്റ് ചന്തകൾ, തെരുവോര പ്രകടനങ്ങൾ, ഫാർമേഴ്സ് മാർക്കറ്റ്**

ഇലക്ട്രോണിക് മാധ്യമങ്ങളുടെ വരവോടെ ഫോക്‌ലോറിന്റെ ആശയവിനിമയ രീതികളിൽ മാറ്റങ്ങൾ കൈവന്നു. പാരമ്പര്യത്തെ നില നിർത്തുമ്പോഴും പഴമയെ പുതുക്കപ്പണിതുകൊണ്ടാണ് ഫോക്കല നിലനിൽക്കുന്നത്. ഫോക്കലയുടെ ധർമ്മം തന്നെ പ്രതികരണമാണ്. സാമൂഹ്യസന്ദർങ്ങളിൽ അതിന്റെ സംവേദനക്ഷമത ശക്തമായി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ചുവരെഴുത്ത്, നാഗരികാവിഷ്കാരങ്ങൾ, പരസ്യം, നവീന കലാവിഷ്കാരങ്ങൾ എന്നിവയിലൂടെ ഫോക്കല സ്വയം നവീകരിച്ചുകൊണ്ടിരിക്കുന്നു. ഫോക് കൈവേലകൾ നവീന നാഗരിക സന്ദർങ്ങളിൽ ഒരു ഫാഷൻ ഉല്പന്നവും തരംഗവുമായി വികസിച്ചു. ക്രാഫ്റ്റ് മേളകൾ ലക്ഷക്കണക്കിനു നാടോടികളുടെ അതിജീവനമാർഗമാണ്. മുളകൊണ്ടുള്ള ഉല്പന്നങ്ങളും ഫോക്ബാന്റും നിലവിൽ വന്നു. നാട്ടുഭക്ഷണമേളകളും നാട്ടുരുചികളും ഫോക്കിന്റെ പരിസ്ഥിതി സൗഹാർദതത്വങ്ങൾ മാത്രമല്ല കോർപ്പറേറ്റ് വിഷമയ ഭക്ഷണക്കച്ചവടത്തോടുള്ള പ്രതിരോധം കൂടിയാണ്. ഇതെല്ലാം നിമിഷനേരം കൊണ്ടാണ് സോഷ്യൽമീഡിയയിൽ ചിത്രവും വാമൊഴി പ്രകടനവും പാട്ടുകളും വീഡിയോയും മററുമായി പടർന്നുപന്തലിക്കുന്നത്. ഒരു കൂട്ടായ്മ മറ്റൊരു കൂട്ടായ്മയെക്കണ്ടെത്തി ഒന്നിക്കുന്ന ജനകീയസമര മാർഗമാണിത്. പഴയകാല അപഗ്രഥനാത്മക പഠനത്തിൽനിന്നും വ്യത്യസ്തമായി പുതിയകാലത്തിന്റെ ആശയവിനിമയ രൂപമായി ഫോക്‌ലോർ ബന്ധുത്വവ്യവസ്ഥ മാറിയിരിക്കുന്നു. വൈവിധ്യ സംസ്കാര പര്യവേഷണങ്ങളും (Cross Cultural Explorations) പറച്ചിലിന്റെ

ജനപഥപഠനം (Ethnography of Speaking)എന്ന നിരീക്ഷണവും നിലവിൽ വന്നതോടെ നവമാധ്യമങ്ങളിൽ ഫോക്‌ലോറിന്റെ സ്വാധീനം ശക്തമാണ്. പരിമിതിമായ മൾട്ടിമീഡിയയിൽനിന്ന് ഡിജിറ്റൽയുഗത്തിലേക്കു കൂടി പ്രവേശിച്ചതോടെ പ്രാദേശികത തനതുസ്വഭാവമായ ഫോക്‌ലോർ സാങ്കേതികവിദ്യയോടൊപ്പം ഗ്ളോബലായി വളരുകയായിരുന്നു. ഫോക് ഐഡന്റ്റിറ്റി ഇന്ന് ശക്തമായി പ്രതിഫലിക്കുന്നത് സാമൂഹ്യരംഗാവതരണങ്ങളിലാണ്. ഫുട്ബോൾ, ക്രിക്കററ്, പ്രക്ഷോഭങ്ങൾ, കാർണിവലുകൾ, ക്രാഫ്റ്റ് ചന്തകൾ, തെരുവോരപ്രകടനങ്ങൾ, ഫാർമേഴ്സ് മർക്കറ്റ്, ഉത്സവങ്ങൾ, സ്ക്കൂൾ ഫോക്, ഞാററുവേലച്ചന്തകൾ എന്നിവയെല്ലാം പെട്ടന്ന് വൈറലായി മാറുന്നു. ഫോക്‌ലോർ ഫ്രൈഡെയുടെ വിവരങ്ങൾ ഫേസ്ബുക്കിൽനിന്നറിഞ്ഞ് മാർക്കറ്റിലെത്തുന്നു. ഗവേഷകർ ഓൺലയിൽ കമ്മ്യൂണിക്കേഷനെ ന്യൂ ഫോക്‌ലോറായാണ് പരിഗണിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ ദത്തെടുത്തുകൊണ്ട് സാംസ്കാരികനൈരന്തര്യത്തെ തുറന്നിടുകയാണ്.

**'തെരുവുകൾ കയ്യടക്കുക'**

ആവിഷ്ക്കരണത്തിന് ഭാഷ ഒരു തടസ്സമായിരുന്നില്ല. അങ്ങനേയാണ് യൂണിക്കോഡ്, മംഗ്ളീഷ്, ഗൂഗിൽ ട്രാൻസിലിറ്റേറ്റർ എന്നിങ്ങനെ പലതരം കംപ്യൂട്ടർ ഭാഷകളുണ്ടായത്. അമേരിക്കയിലെ വാൾസ്ട്രീറ്റ് കലാപമുണ്ടായപ്പോഴും അറേബ്യൻ ജാസ്മിൻ വിപ്ലവമുണ്ടായപ്പോഴും നാടോടിത്തം ആഘോഷിക്കുകയായിരുന്നു-ഓരോരുത്തരും. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ ലക്ഷക്കണക്കിനു സമരക്കാർ ഒന്നിച്ചു. ടുണിഷ്യ, ഉക്രൈൻ, സിറിയ, ടർക്കി, ഈജിപ്റ്റ് കലാപങ്ങൾക്കും പ്രചോദനമായത് സാമൂഹ്യമാധ്യമങ്ങൾ തന്നെ. ഗ്രാഫിറ്റിക്കും വേഷത്തിനും വാമൊഴിക്കും ഒരു നാടോടി കാർണിവൽ ഉത്സവത്തിന്റെ സമൂഹസ്വാതന്ത്ര്യവും പ്രകടന തത്വങ്ങളുമുണ്ടായിരുന്നു. തെരുവിന്റെ ഈ പ്രതി സൗന്ദര്യ സമരങ്ങൾ സന്ദേശങ്ങളായി ഒഴുകി. സർവരാജ്യസാമൂഹ്യമാധ്യമ ഉപയോഗികളെ ഒന്നിക്കുവിൻതെരുവുകൾ കയ്യടക്കുകഎന്നിങ്ങനെ ആഹ്വാനങ്ങളുണ്ടായി! സമരവും തെരുവിന്റെ ഭാഷയും ഫേസ്ബുക്കിലേക്കും ടിറ്ററിലേക്കും പ്രവേശിച്ചു. നാടോടിത്തത്തിന്റെ ജനകീയ ആശയവിനിമയശൈലികൾ നവമാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ടത് ഇക്കാലത്താണ്. സംഘടിക്കാനും പ്രതികരിക്കാനുമുള്ള സമാന്തരസമരമർഗങ്ങൾ ഉയർന്നുവന്നുവെന്ന് വിലയിരുത്തപ്പെട്ടു. ബ്ളോഗുകളും ഫോണുകളും ചലിച്ചപ്പോൾ പഴയ മാധ്യമങ്ങൾ-പലതു ഔദ്യോഗിക മാധ്യമങ്ങൾ - ഒരക്ഷരവും ഉരിയാടിയില്ല! വ്യവസ്ഥാപിതമായ വിപ്ലവസങ്കല്പങ്ങൾ തിരുത്തിയെഴുതി. വിപ്ലവത്തിലാണ് വിപ്ലവം വേണ്ടതെന്ന റെജിസ് ദെബ്രേയുടെ സിദ്ധാന്തം സഫലമാവുകയായിരുന്നു, യുവതയുടെ ആശയകലാപത്തിലൂടെ. ഉള്ളംകയ്യിലും അഭിമുഖ

മായും ഉള്ള പ്രത്യക്ഷ ആശയവിനിമയ ആയുധങ്ങൾ സ്ത്രീകളടക്ക മുള്ള യുവജനങ്ങൾ പ്രയോഗിച്ചു. ഫോക്കിന്റെ സ്വാതന്ത്ര്യം കൊട്ടും പാട്ടുമുള്ള നൃത്തങ്ങളിലാണവസാനിച്ചത്. നൃത്തസ്വാതന്ത്ര്യം കൈക ളിലാണ് ഏറ്റവും പ്രകടമാവുക. പരിവർത്തനത്തിന് പ്രേരകമായ കീബോർഡും ചലിപ്പിച്ചത് കൈകൾകൊണ്ട്. വിരൽത്തുമ്പുകൾക്കൊണ്ട് വിപ്ലവത്തിന്റെ ചരടുകൾ നിയന്ത്രിച്ചത് നവകൂട്ടായ്മയുടെ നാടോടി ത്തങ്ങൾ. ആധിപത്യ സംസ്കാരത്തെ വെല്ലുവിളിക്കുന്ന കാഴ്ച്ചപ്പാടു കൾ യുവജനങ്ങളുടെ എതിർസംസ്കാരങ്ങൾക്കുണ്ടായിരുന്നു.

**ഫോക്‌ലോർ എതിരാഖ്യാനങ്ങൾ**

അൽത്തൂസർ വ്യക്തമാക്കുന്നതുപോലെ അതാതു സാമ്പ ത്തിക അധികാര രാഷ്ട്രീയഘടനയാണ് സാംസ്കാരിക സിദ്ധാന്ത ങ്ങളെ നിർണയിക്കുന്നത്. മുതലാളിത്ത സാമ്പത്തികബന്ധങ്ങളുടെ പ്രത്യയശാസ്ത്രമാണ് ഈ സിദ്ധാന്തങ്ങളെ രിക്കുന്നത്. ഫോക്‌ലോർ പോലുള്ള എതിരാഖ്യാനങ്ങൾ ഇതിനെ പ്രതിരോധിച്ചുകൊണ്ടിരിക്കും. അന്റോണിയോ ഗ്രാംഷി സാംസ്കാരിക പഠനങ്ങളെപ്പറ്റി മുന്നോട്ടു വച്ച ആശയങ്ങൾ ഇവിടെ പ്രസക്തമാണ്. അധികാരിവർഗത്തിന്റെ ലോകവീക്ഷണമാണ് സംസ്കാരമാനദണ്ഡമായി വാഴ്ത്തപ്പെടുന്നത്. സ്റ്റേറ്റിന്റെ മുഖ്യമായ പ്രധിനിധാനം എന്ന നിലയ്ക്ക് സംസ്കാരം അധീശത്വ പ്രത്യയശാസ്ത്രമാണ് (cultural hegemony)പിന്തുടരുന്നത്. മുതലാളിത്ത സമൂഹത്തിൽ നിത്യജീവിതത്തിലെ ജനപ്രിയസംസ്കാരത്തി ലൂടെയാണ് ജനങ്ങളുടെ ആവിഷ്കാരങ്ങൾ നടത്തുക. വിമർശനാത്മ ഫോക്‌ലോർ സമീപനമാണ് അദ്ദേഹം മുന്നോട്ടുവച്ചത്. സമൂഹ്യാവി ഷ്കരണത്തിന്റെ മൂന്നുരൂപങ്ങൾ ഭാഷ, സാമാന്യബോധം, ജനകീയ മതം അഥവാ നാടൻകല (language, common and good sense and popular religion and folklore) എന്നിവയാണെന്ന് ഗ്രാംഷി വിശദമാ ക്കുന്നു. സാമാന്യബോധമെന്നത് ജനകീയ വർഗബോധത്തിന്റെ കേന്ദ്ര മാണ്. ജനകീയാഭിലാഷങ്ങൾ സമൂഹത്തിൽ മറ്റും പ്രതിഫലിക്കുന്നു. ഫോക്‌ലോറിന്റെ അപഗ്രഥനത്തിലൂടെ ജനപ്രിയ സാമൂഹ്യരൂപീകര ണത്തിന്റെ കാഴ്ചകൾ ലഭിച്ചേക്കാമെന്ന് ഗ്രാംഷി പറയുന്നുണ്ട്. ഫോക് ലോർ പഠനത്തിലെ കാല്പനിക സമീപനങ്ങളെ വിമർശിക്കുന്നതോ ടൊപ്പം ഫോക്‌ലോർ ഗവേഷണങ്ങളുടെ പരിമിതികളേയും വ്യക്തമാ ക്കുന്നുണ്ട്. ലോകത്തേയും ജീവിതത്തേയും പ്രതിനിധാനം ചെയ്യുന്നതി നാൽ സാമാന്യബോധത്തിന്റെ (commen sense) ആവിഷ്ക്കരണ ങ്ങളാണ് നാടോടി സംസ്കാരം. ഫോക്‌ലോറിനെ വെറും ചിത്രക്കാ ഴ്ചകൾ (As a Picturesive) മാത്രമായി ചിലർ കണക്കാക്കുന്നു. എങ്ങനെ ശേഖരിക്കാം വർക്ഷീകരിക്കാം എന്നിങ്ങനെയുള്ള രീതിശാസ്ത്രങ്ങ ളിൽ ഈ ലക്ഷണപഠനങ്ങളാണ് കാണുന്നത്. എന്നാൽ ഇതിനു ബദ

ലായ ഒരു കാഴ്ചപ്പാട് ഗ്രാംഷിക്കുണ്ടായിരുന്നു. ലോകത്തേയും ജീവിതത്തേയും ഏറ്റവും ശക്തമായി പ്രതിഫലിക്കുന്നതും ഭരണകൂടസമൂഹവുമായി വൈരുദ്ധ്യമുള്ളതുമാണ് നാടോടിസംസ്കാരമെന്നും പ്രത്യേകിച്ച് ജനപ്രിയഗാനങ്ങളെന്നും അൻന്റോണിയോ ഗ്രാംചി വിലയിരുത്തിയിട്ടുണ്ട്. 2 സാമൂഹ്യ-സാംസ്കാരിക ജീവിതത്തിന്റെ അറിവും ആവിഷ്കാരവുമാണ് ഫോക്‌ലോർ. നാടോടിക്കലയുടെ രാഷ്ട്രീയബന്ധവും ജനപ്രിയസംസ്കാരസ്വഭാവവും അദ്ദേഹം തിരിച്ചറിഞ്ഞു.

**നിത്യവ്യവഹാരത്തിലെ ജനകീയകൂട്ടായ്മ**

ബഹുവചനം നിറഞ്ഞതും വ്യത്യസ്തതയുള്ളതുമാണ് ഈ ജനസംസ്കാരം. Folklore as communicative action in the realm of the popular, then, demonstrates considerable expressive capacity to articulate perspectives and positions in opposition to dominant, preferred, or prescribed practices. എന്ന ഫോക്‌ലോറിനെപ്പറ്റിയുള്ള ഈ വിലയിരുത്തൽ ബഹുജനമാധ്യമങ്ങൾക്കും നവമാധ്യമങ്ങൾക്കും ശക്തമായ സ്വാധീനമുള്ള സമൂഹത്തിലും തുടരുന്നുവെന്നുകാണാം. സാഹിത്യത്തെ അടിസ്ഥാനമാക്കിയുള്ള സംസ്കാരവീക്ഷണങ്ങൾക്കു പകരം രാഷ്ട്രീയവും സാമൂഹ്യവുമായ കാഴ്ച്ചപ്പാടാണ് റയ്മണ്ട് വില്യംസ്, ഇ.പി.തോംസൻ എന്നിവർ അവതരിപ്പിച്ചത്. നവസംസ്കാരപഠനത്തിന് ഈ നിരീക്ഷണങ്ങളാണ് സ്വീകാര്യം. സംസ്കാരം വർഗവും വർഗരൂപീകരണവും വർഗസമരവുമായി ബന്ധപ്പെട്ടതാണെന്നും സംസ്കാരമെന്നത് സമൂഹപരമാണെന്നും തൊഴിലാളിവർഗത്തിന്റെ ജനസ്സമ്മതമായ (popular) അനുഭവമാണെന്നും ഇ.പി.തോംസൻ വിലയിരുത്തിയിട്ടുണ്ട്. റയ്മണ്ട് വില്യംസിന്റെ സമീപനം നരവംശപരമായിരുന്നു. രാഷ്ട്രീയസമരത്തിൽ നിത്യവ്യവഹാരത്തിലെ ജനകീയകൂട്ടായ്മയുടെ നിർണായകശക്തി അദ്ദേഹം തിരിച്ചറിഞ്ഞു. വർഗസത്യമായ ഫോക്‌ലോർ ജനപ്രചുരമായ ആശയാഭിലാഷങ്ങളായി, വിധ്വംസാത്മക ചിഹ്നങ്ങളായി, ശരീരാവിഷ്കാരങ്ങളായി നവലോകക്രമത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്ന കാഴ്ച്ചയാണ് നാമിന്നു കാണുന്നത്. ഏകീകൃതവും യാഥാസ്ഥിതികവുമായ പ്രതിരോധ മാർഗങ്ങൾ തിരസ്കരിച്ചുകൊണ്ട് പൊതുയിടങ്ങളും സൈബറിടങ്ങളും സ്വന്തമാക്കുന്നു. ഫോക്കിന്റെ ഈ പ്രതികരണശേഷി നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. യുവജന ഉപസംസ്കൃതി (youth subcultures) പ്രബല സംസ്കൃതിയെ പ്രതിരോധിക്കുന്ന കാഴ്ചയാണ് നവലോകക്രമത്തിൽ കാണുന്നത്.

സങ്കീർണമായ സമകാലിക സാംസ്കാരികസന്ദർഭങ്ങളെ വിലയിരുത്തുവാൻ ഫോക്‌ലോർ തത്ത്വങ്ങൾ പര്യാപ്തമാണ്. വൈവിധ്യമാർന്ന അന്തർവിജ്ഞാന സാംസ്കാരിക സന്ദർഭമനുസരിച്ച് ഓരോ

കൂട്ടായ്മയുടേയും നാടോടിത്തങ്ങൾ നവീകരിച്ചുകൊണ്ടിരിക്കുന്നു. ഈ നിർമിതികളുടെ സർഗാത്മകതകളാണ് ഫേസ്ബുക്കിലും സ്മാർട്ട് ഫോണിലും കളിച്ചുകൊണ്ടിരിക്കുന്നത്. പങ്കാളിത്തത്തിലൂടെ, സംരക്ഷണ ത്തിലൂടെ പുനർനിർമിതിയിലൂടെ കാലത്തിൽ സാമൂഹ്യമായ അർത്ഥ ങ്ങൾ മുദ്രപ്പെടുത്തിയതിനെ നവസംസ്കാരമെന്നു വിളിക്കാം. അനൌ പചാരിക കലാപങ്ങളിലൂടെ നാടോടിത്തങ്ങൾ നിർവഹിച്ചുകൊണ്ടി രിക്കുന്നതും അതാണ്. ലൈക്ക്, കമന്റ്, ഷെയർ എന്നിവയിലൂടെ കൂട്ടാ യ്മകൾ പങ്കുവയ്ക്കുന്ന സന്തുലിതമായ സാമൂഹ്യഇടങ്ങൾ (shared social spaces) വർദ്ധിച്ചുവരികയാണ്. ഒരു പ്രതികരണത്തിനപ്പുറമുള്ള രാഷ്ട്രീയമാനങ്ങൾ മാധ്യമങ്ങൾക്കുപുറത്തുണ്ട്. ഫോക്കിന്റെ ആശയ വിനിമയശേഷി സാരവത്തായക്രിയാശേഷിയായിമാറിയിരിക്കുന്നു.

**സഹായഗ്രന്ഥങ്ങൾ**

1. Martin Laba, Parsing the Popular A Communicative Action Approach to Folklore, Ethnologies, vol. 30, n°2, 2008, p.249-270. https://www.erudit.org/revue/ethno/2008/v30/n2/019954ar.pdf
2. Thompson, E.P. 1988. *The Making of the English Working Class*. Harmondsworth: Penguin
3. Williams, Raymond. 1965. *The Long Revolution*. Harmondsworth: Pelican.
4. Gramsci, Antonio. 1985. In David Forgacs & Geoffrey Nowell-Smith eds., *Antonio Gramsci: Selections from Cultural Writings*. Cambridge: Harvard University Press.
5. Storey, John. 2003. *Inventing Popular Culture: From Folklore to Globalisation*. Oxford: Blackwell.
6. MARJORIE D. KIBBY, Email forwardables: folklore in the age of the interne, University of Newcastle, Australia.
7. Gail de Vos ,What Happens Next? Contemporary Urban Legends and Popular Culture, abc cello 2012
8. http://www.digitaltransformations.org.uk/main/digital-folk-references.pdf
9. Walter Ong, Literacy and Orality, Routledge, 2013.

# വ്യാപാരം വിശ്വവ്യാപന വലയിലാകുമ്പോൾ

**വി. കെ. ആദർശ്**

**ഇ**ന്റർനെറ്റ് കടന്ന് വന്നതിന്റെ മാറ്റം നാം ഇന്ന് എല്ലാ മേഖലയിലും കാണുന്നു. ചിലതിൽ വിപ്ലവകരമെന്ന് പറയാവുന്ന മാറ്റം ഉണ്ടാക്കുന്നു. മറ്റു ചിലതിനെ പൂർണമായി തുടച്ച് മാറ്റി വിനിമയ അന്തരീക്ഷം അല്ലെങ്കിൽ രീതികൾ ഒക്കെ സൃഷ്ടിച്ചെടുക്കുന്നു. ജനാധിപത്യം ഉള്ളയിടങ്ങളിൽ അതിനെ കൂടുതൽ ആഴത്തിലും പരപ്പിലും സുതാര്യമായി സമീപിക്കാനും സ്വേച്ഛാധിപത്യം കൊടികുത്തി വാഴുന്ന ഇടങ്ങളിൽ സ്വാതന്ത്ര്യ വായുവിന്റെ കടന്നുവരവിനുമൊക്കെ ഇന്റർനെറ്റ് കാരണഭൂതമാകുന്നു എന്നതിന് ചില ഉദാഹരണങ്ങൾ നിരത്താനാകും. ഒരു മേഖലയ്ക്കും ഇന്ന് ഇന്റർനെറ്റ് പ്രഭാവത്തിൽ നിന്ന് മാറി നിൽക്കാനാകില്ല എന്ന സ്ഥിതിയാണെന്നതാണ് സത്യം. എന്തിനധികം പറയുന്നു ഇന്റർനെറ്റിനെ എതിർക്കുന്നവർക്കുപോലും ഫേസ്ബുക്ക്/ട്വിറ്റർ അക്കൗണ്ട് ഇല്ലെങ്കിൽ തങ്ങൾക്ക് പറയാനുള്ളത് പരമാവധി പേരിലേക്ക് എത്തിക്കാൻ പറ്റാത്ത അവസ്ഥ! ഈ ഘട്ടത്തിലാണ് പൊതുവേ സംഘടിതമായ, വിവിധ അടരുകൾ വിരാജിക്കുന്ന ചില്ലറവില്പന ശാലകളിലേക്ക് വെല്ലുവിളിയുമായി ഓൺലൈൻ സൂപ്പർമാർക്കറ്റുകൾ എത്തുന്നത്. ആദ്യമൊക്കെ ഇതിനെ പ്രബലമായ വ്യാപാരസമൂഹവും അവരുടെ സംഘടനകളും ശ്രദ്ധിച്ചിരുന്നില്ലന്നതാണ് സത്യം. ഇവർ എവിടെ വരെ പോകാൻ? മെട്രോകളിൽ പരമാവധി പോയാൽ നഗരത്തിലെ സൈബർ യുവത്വത്തിൽവരെയാകും ഇ-കടകളുടെ വ്യാപനം. അതും പുസ്തകം, മ്യൂസിക്, പിന്നെ പരമാവധി പോയാൽ ചില്ലറ കൺസ്യൂമർ ഇല്ക്ട്രോണിക്സ് സാധനങ്ങൾ അങ്ങനെ ആയിരുന്നിരിക്കണം പരമ്പരാഗത വിപണിയാശാന്മാരുടെ കണക്കുകൂട്ടൽ. പക്ഷേ, ഈയടുത്ത മാസങ്ങളിലെ കണക്കുകൾ പരമ്പരാഗത വിപണിയെ ആശ്ചര്യപ്പെടുത്തുന്നതാണ്. ഏറ്റവും കൂടു

തൽ വില്പന നടന്നിരുന്ന ഉത്സവകാലത്ത് പഴയപോലെ ഉപഭോക്താക്കൾ അടുപ്പം കാണിക്കുന്നില്ല. അവസാനം വ്യാപാരസംഘടനകൾ സർക്കാരിലേക്ക് മറ്റ്നിയന്ത്രണാധികാരികളിലേക്കും പരാതിയുമായി സമീപിക്കുന്ന അവസ്ഥയിൽ കാര്യങ്ങളെ കൊണ്ട് ചെന്നെത്തിച്ചിരിക്കുന്നു.

**പിണക്കം എവിടെ നിന്ന്**

ചില്ലറ വിൽപന മേഖലയിലെ സംഘടനകൾ കാലങ്ങളായി ശക്തമാണ്. രാജ്യമെമ്പാടും ഏകദേശം ആറ് ലക്ഷത്തോളം ഇടത്തരം വില്പനശാലകൾ ഇന്നുണ്ട്. ഉത്പന്നത്തിന്റെ പുറം കൂടിലെ എം.ആർ.പി ആണ് പിണക്കത്തിന്റെ മൂലകാരണം. പരമാവധി ചില്ലറ വില എന്നാണ് ഇതിനർത്ഥം. നേരത്തെ നികുതികൾ പുറമെ എന്നെഴുതിയിരുന്നത് പല തർക്കത്തിനും കോടതി വ്യവഹാരങ്ങൾക്കുമൊക്കെ വഴിവെച്ചിരുന്നെങ്കിൽ ഇന്ന് അത് എം. ആർ.പിയിൽ ആക്കിയതിനാൽ ഏതാണ്ട് പരിഹൃതമായി. അവിടെ തീരുന്നില്ല കാര്യങ്ങൾ. നികുതി പിരിവുമായി ബന്ധപ്പെട്ട് വാണിജ്യനികുതി വകുപ്പുമായുള്ള തർക്കവും ഉരസലും ഒക്കെ പലവട്ടം വാർത്തയിലും വർത്തമാനത്തിലും ഇടംപിടിച്ചിട്ടുണ്ട്. പരമാവധി ചില്ലറ വിലയിൽ നിന്ന് കുറച്ച് കൊടുക്കുന്നത് ആണല്ലോ ഇപ്പോഴത്തെ ഓൺലൈൻ കടകളുമായുള്ള പിണക്കവിഷയം. അങ്ങനെ കുറച്ച് കൊടുക്കൽ എവിടെ വരെയാകാം എന്നതിനാലാണ് മുഖ്യതർക്കം. പക്ഷേ, പരമാവധി വിലയ്ക്ക് മേലെ ആയാൽ മാത്രമേ തർക്കത്തിലും നിയമലംഘനത്തിലും എത്തുന്നുള്ളൂ എന്ന് എതിർവാദമാണ് യുക്തിഭദ്രം. എന്നു വച്ചാൽ എം.ആർ.പി.ക്ക് താഴെ വിൽക്കുന്നത് കേസെടുക്കാനുള്ള വകുപ്പ് ആകുന്നില്ല.

ഈ വിലകുറച്ച് വിൽക്കൽ ഓൺലൈൻ സ്റ്റോറുകൾ അല്ല ഇന്ത്യയിൽ ആരംഭിച്ചതെന്നാണ് ചരിത്ര വസ്തുത. എൺപതുകളുടെ അവസാനം തന്നെ സൂപ്പർ മാർക്കറ്റുകൾ കേരളത്തിലടക്കം ചെറുതും വലുതുമായ പട്ടണങ്ങളിൽ വന്നു. പിന്നീട് ബിഗ് ബസാർ, റിലയൻസ് ഫ്രെ പോലെയുള്ള വൻകിട റീട്ടെയിൽ ശൃംഖലകളും ഒരുമിച്ച് തന്നെ സംഭരിക്കുന്നതിനാലും വിപുലമായ തോതിൽ കച്ചവടാനുബന്ധ സൗകര്യം ഒരുക്കുന്നതിനാലും ഇവർക്ക് എം.ആർ.പിയേക്കാൾ വില കുറച്ച് കൊടുക്കാനായി. ഒപ്പം തന്നെ ഷോപ്പിംഗ്എന്നത് ഒരു അനുഭവം എന്ന മട്ടിലേക്ക് കാര്യങ്ങളെ കൊണ്ടു ചെന്നെത്തിച്ചു. സാധാരണ പലവ്യഞ്ജനക്കടയിലേക്ക് വീട്ടിലെ കുട്ടികളെയോ വേലക്കാരെയോ ഒക്കെ വിട്ടിരുന്നവർ ഈ റീട്ടെയിൽ ശൃംഖലകൾ നാട്ടിലെത്തിയതോടെ ഷോപ്പിംഗ് എന്നത് പരസ്പരം കാണുന്ന ഒരു ഒത്തുചേരൽ ഇടമായി കണ്ടു. ആവശ്യമുള്ളതും ഇല്ലാത്തതുമെല്ലാം വാങ്ങിച്ച് കൂട്ടുകയും ചെയ്യുന്നു.

ഇതിനു സമാന്തരമായി തന്നെ കേരളത്തിൽ ത്രിവേണി, സപ്ലൈകോ കോബസാർ, നീതി, കൺസ്യൂമർ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ ഒക്കെ നിലവിൽ വന്നു. സ്വാഭാവികമായി ഇവരും എം.ആർ.പിയിൽ നിന്ന് വില കുറച്ച് കൊടുക്കാൻ ആരംഭിച്ചു. ഇതൊക്കെ സംഘടിത വ്യാപാര സംഘടനകൾ ഏതാനും ചില ബ്രാൻഡുകളെ വിലക്കുന്ന ഘട്ടം വരെ എത്തി. സർക്കാർ സഹായം കിട്ടുന്ന വില്പ നശാലകൾക്ക് വിലകുറയ്ക്കാൻ സംഭരണക്കരുത്തു മാത്രമല്ലല്ലോ ഉള്ളത്. ഏല്ലാറ്റിലും ഉപരിയായി വിപണിയിൽ ഇടപെടാനുള്ള സർക്കാരിന്റെ ധാർമ്മികമായ ബാദ്ധ്യതയും നിറവേറ്റുന്നു. ചുരുക്ക ത്തിൽ പരമാവധി ചില്ലറ വില്പന വിലയിൽ തൊട്ടുള്ള കളി പിണക്ക ത്തിലാകും വ്യാപാരികളെ കൊണ്ട് ചെന്നെത്തിക്കുന്നത്. അവരുടെ ഭാഗത്ത് നിന്ന് നോക്കിയാൽ അതിൽ യുക്തി ഉണ്ട്. എന്നാൽ മറ്റ് സ്റ്റേക്ക് ഹോൾഡർമാരായ ഉപഭോക്താക്കൾ നികുതി പിരിക്കുന്ന സർക്കാർ, ഉത്പാദിപ്പിക്കുന്ന നിർമ്മാതാക്കൾ, ഇവർക്കൊക്കെ ഈ വിലകുറയ്ക്കൽ തന്ത്രത്തിൽ യാതൊരു പരാതികളും ഇല്ല എന്ന് മാത്രമല്ല സന്തോഷവും ഉണ്ട്. ഒരു സമയത്ത് നാട്ടിലെ ചെറുകിട കച്ചവടക്കാർ വൻകിട ചില്ലറവില്പന ശൃംഖലകളോട് പിണങ്ങിയി രുന്നെങ്കിൽ ഇന്ന് ഇതേ ബിഗ് ബസാറുകൾ പരിഭവപ്പെടുന്നത് ഓൺ ലൈൻ ബസാറുകളുടെ വിലയിടിവ് തന്ത്രങ്ങളോടാണെന്നത് വർത്ത മാനകാല അനുഭവം.

**ഇ-കൊമേഴ്സിലേക്ക്**

തപാൽ വഴി (VPP മാർഗ്ഗം) ഉത്പന്നം പരിമിതമായെങ്കിലും വാങ്ങിയിരുന്നത് ഇന്റർനെറ്റ് പൂർവ്വകാലഘട്ടത്തിൽ ഉണ്ടായിരുന്ന ഒരു സൗകര്യമായിരുന്നല്ലോ. ഇരുവശത്തേക്കും ലളിതമായി സംവേ ദനം നടത്താവുന്ന ഇന്റർനെറ്റിന്റെ വരവോടെ ഈ വിപിപി ഇന്ന് കാഷ് ഓൺ ഡെലിവറി (CoD) യിലേക്ക് ക്രമാനുഗതമായി വഴി മാറുക അല്ലേ. ഇന്റർനെറ്റാനന്തര കാലഘട്ടത്തിൽ വിപുലമായ തര ത്തിൽ വെബ്സൈറ്റുകൾ മാറ്റപ്പെട്ടു. ഇന്ററാക്ടീവ് ആയ സമ്പർക്ക മുഖങ്ങൾ വിവര വിനിമയസ്ക്രീനിനെ കാര്യമായി മാറ്റിമറിച്ചു. ഉപ ഭോക്തൃ സൗഹൃദമായ തരത്തിൽ വെബ് പീടികകൾ പരസ്പരം മത്സരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ഇ- വ്യാപാരശാലയായ ഫ്ളിപ്കാർട്ടിൽ 70 ലധികം വിഭാഗങ്ങളിലായി 2 കോടി ഉത്പന്ന ങ്ങൾ ഉണ്ട്. ഒരു മാസം 50ലക്ഷം എണ്ണം വില്പന നടക്കുന്നു. 14,000 പേരാണ് പല തട്ടുകളിലായി പണിയെടുത്ത് ഉത്പന്നങ്ങളെ രാജ്യ ത്തുടനീളം എത്തിക്കുന്നത്.

സാധാരണ നഗര പ്രദേശത്തെ കടകളിൽ പലതിൽ കയറി യിറങ്ങിയാൽ പോലും നിങ്ങൾ ഉദ്ദേശിക്കുന്ന ഉല്പന്നം കിട്ടണമെ

ന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അതിനെപറ്റി ശരിയായ ഉത്പന്ന വിവരണം ലഭിച്ച് കൊള്ളണമെന്നില്ലല്ലോ. എന്നാൽ ഇന്റർനെറ്റ് മാർക്കറ്റ് പ്ലേസിന്റെ ശക്തി അതിന്റെ ഉത്പന്ന റിവ്യൂ തന്നെയാണ്. ഒരുപക്ഷേ, ഉപഭോക്താവ് മറ്റൊരു ബ്രൗസർ ജാലകം തുറന്നിട്ടാകും റിവ്യൂ ബ്ലോഗുകൾ പരതുന്നത്. ഉപഭോക്താവാണ് വിപണിയിലെ രാജാവ് എന്ന പഴമൊഴി ശരിവയ്ക്കുന്നതാണ് ഇന്ന് മത്സരിച്ച് വരുന്ന ആം ആദ്മി യൂസർ റിവ്യൂകൾ. മിക്ക സൈറ്റുകളും ഉത്പന്ന പട്ടികയുടെ തൊട്ട് താഴെ തന്നെ ഇതിനുള്ള അവസരമൊരുക്കുന്നു. ഇവിടെ പരസ്പരം ഒത്ത് ചേർന്ന് കളിക്കാനുള്ള സാധ്യത തുലോം വിരളമാണ്. കാരണം അന്തിമമായി ഗുണനിലവാരമുള്ള വില്പന ഉണ്ടാകണമെങ്കിൽ ഇവിടെ മാർക്കറ്റ് പ്ലേസ് നിർമമത പാലിച്ചേ മതിയാകൂ. ഇല്ലെങ്കിൽ അടുത്ത തവണ ഇതേ ഉപയോക്താവ് ആ സൈറ്റിലേക്ക് ക്ലിക്ക് ചെയ്യുകയുണ്ടാവില്ല. എത്രയോ ഉല്പന്നങ്ങൾക്ക് താഴെ മോശം നിലവാരമെന്ന് സൂചിപ്പിക്കുന്ന റേറ്റിംങ് കാണുന്നത് തന്നെ ഈ നിരീക്ഷണത്തിന് അടിവരയിടുന്നു. പുസ്തക കച്ചവടത്തിൽ നാമമാത്രമായ സാന്നിദ്ധ്യമറിയിച്ച് തുടങ്ങിയ ഇ-വിപണി നിലവിൽ ഏതാണ്ടെല്ലാ വില്പനയിലേക്കും വല വിരിച്ചു കഴിഞ്ഞു. വിലക്കുറവും വൈവിദ്ധ്യപൂർണമായ ഉത്പന്ന നിരയും കൊണ്ട് ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ഇന്ന് ഉപഭോക്താക്കൾക്ക് ആദായകരമായ വാങ്ങൽ അനുഭവം ഒരുക്കുന്നു. ആദ്യം പിണക്കം പിന്നെ ഇണക്കം അതും കഴിഞ്ഞ് വണക്കം എന്നതാണല്ലോ നമ്മുടെ നാട്ട് നടപ്പ്. അത് ഇക്കാര്യത്തിലും തെറ്റിക്കുന്നില്ല എന്ന് വ്യാപാരസംഘടനകളുടെ അടക്കം പലകോണുകളിൽ നിന്ന് ഉയരുന്ന എതിർപ്പ് ഇതിന് അടിവരയിടുന്നു. മറുവശത്ത് ഉപഭോക്താക്കൾ റോക്കറ്റ്പോലെ കുതിച്ചുയരുന്നു. ഒപ്പം വില്പനക്കണക്കുകളും. ആമസോൺ, ഫ്ളിപ് കാർട്ട്, ഹോംഷോപ്പ് 18, സ്പാപ്പ്ഡീൽ, അങ്ങനെ പ്രബലമായ പല ഇ-കടകളും ഇന്ന് നമുക്കിടയിൽ നിത്യപരിചിത വ്യാപാരനാമങ്ങളായി മാറിക്കഴിഞ്ഞു.

**നികുതി നഷ്ടം**

ഇ-കൊമേഴ്സിനോട് സാധാരണ വ്യാപാരികൾ ഉയർത്തുന്ന വാദം ഖജനാവിന് നികുതി നഷ്ടം ഉണ്ടാക്കുന്നു എന്നതാണ്. എന്നാൽ ഇതിൽ ഒരു ചെറിയ പ്രശ്നം ഇല്ലാതില്ല. കാരണം നികുതി എന്നത് ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ കൈമാറേണ്ടി വരുന്ന തുകയുടെ മുകളിൽ അതാത് സർക്കാരുകൾ ചുമത്തുന്ന അധിക തുകയാണ്. കടക്കാരൻ ഉപയോക്താവിലേക്ക് സാധനത്തിന്റെ ഉടമസ്ഥാവകാശം കൈമാറുന്നതാണല്ലോ കച്ചവടം. ഇങ്ങനെ സംഭവിക്കു

മ്പോൾ രണ്ടാളും നിൽക്കുന്നത് ഭൂമിശാസ്ത്രപരമായി ഒരു സംസ്ഥാനത്തിനകത്താകും അതിനാൽ തന്നെ നികുതി ആ സംസ്ഥാനത്തിന് ബാധകമായത് നൽകുകയും വേണം. എന്നാൽ ഇലക്ട്രോണിക് ഇടപാടുകളായ മാർക്കറ്റ് പ്ലേസ് വഴി സാധനം വാങ്ങുമ്പോൾ നികുതി ബാധകമായ വില്പനശാല ഒരു സംസ്ഥാനത്തും വാങ്ങുന്ന ആൾ മറ്റൊരുസംസ്ഥാനത്തുമാണ്. വിൽക്കുന്ന സ്ഥലത്തെ നികുതിയാണ് നിലവിലെ നിയമം അനുസരിച്ച് പ്രാബല്യം, ഇത് വാങ്ങുന്ന ആളിന്റെ വിശേഷിച്ചും കാര്യമായി ഒന്നും ഉത്പാദിപ്പിക്കാത്ത അല്ലെങ്കിൽ ഇ-കൊമേഴ്സ് സ്ഥാപനസാന്നിദ്ധ്യമില്ലാത്ത കേരളം പോലെയുള്ള സംസ്ഥാനത്ത് നിന്ന് നോക്കുമ്പോൾ നികുതി വരുമാനം ഇടിയുന്നു എന്ന തോന്നൽ സ്വാഭാവികം. കമ്പനികളെ സംബന്ധിച്ചിടത്തോളം അവർ അതാത് സംസ്ഥാനത്ത് ബാധകമായ നികുതി അടയ്ക്കുന്നുണ്ടെങ്കിൽ തെറ്റൊന്നും ചെയ്യുന്നുമില്ല.

ഈ നികുതി തർക്ക വ്യത്യാസത്തിനു ഒരു പക്ഷേ, അറുതി വരുത്താൻ ചരക്ക് സേവന നികുതി(GST)കൊണ്ട് സാധിക്കും. നിലവിലെ കേന്ദ്രസർക്കാരിന്റെ പരിഗണനയുള്ള വിഷയവുമാണ് ഉത്ഭവസ്ഥാനത്തിന് പകരം ഉപയോഗം നടക്കുന്നിടത്തിന് പ്രാധാന്യം കൈവരുന്ന നികുതി ഘടന. ഒരു പക്ഷേ, ഇത് നല്ല രീതിയിൽ നടപ്പായാൽ ഇപ്പോഴത്തെ ആരോപണമായ നികുതി ഇടിവിന് ശാശ്വതമായ പരിഹാരമാകും. അപ്പോൾ ഒരു പക്ഷേ, ഇ-കൊമേഴ്സ് വർദ്ധിപ്പിക്കുന്നതാകും സംസ്ഥാന സർക്കാരിന്റെ അടക്കം അജണ്ട. ഇതിനു പിന്നിൽ വ്യക്തമായ ഒരു കാരണം സർക്കാർ നികുതി വകുപ്പിനുണ്ടാകും. അത് മറ്റൊന്നുമല്ല, എത്ര രൂപയുടെ കച്ചവടം ആണ് നടക്കുന്നതെന്ന് നോക്കാൻ പലവിധമാർഗങ്ങൾ എളുപ്പത്തിൽ അവലംബിക്കാം. കാരണം ഉപഭോക്താവ് പണം നൽകുന്നത് ഇ-ബാങ്കിംഗ്, ക്രെഡിറ്റ്, ഡെബിറ്റ്കാർഡ്, എം. പെസാ, സ്മാർട്ട് വാലറ്റ്, സി ഓഡി ഇങ്ങനെ ഏതെങ്കിലും ഒരു മാധ്യമം ഉപയോഗിച്ചാകും അതാകട്ടെ ഒരു മൂന്നാം പാർട്ടി (ബാങ്ക്/ഇ-പേയ്മെന്റ് സേവന ദാതാക്കൾ) യെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് നികുതി എത്രയെന്ന് തിട്ടപ്പെടുത്താൻ റെയ്ഡ് ആവശ്യമുള്ള കാര്യം ആകുന്നില്ല. പണം മുഴുവൻ ബാങ്കിൽ നിന്ന് ബാങ്കിലേക്ക് അല്ലെങ്കിൽ ഒരു സേവനദാതാവിൽ നിന്ന് മറ്റൊരു സേവനദാതാവിലേക്ക് കടലാസ് പണമല്ലാതെ കൈമാറുന്ന രീതി വ്യാപകമാകുന്നത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കരുത്തു പകരുന്നതാണ്. ഇതൊക്കെ എങ്ങനെ നടക്കും എന്നാണ് ആശ്ചര്യപ്പെടുന്നതെങ്കിൽ എ.ടി.എം വന്നപ്പോഴും ഈ ആശങ്ക ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. ഇപ്പോൾ ജൻ ധൻ യോജന കൂടി വന്നപ്പോൾ സമ്പൂർണ്ണ ബാങ്കിങ്ങിലേക്ക് നമ്മൾ

നടന്നടുക്കുന്നു. എല്ലാവർക്കും റൂപ്പെ എ.ടി.എം കാർഡ് കൊടുക്കുന്ന തീവ്രയത്നത്തിലാണ് നാടൊട്ടുക്കുള്ള ബാങ്കുകൾ. കേരളമാകും ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ബാങ്കിങ്ങ് സാക്ഷരതയുള്ള ആദ്യ സംസ്ഥാനം എന്ന വാർത്തകൾ വന്ന് കഴിഞ്ഞു. അതിന്റെ ശരി തെറ്റുകൾ അവിടെ നിൽക്കട്ടെ. പണവിനിമയത്തിന് ഇലക്ട്രോണിക് മാർഗങ്ങൾ പക്വമായി എന്ന് സൂചിപ്പിക്കുന്നുവെന്ന് മാത്രം.

ആമസോൺ, ഫ്ളിപ്കാർട്ട് പോലെയുള്ള ഇ-മാർക്കറ്റ് വഴി വാങ്ങുന്ന ഉത്പന്നങ്ങൾക്ക് ഗ്യാരണ്ടി ഉണ്ടാകില്ല എന്നതാണ് മറ്റൊരു വാദം. ഗ്യാരണ്ടിയോടെ മറ്റ് മാർക്കറ്റിൽ കിട്ടുന്ന ഉത്പന്നമാണെങ്കിൽ അതിന്റെ വിപണനം ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ ആയാൽ എങ്ങനെയാണ് ഗ്യാരണ്ടി നിരാകരിക്കാനാവുക ഉത്പന്നത്തിനൊപ്പം നല്കുന്ന ബില്ലിൽ വ്യക്തമായി തന്നെ നികുതി പിരിവുകളും, ഗ്യാരണ്ടിവിവരവും രേഖപ്പെടുത്തി നൽകണമെന്ന വ്യവസ്ഥ സാധാരണ കടകളെയെന്ന പോലെ ഇ-കടകളും പാലിച്ചേ പറ്റൂ. അങ്ങനെ ചെയ്യുന്നുണ്ടെന്ന് അവർ അവകാശപ്പെടുന്നതിന്റെ നിജസ്ഥിതി, ഓരോ തവണയും ഇലക്ട്രോണിക് ഷോപ്പിങ്ങ് നടത്തിയ ശേഷമുള്ള ബില്ലിൽ നിന്ന് നമുക്ക് ബോധ്യപ്പെടാവുന്നതേയുള്ളൂ. അതിൽ തർക്കമുണ്ടെങ്കിൽ തർക്കപരിഹാര ഫോറങ്ങളെ സമീപിക്കാൻ ഇതേ വെബ്സൈറ്റുകൾ അനുവദിക്കുകയും വേണം അതാണ് നിയമവും നാട്ട് നടപ്പും.

പണക്കൈമാറ്റം എങ്ങനെ വിശ്വസിച്ച് ഈ ഇന്റർനെറ്റിൽ ചെയ്യാനാകും എന്ന് ഒരു വശത്ത് പറയുന്നവർ തന്നെയാണ് റെയിൽവേ ടിക്കറ്റ് ബുക്കിങ്ങിനും ഇ-ബാങ്കിംഗ് ചെയ്യാനും ക്രെഡിറ്റ് കാർഡ് തുക മുതൽ പലവിധ സേവനങ്ങൾക്കുള്ള പണമടവിനും ഒക്കെ ഇപ്പോൾ തന്നെ ഇന്റർനെറ്റ് അടിസ്ഥാനത്തിലോ അല്ലെങ്കിൽ മൊബൈൽ പേയ്മെന്റിനെയോ ആശ്രയിച്ച് വരുന്നത് എന്നത് മറ്റൊരു കാര്യം.

ഇ-വിപണി ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു. ഇന്ത്യയിൽ 32000 ശതകോടി രൂപയുടെ മൊത്ത ചില്ലറ വ്യാപാര വിപണിയിൽ വെറും 250 ശതകോടി രൂപ മാത്രമാണ് ലഭ്യമായ പുതിയ കണക്ക് പ്രകാരം ഇ-വിപണി സാന്നിദ്ധ്യം. എന്നാൽ ഇത് സാമാന്യം നല്ല വളർച്ചാനിരക്ക് കാണിക്കുന്നു എന്നതും സ്മാർട്ട്ഫോൺ ത്രിജി, ബ്രോഡ്ബാൻഡ്, വൈഫൈ സോണുകൾ എന്നിവ കാര്യമായി എല്ലാവരിലേക്കും വ്യാപിച്ചെത്തുന്നു എന്നതും കൂട്ടിവായിച്ചാൽ കണക്ക് ഇവിടെ നിൽക്കില്ല എന്ന് ബോധ്യമാകും. നിലവിൽ 24.5 കോടി ഇന്റർനെറ്റ് ഉപയോക്താക്കൾ രാജ്യത്തുണ്ട്. ഇതിൽ 2 കോടി പേർ ഇ-കൊമേഴ്സ് വെബ്സൈറ്റുകളിൽ പതിവായെത്തുന്നു. നമ്മുടെ നാട്ടിലെ ആമസോൺ ആയ ഫ്ളിപ്പ് കാർട്ടിൽ മാത്രം

ദിവസേന 60 ലക്ഷം പേരെത്തുന്നു എന്ന് പറയുമ്പോൾ വിപണിയുടെ വലിപ്പവും മുന്നോട്ടുള്ള കുതിപ്പും വ്യക്തമാകും. നിലവിൽ എല്ലായിടത്തും ഉത്പന്ന വിതരണം നടക്കുന്നില്ല. സാങ്കേതിക വിപണി ഭാഷയിൽ പറഞ്ഞാൽ ലാസ്റ്റ് മൈൽ പ്രശ്നങ്ങൾ.

ഇന്ന് ഇ- കൊമേഴ്സ് ഇനത്തിൽ നല്ലൊരു പങ്ക് യാത്രാധിഷ്ഠിത സേവനങ്ങൾ ആണ്. ഇതിന്റെ കാര്യത്തിൽ തന്നെ വ്യാപകമായ പ്രതിഷേധം അന്നുയർന്നിരുന്നു. ഇന്ന് ഏതാണ്ടെല്ലാ വിമാന ടിക്കറ്റ്ബുക്കിങ്ങ് അതാത് വിമാനകമ്പനിയുടെ സൈറ്റിലോ അല്ലെങ്കിൽ ട്രാവൽ സൈറ്റുകളിലോ ചെന്ന് യാത്രികർ തന്നെ നടത്തുന്നു. ഒപ്പമുള്ള ഹോട്ടൽബുക്കിംഗ് അങ്ങനെ തന്നെ നാടായ നാടെല്ലാം ഉണ്ടായിരുന്ന വിവാഹബ്രോക്കർമാർക്കും ഇന്റർനെറ്റ് ചെറുതല്ലാത്ത പണി ആണല്ലോ കൊടുത്തത് ഇന്ന് മാട്രിമോണി വെബ് സൈറ്റുകളിൽ നിന്ന് വിവരം തേടി വിവാഹാലോചന നടത്തുന്ന തരത്തിലെ അപ്ഗ്രഡേഷൻ അവർക്കും സംഭവിച്ചു കഴിഞ്ഞു.

പലവ്യഞ്ജന സാധനങ്ങൾ ആണ് ഇന്ത്യയിലെ ചില്ലറ വില്പനയുടെ 67 ശതമാനം വരെ കയ്യാളുന്നത്. ഇവിടെ നിലവിൽ ലോക്കൽ ബൻയാ, എക്സ്റ്റോപ്പ്, ബിഗ് ബാസ്കറ്റ് എന്നീ ഇ-ടെയിൽ സംഭരങ്ങൾ റീട്ടെയിൽ ഷോപ്പുകൾക്ക് കാര്യമായ വെല്ലുവിളി സൂചന ഉയർത്തിയതിനെ തുടർന്നാകണം മടിച്ച് നിന്നിരുന്ന ചില്ലറ വില്പന ശൃംഖലകൾ ഇപ്പോൾ ഇ-കൊമേഴ്സ് ചാനലുകളും ആരംഭിച്ച് വിപണി മേധാവിത്വം നിലനിർത്താൻ പുറപ്പെട്ട് കഴിഞ്ഞു.

**ബിഗ് ബില്യൺ ഡേയും ഡിജിറ്റൽ ട്രാഫിക്കും**

ഫ്ളിപ്പ്കാർട്ട് ഈ വർഷം ഒക്ടോബർ ആദ്യം നടത്തിയ ശതകോടി ദിന വില്പനമേളയാണ് വ്യാപകമായ വാർത്ത ഉണ്ടാക്കിയത്. ഉപയോക്താക്കളുടെ തിരക്ക് താങ്ങാനാവാതെ പലവട്ടം വെബ് സൈറ്റ് സംവിധാനം തകരാറിലായ ഫ്ളിപ്പ് കാർട്ട് സ്ഥാപകൻ തന്നെ ഉപയോക്താക്കൾക്ക് അയച്ച ക്ഷമാപണ ഇ-മെയിൽ സന്ദേശത്തിൽ പിഴവ് സമ്മതിക്കുന്നുണ്ട്. എന്നാൽ ഈ ഡിജിറ്റൽ ട്രാഫിക് കുരുക്ക് ആദ്യമാണോ? വിലക്കുറവ് അല്ലങ്കിൽ ആദായ വില്പന എന്ന നമ്മുടെ ബോർഡ് വച്ചാലും അവിടെല്ലാം ജനത്തിരക്ക് എന്നത് നമ്മുടെ നാട്ടിലെന്നല്ല വിദേശങ്ങളിലടക്കം ആളുകളുടെ തള്ളിച്ച ഉണ്ടാക്കുന്ന കാര്യമാണ്.

ഇന്ത്യൻ ചില്ലറവില്പനയുടെ ചരിത്രമെടുത്ത് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഉത്സവ/ആഘോഷ സമയങ്ങളിലാണ് വിലക്കിഴിവ് മഹാമഹം നടക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം ചെറുകിട വില്പന ശാലകളിൽ മൊത്ത വാർഷിക വിറ്റുവരവിന്റെ നല്ലൊരു പങ്ക് ഉത്സവപൂർവ്വ കച്ചവടമാണ്. കേരളത്തിൽ

ഓണം, പെരുന്നാൾ, ക്രിസ്മസ് എന്നിവയോടനുബന്ധിച്ച് കമ്പോളത്തിലെ തിരക്കും പത്രമാസികകളിലെ പരസ്യകോലാഹലവും ഒക്കെ ഓർക്കുക. അന്നൊക്കെ നഗര ഗതാഗതത്തിൽ കുരുക്കും ഉണ്ടാവുമെന്നത് അനുഭവ പാഠം. ബിഗ് ബസാറിന്റെ സ്ഥാപകൻ കിഷോർ ബിയാനി എഴുതിയ "It Happend in India" എന്ന കൃതിയിൽ ഇത് മറ്റൊരു തരത്തിൽ ചിന്തോദ്ദീപകമായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഒരു അവധിദിനത്തിൽ രാജ്യവ്യാപകമായുള്ള ബിഗ് ബസാർ ശൃംഖലയിൽ എം. ആർ.പിയിലും വളരെ കുറച്ച് വില്പന നടത്തുന്നുവെന്ന് പരസ്യം ചെയ്തു. കിഷോർ ബിയാനിയുടെ വാക്കുകളിൽ പറഞ്ഞാൽ Rock Bottom Prices. പിറ്റേന്ന് രാവിലെ തന്നെ കൊൽക്കത്ത മുതൽ ബംഗളരൂ വരെയുള്ള കടകളിൽ നിയന്ത്രിക്കാനാവാത്ത ജനക്കൂട്ടം. പലകടകളിലും ഷട്ടർ താഴ്ത്തേണ്ടി വന്നു. വാഹനത്തിരക്കിൽ നഗരം ഞെങ്ങി ഞെരുങ്ങിയെന്ന് പത്രവാർത്തകൾ. ബംഗളൂരുവിൽ പോലീസ് ഏകപക്ഷീയമായി വില്പന മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കുന്നു എന്ന് മൈക്കിലൂടെ പ്രഖ്യാപിക്കേണ്ടി വന്നു. അതിനു ശേഷം വൻ വിലക്കിഴിവ് പര്യങ്ങൾ പോലീസിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിട്ട് മാത്രമേ നൽകാവൂ എന്ന് നിഷ്കർഷിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെ കൊണ്ടെത്തിച്ചു.

ഈ തിക്കിന്റെയും തിരക്കിന്റെയും ഓൺലൈൻ വകഭേദമാണ് ഫ്ളിപ്പ്കാർട്ടിന്റെ ബിഗ്ബില്യൺ ഡേയിൽ ഡിജിറ്റൽ സൂപ്പർ ഹൈവേയിൽ നമ്മൾ കണ്ടതും. സാധാരണ റോഡ് ട്രാഫിക്കിൽ താങ്ങാനാവുന്ന വാഹനങ്ങൾക്ക് ഒരു പരിധി ഉണ്ട് എന്നത് പോലെ തന്നെ ഒരു വെബ്സൈറ്റിനും താങ്ങാനാവുന്ന സന്ദർശകരുടെ എണ്ണം ഊഹിച്ചതിനപ്പുറമായിരുന്നു. ഇത് കൂടാതെ വിലമാറ്റം, ഉല്പന്നം വിറ്റ് തീർന്ന് പോയ അവസ്ഥ, കാൻസലേഷൻ അങ്ങനെ പരമാവധി കുരുക്കുകൾ ആ നിർണായകദിനം ഫ്ളിപ്പ്കാർട്ടിനെ കാത്തിരിപ്പുണ്ടായിരുന്നു. അവസാനം ഇതിന്റെ സ്ഥാപകരായ സച്ചിൻ ബൻസാൽ  ബിന്നി ബൻസാൽ എന്നിവർ എല്ലാ ഉപയോക്താക്കൾക്കും ക്ഷമാപണം സന്ദേശം നല്കി. 5000 സെർവറുകൾ സജ്ജമാക്കി സാധാരണയിൽ നിന്നും ഇരുപതിരട്ടി ഉപഭോക്താക്കൾക്ക് സേവനം കൊടുക്കാൻ സാധിക്കുന്ന തരത്തിൽ സാങ്കേതിക സംവിധാനം ക്രമപ്പെടുത്തി എങ്കിലും കാര്യങ്ങൾ കൈവിട്ടുപോയെന്ന് സമ്മിതിക്കേണ്ടിവന്നു.

**ഇ-കൊമേഴ്സ് വളഞ്ഞ വഴിയിലെ വിദേശനിക്ഷേപ വാതായനങ്ങളാവുകയാണോ**

ഇന്ത്യയിൽ ചില്ലറ വില്പനയിലെ വിദേശ നിക്ഷേപത്തിന് കർശനമായ പരിധി വിലക്കുണ്ട്. എന്നാൽ ഈ ഓൺലൈൻ

കച്ചവട സ്ഥാപനങ്ങളുടെയെല്ലാം മൂലധന നിക്ഷേപം വരുന്നത് രാജ്യത്തിന് പുറത്ത് നിന്നാണ്. അതുകൊണ്ടു തന്നെ ഫ്ളിപ്കാർട്ട് അടക്കമുള്ള സ്ഥാപനങ്ങൾ സർക്കാരിന്റെ നിരീക്ഷണ വലയത്തിലാണ്. വിദേശ നാണയ വിനിമയ ചട്ടം ഫെമ-ലംഘിച്ചതിന്റെ പേരിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം രണ്ട് വർഷമായി നടക്കുകയാണ്. ഒരു പക്ഷേ, ആയിരം കോടി രൂപ പിഴ ചുമത്താനുള്ള കുറ്റം. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും ഇവിടെ നിലവിലുള്ള നിയമത്തിന്റെ പഴുതുകൾ കാര്യമായി തന്നെ ഓൺലൈൻ കടകൾ ഉപയോഗപ്പെടുത്തുന്നു. സാങ്കേതിക അർത്ഥത്തിൽ ഈ ഓൺലൈൻ സ്ഥാപനങ്ങൾ ഒന്നും നേരിട്ട് സൈറ്റുകൾ വഴി വില്പന നടത്തുന്നില്ല. നിയമം ഇവരെ വിപണിയിടം അഥവാ മാർക്കറ്റ് പ്ലേസ് ആകാൻ അനുവദിക്കുന്നു. അതായത് ഫ്ളിപ്പ്കാർട്ട്, ആമസോൺ, ഇ.ബേ... ഒക്കെ ഇങ്ങനെയുള്ള കേവല ഇടനില സ്ഥാപനം മാത്രമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൻപുറത്തെ ചന്തപോലെ. വിൽക്കാനുള്ളവർക്കും വാങ്ങാനുള്ളവർക്കും ഇടയിലെ മദ്ധ്യവർത്തി സ്ഥാപനം. അങ്ങനെ അവർ ഒരു ചരക്കിന്റെയും ഉടമയോ, വാഹകരോ, വില്പനക്കാരോ, എന്തിലധികം പറയുന്നു ഉത്പന്നങ്ങളുടെ വിതരണക്കാർ പോലും അല്ല. വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും വേണ്ട സാങ്കേതിക സൗകര്യം, വിവരാപഗ്രഥനം, പട്ടികപെടുത്തൽ, വിവരങ്ങൾ, ഉചിതമായ തരത്തിൽ ഓൺലൈൻ വില്പന വെബ്സൈറ്റുകൾ വഴി പരസ്യപ്പെടുത്തൽ എന്നിങ്ങനെയുള്ള വ്യാപാരബാഹ്യ കാര്യങ്ങൾ മാത്രമാണ് ചെയ്യുന്നത്. ഇതിനാകട്ടെ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദനീയവുമാണ്.

**വിലക്കിന്റെ പിന്നിലെന്ത്**

മാർക്കറ്റ് പ്ലേസ് മാത്രമായി ഇവിടെ വില്പനയ്ക്കെത്തുന്നവരാണ് വിലകുറച്ച് കൊടുക്കുന്നത്. ഇന്റർനെറ്റ് ഇതര വിപണിയുമായും മറ്റ് ഇ-കോം സംരംഭങ്ങളുമായും പരസ്പരം മത്സരിച്ച് വിലക്കുറയ്ക്കുന്ന രീതിയാണ് ഇവിടെ അവലംബിക്കുന്നത്. Predatory Pricing എന്ന് വിളിക്കപ്പെടുന്ന സംവിധാനം. സാധാരണ ചില്ലറ വില്പന ശാലകളിൽ പലതട്ടുകൾ കൈമാറിയാണ് ഉത്പന്നം കടകളിൽ എത്തുന്നത്. ഓരോ തട്ടിൽ നിന്നും മാറുമ്പോഴും ലാഭം/കമ്മീഷൻ സ്വാഭാവികമായും കൂട്ടിച്ചേർക്കപ്പെടും. മാത്രമല്ല ഓൺലൈൻ കടകൾക്ക് നഗരത്തിലെ തിരക്കേറിയ വീഥിക്കരികിൽ മുന്തിയ വാടക കൊടുത്ത് മോടിപിടിപ്പിച്ച അകത്തളങ്ങളുടെ ആവശ്യമില്ല. പലതരത്തിലും ഉത്പന്നങ്ങളുടെമേൽ വിലക്കുറയ്ക്കാനാകുന്നു. സാധാരണ കടക്കാരനാകട്ടെ എത്ര കിണഞ്ഞ് ശ്രമിച്ചാലും ഈ താഴ്ന്ന തുകയിൽ വില്പനയെപ്പറ്റി ചിന്തിക്കാനേ ആകില്ല.

രസകരമായ മറ്റൊരു വശം കൂടിയുണ്ട് ഈ വിലക്കുറവിന് പിന്നിൽ. ഉദാഹരണത്തിന് ഫ്‌ളിപ്പ്കാർട്ടിലെ ഭൂരിഭാഗ വില്പനയും നടത്തുന്നത് WS Retail എന്നകമ്പനിയാണ്. ഈ കമ്പനിക്ക് നേരിട്ടോ അല്ലാതെയോ മാതൃകാസ്ഥാപനവുമായി ബന്ധമുള്ള ഉപസ്ഥാപന മാണന്നത് അങ്ങാടിപ്പാട്ട്. ഇങ്ങനെയൊരു ആഭ്യന്തര ഘടനയിലാണ് കാര്യമായ തോതിൽ എഫ്.ഡി.ഐ പണം വരുന്നത്. ഈ പണം ഉപയോഗിച്ച് വിലയിളവ് നൽകുന്നു എന്നു അനുമാനിക്കാം. കാരണം ഓരോ വർഷവും കമ്പനി നഷ്ടത്തിലാണ്. ഈ നഷ്ടം സഹിച്ചും എന്തിന് ഇങ്ങനെ മുന്നോട്ട് പോകുന്നു എന്ന ചോദ്യത്തിന്റെ ഉത്തരം വന്ന് നിൽക്കുന്നത് ഒരു പക്ഷേ, വരാനിരിക്കുന്ന ഓഹരി വിപണി ലിസ്റ്റിങ്ങും ഐപിഒ അപ്പോഴത്തെ മതിപ്പ് മൂല്യവുമായിരിക്കാം.

പലതരത്തിൽ ഒളിഞ്ഞും തെളിഞ്ഞും വിലകുറച്ച് ചില ഉത്പ ന്നങ്ങൾക്ക് എൺപതു ശതമാനം വരെ വിലയിളവിൽ കാര്യങ്ങൾ എത്തിച്ച് അത് പരസ്യം ചെയ്ത് മാലോകരെ അറിയിച്ചാൽ വെബ് സൈറ്റ് ട്രാഫിക്ക് മുഖേന ക്രാഷ് ആയില്ലെങ്കിൽ അല്ലേ അത്ഭുതപ്പെടാ നുള്ളൂ. ഇങ്ങനെ വിലക്കുറവ് നൽകുമ്പോൾ വിൽക്കാൻ വച്ചിരിക്കുന്ന കമ്പനികൾക്ക് ഒരു പക്ഷേ, അവർ കൊണ്ട് വന്ന ഉത്പന്ന തുകയെ ക്കാൾ കുറച്ച് കൊടുക്കാൻ ഈ മാർക്കറ്റ് പ്ലേസ് അനുവദിക്കും. തന്മൂ ലമുണ്ടാകുന്ന നഷ്ടം മാർക്കറ്റ്പ്ലേസ് അവരുടെ പക്കലുള്ള വെഞ്ചർ ക്യാപിറ്റൽ നിക്ഷേപത്തിൽ നിന്ന് അനുവദിച്ച് നൽകും. വിറ്റവിലയ്ക്ക് മാത്രമാണ് നികുതി എന്നതിനാൽ ഇവിടെ സർക്കാരിന്റെ ആശങ്ക വർദ്ധിക്കുന്നുണ്ട്. വിലക്കുറവിന്റെ നഷ്ടം നികത്താനുള്ള തുക തിരികെ ഉത്പാദകന് നൽകുന്നതിൽ സേവനനികുതിയാകും ബാധ കമാവുക. ഏതായാലും സങ്കീർണ്ണമായ നിർദ്ധാരണം ആവശ്യമായ ഘട്ടം. ഇന്റർനെറ്റ് പൂർവകാലഘട്ടത്തിൽ എഴുതപ്പെട്ട നിയമങ്ങളും തുടർന്നെത്തിയ ചട്ടങ്ങൾക്കും ഡിജിറ്റൽ വ്യാപാരത്തെ കൈകാര്യം ചെയ്യാൻ കാര്യമായ വിയർപ്പൊഴുക്കേണ്ടി വരും. കാരണം നിലവി ലുള്ള നിയമത്തിന്റെ കണ്ണിലൂടെ നോക്കിയാൽ ഒരു പക്ഷേ, ഈ ഓൺലൈൻ വില്നശാലകളുടെ വാദം ശരിയെന്ന് സമ്മതിക്കേണ്ടി വരും. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ, വരാനിരിക്കുന്ന ചരക്ക് സേവനനികുതി എന്നിവയാണ് ഓൺലൈൻ ചില്ലറ വില്പനയി ലൂടെ ഭാവി എഴുതുക. ഏതായാലും ഇതിനെ കൂടുതൽ വളരാനനു വദിക്കുന്ന എന്നാൽ സർക്കാർ നിയന്ത്രണം സാധ്യമാകുന്ന തര ത്തിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നതെന്ന് വിപണി വൃത്ത ങ്ങൾ നിരീക്ഷിച്ചാൽ ബോധ്യമാകും.

**ഇ-കൊമേഴ്സിൽ നിന്ന് എം-കൊമേഴ്സിലേക്ക്**

മുൻനിര ഇ- കടക്കാരുടെ പ്രതീക്ഷ പ്രകാരം 90 ശതമാനം

വില്പനയും ഇനിയുള്ള വർഷങ്ങളിൽ വരുന്നത് മൊബൈൽ ഉപകരണങ്ങളിൽ നിന്നാകുമെന്നാണ്. മൊബൈൽ ഫോണിലെ ആപ്ലിക്കേഷനുകൾ വഴി സാധനങ്ങൾ വാങ്ങുന്നത് അത്രമേൽ ലളിതമാകുന്ന തരത്തിൽ പിന്നണി സാങ്കേതികതയും മാറുന്നുണ്ട്. ഇപ്പോൾ തന്നെ ചില ഓൺലൈൻ സ്റ്റോറുകളിൽ 50 ശതമാനത്തോളം വില്പന മൊബൈൽ ഫോണിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. ഒരു പക്ഷേ, ഇനി ആദ്യമായി ഇന്റർനെറ്റിലേക്കെത്തുന്നവർ നേരിട്ട് മൊബൈലിൽ ആകും ആദ്യം ഉപയോഗിച്ച് തുടങ്ങുക. നാട്ടിലെ ഇന്റർനെറ്റ് കഫേകൾ ഇന്ന് പ്രസക്തമല്ലാതായി തീർന്നത് ഓർക്കുക. സ്മാർട്ട് ഫോൺ വഴി മാത്രം പോയ വർഷത്തിന് മുന്നെ 7,800കോടി രൂപയുടെ പണവിനിമയം നടന്നു. മാർച്ച് 2014-ൽ 36,000 കോടിയിലെത്തി എന്ന കണക്കും ഇവിടെ ചേർത്ത് വായിക്കാം. ഈ സൂചിപ്പിച്ച കണക്കിൽ നടന്ന ഇടപാടുകളുടെ എണ്ണം ഇരട്ടി ആയപ്പോൾ കൈമാറ്റം ചെയ്യപ്പെട്ട പണത്തിന്റെ മൂല്യം പല മടങ്ങ് വർദ്ധിച്ചു. ഇത് വിരൽ ചൂണ്ടുന്നത് സ്മാർട്ട്ഫോൺ വഴി വലിയ മൂല്യ ഇടപാടുകൾ നടത്താനുള്ള പക്വത മാധ്യമസമൂഹം ആർജിച്ചു കഴിഞ്ഞു എന്നാണ്.

മൊത്തമുള്ള മൊബൈൽ ഫോണിൽ 8 ശതമാനം മാത്രമാണ് സ്മാർട്ട് ഫോൺ എന്നാൽ 2017 ആകുമ്പോഴേക്കും ഈ എണ്ണം 17 ശതമാനത്തിലെക്കെത്തും എന്ന് വിശ്വസനീയമായ സ്ഥിതിവിവര അനുമാനങ്ങൾ ഉണ്ട്. ഇക്കഴിഞ്ഞ വർഷംവരെ മിക്കകമ്പനികളും മൊബൈൽ ഫോണിനെ വിവരവിനിമയ ചാനൽ മാത്രമായി കണ്ടെങ്കിൽ ഇന്ന് കാര്യങ്ങൾ അങ്ങനെയല്ല. എല്ലാ കമ്പനികളും എന്തിനധികം സർക്കാറുകൾ വരെ ആപ്പിൾ/ആൻഡ്രോയിഡ്/ബ്ലാക്ക്ബെറി/വിൻഡോസ് പ്ലാറ്റ്ഫോമുകളിലായി വിവിധോദ്ദേശ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്ന തന്ത്രപ്പാടിലാണ്. പല സർക്കാരുകളും ഇ-ഗവൺസിനെ എം-ഗവൺൻസായി പരിവർത്തനം ചെയ്യാനും തയ്യാറായിക്കഴിഞ്ഞു.

ആമസോൺ ഇന്ത്യ അവരുടെ മൊബൈൽ ആപ്ലിക്കേഷൻ രൂപസംവിധാനം ചെയ്ത് ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ മൊത്തം ഇന്റർനെറ്റ് ട്രാഫിക്കിന്റെ പകുതി ഇത് വഴി ആയിക്കഴിഞ്ഞിട്ടുണ്ട്. ഇനിന് ചാലകശക്തിയായി എല്ലാ ബാങ്കുകൾക്കും ഇന്ന് മൊബൈൽ ബാങ്കിംഗ് സൗകര്യവും സുസജ്ജം. 22 കോടി സാമ്പത്തിക ഇടപാടുകൾ 2013-14ൽ ഇന്ത്യയിൽ എല്ലാ ബാങ്കുകളിലായി നടന്നു എന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ ഒക്കെ ചേർത്തു വായിച്ചാൽ ഇ-കൊമേഴ്സ് വളരെയെളുപ്പത്തിൽ തന്നെ എം-കൊമേഴ്സിന് വഴിമാറിക്കഴിഞ്ഞു. USSD (Unstructures Supplimentary Service Data) ഉപയോഗിച്ച് വളരെയെളുപ്പം കടലാസ് കറൻസി ഇതര

പണവിനിമയം നടത്താനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. അതായത് എസ്.എം.എസ് മാത്രമുള്ള ഫോണിൽ പോലും ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കും. നിലവിൽ 90 കോടിയിലേറെ സിം കാർഡുകൾ രാജ്യത്തുടനീളം വ്യക്തികളും സ്ഥാപനങ്ങളും ഉപയോഗിക്കുന്നു അതെല്ലാം ഇനി മൊബൈൽ പേയിമെന്റിന് ഉപയോഗിക്കാം എന്ന് ചുരുക്കം.

മൊബൈൽ സാങ്കേതികതയുടെ വളർച്ചയും ടെലകോം സേവനം 3ജിയിൽ നിന്ന് 4ജിയിലേക്ക് മാറാനുള്ള ഒരുക്കവും ഈ മാറ്റത്തിന് രാസത്വരകമായി പ്രവർത്തിക്കും. ഒരു ഇന്ത്യക്കാരന്റെ ഫോണിൽ ശരാശരി 17 ആപ്ലിക്കേഷൻ ഉള്ളപ്പോൾ യൂറോപ്പിൽ 33, ജപ്പാനിൽ 41 എന്നിങ്ങനെയാണ് ഇ സേവനങ്ങൾ എം-സേവനങ്ങളായി പരകായപ്രവേശം നടത്തുന്നതിന്റെ വലിയ സാധ്യതയാണ് വരാനുള്ളതെന്ന് ഇവർ സൂചിപ്പിക്കുന്നു. മൊബൈൽ ഫോൺ ഇങ്ങനെയൊക്കെ ആയി മാറുമെന്ന് പത്ത് വർഷത്തിന് മുന്നെ തന്നെ മിക്കവരും കണക്കുകൂട്ടിയതുമില്ല. എന്നാൽ സ്മാർട്ട് ഫോണിന്റെ കടന്ന് വരവ് ഡിജിറ്റൽ എക്കണോമിയെ ആകെ മാറ്റിമറിക്കുന്ന കാഴ ചയ്ക്കാണ് നാമിന്ന് സാക്ഷ്യം വഹിക്കുന്നത്. നിയർ ഫീൽഡ് കമ്മ്യൂണിക്കേഷൻ എന്ന പുതിയ കൂട്ടിച്ചേർക്കൽ മൊബൈൽ ഫോണിന്റെ പണക്കൈമാറ്റ സംവിധാനത്തിന് എളുപ്പവും സുരക്ഷയും നൽകുന്നു എന്നത് ഒക്കെ വരാനിരിക്കുന്ന വർദ്ധിച്ച തോതിലുള്ള വിനിമയങ്ങൾക്ക് കരുത്തുപകരാനുള്ള ഏർപ്പാടുകളാണ്. മൂന്നു വർഷം മുന്നെ കേവലം 2 ശതമാനം മാത്രമായിരുന്നു മൊബൈൽ വഴിയുള്ള ഇടപാടുകൾ. എന്നാൽ 2017ൽ 70 മുതൽ 80 ശതമാനം വരെ വർദ്ധിക്കുമെന്ന് ഗൂഗിൾ ഇന്ത്യയുടെ അനുമാനം.

**ഓൺലൈൻ മാത്രം വില്പന ഫലിക്കുമോ**

പുനരവതരിച്ച മോട്ടറോള മൊബൈൽഫോൺ വിറ്റത് ഓൺലൈനായി മാത്രമായിരുന്നു. രാജ്യം മുഴുവൻ വില്പന ശൃംഖല ഉഷാറാക്കി വില്പനയ്ക്ക് തയ്യാറെടുത്തുവെങ്കിൽ അത് പണ്ടേ പോലെ ഫലിക്കുമായിരുന്നോ എന്ന സന്ദേഹം നിശ്ചയമായും അവരെ അലട്ടിയിരിക്കണം. മൂന്ന് മോഡലുകൾ പലസമയത്തായി കാര്യമായി പരസ്യപിന്തുണയോടെ തന്നെ ഓൺലൈനിൽ മാത്രം വില്പനയ്ക്ക് വച്ചു. സംഗതി കുറിക്ക് കൊണ്ടു. മൊബൈൽഫോൺ വിപണിയിൽ ഹിറ്റായി. മൂന്നോ നാലോ തട്ട് വില്പന/വിതരണക്കാരെ കുറയ്ക്കാനായതിനാൽ ഫോൺ ഒന്നുക്ക് ഏകദേശം 3000 – 5000 രൂപ വരെ കുറച്ച വിലയിടാനുമായി എന്നതും ഇതിനൊപ്പം വായിക്കാം. എന്തിനധികം പറയുന്നു. സാധാരണ കടകൾ വഴി വിൽക്കാത്ത ഫോൺ ആയിട്ട് കൂടി അതൊന്നുമറിയാതെ ചിലരെ

ങ്കിലും മോട്ടോറോളാ ഫോൺ അന്വേഷിച്ച് മൊബൈൽ ഷോപ്പിൽ ചെല്ലുന്നുണ്ട്.

ഇതിനെ തുടർന്ന് ഇന്ന് ഫോൺ നിർമാതാക്കൾ മാത്രമല്ല പല ഉപഭോക്തൃ ഉല്പന്ന നിർമ്മാതാക്കളും നെറ്റ് വഴി മാത്രം ഉള്ള വിൽപന ലക്ഷ്യമിടുന്നു. പരമാവധി വിലകുറയ്ക്കാനാകുന്നു എന്ന തിനാൽ വാങ്ങാനുള്ളവർ ക്യൂവിൽ ഉണ്ടാകും എന്ന് ഉറപ്പ് നൽകാൻ പറ്റും എന്ന നിലയിൽ ഓൺലൈൻ വില്പനശാലകൾ പരിപക്വത നേടിക്കഴിഞ്ഞു. നെറ്റിസൺ(ഇന്റർനെറ്റിലെ സിറ്റിസൺ)മാരുടെ എണ്ണത്തിലെ വളർച്ചാനിരക്കും കമ്പനികളെ ഇങ്ങനെയൊരു സമാന്തര ഉത്പന്ന നിരയിലേക്ക് ആകർഷിക്കുന്നുണ്ട്.

**ഐ.ആർ.സി.ടി. സി സർക്കാരിന്റെ ആമസോൺ**

റെയിൽവേ ടിക്കറ്റ് ബുക്ക് ചെയ്യാൻ സർക്കാർ ഉടമസ്ഥതയിലുള്ള ഐ ആർ.സി.റ്റി.സി.പോർട്ടൽ ഇന്ന് ഇന്ത്യയിലെ ഏത് ഓൺലൈൻ വ്യാപാര സൈറ്റിനോടും പലതരത്തിൽ കിടപിടിക്കുന്നതാണ് എന്നത് രസകരമായ കാര്യം. പഴയ ഒച്ചിഴയുന്ന വേഗത്തിൽ നിന്ന് കാര്യമായ നിലവാരം കൂടിയിട്ടുണ്ട്. ശേഷിയുടെ കാര്യത്തിലും രൂപകല്പനയുടെ കാര്യത്തിലും http://irctc.co.in ൽ 2.70 കോടി സജീവ ഉപയോക്താക്കൾ വഴി ദിനേന 4 ലക്ഷം ടിക്ക്റ്റ് ബുക്കിങ്ങ് നടക്കുന്നു. ഭക്ഷണ വ്യാപാരമാണ് ഈ കോർപ്പറേഷന്റെ മുഖ്യ ജോലി എങ്കിലും ടിക്കറ്റ് ഇ-ബുക്കിംഗ് നല്ല വരുമാന സ്രോതസ്സ് തന്നെ. വിപണി പണ്ഡിതർ ഈ സ്ഥാപനത്തിനിടുന്ന മൂല്യം 12,000 കോടി രൂപവരെയാണ്. ഇത്രയധികം ആൾക്കാർ ദിനം തോറും വന്ന് പോകുന്ന ഈ ഓൺലൈൻ കട വഴി എന്ത് കൊണ്ട് സർക്കാരിന്റെ തന്നെ ഉത്പന്നങ്ങൾ വിറ്റഴിച്ചുകൂടാ. ഇന്റർനെറ്റ് യുഗത്തിൽ ഗൂഗിൾ മുതൽ തട്ടുകട ഡോട്ട് കോം വരെ മത്സരിക്കുന്നത് പരമാവധി ആളുകൾ വന്ന് കയറുന്ന സൈറ്റുകൾക്കാണ്, ഇതിനോടകം തന്നെ ഹിറ്റായ ഈ സൈറ്റ് വഴി ഹാൻടെക്, തുണിത്തരങ്ങൾ മുതൽ കേരള സർക്കാരിന്റെ സോപ്പായ വേപ്പ് വരെ വിൽക്കട്ടെ. അതിനുള്ള സാഹചര്യം ഉണ്ടാക്കിയാൽ വിപണി കണ്ടെത്താൻ തന്ത്രപ്പെടുന്ന സർക്കാർ കമ്പനികളുടെ നല്ലയുത്പന്നങ്ങളെ തേടി സാധാരണക്കാരനായ ഉപയോക്താവിന് നാട്ടിലലയേണ്ട ആവശ്യമില്ലല്ലോ. ഐ.ആർ.സി.ടി.സി ഒരു നല്ല പൊതുമേഖലാ സാധ്യതയാണ്. അതൊക്കെ കരുത്താർജ്ജിക്കുമ്പോൾ ഈ ഓൺലൈൻ ചില്ലറ വിൽപനശാലകൾ ഒരു സർക്കാർവക ബദൽ സൃഷ്ടിക്കുക കൂടിയാണ്.

**കേവലം വില്പന മാത്രമാണോ**

ഓൺലൈൻ കച്ചവട സ്ഥാപനങ്ങളെ പരമ്പരാഗത കച്ചവടങ്ങളുമായി അങ്ങനെയങ്ങ് താരതമ്യം ചെയ്ത് തീർപ്പാക്കാനാകുമോ?

സാധാരണ കടയിൽ ഒരു പക്ഷേ, ഇതേ വിലയ്ക്ക് തന്നെ വിറ്റാൽ പോലും ഉപയോക്താക്കളുടെ മനസ്സോ അല്ലെങ്കിൽ വാങ്ങൽ രീതിയോ അറിഞ്ഞിടപെടാൻ പറ്റണമെന്നില്ല. കാരണം മറ്റൊന്നുമല്ല വിവരങ്ങൾ കാര്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല എന്നത് തന്നെ. ഓൺലൈൻ പോർട്ടലുകളിൽ വിവര വിശകലനം-ഡാറ്റാ അനാലിസിസ് -എന്നത് വളരെ തന്ത്രപരമായി നടക്കും. കഴിഞ്ഞ വർഷങ്ങളിൽ ഇതേ കാറ്റഗറിയിൽ ഏതൊക്കെ ഉത്പന്നത്തിന് എങ്ങനെയൊക്കെയുള്ളവരിൽ നിന്ന് ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് ഓർഡർ വന്നു, അത് വച്ച് ഡിസ്കൗണ്ട് എത്ര, ഏതൊക്കെ ഇനത്തിന് കൊടുക്കാം, ഒന്നെടുത്താൽ ഒന്ന് സൗജന്യം പദ്ധതിയിൽ ഏതൊക്കെ ഉല്പന്നങ്ങൾ തമ്മിൽ കൂട്ടിക്കെട്ടാം അങ്ങനെ പലവിധ വിവരസങ്കലനം നിമിഷാർദ്ധം കൊണ്ട് സാധ്യമാകുന്നു. ഇതനുസരിച്ച് വരാനിരിക്കുന്ന വില്പനയുടെ സ്വഭാവം വരച്ചെടുക്കുകയും അഥവാ സിമുലേറ്റ് ചെയ്യുകയും ആകാം. ഡിമാൻഡ് പാറ്റേൺ, പ്രതീക്ഷിക്കുന്ന ട്രാഫിക്, ഡിമാന്റ് അനുസരിച്ച് പ്രതികരിക്കുന്ന ഡൈനാമിക് പ്രൈസിംഗ് ഒക്കെ സാധ്യതകൾ. ഇതിന്റെ ഒക്കെ ആണിക്കല്ല് ഡിജിറ്റലായി നാം തന്നെ നല്കുന്ന വിവരങ്ങളും അത് വച്ചുള്ള അഭ്യാസം നടത്താൻ എന്തെളുപ്പം. ഈ വിവരവിശകലനത്തിന്റെ കൃത്യത ചെന്ന് തൊടുന്നത് ഉപയോക്താവിനെ പറ്റിയുള്ള വിവരത്തിലും അവർ വാങ്ങുന്ന സാധനങ്ങളുടെ കാര്യത്തിലും ആണ്. ഇതനുസരിച്ചുള്ള ട്രാഫിക് മാനേജ്മെന്റ് നടത്താം. സാധാര കടകളിൽ വരുന്ന കാല്പാടുകളെ അവർ ബിസിനസ്സ് ആക്കി മാറ്റാൻ പല തന്ത്രങ്ങളും പയറ്റുന്ന പോലെ, ഓൺലൈൻ ട്രാഫിക്കിനെ വില്പനയിലേക്ക് പരിവർത്തനം ചെയ്യാൻ ഈ വിവര വിശകലനം സങ്കീർണമായ അൽഗരിത സാധ്യതകൾ തേടുന്നു. അതനുസരിച്ച് വിലയിളവും ഓഫറുകളും ലോഗിൻ ചെയ്യുന്ന ഉപയോക്താവിനും സ്ഥലത്തിനുമനസിരിച്ചൊക്കെ ഭാവിയിൽ വ്യത്യാസപ്പെടാം.

**സാങ്കേതികവിദ്യ എവിടെ വരെ**

ഓൺലൈൻ ചില്ല വില്പനക്കടകൾ നേരിടുന്ന ഏറ്റവു വലിയ പ്രശ്നം എല്ലാ നാട്ടിലേക്കും ഗ്രാമാന്തരങ്ങളിലേക്കും ചെന്നെത്താൻ സാധ്യമായ തരത്തിലുള്ള വിതരണസംവിധാനം ഇല്ല എന്നതാണ്. ഇവിടെയാണ് നവസാങ്കേതികയുടെ പുതുസാധ്യതകൾ തേടുന്നത്. ആളില്ലാ ചെറുവിമാനങ്ങൾ (Unmanned Areal Vehicles - UAVs) വഴി നേരിട്ട് സാധനങ്ങൾ വീട്ട് പടിക്കൽ എത്തിക്കുന്ന അഥവാ എയർ ഡ്രോപ്പ് ചെയ്യുന്ന ഡ്രോണുകൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഒരുപക്ഷേ വ്യാപകമായേക്കാം. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇതിന്റെ സാധ്യതൾ പഠിച്ചുകൊ

ണ്ടിരിക്കുകയാണ്. അടുത്ത രണ്ട് മാസത്തിനിടെ കരട് റഗുലേഷൻ രേഖകൾ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ച് കിലോഗ്രാം ഭാരം വരുന്ന സാധന പാക്കറ്റുകൾ മുഖ്യവിതരണ കേന്ദ്രത്തിൽ നിന്ന് നേരെ യന്ത്രപ്പറവ പോലത്തെ ഈ ഉപായം വഴി നേരെ വീട്ടിലെത്തിക്കുന്നത് വിപണിയെ ചടുലമാക്കും. വാണിജ്യാവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കുമ്പോൾ സുരക്ഷ, സ്വകാര്യത ഒക്കെ നോക്കി മാത്രം അനുമതി ലഭിക്കേണ്ടതിനാലാണിത്.

**വിപണിയുടെ ജനാധിപത്യവത്കരണം**

എന്തൊക്കെ എതിർപ്പ്പറഞ്ഞാൽ പോലും ഇന്ന് വൻനഗരങ്ങളിലെ മാളുകളിലോ അതാത് കമ്പനികളുടെ എക്സ്ക്ലൂസീവ് വില്പനശാലകളിലോ പോയി വാങ്ങേണ്ടി വരുന്ന സാധനങ്ങൾ ഇന്റർനെറ്റ് ബന്ധമുള്ള ചെറുപട്ടണങ്ങളിലിരുന്ന് വാങ്ങാം. ഉല്പന്നത്തെ പറ്റി കടക്കാരൻ വിവരിക്കുന്നത് അല്ലെങ്കിൽ കമ്പനിയുടെ ബഹുവർണ്ണ ലഘുലേഖ പറയുന്നത് മാത്രം അപ്പടി വിശ്വസിച്ച് വാങ്ങാനുള്ള ഒറ്റ തുരുത്തിലുമല്ല ഉപഭോക്താവ്. സാധനം വാങ്ങി ഉപയോഗിച്ച ശേഷം ഓരോരുത്തരും സ്വതന്ത്രമായി എഴുതുന്ന റിവ്യൂ ഒക്കെ ഇപ്പോൾ വൻകിട ബ്രാൻഡുകളുടെ അടക്കം ഉറക്കം കെടുത്തിയതിന്റെ സൂചനയാണ്. ട്വിറ്ററിലും ഫേസ്ബുക്കിലും ഒക്കെ വരുന്ന അഭിപ്രായങ്ങളോട് കമ്പനികൾ മെച്ചപ്പെട്ട സൗഹാർദ്ദത്തോടെ പ്രതികരിക്കുന്നത്.

ഇതൊക്കെ ഉപയോക്താവിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനമായി വ്യാഖ്യാനിക്കാമെങ്കിൽ നമ്മൾ അത്രയ്ക്ക് ശ്രദ്ധിക്കാതെ പോകുന്ന മറ്റൊരു കൂട്ടർ ഉണ്ട്. ചെറുകിട ഉത്പാദകർ, കുടുംബശ്രീ അടക്കമുള്ള കൂട്ടായ്മകൾ അവർക്കൊക്കെ ഈ മാർക്കറ്റ് പ്ലേസിൽ തങ്ങളുടെ ഉത്പന്നം വില്പനയ്ക്ക് വയ്ക്കാം. തീരെ ശേഷി കുറഞ്ഞ സാഹചര്യത്തിൽ ഉത്പാദനശാല ആണെങ്കിൽപോലും ഗുണനിലവാരവും മെച്ചപ്പട്ട വില്പനാനന്തര സേവനവും കൈമുതലായി ഉണ്ടെങ്കിൽ നിങ്ങൾക്കും കാര്യമായ അവസരങ്ങൾ ഈ മാറിയ സാഹചര്യത്തിൽ ഉണ്ട്. ഇതിനോടകനം തന്നെ ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ ഓൺലൈൻ വില്പനശാലകളുടെ മാർക്കറ്റ് പ്ലേസിനെ കാര്യമായി വരിച്ച് കഴിഞ്ഞു. മുൻപ് അവർക്ക് എത്താവുന്ന വിപണിക്ക് ഭൗതികമായി ഒട്ടേറെ പരിമിതികൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ത്യ ഉടനീളം ഒരു വിപണിയായി മലർക്കെ തുറന്ന് കിട്ടുകയാണ്. അത് ചെറിയ കാര്യവുമല്ല. ഇന്റർനെറ്റ് പൂർവ കാലഘട്ടത്തിൽ ചിന്തിക്കാൻ പറ്റാതിരുന്ന വിപുലമായ ഇടം. അതും തീരെ കുറഞ്ഞ ചിലവിൽ കാര്യമായ പരസ്യകോലാഹലങ്ങളില്ലാതെ തന്നെ.

സ്നാപ്ഡീൽ എന്ന ഓൺലൈൻ വില്പനശാലയുടെ കണക്ക് പ്രകാരം വില്പനയ്ക്ക് എത്തിയ സ്ഥാപനങ്ങളിൽ 30 ശതമാനം വനിതാ സംരംഭകരുടേതാണ്. അവരിൽ മിക്കവരും ആദ്യതവണ ബിസിനസ്സിലേക്ക് എത്തിയവരും. ചൈനയിൽ നിന്ന് ഉള്ള വർത്തമാനവും കൂടി സൂചിപ്പിച്ചവസാനിപ്പിക്കാം സർക്കാർ ഉടമസ്ഥതയിലുള്ള ചൈനാ പോസ്റ്റിന്റെ ഏറ്റവും വലിയ കസ്റ്റമർ ഇന്ന് ഇവിടുത്തെ ഫ്ളിപ്പ് കാർട്ടായ അലിബാബ ഡോട്ട് കോം ആണ്. ഇന്ത്യ പോസ്റ്റിലും ഇതോ പോലെ ഒരു വാർത്താ ഉടനെ കേൾക്കാൻ സാധ്യതയുണ്ടെങ്കിൽ അത് വലിയ അവസരമാണ് സാധാരണക്കാരായ ഉപയോക്താക്കൾക്കും ചെറുകിട സംരംഭകർക്കും എന്തിനധികം തപാൽ വകുപ്പിനും.

ടെലകോം വിപ്ലവം താഴെ തട്ടിൽ കാര്യമായ മാറ്റം ഉണ്ടാക്കിയത് പോലെ ശരിയായ നിയന്ത്രണാധികാരിയും ഉപഭോക്തൃനിയമങ്ങൾ നെറ്റ് അധിഷ്ഠിത വ്യാപാര-വാണിജ്യ വിനിമയങ്ങൾക്ക് കാലാനുസൃതമായി മാറ്റിയെഴുതുകയും ചെയ്താൽ ഓൺലൈൻ വില്പനശാലകൾ അടുത്ത മാറ്റകാഹളമാകും എന്നതിൽ തർക്കമില്ല.

# ട്രോളുകളും ജനാധിപത്യവും
**എൻ.പി. സജീഷ്**

**ഒ**രുത്തർക്കും ലഘുത്വത്തെ
വരുത്തുവാൻ മോഹമില്ല
ഒരുത്തന്നും ഹിതമായി
പറവാനും ഭാവമില്ല

– കുഞ്ചൻനമ്പ്യാർ

മീൻകറിയിൽനിന്നും അമ്മ എന്തോ കോരിയെടുത്തു കളയുന്നത് കണ്ട് ഞാൻ ചോദിച്ചു: "എന്താ അമ്മേ ഈ കളയുന്നത്?" അമ്മ പറഞ്ഞു: "ഫിദൽ കാസ്ട്രോ"–നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം, വി.എസിനെ ഫിദൽ കാസ്ട്രോ എന്നു വിശേഷിപ്പിച്ച് മുഖ്യമന്ത്രി പദത്തിൽനിന്ന് മാറ്റി നിർത്താനുള്ള സി.പി.എമ്മിന്റെ തീരുമാനത്തോട് സോഷ്യൽ മീഡിയ നർമരസത്തിൽ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. 'കറിവേപ്പിലയുടെ പുതിയ ശാസ്ത്രീയനാമം: ഫിദൽ കാസ്ട്രോ' എന്ന പുത്തൻ സസ്യശാസ്ത്രവിജ്ഞാനവും സാമൂഹിക മാധ്യമങ്ങൾ പ്രചരിപ്പിച്ചു.

റൺവേയുടെ പണിപോലും പൂർത്തിയായിട്ടില്ലാത്ത കണ്ണൂർ വിമാനത്താവളം തെരഞ്ഞെടുപ്പിനു മുമ്പ് തിരക്കിട്ട് ഉദ്ഘാടനം ചെയ്തതിനെ സാമൂഹികമാധ്യമങ്ങൾ പരിഹസിച്ചത് കാർട്ടൂൺ സ്വഭാവമുള്ള ഒരു ഫോട്ടോഷോപ്പ് ഇമേജിലൂടെയാണ്. ഒരാൾ പശുവുമായി വന്ന് ഉമ്മൻചാണ്ടിയോട് പറയുന്നു: "ഉദ്ഘാടനം കഴിഞ്ഞെങ്കിൽ എനിക്കവിടെ പശുവിനെ കെട്ടാമായിരുന്നു" എന്ന്.

'ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്' എന്ന സിനിമയിലെ ഇന്ദ്രജിത്തും എപ്പോഴും മകനോട് കലഹിക്കുന്ന അമ്മയുമാണ് സോഷ്യൽ മീഡിയ

യിലും വാട്സാപ്പിലും വോട്ടെടുപ്പിനു തൊട്ടുമുമ്പ് വ്യാപകമായി പ്രചരിച്ച മറ്റൊരു ഫോട്ടോഷോപ്പ് ഇമേജിൽ. 'സംഘി'യായ ഇന്ദ്രജിത്ത് അമ്മയോട് പറയുന്നു: "തള്ളേ ദേ മര്യാദക്ക് കൂടെവന്ന് ബി.ജെ.പിക്ക് വോട്ടു ചെയ്തേക്കണം."

അപ്പോൾ അമ്മയുടെ മറുപടി: "നിനക്ക് അമ്മയേക്കാൾ വലുത് പശുവല്ലേ. തൊഴുത്തിൽനിൽപ്പുണ്ട്. വേഗംകൊണ്ടുപോയി വോട്ടു ചെയ്യിക്കെടാ..."

ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരൻ സച്ചിനെപ്പോലെയാണെന്ന് ശ്രീശാന്ത് അഭിപ്രായപ്പെട്ടപ്പോൾ 'ഇങ്ങനെയൊക്കെ പറയാൻ തുടങ്ങിയാൽ ജനം ഹർഭജനാവും' എന്നായിരുന്നു എൻ.എസ് മാധവൻ ട്വിറ്ററിൽ കൊടുത്ത മുന്നറിയിപ്പ്. ഹർഭജൻ സിംഗ് ശ്രീശാന്തിന്റെ മുഖത്ത് അടിച്ചതിനെ ഓർമിപ്പിക്കുന്ന ഈ ട്വീറ്റിനെ ഇരുവരുടെയും ചിത്രങ്ങൾ വെച്ച് ട്രോൾ ആക്കിമാറ്റുകയായിരുന്നു നവമാധ്യമരംഗത്തെ ന്യൂജൻ വിദൂഷകർ. ഒരു മുൻനിര എഴുത്തുകാരന്റെ സാന്ദർഭികമായ അഭിപ്രായപ്രകടനത്തിലെ നർമരസം സാഹിത്യതൽപരരല്ലാത്ത സൈബർപൗരന്മാരിലേക്കും പടരാൻ അതിടയാക്കി.

"എല്ലാ പാർട്ടിക്കാരും എട്ടും പത്തും പേജുള്ള പ്രകടനപത്രിക കൊണ്ടുവരുന്നതുകൊണ്ട് ഇപ്പോ അടുപ്പിൽ തീയെരിയുന്നുണ്ട്" എന്ന് പറയുന്ന ത്രേസ്യ ചേട്ടത്തി, വാഗ്ദാനങ്ങൾ പാഴായതിനാൽ വിശപ്പെരിയുന്ന വീടകങ്ങളെ കറുത്ത ചിരി കൊണ്ട് കാട്ടിത്തന്നു. 'ചിത്രം' എന്ന സിനിമയുടെ ക്ലൈമാക്സിൽ 'ജീവിക്കാനുള്ള മോഹം കൊണ്ടു ചോദിക്കുകയാ, എന്നെ കൊല്ലാതിരിക്കാൻ പറ്റുമോ എന്ന് വികാരനിർഭരമായി ചോദിക്കുന്ന മോഹൻലാൽ സോഷ്യൽമീഡിയയിലെത്തുമ്പോൾ സ്ഥാനാർഥികളുടെ പ്രതിനിധിയാണ്. 'ജയിക്കാനുള്ള മോഹംകൊണ്ടു ചോദിക്കുകയാ, അബ്ദുറബ്ബിനെക്കൊണ്ട് വോട്ടെണ്ണിക്കാൻ പറ്റുമോ' എന്നാണ് നിറകണ്ണുകളോടെ ലാൽ ചോദിക്കുന്നത്. കഴിഞ്ഞ സർക്കാറിലെ വിദ്യാഭ്യാസമന്ത്രിയുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിമർശനം കൂടിയാവുന്നു ഈ ട്രോൾ.

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സോഷ്യൽമീഡിയയിലും വാട്സാപ്പിലും പ്രചരിച്ച ട്രോളുകളാണ് ഇവ. അപരിചിതരും അജ്ഞാതരുമാണ് അസ്ത്രമൂർച്ചയാർന്ന ഈ ആക്ഷേപഹാസ്യത്തിന്റെ ഉപജ്ഞാതാക്കൾ. അവരുടെ ദൈനംദിന സർഗാത്മകതയുടെ അന്തമില്ലാത്ത ആഘോഷങ്ങളാണ് ഈ ഡിജിറ്റൽ യുഗത്തിന്റെ ഏറ്റവും രസകരമായ ഉപലബ്ധികളിലൊന്ന്. ഭൂപടത്തിൽ ഇടമില്ലാത്ത പ്രതീതിലോകത്തിലെ സാങ്കൽപിക സ്ഥല

രാശിയിൽ ഉടലെടുക്കുന്ന കർത്താവില്ലാത്ത ഈ കൃതികൾ നമ്മുടെ രാഷ്ട്രീയ സാമൂഹിക വീക്ഷണങ്ങളെ പ്രകടമായി സ്വാധീനിക്കുന്നു് എന്ന് സമീപകാലപഠനങ്ങൾ വ്യക്തമാക്കുന്നു. സാമൂഹിക മാധ്യമ ശൃംഖലകളിലെ രാഷ്ട്രീയവ്യവഹാരത്തിൻെറ കേന്ദ്രം ട്രോളുകൾ ആയി മാറിക്കഴിഞ്ഞു. ശൃംഖലാവത്കരിക്കപ്പെട്ട (networked) സംസ്കാരിക ഭൂമികയിൽ വ്യാപകമായി വിതരണംചെയ്യപ്പെടുന്ന ഈ നർമ ഭാവനകളുടെ ഉള്ളടക്കം പരിശോധിക്കുകയും ട്രോളിംഗിനെ ഒരു രാഷ്ട്രീയ സാംസ്കാരിക പ്രയോഗം എന്ന നിലയിൽ നോക്കിക്കാണാൻ ശ്രമിക്കുകയുമാണ് ഈ ലേഖനത്തിൻെറ ലക്ഷ്യം. പത്തുവർഷം മുമ്പ് ട്രോളുകളുടെ മുൻഗാമിയായ എസ്.എം.എസിനെക്കുറിച്ച് ഈ ലേഖകൻ നടത്തിയ പഠനം (പ്രതിഭാഷയുടെ പാഠഭേദങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2006 ഒക്ടോബർ 8-14) പ്രധാനമായും നവസാങ്കേതികത സൃഷ്ടിക്കുന്ന നവപൊതുമണ്ഡലത്തിൻെറ രാഷ്ട്രീയത്തിൽ ഊന്നിയുള്ളതായിരുന്നു. ഈ നവപൊതുമണ്ഡലം കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ വിസ്മയകരമായ വ്യാപ്തി നേടി. സാമൂഹിക മാധ്യമങ്ങൾ വ്യാപകമായി പ്രചരിച്ചു. സ്മാർട്ട്ഫോണുകളുടെ വരവ് സാങ്കേതികതയിൽ സ്മാർട്ടായ തലമുറയെ സൃഷ്ടിച്ചു. മലയാളലിപികളോ ചിത്രങ്ങളോ വീഡിയോയോ ഉപയോഗിക്കാനാവാത്ത എസ്.എം.എസിൻെറ സഹജമായ സാങ്കേതിക പരിമിതികളെ ട്രോളുകൾ പഴങ്കഥയാക്കി. എസ്.എം.എസിനേക്കാൾ ആക്രമണോൽസുകമായ ഉള്ളടക്കം പേറുന്ന ട്രോളുകൾ രാഷ്ട്രീയ നേതാക്കന്മാരുടെ പേടിസ്വപ്നമായി.

**ട്രോൾ എന്ന വൈറൽകല**

മറ്റുള്ളവരെ പ്രകോപിപ്പിക്കാനും അലോസരപ്പെടുത്താനും ഉദ്ദേശിച്ച് ഇൻറർനെറ്റിലെ പൊതുമണ്ഡലത്തിൽ വിനിമയംചെയ്യപ്പെടുന്ന സന്ദേശങ്ങളാണ് ട്രോളുകൾ (Troll). എസ്.എം.എസിൽ വാക്കുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ ട്രോളിൽ വാക്കുകൾക്കൊപ്പം ചിത്രങ്ങളും ചലനദൃശ്യങ്ങളും ഉണ്ടാവാം. രൂക്ഷമായ പരിഹാസം, ദോഷദർശനം, ആക്ഷേപഹാസ്യം എന്നിവയാണ് ഇവയുടെ പൊതുസ്വഭാവം. പദോൽപ്പത്തി തിരഞ്ഞുചെന്നാൽ 'ട്രോൾ' എന്ന ഇംഗ്ലീഷ് നാമത്തിന് അർഥം വിരൂപനായ കുള്ളൻ അഥവാ ഭീകരസത്വം എന്നാണെന്നു കാണാം. സ്കാൻഡിനേവിയൻ നാടോടിക്കഥകളിലെ വഴിയാത്രികരെ മനഃപൂർവം ശല്യപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളാണ് അവ. ആധുനിക ഇംഗ്ലീഷിൽ ട്രോളിങ് (Trolling) ചൂണ്ടയിടുക എന്ന അർഥത്തിൽ ഉപയോഗിക്കാറുണ്ട്. മീൻവല (trawl) വീശിയെറിഞ്ഞ് വാണിജ്യാടിസ്ഥാനത്തിൽ മൽസ്യബന്ധനം നടത്തുന്നതിനെ കുറിക്കുന്ന ട്രോളിംഗ് (trawling) എന്ന പദവുമായി ഉച്ചാരണസാമ്യം മാത്രം.

'ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം പരത്തുവാനാളുകളു സംഖ്യം' എന്ന് കുഞ്ചൻനമ്പ്യാർ പാടിയിട്ടുണ്ടല്ലോ. പ്രവാദങ്ങളും ദുഷ് പ്രവാദങ്ങളുമായി ഒരു സമൂഹത്തിൽ വൈറലായി പരത്തപ്പെടുന്ന ആ ശയങ്ങൾ സാംസ്കാരിക പരിവർത്തനത്തിനിടയാക്കുമെന്ന് സമീപ കാലപഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഒരു ജനതയുടെ ഉള്ളിൽ ആവർത്തിച്ച് അനുകരിക്കപ്പെടുകയും പകർത്തപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യപ്പെടുന്ന ആശയമോ സാംസ്കാരികഘടകമോ ആണ് മീം(Meme). ഓൺലൈനായി അതിദ്രുതം പ്രചരിക്കുന്ന ഡിജിറ്റൽ ഉള്ളടക്കങ്ങളെ യാണ് ഇൻറർനെറ്റ് മീം എന്നു വിശേഷിപ്പിക്കുന്നത്. അത് ഒരു ആശ യമോ ചിത്രമോ വീഡിയോവോ ഹാഷ്ടാഗോ ആവാം. മീം എന്ന പൊതു വായ സങ്കൽപനത്തിന്റെ ഉപവർഗമാണ് ഇത്. പരിണാമ ശാസ്ത്രജ്ഞനായ റിച്ചാർഡ് ഡോക്കിൻസിൻെറ അഭിപ്രായത്തിൽ ജീനുകൾ ജീവൻെറ അടിസ്ഥാനഘടകമാവുന്നതുപോലെ മീമുകൾ സംസ്കാരത്തിൻെറ അ ടിസ്ഥാനഘടകമാവുന്നു. ജീനുകൾ ഉൾപരിവർത്തനത്തിനു വിധേയ മാവുമ്പോൾ ജീവിപരിണാമം സംഭവിക്കുന്നതുപോലെ മീമുകളുടെ പരിണാമം സാംസ്കാരിക പരിവർത്തനത്തിന് ഇടയാക്കുന്നു. മതം, ഫാഷൻ, വസ്ത്രധാരണ രീതികൾ, സാംസ്കാരിക ആശയങ്ങൾ എ ന്നിവയൊക്കെ മീമുകളിൽ പെടുന്നു. കേരളീയസമൂഹത്തിൽ പടരുന്ന ഡിങ്കോയിസം ഉൾപ്പെടെയുള്ള ആശയങ്ങൾ പോലെ തന്നെ ട്രോളു കളും മീമിൻെറ ഭാഗമാണ്. മലയാളത്തിലെ മുഴുവൻസമയ മീം ഉൽപ്പാ ദന കേന്ദ്രങ്ങളാണ് ട്രോൾ മലയാളം, ഇന്റർനാഷനൽ ചളു യൂണിയൻ അഥവാ ഐ.സി.യു, ആർഷഭാരത സംസ്കാരം അഥവാ ആ ഭാ സം, സൈബർ ട്രോളേഴ്സ് തുടങ്ങിയവ. ഇവയിൽ ആദ്യമായി ട്രോളിങ് തുടങ്ങിയത് ട്രോൾ മലയാളമാണ്. തരംതാണ ചളി തമാശകൾക്കപ്പുറം രാഷ്ട്രീയ ശരികളിലൂടെ ട്രോളിങിൽ തിരുത്തു വരുത്തുക എന്ന ചരി ത്രപരമായ ദൗത്യം നിർവഹിക്കുകയായിരുന്നു ഇന്റർനാഷനൽ ചളു യൂണിയൻ അഥവാ ഐ.സി.യു. സിനിമയിൽ കണ്ട് നാം ആർത്തു ചിരിച്ച തമാശകളെ, അതിലെ പഴകിത്തേഞ്ഞ പ്രയോഗങ്ങളെ, ക്ലീ ഷേകളെ, വാർപ്പുമാതൃകകളെ സമകാലിക രാഷ്ട്രീയ സമൂഹിക സംഭ വവികാസങ്ങളിലേക്ക് സർഗാത്മകമായി സന്നിവേശിപ്പിക്കുക എന്ന താണ് ട്രോളിങിൻെറ രസതന്ത്രം. ആക്ഷേപഹാസ്യത്തിനുപകരം ആ ഴത്തിലുള്ള അർഥധ്വനികളോടെ കാവ്യാത്മകമായി സംസാരിച്ചുകൊണ്ട് 'യക്ഷി'യും 'യക്ഷനും' 'കള്ളിയങ്കാട്ടുനീലി'യുമൊക്കെ വേറിട്ട തരത്തി ലുള്ള ട്രോളിങ് ആണ് നടത്തുന്നത്. കറുത്ത പശ്ചാത്തലത്തിൽ പൂത്തു ലഞ്ഞ വെളുത്ത ലിപികളുടെ പാലമരമുലച്ചു വന്ന്, കവിത മൊഴിഞ്ഞ് വശീകരിച്ച് സൈബർ സ്പേസിലെ ഈ പ്രേതാത്മാക്കൾ നമ്മെ ചിരി പ്പിക്കുകയും ആഴത്തിൽ ചിന്തിപ്പിക്കുകയും ചെയ്യുന്നു.

അജ്ഞാതത്വത്തിൻെറ (anonymity) ഒരു സുരക്ഷിതത്വം ട്രോളുകളുടെ കർത്താവിന് ഇൻറർനെറ്റ് നൽകുന്നുണ്ട്. അതുകൊണ്ടു തന്നെ മുഖാമുഖ ആശയവിനിമയത്തിൽ ഒരിക്കലും സംഭവിക്കാത്ത ആക്രമണോൽസുകത ട്രോളുകൾക്കുണ്ട്. പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ആൾദൈവങ്ങളും ഉൾപ്പെടെയുള്ള ഒരു അധികാരരൂപത്തെയും അവർ ഭയക്കുന്നില്ല. സമൂഹത്തിൻെറ എല്ലാവിധ അധികാരശ്രേണിക ൾക്കും മുകളിൽ അപ്രമാദിത്വത്തോടെ വിരാജിക്കുകയാണ് ഈ ന്യൂജൻ വിദൂഷകർ. ആരെയും കൂസാതെ രൂക്ഷപരിഹാസം തൊടുക്കുന്ന അവർക്ക് മുന്നിൽ ഉടയാത്ത വിഗ്രഹങ്ങളില്ല; തൊടാൻ മടിക്കുന്ന വിശുദ്ധ പശുക്കളില്ല. ട്രോളുകളിൽ ഒരാൾക്ക് അനിഷ്ടകരമായി തോന്നുന്നത് മറ്റൊരാൾക്ക് ആനന്ദകരവും വിനോദവുമായി തോന്നാം. ഡിജിറ്റൽ തലമുറയുടെ ഏറ്റവും പുതിയ ആയുധമാണ് ട്രോളുകളും മീമുകളും എന്നുപറഞ്ഞ് തനിക്കെതിരായ ട്രോളുകൾ മമ്മൂട്ടി ഈയിടെ തൻെറ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പങ്കുവെച്ചിരുന്നു. ഏറ്റവും പുതിയ ചിത്രമായ 'കസബ'യുടെ ആദ്യനോട്ട പോസ്റ്ററിനോടുള്ള ട്രോൾ പ്രതികരണങ്ങളെ 'ആക്ഷേപഹാസ്യത്തിൻെറ ആധുനികമുഖം' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് മമ്മൂട്ടി ഷെയർ ചെയ്തത്. ട്രോളു കളുടെ ആക്ഷേപഹാസ്യത്തെ അതിൻെറ സത്തയിൽ ഉൾക്കൊള്ളാ നുള്ള മമ്മൂട്ടിയുടെ ഈ സന്നദ്ധതക്ക് രസകരമായ ട്രോൾ തന്നെയാ യിരുന്നു മറുപടി. 'അവസാനം എൻെറ കുഞ്ഞുപേജിലേക്കും നീ വന്നു' എന്ന് പറയുന്ന ബാർബർ ബാലൻെറ (കഥ പറയുമ്പോൾ) ചിത്രം ചേർത്തായിരുന്നു ഈ ട്രോൾ.

ഹേബർമാസ് വിഭാവനംചെയ്ത തരത്തിലുള്ള പൊതുമണ്ഡലം (-Public sphere) ചുരുങ്ങിവരുന്ന ഈ കാലത്ത് നവമാധ്യമങ്ങൾ രൂപം നൽകുന്ന നവപൊതുമണ്ഡലത്തിലൂടെ രാഷ്ട്രീയപ്രവർത്തനം ഊർജ സ്വലമാവുന്നുമെന്ന് സമീപകാലപഠനങ്ങൾ പറയുന്നു. ഹന്ന ആരെൻറി ൻെറ രാഷ്ട്രീയ മണ്ഡലം (Political Realm) എന്ന തിയറി അനുസരിച്ച് രാഷ്ട്രീയപ്രവർത്തനത്തിനായി ജനങ്ങൾക്ക് ഒരുമിച്ചു ചേരാൻ ഒരു പൊതു ഇടം ആവശ്യമാണ്. സൈബർസ്പേസ് അത്തരമൊരു ഇട മായി മാറിക്കഴിഞ്ഞു. കേന്ദ്രീകൃത ഭരണകൂട നിയന്ത്രണത്തെ മറികട ന്നുകൊണ്ട് ജനങ്ങൾക്ക് ആശയവിനിമയം നടത്താനും സംഘടിക്കാനും സൈബർ ജനാധിപത്യം അവസരം നൽകുന്നുണ്ട്. സ്മാർട്ട്ഫോണു കളുടെ വരവോടെ എല്ലാവർക്കും പ്രാപ്യമായ ഒരു പൊതു ഇടമായി ഇന്റർനെറ്റ് മാറി. 2010 ഡിസംബറിനുശേഷം അറബ് ലോകത്തെ ഏകാധിപത്യഭരണകൂടങ്ങളെ വേരോടെ പിഴുതെറിഞ്ഞ മുല്ലപ്പൂ വിപ്ല വത്തിനു പിന്നിൽ ഇന്റർനെറ്റ് കൂട്ടായ്മകളുണ്ടായിരുന്നു. സ്ഥലകാല ങ്ങളാൽ വേർതിരിക്കപ്പെട്ട മനുഷ്യർക്ക് പരസ്പരം സംസാരിക്കാനും

ഇടപഴകാനും അവസരം നൽകുന്ന സാങ്കേതികത മനുഷ്യചരിത്ര ത്തിലെ വിപ്ലവകരമായ വിസ്മയക്കുതിപ്പുകളിലൊന്നാണ്. അത് മനുഷ്യരുടെ പങ്കാളിത്ത സംസ്കാരത്തെ ശക്തിപ്പെടുത്തി. ഓഫ്ലൈൻ പൊതുഇടത്തിൽ നിർജീവവും നിസ്സംഗവുമായി പെരുമാറുന്നവർ പോലും ഓൺലൈൻ പൊതുഇടത്തിൽ സജീവവും സക്രിയവുമായി.

യുദ്ധോൽസുക രാഷ്ട്രീയത്തിൻെറ (agonistic politics) സൈദ്ധാ ന്തികമായ ഷാന്താൾ മഫിൻെറ അഭിപ്രായത്തിൽ ആശയങ്ങൾക്ക് പരസ്പരം ഏറ്റുമുട്ടാൻ ഇൻറർനെറ്റ് സൗകര്യമൊരുക്കുന്നുണ്ട്. അങ്ങനെ സൈബർസ്പേസ് ബഹുസ്വരതയാർന്ന ആശയങ്ങളുടെ സംഘർഷ ഭൂമിയാവുന്നു. നേർക്കുനേരെയുള്ള ആശയവിനിമയത്തിലെ സമരോൽ സുകതയുടെ പതിന്മടങ്ങ് തീവ്രതയുണ്ടാവും ഈ പ്രതീതിലോകത്തിലെ പരസ്പരസംവാദത്തിന്. ഒരു ബഹുസ്വര സമൂഹത്തിന് ആശയ സംഘർഷത്തിലൂടെയേ അഭിപ്രായ സമന്വയത്തിൽ, സമവായത്തിൽ എത്തിച്ചേരാൻ കഴിയൂ. യുദ്ധോൽസുകരാഷ്ട്രീയത്തിൻെറ ഭരണ ഭേരികൾ മുഴങ്ങുന്ന ഈ നിഷ്പക്ഷ പ്രദേശം രാഷ്ട്രീയത്തെ ഡിജി റ്റൽവത്കരിക്കുകയും ഡിജിറ്റൽ യുഗത്തെ രാഷ്ട്രീയവത്കരിക്കുകയും ചെയ്യുന്നു. എന്നാൽ ആശയസംഘർഷങ്ങളെ തീക്ഷ്ണമാക്കുന്ന ഇന്റർനെറ്റിൽ നിലവാരമില്ലാത്ത ട്രോളിങ് പലപ്പോഴും യുക്തിപരമായ രാഷ്ട്രീയസംവാദങ്ങളെ അസാധ്യമാക്കുകയും ചെയ്യുന്നുണ്ട്. ദ്രോഹ ബുദ്ധിയോടെയുള്ള പ്രകോപനം എന്ന ലളിതനിർവചനത്തിനപ്പുറത്ത് നിലവാരമുള്ള ആക്ഷേപഹാസ്യകലയായി ട്രോളിങ് പരിവർത്തനം ചെയ്യപ്പെടുമ്പോഴും വംശീയതയും സ്ത്രീവിരുദ്ധതയും വലതുപക്ഷ ഹിന്ദുത്വവും വൈറലായി പടർത്തുന്ന മഹാവ്യാധിയായും അത് മാറു ന്നുണ്ട്.

**പോ മോനെ മോദി; വണ്ടി വിട് ചാണ്ടി**

പണ്ടത്തെ കഥയാണ്. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന ചേരമാൻ പെരുമാൾ താൻ രചിച്ച 'സുഭദ്രാധന ഞ്ജയം' വിദ്വൽസദസ്സിൽ വായിച്ചുകേൾപ്പിക്കുന്നു. ആസ്വദിച്ച് വായി ക്കുന്ന രാജാവിനെ ഞെട്ടിച്ചുകൊണ്ട് കവികളും പണ്ഡിതരുമടങ്ങിയ സദസ്സിൽനിന്ന് ഒരാൾ കോമരം പോലെ തുള്ളിയുറഞ്ഞ് നിലവിളിച്ചു. "അയ്യയ്യോ.. എനിക്കിത് സഹിക്കാൻ വയ്യേ..." ആരാണെന്ന ചോദ്യ ത്തിന് 'ഞാൻ ശാകുന്തളം നാടകമാണ്' എന്നായിരുന്നു അയാളുടെ മ റുപടി. പെരുമാൾ തന്നെ വെട്ടിമുറിച്ചതുകൊണ്ടാണ് താൻ കരയുന്ന തെന്നും ഇനിയും അംഗഭംഗം വരുത്തരുതെന്നും അയാൾ പറഞ്ഞു. മലയാളത്തിൽ ആക്ഷേപഹാസ്യത്തിന് തുടക്കം കുറിച്ച കവി തോലൻ ആ യിരുന്നു അത്. പെരുമാൾ രചിച്ച നാടകത്തിൽ ശാകുന്തളത്തിൽനി ന്നുള്ള അനുകരണങ്ങളും അടർത്തിയെടുക്കലുകളും ഏറെയുണ്ടായി

രുന്നതുകൊണ്ട് രാജാവിനെ പരിഹസിക്കാനാണ് തോലൻ നാടകീയമായ ഈ അടവ് സ്വീകരിച്ചത്. പണ്ഡിത സദസ്സിൽ പരിഹസിക്കപ്പെട്ട രാജാവ് തന്റെ നാടകം തിരുത്തിയെഴുതാൻ തോലനോട് ആവശ്യപ്പെട്ടതും അത് കൂടിയാട്ടത്തിന്റെ പിറവിക്ക് കാരണമായതും ചരിത്രം. രാജാവിനെ/ഭരണാധികാരിയെ രൂക്ഷമായി പരിഹസിക്കുന്ന മലയാളിയുടെ പാരമ്പര്യത്തിന് പത്താംനൂറ്റാണ്ടോളം പഴക്കമുണ്ട് എന്ന് ഇതിൽനിന്നു വ്യക്തം. ഈ ഹാസ്യപാരമ്പര്യത്തിന്റെ തുടർച്ചയെന്നോണം പ്രധാനമന്ത്രിയെ രസകരമായി പരിഹസിച്ച് അന്താരാഷ്ട്ര മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ് മലയാളി.

നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിനായി കേരളത്തിൽ എത്തിയപ്പോൾ സംസ്ഥാനത്തെ ശിശുമരണ നിരക്കിനെപ്പറ്റി സംസാരിക്കുന്നതിനിടെ പ്രധാനമന്ത്രി നരേന്ദ്രമോദി കേരളത്തെ സോമാലിയയുമായി ഉപമിച്ചത് വൻവിവാദമായിരുന്നു. ഐക്യരാഷ്ട്രസഭയുടെ മനുഷ്യവികസന സൂചികയനുസരിച്ച് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തു തുടരുന്ന സംസ്ഥാനമായ കേരളത്തെപ്പറ്റി അടിസ്ഥാനരഹിതമായ ആരോപണമാണ് മോദി ഉന്നയിച്ചത്. മോദിയുടെ സ്വന്തം സംസ്ഥാനമായ ഗുജറാത്ത് സൂചികയിൽ പത്താംസ്ഥാനത്താണ്. നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഗുജറാത്തിലെ പോഷകാഹാരക്കുറവിന്റെ നിരക്ക് ദരിദ്രരാജ്യമായ സോമാലിയയിലേതിനേക്കാൾ വളരെ ഉയർന്നതാണെന്ന് 2012ൽ പ്രസ് കൗൺസിൽ ചെയർമാൻ ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു വെളിപ്പെടുത്തിയിരുന്നതും സാന്ദർഭികമായി ഓർമിക്കുക. അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം 2013ൽ 58 കുട്ടികൾ മരിച്ചപ്പോൾ 2015ൽ മരണനിരക്ക് 14 ആയി കുറഞ്ഞിരുന്നു. ഈ യാഥാർഥ്യങ്ങളെ മറന്നുകൊണ്ടുള്ള നിരുത്തരവാദപരമായ പ്രസ്താവനയായിരുന്നു മോദിയുടേത്. പട്ടിണിയോടു പൊരുതുന്ന സോമാലിയയിലെ നിരാലംബജനതയോടുള്ള ദയാരഹിതമായ വംശീയ അധിക്ഷേപവും ആ വാക്കുകളിൽ പതിയിരിക്കുന്നുണ്ടായിരുന്നു. സാമൂഹിക മാധ്യമങ്ങൾ ട്രോളുകളുടെ പ്രളയം തീർത്തപ്പോൾ ബി.ബി.സി ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മാധ്യമങ്ങളും ദേശീയചാനലുകളും അത് വാർത്തയാക്കി.

'കേരളം സോമാലിയയാണ്' എന്നു പറയുന്ന വ്യക്തിയുടെ മുഖത്തടിച്ച്, 'നീ പോ മോനെ മോദി' എന്നു പറയുന്ന കോമിക് ബുക്ക് ഹീറോ ബാറ്റ്മാന്റെ കാർട്ടൂൺസ്ട്രിപ്പ് ഈ ഹാഷ്ടാഗ് പ്രചാരണത്തിന്റെ കൊടിയടയാളമായി. 'നരസിംഹം' സിനിമയിലെ 'പോ മോനെ ദിനേശാ' എന്ന മോഹൻലാലിന്റെ പഞ്ച് ഡയലോഗ് 'പോ മോനെ മോദി' എന്ന ഹാഷ് ടാഗ് ആക്കിമാറ്റിയാണ് സോഷ്യൽ മീഡിയ മോദിക്കു മറുപടി നൽകിയത്. ഒരു വിഷയത്തിലുള്ള എല്ലാ പബ്ലിക് പോസ്

റ്റുകളും എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കും വിധം ഹാഷ് ചിഹ്നം ചേർത്ത വാക്കിനെ ക്ലിക്ക് ചെയ്യാവുന്ന ലിങ്ക് ആക്കി മാറ്റുന്ന സംവിധാനമാണ് ഹാഷ്ടാഗ്. 'പോ മോനെ മോദി' എന്ന ഹാഷ്ടാഗിൽ പ്രത്യക്ഷപ്പെട്ട ട്രോളുകളിൽ ചിലത് മോദിയെ രൂക്ഷമായി പരിഹസിക്കുമ്പോൾതന്നെ മലയാളിയുടെ വംശവെറി പ്രകടമാക്കുകയുംചെയ്തു. വെള്ളവും ഭൂമിയുമടക്കമുള്ള വിഭവങ്ങൾക്കായുള്ള ആഭ്യന്തരസംഘർഷങ്ങളും ക്ഷാമവും വരൾച്ചയും കാരണം പട്ടിണി കിടന്ന് എല്ലുന്തിയ കറുത്ത വർഗക്കാരുമായി തങ്ങളെ സാദൃശ്യപ്പെടുത്തിയപ്പോൾ മുറിപ്പെട്ട ദുരഭിമാനത്തിൻെറ നിർലജ്ജമായ പ്രകടനമായിരുന്നു അവയിൽ ചിലത്.

'കേരളത്തിൽ വോട്ടുതെണ്ടുന്ന ഒരു സോമാലിയൻ അച്ഛനും മകനും' എന്ന പേരിൽ കുമ്മനം രാജശേഖരൻെറയും ശ്രീശാന്തിൻെറയും പടങ്ങൾ ചേർത്ത ട്രോൾ ആണ് ഇക്കൂട്ടത്തിൽ വർണവെറിയുടെ ഉഗ്രവിഷം ചീറ്റിയത്. പട്ടിണി കാരണം ഒട്ടിയ ഒരുടലിൽ കുമ്മനംരാജശേഖരൻെറ ശിരസ്സ് ഒട്ടിച്ചു ചേർക്കുകയായിരുന്നു. ഒക്കത്ത് പട്ടിണിക്കോലമായ മകൻ. അസ്ഥികൾ എഴുന്നുനിൽക്കുന്ന ഒരുടലിൽ ശ്രീശാന്തിൻെറ മുഖം ഒട്ടിച്ചുചേർത്ത ചിത്രം. ദേശാഭിമാനിയിലെ മുതിർന്ന മാധ്യമപ്രവർത്തകൻ പി.എം മനോജ് ഫേസ്ബുക്കിൽ ഷെയർ ചെയ്ത ഈ ട്രോളിനെതിരെ കുമ്മനം രാജശേഖരൻ പ്രസ്താവനയുമായി രംഗത്തുവരുകയുംചെയ്തു. തൊലിയുടെ നിറവും വസ്ത്രധാരണവും ജീവിതരീതിയും മൂലം തന്നെ പട്ടിണിപ്പാവങ്ങളിലൊരാളായി കാണുന്നതിൽ അഭിമാനമേയുള്ളൂവെന്നായിരുന്നു കുമ്മനത്തിൻെറ മറുപടി. വിശപ്പു മാറ്റാൻ കുട്ടികൾ മാലിന്യംവരെ കഴിക്കുന്ന സോമാലിയയെപ്പോലെയാണ് കേരളമെന്നു പറഞ്ഞ് സോമാലിയൻ ജനതയെ വികസിതലോകത്തിൻെറ അപമാനചിഹ്നമായി താഴ്ത്തിക്കെട്ടിയ മോദിയുടെ വംശീയാധിക്ഷേപത്തിന് ഒത്ത വർണവെറിയാണ് ഇത്തരം ട്രോളുകൾ പടർത്തിയത്. മോദിയുടെ സവർണരാഷ്ട്രത്തിന് കേരളത്തിൽ വിത്തുപാകാൻ അഹോരാത്രം ഓടി നടക്കുന്ന കുമ്മനത്തെ അവർണപക്ഷത്തിൻെറ പീഡിതനായ പ്രതിനിധിയായി ചിത്രീകരിക്കുക വഴി ട്രോളർമാർ ഈ ആക്ഷേപഹാസ്യപ്രതികരണത്തിൻെറ രാഷ്ട്രീയ ശരികളെ നിർവീര്യമാക്കുകയുംചെയ്തു.

ഹർഭജൻെറ അടികിട്ടി കളിക്കളത്തിൽനിന്നു വിതുമ്പുന്ന ശ്രീശാന്തിൻെറ മുഖവും ഏതോ വിദേശ വിരുന്നിൽ സമൃദ്ധമായ വിഭവങ്ങൾക്കു മുന്നിലിരുന്ന് ഭക്ഷണം കഴിക്കുന്ന മോദിയുടെ ചിത്രവും കൂട്ടിച്ചേർത്ത് 'പ്രധാനമന്ത്രി ഭക്ഷണം കഴിക്കുന്നതു നോക്കി നിൽക്കുന്ന സോമാലിയൻ കുട്ടി' എന്ന ശീർഷത്തോടെ വന്നതാണ് മറ്റൊരു ട്രോൾ. മറ്റുചില ട്രോളുകൾ, കളിക്കളത്തിൽനിന്ന് ഇരുകൈകളുമുയ

ർത്തി ആക്രോശിക്കുന്ന ശ്രീശാന്തിൻെറ ചിത്രത്തിനു കീഴെ 'ഭക്ഷണ ത്തിനുവേണ്ടി അലമുറയിടുന്ന ഒരു സോമാലിയൻ യുവാവ്' എന്ന് അടിക്കുറിപ്പിട്ടു; 65 വയസ്സുള്ള സോമാലിയനായി മമ്മൂട്ടിയെയും ഗുജ റാത്തിയായി മോദിയെയും അവതരിപ്പിച്ചു; കേരളത്തിലേക്കു വരുന്ന അന്യസംസ്ഥാന തൊഴിലാളികളെ 'നോർത്ത് ഇന്ത്യയിലെ സ്വിറ്റ്സർ ലന്റിൽനിന്നും സൗത്ത് ഇന്ത്യയിലെ സോമാലിയ സന്ദർശിക്കാനെ ത്തിയ ടൂറിസ്റ്റുകളാ'ക്കി; ഉമ്മൻചാണ്ടി, കെ.എം.മാണി, കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല എന്നിവർ ഒരുമിച്ചിരിക്കുന്ന ചിത്രത്തിന് 'സോമാ ലിയൻ കടൽക്കൊള്ളക്കാർ' എന്ന് അടിക്കുറിപ്പുകൊടുത്തു. 'സോമാ ലിയയിലെ ഷാരൂഖും കരീനയും' എന്ന തലക്കെട്ടിനു കീഴിൽ വന്നത് വെള്ളാപ്പള്ളിയുടെയും ശശികല ടീച്ചറുടെയും ചിത്രങ്ങൾ. 'കേര ളത്തിൽ വരുമ്പോൾ മോദി പ്രതീക്ഷിച്ചത് സ്മൃതി ഇറാനിയെപ്പോലു ള്ളവരെ, കണ്ടത് ശശികല ടീച്ചറെ. അതുകൊണ്ട് മോദി വിളിച്ചു, 'സോമാ ലിയ' എന്ന് മറ്റൊരു ട്രോളിൽ. കേരളത്തിലെ വള്ളകളിയുടെ ചിത്രംകൊ ടുത്ത്, 'നാം കാണുന്നത് വള്ളംകളി, മോദി കാണുന്നത് സോമാലിയൻ കടൽകൊള്ളക്കാർ പരിശീലനത്തിലേർപ്പെടുന്നത്' എന്ന് പരിഹസി ക്കുന്നു വേറൊരു ട്രോൾ.

'പോ മോനെ മോദി' എന്ന ഹാഷ്ടാഗ് പ്രചാരണത്തിൻെറ തുടർച്ചപോലെയാണ് 'വണ്ടി വിട് ചാണ്ടി' എന്ന ട്രോൾ പരമ്പര അര ങ്ങേറിയത്. ഭരണാധികാരികളോട് പറയാനുള്ളത് രൂക്ഷമായ ഭാഷ യിൽതന്നെ പറയുന്ന ട്രോളുകളുടെ പൊതുസ്വഭാവം ഇവയുടെ ഹാഷ്ടാഗ് പദങ്ങളിൽ തന്നെ പ്രകടമാണ്. തൻെറ സർക്കാർ കാഴ്ച വെച്ച വികസനനേട്ടങ്ങളെ കുറിച്ച് തുറന്ന ചർച്ച നടത്താൻ പിണറായി വി ജയനെ ക്ഷണിക്കുന്നതായി ഉമ്മൻചാണ്ടി ഫേസ്ബുക്കിൽ വെല്ലുവിളി ഉയർത്തിയിരുന്നു. തൻെറ പേജിലൂടെ ഉമ്മൻചാണ്ടിക്ക് മറുപടി നൽ കുമെന്ന് പിണറായി പ്രതികരിക്കുകയും ചെയ്തു. ഉമ്മൻചാണ്ടിയുടെ പോസ്റ്റിന് ഫേസ്ബുക്കിൽ മറുപടി പറഞ്ഞ പിണറായിയുടെ പോസ് റ്റിന് പിന്നാലെ മുഖ്യനെതിരെ ട്രോളുകൾ നിറയുകയായിരുന്നു.

'ടേക്കൺ' എന്ന ഫ്രഞ്ച് ആക്ഷൻ ത്രില്ലറിലെ I don't know who you are. But I will find you and I will kill you എന്നു പറയുന്ന നായക നടൻെറ ചിത്രം മാറ്റി അവിടെ ഉമ്മൻചാണ്ടിയുടെ ഫോട്ടോ വെച്ച് I don't know who you are. But I'll find you and I will inaugurate you എന്ന് അതിനെ സാന്ദർഭികമായി വളച്ചൊടിച്ച് ചിരിയുതിർക്കുന്നു ഒരു ട്രോൾ. മറ്റൊന്നിൽ ഉമ്മൻചാണ്ടിക്ക് ഇഷ്ടപ്പെട്ട രണ്ടു സിനിമ കൾ എന്ന ശീർഷകത്തിനു താഴെ രണ്ടു പോസ്റ്ററുകൾ. തന്മാത്രയുടെ പോസ്റ്ററിൽ 'ഒന്നും ഓർമയില്ല'. ദൃശ്യത്തിൻെറ പോസ്റ്ററിൽ 'ഒന്നിനും തെളിവില്ല.'

സൈബർ പൗരൻെറ രാഷ്ട്രീയ പങ്കാളിത്തത്തിൻെറ അംഗീകൃതരൂപങ്ങളിലൊന്നായി ട്രോളിങ് മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഇത്തരം ഹാഷ്ടാഗ് പ്രതികരണങ്ങൾ അടിവരയിട്ടു പറയുന്നു. പൊതുജനാഭിപ്രായ രൂപീകരണത്തിൻെറ ജനാധിപത്യവത്കരണമായും ഇതിനെ കാണാവുന്നതാണ്. മധ്യവർഗ പൊതുജനാഭിപ്രായത്തിൻെറ ബാരോമീറ്റർ ആയി സോഷ്യൽ മീഡിയ മാറിക്കഴിഞ്ഞിട്ടുണ്ട്. ഒരു വിഷയത്തെപ്പറ്റിയുള്ള രാഷ്ട്രീയ സംവാദങ്ങൾ മുഴുവൻ ഹാഷ്ടാഗ് എന്ന വലക്കണ്ണിയാൽ കോർത്തുകെട്ടിയിരിക്കുന്നതിനാൽ ആ വിഷയത്തിൽ സാമൂഹിക മാധ്യമ ഉപയോക്താക്കൾക്കുള്ള പൊതുവായ അഭിപ്രായം എന്തെന്ന് മനസ്സിലാക്കാൻ എളുപ്പം കഴിയും. രചനാത്മകമായ നർമമാണ് ഇവയുടെ മർമം. അതുകൊണ്ടുതന്നെ രാഷ്ട്രീയ സംഭവവികാസങ്ങളെക്കുറിച്ച് ധാരണയില്ലാത്തവരെക്കൂടി ബോധവത്കരിക്കാൻ രസകരമായ ട്രോളുകൾക്കു കഴിയുന്നു. അവർ അവ ഫേസ്ബുക്കിൽ ഷെയർ ചെയ്തും വാട്സാപ്പിൽ ഫോർവാർഡു ചെയ്തും ഒരു രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കാളിയാവുന്നു. പലപ്പോഴും താൻ സമകാലികസംഭവങ്ങളും വാർത്തകളും അറിയാറുള്ളത് ട്രോളുകളിൽ നിന്നാണെന്ന് നടനും അവതാരകനുമായ ഗോവിന്ദ് പത്മസൂര്യ ഐ.സി.യുവിൻെറ അഞ്ചുലക്ഷം ലൈക്ക് ആഘോഷ വീഡിയോവിൽ തുറന്നുസമ്മതിക്കുന്നുണ്ട്.

**ഫെകു-പപ്പു ട്രോൾ യുദ്ധം**

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൻെറ കാലത്താണ് ഫെകു - പപ്പു ട്രോൾയുദ്ധം സാമൂഹികമാധ്യമങ്ങളിൽ പൊട്ടിപ്പുറപ്പെട്ടത്. നരേന്ദ്രമോദിയെ ഫെകു (Feku) ആയും രാഹുൽഗാന്ധിയെ 'പപ്പു'വായും അവതരിപ്പിച്ചാണ് ടിറ്ററിൽ ഹാഷ്ടാഗിനാൽ മുറുക്കിക്കെട്ടിയ ട്രോളുകൾ ഏറ്റുമുട്ടിയത്. ബുദ്ധിമാന്ദ്യമുള്ള കുട്ടി എന്നാണ് ഹിന്ദിയിൽ 'പപ്പു' എന്ന പ്രാദേശിക പ്രയോഗത്തിന് അർഥം. 2013ൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിൻെറ യോഗത്തെ അഭിസംബോധന ചെയ്തതിനെ തുടർന്നാണ് രാഹുൽ പപ്പു എന്നു വിളിച്ച് പരിഹസിക്കപ്പെട്ടത്. വി.എസ്.അച്യുതാനന്ദൻ അമുൽ ബേബിയെന്നും സുബ്രഹ്മണ്യൻ സ്വാമി ബുദ്ദുവെന്നും വിളിച്ച രാഹുലിന് സോഷ്യൽ മീഡിയ കണ്ടെത്തിയ പേരാണ് അത്. ദാരിദ്ര്യം ഒരു മാനസികാവസ്ഥയാണ് എന്നു പ്രസ്താവിച്ച രാഷ്ട്രീയനേതാവിനു ചേരുന്ന പേരുതന്നെ പപ്പു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ട്രിയുടെ സമ്മേളനത്തിൽ സംസാരിച്ച നരേന്ദ്ര മോദി 'ഫെകു' എന്നും വിശേഷിപ്പിക്കപ്പെട്ടു. വീമ്പുപറച്ചിലുകാരൻ എന്ന് അർഥം. വ്യാജമായ അവകാശവാദങ്ങൾ ഉന്നയിക്കുന്ന മോദിയെ ഫെകു എന്ന ഹാഷ്ടാഗിൽ കണ്ണി ചേർന്നു കിടന്ന ട്രോളു

കൾ തുറന്നുകാട്ടി. സൂര്യന് വൈദ്യുതി കൊടുക്കാൻ ഗുജറാത്തിൽ സോളാർപ്ലാൻറ് തുടങ്ങി എന്നൊക്കെ അതിശയോക്തി കലർത്തിയാണ് വ്യാജമായ അവകാശവാദങ്ങളെ സോഷ്യൽമീഡിയ കളിയാക്കിയത്. മറ്റൊരു ട്രോളിൽ ഫെകു എക്സ്പ്രസ് എന്ന ട്രെയിനിനു മുന്നിൽ നരേന്ദ്രമോദി നിൽക്കുന്ന ചിത്രം. അതിൽ ഇങ്ങനെ എഴുതി വെച്ചിരിക്കുന്നു: 'ഫെകു ബംബർ ധമാക്ക! പ്രവചിക്കുക, സമ്മാനം നേടുക. മുമ്പു പറഞ്ഞ കള്ളങ്ങളിൽ ഏതാണ് ഫെകു ആവർത്തിക്കുക എന്നു ശരിയായി പ്രവചിച്ചാൽ 'ചെന്നൈ എക്സ്പ്രസി'ൻെറ രണ്ട് ടിക്കറ്റുകൾ സമ്മാനം.' ഒരു ആൾക്കൂട്ടത്തെ അഭിസംബോധന ചെയ്തുകൊണ്ട് മോദി ഇങ്ങനെ പറയുന്നു: I can lie faster than you can fact check.

ഫെകു-പപ്പു ഓൺലൈൻ ദ്വന്ദ്വയുദ്ധം വാർത്താചാനലുകൾക്ക് ദിവസങ്ങളോളം സംവാദത്തിന് അവസരമൊരുക്കി. എന്നാൽ ഈ പോരാട്ടത്തിൽ പലപ്പോഴും രാഷ്ട്രീയ സംവാദങ്ങൾ വല്ലാതെ തരംതാണു. ട്വിറ്റർ എന്ന സാമൂഹിക മാധ്യമത്തിൻെറ തുറന്നുകിടക്കുന്ന ജനാധിപത്യ ഇടം സംഘടിത രാഷ്ട്രീയ പ്രചാരവേലക്കാർ പിടിച്ചെടുത്തു. മിതത്വമാർന്ന രാഷ്ട്രീയവ്യവഹാരങ്ങൾക്കുള്ള സാധ്യത നശിപ്പിച്ചു.

ദേശീയതലത്തിൽ ചില പാർട്ടികൾ ട്രോളുകൾക്ക് പണം നൽകുന്നുണ്ടെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ടു ചെയ്തിരുന്നു. തങ്ങൾക്കുവേണ്ടി ട്രോളുകൾ ഉണ്ടാക്കി സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നവരെ സന്നദ്ധസേവകർ എന്നാണ് ബി.ജെ.പി വിശേഷിപ്പിക്കുന്നത്. തങ്ങളെ ആക്രമിക്കാൻ ട്രോളർമാർക്ക് ബി.ജെ.പിയും ആർ.എസ്.എസും പണം നൽകുന്നതായി കോൺഗ്രസ് വക്താവ് സഞ്ജയ് ഝാ ആരോപിച്ചിരുന്നു. "കോൺഗ്രസിന് സോഷ്യൽ മീഡിയ എന്ന പ്രതിഭാസത്തെ കുറിച്ച് അറിയാഞ്ഞിട്ടാണ്. അവർ ഈ മേഖലയിലേക്കു വരാൻ വൈകി. അതുകൊണ്ടാണ് അവർ പണംകൊടുത്ത് ട്രോളുകൾ ചെയ്യിക്കുന്നത്. സാമൂഹിക മാധ്യമങ്ങളിൽ ഞങ്ങൾക്ക് ഇതിനായി ഊർജസ്വലരായ സന്നദ്ധസേവകരുണ്ട്." എന്നാണ് ബി.ജെ.പിയുടെ വിവര സാങ്കേതിക സെൽ മേധാവി അരവിന്ദ് ഗുപ്ത ഇതിനു മറുപടി കൊടുത്തത്.

**സൈബർ ഹിന്ദുത്വത്തിൻെറ തേനീച്ചക്കൂട്ടങ്ങൾ**

ഇൻ്റർനെറ്റ് ഹിന്ദുക്കൾ തേനീച്ചക്കൂട്ടങ്ങൾ പോലെയാണ്. മോദി, മുസ്ലിം എന്നൊക്കെ കേട്ടാൽ അപ്പോൾത്തന്നെ അവ ഇളകിയാർത്ത് നിങ്ങൾക്കുനേരെ ഇരച്ചുകയറും.

– സാഗരിക ഘോഷ്

തൻെറ ടി.വി. ഷോയുടെയും ലേഖനങ്ങളുടെയും പേരിൽ സി.എൻ.എൻ. ഐ.ബി.എൻ ഡെപ്യൂട്ടി എഡിറ്ററായിരുന്ന സാഗരിക ഘോഷ് വലതുപക്ഷ ട്രോളുകളുടെ നിരന്തര ആക്രമണത്തിനിരയായിട്ടുണ്ട്. മുസ്ലിങ്ങളെ സ്നേഹിക്കുന്ന വേശ്യ, കോൺഗ്രസ് പിമ്പ് എന്നൊക്കെയാണ് അവർ വിശേഷിപ്പിക്കപ്പെട്ടത്. മകളെ ആക്രമിക്കുമെന്ന ഭീഷണിയെ തുടർന്ന് സാഗരികക്ക് ഒരിക്കൽ പൊലീസ് കേസ് ഫയൽ ചെയ്യുകയും വേണ്ടി വന്നു. അങ്ങേയറ്റം അശ്ലീലം നിറഞ്ഞ പ്രകോപനപരമായ ട്വീറ്റുകളാണ് തനിക്കു ഹിന്ദു വലതുപക്ഷവാദികളിൽനിന്ന് ലഭിക്കാറുള്ളതെന്ന് സാഗരിക പറയുന്നു. കൂട്ടബലാൽ സംഗം ചെയ്യുമെന്നും ഉടുതുണിയുരിയുമെന്നൊക്കെ അവർ ഭീഷണി മുഴക്കുന്നത് പതിവാണ്. ഇവരെ ഇന്റർനെറ്റ് ഹിന്ദുക്കൾ എന്നു വിശേഷിപ്പിച്ച് സാഗരിക പ്രതിഷേധിച്ചപ്പോൾ ഓൺലൈൻ കാവിപ്പട അതിനെതിരെ പ്രതികരിച്ചത് 'പാഗലിക'(ഭ്രാന്തി) എന്നും 'സാഗരിക ഗോസ്റ്റ്' എന്നും വിളിച്ചാണ്. രാഷ്ട്രീയ എതിരാളിയെ പൈശാചികവത്കരിച്ച് അവതരിപ്പിക്കുക എന്നതാണ് വലതുപക്ഷ ട്രോളുകളുടെ പൊതുസ്വഭാവം. സോണിയയെ അവർ 'വിഷകന്യക' എന്നു വിളിക്കുന്നു. മുസ്ലിംകളോടും ന്യൂനപക്ഷങ്ങളോടും അനുഭാവപൂർണമായ സമീപനം സ്വീകരിക്കുന്നവരെ 'സിക്കുലർ' എന്നു വിളിക്കുന്നു. ഹിന്ദുവർഗീയതയെ എതിർക്കുന്ന മാധ്യമങ്ങളെ 'പെയ്ഡ് മീഡിയ/ചോർ മീഡിയ' എന്നു വിശേഷിപ്പിക്കുന്നു. നുണപറയുന്ന ലിബറലുകൾ എന്ന അർഥത്തിൽ ലിബറൽവാദികളെ ഫിബറലുകൾ എന്നു വിളിക്കുന്നു. മലയാളികളായ സൈബർ ഹിന്ദുക്കൾ കമ്യൂണിസ്റ്റുകാരെ 'കമ്മി'കളെന്നും കോൺഗ്രസുകാരെ 'കോങ്ങി'കളെന്നും വിളിക്കുന്നു.

ഭീഷണിയും അശ്ലീലവും സ്ത്രീവിരുദ്ധതയും നിറഞ്ഞ ട്രോളുകളാണ് സംഘപരിവാറിൻെറ നുണഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച് സോഷ്യൽ മീഡിയ വഴി വിതരണംചെയ്യുന്നത്. സംഘടിത ഹിന്ദു വലതുപക്ഷത്തിൻെറ ട്രോൾ ആക്രമണം അതിരു വിട്ടപ്പോൾ ഒരിക്കൽ ബി.ജെ.പിയുടെ വിവരസാങ്കേതിക സെൽ മേധാവി അരവിന്ദ് ഗുപ്തക്ക് ഇടപെടേണ്ടി വന്നു. പാർട്ടി അംഗങ്ങൾക്കും അനുയായികൾക്കുമായി സോഷ്യൽ മീഡിയ നല്ലരീതിയിൽ ഉപയോഗിക്കാനുള്ള മാർഗനിർദേശങ്ങൾ പുറത്തിറക്കേണ്ടി വന്നു അദ്ദേഹത്തിന്. നവമാധ്യമങ്ങളിലെ പെരുമാറ്റരീതികളാണ് പാർട്ടിയുടെ പ്രതിച്ഛായയെ പ്രതിഫലിപ്പിക്കുകയെന്നും അതിനാൽ അണികൾ സ്വയം നിയന്ത്രിക്കണമെന്നും അ ദ്ദേഹം മുന്നറിയിപ്പു കൊടുത്തു.

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ വർഷം കലിഫോർണിയയിലെ ഫേസ്ബുക് ആസ്ഥാനത്തുവെച്ച് സി.ഇ.ഒ മാർക്ക് സുക്കർബർഗിനെ കണ്ടപ്പോൾ സോഷ്യൽ മീഡിയ ശക്തമായ ഒരു ജനാധിപത്യ സംവി

ധാനമാണ് എന്ന് അഭിപ്രായപ്പെടുകയുണ്ടായി. സോഷ്യൽമീഡിയയെ അവഗണിക്കാതെ അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ അദ്ദേഹം ലോകനേതാക്കളെ ആഹ്വാനംചെയ്തു. എന്നാൽ സാമൂഹികമാധ്യമങ്ങളിൽ ഒട്ടും ജനാധിപത്യപരമായല്ലാതെ പെരുമാറുന്ന, തന്റെ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരകരെപ്പറ്റി മോദി കുറ്റകരമായ മൗനം പാലിക്കുകയാണ് ചെയ്തത്. മാത്രമല്ല, അവരെ ഔദ്യോഗികവസതിയിൽ ക്ഷണിച്ചുവരുത്തി സൽക്കരിക്കുകയും ചെയ്തു അദ്ദേഹം.

സോഷ്യൽ മീഡിയ മോദിഭക്തർ എന്ന സൈബർ ജീവിവർഗത്തിന് ജന്മംനൽകി എന്ന് ടൈംസ് ഓഫ് ഇന്ത്യയിൽ ചേതൻ ഭഗത് എഴുതിയിരുന്നു. മോദിയുടെ നവമധ്യവർഗ ഭക്തരുടെ സാമൂഹിക ശാസ്ത്രം ഇങ്ങനെയാണ് ചേതൻ ഭഗത് വിശദീകരിച്ചത്: 'ഇംഗ്ലീഷിൽ ദുർബലമായ ആശയവിനിമയശേഷിയുള്ളവർ, ലൈംഗികമായ ഇച്ഛാഭംഗം വന്നവർ, സ്ത്രീകളോട് നന്നായി സംസാരിക്കാനറിയാത്തവർ, അപകർഷതാബോധമുള്ളവർ'. എന്നാൽ ഇവർക്ക് ബി.ജെ.പിയുടെ പിന്തുണയില്ലെന്ന ചേതൻ ഭഗത്തിന്റെ വാദം അടിസ്ഥാനരഹിതമാണ്. പാർട്ടിക്കുവേണ്ടി യുദ്ധോത്സുകരായി സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്ന 150 പേരെ 2015 ജൂലൈ ഒന്നിന് റേയ്സ് കോഴ്സ് റോഡിലെ തന്റെ ഔദ്യോഗിക വസതിയിൽ മോദി ക്ഷണിച്ചു വരുത്തിയിരുന്നു. പോസിറ്റിവ് ആയ കാര്യങ്ങളെക്കുറിച്ച് പറയാനാണ് യോഗത്തിൽ മോദി ട്രോളർമാരോട് ആവശ്യപ്പെട്ടത്. മോദി ആതിഥ്യമരുളിയവരിൽ ഒരാൾ ഒരു ലക്ഷം ട്വിറ്റർ ഫോളോവർമാരും 86000 ട്വീറ്റുമുള്ള തജീന്ദർ പാൽ സിങ് ബഗ്ഗയാണ് എന്ന് ഡൽഹിയിലെ മാധ്യമ പ്രവർത്തക സ്വാതി ചതുർവേദി വെളിപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഇന്ത്യ പ്രചാരണത്തിന്റെ ഭാഗമായി മോദി ക്ഷണിച്ചത് ഓൺലൈൻ ഭീകരതയുടെയും വിദ്വേഷ രാഷ്ട്രീയത്തിന്റെയും സ്ത്രീവിരുദ്ധതയുടെയും പര്യായമായി മാറിയ ട്രോളർമാരെയായിരുന്നു. പക്ഷേ ഇത് മോദി ഭക്തന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കി. കൂടിക്കാഴ്ചക്ക് രഹസ്യസ്വഭാവം ഉണ്ടായിരുന്നെങ്കിലും ക്ഷണം കിട്ടി സംബന്ധിച്ചവർ പിറ്റേന്ന് ട്വിറ്ററിൽ അതേക്കുറിച്ച് വീമ്പുപറഞ്ഞു. കാലങ്ങളായി മോദിക്കുവേണ്ടി സാമൂഹിക മാധ്യമങ്ങളിൽ വിരലനക്കുന്നവരെ തഴഞ്ഞതാണ് വിനയായത്. അതോടെ 'സൂപ്പർ 150' എന്ന ഹാഷ്ടാഗിൽ അവർ ക്ഷണംകിട്ടിയവർക്കെതിരെ തിരിഞ്ഞു. നിങ്ങൾക്കും ഒരിക്കൽ അവസരം കിട്ടുമെന്ന് പറഞ്ഞ് അവരെ സമാശ്വസിപ്പിക്കാനെത്തിയത് കേന്ദ്രസഹമന്ത്രി ഗിരിരാജ് സിങ് ആയിരുന്നു.

എൻ.ഡി.ടി.വി ഹിന്ദിയിലെ വാർത്താവതാരകൻ രവീഷ് കുമാർ ട്വിറ്റർ, ഫേസ്ബുക്ക് അക്കൗണ്ടുകളുടെ ഉപയോഗം നിർത്തിയത് വലതുപക്ഷട്രോളുകളുടെ ആക്രമണംമൂലമാണ്. ട്വിറ്ററിൽ മാത്രം

രണ്ടര ലക്ഷം പേർ ഫോളോവർമാരായി ഉള്ള രവീഷ്കുമാർ യാക്കൂബ് മേമന്റെ വധശിക്ഷയെ ചോദ്യംചെയ്ത് പരിപാടികൾ അവതരിപ്പിച്ചതോടെ തീവ്ര ഹിന്ദുത്വ ട്രോളുകളാൽ ആക്രമിക്കപ്പെടുകയായിരുന്നു. ഭാര്യയെയും മകളെയുംവരെ തെറിയഭിഷേകം നടത്തിയപ്പോൾ തനിക്ക് മനഃസമാധാനം നഷ്ടമായി എന്ന് അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. ബി.ജെ.പിയുടെ സോഷ്യൽ മീഡിയ സെല്ലിന്റെ സജീവമായ പിന്തുണയോടെയുള്ള സംഘടിത ആക്രമണമാണ് നടക്കുന്നത് എന്ന് രവീഷ്കുമാർ പറയുന്നു.

2014ൽ 1200 ഇന്റർനെറ്റ് ഉപയോക്താക്കളിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കനേഡിയൻ സർവകലാശാലയിലെ എറിൻ ബക്കൽസ് ട്രോളുകൾക്ക് മനുഷ്യരുടെ നാല് സ്വഭാവ സവിശേഷതകൾ ഉണ്ടെന്നു കണ്ടെത്തിയിരുന്നു. മാകൃവെല്ലിയനിസം, സൈക്കോപതി, സാഡിസം, നാർസിസിസം എന്നിവയാണ് അവ. ഈ നാലു സവിശേഷതകളും ഹിന്ദുത്വ ട്രോളുകൾക്ക് ഉണ്ടെന്ന് ജെ.എൻ.യു വിവാദത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദുത്വ ട്രോളുകളെ വിശകലനം ചെയ്ത ഡൽഹിയിലെ മാധ്യമപ്രവർത്തകനായ അജാസ് അഷ്റഫ് കണ്ടെത്തിയിട്ടുണ്ട്. മാകൃവെല്ലിയനിസം സ്വാർഥലാഭത്തിനുവേണ്ടി ഉപജാപം നടത്തി മറ്റുള്ളവരെ ചതിക്കാനുള്ള പ്രവണതയാണ്. ദേശവിരുദ്ധ മുദ്രാവാക്യങ്ങൾ ചേർത്ത് കനയ്യയുടെ പ്രസംഗത്തിന്റെ വ്യാജ വീഡിയോ ചമച്ച് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചത് ഇതിന് ഉദാഹരണമാണ്. അധ്യാപികയെ മടിയിലിരുത്തിയ സംസ്കാര ശൂന്യനായ കനയ്യകുമാർ എന്ന പേരിൽ ഒരു ഫോട്ടോ വ്യാപകമായി പ്രചരിച്ചിരുന്നു. സോഫാ സെറ്റിയിലിരിക്കുന്ന കനയ്യകുമാറിന്റെ തോളിൽ ഹാൻഡ് റെസ്റ്റിലിരിക്കുന്ന ജെ.എൻ.യുവിലെ കൂട്ടുകാരി (പിന്നീട് അവർ അധ്യാപികയായി) കൈയിട്ട് ഇരിക്കുന്ന ചിത്രമാണ് ഫോട്ടോഷോപ്പിൽ ക്രോപ് ചെയ്ത് മടിയിലിരിക്കുന്നതായി കാണിച്ച് കനയ്യയുടെ സ്വഭാവഹത്യക്കായി ഉപയോഗിച്ചത്. സൈക്കോപതി എന്നാൽ സഹജീവിസ്നേഹത്തിന്റെയും അനുതാപത്തിന്റെയും അഭാവമാണ്. ദരിദ്ര കുടുംബ പശ്ചാത്തലത്തിൽനിന്നു വരുന്ന കനയ്യയെ രാജ്യദ്രോഹിയായി ചിത്രീകരിച്ച് ആ യുവാവിന്റെ ഭാവി തകർത്തെറിയാൻ ശ്രമിച്ചത് ഈ മനസ്സലിവില്ലായ്മയുടെ ലക്ഷണമാണ്. ദേശീയതക്ക് തങ്ങൾ നൽകിയ നിർവചനമാണ് ശരിയെന്ന വാദത്തിൽ ആത്മാരാധന അഥവാ നാർസിസവും കാണാം. ഹിന്ദുത്വവാദികൾ മാത്രം രാജ്യസ്നേഹികളാവുന്നത് ആ നാർസിസിസ്റ്റുകൾക്ക് ആത്മാരാധനയുടെ അസ്കൃത കൂടിയതുകൊണ്ടാണ്. കനയ്യയെയും സുഹൃത്തുക്കളെയും ജയിലിലടച്ചതിലും കോടതിമുറിയിൽ ചവുട്ടിമെതിച്ചതിലുമൊക്കെ ആനന്ദം കണ്ടെത്തുന്ന സാഡിസ്റ്റുകൾ കൂടിയാണ് അവർ. ‘പരപീഡന

മാത്മലീലയായി പരിശീലിച്ചവർ' ഹർഷപുളകിതരായി പോസ്റ്റു ചെയ്ത ട്രോളുകൾ നിരവധിയുണ്ടായിരുന്നു ജെ.എൻ.യു സംഭവത്തിൽ.

നവമാധ്യമങ്ങളിലെ വലതുപക്ഷ ഹിന്ദുത്വവാദികൾക്ക് കേരളം ശക്തമായ തിരിച്ചടി കൊടുക്കാറുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പു കാലത്ത് മലയാള ചലച്ചിത്രതാരങ്ങളെ ഉയർത്തിക്കാട്ടി ഫോട്ടോഷോപ്പ് പ്രചാരണം നടത്തിയ സംഘപരിവാർ അനുകൂലികൾക്കെതിരെ ട്രോൾ മഴ കനത്തുപെയ്തു. തങ്ങൾ ബി.ജെ.പിയെ പിന്തുണക്കുന്നതായി പൃഥ്വിരാജ്, നെടുമുടി വേണു, ബാലചന്ദ്ര മേനോൻ, നീരജ് മാധവ്, ഗായിക ഗായത്രി എന്നിവരുടെ ചിത്രങ്ങൾ ചേർത്തായിരുന്നു പ്രചാരണം. എന്നാൽ താരങ്ങൾ രംഗത്തുവന്ന് ഇക്കാര്യങ്ങളെല്ലാം നിഷേധിച്ചു. വീട്ടിൽ വന്ന് കുമ്മനം രാജശേഖരൻ വോട്ടുചോദിക്കുമ്പോൾ എടുത്ത ഫോട്ടോ ഉപയോഗിച്ചാണ് താൻ പാർട്ടിയെ പിന്തുണക്കുന്നതായി പ്രചരിപ്പിച്ചതെന്ന് നെടുമുടി വേണു വ്യക്തമാക്കി. ഇങ്ങനെ വ്യാജപ്രചാരണം നടത്തുന്ന സംഘികളെ പൃഥ്വിരാജ് തൻെറ ഫേസ്ബുക് പോസ്റ്റിൽ 'ക്ലോസറ്റ് ജീനിയസുകൾ' എന്നാണ് വിശേഷിപ്പിച്ചത്. ഹോളിവുഡ് താരങ്ങൾ ബി.ജെ.പിക്ക് വോട്ട് അഭ്യർഥിക്കുന്ന തരത്തിലായിരുന്നു ട്രോളിംഗ്. ഓസ്കർ ജേതാവ് ഡി കാപ്രിയോ വരെ ബി.ജെ.പിക്കുവേണ്ടി വോട്ട് അഭ്യർഥിച്ചു!

ആർഷ ഭാരത സംസ്കാരം അഥവാ ആ ഭാ സം ഹിന്ദു വലതുപക്ഷ ജീർണതകളെ തുറന്നുകാട്ടാനുള്ള ട്രോൾപേജ് ആണ്. മനുസ്മൃതി എഴുതപ്പെട്ട ബി.സി 1500 കാലത്തേക്ക് ഇന്ത്യയെ പുനരാനായിക്കുന്ന ഹിന്ദുത്വമൂല്യങ്ങളെ അതേ പൗരാണികരേഖകൾ വെച്ച് അപഹസിക്കുകയാണ് ആ ഭാ സം. 'ആർഷ ഭാരതത്തിലെ "ഭരണഘടന" ആയിരുന്നു മനുസ്മൃതി. ആദിമ മനുഷ്യനായ സ്വയംഭൂ മനു ബ്രഹ്മാവിൽ നിന്നും ലഭിച്ച നിയമങ്ങൾ ഋഷിമാർക്ക് പറഞ്ഞു കൊടുക്കുന്നതാണ് മനുസ്മൃതി. പുരാതനഭാരതത്തിൽ വിധിനിർണയത്തിന് മനുസ്മൃതിയാണ് ഉപയോഗിച്ചത്. ഉദാത്തമായ ആർഷഭാരത സംസ്കാരത്തിൽ വിശ്വസിക്കുന്നവർ നിർബന്ധമായും ബഹുമാനിക്കേണ്ട ഉജ്വല നിയമഗ്രന്ഥമാണ് മനുസ്മൃതി' എന്ന് ട്രോൾപേജിൽ പറയുന്നു. ഭർത്താവിനെ അനുസരിക്കാത്ത സ്ത്രീയെ രാജാവ് പൊതുജനമധ്യത്തിൽ പട്ടികളെകൊണ്ട് കടിച്ചു കൊല്ലിക്കണം എന്ന വാക്യം സംസ്കൃതത്തിൽ ഉദ്ധരിക്കുകയും മനുസ്മൃതിയുടെ ഇംഗ്ലീഷ് വിവർത്തനമടങ്ങിയ പി.ഡി. എഫ് പേജിലേക്ക് ലിങ്കു നൽകുകയും ചെയ്യുന്നു ഈ ട്രോൾപേജ്. സ്ത്രീകളെ നിയന്ത്രിക്കാൻ ഭാരതത്തിലെ പ്രാചീന മുനിമാർ കണ്ടുപിടിച്ച ഇത്രയും ശ്രേഷ്ഠമായ ആചാരം ലോകത്ത് എവിടെയെങ്കിലും കാണാൻ കഴിയുമോ എന്ന് ആഭാസം ചോദിക്കുന്നു. കർപ്പൂരപ്പൊടി കൊണ്ട് തടംകെട്ടിയാലും കസ്തൂരിവിശറികൊണ്ട് കാറ്റുവീശിയാലും

ഗംഗാജലംകൊണ്ട് അടിമുടി നനച്ചാലും ഉള്ളിയുടെ വില (ഗുണം) കുറയില്ല എന്ന് മാമുനിമാർ പണ്ടു പറഞ്ഞിട്ടുള്ളതിനാൽ ഉള്ളിവില യുടെ കാര്യത്തിൽ മോദിയെ പഴിക്കാൻ പാടില്ലെന്ന് ട്രോൾപേജ് പറ യുന്നു. എം.കെ.വാസുദേവൻ ഭട്ടതിരിപ്പാട് എന്ന നാമത്തിലാണ് ഈ ട്രോളുകൾ വരുന്നത്. ഭൂതകാലാഭിരതിയിൽ മുങ്ങി കാലഹരണപ്പെട്ട പൗരാണികരേഖകളെ നിരുപാധികം നെഞ്ചിലേറ്റുന്ന ആർഷഭാരതാ രാധകർക്കു മുന്നിൽ അവയുടെ വൈരുധ്യങ്ങൾ തുറന്നുകാട്ടുകയാണ് ആഭാസം.

**അവളെ മെരുക്കാൻ ഹാഷ്ടാഗ് ചങ്ങല**

ഓൺലൈൻ ഇടങ്ങളിൽ അമ്പരപ്പിക്കുന്ന വിധം വർധിച്ചു വരുന്ന സ്ത്രീകൾക്കെതിരായ കടന്നാക്രമണങ്ങൾ കാരണം ലിംഗ യുദ്ധങ്ങളുടെ (Gender War)യുഗത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത് എന്ന് സതേൺ കലിഫോർണിയ യൂണിവേഴ്സിറ്റിയിലെ സാറാ ബെനറ്റ് വൈസറും കേറ്റ് മിൽറ്റ്നറും പറയുന്നു. ഈ പ്രതിഭാസത്തെ ശൃംഖലാ വത്കൃത സ്ത്രീവിരുദ്ധത (Networked misogyny)എന്നാണ് ഇവർ വിശേ ഷിപ്പിക്കുന്നത്. വേറിട്ട രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും അഭിപ്രായപ്രകടനം നടത്തുകയുംചെയ്യുന്ന സ്ത്രീകളെ അസഭ്യ വർഷംകൊണ്ട് ഒതുക്കാൻ ട്രോളുകൾ വ്യാപകമായി ഉപയോഗിക്ക പ്പെടുന്നു. ഒളിഞ്ഞുനിന്നുള്ള ആക്രമണങ്ങൾക്ക് സൗകര്യം നൽകുന്ന അജ്ഞാതത്വത്തിന്റെ ഇടമാണ് അത്. പൊതുസ്ഥലങ്ങളിലെന്ന പോലെ പ്രതീതിലോകത്തും സ്ത്രീകളുടെ സാന്നിധ്യം, സ്വാതന്ത്ര്യം, അഭിപ്രായപ്രകടനം എന്നിവക്കുനേരെ ആക്രമണമഴിച്ചുവിടുകയാണ് സ്ത്രീവിരുദ്ധർ. ജെ.എൻ.യു വിവാദത്തെ തുടർന്ന് വിദ്യാർഥികളായ ഉമർ ഖാലിദും അനിർബനും ഒളിവിൽ പോയപ്പോൾ ഉമറിന്റെ സഹോദരിമാർക്കെതിരെ ഭീഷണിയുണ്ടായി. ബലാൽസംഗംചെയ്യു മെന്നും ആസിഡൊഴിക്കുമെന്നൊക്കെയുള്ള ഭീഷണികൾ യഥാർഥ ലോകത്തും പ്രതീതിലോകത്തും അവർക്ക് ഒരുമിച്ച് നേരിടേണ്ടി വന്നു. Masculinist India എന്ന ഫേസ്ബുക് പേജിൽ തന്റെ രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കിയ കവയിത്രിയും സാമൂഹികപ്രവർത്തക യുമായ മീന കന്ദസ്വാമിക്കെതിരെ അസഭ്യവർഷം തന്നെയുണ്ടായി. തന്നെ അവഹേളിക്കുന്ന ട്വീറ്റുകളുടെ സ്ക്രീൻഷോട്ട് മീന പേജിൽ ഇട്ടു. 'കറുത്ത, വൃത്തികെട്ട ഇവളെ കണ്ണുകാണാത്തവർ പോലും തിരിഞ്ഞുനോക്കില്ലെ'ന്നായിരുന്നു ഒരു പുരുഷകേസരിയുടെ അഭി പ്രായം. ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ ബീഫ്ഫെസ്റ്റിവലിൽ പ ങ്കെടുത്തുവെന്നു ടിറ്ററിൽ കുറിച്ച മീനക്ക് കിട്ടിയ മറുപടി 'ഈ വേശ്യ യെ കൂട്ടബലാൽസംഗംചെയ്ത് തൽസമയം സംപ്രേഷണം ചെയ്യണം' എന്നായിരുന്നു.

ആൺകോയ്മ പുലരുന്ന പുരോഗമന കേരളത്തിന്റെ പ്രതീതിലോകവും പൊതു ഇടത്തിൽ വിമതശബ്ദം ഉയർത്തുന്ന സ്ത്രീകളെ അടിച്ചൊതുക്കാൻ ട്രോളുകളെ ഉപയോഗിക്കുന്നു. സച്ചിൻടെഡുൽക്കറെ അറിയില്ലെന്നു പറഞ്ഞ മരിയ ഷറപ്പോവയുടെ ഫേസ്ബുക്ക് പേജിൽ സ്വന്തം ഭാഷയിൽ പൊങ്കാലയിട്ടവരാണ് (ട്രോളിങ്ങിന് നവമാധ്യമ പദാവലിയിലെ പര്യായമാണ് പൊങ്കാല) മലയാളികൾ. അവതാരക രഞ്ജിനി ഹരിദാസും സാമൂഹികപ്രവർത്തക അരുന്ധതിയും നടി റീമ കല്ലിങ്കലുമാണ് മലയാളത്തിൽ ഓൺലൈൻ പീഡനത്തിന് നിരന്തരം വിധേയരാവുന്നത്.

ചുവന്ന പശ്ചാത്തലത്തിൽ ആർത്തവരക്തത്തിൽ നനഞ്ഞ സാനിറ്ററി നാപ്കിനുകൾ ഉയർത്തിപ്പിടിച്ചുനിൽക്കുന്ന റീമ കല്ലിങ്കലിന്റെ ചിത്രം വരച്ച് 'ഇടതുപക്ഷം വരും, എല്ലാം ശരിയാക്കിത്തരും' എന്ന് ഒരു തീവ്ര ഹിന്ദുത്വ ട്രോൾ. യക്ഷൻ എന്ന ട്രോൾപേജിലെ ഒരു ഉദ്ധരണി റീമ തന്റെ പേജിൽ ഷെയർ ചെയ്തതാണ് ഹിന്ദുത്വവാദികളെ ചൊടിപ്പിച്ചത്. 'ആർത്തവത്തെ ഭയക്കുന്ന ദൈവം ആനപ്പിണ്ടത്തെ ഭയക്കാത്തതാണ് ആനകൾക്ക് വിനയായത്' എന്ന യക്ഷന്റെ ഉദ്ധരണിയാണ് റീമ പങ്കുവെച്ചത്. ഏതോ സിനിമയിൽനിന്നുള്ള അൽപവസ്ത്രധാരിയായ റിമയുടെ ചിത്രത്തിനൊപ്പം 'ശബരിമലയെ അധിക്ഷേപിച്ച് റിമ കല്ലിങ്കൽ' എന്ന് എഴുതിച്ചേർത്തത് 'കുരുക്ഷേത്ര' എന്ന ട്രോൾപേജ്. ആന എഴുന്നള്ളിപ്പിനെ വിമർശിക്കുന്ന വരികളെ ആർത്തവവുമായി ബന്ധപ്പെടുത്തി ക്ഷേത്രസംസ്കാരത്തെ പൂർണമായും അവഹേളിക്കുന്നു എന്ന് വ്യാഖ്യാനിച്ചാണ് ഈ അധിക്ഷേപം. കനത്ത ചൂടിനെ തുടർന്ന് കേരളത്തിലെ ക്ഷേത്രങ്ങളിൽ എഴുന്നള്ളിപ്പിനിടെ ആനകൾ ഇടയുന്നത് പതിവു സംഭവമായതിന്റെ പശ്ചാത്തലത്തിലായിരുന്നു റിമയുടെ ഫേസ്ബുക്ക് പോസ്റ്റ്. പരിക്കേറ്റ ആനകളെ തൃശൂർ പൂരത്തിന് എഴുന്നള്ളിപ്പിന് ഉപയോഗിച്ചിരുന്നെന്ന വാർത്തകളും റീമയുടെ പ്രതിഷേധത്തിന് കാരണമായിരുന്നു.

ശബരിമലയിൽനിന്ന് സ്ത്രീകളെ അകറ്റിനിർത്തുന്നതിനെതിരെ പ്രതിഷേധിച്ച പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ത്രീപക്ഷ പ്രവർത്തക തൃപ്തി ദേശായി മദ്യപിക്കുന്ന ചിത്രം വെച്ച് 'ഇവളാണ് ശബരിമല കയറാൻ നടക്കുന്നത്'എന്ന് പരിഹസിച്ചതും 'കുരുക്ഷേത്ര' തന്നെ. മദ്രസയിലെ ലൈംഗികപീഡനങ്ങളെക്കുറിച്ച് ഫേസ്ബുക് പോസ്റ്റിൽ വെളിപ്പെടുത്തിയ മാധ്യമപ്രവർത്തക വി.പി റജീന നേരിട്ടത് ആൺകോയ്മയുടെ അട്ടഹാസങ്ങളാണ്. 'ഉസ്താദ് മോശമായി പെരുമാറിയിട്ടും വീട്ടുകാരോടു പറഞ്ഞില്ലേ, അതോ ഉസ്താദിന്റെ പെരുമാറ്റത്തിലുള്ള സുഖം ആസ്വദിച്ച് നിന്നുകൊടുത്തോ' എന്നാണ് ഒരുവൻ ചോദിച്ചത്. സാമൂഹിക അധികാരശ്രേണിയിലെ

തങ്ങളുടെ പദവിക്ക് ഇളക്കം തട്ടുമെന്ന ഭീതിയിൽനിന്നും ഭീരുത്വത്തിൽ നിന്നുമാണ് ഇത്തരം ട്രോളുകൾ പിറവിയെടുക്കുന്നത്. ആൺ എന്ന ലിംഗപദവിക്ക് അപ്പുറം വ്യക്തിപരമായി ഒന്നും അവകാശപ്പെടാനില്ലാത്ത ദുർബലരും പരാജിതരുമാണ് ഈ സ്ത്രീവിരുദ്ധർ.

ആംഗലേയവത്കരിക്കപ്പെട്ട മലയാളംകൊണ്ടും തുറന്നടിച്ച അഭിപ്രായപ്രകടനങ്ങൾകൊണ്ടും ജനപ്രിയസംസ്കാരത്തിൻെറ തനി മലയാളിത്തത്തിൽനിന്ന് സ്വയം വിച്ഛേദിച്ച രഞ്ജിനി ഹരിദാസ് രൂക്ഷമായ അധിക്ഷേപത്തിന് വിധേയയാവുന്നു. ചിരിക്കുന്ന ഒരു ചിമ്പാൻസിയുടെ പടം. തൊട്ടടുത്ത് ചിരിക്കുന്ന രഞ്ജിനി ഹരിദാസ്. ചിമ്പാൻസി ചോദിക്കുകയാണ്. 'ആരാ സുന്ദരി? ഞാനോ അതോ ഇവളോ' എന്ന്. മറ്റൊരു ട്രോളിൽ പെണ്ണുടുപ്പ് ഇട്ടിരിക്കുന്ന ഒരു കുരങ്ങ് പറയുന്നു, 'എനിക്ക് മലയാളം കുരച്ച് കുരച്ച് അരിയും' എന്ന്. ഒരു പാർട്ടിക്കിടെ രഞ്ജിനിയെ ചേർത്തുപിടിച്ചുനിൽക്കുന്ന യുവാവ് നാവു നീട്ടുന്ന ചിത്രത്തിന് നൽകിയ അടിക്കുറിപ്പ് ഇങ്ങനെ: 'പാൽപ്പായസമാണെന്നു കരുതി പാഷാണത്തിൽ നക്കിയ യുവാവ് ഗുരുതരാവസ്ഥയിൽ'. ഇത്തരം ഓൺലൈൻ പീഡനങ്ങളെയാണ് വിഷലിപ്ത പുരുഷത്വത്തിൻെറ (Toxic Masculinity) ആവിഷ്കാരങ്ങളെന്ന് സാറയും കേറ്റും വിശേഷിപ്പിക്കുന്നത്.

സ്ത്രീകളുടെ ഓരോ പോസ്റ്റിനും ലഭിക്കുന്ന കമൻറുകളിൽ നിന്ന് സ്ത്രീവിരുദ്ധരായ നവമാധ്യമ ഉപയോക്താക്കളെ തുറന്നു കാട്ടാൻ ഫേസ്ബുക്കിൽ സെക്ഷലി ഫ്രസ്ട്രേറ്റഡ് മല്ലു (എസ്.എഫ്.എം) എന്ന ഒരു ഗ്രൂപ്പുതന്നെയുണ്ടായി. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ കമൻറുകളുടെ സ്ക്രീൻഷോട്ടുകൾ ഇട്ടുകൊണ്ടാണ് അവർ ലൈംഗികമായ മോഹഭംഗം സംഭവിച്ച മലയാളികളെ ചൂണ്ടിക്കാട്ടിയത്.

സ്ത്രീകളുടെ അന്തസ്സിനെ താഴ്ത്തിക്കെട്ടുന്ന വിധത്തിലുള്ള ഓൺലൈൻ വിമർശനം നിയന്ത്രിക്കണമെന്ന് കേന്ദ്ര വനിതാ ശിശുക്ഷേമമന്ത്രി മനേക ഗാന്ധി അഭ്യർഥിച്ചത് ഈ പശ്ചാത്തലത്തിലാണ്. നവമാധ്യമങ്ങളിൽ സ്ത്രീകൾക്കെതിരായി നടക്കുന്ന ട്രോളിംഗ് അക്രമമായി കണക്കാക്കണമെന്നും മനേക പറഞ്ഞു. ഓൺലൈൻ പെരുമാറ്റച്ചട്ടംകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് മന്ത്രാലയം ഇതിനകം തന്നെ ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

'സെൽഫി വിത് ഡോട്ടർ' എന്ന മോദിയുടെ ഹാഷ്ടാഗ് പ്രചാരണത്തിനെതിരെ കവിത കൃഷ്ണൻ ട്വിറ്ററിൽ പ്രതികരിച്ചത് 'മകളോടൊത്തുള്ള സെൽഫി ഷെയർ ചെയ്യുന്നത് കരുതലോടെ വേണം, പ്രധാനമന്ത്രിക്ക് പെൺകുട്ടികളുടെ പിന്നാലെ പതുങ്ങിനടക്കുന്ന ശീലമുണ്ട്' എന്നായിരുന്നു. മോദിയുടെ നിർദേശമനുസരിച്ച്

ഒരു യുവതിയെ അമിത്ഷായുടെ നേതൃത്വത്തിൽ രഹസ്യനിരീക്ഷണം നടത്തിയതിനെ ഓർമിപ്പിക്കുകയായിരുന്നു കവിത കൃഷ്ണൻ. ഇതേ ത്തുടർന്ന് സൈബർഹിന്ദുത്വവാദികളിൽനിന്ന് കവിതക്ക് ശക്തമായ ആക്രമണം നേരിടേണ്ടി വന്നു. 'ഈ വേശ്യയെ ജയിലിൽ അടയ്ക്കണം' എന്നാണ് ഹിന്ദി നടൻ അലോക് നാഥ് ഝാ ട്വീറ്റ് ചെയ്തത്. 'രാഹുൽ ഗാന്ധിക്കു പിന്നാലെ കാമാർത്തയായി നടക്കുന്ന നിംഫോമാനിയാക്' എന്ന് വിശേഷിപ്പിക്കപ്പെട്ടതിനെ തുടർന്ന് മുൻ സീ ന്യൂസ് അവതാര കയും ഡെപ്യൂട്ടി എഡിറ്ററുമായിരുന്ന സ്വാതി ചതുർവേദി കേസു കൊടുക്കുകയുണ്ടായി. അഭിപ്രായം പ്രകടിപ്പിക്കുന്ന സ്ത്രീയെ നില പാടുള്ള വ്യക്തിയായി കാണാനുള്ള കരുത്തില്ലാത്തതിനാൽ ലൈം ഗികതക്കുള്ള ശരീരം മാത്രമായി ചിത്രീകരിക്കുന്ന വിഷലിപ്ത പുരു ഷത്വത്തിന്റെ ആവിഷ്കാരങ്ങളാണ് ഇത്തരം ട്രോളുകൾ.

ഇന്ത്യൻ പൊതുവ്യവഹാരത്തിൽ സ്ത്രീശരീരം രണ്ടായി ധ്രുവീകരിക്കപ്പെട്ടിരിക്കുന്നു. ഒന്ന് മധ്യവർഗസംസ്കാരത്തിന്റെ വിശുദ്ധിയുടെയും കുടുംബമൂല്യങ്ങളുടെയും പ്രതീകമായി ഉയർത്തി ക്കാട്ടപ്പെടുന്ന ശരീരം, രണ്ട്, രതികാമനകളുടെയും അശ്ലീലത്തിന്റെയും ശക്തികേന്ദ്രമെന്ന നിലയിൽ ലൈംഗികതൃഷ്ണയോടെയും സംശയത്തോ ടെയും വീക്ഷിക്കപ്പെടുന്ന ശരീരം. അനിയന്ത്രിതമായ ലൈംഗികത കൊണ്ട് സാംസ്കാരിക വിശുദ്ധിക്കും പവിത്രതക്കും ഭീഷണിയായി യാഥാസ്ഥിതികർ, പ്രത്യേകിച്ചും ഹിന്ദുവലതുപക്ഷം കാണുന്നത് വേശ്യകളെയാണ്. സ്ത്രീകൾക്ക് ശബ്ദമുയർത്താനുള്ള വേദിയായി സാമൂഹികമാധ്യമങ്ങൾ മാറിയിട്ടുണ്ട്. ഈ സ്ത്രീശബ്ദത്തെ വഴി തെറ്റിയ ലൈംഗികതയുമായി ബന്ധിപ്പിച്ചാൽ നവമാധ്യമം വഴിയുള്ള ശാക്തീകരണത്തെ നിർവീര്യമാക്കാമെന്ന് സ്ത്രീവിരുദ്ധ ഹിന്ദു വലതു പക്ഷം കരുതുന്നു. അതുവഴി സ്ത്രീകളെ അവരുടെ ശരീരങ്ങളിലേക്ക് ഒതുക്കാനും അങ്ങനെ ആണധികാര നിയന്ത്രണത്തിന്റെ പാരമ്പര്യ രീതിയിലേക്ക് പരിമിതപ്പെടുത്താനും കഴിയുമെന്ന് അവർ കണക്കുകൂ ട്ടുന്നു. ലൈംഗികത ലജ്ജാകരമായ എന്തോ ഒന്നാണെന്ന് ഇന്ത്യൻ മധ്യവർഗ കുടുംബസദാചാരം പെൺകുട്ടികളെ ചെറുപ്പം മുതലേ പഠി പ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഓൺലൈൻ ഇടങ്ങളിൽ ഒരു സ്ത്രീയുടെ ലൈംഗികതയെപ്പറ്റി അപവാദങ്ങൾ പ്രചരിപ്പിക്കുന്നതി ലൂടെ അതുണ്ടാക്കുന്ന ലജ്ജ അവളെ നിശ്ശബ്ദയാക്കുമെന്നും അവർ കരുതുന്നു.

**യക്ഷിബിഷനും പ്രേതഭാവനകളും**

ട്രോളുകളുടെയും മീമുകളുടെയും കാവ്യാത്മകമായ ഭാഷ്യ മാണ് 'യക്ഷി'യും 'കള്ളിയങ്കാട്ട് നീലി'യും 'യക്ഷനും' അവതരിപ്പി ക്കുന്നത്. യക്ഷി എന്ന സങ്കൽപനവുമായി ബന്ധപ്പെടുത്തി ഈ

പേജുകൾ സാമൂഹിക സംഭവങ്ങളെ കടുത്ത ആക്ഷേപഹാസ്യത്തിനു വിധേയമാക്കുന്നു. യക്ഷി പിടിച്ചാൽപ്പിന്നെ വിമർശിതരുടെ പല്ലും നഖവും മാത്രമേ ബാക്കി കാണൂ. 'പുറകിലുണ്ട്' എന്നാണ് യക്ഷിയുടെ ഭീഷണി. എല്ലാ സംഭവങ്ങളുടെയും വ്യക്തികളുടെയും പുറകിലുണ്ട് എന്ന് അർഥം. 'സത്യത്തിൻെറ യക്ഷിബിഷൻ അഥവാ യക്ഷിപ്രദർശനം' എന്നാണ് യക്ഷി എന്ന ട്രോൾപേജ് സ്വയം വിശേഷിപ്പിക്കുന്നത്.

പാഠപുസ്തകം വൈകിയതുമായി ബന്ധപ്പെട്ട് മുൻവിദ്യാഭ്യാസമന്ത്രി അബ്ദുറബ്ബ് നേരിട്ട വിവാദങ്ങളെയും മതപുസ്തകങ്ങളുടെ പേരിൽ സമൂഹത്തിൽ ഉണ്ടാകുന്ന സംഘർഷങ്ങളെയും ഒരുമിച്ചു പരിഹസിക്കുന്ന യക്ഷിയുടെ ഒരു വചനം നോക്കുക: "ഇങ്ങടെയൊക്കെ കിത്താബിൻെറ കാര്യവും പറഞ്ഞ് നാട്ടാർ തല്ലുകൂടുന്നത് എന്നാണൊന്ന് അവസാനിക്കുക എൻെറ റബ്ബേ". യക്ഷി ചില വസ്തുതകൾ അവതരിപ്പിക്കുമ്പോൾ അത് യക്ഷി ഫാക്ട്സ് എന്ന ഹാഷ്ടാഗിലും മറ്റ് ഉദ്ധരണികൾ യക്ഷി കോട്ട്സ് എന്ന ടാഗിലും പ്രത്യക്ഷപ്പെടുന്നു.

പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ അതുവരെ അദ്ദേഹത്തെ പ്രതിയോഗിയായി കണ്ടിരുന്ന യു.ഡി.എഫ് അനുകൂല പത്രം അദ്ദേഹത്തെ പ്രകീർത്തിച്ച് വാർത്തകളും ഫീച്ചറുകളും കൊടുത്തതു കണ്ട് യക്ഷി ഇങ്ങനെ മൊഴിഞ്ഞു: "അല്ലേലും കൈയിലിരിക്കുന്ന കുരിശൊടിഞ്ഞുപോയാൽ കത്തനാരച്ചായൻ കള്ളിയങ്കാട്ടു നീലിയെപ്പറ്റി നല്ലതേ പറയൂ." പത്രത്തിൻെറ മതതാൽപര്യങ്ങളെയും യു.ഡി.എഫിൻെറ തോൽവിയെയുമൊക്കെ യക്ഷിഭാവനയുമായി സമന്വയിപ്പിച്ച് സർഗാത്മകമായി അവതരിപ്പിക്കുകയാണ് ഇവിടെ. മാണിയുടെ കോഴ വിവാദത്തിനിടെ 'പാല വികസിക്കാനുള്ളതാണ്' എന്ന് യക്ഷി പ്രഖ്യാപിച്ചിരുന്നു. യക്ഷിപ്പാല ഇവിടെ വിരുദ്ധോക്തിയിൽ മാണിയുടെ പാലയാവുന്നു.

'ചില വോട്ടുകൾ ചുണ്ണാമ്പ് പോലെയാണ്. കൊടുത്താൽ നാളെ എല്ലും തോലും മാത്രമായിരിക്കും ബാക്കിയുണ്ടാവുക' എന്ന് ഈ തെരഞ്ഞെടുപ്പുകാലത്ത് യക്ഷി നിരീക്ഷിച്ചിരുന്നു. യക്ഷിയുടെ മാധ്യമ വിമർശനവും രസകരമാണ്. 'വിഷയദാരിദ്ര്യം ബാധിച്ച ഓൺലൈൻ പത്രങ്ങളുടെ അത്രയൊന്നും വിഷമുള്ളതല്ല ഒരു വടയക്ഷിയും' എന്ന ഉദ്ധരണിയിലൂടെ ഓൺലൈൻപത്രങ്ങളുടെ സെൻസേഷനൽ സ്വഭാവത്തെ യക്ഷി വിചാരണചെയ്യുന്നു. 'ചില പത്രവാർത്തകൾ പൊലീസ് എഫ്.ഐ.ആറിൻെറ പ്രേതബാധ മാത്രമാണ്. കാലങ്ങളായി നിങ്ങള ന്വേഷിക്കുന്ന സ്വന്തംലേഖകൻ തൊട്ടടുത്ത സ്റ്റേഷനിലെ ഒരു കോൺസ്റ്റബിളാണ്' എന്ന ഉദ്ധരണിയിലൂടെ പൊലീസ് ഭാഷ്യത്തെ തൊണ്ട തൊടാതെ വിഴുങ്ങുന്ന പത്രപ്രവർത്തകരിലാണ് യക്ഷി പല്ലും നഖവുമാഴ്ത്തുന്നത്.

സ്ത്രീകളുടെ ജീവിതസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന ആണധികാര സാമൂഹികഘടനയെ ചോദ്യംചെയ്ത് സ്ത്രീപക്ഷ രാഷ്ട്രീയം പറയുന്നതും യക്ഷിസങ്കൽപ്പനവുമായി ബന്ധപ്പെടുത്തി യാണ്: 'തട്ടമില്ലാതെ മുടി പറത്തി പാട്ടുപാടി നടക്കുന്നത്, കാണുന്ന മരത്തിലൊക്കെ വലിഞ്ഞുകയറി കാലാട്ടിയിരിക്കുന്നത്, നിലാവത്ത് നിലത്തിറങ്ങാതെ കറങ്ങിനടക്കുന്നത്, ഉറക്കെ വർത്തമാനം പറഞ്ഞ് പൊട്ടിച്ചിരിക്കുന്നത്, പോവണ്ടെന്നു പറയുമ്പോൾ പോകവിടമാട്ടേൻ എന്നു ചോദിക്കുന്നത്, ഊഞ്ഞാലുകെട്ടി ഊക്കിലാടുന്നത്... ചെയ്യാൻ കൊതിച്ചതെല്ലാം ചത്തുകഴിഞ്ഞിട്ടു ചെയ്യാം എന്നാണോ? എടീ പെണ്ണേ, സദാചാര മന്ത്ര-വാദികൾ കുറുവടിയുമായി ഇറങ്ങുമ്പോൾ തറവാട്ടിൽ പിറക്കുക എന്നതൊരു തറ പരിപാടിയാണ്." എന്ന വിപ്ലവ കരമായ ഉപദേശമാണ് യക്ഷി നൽകുന്നത്. യൂണിവേഴ്സിറ്റികളിലെ ലേഡീസ് ഹോസ്റ്റൽ വാർഡൻമാരോട് യക്ഷി പറയുന്നു: "സന്ധ്യ യാകുമ്പോൾ എണ്ണമെടുത്ത് കൂട്ടിൽ കേറ്റാൻ കാമ്പസിലേക്കു പുല്ലു മേയാൻ വിട്ട കാലികളല്ല പെമ്പിള്ളേർ" എന്ന്.

'പെണ്ണ് നിലത്തല്ല എന്നത് പണ്ടും നിങ്ങൾക്ക് പേടിയായിരു ന്നല്ലോ' എന്ന ഉദ്ധരണിയിൽ നിലംതൊടാത്ത യക്ഷി എന്ന സ്ത്രീ യോടുള്ള ഭീതിയും നിലയ്ക്കു നിൽക്കാത്ത പെണ്ണിനോടുള്ള ഭീതിയും ഒരുമിച്ചുചേരുന്നു. നിലത്തു നിൽക്കുക അഥവാ നിലയ്ക്കു നിൽക്കുക എന്നത് അടക്കവും ഒതുക്കവുമുള്ള പെണ്ണിൻെറ ലക്ഷണമാവുന്ന സദാചാരമൂല്യവ്യവസ്ഥയിൽ അഭിപ്രായം പറയുകയും പൊതുസമൂ ഹത്തിൽ ഇടപെടുകയും ചെയ്യുന്ന പെണ്ണിനെ പുരുഷാധിപത്യസാമൂ ഹികക്രമം പേടിക്കുന്നുവെന്നാണ് യക്ഷി ധ്വനിപ്പിക്കുന്നത്.

'നീതിയുടെ പേരിലുള്ള കൊലപാതകങ്ങൾ ന്യായീകരിക്കാ വുന്നതാണെങ്കിൽ നിങ്ങളെന്തിനാണ് ഈ പ്രേതങ്ങളെയെല്ലാം അ ണിയടിച്ചുതളച്ചിരിക്കുന്നത്?' എന്ന് ചോദിക്കുന്ന യക്ഷി, വധശിക്ഷ എന്ന പ്രാകൃതനീതിയുടെ പേരിൽ ഇന്ത്യൻ നീതിന്യായവ്യവസ്ഥയെ പ്രതിക്കൂട്ടിൽനിർത്തുന്നു.

മതത്തെ അതിശക്തമായി വിമർശിക്കുന്ന യക്ഷി യുക്തിപര മായ ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. "എൻെറ കത്തനാരേ, കുരിശു കണ്ടാൽ പേടിച്ചോടുന്ന പ്രേതമാണെങ്കിൽ ഇലക്ട്രിക് പോസ്റ്റു കണ്ടാലും പേടിച്ചോടണമല്ലോ." 'ആഗ്രഹങ്ങൾ സഫലമാകാതെ ചത്ത വരൊക്കെ ഭൂമിയിൽ പ്രേതങ്ങളാവുമെങ്കിൽ പരലോകത്ത് പിന്നെ ആരുണ്ടാവാനാ?', 'മരണാനന്തര ജീവിതം മരണത്തിനു മുമ്പുള്ള സമാധാനപരമായ ജീവിതത്തേക്കാൾ വലിയ കെട്ടുകഥയൊന്നുമല്ല' തുടങ്ങിയ ഉദ്ധരണികളിലൂടെ പരലോക ജീവിതത്തെക്കുറിച്ചുള്ള മത ഭാവനകളെ യക്ഷി പൊളിച്ചുകാട്ടുന്നു. മതത്തിൻെറ വസ്ത്രധാരണ

നിബന്ധനകളെ വിമർശിക്കുന്നത്, 'വിരലുപോലും വെളിച്ചംകാണാത്ത കുപ്പായമാണ് സുരക്ഷിതത്വം തരുന്നതെങ്കിൽ ആ സുരക്ഷിതത്വത്തിന് എന്തോ പ്രശ്നമുണ്ടല്ലോ' എന്ന് സംശയിച്ചുകൊണ്ടാണ്.

ഈ ഇരുട്ടുനിറഞ്ഞ ലോകത്ത് ഇറങ്ങിനടക്കുന്ന യക്ഷിയുടെ കാഴ്ചകൾ കാവ്യാത്മകമാണ്. നിലാവ് ഒരു എക്സ്റേ ഷീറ്റാണ്, ചന്ദ്രൻ തേഞ്ഞു തുടങ്ങിയ ചിരട്ടയുടെ എക്സ്റേ പടമാണ്. വഴികൾ വാരിയെല്ലാണ്, കാട് ഇരുട്ടിന്റെ ഗുഹ്യരോമങ്ങളാണ്, പകൽ രാത്രിയുടെ പോസ്റ്റുമോർട്ടമാണ്, രാത്രിയെ കനത്ത വെളിച്ചത്തിൽ കീറി പരിശോധിക്കുന്നതാണ് പകൽ എന്നിങ്ങനെ പോവുന്നു യക്ഷിയുടെ കവിത തുളുമ്പുന്ന ഭ്രമഭാവനകൾ.

പാട്ടുപാടി നടക്കുന്ന യക്ഷികളെയാണ് നമ്മുടെ സിനിമകൾ അവതരിപ്പിച്ചിട്ടുള്ളത്. 'ഫാഷിസം ചൂട്ടുമായി ഇറങ്ങുമ്പോൾ പാട്ടു പാടുന്നത് ഒരു പ്രതിരോധപദ്ധതിയാണ്' എന്ന് യക്ഷി പറയുന്നു. ഇരുട്ടിൽ നീതിക്കുവേണ്ടി ഗതികിട്ടാതെ അലയുന്നവരെ പിടിക്കാൻ ഫാഷിസം ചൂട്ടുമായി ഇറങ്ങുമ്പോൾ പാട്ടിലൂടെയും കലയിലൂടെയും ചെറുത്തുനിൽക്കാം എന്നാണ് യക്ഷിയുടെ ആഹ്വാനം.

യക്ഷിയിൽനിന്നു വ്യത്യസ്തമായി 'കള്ളിയങ്കാട്ടു നീലി' കീഴാള/ദലിത് വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 'കോരനും നീലിയും ഇനിമേൽ അടങ്ങിയിരിക്കുമെന്നു കരുതരുത്, ആയിരക്കണക്കിനു കൊല്ലങ്ങളുടെ കണക്കുകളുണ്ട് തീർക്കാൻ; വെളുത്ത ദൈവത്തിനു വെച്ചിട്ടുണ്ട്' എന്നാണ് നീലി ഭീഷണി മുഴക്കുന്നത്. ഗുജറാത്ത് വികസനത്തിന്റെ മുൻനിരയിലാണെന്നു കാണിക്കാൻ കമ്പ്യൂട്ടറിൽ വ്യാജമായി നിർമിച്ചെടുത്ത ഫോട്ടോകൾ പ്രചരിപ്പിച്ചിരുന്നല്ലോ. അതിനെ കളിയാക്കാൻ ഫോട്ടോഷോപ്പിന്റെ സാങ്കേതികപദാവലികളുപയോഗിച്ച് യക്ഷൻ ഇങ്ങനെ പറയുന്നു: 'ഒപ്പാസിറ്റി ഒന്നു പിടിച്ചിട്ട് ഡോഡ്ജ് ചെയ്ത്, സ്മഡ്ജ് ചെയ്ത് ഷാർപ്പൻ ചെയ്തെടുത്താൽ ഗുജറാത്ത് കുറച്ചു കൂടി വികസിക്കും.' 'ജീവിച്ചിരിക്കെ തന്നെ തളയ്ക്കപ്പെട്ടതു കൊണ്ട് ഇസ്ലാമിൽ വനിതാപ്രേതങ്ങൾക്കു സ്കോപ്പില്ല' എന്നാണ് യക്ഷന്റെ മതവിമർശനം. 'ത്രേതായുഗത്തിൽ ബോയിങ് പറത്തിയവർക്ക് ഗോമൂത്രത്തിൽനിന്ന് പെട്രോൾ ഉൽപ്പാദിപ്പിക്കാൻ കഴിയില്യാന്നു വന്നാൽ കഷ്ടായി' എന്ന് ഹിന്ദുത്വവാദികളെ ഓർത്ത് യക്ഷൻ സങ്കടപ്പെടുന്നു.

യക്ഷി, യക്ഷൻ, കള്ളിയങ്കാട്ടു നീലി എന്നീ മൂന്നു വ്യത്യസ്ത പേജുകളാണ് ഈ ഗണത്തിലുള്ളത്. അതിൽ യക്ഷനും കള്ളിയങ്കാട്ടു നീലിയും തമ്മിൽ രൂക്ഷമായ ആശയസംഘർഷം അരങ്ങേറിയിരുന്നു. യക്ഷനിൽ നീലി സ്ത്രീവിരുദ്ധത ദർശിച്ചതാണ് പ്രശ്നമായത്. 'യക്ഷി

കളെ തറയ്ക്കാനുള്ള ആണികളുമായാണ് ഓരോ ആണും പിറക്കുന്നത്' എന്നാണ് നിലിയുടെ അഭിപ്രായം. യക്ഷനോട് എതിർപ്പുണ്ടെങ്കിലും യക്ഷിയെ ചേച്ചിയായാണ് നീലി കാണുന്നത്. യക്ഷിയുമായി സൗത്ത്ലൈവ് എന്ന പോർട്ടലിൽ മനീഷ് നാരായണൻ നടത്തിയ അഭിമുഖം നീലി ഷെയർ ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് യക്ഷി എന്ന മനീഷിൻെറ ചോദ്യത്തിന് യക്ഷി ഇങ്ങനെ ഉത്തരം നൽകുന്നു: "യക്ഷികളും പ്രേതങ്ങളും ഉണ്ടാകുന്നത് എങ്ങനെയാണെന്ന് ചിന്തിച്ചിട്ടുണ്ടോ?. തനിക്ക് ലഭിക്കേണ്ടനീതി കിട്ടില്ലെന്ന് ഉറപ്പാകുന്ന സാഹചര്യത്തിൽ സ്വയം അതിനായി ഇറങ്ങിത്തിരിക്കുന്ന തീർത്തും വിപ്ലവകരമായ ഒരു നീക്കമാണ് യക്ഷിയായി മാറുക എന്നത്. അന്വേഷണ സംവിധാനങ്ങൾ സുതാര്യമായിരിക്കുകയും നീതിന്യായ വ്യവസ്ഥ അഴിമതിരഹിതമായി നിലകൊള്ളുകയുംചെയ്യുന്ന ഒരിടത്ത് യക്ഷിക്ക് എന്താണ് ചെയ്യാനുള്ളത്?. കുറ്റം ചെയ്തവർ യക്ഷിയെ തളക്കാനായി മന്ത്രവാദിയെ സമീപിക്കുന്നു. വിശിഷ്ട പവറുകൾ കൈയിലുള്ള മന്ത്രവാദി സ്വാധീനവും പണവുമുള്ളവരുടെ ഏജന്റായി മാറുകയും യക്ഷിയെ അടിച്ചമർത്തുകയുംചെയ്യുന്നു. തളയ്ക്കപ്പെട്ട യക്ഷി പിന്നീടെപ്പോഴെങ്കിലും പുറത്തിറങ്ങാൻ കഴിഞ്ഞാൽ വീണ്ടും നീതിക്കായി ഇറങ്ങിത്തിരിക്കുന്നു. വീണ്ടും അടിച്ചമർത്തപ്പെടുന്നു. ഇങ്ങനെ തീർത്തും പ്രക്ഷുബ്ധവും വിപ്ലവകരവുമായ ഒരു ജീവിതത്തെയാണ് നിങ്ങൾ ചുണ്ണാമ്പും വശീകരിക്കലും ഒക്കെയായി ഒതുക്കിക്കളഞ്ഞത്." കറുപ്പും വെളുപ്പും പശ്ചാത്തലത്തിൽ ഉദ്ധരണികൾ അവതരിപ്പിക്കുന്നത് യക്ഷിയുടെ പശ്ചാത്തലം ഇരുട്ടും നിലാവും ഒക്കെയായതുകൊണ്ടാണ് എന്ന് യക്ഷി അഭിമുഖത്തിൽ വെളിപ്പെടുത്തുന്നുണ്ട്.

**ഐ.സി.യുവിൽ പ്രവേശിക്കുമ്പോൾ**

മലയാളത്തിലെ മുൻനിര ട്രോൾപേജുകളാണ് ട്രോൾ മലയാളവും ഐ.സി.യുവും. ഖത്തറിലെ സ്വകാര്യസ്ഥാപനത്തിൽ ബിസിനസ് ഡെവലപ്മെന്റ് മാനേജർ ആയ ശരത് മേനോനാണ് ട്രോൾ മലയാളം തുടങ്ങിയത്. 2011ൽ തുടങ്ങിയ ട്രോൾ മലയാളം രണ്ടു വർഷത്തിനകം ജനപ്രിയ പേജ് ആയി മാറി. സാമുവൽ ജോൺ, ആസിഫ് തുടങ്ങിയവരും തുടക്കത്തിൽ ട്രോൾപേജിൻെറ ഉള്ളടക്കമൊരുക്കുന്നതിൽ ശരത്തിനെ സഹായിച്ചു. ട്രോൾ മലയാളത്തിൻെറ ഫേസ്ബുക്ക് പേജ് ആറുലക്ഷം പേർ ലൈക്ക് ചെയ്തിട്ടുണ്ട്. 2008ൽ ഓർക്കുട്ട് പ്രചാരത്തിലുണ്ടായിരുന്നപ്പോൾ റോഷൻ തോമസും സുഹൃത്തുക്കളും ചേർന്ന് ഇൻററനാഷനൽ ചളു യൂണിയൻ എന്ന കമ്യൂണിറ്റി ഉണ്ടാക്കി. തരംതാണ ചളി തമാശ എന്ന അർഥത്തിലാണ് ചളു എന്ന് ഉപയോഗിച്ചു തുടങ്ങിയത്. 2011ൽ ഓർക്കുട്ട് അകാലചരമമടഞ്ഞപ്പോൾ ആ ഗ്രൂപ്പ് നിർജീവമായി. പിന്നീട് ഫേസ്ബുക് തരംഗമായി മാറിയപ്പോൾ റോഷൻ ഇതേ പേരിൽ

എഫ്.ബി ഗ്രൂപ്പ് ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ ഐ.സി.യു മലയാളത്തിലെ മുൻനിര ട്രോൾ പേജുകളിലൊന്നായി. പ്രശസ്തർ ഉൾപ്പെടെ അവരുടെ ട്രോളുകൾ ഷെയർ ചെയ്തു. ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആയിരക്കണക്കിന് മലയാളികൾ ഈ പേജിൽ തങ്ങളുടെ പോസ്റ്റുകളിടുന്നു. 5,14.658 പേർ ഈ പേജ് ലൈക്ക് ചെയ്തിട്ടുണ്ട്. കൊച്ചിയിൽ ഈയിടെ നടന്ന നാഷണൽ കാർട്ടൂൺ ആന്റ് കാരിക്കേച്ചർ ഫെസ്റ്റിവലിൽ (കാരിട്ടൂൺ 2016) ആണ് ഐ.സി.യുവിലെ നർമ പ്രതിഭകൾ പൊതുജനമധ്യത്തിലേക്കു വന്നത്.

കൗമാരക്കാർക്കും 25 വയസ്സിൽ താഴെയുള്ള യുവാക്കൾക്കുമിടയിൽ സഹിഷ്ണുത വളർത്തുന്ന പദ്ധതിയായാണ് താൻ ഐ.സി.യുവിനെ പരിഗണിക്കുന്നതെന്ന് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് സെക്രട്ടറിയും ഇൻഡിക് പ്രോജക്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ അനിവർ അരവിന്ദ് പറയുന്നു. കേരളത്തിലെ കൗമാരപ്രായക്കാർക്ക് ആരാധകൻ /വിദ്വേഷി എന്നീ വിരുദ്ധദ്വന്ദ്വങ്ങൾക്കപ്പുറം രാഷ്ട്രീയശരികളെ നോക്കിക്കാണാൻ ഉതകുന്ന പ്ലാറ്റ്ഫോം ആണിത് എന്ന് അനിവർ അഭിപ്രായപ്പെടുന്നു.

ട്രോൾ മലയാളത്തിൽനിന്നും ഐ.സി.യുവിനെ വ്യത്യസ്തമാക്കുന്നത് കൃത്യമായ രാഷ്ട്രീയ നിലപാടാണ്. ട്രോൾ എന്ന പദത്തിലെ നെഗറ്റിവ് അർഥത്തെ ഒഴിവാക്കാനാണ് ചളു എന്ന പദം ഉപയോഗിച്ചത് എന്ന് ഇപ്പോൾ ബോസ്റ്റണിൽ എം.എസ് പഠിക്കുന്ന ഐ.സി.യു സ്ഥാപകൻ റോഷൻ തോമസ് പറയുന്നു. "ലിംഗ, ജാതി വിവേചനം, വംശീയത, വർഗീയത, ലൈംഗിക ന്യൂനപക്ഷങ്ങളെ കളിയാക്കുന്നവ, വ്യക്തിഹത്യ, സ്ത്രീവിരുദ്ധത, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, അശ്ലീലം, ദ്വയാർഥം തുടങ്ങിയവ ഒഴിവാക്കുക എന്നതാണ് ഞങ്ങളുടെ രാഷ്ട്രീയ നിലപാട്. അതു നിലനിർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. നൂറു പേരോളം അടങ്ങുന്ന ടീം ഐ.സി.യുവിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്." ദിനംപ്രതി നിരവധി പോസ്റ്റുസ്റ്റുകൾ പ്രചരിപ്പിക്കുന്ന ഐ.സി.യുവിന്റെ പൊളിറ്റിക്കൽ കറക്റ്റ്നസ് എപ്പോഴെങ്കിലും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് റോഷൻ ഇങ്ങനെ മറുപടി നൽകി: "തികച്ചും പ്രതിലോമകരമായ, ലൈംഗികന്യൂനപക്ഷങ്ങളെ കളിയാക്കുന്ന പോസ്റ്റ് ഐ.സി.യു ലോഗോയോടെ ഷെയർ ചെയ്യപ്പെട്ടിരുന്നു. എന്നാൽ ആ പോസ്റ്റ് ഐ.സി.യു ഒഫിഷ്യൽ ഹാൻഡിലുകളായ ഫേസ്ബുക്ക്, ട്വിറ്റർ, ഗൂഗിൾ പ്ലസ് എന്നിവയിലൊന്നും വന്നവ ആയിരുന്നില്ല. ആ പോസ്റ്റ് ഞങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധമായതിനാൽ അതിനെ എതിർത്ത് കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു."

അശ്ലീലം, ദ്വയാർഥപ്രയോഗം എന്നിവയൊക്കെ ഒഴിവാക്കി നർമം സൃഷ്ടിക്കുക എന്ന ശ്രമകരമായ ദൗത്യം ഫലപ്രദമായി നിറവേ

റ്റുന്നുണ്ട് ഐ.സി.യു. തങ്ങൾക്ക് മതരാഷ്ട്രീയ വിധേയത്വമില്ലെന്ന് ഐ.സി.യുവിന്റെ നയത്തിൽ പറയുന്നു. 'ഈ വിഷയങ്ങളിൽ ഉള്ള ചളിക്ക് യാതൊരുവിധ നിരോധനവും ഇല്ല. വ്രണപ്പെടാൻ സാധ്യതയുള്ള ലോലഹൃദയർ ദയവുചെയ്ത് ഇവിടം വിട്ടുപോകുന്നതായിരിക്കും അഭികാമ്യം. ആരാധ്യബിംബങ്ങൾ പുച്ഛിക്കപ്പെടുമ്പോൾ ഹൃദയവേദന ഉണ്ടാകുന്നവർ അതങ്ങ് കടിച്ചമർത്തി സഹിക്കുക' എന്ന ഓപ്ഷൻ കൂടി ഐ.സി.യൂ മുന്നോട്ടുവെക്കുന്നുണ്ട്.

ഐ.സി.യുവിന്റെ രഹസ്യഗ്രൂപ്പിൽ 1,24,276 അംഗങ്ങളുണ്ട്. ഈ അംഗങ്ങൾ പോസ്റ്റുചെയ്യുന്ന ട്രോളുകൾ അഡ്മിൻമാരുടെ ടീം പരിശോധിക്കും. ഒരു ലക്ഷത്തിൽപ്പരം വരുന്ന നവമാധ്യമ ഉപയോക്താക്കളുടെ നർമഭാവനകളാണ് നൂറോളംപേർ പരിശോധിച്ച് തെരഞ്ഞെടുക്കുന്നത്. ഫേസ്ബുക്പേജ്, ടിറ്റർ, വെബ്സൈറ്റ് തുടങ്ങിയ ഒഫിഷ്യൽ അക്കൗണ്ടുകളിലേക്ക് പോസ്റ്റുകൾ തിരഞ്ഞെടുക്കുന്നത് ഗ്രൂപ്പ് അഡ്മിനുകളുടെ ടീമിന്റെ കൂടിയാലോചനക്ക് ശേഷമാണ്. രഹസ്യഗ്രൂപ്പിൽ ലഭിക്കുന്ന ലൈക്കുകളുടെ എണ്ണം മാത്രമല്ല ഒരു പോസ്റ്റ് പൊതുവായ ഇടങ്ങളിൽ പ്രസിദ്ധീകരിക്കാൻ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം. ഐ.സി.യുവിന്റെ പോളിസിക്ക് അനുസരിച്ചുള്ളതായിരിക്കണം അവ എന്ന നിർബന്ധമുണ്ട്.

തീവ്ര വലതുപക്ഷ ശക്തികളിൽനിന്നും മതവിഭാഗങ്ങളിൽ നിന്നും വധഭീഷണി ഉൾപ്പടെയുള്ള ഭീഷണികൾ ഉണ്ടായിട്ടുണ്ട് എന്ന് റോഷൻ തോമസ് പറയുന്നു. "പേജ് റിപ്പോർട്ട് ചെയ്യുക, വ്യാജ പേജ് ഉണ്ടാക്കുക തുടങ്ങി എല്ലാ രീതിയിലും ഓൺലൈൻ ആക്രമണം ഉണ്ടായി. രാഷ്ട്രീയം, മതം, സാംസ്കാരികം, കല തുടങ്ങിയ മിക്ക വിഷയങ്ങളിലെയും പോസ്റ്റുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു."

ഇത്രയും ജനപ്രീതിയാർജിച്ച ഐ.സി.യുവിന് ഏതെങ്കിലും തരത്തിലുള്ള വരുമാനസാധ്യത തേടാൻ ശ്രമിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് റോഷൻ ഇങ്ങനെ മറുപടി നൽകി: "ലാഭേച്ഛയോടെയല്ല തുടങ്ങിയത്. കുറെയാൾക്കാർ വോളന്റിയർ ചെയ്യുന്നതിനാൽ ലാഭമുണ്ടാക്കുന്നത് നീതിയുക്തമല്ല എന്നു തോന്നിയതുകൊണ്ട് അതിനു ശ്രമിച്ചിട്ടില്ല. ചെലവുകൾ എല്ലാം തൽക്കാലം കോർഗ്രൂപ്പിലെ അംഗങ്ങൾ പിരിവിട്ടെടുത്താണ് നടത്തുക. പക്ഷേ അത്തരം ചെലവുകൾ കൂടാൻ സാധ്യത ഉള്ളതിനാൽ അൽപംകൂടി എസ്റ്റാബ്ലിഷ് ചെയ്തശേഷം വരുമാനത്തിനുള്ള വഴികൾ നോക്കുന്നുണ്ട്."

കേരളത്തിലെ നവമാധ്യമങ്ങളുടെയും ജനപ്രിയ സംസ്കാരത്തിന്റെയും ചരിത്രത്തിൽ ഐ.സി.യു എഴുതിച്ചേർത്തത് ആക്ഷേപഹാസ്യത്തിന്റെ പുതിയ അധ്യായമാണ്. നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത് മോദി കേരളത്തിലെ സ്ഥാനാർഥിയായ ക്രിക്കറ്റ് താരം

ശ്രീ ശാന്തിനോട് പറയുകയാണ് We need 71 to win എന്ന്. 1983 എന്ന ചിത്രത്തിലെ ലോക്കൽ സച്ചിൻ ആയി അഭിനയിച്ച ഗ്രിഗറിയാണ് ട്രോളിലെ ശ്രീശാന്ത്. അയാൾ മോദിയോട് ചോദിക്കുന്നു, 'എത്ര ഓവറിൽ' എന്ന്. ദൃശ്യമാധ്യമപ്രവർത്തക സിന്ധു സൂര്യകുമാറിൻെറ മുഖത്തു തുപ്പുമെന്നു പറഞ്ഞ മേജർ രവിയെ കളിയാക്കാൻ തുപ്പാക്കി എന്ന തമിഴ്പടത്തിൻെറ പോസ്റ്ററാണ് ഐ.സി.യു ഉപയോഗിച്ചത്. തുപ്പാക്കി പിടിച്ചുനിൽക്കുന്ന മേജർ രവിയുടെ ചിത്രത്തിനു മീതെ 'ചരിത്രമാകാൻ അവൻ വരുന്നു' എന്ന വാചകം. I am waiting എന്ന വിജയിന്റെ ഇൻർവെൽ പഞ്ച് ഡയലോഗ് I am spitting എന്നാക്കി. മുഖ്യമന്ത്രിയായാൽ ആദ്യദിവസം തന്നെ 'അറബി'ക്കടലിൻെറ പേരുമാറ്റി 'സംസ്കൃത'ക്കടൽ എന്നാക്കുമെന്ന് കുമ്മനം രാജശേഖരൻെറ പടംവെച്ച് നിയമസഭ തെരഞ്ഞെടുപ്പുകാലത്ത് ഐ.സി.യു കളിയാക്കി.

ട്രോളുകൾ പുതിയ ചില പ്രയോഗങ്ങൾ സൈബർലോകത്തിനു പരിചയപ്പെടുത്തിയിട്ടുണ്ട്. 'പ്ലിങ്' എന്ന വാക്ക് അതിലൊന്നാണ്. സിനിമയിൽനിന്ന് ഉദ്ഭവിച്ചതാണ് ആ വാക്ക്. പല സിനിമകളിലും ചമ്മൽ കാണിക്കാനുപയോഗിക്കുന്ന പശ്ചാത്തല ശബ്ദത്തിൻെറ ലിപിരൂപത്തിലുള്ള എഴുത്താണ് അത്. 'നരസിംഹ'ത്തിൽ മോഹൻലാൽ ജഗതിയെ ചമ്മിച്ചതിനുശേഷം 'പ്ലിങ്' എന്നു പറയുന്നുണ്ട്. പല ട്രോളുകളിലും വ്യക്തികളുടെ പേരിനു മുമ്പാകെ 'ലെ' എന്ന് ഉപയോഗിക്കുന്നതു കാണാം. ഫ്രഞ്ചു ഭാഷയിൽ The എന്ന ഡെഫനിറ്റ് ആർട്ടിക്കിളിനു പകരമായി ഉപയോഗിക്കുന്ന പദമാണ് അത്. ട്രോളുകളിൽ പക്ഷേ ഇവ നർമരസത്തിനായി അനവസരത്തിലാണ് ഉപയോഗിക്കുന്നത് എന്നു മാത്രം. ഇംഗ്ലീഷ് ട്രോളുകളെ അതേപടി അനുകരിച്ചാണ് മലയാളത്തിൽ ട്രോളുകൾ ഉണ്ടായത്. ഹാസ്യരസം പകരുന്നതിനായി The ഉപയോഗിക്കേണ്ടിടത്ത് Le എന്നുപയോഗിച്ച് ഭാഷയെ ഫ്രഞ്ച് ആക്കുന്നത് ഇംഗ്ലീഷ് മീമുകളുടെ സ്വഭാവമായിരുന്നു. അതിനെയാണ് മലയാളം പകർത്തിയത്.

### ഓൺലൈൻ ഇരകൾക്ക് ഓഫ്ലൈൻ നിയമങ്ങൾ

ഓൺലൈൻ ട്രോളിങിൻെറ ഇരകൾക്ക് ഓഫ്ലൈൻ നിയമങ്ങൾകൊണ്ട് നീതിതേടാമെന്ന് സൈബർരംഗത്തെ വിദഗ്ദ്ധർ പറയുന്നു. ഇന്ത്യൻ പീനൽ കോഡിന്റെ സെക്ഷൻ 507 അനുസരിച്ച് 'അജ്ഞാതമായ ആശയവിനിമയത്തിലൂടെയുള്ള ക്രിമിനൽ ഭീഷണി'(criminal intimidation by anonymous communication)ക്കെതിരെ കേസ് കൊടുക്കാം. ഓൺലൈൻ പീഡനം നേരിടുന്ന സ്ത്രീകൾക്ക് പ്രതിയുടെ പേരുവിവരങ്ങൾ അറിയില്ലെങ്കിലും ഈ വകുപ്പ് അനുസരിച്ച് കേസ് ഫയൽ ചെയ്യാം. വിവരസാങ്കേതിക നിയമത്തിൻെറ സെക്ഷൻ 66 C പ്രകാരം സ്വകാര്യതാലംഘനത്തിന് കേസ് നൽകാം. അനുമതി

യില്ലാതെ ഒരു വ്യക്തിയുടെ ഫോട്ടോ ഉപയോഗിക്കുന്നതും പ്രചരിപ്പിക്കുന്നതും ഈ വകുപ്പ് അനുസരിച്ച് കുറ്റകരമാണ്. സ്ത്രീകളുടെ അന്തസ്സ് ഇടിച്ചു താഴ്ത്തുന്നതിന് എതിരായ ഐ.പി.സി സെക്ഷൻ 509, അപകീർത്തിപ്പെടുത്തുന്നതിന് എതിരായ സെക്ഷൻ 499 എന്നിവയും ട്രോൾ ഇരകൾക്ക് ഉപയോഗപ്പെടുത്താം. ഇലക്ട്രോണിക് ആശയവിനിമയം വഴിയുള്ള ലൈംഗികപീഡനം, പാത്തും പതുങ്ങിയുമുള്ള പിന്തുടരൽ എന്നിവ കുറ്റകരമാക്കുന്ന 354എ, ഡി എന്നീ വകുപ്പുകൾ പ്രകാരവും കേസ് എടുക്കാം.

ദേശീയതലത്തിൽ നരേന്ദ്രമോദിയും അർണാബ് ഗോസ്വാമിയും ചേതൻ ഭഗത്തുമൊക്കെയാണ് ട്രോളിങിന് ഏറ്റവും കൂടുതൽ വിധേയരാവുന്നത്. ട്രോളർമാർ തുടരെത്തുടരെ മുഷ്ടി ചുരുട്ടിയിടിക്കുന്നതിനാൽ ഇന്ത്യയുടെ 'പഞ്ചിങ് ബാഗ്' എന്നാണ് ചേതൻ ഭഗത് അറിയപ്പെടുന്നത്. ട്വിറ്റർ ട്രോളുകളുടെ മുഖ്യലക്ഷ്യം ചേതൻ ഭഗത് ആണ്. വലതുപക്ഷ രാഷ്ട്രീയവും ഉപരിപ്ലവമായ നിലപാടുകളും ചേതനെ ട്രോളുകളുടെ പ്രിയപ്പെട്ട ഇരയാക്കി. രാജ്യത്ത് വർധിച്ചുവരുന്ന അസഹിഷ്ണുതയിൽ പ്രതിഷേധിച്ച് എഴുത്തുകാർ അവാർഡുകൾ മടക്കി നൽകിയപ്പോൾ "ഓകെ...അപ്പോ ഞാനും എന്റെ സാഹിത്യ അക്കാദമി അവാർഡ് തിരിച്ചേൽപ്പിക്കണം അല്ലേ? ഓ...വെയ്റ്റ്...എനിക്കിതുവരെ അത് കിട്ടിയിട്ടില്ല" എന്നാണ് ചേതൻ ഭഗത് കളിയാക്കിയത്. "താങ്കൾക്ക് സാഹിത്യ അക്കാദമി അവാർഡ് കിട്ടുകയാണെങ്കിൽ ഞാനെന്റെ റേഷൻകാർഡ് തിരിച്ചേൽപ്പിച്ച് പ്രതിഷേധിക്കും" എന്ന് ഒരാൾ ചുട്ട മറുപടി നൽകി.

സൈബർ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യാനെത്തിയ ആപ്പിൾ സി.ഇ.ഒ ടിംകുക്കിനോട് 'താങ്കൾ കുക്കാണ് അല്ലേ, എനിക്ക് ചായക്കട ഉണ്ടാർന്നു' എന്ന് പറയുന്നു നരേന്ദ്ര മോദി. ഒരു കള്ളുഷാപ്പിന്റെ പുറത്തെ ബോർഡിൽ കള്ള് TODDY എന്ന് എഴുതി വെച്ചിരിക്കുന്നു. അതിനടിയിൽ മോദിയുടെ ചിത്രം. ഒപ്പം തള്ള് MODDY എന്ന് എഴുതിവെച്ചിരിക്കുന്നു. മോദിയുടെ അവകാശവാദങ്ങളെ (തള്ള്)പരിഹസിക്കുകയാണ് ഈ ട്രോൾ. അഡോബ് ഫോട്ടോ ഷോപ്പിന്റെ പരസ്യത്തിൽ മോദിയുടെ ചിത്രം. Making Prime Ministers since 2014 എന്ന് അടിക്കുറിപ്പ്. Your Nation's development is just one click away എന്ന് പരസ്യവാചകം.

കേരളത്തിൽ ഈയിടെയായി ഏറ്റവും കൂടുതൽ ട്രോളുകൾക്ക് ഇരയായത് തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. 2014ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപനത്തിൽ നസ്റിയ ഉൾപ്പെടെയുള്ളവരുടെ പേരുകൾ പരാമർശിക്കുന്നതിനിടെ തിരുവഞ്ചൂരിനു പറ്റിയ നാക്കുപിഴ അദ്ദേഹത്തെ ദീർഘകാലാടിസ്ഥാനത്തിലുള്ള ട്രോൾ ഇരയാക്കി.

പുതുവർഷം പിറന്നപ്പോൾ തിരുവഞ്ചൂരിൻെറ വക 'പുതുവൽസല' ആശംസകൾ എത്തി. വിഷു വന്നപ്പോൾ 'എല്ലാവർക്കും എൻെറ വിഷാംശങ്ങൾ' എന്ന വിചിത്രമായ ആശംസ ചൊരിഞ്ഞു. മെയ്ദിനം വന്നപ്പോഴോ അത് 'എല്ലാവർക്കും എൻെറ മൊയ്തീനാശംസകൾ' എന്നായി. 'അക്ഷയ തൃതീയ എന്നു പറയാൻ ശ്രമിച്ച് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട' തിരുവഞ്ചൂരിൻെറ ആരോഗ്യനില ദിവസങ്ങളോളം റിപ്പോർട്ടു ചെയ്യപ്പെട്ടു.

ഇ.പി ജയരാജൻ കായികമന്ത്രിയായി സ്ഥാനമേറ്റെടുത്തതോടെയാണ് തിരുവഞ്ചൂരിന് ശ്വാസം നേരെ വീണത്. ബോക്സിങ് ഇതിഹാസം മുഹമ്മദ് അലി മലയാളിയാണെന്ന് തെറ്റിദ്ധരിച്ച് ചാനലിൽ അനുശോചനം അറിയിച്ച കായികമന്ത്രിയെ ന്യൂജൻ വിദൂഷകർ ട്രോൾമഴയിൽ കുളിപ്പിച്ചു. ഭരണം മാറിയപ്പോൾ അടുത്ത അഞ്ചുവർഷത്തെ തിരുവഞ്ചൂരായി ട്രോളർമാർ അദ്ദേഹത്തെ തെരഞ്ഞെടുത്തു.അതോടെ തിരുവഞ്ചൂർ ജയരാജനെ ഫോണിൽ വിളിച്ച് 'ജയരാജാ, താങ്ക്സ്' എന്നു പറയുന്ന ട്രോൾ ചിരിയുണർത്തി. കോപ്പ അമേരിക്കൻ ഫുട്ബോളിൽ പങ്കെടുക്കുന്ന കേരളക്രിക്കറ്റ് ടീമിന് കായികമന്ത്രി അഭിവാദ്യങ്ങൾ അർപ്പിച്ചു. ലോങ്ജമ്പിൽ അഞ്ജു ബോബി ജോർജിന് സ്വർണം നഷ്ടമായി എന്ന് പത്രത്തിൽ വായിക്കുന്ന ജയരാജൻെറ കമൻറ്: 'ഇതൊക്കെ ഊരിവെച്ചിട്ടുവേണ്ടേ ചാടാൻ?' ആപ്പിളിൻെറ സി.ഇ.ഒ കേരളത്തിൽ ബിസിനസ് ചെയ്യാനാഗ്രഹിക്കുന്നുവെന്ന് വ്യവസായ മന്ത്രികൂടിയായ ഇ.പി ജയരാജനോടു ഫോണിൽ പറയുമ്പോൾ 'ഇവിടെ ഇപ്പോൾ മാങ്ങാ സീസണാണ്' എന്നാണ് അദ്ദേഹം മറുപടി പറയുന്നത്.

സംസ്ഥാനത്തെ പുതിയ രാഷ്ട്രീയ സാഹചര്യവുമായി ബന്ധപ്പെട്ട് വർഗീയ പരാമർശം നടത്തിയ രാഹുൽ ഈശ്വറിനെ ട്രോളർമാർ വെറുതെ വിട്ടില്ല. ബി.ജെ.പിയുടെ കേരളത്തിലെ വളർച്ചയുടെ ഗുണഫലമാണ് ആദ്യ ഹിന്ദു വിദ്യാഭ്യാസ മന്ത്രിയും പ്രതിപക്ഷ നേതാവുമെന്ന രാഹുലിൻെറ ട്വീറ്റാണ് ട്രോളിനാധാരം. സോൾട്ട് ആൻറ് പെപ്പറിൽ പലചരക്കുകടയിൽ പോയി സാധനം വാങ്ങുന്ന ബാബുരാജ് ആയാണ് രാഹുലിനെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ചാക്ക് ഹിന്ദു അരിയും ഒരുകിലോ ഹിന്ദുപ്പരിപ്പും അരക്കിലോ ഹിന്ദു മുളകും ഹിന്ദു മല്ലിയും വാങ്ങിയ ശേഷം രാധാസിനുപകരം രാഹുൽ ചോദിക്കുന്നത് 'ഹിന്ദുലേഖ' സോപ്പാണ്. ചേട്ടൻ സംഘിയാണല്ലേ എന്ന് രാഹുൽ ഈശ്വറായി നിൽക്കുന്ന കൊച്ചിൻഹനീഫയോട് രാഹുൽ ഈശ്വർ ചോദിക്കുന്നു. 'എയ് ഞാൻ സംഘിയല്ല, എല്ലാ കാര്യത്തിലും വർഗീയത മാത്രം കാണുന്ന സെക്യുലറിസ്റ്റ് രാജ്യസ്നേഹിയാണ്' എന്ന് രാഹുലിൻെറ മറുപടി.

പരമ്പരാഗത മാധ്യമങ്ങൾക്ക് രാഷ്ട്രീയകക്ഷികളെയും നേതാക്കളെയും വിമർശിക്കുന്നതിൽ ഒരു പരിധിയുണ്ട്. നവമാധ്യമങ്ങൾക്ക് മുന്നിൽ പക്ഷേ ലക്ഷ്മണരേഖകളില്ല. അരാജകത്വത്തിൻെറ സ്വതന്ത്രമായ ആഘോഷമാണ് അവിടെ അരങ്ങേറുന്നത്. പൊതുവേദിയിൽ എന്തു പറയുമ്പോഴും ശ്രദ്ധിച്ചും പഠിച്ചും പറയാൻ രാഷ്ട്രീയ നേതാക്കളെ പ്രേരിപ്പിക്കുന്നു ഈ ട്രോളുകൾ. കാർട്ടൂണിസ്റ്റുകളുടെ എണ്ണം കുറഞ്ഞുവരുന്ന കാലത്ത് ട്രോളുകൾ വരയ്ക്കാനറിയാത്തവരെയും കാർട്ടൂണിസ്റ്റുകളാക്കുന്നു.

വൈലോപ്പിള്ളിയുടെ ആത്മാവിനെ ആവാഹിച്ച് പ്രാർഥിക്കുന്ന യക്ഷൻെറ ഉദ്ധരണിയോടെ ഈ ലേഖനം ഉപസംഹരിക്കട്ടെ:

ഏതു ഫാഷിസ്റ്റ് സങ്കൽപ്പങ്ങളിൽ വളർന്നാലും
ഏതു ഫോട്ടോഷോപ്പ് ലോകത്ത് പുലർന്നാലും
മനസ്സിലുണ്ടാവട്ടെ സ്വാതന്ത്ര്യത്തിൻ
പ്രതീക്ഷയും പ്രണയവും
ഇത്തിരി ചുവന്ന റോസാപ്പൂവും.

**റഫറൻസ്**


1) Shaili Chopra, The Big Connect : Politics in the age of social media, Random House India, 2014
2) Smith, Trevor G., Theorizing an Online Politics: How the Internet is Reconfiguring Political Space, Subjectivity, Participation, and Conflict (2015). Electronic Thesis and Dissertation Repository. The University of Western Ontario
3) Sarah Banet -Weiser & Kate M. Miltner (2016) Masculinity So Fragile: culture, structure, and networked misogyny, Feminist Media Studies, 16:1, 171-174
4) Sandeep Bhushan, The Power of Social Media: Emboldened right-wing Trolls who are attempting an Internet purge, Caravan Magazine 28, September 2015
5) Chetan Bhagat, Anatomy of an Internet Troll: How social media birthed a strange new phenomenon in India, the Bhakts, Times of India July 11, 2015

6) Girija Shivakumar ,Tackling Trolls: Women battling old weapons on the Internet , The Indian Express, May 16, 2016

7) Internet Trolls and the online riots, January 4, 2016 The Indian Express.

8) Congress vs BJP: The curious case of Trolls and Politics, The Times of India, October 11, 2013

9) Elizabeth Thomas, Troll, lol and all things viral, Deccan Chronicle, Jun 6, 2015,

10) Anja Kovacs, Richa Kaul Padte, Shobha SV, An Exploratory Study of Women and Verbal Online Abuse in India, Internet Democracy Project New Delhi, India April 2013

11) ഐ.സി.യുവിന്റെ സ്ഥാപകൻ റോഷൻ തോമസ്, അനിവർ അരവിന്ദ് എന്നിവരുമായുള്ള ഫേസ്ബുക്ക് ചാറ്റുകൾ


(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2016 ജൂലൈ 3)

# ട്രോൾ മലയാളം @ സൈബർ സ്പേസ്

വിശാൽ ജോൺസൺ

ട്രോൾ : ഉരുട്ടുന്നവൻ
ചൂണ്ടലിടുകാരൻ
യക്ഷിക്കഥകളിലെ വിരൂപനായ കഥാപാത്രം
മനഃപൂർവ്വം അസഹ്യപ്പെടുത്തുന്നയാൾ

മലയാളിയുടെ നർമ്മബോധത്തിന്റെയും വിമർശനപാടവത്തിന്റെയും പുതുസരണി എന്ന നിലയിൽ ഇന്ന് സൈബർ ഇടങ്ങളിലാകെ വളരെ ഊർജ്ജത്തോടുകൂടി വിരാജിക്കുന്ന ട്രോളുകളുടെ അർത്ഥം അന്വേഷിച്ചു പോകുന്ന എല്ലാവരും മേൽപ്പറഞ്ഞ വാചകങ്ങളിൽ എത്തിച്ചേരുന്നു. ഒരു ചൂണ്ടലിടുകാരൻ ഇര ഇട്ട് മീനിനെ പ്രലോഭിപ്പിച്ച് പ്രകോപിപ്പിക്കുകയാണ്. യക്ഷിക്കഥകളാകട്ടെ ഭീതിജനകമായതാണ്. ആ കഥകളിൽ ഒരു വിരൂപനായ കഥാപാത്രം കൂടിയുണ്ടെങ്കിലോ? അത്യന്തം അസഹനീയം തന്നെ. ഇന്റർനെറ്റ് ഉപയോഗിച്ച് ഓൺലൈൻ കൂട്ടായ്മകൾ വഴി വാദങ്ങൾ നിരത്താനും അനവധി പോസ്റ്റുകളിടുവാനും വായനക്കാരെ പ്രകോപിപ്പിച്ച് വികാരഭരിതരാക്കാനും ഉപയോഗിക്കുന്നതാണ് ട്രോൾ ഇന്റർനെറ്റ്. ഇത് പ്രധാനമായും തർക്കത്തിനായാണ് ഉപയോഗിച്ചിരുന്നത്. ട്രോളുകളെ മാധ്യമങ്ങൾ ഓൺലൈൻ ശല്യപ്പെടുത്തലുകളായി രൂപപ്പെടുത്തിയെടുത്തു.

1980-കളിൽ സജീവമായിരുന്ന കമ്പ്യൂട്ടറധിഷ്ഠിതമായ Bulletin Board System (BBS), Usenet എന്നീ വാർത്താമാധ്യമങ്ങളിലാണ് ഇന്റർനെറ്റ് ട്രോൾ എന്ന പ്രത്യേക ഭാഷാരീതി ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ട്രോളിങ്ങിന്റെ ആദ്യകാല സ്വഭാവമനുസരിച്ച് അതിനെ Flaming -നോടാണ് ഉപമിച്ചിരുന്നത്. അനാദരവോടു കൂടി ഇന്റർനെറ്റ് ഉപയോഗിച്ച് ശത്രുക്കളോടോ വൈരാഗ്യമുള്ളവരോടോ പ്രതിഷേധം പ്രകടിപ്പിക്കുന്ന ഇടം ആണ് Flaming.

സാഹിത്യ ഗവേഷണത്തിൽ ട്രോളിങ്ങ് ശീലത്തെ ആദ്യമായി അടയാളപ്പെടുത്തിയത് ഹാർവാർഡ് സർവ്വകലാശാലയിലെ ഗവേഷകയായിരുന്ന ജൂഡിത്ത് ഡൊണാത് (Judith Donath) ആണ്. ഭൗതിക സമൂഹവും വിജ്ഞാനസമൂഹവും തമ്മിലുള്ള ആശയ ഭിന്നതയെ മുൻനിർത്തി ട്രോളുകളിലെ കൃത്രിമ വ്യക്തിത്വരൂപീകരണത്തെക്കുറിച്ച് സംക്ഷിപ്തമായി ഡൊണാത് പ്രതിപാദിച്ചിട്ടുണ്ട്.

" orolling is a game about identify deception, albeit one that is played without the consent of most of the players. The troll attempts to pass as a legitimate participant sharing the group's, common interests and concerns; the news groups members, if they are cognizant of troll and other identity deceptions, attempt to both distinguish real form trolling posting, and upon judging a poster a troll, make the offending poster leave the group. Their success at the former depends on how well they-and the troll-understand indentity cues; their success at the latter depends on whether the troll's enjoyment is sufficiently diminished or out weighed by the costs imposed by the group" (Identity and deception in online communities, 1999).

ഒരു കൂട്ടായ്മയിലെ ചർച്ചകളെ തടസ്സപ്പെടുത്താനും തെറ്റായ നിർദ്ദേശങ്ങൾ വ്യാപിപ്പിക്കാനും ന്യൂസ് ഗ്രൂപ്പിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്താനും ഒരു പരിധിവരെ ട്രോളുകൾക്ക് സാധിക്കും. ട്രോളുകളോടു വളരെ വൈകാരികതയുള്ള ഗ്രൂപ്പുകളിൽ കൃത്രിമത്വങ്ങളുടെ തോത് കൂടുതലായിരിക്കും. ജൂഡിത്ത് ഡൊണാത്തിന്റെ നിരീക്ഷണത്തിൽ, ട്രോളിങ്ങുകളിൽ സത്യസന്ധമായ പല ചോദ്യങ്ങളും തള്ളിക്കളയപ്പെടുന്നു. ഇതു മനസ്സിലാകാതെ ആദ്യമായി പോസ്റ്റിടുന്നയാൾ തൽക്ഷണം സൈബർ സ്പേസിൽ ആക്രമിക്കപ്പെടുകയും കുറ്റാരോപിതനാവുകയും ചെയ്യപ്പെടുന്നു. ഈ കുറ്റപ്പെടുത്തലുകൾ എന്തിനാണെന്നറിയില്ലെങ്കിലും ഒരിക്കൽ പോസ്റ്റ് ചെയ്ത് ബ്രാൻഡഡായി മാറിയ ട്രോളുകൾ ഒരാളുടെ ഓൺലൈൻ അംഗീകാരത്തെതന്നെ ഇല്ലാതാക്കിയെന്നു വരാം. ട്രോളുകളുടെ ആദ്യകാല നിരീക്ഷണം എന്ന നിലയിൽ ഡൊണാതിന്റെ ഈ ഗവേഷണം ശ്രദ്ധേയമാണ്.

ഇന്റർനെറ്റ് നിഘണ്ടുവായ Net lingo-ൽ ട്രോളുകളെ അതിന്റെ സ്വഭാവരീതിയനുസരിച്ച് നാലായി വർഗ്ഗീകരിച്ചിരിക്കുന്നു. Playtime trolls, Tactical trolls, Strategic trolls, Domination trolls എന്നിവയാണവ.

**പ്ലേടൈം ട്രോൾസ്**

സൗഹൃദപരമായ പോസ്റ്റുകളാണ് Playtime trollers-ന്റെ വ്യവഹാരരീതി. വ്യക്തിപരമായതും ലളിതവും വളരെ ഹ്രസ്വവുമായതു

മായ ഇത്തരം ട്രോളുകളുടെ പൊതുസ്വഭാവം അവയുടെ അവതരണ ത്തിലും പ്രകോപനത്തിലും തുറന്നു പറയുന്ന ഭാഷാരീതി അവലംബിക്കുക എന്നതാണ്. പൊതുവെ മന്ദഗതിയിലുള്ള പ്രവർത്തനത്തിലിരിക്കു മ്പോൾ തന്നെ ക്ഷണനേരംകൊണ്ട് വേഗതയാർന്ന പരസ്പര വ്യവഹാ രവുമായി ഇത്തരം ട്രോളുകൾ മാറുന്നതോടെ ഒരു Playtime troll-ന്റെ രൂപം ദ്വന്ദ്വമാനം കല്പിക്കപ്പെടുന്നു. വിഷയ സ്വീകരണത്തിലും ജന ങ്ങളെ തെരഞ്ഞെടുക്കുമ്പോഴും തീർത്തും തരംതിരിവുകളില്ലാത്ത വർഗ്ഗീകരണം പ്ലേടൈം ട്രോളിന്റെ മേന്മയാണെങ്കിൽ ഒരു വിഷയത്തെ ഗ്രഹിക്കുവാനുള്ള തീവ്രതക്കുറവ്, വ്യക്തിഗത അറിവുകളുടെ ന്യൂനത, യഥാർത്ഥ വീക്ഷണത്തിലുള്ള അഭാവം, നർമ്മത്തിന്റെ ന്യൂനത്വം എന്നിവ ഇവരുടെ കുറവുകളാണ്.

**ടാക്റ്റിക്കൽ ട്രോൾസ്**

Tactical ട്രോളുകളിൽ ട്രോളർ കൂടുതൽ ഗൗരവത്തോടെ ഇട പെടുകയും അതിലൂടെ വിശ്വാസയോഗ്യമായ ഒരു വ്യക്തിത്വം രൂപീ കരിക്കുകയും തന്ത്രപരമായി വിദ്വേഷം വളർത്തുകയും നിഗൂഢമായി വിവാദങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സൗഹൃദപരവും നർമ്മം കലർന്നതുമാണെങ്കിലും ഇത്തരം ട്രോളുകൾ വായനക്കാരന്റെ സ്വസ്ഥത നശിപ്പിക്കുന്നവയായിരിക്കും. ഉയർന്ന ചിന്താഗതിയോടു കൂടിയുള്ള കഥകൾ സൃഷ്ടിച്ച് അവ യാഥാർത്ഥ്യമാണെന്ന് വരുത്തിത്തീർക്കുന്നു. തന്ത്രങ്ങൾ മെനഞ്ഞ് സഹതാപം സൃഷ്ടിക്കുക എന്നത് ഇത്തരം ട്രോളുകളുടെ പ്രത്യേകതയാണ്. ഏതു വിഷയത്തിലും വ്യക്തമായ അറിവ് ടാക്റ്റിക്കൽ ട്രോളേഴ്സിനുള്ളതിനാൽ അവർ വളരെ ശ്രദ്ധാ പൂർവ്വം ഭാഷ കൈകാര്യം ചെയ്ത് സൂക്ഷ്മമായി വിദ്വേഷം ജനിപ്പി ക്കുന്നു. നേരിട്ട് വാദപ്രതിവാദങ്ങൾക്ക് മുതിരാതെ സുഗമമായി തങ്ങ ളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുവാൻ Tactical ട്രോളേഴ്സിന് പ്രത്യേക വൈദഗ്ദ്ധ്യമുണ്ട്.

**സ്ട്രാറ്റജിക് ട്രോൾസ്**

മാസങ്ങളോ വർഷങ്ങളോ സമയമെടുത്ത് ഓരോ ട്രോളുകളും സൃഷ്ടിക്കുന്ന തന്ത്രവൈദഗ്ദ്ധ്യമാണ് Strategic trolls-നുള്ളത്. ഇത് വളരെ ഗൗരവമേറിയ സമീപനരീതിയാണ്. മറ്റൊരാളുടെ ആശയത്തെയോ അറിവിനെയോ ആക്രമിക്കുക എന്നതാണ് ഈ ട്രോളുകളുടെ ലക്ഷ്യം. ലക്ഷ്യത്തിലെത്തിച്ചേരാൻ വ്യത്യസ്തങ്ങളായ മാർഗങ്ങൾ Strategic trollers തിരഞ്ഞെടുക്കുന്നു. ആദ്യമേ ബഹുഗുണ വ്യക്തിത്വം മറ്റുള്ളവ രുടെ മുമ്പാകെ സൃഷ്ടിക്കുന്നു. അതിലൂടെ ആ ഗ്രൂപ്പിന്റെ അഭിവാജ്യ ഘട കമായി മാറുന്നു. സൗഹൃദപരമായ സമീപനത്തിലൂടെ നിഗൂഢ ലക്ഷ്യത്തെ നിറവേറ്റുന്നു.

**ഡോമിനേഷൻ ട്രോൾസ്**

അംഗങ്ങളുടെ വൈകാരിക ജീവിതത്തിൻ മേലുള്ള ആധിപത്യം ഉറപ്പുവരുത്തുകയാണ് Dominaton trollers ചെയ്യുന്നത്. ഇവിടെ ഒരു സംഘം ആളുകൾ ചേർന്നു ഓരോ ഗ്രൂപ്പുകളുടെയും പട്ടിക തയ്യാറാക്കുകയും അതിൻ പ്രകാരം മറ്റു ട്രോളിങ്ങ് കൂട്ടായ്മകളെ എതിർക്കുകയും ആക്രമിക്കുകയും ചെയ്യുന്നു.

**കേരളീയാന്തരീക്ഷവും ട്രോളുകളും**

ട്രോളുകളെപ്പറ്റി പൊതുവെ നെഗറ്റീവ് ചിന്താഗതികളാണ് ഒരു കാലത്ത് നിലനിന്നിരുന്നതെങ്കിൽ ആധുനികയുഗത്തിൽ, കേരളീയാന്തരീക്ഷത്തിലേക്ക് വരുമ്പോൾ വാർത്താമാധ്യമങ്ങളുടെ ഇടപെടലുകളാൽ ട്രോൾ എന്നത് ആളുകളെ കേന്ദ്രീകരിച്ച് സാമൂഹ്യവിഷയങ്ങൾ സംബന്ധിച്ചതാണെന്ന രീതിയിലേക്ക് മാറി. ദോഷദർശനം, രൂക്ഷമായ പരിഹാസം, ആക്ഷേപഹാസ്യം എന്നിവയാണ് ട്രോളുകളുടെ പൊതുസ്വഭാവമായി നമുക്കു കണ്ടെത്താനാകുന്ന ഘടകങ്ങൾ.

കേരളീയ കാലാവസ്ഥയിലെ നർമ്മരൂപീകരണത്തിന്റെ ആദ്യസ്ഫുരണങ്ങൾ പഴഞ്ചൊല്ലുകളിലാണ് ദർശിക്കാനാവുന്നത്. ഫലിതരസപ്രധാനമായ ഒട്ടേറെ പഴഞ്ചൊല്ലുകൾ മലയാളത്തിലുണ്ട്. നാടൻപാട്ടുകളിലെ ഒരു പ്രത്യേക വിഭാഗമായ വിനോദപ്പാട്ടുകളിലും യാത്രക്കളിപ്പാട്ടിലും പരിഹാസത്തോടൊപ്പം സാമൂഹിക വിമർശനങ്ങളും കാണാം. മലയാള സാഹിത്യത്തിൽ ഹാസ്യത്തിന്റെ തിരികൊളുത്തിയത് കൂത്ത്, പാഠകം തുടങ്ങിയ ശ്രാവ്യകലാരൂപങ്ങളിലൂടെ മൂർച്ചയേറിയ പരിഹാസവും കുലുങ്ങിച്ചിരിപ്പിക്കുന്ന ഫലിതവും അവതരിപ്പിച്ച ചാക്യാന്മാരാണ്. കൂടിയാട്ടത്തിലെ വിദൂഷകൻ വ്യക്തിപരവും സാമൂഹികവും ആയ പരിഹാസങ്ങളിലൂടെ സമുദായത്തെ പരിഷ്കരിക്കാൻ ശ്രമിക്കുന്നുണ്ട്. മലയാളത്തിലെ ആദ്യത്തെ ഫലിതസാഹിത്യകാരൻ 11-ാം നൂറ്റാണ്ടിൽ മഹോദയപുരം കേന്ദ്രമാക്കി ഭരിച്ചിരുന്ന കുലശേഖരന്റെ സദസ്യനായിരുന്ന തോലൻ ആണ്. തോലനിൽ നാമ്പിട്ട ഹാസ്യസാഹിത്യം കുഞ്ചൻനമ്പ്യാരിലാണ് വികസിക്കുന്നത്. വെണ്മണി പ്രസ്ഥാനത്തിലെ പല കവികളും ഹാസ്യകൃതികൾ രചിച്ചിട്ടുണ്ട്. നാടകങ്ങളെ പരിഹസിച്ചുകൊണ്ട് മുൻഷിരാമക്കുറിപ്പ് രചിച്ച "ചക്കീചങ്കരം" പ്രസിദ്ധമായതാണ്. കൃതഹസ്തനായ ഹാസ്യസാഹിത്യകാരനാണ് 'സഞ്ജയൻ' എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ എം.ആർ.നായർ. ഇ.വി കൃഷ്ണപിള്ള, എൻ.പി ചെല്ലപ്പൻ നായർ, വി.കെ.എൻ എന്നിങ്ങനെ ഹാസ്യസമ്പുഷ്ടമായ നർമ്മസാഹിത്യത്തിന്റെ വിഭിന്നമുഖമാണ് നവമാധ്യമങ്ങളിൽ നാം ഇന്ന് കാണുന്നത്. പരമ്പരാഗത വിനോദങ്ങളുടെ സ്ഥാനങ്ങളെ സ്വാംശീകരിച്ചുകൊണ്ടാണ് ട്രോളുകൾ രംഗ

പ്രവേശനം ചെയ്യുന്നത്. നമ്പൂതിരി ഫലിതങ്ങളായും ഗ്രാമങ്ങളിൽ പ്രചാരമുണ്ടായിരുന്ന നർമ്മകഥകളുടെയും മൊബൈൽ ഫോണിന്റെ കടന്നുവരവോടെ പ്രചാരത്തിലുണ്ടായിരുന്ന സർദാർജി ജോക്ക്സ്, ടിന്റുമോൻ ജോക്ക്സ് തുടങ്ങിയവയുടെയെല്ലാം ഇടങ്ങളെ മറികടന്നാണ് മലയാളം ട്രോളുകൾ ജനപ്രിയമായിത്തീർന്നത്.

കേരളത്തിലെ സമകാലിക സംഭവങ്ങളെ അതിന്റെ പ്രാധാന്യ മൊട്ടും ചോരാതെ തന്നെ നർമ്മത്തിന്റെ ഭാഷയിൽ വിമർശിക്കുവാൻ ട്രോളുകൾക്ക് സാധിക്കുന്നുണ്ട്. ഫെയ്സ്ബുക്കിൽ നാം ഇടുന്ന പ്രൊഫൈൽ പിക്ച്ചറിനു താഴെ കമന്റുകളുടെ രൂപത്തിലാണ് ആദ്യ മായി മലയാള സംഭാഷണശകലങ്ങളോടു കൂടിയ ചിത്രങ്ങൾ കാണ പ്പെട്ടു തുടങ്ങിയത്.







ഭൂരിഭാഗവും ഇത്തരത്തിൽ ഹാസ്യാത്മകമായി പരിഹാസരൂപേണ ആശയവിനിമയം ചെയ്യപ്പെടുന്ന പോസ്റ്റുകളാണ് കാണപ്പെട്ടിരുന്നത്. താമശകലർന്നതാണെങ്കിലും ഓരോ പിക്ചർ കമന്റുകളും തങ്ങളുടെ പ്രൊഫൈലിന്റെ വിജയരേഖകളായാണ് ആളുകൾ കണക്കാക്കിയിരു ന്നത്.

**മലയാളത്തിലെ ട്രോൾ കൂട്ടായ്മകൾ**

**ഐ സി യു**

ഇംഗ്ലീഷ് ട്രോളുകളുടെ സ്വാധീനത്താലാണ് മലയാളം ട്രോളു കൾ ആവിർഭവിച്ചത്. ഓർക്കൂട്ട് പ്രചാരത്തിലിരുന്ന 2008നു മുമ്പുള്ള കാലഘട്ടത്തിൽ റോഷൻ തോമസും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ചേർന്ന് ഇന്റർനാഷണൽ ചളി യൂണിയൻ എന്ന പേരിൽ പുതിയൊരു കൂട്ടായ്മ രൂപപ്പെടുത്തി. മലയാളിയുടെ ഇടയിൽ ഐ.സി.യു എന്ന് പ്രചരിക്കപ്പെട്ട ആ കൂട്ടായ്മയിൽ പിന്നീട് സുഹൃത്തുക്കൾക്ക് അപ്ര ബുദ്ധമായ തമാശകൾ കൈമാറാനുള്ള ഒരു വേദിയായി മാറി. 2011

മുതൽ ഓർക്കൂട്ടിന് ആകർഷണത നഷ്ടപ്പെട്ടതോടെ ഐസിയുവിന്റെ പ്രവർത്തനം നിലയ്ക്കുകയും ഐസിയുവിൽ പ്രവർത്തിച്ചവർ മറ്റിട ങ്ങളിലേക്ക് തിരിയുകയും ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ റോഷൻ ഇതേ ആശയം ഫെയ്സ്ബുക്കിൽ പ്രയോഗിച്ചു. ആദ്യം അതൊരു തുറന്ന ഗ്രൂപ്പും പിന്നീട് ഒരു പേജായും മാറി. ഫെയ്സ്ബുക്കിൽ വൈറൽ ആവുകയും, മലയാളത്തിലെ ഏറ്റവും പ്രചാരം നേടിയ ട്രോൾ പേജാവു കയും ചെയ്തു. ലോകത്തെ മുക്കിലും മൂലയിലുമായി ആ പേജിന് ഇന്ന് 9000-ൽ കൂടുതൽ സംഭാവനക്കാരും സവിശേഷമായൊരു നിർവ്വഹണ സമിതിയും നിലവിലുണ്ട്. ഓർക്കൂട്ടിൽ ചിത്രങ്ങൾ ഉപയോഗിക്കാതെ എഴുത്തു മാത്രമായിരുന്നു. എന്നാൽ ഫെയ്സ്ബുക്കിൽ ക്രിയാത്മക മായ ആശയങ്ങളും സിനിമാ സീനുകളും ഉപയോഗിച്ചതോടെ ഐസിയു ജനകീയമായി.

### ട്രോൾ മലയാളം

മറ്റൊരു ജനകീയ കൂട്ടായ്മയാണ് 2011-ൽ തുടങ്ങിയ ട്രോൾ മലയാളം. ഇതും ഒരു ഫെയ്സ്ബുക്ക് ഗ്രൂപ്പാണ്. രണ്ട് ലക്ഷത്തോളം അംഗങ്ങളും 18 അഡ്മിനിസ്ട്രേഴ്സുള്ള ട്രോൾ മലയാളം കൂട്ടായ്മയ്ക്ക് എഡിറ്റിങ്ങ്, പിക്ചർ ക്വാളിറ്റി, ഭാഷ, ഫോണ്ട് സ്റ്റൈൽ ഓഫ് റീപ്രൊഡ ക്ഷൻ എന്നിവ കൈകാര്യം ചെയ്യാൻ പ്രത്യേകമായ ടീമുകൾ തന്നെയുണ്ട്. ട്രോൾ മലയാളത്തിൽ പിറവിയെടുക്കുന്ന ഓരോ പോസ്റ്റുകളും അര മണിക്കൂറോളം എഡിറ്റിങ്ങിനു വിധേയമായ ശേഷം മാത്രമാണ് അവ സാന രൂപത്തിൽ എത്തിച്ചേരുന്നത്. വ്യക്തിഹത്യ, വർഗ്ഗീയത, സ്ത്രീ വിരുദ്ധത, ലൈംഗികത കലർന്ന ദ്വയാർത്ഥ പ്രയോഗങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോസ്റ്റുകൾ വന്നാൽ ഉടൻ തന്നെ അത് അവഗണിക്കപ്പെടുന്നു. ഖത്തറിലെ സ്വകാര്യസ്ഥാപനത്തിൽ ബിസിനസ്സ് ഡവലപ്മെന്റ് മാനേജർ ആയ ശരത് മേനോനാണ് ട്രോൾ മലയാളം ആരംഭിച്ചത്. ആസിഫ്, സാമുവൽ ജോൺ തുടങ്ങിയവരും ആരംഭദശ യിൽ ട്രോൾ പേജിന്റെ ഉള്ളടക്കമൊരുക്കുന്നതിൽ പങ്കാളികളായവ രാണ്.

### ട്രോൾ മോളിവുഡ്

ഐസിയു-വും ഒപ്പം പ്രസക്തിയിലിരുന്ന ട്രോൾ മലയാളവും ട്രോൾ പേജുകളുടെ പുതിയൊരു സംസ്കാരത്തിന് തുടക്കമിട്ടു. ഇതിനെ പിൻതുടർന്നു വന്ന മറ്റൊരു കൂട്ടായ്മയാണ് ട്രോൾ മോളിവുഡ്. മലയാളി കളുടെ നർമ്മബോധം ഉയർന്ന ചിന്തയിലധിഷ്ഠിതമാണ്. അതുകൊ ണ്ടുതന്നെ മലയാളിയെ ചിരിപ്പിക്കാനും ബുദ്ധിമുട്ടാണ്. ആക്ഷേപ ഹാസ്യത്തിന് സമൂഹത്തിൽ നല്ല രീതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും എന്ന തിരിച്ചറിവിൽ നിന്നാണ് മലയാള സിനിമകളെക്കു

റിച്ച് യഥാർത്ഥമായ പ്രതികരണം നല്കാനായി ട്രോൾ മോളിവുഡ് തുടങ്ങിയത്. വിനീഷ് എന്ന കോളേജ് വിദ്യാർത്ഥിയും സഹപാഠിക ളുമാണ് ട്രോൾ മോളിവുഡ് ആരംഭിച്ചത്.

ഇന്ന് മലയാളത്തിൽ അനേകം ട്രോൾ പേജുകൾ നിലവിലുണ്ട്. കേരള ട്രോളൻസ്, ടോൾ ക്രിക്കറ്റേഴ്സ്, ചളിയൻ, മാങ്ങാത്തൊലി, തേങ്ങാക്കൊല, കിടിലൻ എന്നിങ്ങനെ ഉദാഹരണങ്ങൾ നിരവധി യാണ്. ശരിയായ രീതിയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ട്രോൾ കൂട്ടാ യ്മകൾ ദീർഘകാലം നിലനിൽക്കും.

**ട്രോളുകളുടെ സമീപനരീതികൾ**

ട്രോളുകളുടെ ആരംഭഘട്ടത്തിൽ താരങ്ങളെ ട്രോളുന്നത് ആരാ ധകർക്കിടിയിൽ വൻ അമർഷത്തിന് തിരി കൊളുത്തിയിരുന്നു. എന്നാൽ ട്രോളിനു പാത്രമാകുന്ന താരങ്ങളടക്കം എല്ലാവരും ട്രോളുകളെ ഇഷ്ട പ്പെടുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്ന വസ്തുത ശ്രദ്ധേയ മാണ്. മമ്മൂട്ടി അഭിനയിച്ച 'കസബ' എന്ന സിനിമ ഇറങ്ങുന്നതിനു മുൻപ് അത് അനേകം ട്രോളുകൾക്കിരയായി.







ജീപ്പിനു മുന്നിൽ പോലീസ് വേഷത്തിൽ കൂളിങ് ഗ്ലാസ്സുമായി കാൽകയറ്റിവെച്ച് ഇരിക്കുന്ന മമ്മൂട്ടിയെ പാടത്ത് വെയ്ക്കുന്ന നോക്കു കുത്തിയായും, കുരിശിന്മേൽ തറയ്ക്കുന്ന പ്രവണതയായും, ജീപ്പ് തടഞ്ഞു നിർത്തുന്നതായും ധാരാളം ട്രോളുകൾ പിറവിയെടുത്തു. ഈ സമയത്തും മമ്മൂട്ടി എന്ന സൂപ്പർതാരം തന്നെ ഇതിനോടു രസകര മായി പ്രതികരിച്ചത് ട്രോളുകളുടെ ആസ്വാദ്യതയെ ഊട്ടിയുറപ്പിച്ചു. "ട്രോളന്മാരുടെ ശ്രദ്ധയ്ക്ക്: ആവശ്യം കഴിഞ്ഞാൽ മമ്മൂക്കയെ ഇവിടെ തന്നെ തിരിച്ചു വെക്കണമെന്ന് അഭ്യർത്ഥിക്കുന്നു". ഇത്തരത്തിലുള്ള വ്യത്യസ്തമായ സമീപനം തന്നെയാണ് ട്രോളുകളുടെ വിജയവും.

കേരളത്തിലെ 2016 എസ്.എസ്.എൽ.സി ഫലപ്രഖ്യാപനം പുറ പ്പെടുവിച്ചപ്പോൾ സാമൂഹിക മാധ്യമങ്ങളിൽ വലിയൊരു പ്രതികരണ മാണുളവായത്. പ്രതികൂലാനുകൂല പ്രതികരണങ്ങൾ എസ്.എസ്.എൽ. സിയെ സംബന്ധിച്ചുള്ള വിമർശനങ്ങളിൽ പിറവിയെടുത്തു. ഈ കാല

ഘട്ടത്തിൽ സാമൂഹിക മാധ്യമങ്ങളിലെ ട്രോളുകൾക്ക് നല്ലൊരു വിഭാഗം പിന്തുണ ഓൺലൈൻ ലോകത്തിലുണ്ട്. സോഷ്യൽ മീഡിയയിലെ ട്രോളുകൾ പുതിയൊരു ശാഖയായി മാറുകയാണ്. ആക്ഷേപഹാസ്യത്തിന് പുതിയ രൂപത്തിന്റെ രസം അനുഭവിക്കുന്ന ആസ്വാദകർക്ക് ഒപ്പം അതിന്റെ ചൂട് അറിഞ്ഞവരും ഏറെയാണ്.

ട്രോളുകൾ സാമൂഹിക വിഷയങ്ങളെക്കുറിച്ചും, സംഭവങ്ങളെക്കുറിച്ചുമൊക്കെ പ്രതികരിക്കാനും, വിമർശിക്കാനുമുള്ള ശക്തമായ വേദിയായി മാറിയിരിക്കുന്നു.

ജനസുരക്ഷ തീവ്രമാക്കാനുള്ള സദുദ്ദേശ്യമാണെങ്കിൽ പോലും ഓഗസ്റ്റ് 1 മുതൽ കേരളത്തിലെ നഗരങ്ങളിലെ പെട്രോൾ പമ്പുകളിൽ ഹെൽമറ്റില്ലാതെ പെട്രോൾ നല്കരുതെന്ന ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ജനങ്ങളുടെ പ്രതിഷേധം ട്രോളുകളിലൂടെ ചലനാത്മകമായി.




പൊട്ടിപ്പൊളിഞ്ഞ റോഡ് ശരിയാക്കാതെ റോഡ് ടാക്സ് തരില്ല എന്നും കുപ്പിയിൽ പെട്രോൾ മേടിക്കുന്നവർ എന്തു ചെയ്യും എന്നിങ്ങനെ അനവധി ആശങ്കകൾ ട്രോളുകളിലൂടെ ഹാസ്യത്തിന്റെ മേമ്പൊടിയിൽ രൂപം കൊണ്ടു.

മൊബൈൽ ഫോണിലൂടെ ആദ്യകാലങ്ങളിൽ ബ്ലൂടൂത്ത് ഉപയോഗിച്ചായിരുന്നു ഡേറ്റാസ് കൈമാറിയിരുന്നത്. സാങ്കേതികതയുടെ പരിവർത്തനത്താൽ അതിവേഗതയേറിയ Xender, Share it എന്നീ ആപ്ലിക്കേഷനുകൾ തത്സ്ഥാനത്ത് ഇടം പിടിച്ചു. ബ്ലൂടൂത്ത് ഉപയോഗിക്കുന്നതു തന്നെ ഇത്തരം ആപ്ലിക്കേഷനുകൾ കൈമാറുന്നതിനു മാത്രമാണ് എന്ന അവസ്ഥ നിലവിൽ സംജാതമായി.




ഇവിടെ ട്രോളേഴ്സ് ആർക്കും വേണ്ടാതായ ബ്ലൂടൂത്തിന്റെ അവസ്ഥ വളരെ വൈകാരികതയോടെ ഹാസ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊടുപുഴയിൽ കയത്തിൽ മുങ്ങിത്താണ യുവതിയെ രക്ഷിക്കാനെത്തിയ രക്ഷാപ്രവർത്തകരോട് തന്റെ ശരീരത്തിൽ തൊടാൻ വിസമ്മതിച്ച യുവതിയുടെ പ്രതികരണത്തെ നിശിതമായ വിമർശനത്താൽ സമൂഹം എതിർത്തു.






സാമൂഹ്യമാധ്യമങ്ങളിലൂടെ ഏറെ ചർച്ച ചെയ്യപ്പെട്ട ഈ വിഷയത്തെ അമൂർത്തമാക്കിയത് ട്രോളുകൾ തന്നെയാണ്.

കേരളക്കര അത്ഭുതത്തോടെ ചർച്ച ചെയ്ത മറ്റൊരു പ്രധാന വിഷയമാണ് ആൺ നോട്ടങ്ങൾക്ക് 14 സെക്കന്റിനു മേൽ വിലക്ക്

പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിജിപി ഋഷിരാജ് സിങ്ങിന്റെ ഉത്തരവ്. തന്നെ ഒരാൾ നോക്കി നിന്നതായി പെൺകുട്ടി പരാതിപ്പെട്ടാൽ പോലീസിന് കേസെടുത്തു അയാളെ ജയിലിലടയ്ക്കാമെന്ന് ഡിജിപി മാധ്യമങ്ങളിലൂടെ ഉത്തരവിട്ടു. ഈ നിയമ പരിഷ്കാരത്തെ എതിർക്കുവാൻ സമൂഹമാധ്യങ്ങളിൽ സ്ത്രീകൾ വരെ രംഗത്തെത്തി എന്നത് ശ്രദ്ധേയമാണ്.







13 സെക്കന്റ് നോക്കി കണ്ണുവെട്ടിച്ച് വീണ്ടും 13 സെക്കന്റ് നോക്കാൻ പറ്റുമോ എന്നൊക്കെയുള്ള കമന്റുകളെ പ്രതിനിധീകരിച്ചാണ് ഈ വിഷയത്തെ സംബന്ധിച്ച് ട്രോളുകൾ ജനിച്ചത്.

കേന്ദ്രമന്ത്രി മേനകാഗാന്ധിക്ക് നായ്ക്കളോടുള്ള അതിരു കവിഞ്ഞ പ്രിയം ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രതിഷേധം പല തവണ ഉയർത്തിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ മേനകാഗാന്ധി പുറപ്പെടുവിച്ച പ്രസ്താവന ഇന്ന് ദേശമെങ്ങും പ്രതിഷേധാഗ്നിയെ ഉണർത്തി. നായ്ക്കൾ വെറുതെ കടിയ്ക്കില്ലെന്നും, തിരുവനന്തപുരത്ത് തെരുവു നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സ്ത്രീ മാംസവും കൊണ്ടായിരിക്കും കടപ്പുറത്തേക്കു പോയത് എന്നുമുള്ള വിവാദ പ്രസ്താവന വളരെ ഉയർന്ന തോതിൽ തന്നെ വിമർശന വിധേയമായിട്ടുണ്ട്.






സംസ്ഥാനത്ത് തെരുവുനായ ആക്രമണം രൂക്ഷമായ സാഹചര്യത്തിലും നായകളെ സംരക്ഷിക്കുന്ന നിലപാട് കൈക്കൊണ്ട മേനകാഗാന്ധിയെ ജനങ്ങളേക്കാൾ പട്ടികളോടു കരുതലുള്ള മന്ത്രിയായി കണക്കാക്കി ആക്ഷേപഹാസ്യപ്രതിഷേധം ഉണർത്തുകയാണ് ഓരോ ട്രോളുകളും.

ഇത്തരത്തിൽ സമൂഹത്തിൽ നടക്കുന്ന എന്ത് അന്യായകാരണങ്ങളാകട്ടെ അവയ്ക്കെല്ലാം ട്രോളുകൾ ഫലിതാത്മകമായും ചില അവസരങ്ങളിൽ ചിന്തോദ്ദീപക വിമർശനരീതിയിലും ശക്തമായി നേരിടുന്നുണ്ട്. ഏതൊരു സംഭവത്തെ അധികരിച്ച് ട്രോളുകൾ രൂപപ്പെടുന്നുവോ അവിടെ ആ സംഭവത്തിന് ഹൈപ്പ് ലഭിക്കുകയാണ്. കൂടുതൽ ശ്രദ്ധ കൈവരുന്നതോടെ നിശ്ചിത സംഭവത്തെ പൊതുസമൂഹം അതീവ ഗൗരവത്തോടെ നോക്കിക്കാണുകയും തുടർചർച്ചകൾ സൃഷ്ടിതമാവുകയും ചെയ്യുന്നു.

ട്രോളിങ്ങ് എന്നു പറയുന്നത് ശ്രമകരമായ ഒരു ജോലിയാണ്. ഇതിന് ആത്മസമർപ്പണവും ദ്രുതഗതിയിലുള്ള ചിന്താശേഷിയും അസാധാരണമായ കൈകാര്യം ചെയ്യലും സാങ്കല്പികതയും ഭാവനയും നർമ്മം ചേർത്ത് സന്ദർഭാനുസരണം അവതരിപ്പിക്കുകയും വേണം. ഇന്ന് ട്രോളിങ്ങ് എന്നു പറയുന്നത് 24X7 മണിക്കൂറും ഓൺലൈൻ ജോലിയായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഏതൊരു സമകാലികപ്രശ്നങ്ങളും പെട്ടെന്നു തന്നെ വൈറലാകുന്നു. ട്രോളേഴ്സിന്റെ ലോക മുദ്രാവാക്യം തന്നെ 'Nothing-We repeat-nothing is consider to be holy ground" എന്നതാണ്. ഒന്നും തന്നെ ഞങ്ങൾ പുനരാവിഷ്കരിക്കുന്നില്ല, ഒന്നും തന്നെ വിശുദ്ധമായി എടുക്കുന്നില്ല എന്ന ആഹ്വാനം ഇതിലൂടെ കൈവരുന്നു.







എന്തും ഏതും ട്രോളിനു പാത്രമാകാം. അവിടെ ദൈവമെന്നോ വിശിഷ്ടവ്യക്തിത്വമെന്നോ പ്രധാനമന്ത്രിയെന്നോ പ്രഭുവെന്നോ എന്ന തരം തിരിവില്ലാതെ തന്നെ ആരിലേക്കും ആക്ഷേപഹാസ്യത്തിന്റെ

ഭാഷയിൽ ട്രോളുകൾ എത്തിച്ചേരുന്നു. ബ്രഹ്മാവ്, ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ ശ്രീകൃഷ്ണൻ എന്നീ ഉന്നതർ പാത്രമായ ട്രോളുകൾ പ്രസ്തുദോഹരണമാണ്.

വിമർശനം മാത്രമല്ല നല്ലതു കണ്ടാൽ അഭിനന്ദിക്കുവാനും ട്രോളേഴ്സിനറിയാം. ചരിത്രത്തിലാദ്യമായി ഒരു 'ട്രാൻസ്ജെൻഡറി'നെ വനിത മാസിക മുഖചിത്രമാക്കിയപ്പോൾ അതിന് മികച്ച പിന്തുണയുമായി, അഭിനന്ദനവുമായി ട്രോൾ മലയാളം രംഗത്തെത്തിയിരുന്നു. ഇത്ര അധികം മാസികകൾ മലയാളത്തിൽ ഉണ്ടായിട്ടും ഒരു ട്രാൻസ് ജെൻഡറിനെ



കവർഗേൾ ആക്കിയ 'വനിത'യുടെ മനസ്സ് നമ്മൾ കാണാതെ പോകരുത് എന്ന അടിക്കുറിപ്പോടുകൂടിയാണ് ട്രോൾ മലയാളത്തിൽ ഇതിനെ സംബന്ധിച്ച് ട്രോൾ പിറന്നത്.

മലയാള സിനിമയിലെ മറ്റൊരു ചരിത്രനിമിഷമാണ് മുപ്പതു വർഷങ്ങൾക്ക് ശേഷം ഉദയാ പിക്ചേഴ്സിന്റെ മടങ്ങിവരവിലൂടെ സിദ്ധാർത്ഥ ശിവ ഒരുക്കുന്ന കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ എന്ന മലയാള ചലച്ചിത്രം.







ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ വിഖ്യാത എഴുത്തുകാരൻ പൗലോ കൊയ്കോ തന്നെ സമൂഹമാധ്യമത്തിലൂടെ പങ്കുവെച്ചപ്പോൾ അതിനെ അധികരിച്ച് ധാരാളം ട്രോളുകൾ രൂപംകൊണ്ടു. ഇത് പത്ര മാധ്യമങ്ങളിലടക്കം സജീവ ചർച്ചയ്ക്കു വഴിയൊരുക്കുകയും ചെയ്തു. വിനോദം മാത്രം ലക്ഷ്യമിടുന്ന ട്രോളുകളും സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ട്രോളുകളും സജീവമായി സാമൂഹ്യമാധ്യമങ്ങളിൽ ഉണ്ട്. വൈക്കോൽ (Whykol) എന്ന ട്രോൾ കൂട്ടായ്മയുടെ പിഎസ്സി സംബന്ധമായ വിജ്ഞാനപ്രദമായ ട്രോളുകൾ ചോദ്യങ്ങളും ഉത്തരങ്ങളും ഹാസ്യാത്മകമായി ചിത്രീകരിക്കുന്നു.







ഇത്തരത്തിൽ എത്ര കഠിനമായ ചോദ്യങ്ങളും ലഘൂകരിച്ച് ഓർമ്മയിൽ തങ്ങി നിൽക്കുന്നതിനായി കോമഡിവത്കരിച്ച് അവതരിപ്പിക്കുന്നതിലൂടെ വായനക്കാരന്റെ ജനറൽ നോളഡ്ജ് മെച്ചപ്പെടുത്തുവാൻ ട്രോളുകൾക്ക് സാധിക്കുന്നു.

**ട്രോളുകളും വ്യവഹാരങ്ങളും**

ഹാസ്യമുളവാക്കുന്നതോടൊപ്പം നമ്മുടെ വ്യവഹാരമണ്ഡലങ്ങളേയും ട്രോളുകൾ സ്വാധീനിക്കുന്നു. ട്രോളുകളുടെ വരവോടുകൂടിയാണ് 'ചളി' എന്ന പദം കൂടുതൽ ജനകീയമായത്. ഓരോ ട്രോളുകളും 'ചളി' രൂപത്തിൽ ട്രോളുകൾ ഉരുട്ടിയെറിയുകയാണ്. ഒരു ട്രോളർ എന്നതിലുപരി ചളി എഴുതുന്ന ആൾ എന്നറിയപ്പെടാനാണ് ഓരോ ട്രോളർക്കും ഇഷ്ടം.

ട്രോൾ പോസ്റ്റ് ചെയ്യുന്നതിനെ "ട്രോളുക' എന്നും ട്രോൾ പോസ്റ്റ് ചെയ്യുന്ന കൂട്ടായ്മയെ "ട്രോളന്മാർ' എന്നും വിശേഷിപ്പിച്ചു തുടങ്ങി.

സൈബർ മണ്ഡലത്തിൽ രൂപപ്പെട്ട പുതുപ്രയോഗങ്ങൾ പല വാക്കുകളെയും പരിചയപ്പെടുത്തി. പല സിനിമകളിലും ചമ്മൽ എന്ന മുഖത്തെ ഭാവവ്യത്യാസം കാണിക്കാനുപയോഗിക്കുന്ന പശ്ചാത്തല ശബ്ദത്തിന്റെ ലിപിരൂപത്തിലുള്ള രചനയാണ് 'പ്ലിങ്' എന്ന വാക്ക്. 'നരസിംഹ'ത്തിൽ മോഹൻലാൽ ജഗതിയെ ചമ്മിച്ചതിനു ശേഷം 'പ്ലിങ്' എന്നു പറയുന്നുണ്ട്. ഒട്ടുമിക്ക ട്രോളുകളിലും വ്യക്തികളുടെ പേരിനു മുമ്പാകെ *ലെ എന്നാണ് പ്രയോഗിച്ചു കാണുന്നത്. ഇംഗ്ലീഷ് ട്രോളുകളുടെ അനുകരണമാണല്ലോ മലയാളം ട്രോളുകൾ. ഫ്രഞ്ചുഭാഷയിൽ 'The' എന്ന ഡെഫനിറ്റ് ആർട്ടിക്കിളിനു പകരമായി ഉപയോഗിക്കുന്ന പദമാണ് 'ലെ'. ട്രോളുകളിൽ ഇവ നർമ്മരസത്തിനായി അനവസരത്തിലാണ് ഉപയോഗിക്കുന്നത്. തമാശ ഉണർത്തുന്നതിനായി The ഉപയോഗിക്കേണ്ടിടത്ത് Le എന്നുപയോഗിച്ച് ഭാഷയെ ഫ്രഞ്ച് ആക്കുന്നത് ഇംഗ്ലീഷ് ട്രോളുകളുടെ പൊതുസ്വഭാവമായിരുന്നു. ഇതിനെ മലയാളവും അനുകരിച്ചു എന്നു മാത്രം.

'മീനവിയൽ', ഈ രീതി അവലംബിച്ചു രൂപപ്പെട്ട മറ്റൊരു വാക്കാണ്. 'ആ സംഭവത്തിനിടയിൽ', 'പിന്നീട്' എന്നെല്ലാം അർത്ഥം വരുന്ന 'Meanwhile' എന്ന ഇംഗ്ലീഷ് വാക്കിനെയാണ് മലയാളം ട്രോളുകളിൽ 'മീനവിയൽ' എന്ന വിവക്ഷയിൽ ഉപയോഗിക്കുന്നത്.

ഭാരതീയ ജനതാ പാർട്ടിയുടെ ശക്തിരാഷ്ട്രീയസംഘടനയായ സംഘപരിവാർ അംഗങ്ങളെ പരിഹാസരൂപേണ വിശേഷിപ്പിക്കുന്ന പദമാണ് 'സംഘി'. സംഘി ഫലിതങ്ങൾ എന്ന പേരിൽ ഒരു പേജും ഫെയ്സ്ബുക്കിൽ നിലവിലുണ്ട്. അതുപോലെ തന്നെ കമ്മ്യൂണിസ്റ്റുകാരെ 'കമ്മി' എന്നും, കോൺഗ്രസ്സുകാരെ 'കൊങ്ങി' എന്നും പോപ്പുലർ ഫ്രണ്ടിന്റെ രാഷ്ട്രീയ പാർട്ടിയായ Secular Democratic Party of India (SDPI) അംഗങ്ങളെ സുഡാപ്പികൾ എന്നും ട്രോളുകളുടെ വ്യവഹാരമണ്ഡലം വിശേഷണം നൽകുന്നു. ഇത്തരത്തിൽ പുതിയ പദങ്ങളുടെ പ്രയോഗങ്ങളെ മലയാളിയുടെ വ്യവഹാരപരിധിയിൽ സ്വാധീ

നത കൈവരുത്താനും ട്രോളുകൾ വഴിയൊരുക്കിയിട്ടുണ്ട്. സിനിമ, ക്രിക്കറ്റ്, രാഷ്ട്രീയം എന്നിവയാണ് ട്രോളുകളിലെ പ്രധാന പ്രതിപാദ്യ പശ്ചാത്തലങ്ങൾ.

**ജനകീയതയും ഇടപെടലുകളും**

ഫെയ്സ്ബുക്കിലെ ഒരു ചെറിയ കോളത്തിൽ വളരെചുരുങ്ങിയ വാക്കുകൾ ഉപയോഗിച്ചും, ഒരു കാർട്ടൂൺ വഴിയും ആശയങ്ങൾ അവതരിപ്പിക്കുക എന്നത് ഒരു കഴിവു തന്നെയാണ്. അനുഗ്രഹീത കാർട്ടൂണിസ്റ്റുകൾക്ക് എത്ര വലിയ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും ഹാസ്യാത്മകമായി അവതരിപ്പിക്കുവാൻ കഴിയുന്നു. ഇപ്പോൾ ജനങ്ങൾക്ക് ഏറ്റവും പ്രിയം ട്രോളുകൾ ആണ്. ഒരു ട്രോൾ പോസ്റ്റ് എന്നത് സാമൂഹിക മാധ്യമങ്ങൾക്കാണെങ്കിൽ, കാർട്ടൂണുകൾ സാധാരണ പത്രങ്ങൾക്കുള്ളതാണ്.

ഇന്റർനെറ്റിൽ നിന്നും വളരെ പ്രചാരത്തിലുള്ള സിനിമകളുടെ പ്രശസ്ത ഭാഗങ്ങളുടെ ചിത്രങ്ങൾ ഉപയോഗിച്ചാണ് ഭൂരിഭാഗം ട്രോളുകളും ഉടലെടുക്കുന്നതും അവ ഏതെങ്കിലും വിഷയങ്ങളിലോ, സംഭവങ്ങളിലോ പ്രതികരിക്കുകയും ചെയ്യുന്നതും. വളരെ വൈകാതെ തന്നെ പരമ്പരാഗത കാർട്ടൂണുകൾക്കു പകരമായി ട്രോൾ മാറും എന്നതിൽ സംശയമില്ല. ചലച്ചിത്രങ്ങളിൽ നിന്നുള്ള പ്രശസ്ത നടന്മാരുടെയും നടിമാരുടെയും ഹാസ്യകഥാപാത്രങ്ങളുടെയും നിശ്ചലചിത്രം ഉപയോഗിക്കുന്നു. യഥാർത്ഥ വാചകങ്ങൾക്ക് പകരം കല്പനാസൃഷ്ടമായ സംഭാഷണങ്ങളോ തലവാചകങ്ങളോ ഉപയോഗിച്ച് സന്ദർഭങ്ങൾ കൂടുതൽ രസകരമാക്കുന്നു.

മലയാളത്തിലെ ട്രോൾ കൂട്ടായ്മകൾ സമകാലിക സാമൂഹ്യ വിഷയങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും അഴിമതികളെക്കുറിച്ചുമൊക്കെ പ്രതികരിക്കാനും, വിമർശിക്കാനുമുള്ള അവസരം നൽകുന്നു. ഓരോ ട്രോളുകൾക്കും അടിയിൽ രൂപപ്പെടുന്ന ജനങ്ങളുടെ അഭിപ്രായ വ്യത്യാസമുള്ള കമന്റുകളെ എതിർട്രോളുകൾ (Anti-trolls) ആയി കണക്കാക്കാം.

പുതിയ തലമുറയ്ക്ക് വളരെ കഠിനമായ സ്റ്റാറ്റിസ്റ്റിക്സ് കണക്കുകളോടോ അല്ലെങ്കിൽ ജല്പനം നിറഞ്ഞ ലേഖനങ്ങളോടോ വലിയ താല്പര്യം ഇല്ല. അവർക്ക് ആസ്വാദ്യകരമായ രീതിയിൽ വിവരങ്ങളും വാർത്തകളും അവരുടെ വിരൽത്തുമ്പിൽ ട്രോളുകളിലൂടെ ലഭിക്കുന്നു. തരംതിരിവുകളില്ലാത്ത, വർഗ്ഗീകരണമില്ലാത്ത പാത്രസൃഷ്ടിയാണ് ട്രോൾ പോസ്റ്റുകളുടെ ജനകീയതയുടെ അടിത്തറ. ഗ്രൂപ്പുകൾ എന്ന ഇടങ്ങൾ വന്നതോടു കൂടി അവരുടെ വിമർശനസരണി ട്രോളുകൾ ആയി മാറി. ട്രോളുകൾക്ക് ഇത്രയും വലിയൊരു ജനകീയത കൈവ

രാനുള്ള മറ്റൊരു കാരണം നമ്മളാരും തന്നെ ഒരു വാർത്താമാധ്യമങ്ങ ളെയും അന്ധമായി വിശ്വസിക്കാറില്ല എന്നതുകൊണ്ടാണ്.

ഈ വേദിയിൽ നാം തന്നെ വിമർശിക്കുകയും നാം തന്നെ നിരൂപണം ചെയ്യുകയും നാം തന്നെ കേൾവിക്കാരാവുകയും ചെയ്യുന്നു. ഇവിടെ സെൻസർഷിപ്പുകൾക്ക് സ്ഥാനമില്ല. ട്രോളുകൾ നിരന്തരം പുതു ക്കപ്പെടലുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. നിമിഷാർദ്ധങ്ങൾ കൊണ്ട് പുതിയ പുതിയ ട്രോളുകൾ ജനിക്കുന്നു. ആവിഷ്കാര പരിമി തികളും ആവിഷ്കാരങ്ങളെ പ്രകടിപ്പിക്കാൻ പര്യാപ്തമല്ലാത്തൊരു മീഡിയത്തിന്റെ കുറവും ഈ മേഖലയിലെ ന്യൂനതകളാണ്. ഇതൊരു തരത്തിൽ വിപ്ലവമാണ്. നല്ലൊരു ജനവിഭാഗത്തിന്റെ പിന്തുണയും ട്രോളുകൾക്കുണ്ട്.

സാമൂഹ്യവിഷയങ്ങളെ നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്ക പ്പെടുന്ന ട്രോളുകൾ ഒരുതരത്തിൽ പറഞ്ഞാൽ പുതുതലമുറയുടെ പ്രതി കരണശേഷിയുടെ ഭാഗമാണ്. ഇത്തരത്തിൽ രൂപപ്പെടുന്ന ട്രോളുകൾ വിഷയത്തിന്റെ തീവ്രത നിലനിർത്തിക്കൊണ്ടു തന്നെയാണ് തമാശ കളെ രൂപപ്പെടുത്തുന്നത്. അഴിമതി, സ്വജനപക്ഷപാതം, തെറ്റായ രാഷ്ട്രീയനിലപാടുകൾ, വർഗ്ഗീയത, ഫാസിസ്റ്റ് നടപടികൾ എന്നിങ്ങ നെയുള്ള സാമൂഹിക പ്രശ്നങ്ങൾ സംബന്ധിച്ച ട്രോളുകൾ ആക്ഷേപ ഹാസ്യത്തിന്റെ സമകാലികതയെയാണ് വെളിവാക്കുന്നത്.

**ഗ്രന്ഥസൂചി**

Sandeep Bhushan, *The power of Social Media : Emboldened right-wing Trolls who are attempting an Internet purge*, Caravan Magazine 28, September 2015.

Schmidt, Eric and Jared Cohen. *The New Digital Age*. John Murray Publishers: Great Britain, 2013.

Internet Trolls and the online riots, January 4, 2016, The Indian Express.

# സൈബർകാലവും ഭാഷാഗ്ലോക്കലൈസേഷനും

ഡോ. ബിന്ദു സച്ചിദാനന്ദപുരം

**ആ**ധുനിക കാലഘട്ടത്തിൽ വളരെയധികം ചർച്ചചെയ്യുന്ന ഒരു സങ്കല്പമാണ് ഗ്ലോക്കലൈസേഷൻ (glocalization). മാനേജ്മെന്റ് മാസികയായ ഹാർവാർഡ് ബിസിനസ്സ് റിവ്യൂവിൽ 1980-കളിൽ ഒരു ജാപ്പനീസ് ശാസ്ത്രജ്ഞൻ എഴുതിയ ഒരു ലേഖനത്തിലാണ് ആദ്യമായി ഈ പദം ഉപയോഗിച്ചത്. ജാപ്പനീസ് വ്യവസായമേഖലയിൽ നിന്നാണ് ഇത് രൂപപ്പെട്ടത്. ഇതിന്റെ പ്രാഗ്‌രൂപം റീരവമസൗസമ എന്ന ജാപ്പനീസ് പദമാണ്. ഇതിന്റ അർത്ഥം ആഗോള പ്രദേശീകരണം (global localization) എന്നാണ്. വാണിജ്യമേഖലയുമായി ബന്ധപ്പെട്ടാണ് ഈ പദം വികസിച്ചു വന്നത്. ഒരു ഉല്പന്നം, അല്ലെങ്കിൽ സേവനം ആഗോളവിപണിയെ ലക്ഷ്യമാക്കി രൂപപ്പെടുത്തുക, എന്നാൽ ഇത് പ്രാദേശിക സംസ്കാരത്തിന് സ്വീകാര്യമാകും വിധം അവയുടെ തനത് സവിശേഷതകൾക്കും നടപടിക്രമങ്ങൾക്കും അനുയോജ്യമായ വിധത്തിൽ സംവിധാനം ചെയ്തിരിക്കുക എന്നതാണ് ഓക്സ്ഫോർഡ് ഡിക്ഷനറിയിൽ ഗ്ലോക്കലൈസേഷന് നല്കിയ നിർവചനം. വാണിജ്യവുമായി ബന്ധപ്പെട്ടു രൂപപ്പെട്ട ഈ പദം പിന്നീട് വ്യവസായവുമായി ബന്ധപ്പെട്ട സമഗ്രമേഖലകളെയും പ്രതിനിദാനം ചെയ്യുന്ന പദമായി മാറി. പിന്നീടിതിന്റെ അർത്ഥതലങ്ങൾ വിപുലമായ തലങ്ങളിലേക്ക് വികസിച്ചു. മൂലധനം, സാങ്കേതികവിദ്യ, തൊഴിലാളികൾ തുടങ്ങി സാഹിത്യം, സംസ്കാരം, ഭാഷ, ജനപ്രിയ സംസ്കാരം തുടങ്ങി വിവിധതലങ്ങളിലേക്ക് ഗ്ലോക്കലൈസേഷൻ വികസിച്ചു. മാത്രമല്ല, ഇവയുടെ വികാസപരിണാമങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഇത്തരത്തിൽ മനുഷ്യ ജീവിതത്തിന്റെ സമസ്തമേ

ഖലകളുമായി ബന്ധപ്പെട്ടു വികസിച്ചുവന്ന ഗ്ലോക്കലൈസേഷൻ പ്രക്രിയയുടെ സാംസ്കാരിക ഇടപെടലുകളും അവ ഭാഷയിൽ ചെലുത്തുന്ന സ്വാധീനങ്ങളും പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ. മലയാളഭാഷയുടെ ഭാഷാഭേദം എന്ന നിലയിൽ പ്രചരിക്കുന്ന മംഗ്ലീഷ് ഭാഷയെ അടിസ്ഥാനമാക്കി ഭാഷാഗ്ലോക്കലൈസേഷനെക്കുറിച്ചുള്ള പഠനമാണ് പ്രബന്ധത്തിന്റെ ഉള്ളടക്കം.

**ഗ്ലോക്കലൈസേഷൻ**

ആഗോളീകരണം എന്ന സങ്കല്പത്തിന്റെ രുപാന്തരീകരണം, അല്ലെങ്കിൽ നവഭാവുകത്വമാണ് ഗ്ലോക്കലൈസേഷൻ എന്ന് സാമാന്യമായി പറയാം. 20-ാം നൂറ്റാണ്ടിലെ മുദ്രാവാക്യമായിരുന്ന ആഗോളീകരണം വളരെ അയഞ്ഞതും അർത്ഥവ്യാപ്തിയുമുള്ള പദമാണ്. സാമ്പത്തിക പുനഃക്രമീകരണം, സ്വതന്ത്രവ്യാപാരം തുടങ്ങി ആഗോള ചന്ത (global market) എന്നിങ്ങനെയുള്ള സങ്കല്പങ്ങളെ ആധാരമാക്കിയാണ് ആഗോളീകരണം വികസിച്ചു വന്നത്. സാമ്പത്തിക രംഗങ്ങളിലുണ്ടായ ചലനാത്മകമായ പരിവർത്തനം പുതിയൊരു സാമൂഹിക-സാംസ്കാരികാനുഭവങ്ങൾ ലോകത്ത് രൂപപ്പെടുത്തി. പിന്നീട് ഇതിന്റെ അർത്ഥതലങ്ങൾ വൈവിധ്യമാർന്ന നിലയിലേക്ക് വികസിച്ചു.

ആഗോളീകരണത്തിന്റെ സാംസ്കാരിക ഇടപെടലുകളെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം. ആഗോളീകരണം ആദ്യം വ്യത്യസ്തങ്ങളായ സംസ്കാരത്തിൽ വിവിധ നിലകളിലുള്ള സംഘർഷങ്ങൾ രുപപ്പെടുത്തി. ഇതിന്റെ ഫലമായി രൂപപ്പെട്ട വൈരുദ്ധ്യങ്ങൾ സംഘർഷപ്പെട്ട് സാംസ്കാരിക വൈവിദ്ധ്യങ്ങൾ തുടച്ചു നീക്കപ്പെടുന്നു. ഇതിന്റെ തുടർച്ച എന്ന നിലയിൽ മൂന്നാം ഘട്ടമായി ലോകത്ത് ഏകസംസ്കാരം രൂപപ്പെടാനുള്ള പ്രവണത ശക്തമാവുകയും ചെയ്തു. ഇത്തരം പരിണാമങ്ങളുടെ സ്വഭാവിക തുടർച്ചയാണ് സങ്കരവൽകരണം (hybridization). ആഗോള സംസ്കാരം രൂപീകരിക്കുക എന്നതാണ് ആഗോളീകരണത്തിന്റെ അടിസ്ഥാന സ്വഭാവം. എന്നാൽ ആഗോള സംസ്കാരം എന്നത് ഏകശിലാനിർമ്മിതമോ, എല്ലായിടത്തും ഒരേസ്വഭാവം ഉള്ളതോ, സാമൂഹികവൽക്കരിക്കപ്പെട്ട സ്ഥാപനമോ അല്ല. ഇതൊരു സങ്കല്പമാണ്. അറിവ്, സംസ്കാരം, ജനങ്ങൾ, ഗവൺമെന്റ്, നിത്യജീവിതശൈലി, ഭാഷ, സാമ്പത്തികം തുടങ്ങിയ നിരവധി ഘടകങ്ങൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളും പരസ്പര സമ്പർക്കങ്ങളും അവയുടെ കൂടിച്ചേരലുകളും സാധ്യമാക്കുന്ന ഇടം എന്ന് ഇതിനെ പൊതുവായി വിശേഷിപ്പിക്കാം (www. globalization101.org/what-is-globalization). ഭൂഖണ്ഡാനന്തര യാത്രകൾ, വ്യാപാരം, ബഹുജന മാധ്യമം, നവമാധ്യമം തുടങ്ങിയ നിരവധി കാരണങ്ങളാൽ ലോകം മുഴുവൻ ഇന്നൊരു ചെറുഗ്രാമമായി മാറിയിരിക്കുന്നു. ആഗോളീകരണം എന്ന ആശയത്തിനു

നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും വിവരവിനിമയ സാങ്കതികവിദ്യ കളുടെ കണ്ടുപിടുത്തോടു കൂടിയാണ് ഇതിന്റെ പ്രസക്തി വർദ്ധിച്ചതും സമൂഹത്തിന്റെ താഴേതട്ടിൽ വരെ ഇത് വ്യപിച്ചതും.

ആഗോളീകരണത്തിന്റെ എതിർപ്രക്രിയയാണ് പ്രദേശീകരണം. സ്വാഭാവികമായി ഇവ തമ്മിൽ സംഘർഷപ്പെടുകയും അതിന്റെ തുടർച്ച യായി സമന്വയിക്കുകയും ചെയ്തു. ഇതാണ് ഗ്ലോക്കലൈസേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സൂക്ഷമമായി പറഞ്ഞാൽ ഇവ രണ്ടിന്റെയും സംയുക്ത സംരംഭം. ഈ പ്രക്രിയയെ വിശദീകരിക്കാനുള്ള ലളിതയുക്തിയും ഇത് തന്നെയാണ്. സാങ്കേതികമായി globalization, localization എന്നീ പദങ്ങൾ സംയോജിച്ചാണ് glocalization എന്ന പദ മുണ്ടായത്. ആഗോളം, പ്രാദേശികം, സജാതീയം, വ്യതിരിക്തത തുട ങ്ങിയ പരമ്പരാഗത സങ്കല്പങ്ങളെതന്നേ ഗ്ലോക്കലൈസേഷൻ പുനഃക്രമീകരിക്കുന്നു. പ്രദേശികത ആഗോളതലത്തിലും, ആഗോളീകത പ്രദേശിക തലത്തിലും കൂടിക്കലരുന്നു. ആഗോളീകരണത്തിന്റെ മൂർദ്ധ ന്യത്തിൽ മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളുടെ സംസ്കാരം, വ്യവ സായ പ്രവർത്തനം, രാഷ്ട്രീയ പ്രവർത്തനം, ആചാരാനുഷ്ഠാനങ്ങൾ, മ്യൂല്യങ്ങൾ തുടങ്ങി സമസ്ത മേഖലകളിലും പടിഞ്ഞാറൻ ജനപ്രിയ സംസ്കാരത്തിന്റെ അധീശത്വമുണ്ടായി. ഇത് സംസ്കാരത്തിന്റെ സൂക്ഷ മതലങ്ങളിൽവരെ ആഴ്ന്നിറങ്ങി. ഇതിനെ പൊതുവെ അമേരിക്കൻ വൽക്കരണം (americanization) എന്ന് വിശേഷിപ്പിക്കുന്നു. യഥാർത്ഥ ത്തിൽ അമേരിക്ക എന്നത് ഒരു രാജ്യം എന്നതിനപ്പുറം ഒരു സങ്കല്പം എന്ന നിലയിലേക്ക് വളരുകയാണ്. ഇതിനെതിരെയുള്ള സ്വഭാവിക പ്രതിരോധം എല്ലായിടത്തും രൂപപ്പെടുന്നു. അതാണ് ഗ്ലോക്കലൈസേ ഷനായി വികസിച്ചത്. ആഗോളലോകവും പ്രദേശികസ്വത്വവും കൂടി ച്ചേർന്ന് സങ്കര ഉത്തരാധുനികസ്വത്വം (hybrid postmodern identity) രൂപപ്പെടുന്നു എന്നാണ് വ്യവസായാനന്തര സമൂഹത്തെക്കുറിച്ച് നട ത്തിയ പല പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നത്. ആഗോളചിഹ്നങ്ങളെ പ്രദേശിക ലക്ഷ്യാർത്ഥങ്ങളിലേക്ക് വിവർത്തനം ചെയ്യുന്നു. അതുപോ ലെതന്നേ പ്രാദേശിക സംസ്കാരവും പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട് പ്രാദേശികഘടകങ്ങളെ ആഗോളീകരിക്കുന്നു. കൃത്യമായി പറഞ്ഞാൽ പ്രാദേശികതയുടെയും ദേശീയതയുടെയും ചലനാത്മകമായ ഒത്തു തീർപ്പ് എന്ന് ഗ്ലോക്കലൈസേഷനെ നിർവ്വചിക്കാം (Koutsogiannis and Mitsikopoulouc, 2000 September: 86).

മാക്ഡൊണാൾഡ് റസ്റ്റോറന്റുകൾ ഗ്ലോക്കലൈസേഷന്റെ ഏറ്റവും മികച്ച പ്രത്യക്ഷ ഉദാഹരണങ്ങളിലൊന്നാണ്. ചൈനീസ് ഭക്ഷണ വിഭവങ്ങൾ അവയുടെ തനത് പ്രദേശിക രുചിഭേദങ്ങളിലും പാത്രങ്ങ ളിലും രീതികളിലും തനിമയിലും ആഗോളതലത്തിൽ വിപണനം

ചെയ്യുന്നു. ചൈനയിലെ ഒരു നാട്ടിൻ പുറത്തുനിന്നും ഭക്ഷണം കഴിക്കുന്ന പ്രതീതിൽ ലോകത്ത് എവിടെനിന്നും ചെനീസ് ഭക്ഷണവിഭവങ്ങൾ മാക്ഡൊണാൾഡ് ഭക്ഷണശാലകളിൽ നിന്നും ആസ്വദിക്കാം. 119 രാജ്യങ്ങളിലായി 35000-ത്തിൽപരം ഔട്ട്ലറ്റുകളുള്ള മാക്ഡൊണാൾഡ് റെസ്റ്റോറന്റുകളുടെ വാർഷിക വരുമാനം 2012-ൽ 27.5 ബില്ല്യൺ അമേരിക്കൻ ഡോളർ ആയിരുന്നു. ഇത്തരത്തിൽ വ്യാപാര-വിപണനവുമായി ബന്ധപ്പെട്ട പല പുതിയ തന്ത്രങ്ങളും ഗ്ലോക്കലൈസേഷന്റെ ഫലമായി രൂപപ്പെടുന്നു.

ഗ്ലോക്കൽ യുഗത്തിൽ പ്രദേശികത, ദേശീയത എന്നീ സങ്കല്പങ്ങൾക്കുതന്നേ മാറ്റമുണ്ടാവുകയും സ്ഥലകാല പരിമിതികൾ ലംഘിക്കപ്പെടുകയും ചെയ്യുന്നു. അച്ചടി, ഐ. റ്റി. വ്യവസായം പോലുള്ളവ ഏതെങ്കിലും പ്രദേശിക ഇടത്തിൽ നിന്നാണ് രൂപപ്പെടുന്നതെങ്കിലും പിന്നീടത് ആഗോളപ്രതിഭാസം എന്ന നിലയിലാണ് വ്യാപിക്കുന്നത്. ഇത് ഗ്ലോക്കലൈസേഷന്റെ മറ്റൊരു ഉദാഹരണമാണ്. പ്രാദേശികമായി നിലനിൽക്കുന്നതും രൂപപ്പെട്ടതുമായ ആശയങ്ങളും അനുഭവങ്ങളും സ്ഥാപനങ്ങളും സിദ്ധാങ്ങളുമെല്ലാം ഇന്ന് ആഗോളതലത്തിലേക്ക് വികസിക്കുന്നു. പ്രദേശികമായ സാമൂഹിക മുന്നേറ്റങ്ങളും ജനകീയ സമരങ്ങളും, ഉദാഹരണമായി ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ, പരിസ്ഥിതി വാദം തുടങ്ങിയവ ഇന്ന് ആഗോളതലത്തിലേക്ക് വ്യാപിക്കുന്നു. പ്രദേശികമായ തനത് കലകൾ വാണിജ്യവൽക്കരിക്കപ്പെട്ട് ലോകം മുഴുവൻ വ്യാപിക്കുന്നു. ഇത്തരത്തിൽ സൂക്ഷമതലത്തിൽ വരെ ഗ്ലോക്കലൈസേഷന്റെ സ്വാധീനം പ്രകടമാണ്. വിവരസാങ്കേതികവിദ്യകളും നവമാധ്യമങ്ങളുമാണ് ഗ്ലോക്കലൈസേഷൻ പ്രക്രിയയുടെ വേഗത്തിലുള്ള വികാസപരിണാമങ്ങൾക്ക് കാരണമായത്.

1960-കൾക്ക് ശേഷം ടെലികമ്മ്യൂണിക്കേഷൻസ് രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടായി. ഉപഗ്രഹങ്ങൾ, ഒപ്റ്റിക്കൽ ഫൈബറുകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ നിയന്ത്രിത യന്ത്രങ്ങൾ തുടങ്ങി നിരവധി കണ്ടുപിടുത്തങ്ങളുണ്ടായി. ഇതിന്റെ തുടർച്ചയായി മാനവചരിത്രത്തിലെതന്നെ ജനപ്രിയ കണ്ടുപിടുത്തങ്ങളുടെ മുൻനിരയിൽ വരുന്ന ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയവയുടെ കണ്ടുപിടുത്തങ്ങളുണ്ടായി. വ്യക്തിഗത കമ്പ്യൂട്ടർ, ലാപ്ടോപ്, ഇന്റർനെറ്റ്, ഡിജിറ്റൽ ക്യാമറ, ഡിജിറ്റൽ മ്യൂസിക്, കേബിൾ ടി.വി, ഹൈ-ഡഫനിഷൻ ടെലിവിഷൻ, ചാറ്റ്മുറി, മൊബൈൽഫോൺ തുടങ്ങി ഡിജിറ്റൽ ലോകവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളും ഇലക്ട്രോണിക് ഉപകരണങ്ങളും കഴിഞ്ഞ 40 വർഷത്തിനുള്ളിലാണ് വികസിച്ചതും പ്രചാരത്തിലായതും. ഇവയുടെ വികാസപരിണാമങ്ങളോടനുബന്ധിച്ചാണ് ഗ്ലോക്കലൈസേഷൻ എന്ന സങ്കല്പം രൂപപ്പെട്ടത്. 1980-കളിൽ തന്നേ ഈ പദം നിലവിലുണ്ടായി

രുന്നെങ്കിലും 1990-കൾക്ക് ശേഷമാണ് ഇന്നത്തേത് പോലുള്ള അർത്ഥ തലങ്ങളിലേക്ക് വികസിച്ചത്. സൂക്ഷ്മാർത്ഥത്തിൽ പരിശോദിച്ചാൽ നിരവധി വൈരുദ്ധ്യങ്ങൾ ഉള്ളടങ്ങിയിരിക്കുന്ന സങ്കല്പമാണ് ഗ്ലോക്ക ലൈസേഷൻ. ആഗോളീകരണത്തിന്റെ തെറ്റായ പ്രവണതകൾക്കെ തിരെയുള്ള സ്വാഭാവിക പ്രതികരണം അല്ലെങ്കിൽ പ്രതിരോധം എന്ന നിലയിലാണ് ഗ്ലോക്കലൈസേഷൻ വികസിച്ചു വന്നതെങ്കിലും ഇന്നത് ആഗോളീകരണത്തെ ദൃഢീകരിക്കുന്ന തരത്തിലേക്ക് രൂപാന്തരപ്പെട്ടി രിക്കുന്നു. ആധുനീകാർത്ഥത്തിൽ സാമ്പത്തികം, വാണിജ്യം, വാസ്തു വിദ്യ, സമൂഹം, സ്ഥാപനം, സംസ്കാരം, ഭാഷ തുടങ്ങി നിരവധി മേഖ ലകളുമായി ബന്ധപ്പെട്ട് ഈ പദം വ്യാപകമായി ഉപയോഗിക്കുന്നു. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയരംഗങ്ങളിലെ പരിണാമങ്ങളെ മുൻനിർത്തിയാണ് ഗ്ലോക്കലൈസേഷനെക്കുറിച്ചുള്ള പഠനം ഇന്ന് നിർവഹിക്കപ്പെടുന്നത്. ഈ പഠനത്തിന്റെ തുടർഭാഗങ്ങളിൽ പ്രധാന മായും മലയാള ഭാഷയും ഗ്ലോക്കലൈസേഷനും തമ്മിലുള്ള ബന്ധം മംഗ്ലീഷ് ഭാഷയെ ആധാരമാക്കി പഠനവിധേയമാക്കുകയാണ്.

**ഭാഷാഗ്ലോക്കലൈസേഷൻ**

ഭാഷാപഠനരംഗത്ത് ഗ്ലോക്കലൈസേഷൻ എന്ന പദം ആദ്യ മായി ഉപയോഗിച്ചതും ഇതിന് വ്യാപകപ്രചാരം നൽകിയതും 1995-ൽ റോളണ്ട് റോബർട്സൺ (Roland Robertson) ആണ്. ഇംഗ്ലീഷ് ഭാഷ യുടെ അന്തർദേശീയവൽക്കരണ(internationalization)വുമായി ബന്ധ പ്പെട്ടാണ് ഈ പദം ഉപയോഗിച്ചത്. ആശയവിനിമയത്തിനുള്ള ആഗോ ളഭാഷ എന്നനിലയിലാണ് ഇന്ന് ഇംഗ്ലീഷിന്റ പ്രസക്തി. കൊളോണി യൽകാലം മുതൽ തന്നേ ഇംഗ്ലീഷ് ഭാഷാപരമായ മേൽകോയ്മ നില നിർത്തി ലോകമെങ്ങും വ്യാപിച്ചു. ഭരണഭാഷ, അധികാരഭാഷ എന്ന നിലയിൽ തന്ത്രപരമായ മേധാവിത്വം അധീശത്വ ഭാഷകളുടെമേൽ നേടിയെടുക്കാൻ ഇംഗ്ലീഷിനു കഴിഞ്ഞു. തദ്ദേശീയഭാഷ സംസാരിക്കു ന്നവർ കീഴാളരും ആംഗലേയഭാഷ സംസാരിക്കുന്നവർ മേലാളരുമായി. ഇന്നും കേരളീയ സമൂഹത്തിൽ ഈ മനോഭാവം കൂടുതൽ ആഴത്തിൽ വേരൂന്നി നിൽക്കുന്നു എന്നതൊരു യാഥാർത്ഥ്യമാണ്.

കൊളോണിയൽ കാലഘട്ടത്തിൽ ഇംഗ്ലീഷ് സംസ്കൃത ഭാഷ പോലെ അഭിജാതഭാഷ അല്ലെങ്കിൽ മേൽത്തട്ട്ഭാഷയായിരുന്നു. വ്യവ സായാനന്തര സമൂഹത്തിൽ ആഗോളീകരണം അതിന്റ മൂർത്തരൂപ ത്തിൽ പ്രത്യക്ഷപ്പെട്ടതോടുകൂടിയാണ് ഇംഗ്ലീഷ് ഭാഷ സമൂഹത്തിന്റ താഴെതട്ടുവരെ വ്യാപിച്ചത്. ഇവിടെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് വികസിക്കുകയും പുതിയ രൂപപരിണാമങ്ങൾ സംഭവിക്കുകയാണ് ചെയ്യുന്നത്. ലോകത്തെ ഭൂരിപക്ഷം ഭാഷകളും അടഞ്ഞ തുരുത്തുക ളായി മാറിയിരിക്കുമ്പോൾ, ഏറ്റവുമധികം സൃഷ്ട്യന്മുഖനിർമ്മാണ

ശേഷിയുള്ള ഭാഷയായ ഇംഗ്ലീഷ് പുതിയ അർത്ഥതലങ്ങളിലേക്ക് അനുദിനം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. കൊളോണിയൽകാലത്ത് ഭാഷ അടിച്ചേല്പിക്കുകയായിരുന്നെങ്കിൽ ആഗോളീകരണകാലത്ത് ജനങ്ങളുടെ സാംസ്കാരികവും സാമൂഹികവുമായ നിത്യജീവിതവ്യവഹാരങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന എല്ലാ ഘടകങ്ങളിലും കൂടി ഇംഗ്ലീഷ് ജനങ്ങളുടെ ഇടയിലേക്ക് ആഴത്തിൽ വേരൂന്നാൻ തുടങ്ങി. 1970–80 കൾക്ക് ശേഷം ഇംഗ്ലീഷ് മാതൃഭാഷയല്ലാത്ത ഇടങ്ങളിൽ പുതിയൊരു മാതൃഭാഷപോലെ പ്രചരിക്കാൻ തുടങ്ങി. ജനപ്രിയസംസ്കാരം, സംഗീതം, ഭക്ഷണം, സംസ്കാരം, സ്പോർട്സ്, മാധ്യമം തുടങ്ങി ആഗോളീകരണത്തിന്റെ നിരവധി ഉപാധികളിലൂടെ ഇംഗ്ലീഷ് ലോകമെങ്ങും വ്യാപിച്ചു. യഥാർത്ഥത്തിൽ ഇംഗ്ലീഷ് മാതൃഭാഷയായി ഉപയോഗിക്കുന്നവർ 360 മില്ല്യൺ ജനങ്ങൾ മാത്രമേയുള്ളൂ. അതായത് ലോകജനസംഖ്യയുടെ വെറും 5.43% മാത്രം. മാത്രമല്ല, ഇംഗ്ലീഷ് ബഹുകേന്ദ്രീകൃതഭാഷയാണ് (pluricentric language). ഇതിന് നിയതമായൊരു മാനകീകൃത രൂപമില്ല, എന്നുമാത്രമല്ല ഇത് നിരന്തരം പരിണമിക്കുകയും വികസിക്കുകയും ചെയ്യുന്നു. പ്രദേശികഭാഷയാണ് ഇംഗ്ലീഷിന്റെ പദസമ്പത്തിന്റെ മുഖ്യസ്രോതസ്. ഇംഗ്ലീഷിന് പ്രദേശികമായി നിരവധിവകഭേദങ്ങളുണ്ട്. യു.എസ്, ഇംഗ്ലണ്ട്, കാനഡ, ആസ്ട്രേലിയ, അയർലാൻഡ്, ന്യൂസിലാൻഡ്, കൂടാതെ ചില കോമൺവെൽത്ത് രാജ്യങ്ങൾ തുടങ്ങി വ്യത്യസ്ത സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് നിരവധി ഭാഷാഭേദങ്ങളോടു കൂടിയതാണ്. ലിപിവിന്യാസം (spelling), ഉച്ചാരണം, പദവിന്യാസക്രമം (syntactic), ശബ്ദകോശം (lexical), വ്യാകരണം തുടങ്ങി ഭാഷയുടെ എല്ലാഘടകങ്ങളിലും ഇത് ദൃശ്യമാണ്. ഉദാഹരണമായി അമേരിക്കൻ ഇംഗ്ലീഷിൽ color എന്നെഴുതുമ്പോൾ, ബ്രിട്ടീഷ് ഇംഗ്ലീഷിൽ colour എന്നെഴുതുന്നു. അമേരിക്കയിൽ elevator എന്ന പദം ബ്രിട്ടീഷുകാരുടെ lift എന്ന പദത്തിനു തുല്ല്യമാണ്. എന്നാൽ lift എന്ന പദം അമേരിക്കൻ ഇഗ്ലീഷിൽ പൊതുവായി ഉപയോഗിക്കുന്ന സാമാന്യപദമാണ്. അമേരിക്കക്കാർ on the weekend എന്നെഴുതുമ്പോൾ ബ്രിട്ടീഷുകാർ at the weekend എന്നെഴുതുന്നു. ഇത്തരത്തിലുള്ള നിരവധി സവിശേഷതകൾ ഇഗ്ലീഷിന്റെ എല്ലാ പ്രാദേശികഭാഷാഭേദങ്ങളിലുമുണ്ട്.

ലോകത്ത് 5000–6000–ത്തിനുമിടയിൽ ഭാഷകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ നാലിലൊന്ന് ഭാഷകളും 1000–ത്തിൽ താഴെ ജനങ്ങൾ സംസാരിക്കുന്നതാണ്. 50% ഭാഷകളും 10000–ത്തിൽ താഴെ ജനങ്ങൾ സംസാരിക്കുന്നതാണ്. കൂടാതെ ലിഖിതസാങ്കേതികവിദ്യ വികസിച്ചിട്ടില്ലാത്ത നിരവധിഭാഷകളുണ്ട്. ഇംഗ്ലീഷ് ഭാഷയുടെ തള്ളിക്കയറ്റത്തിൽ പ്രദേശിക ഭാഷകൾ വലിയ ഭീക്ഷണികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അടുത്ത 50 വർഷത്തിനുള്ളിൽ ഇതിൽ ഭൂരിപക്ഷം

ഭാഷകളും നശിച്ചുപോകുമെന്നാണ് കണക്കാക്കപ്പെടുന്നത്. പ്രദേശിക ഭാഷകൾ സംസാരിക്കുന്നവർക്കുപോലും വിവിധ ആവശ്യങ്ങൾ ക്കായി ആഗോള സമൂഹവുയി സംവംദിക്കേണ്ടിവരുമ്പോൾ ഇംഗ്ലീഷ് ഉപയോഗിച്ചേ മതിയാവൂ എന്ന സാഹചര്യമുണ്ടാകുന്നു. ഇതിനെ ഭാഷാസാമ്രാജ്യത്വം (language imperialism) എന്ന് വിശേഷിപ്പിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിൽ പ്രാദേശികഭാഷകളുടെ സത്ത് ഊറ്റിക്കുടിച്ചുകൊണ്ടാണ് ഇംഗ്ലീഷ് ഓരോഭാഷയിലും വ്യാപിക്കുന്നത്. പ്രാദേശികഭാഷകളുടെ പഠനരീതികൾക്കും പ്രാദേശിക സംസ്കാരത്തിനും പാരമ്പര്യത്തിനും ഭാഷാശൈലിയ്ക്കും അനുയോജ്യമായരീതിയിലാണ് ഇംഗ്ലീഷ് ഉപയോഗിക്കുന്നതും പഠിപ്പിക്കുന്നതും. ഭാഷാസാമ്രാജത്യത്തിനെതിരെയുള്ള സ്വഭാവിക പ്രക്രിയ എന്നനിലയിലാണ് ഇത് വികസിച്ചുവന്നത്. യഥാർത്ഥത്തിലിത് ഇംഗ്ലീഷ് ഭാഷാസാമ്രാജ്യത്വത്തെ സാധൂകരിക്കുകയാണ്. ബ്രിട്ടീഷ് ഇംഗ്ലീഷിന്റെ ഭാഗമായി രൂപപ്പെട്ട ഇൻഡ്യൻ ഇംഗ്ലീഷ് ഇതിനുദാഹരണമാണ്. ഭാഷാഗ്ലോക്കലൈസേഷന്റെ സ്വാഭാവിക ഉദാഹരണങ്ങളിലൊന്നാണിത്. എന്നാൽ ആധുനീകാർത്ഥത്തിൽ വിവര സാങ്കേതിക വിജ്ഞാനയുഗത്തിലാണ് ഭാഷാഗ്ലോക്കലൈസേഷൻ പ്രക്രിയ അതിന്റെ മൂർത്തരുപത്തിൽ സാക്ഷാത്ക്കരിക്കപ്പെട്ടത്. ഭാഷ, സംസ്കാരം, ആശയവിനിമയോപാധി എന്നിവ പരസ്പരപൂരിതമാണ്. മാത്രമല്ല ഇവ പരസ്പര ഏകകങ്ങളായി വർത്തിക്കുന്നു. സംസ്കാരത്തെ നിർമ്മിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും ആശയവിനിമയോപാധികൾക്ക് വലിയ പങ്കുണ്ട്. സംസ്കാരം രൂപപ്പെടുന്നത് പരസ്പരസമ്പർക്കങ്ങളിലൂടെയും സാമൂഹികവും സാംസ്കാരികവുമായ കൊടുക്കൽ വാങ്ങലുകളിലൂടെയാണ്. അതുകൊണ്ടുതന്നേ ആശയവിനിമയമേഖലകളിലുണ്ടാകുന്ന ഏതൊരുമാറ്റവും സാംസ്കാരിക പരിണാമങ്ങൾക്ക് കാരണമാകുന്നു.

**നവഭാഷയും നവസാക്ഷരതയും**

1980-കൾക്ക് ശേഷമാണ് വിവരവിനിമയ സാങ്കതികതവിദ്യകളുടെയും നവമാധ്യമോപകരണങ്ങളുടെയും വ്യാപകപ്രചാരവും വികാസവും ലോകത്തുണ്ടായത്. ഇതിനെ മൂന്നാം തലമുറ വ്യവസായ വിപ്ലവം എന്ന് വിശേഷിപ്പിക്കുന്നു. ഒന്നാം തലമുറ വ്യവസായവിപ്ളവം യന്ത്രങ്ങളുടെ കാലമായിരുന്നെങ്കിൽ, രണ്ടാം തലമുറ ഇലക്ട്രോണിക് സങ്കേതികവിദ്യയുടെയും, മൂന്നാം തലമുറ ഡിജിറ്റൽ സാങ്കതികവിദ്യയുടെയും കാലമാണ്. ടെലികമ്മ്യണിക്കേഷൻസ് സാങ്കതികവിദ്യകളുടെ തുടർച്ച എന്നനിലയിലാണ് നവമാധ്യമ സങ്കല്പം വികസിതമായത്. ആശയവിനിമയവും വിവരകൈമാറ്റവും ഒരുപോലെ സാധ്യമാകുന്ന ദ്വിദിശ ബഹുജനമാധ്യമം എന്ന നിലയിലേക്ക് നവമാധ്യമങ്ങൾ അതിവേഗം വികസിച്ചു. മാധ്യമ സമന്വയത്തിന്റെ ഫലമായി പരമ്പരാഗത

ബഹുജനമാധ്യമങ്ങൾ നവഭാവുകത്വത്തോടെ നവമാധ്യമങ്ങളിലേക്ക് ചേക്കേറി. പരമ്പരാഗത അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളേക്കാൾ നിത്യജീവിത വ്യവഹാരങ്ങളിൽ നവമാധ്യമങ്ങൾക്കാണ് വളരെയധികം സ്വാധീനം ചെലുത്താനാകുന്നത്. ഇതിന്റെ ഫലമായി നവമാധ്യമകേന്ദ്രീകൃത സാമൂഹികഘടനതന്നേ രൂപപ്പെട്ടിരിക്കുന്നു. സാമൂഹിക, സാംസ്കാരിക, ഉല്പാദന വിതരണബന്ധങ്ങൾ, ആശയവിനിമയം തുടങ്ങി സാമൂഹികഘടനയുടെ സമസ്ത ഇടങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യ വിപ്ളവകരമായ മാറ്റങ്ങളുണ്ടാക്കി. ഏതൊരു സമൂഹത്തിലെയും സാംസ്കാരിക ചിഹ്നങ്ങളും തനിമയും ഭാഷയിൽ നിറഞ്ഞുനിൽക്കും. അതുകൊണ്ടുതന്നേ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെ പഠനവിധേയമാക്കാനുള്ള പ്രധാന ഉപാധികളിലൊന്ന് അവ ഭാഷയിൽ വരുത്തിയ മാറ്റങ്ങൾ പഠനവിധയമാക്കുക എന്നതാണ്. ഭാഷയെ അദ്യോഗിക ഭാഷ (formal language), അനൗദ്യോഗിക ഭാഷ (informal language) എന്നിങ്ങനെ വേർതിരിക്കാം. അച്ചടിഭാഷയും ഔപചാരിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയുമാണ് ഔദ്യോഗിക ഭാഷ. വീട്ടിൽ, സൗഹൃദസദസ്സിൽ തുടങ്ങി അനൗപചാരിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയാണ് അനൗദ്യോഗിക ഭാഷ. ഭഷാപരിണാമം ആദ്യം ദൃശ്യമാകുന്നത് അനൗദ്യോഗിക ഭാഷയിലാണ്.

നവമാധ്യമങ്ങളുടെ തനത് സവിശേഷതകളുടെ ഫലമായി ഭാഷയുടെ നിർമ്മാണം, ശബ്ദലേഖനം, ഭാഷാപ്രസരണം തുടങ്ങി വിവിധ മേഖലകളിൽ പരിവർത്തനമുണ്ടായി. വിവരസാങ്കേതിക വിജ്ഞാന യുഗത്തിൽ ആശവിനിമയത്തിന് പുതിയ ഉപകരണങ്ങളും രീതികളുമുണ്ടായി. ഇവ നവഭാഷകളും (അല്ലെങ്കിൽ ഭാഷയുടെ പുനഃക്രമീകരണം) നവസാക്ഷരതയും രൂപപ്പെടുന്നതിനു കാരണമായി (Bodomo and Lee, 2011 July 48:2). ഡിജിറ്റൽ ഉപയോക്താക്കളുടെ ഇടയിൽ രൂപപ്പെട്ട ഡിജിറ്റൽ സാക്ഷരതയുടെ ഭാഗമായാണ് ഡിജിറ്റൽ ഭാഷ രൂപപ്പെട്ടത്. ആദ്യകാലങ്ങളിൽ സാക്ഷരത എന്നത് എഴുതാനും വായിക്കാനുമുള്ള കഴിവിനെ ആധാരമാക്കിയാണ് വികസിച്ചു വന്നത്. എന്നാൽ വിവരസാങ്കേതിക വിജ്ഞാനയുഗത്തിൽ സാക്ഷരത എന്നത് ഒരുകൂട്ടം വൈദഗ്ദ്ധ്യമാണ്. ഇത് സമൂഹത്തിൽ നിർവ്വഹണപരമായ സാക്ഷരത (functional literacy) രൂപപ്പെടുത്തി. ഈ സങ്കല്പത്തെ മുൻനിർത്തി സാക്ഷരതയെ മാധ്യമ സാക്ഷരത, ശൃഖലാ സാക്ഷരത, വിവരവിജ്ഞാന സാക്ഷരത എന്നിങ്ങനെ വിവിധ രീതിയിൽ വിഭജിക്കാം. ഡിജിറ്റൽ യുഗത്തിലെ വിവരവിനിമയ പ്രക്രിയയിൽ ഡിജിറ്റൽ ഭാഷയും ഇതര ചിഹ്നസംവിധാനങ്ങളും സങ്കേതന(coding)വും വിസങ്കതന(decoding)വും ചെയ്യാനുള്ള ശേഷിയാണ് സാക്ഷരതയായി പരിഗണിക്കുന്നത് (അതേപുറം: 25). വിപുലമായൊരു ഉറവിടത്തിൽ നിന്നും ലഭ്യമാകുന്ന

വ്യത്യസ്ത തരത്തിലുള്ള ഡാറ്റാകളെ വിശകലനം ചെയ്ത് അർത്ഥ ഗ്രഹണം നടത്താനും അവ ഉപയോഗിക്കാനുമുള്ള ശേഷിയാണ് ഡിജിറ്റൽ സാക്ഷരത എന്ന് നിർവ്വചിക്കാം. അതിന്റെ കൈക്കാര്യകർതൃത്വം കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലധിഷ്ഠിതമാണ് (അതേ പുറം:25-26). സൂക്ഷമാർത്ഥത്തിൽ പരിശോധിച്ചാൽ ഭാഷയും സാക്ഷരതയും കെട്ടു പിണഞ്ഞുകിടക്കുന്നു. സാക്ഷരത എന്നത് ഭാഷയിൽ അടക്കം ചെയ്തിരിക്കുന്നു. വിവരസാങ്കേതിക വിജ്ഞാനയുഗത്തിൽ പരമ്പരാഗത ഭാഷാരൂപങ്ങൾ നിരന്തരം പരിണാമങ്ങൾക്ക് വിധേയമാകുന്നു. കൂടാതെ, അവ നവഭാവുകത്വത്തോടെ ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് ചേക്കേറുന്നു. ഇതിന്റെ ഫലമായി ഭാഷയുടെ പ്രയോഗരീതിയിലും അർത്ഥ ഗ്രഹണസമ്പ്രദായത്തിലും മാറ്റം വരുന്നു. ഇലക്ട്രോണിക് രൂപത്തിലാണ് ഇന്ന് മുഖ്യമായും ഭാഷാവിനിമയം നടത്തുന്നത്. ഇ-ബുക്ക്, ഇ-ജേർണൽ, ഇ- പാഠപരമ്പര, ഇ-ക്ലാസ്സ് റൂം, ഇ- നിഘണ്ടു, ഇ-ഗ്രന്ഥശാല, ഇ-പ്രസാധനം, ഇ-ലിഖിതം, ഇ-ചിഹ്നം തുടങ്ങിയവ ചില ഉദാഹണങ്ങളാണ്.

ഇന്റർനെറ്റിന്റെ വ്യാപനത്തോടുകൂടിയാണ് ഡിജിറ്റൽ ഭാഷ എന്ന സങ്കല്പം ലോകത്ത് മൂർത്തരൂപത്തിൽ സാക്ഷാത്കരിക്കപ്പെട്ടത്. 1967-മുതൽ തന്നേ ഇന്റർനെറ്റിന്റെ പ്രാഗ്‌രൂപങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും വേൾഡ് വൈഡ് വെബ്ബ് കണ്ടുപിടിച്ചതോടുകൂടിയാണ് ഇന്റർനെറ്റ് ഏതൊരു സാധാരണക്കാരനും ഉപയോഗിക്കാവുന്ന വിധത്തിൽ സമൂഹത്തിന്റെ താഴെതട്ടിൽവരെ വ്യാപിച്ചത്. ഡിജിറ്റൽയുഗത്തിലെ സാങ്കേതികവിദ്യകളും ഇലക്ട്രോണിക് ഉപകരണങ്ങളും ഇന്ന് മുഖ്യമായും പ്രവർത്തിക്കുന്നത് ഇന്റർനെറ്റ്, കമ്പ്യൂട്ടർ സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ്. ഇന്റർനെറ്റ് ഇന്ന് ആശയവിനിമയോപാധി എന്നതിനപ്പുറം മനുഷ്യരുടെ ചിന്തകളുടെയും ആശയങ്ങളുടെയും പൊതുഇടം കൂടിയാണ്. ഡേവിഡ് ക്രിസ്റ്റലിന്റെ നിരീക്ഷണത്തിൽ ഇന്റർനെറ്റ് അതീന്ദ്രിയലോകത്തിന്റെ അനുഭവമാണ് സൃഷ്ടിക്കുന്നത്. ഇതൊരു സാങ്കല്പികലോകമാണ്. ജനങ്ങൾ ലിഖിതരൂപങ്ങളെ ആധാരമാക്കി സാമൂഹികവിനിമയം നടത്തുന്ന ഭ്രമകല്പനാത്മലോകം (2001: 24). ഇത്തരത്തിലുള്ള വിനിമയങ്ങൾക്ക് അനുയോജ്യമായ ഭാഷാരൂപങ്ങൾ ഉണ്ടാകേണ്ടിയത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇതിന്റെ സ്വാഭാവിക പരിണിതി എന്ന നിലയിൽ ശബ്ദം, ദൃശ്യം, ചിഹ്നം, ചിത്രം, അക്ഷരം തുടങ്ങിയ നിരവധി സാധ്യതകൾ ഉപയോഗിച്ച് തനത് സവിശേഷതകൾ ഉള്ള ഓൺലൈൻ ഭാഷകൾ വികസിക്കുന്നു. ഇത് ഡിജിറ്റൽ പൗരന്മാരുടെ ഭാഷയാണ്. ഡേവിഡ്ക്രിസ്റ്റൽ ഓൺലൈൻ പൗരന്മാരെ netize എന്നാണ് വിശേഷിപ്പിക്കുന്നത് (2001:3).

ഭാഷാഗ്ലോലോക്കലൈസേഷൻ പ്രക്രിയ അതിന്റെ മൂർത്തരൂപത്തിൽ സാക്ഷാത്കരിക്കപ്പെട്ടത് ഇന്റർനെറ്റിലൂടെയാണ്. ഇതിനു കാരണം ഇന്റർനെറ്റ് ഇന്ന് വിപുലമായ അർത്ഥത്തിൽ സാംസ്കാരികം, സാമൂഹികം, വിദ്യഭാസം, സാഹിത്യം തുടങ്ങി നിത്യജീവിതത്തിലെ ആഗോളവും പ്രദേശികവുമായ എല്ലാവിധമായ സാമൂഹികപ്രവർത്തനങ്ങളും കൂടിച്ചേരുന്ന ഇടമായി മാറിയിരിക്കുന്നു എന്നതാണ് (Koutsogiannis and Mitsikopoulou, 2004 September: 86) ആഗോളീകൃത സമൂഹത്തിൽ ജനങ്ങളുടെ സ്വത്വനിർമ്മിതിയും സാമൂഹിക ബന്ധങ്ങളും പുനഃക്രമീകരിക്കുന്ന പൊതു ഇടംകൂടിയാണ് ഇന്റർനെറ്റ്. സ്ഥലം മേശപ്പുറത്ത് (place at table) എന്ന സങ്കല്പം പ്രായോഗികമായതു മുലം ജനങ്ങൾക്ക് ആഗോളസമൂഹത്തിന്റെ ഭാഗമാകാനും സംവാദങ്ങളിൽ ഏർപ്പെടാനും കഴിയുന്നു. അങ്ങനെ പുതിയൊരു ഇന്റർനെറ്റ് ഭാഷയുടെ വക്താക്കളാകുന്നു (Mitra and Watts, 2002:488). ഇത് പരമ്പരാഗത ഭാഷാഘടനയ്ക്ക് വെല്ലുവിളി ഉയർത്തുകയും പുതിയരൂപത്തിലുള്ള ഇന്റർനെറ്റ് ഭാഷ ജന്മമെടുക്കുന്നതിനു കാരണമാവുകയും ചെയ്യുന്നു. വർത്തമാനകാല പൊതുമണ്ഡലത്തിലെ സംഭാഷണ മധ്യസ്ഥ (spesking agent)നായി ഇന്റെർനെറ്റ് മാറിയിരിക്കുന്നു (Koutsogiannis and Mitsikopoulou, 2004 September: 85)

ഇന്റർനെറ്റ് കേന്ദ്രീകൃതമായി നിരവധി നവഭാഷാ സാധ്യതകൾ രൂപപ്പെട്ടു. മൊബൈൽ ഫോൺ യുഗത്തിൽ ഇത് പുതിയ തലങ്ങളിലേക്ക് വികസിച്ചു. ഇന്റർനെറ്റ് പരമ്പരാഗത ലിഖിതഭാഷയെ നവീകരിക്കുകയും, ഭാഷയുടെ നിർമ്മാണം, വിതരണം, അച്ചടി തുടങ്ങി വിവിധ മേഖലകളിൽ ഗുണപരമായ പരിണാമങ്ങൾക്കും നവഭാവുകത്വകങ്ങൾക്കും കാരണമായി. ദ്വിദിശമാധ്യമമായ ഇന്റർനെറ്റിലൂടെയുള്ള ഭഷാവിനിയം ആഗോളവ്യാപകമായി പുതിയൊരു ലിഖിതഭാഷയെ വികസിപ്പിച്ചു. ഇ-മെയിൽ, ചാറ്റ് ഗ്രൂപ്പ്, എ.എം (instant messageല), വെബ്ബ്, പ്രതീതി യാഥാർത്ഥ്യം ലോകം തുടങ്ങിയവയാണ് ഈ ഭാഷയുടെ വിനിമയ പ്രതലം (Crystal, 2001: 225). ഇംഗ്ലീഷിന് ആധിപത്യമുള്ള, ഇംഗ്ലീഷിന്റെ ഉപഭാഷ എന്ന നിലയിൽ ലോകമെങ്ങും വികസിച്ചുവന്ന ഇന്റർനെറ്റ് ഭാഷ പൊതുവെ ടെക്സ്റ്റിങ് (textinഴ), ഇന്റർനെറ്റ് ചരുക്കെഴുത്ത് (internet shorthand), സൈബർ സ്ലാങ് (cyber slang), നെറ്റ്സ് പീക്ക് (nets peak), ട്രാൻസ്‌ലെക്സിക്കൽ ഫൊണോളജിക്കൽ ചുരുക്കെഴുത്ത് (translexical phonological abbreviation) തുടങ്ങി നിരവധി പേരുകളിൽ ഈ ഭാഷ അറിയപ്പെടുന്നു. ഇന്റർനെറ്റ് ഭാഷ ആഗോള ഭാഷ ആയിരിക്കുമ്പോൾപോലും വ്യത്യസ്തത, പ്രദേശികത, ഭാഷാഭേദം, പശ്ചാത്തലം, ആവശ്യം, ഉദ്ദേശ്യശുദ്ധി, ഉപയോക്താക്കളുടെ മനോഭാവം തുടങ്ങി വൈവിധ്യമാർന്ന നിരവധി ഘടകങ്ങൾ ഈ

ഭാഷയെ സ്വാധീനിക്കുന്നു (Crystal, 2001: 6). ഇതൊക്കെ ഇന്റർനെറ്റ് ഭാഷയുടെ ഗ്ലോക്കലൈസേഷൻ പ്രക്രിയയുടെ ഭാഗമാണ്. സമയലാഭം, സൗകര്യം, കൂടുതൽ തവണ കീബോർഡിൽ വിരൽ അമർത്തുന്നത് ഒഴിവാക്കുക. പരിമിതമായ ഇഗ്ലീഷ് പരിജ്ഞാനം ഉള്ളവർക്കും ഉപയോഗിക്കാം തുടങ്ങിയ നിരവധി സൗകര്യങ്ങൾമൂലം ഇന്റെർനെറ്റ് ഭാഷ അതിവേഗം ലോകമെങ്ങും വ്യപിച്ചു. അനൗദ്യോഗിക ഭാഷാപ്രയോഗങ്ങൾക്കാണ് ഈ ഭാഷ കൂടുലായി ഉപയോഗിക്കുന്നത്. ഐ.എം, സമൂഹ മാധ്യമം, ചാറ്റ് റൂം, ഓൺലൈൻ ഗെയിം, വീഡിയോ ഗെയിം, അനൗപചാരിക ഇ-മെയിൽ, ഓൺലൈൻ കൂട്ടായ്മ തുടങ്ങിയ ഇടങ്ങളിലാണ് പ്രധാനമായും ഈ ഭാഷ പ്രധാനമായും ഉപയോഗിക്കുന്നത്. ഓൺലൈൻ സമൂഹത്തിന്റെ നിലനില്പും രൂപീകരണവുമാണ് ഇന്റർനെറ്റ് ഭാഷയുടെ അടിസ്ഥാന പ്രേരകശക്തി.

മൊബൈൽഫോണിന്റെ കണ്ടുപിടുത്തവും വ്യാപനവും ഇന്റർനെറ്റ് ഭാഷയുടെ വേഗത്തിലുള്ള വികാസ പരിണാമങ്ങൾക്ക് കാരണമായി. ആഗോള ഇന്റർനെറ്റ് ഭാഷയുടെ സ്വഭാവസവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ആഗോള മൊബൈൽ ഫോൺ ഭാഷ വികസിച്ചത്. ഈ ഭാഷ ടെസ്റ്റ് (txt), ടെക്സ്റ്റ്(text), ടെസ്റ്റീസ് (textese), ഫോൺ ചുരുക്കെഴുത്ത്, എസ്.എം.എസ് കമ്മ്യൂണിക്കേഷൻസ്, ചാറ്റ് പീക്ക്, എസ്.എം.എസ് തുടങ്ങിയ നിരവധി പേരുകളിൽ അറിയപ്പെടുന്നു. ഇന്റർനെറ്റ് ഭാഷപോലെതന്നേ പ്രാദേശിക സംസ്കാരവും ഭാഷയും സ്വാംശീകരിച്ചുകൊണ്ടാണ് എസ്.എം.എസ് ഭാഷ ആഗോള ഭാഷയായി വികസിച്ചത്. ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാന പരിജ്ഞാനം ഉള്ളവർക്ക്പോലും ഇന്ന് തങ്ങളുടെ പ്രാദേശികസ്വത്വം നിലനിർത്തിക്കൊണ്ട് ആഗോളതലത്തിൽ സംവദിക്കാം. മൊബൈൽ ഫോൺ ഡിജിറ്റൽ അസമത്വത്തെ ലഘൂകരിക്കുകയും സമൂഹത്തിന്റെ താഴേക്കിടിയിലുള്ളവരെ ഡിജിറ്റൽ സാക്ഷരതയുടെ ഭാഗമാക്കുകയും ചെയ്യുന്നു. കുറഞ്ഞ പണച്ചിലവും ലളിതമായ ഉപയോഗനിർവഹണവും സവിശേഷരൂപഘടനയുംമൂലം വളരെ കുറഞ്ഞസമയത്തിനുള്ളിൽതന്നേ എസ്.എം.എസും മൊബൈൽ ഫോണും ജനപ്രിയമായി. പ്രാഥമികമായി ഇന്റർനെറ്റ് ഭാഷയുടെ സ്വതന്ത്രഭാഷ എന്നു വിശേഷിപ്പിക്കാമെങ്കിലും സ്വതന്ത്രാസ്തിത്വമുള്ള തനതുഭാഷയാണ് എസ്.എം.എസ് ഭാഷ. ഇന്റർനെറ്റ് ഭാഷപോലെതന്നേ പ്രാദേശിക സംസ്കാരവും ഭാഷയും സ്വാംശീകരിച്ചുകൊണ്ടാണ് എസ്.എം.എസ് ഭാഷ ആഗോള ഭാഷയായി വികസിച്ചത്. ഇംഗ്ലീഷിൽ അടിസ്ഥാന പരിചയം ഉള്ളവർക്കുപോലും ഇന്ന് തങ്ങളുടെ പ്രാദേശികസ്വത്വം നിലനിർത്തിക്കൊണ്ട് ആഗോളതലത്തിൽ സംവദിക്കാം. ഗ്ലോക്കലൈസേഷന്റ പ്രധാനപ്പെട്ട ഉദാഹരണങ്ങളിലൊന്നാണിത്.

**ഭാഷാഗ്ലോക്കലൈസേഷനും മംഗ്ലീഷ്ഭാഷയും**

ആഗോള ഇന്റർനെറ്റ് ഭാഷയും മൊബൈൽ ഫോൺ ഭാഷയും സങ്കരഭാഷാ വൈവിധ്യം (hybrid language variety) അല്ലെങ്കിൽ, സങ്കരരേഖപ്പെടുത്തൽ (hybrid register) എന്നു വിശേഷിപ്പിക്കുന്നു. ഇവ ഗ്ലോക്കൽ ഭാഷയുടെ ഭാഗമാണെങ്കിലും പ്രാദേശിക ഭാഷയിലുണ്ടാകുന്ന ഭാഷാപരിണാമങ്ങളെ ആധാരമാക്കി ഗ്ലോക്കലൈസേഷൻ പ്രക്രിയയെ വിശദീകരിക്കുകയാണിവിടെ. ഗ്ലോക്കൽഭാഷയുടെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണ് ദക്ഷിണേന്ത്യൻ സംസ്ഥാനമായ കേരളത്തിൽ രൂപപ്പെടുകയും പ്രചരിക്കുകയും ചെയ്യുന്ന മംഗ്ലീഷ് ഭാഷ. ഈ ഭാഷയുടെ തുടക്കം ഇന്റർനെറ്റിൽ നിന്നാണെങ്കിലും മൊബൈൽ ഫോണിലൂടെയാണിത് വികസിച്ചതും ജനകീയമായതും. മലയാളവും ഇംഗ്ലീഷും കൂടിച്ചേർന്ന സങ്കരഭാഷയ്ക്ക് പറയുന്ന പേരാണ് മംഗ്ലീഷ് (Uncyclopedia.wiki.com). മംഗ്ലീഷ് രൂപപ്പെട്ടതുപോലെതന്നേ ലോകത്തുള്ള ഇതര പ്രദേശികഭാഷകളുമായി ഇംഗ്ലീഷ് കൂടിക്കലർന്ന് പുതിയ സങ്കരഭാഷകൾ രൂപപ്പെടുന്നു. ഹിന്ദിയും ഇംഗ്ലീഷും കൂടിച്ചേർന്ന ഹിഗ്ലീഷ് (Hinglish), തമിഴും ഇംഗ്ലീഷും കൂടിച്ചേർന്ന തമിലിഷ് (Tamilish) തുടങ്ങിയവ ഇൻഡ്യൻ ഭാഷകളിലെ ചില ഉദാഹരണങ്ങളാണ്.

മലയാളികളെ സംബന്ധിച്ച് ഇംഗ്ലീഷ് രണ്ടാം ഭാഷയാണ്. പത്താം തരത്തിനു മുകളിലെ പഠനമാധ്യമം പൂർണമായും ഇംഗ്ലീഷാണ്. കേരളത്തിലെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പഠിക്കുന്നത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ്. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രവാസികളുള്ള നാടാണ് കേരളം. മാത്രമല്ല, കൊളോണിയൽ കാലം മുതൽ തന്നേ നിലനിന്നിരുന്ന ആംഗലേയ ഭാഷാ വിധേയത്വം ഇന്നും മലയാളികളുടെ ഭാഷാമണ്ഡലത്തിൽ സജീവമാണ്. കൂടാതെ മലയാള പദങ്ങൾപോലെതന്നെ ധാരാളം ഇംഗ്ലീഷ് പദങ്ങൾ ഭാഷയിൽ പ്രചരിക്കുന്നു. എന്നിരുന്നാലും മലയാളികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വളരെ പരിമിതമാണ് എന്നതാണ് യാഥാർത്ഥ്യം. ഭാഷയുടെ നട്ടെല്ല് വ്യാകരണമാണ്. എന്നാൽ മലയാളികളുടെ ആംഗലേയഭാഷാ വ്യാകരണത്തിലുള്ള പ്രാവീണ്യം വളരെ ദുർബ്ബലമാണ്. സംസാരഭാഷ പൂർണ്ണമായും മലയാളമാണ്. ആദ്യകാലങ്ങളിൽ നവമാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം മുഖ്യമായും ഇംഗ്ലീഷ് അക്ഷരങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ സംഭവിക്കുന്ന സ്വാഭാവിക പരിണിതിപോലെയാണ് മംഗ്ലീഷ് ഭാഷ രൂപപ്പെട്ടത്.

ഭാഷ എന്നനിലയിൽ വ്യാകരണം, ഉച്ചാരണം, പദഘടന തുടങ്ങി എല്ലാ അടിസ്ഥാന ഘടകങ്ങളിലും മലയാളവും ഇംഗ്ലീഷും തമ്മിൽ വ്യത്യാസസമുണ്ട്. അതുകൊണ്ടുതന്നേ ജൈവികവും പ്രകൃ

തിദത്തവുമായ ഭാഷാപഠനം നടത്താൻ മലയാളികൾക്ക് സാധിക്കില്ല. ക്രിത്രിമമായൊരു ഭാഷാപഠനമാണ് നടത്തുന്നത്. ഇംഗ്ലീഷിൽ അക്ഷരങ്ങൾ സ്വനിമം അല്ലെങ്കിൽ വർണ്ണനിയമം അടിസ്ഥാനമാക്കിയാണ് എഴുതുന്നതും പദങ്ങൾ രൂപീകരിക്കുന്നതും. സ്വരാക്ഷരങ്ങൾ എഴുതിശീലിച്ച മലയാളികൾക്ക് ഇംഗ്ലീഷിൽ എഴുതാനുള്ള വാസന ജന്മസിദ്ധമായി ലഭിക്കുന്നതല്ല. അത് പരിശീലനംകൊണ്ടുമാത്രം സിദ്ധിക്കുന്നതാണ്. മാത്രമല്ല, പ്രഥമികതലം മുതൽതന്നേ വളരെ വികലമായ ഇംഗ്ലീഷ് ഭാഷാപഠനമാണ് കേരളത്തിൽ നടക്കുന്നത്. അതുകൊണ്ടുതന്നേ ഇംഗ്ലീഷിലുള്ള എഴുത്ത് മലയാളികളെ സംബന്ധിച്ച് പൊതുവെ ബുദ്ധിമുട്ടാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് മംഗ്ലീഷ് വളരെ പ്രസക്തമാകുന്നത്.

മലയാളത്തിന്റെ പൊതുസ്വഭാവം അവ ഉച്ചരിക്കുന്നതുപോലെ എഴുതുക എന്നതാണ്. കൂടാതെ സംഭാഷണശൈലിക്കനുസരിച്ചാണ് വ്യാകരണവ്യവസ്ഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇംഗ്ലീഷ് വർണ്ണവ്യവസ്ഥയ്ക്ക്നുസരിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നതെങ്കിൽ മലയാളം അക്ഷരവ്യവസ്ഥയ്ക്കനുസരിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള വ്യത്യസ്തതകൾ നിലനില്ക്കത്തന്നെ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് മലയാളത്തിന്റെ ഉച്ചാരണശൈലിയ്ക്കും പദഘടനയ്ക്കും വ്യാകരണത്തിനും അനുയോജ്യമായ വിധത്തിൽ എഴുതുന്ന പുതിയ ഭാഷയാണ് മംഗ്ലീഷ്. ഇത് വായിക്കുന്നത് ഇംഗ്ലീഷ് അക്ഷരങ്ങളുടെ സ്വരവിന്യാസങ്ങളെ അടിസ്ഥാനമാക്കിയാണെങ്കിലും ഇതിന്റെ അർത്ഥഗ്രഹണം മലയാളഭാഷയെ ആധാരമാക്കിയാണ് നടത്തുന്നത്. ഉദാഹരണമായി നാളെ നീ സ്കൂളിൽ വരുമ്പോൾ എന്റെ ബുക്ക് കൊണ്ടുവരണം എന്നത് മംഗ്ലീഷിൽ -nalla nee schoolil varumbol enta book konduvaranam എന്നിങ്ങനെ എഴുതുന്നു.

ആശയവിനിമയം മാത്രമാണ് മംഗ്ലീഷിന്റെ അടിസ്ഥാന ധർമ്മം. ഓൺലൈൻഭാഷയുടെ മുഖ്യസവിശേഷത അത് സംഭാഷണഭാഷയെ ലിഖിത രൂപത്തിൽ എഴുതുന്നു എന്നതാണ്. ഓൺലൈൻ വഴിയുള്ള ഭാഷാവിനിമയം ലിഖിത-ഭാഷണ രൂപങ്ങൾ ചേർന്ന സങ്കരഭാഷ സൃഷ്ടിക്കുന്നു (Baron, 2013 June 14: 65). സന്ദേശം വായിക്കുമ്പോൾ പരസ്പരം സംസാരിക്കുന്ന പ്രതീതിയാണുളവാകുന്നത്. അനൗദ്യോഗിക ഭാഷാപരിസരങ്ങളിലാണ് മംഗ്ലീഷ് ഭാഷ മുഖ്യമായും ഉപയോഗിക്കുന്നത്. ഇംഗ്ലീഷും മലയാളവും കൂടിക്കലർന്ന അപരിഷ്കൃത ഭാഷ എന്നതിനപ്പുറം തനത് വ്യക്തിത്വമുള്ള സ്വതന്ത്രഭാഷ, അല്ലെങ്കിൽ പ്രാദേശിക ഭാഷാഭേദം എന്ന നിലയിലേക്ക് മംഗ്ലീഷ് വളർന്നിരിക്കുന്നു. ഇത്തരത്തിലുള്ള ഭാഷാപരീക്ഷണങ്ങൾ ലോകത്ത് എല്ലായിടത്തും നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ ഇംഗ്ലീഷിന്റെ മേൽക്കോയ്മയും അപ്ര

മാദിത്വവും മലയാളം അതിലംഘിക്കുന്നു. അപ്പോൾതന്നേ ഇംഗ്ലീഷ് മലയാളത്തിന്റെമേൽ അധീശ്വത്വം ഉറപ്പിച്ചുകൊണ്ടു ഭാഷയെ വിഴുങ്ങുന്നു. ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങളാണ് ഭാഷാഗ്ലോക്കലൈസേഷൻ അവശേഷിപ്പിക്കുന്നത്.

മംഗ്ലീഷ് ലിഖിതഭാഷയിൽ മാത്രമല്ല, വാചികഭാഷയിലും കാര്യമായ സ്വാധീനം ചെലുത്തുന്നു. ഇംഗ്ലീഷ് നിരവധി വൈദേശിക ശൈലികളും പദങ്ങളും മംഗ്ലീഷിന് സംഭാവന ചെയതു. യാ...(yeah), ഓക്കേ (ok), ഹെലോ (hellow), യാ....യാ...(yeah...yeah) തുടങ്ങിയവ അവയിൽ ചിലതാണ്. ഇത്തരം ഭഷാപ്രയോഗങ്ങൾ ഇന്ന് മലയാളികളുടെ നിത്യജീവിത ഭാഷാവ്യവഹാരങ്ങളിൽ ധാരാളമായി ഉപയോഗിക്കുന്നു (Uncyclopedia.wiki.com). ഇന്ന് ഏറെ വിവാദവിഷയമായ ഭഷാപ്രയോഗമാണ് പുതുതലമുറയിലെ ചാനൽ അവതാരകരുടെ ഭാഷ. യഥാർത്ഥത്തിൽ ഇത് മംഗ്ലീഷിന്റെ ഉച്ചാരണമാണ്. പരിഷ്കാരത്തിന്റെയും നാഗരികതുടെയും സംഭാഷണശൈലിയായി ഇന്നിത് മാറിയിരിക്കുന്നു. മലയാളത്തിലെ ടെലിവിഷൻ ചാനലുകളിലൂടെയാണിത് ജനകീയമായത്. അതുകൊണ്ടാണ് അൺസൈക്ലോപീഡിയ ആധുനിക മംഗ്ലീഷ് ഭാഷയുടെ മാതാവായി ചാനൽ അവതാരികയായ രഞ്ജിനി ഹരിദാസിനെ വിശേഷിപ്പിക്കുന്നത്.

ഭൂരിപക്ഷം ഇൻഡ്യൻ ഭാഷകളുടെയും ലിഖിതരൂപം ഉച്ചാരണസ്വരത്തെ ആധാരമാക്കിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ദ്രാവിഡ ഭാഷാഗോത്രത്തിലെ അംഗമായ മലയാളത്തിൽ അക്ഷരങ്ങൾ വ്യക്തമായ ഉച്ചാരണസ്വരത്തെ അടിസ്ഥാനമക്കിയായാണ് ക്രമീകരിച്ചിരിക്കുന്നത്. ഒരു പദത്തിലെ എല്ലാ അക്ഷരങ്ങൾക്കും ഒരു വാചകത്തിലെ എല്ലാ പദങ്ങൾക്കും തുല്ല്യപ്രാധ്യാന്യമാണ് നൽകുന്നത്. ഉദാഹണമായി മലയാളം എന്ന് ഉച്ചരിക്കുമ്പോൾ മ-ല-യ-ള തുടങ്ങിയ പദങ്ങൾ വ്യക്തമായും സ്ഫുടമായും ഉച്ചരിക്കുന്നു. എന്നാൽ വർണ്ണവ്യവസ്ഥയ്ക്കനുസരിച്ചു ചിട്ടപ്പെടുത്തിയ ഇംഗ്ലീഷ് പദങ്ങൾ ഉച്ചരിക്കുമ്പോൾ പല വർണ്ണങ്ങൾക്കും വ്യത്യസ്ത ഊന്നലുകളാണ് നൽകുന്നത്. ചില വർണ്ണങ്ങൾ പൂർണ്ണമായും നിശബ്ദമായിരിക്കും. കൂടാതെ മറ്റുപല വർണ്ണങ്ങൾക്കും സന്ദർഭമനുസരിച്ച് വ്യത്യസ്ത ഉച്ചാരണങ്ങളായിരിക്കും. അടിസ്ഥാനപരമായ ഇത്തരം വ്യത്യാസങ്ങൾ നിലനിലക്കെതന്നേ ഇംഗ്ലീഷിന്റെ ഉച്ചാരണരീതി മലയാളത്തിൽ കടന്നു വരുമ്പോൾ അത് മംഗ്ലീഷ് ഉച്ചാരണമാകുന്നു. ഇത്തരത്തിൽ ഭാഷയുടെ ഗ്ലോക്കലൈസേഷൻ പ്രക്രിയ മലയാളികളുടെ ഭാഷയിലും ഭാഷാബോധത്തിലും വിവിധ നിലകളിൽ അതിശക്തമായ സ്വാധീനം ചെലുത്തുകയും ഭാഷാപരിണാമത്തിനു കാരണമാവുകയും ചെയ്യുന്നു.

**ഗ്രന്ഥസൂചി**


ബിനു, സചിവോത്തമപുരം (2015 ഒക്ടോബർ) ഗ്ലോക്കലൈസേഷൻ അഥവാ മംഗ്ലീഷ് വന്ന വഴി, ഭാഷാപോഷിണി, മലയാള മനോരമ കമ്പിനി: കോട്ടയം

Baron, S.N.(2013 June 14) 'Language of the internet', pp (1-63), http://www.american.edu/cas/ifs/faculty-c/ocs/upload/N-Baron-Language-internet.pdf

Bodomo, A. and C.Lee (2001 July 4-8) 'Changing Forms of Language and Literacy in the Information Age', Paper to be presented at the 8th International Literacy and Education Research Network Conference of Learning Spetses, Greece, pp (1-29), http://linguistics. hku.hk/staff/Bodomo/spetsesJuly4-8_Tecudoc

Crystal, D. (2001) *Language and the Internet*, Cambridge: Cambridge University Press.

Koutsogiannis, D and B. Mitsikopoulou (2004 September) 'The Internet as a Glocal Discourse Environment A Commentary on "Second Language Socialization in a Billingual Chat Room" by Wan Shun Eva Lam and "Second Language Cyberhetoric: A Study of Chinese L2 Writers in an Online Usenet Group'' by Joel Bloch', *Language Learning & Technology*, vol 8(3), pp (83-89), http://llt.msu.edu/vol8num3/koutsogiannis/default.html

Mitra, A. and E. Watts (2002) 'Theorizing Cyberspace: the idea of voice applied to the internet discource', *New Media & Society*, vol 4(4), pp (479-498), http://www.ensani.ir/storage/files/20116209163221/pdf

Tagg, C. (2009) A Corpus Linguistic Study of SMS Text Messaging, A thesis submitted for the degree of Doctor of Philosophy, UK (Birmingham): University of Birmingham, http://ethese.bham.ac.uk/253/1/Tagg/09phD.pdf

# സൈബർലോകവും സംസ്കാരവും

ഡോ. ടി. ജിതേഷ്

യാഹുവിനെ വെരിസോൺ വാങ്ങുന്നു എന്നൊരു വാർത്ത പത്രങ്ങളിൽ വരുന്നത് മനസ്സിലാക്കാൻ പ്രയാസമുള്ള ഒന്നല്ല. അതുപോലെ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാനതീയതി എന്നു മാത്രമേ ഇപ്പോൾ പറയേണ്ടതുള്ളൂ. അതെങ്ങനെയെന്നു പറയേണ്ടതില്ല. മാത്രമല്ല, ട്രെയിനിനു മുന്നിൽനിന്ന് വെള്ളത്തിലേക്കു ചാടുന്ന കുട്ടികളുടെ വീഡിയോ വൈറലായി എന്നും വായിക്കാനാവും. കുറച്ചു കാലങ്ങൾക്കു മുമ്പ് തീരെ പരിചയമില്ലാതിരുന്ന പ്രയോഗമാണിത്. ഈ വാർത്താക്കുറിപ്പു നോക്കുക: *ഫോട്ടോകളെ നിമിഷങ്ങൾക്കകം മോഡേൺ ആർട്ട് ആക്കിമാറ്റുന്ന പ്രിസ്മ അപ്ലിക്കേഷൻ തരംഗമായിട്ട് നാളുകൾ കുറച്ചായി. ഐഒഎസിൽ എത്തിയ പ്രിസ്മ ഉപയോഗിച്ച് മോഡേൺ ആർട്ട് ചിത്രങ്ങൾ നിർമ്മിച്ച് ഐഫോൺ ഉപയോക്താക്കൾ സോഷ്യൽ നെറ്റ്‌വർക്കുകളിൽ തരംഗമുയർത്തി. അപ്ലിക്കേഷനുകളുടെ കാര്യത്തിൽ ഐഫോൺ ഉപയോക്താക്കളെ പരിഹസിച്ചിരുന്ന ആൻഡ്രോയ്ഡ് ഉപയോക്താക്കൾക്ക് കനത്ത തിരിച്ചടിയായിരുന്നു പ്രിസ്മ.* (http://www.mathrubhumi.com/technology/, July 21, 2016). ഭാഷാപ്രയോഗത്തിലും സവിശേഷതകളിലും വന്ന ഈ മാറ്റം സൈബർസാങ്കേതികതയുടേതാണ്.

**സൈബർകാലം**

തൊണ്ണൂറുകളുടെ ആദ്യം കമ്പ്യൂട്ടർ കണ്ടു തുടങ്ങിയെങ്കിലും ഇന്നത്തേതുപോലെ വ്യാപകമായ പ്രചാരമോ പരിചയമോ അതിനില്ലായിരുന്നു. കമ്പ്യൂട്ടറിനോടുചേർന്ന് ഇന്റർനെറ്റ്, സൈബർ തുടങ്ങിയ പദങ്ങളും അതുമായി ബന്ധപ്പെട്ട പദനിർമ്മാണവും സാധാരണമായിത്തീർന്നു. ലോകത്തെ മുഴുവൻ കുടുക്കിയിടുന്ന വലയാണ് ഇന്റർനെ

റ്റെന്നും അന്തർജാലമെന്നു മലയാളത്തിൽ പ്രയോഗിക്കാമെന്നും ചർച്ച കളുണ്ടായി. തമിഴിൽ കമ്പ്യൂട്ടറിനു കണിനിയെന്നു പറയുന്നതുപോലെ മലയാളത്തിലെന്ത് എന്നു ചർച്ച ചെയ്തപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതികപദാവലിയിൽനിന്നും അഭികലിത്രം എന്ന വാക്ക് കണ്ടെത്തി പലരും തൃപ്തരായി. A machine for performing calculations automatically എന്ന ഇംഗ്ലീഷ് വിവരണത്തിന്റെ ഒരു പദവിവർത്തനം മാത്രമാണിതെന്നതിൽ സംശയമില്ലെങ്കിലും ഒരു പദം മലയാളത്തി ലുമുണ്ട് എന്നു പറയാൻവേണ്ടി പലപ്പോഴും ഇതുപയോഗിക്കപ്പെട്ടു.

കമ്പ്യൂട്ടറെന്നും ഇന്റർനെറ്റെന്നും സൈബർലോകമെന്നും പ്രയോഗിക്കേണ്ടത് അനിവാര്യമാണെന്ന് ഇന്നറിയാം. സാംസ്കാരി കമായ നിർമ്മിതികളുടെ പ്രത്യേകതകളെക്കുറിച്ച് പറയുമ്പോൾ സൈബർലോകവും അതിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. പ്രത്യക്ഷ ത്തിൽ ഇല്ലാത്ത/ ഉള്ള ഈ ലോകം മനുഷ്യനിർമിതമായ, പൂർണ മായും കൃത്രിമമായ ഒരുഇട മാണ്. ശാസ്ത്രകഥകളുടെ രചയിതാവായ വില്യം ഗിബ്സൺ ഈ ഇടത്തെ *സൈബർസ്പെയ്സ് (Cyberspace)* എന്നു വിളിച്ചു. (William Gibson, *Neuromancer*, City Lights Books, New York, 1984.) നേരിട്ടുള്ള കാഴ്ചകളെപ്പോലും എഡിറ്റുചെയ്ത്, അപ്ഡേറ്റാക്കുകയും അപ്ലോഡു ചെയ്തും ഡൗൺലോഡു ചെയ്തും ഗ്രൂപ്പുകളിലേക്കും സോഷ്യൽ നെറ്റുവർക്കുകളിലേക്കും നിരന്തരം ഇടപെ ടുകയും ചെയ്യുന്ന വെർചൽ സ്പെയ്സാണിത്. പത്രപാരായണമടക്ക മുള്ള വ്യത്യസ്ത മായ വായനാലോകത്തെയും കാഴ്ചകളുടെ മായിക വലയത്തെയും പരസ്പരം യോജിപ്പിച്ചും ഇടപെടുന്നതിനുള്ള അവ സരങ്ങൾ സൃഷ്ടിച്ചും കച്ചവടത്തിനും ഗതാഗതനിയന്ത്രണത്തിനുമട ക്കമുള്ള സംവിധാനങ്ങളോടെ സൈബർയുഗം സഞ്ചരിക്കുന്നു. മനു ഷ്യസാധ്യമായ എന്തിനെയും സൈബർലോകത്തേക്കു പറിച്ചുനടുന്ന തിനും അതിനു വെർചലായ ഒരു റിയാലിറ്റി കൂടി നല്കുന്നതിനും പുതിയകാലം സാക്ഷ്യം വഹിക്കുന്നു.

**സൈബർഇടത്തിന്റെ വ്യാപ്തി**

പരസ്പരം യോജിച്ചു പ്രവർത്തിക്കുന്ന കമ്പ്യൂട്ടർശൃംഖലയെ ഉപയോഗിച്ചു രൂപീകരിക്കുന്ന സമാന്തരലോകമെന്നു സൈബർസ്പെ യ്സിനെ വിളിക്കാം. ഭൗതികമായ ഇടപെടൽ സാധ്യമാവുന്നത് കമ്പ്യൂ ട്ടറിലൂടെ മാത്രമാണ്. ഇലക്ട്രോണിക് യുഗത്തിന്റെ വളർച്ചയോടെ മൊബൈൽ ഫോൺ, ലാപ്ടോപ്പ്, ടാബ്ലറ്റ്, നോട്ടുബുക്ക്, നെറ്റ്ബുക്ക്, ഇ-റീഡർ തുടങ്ങിയവയിലേക്കു കമ്പ്യൂട്ടറിന്റെ അടിസ്ഥാനരൂപം പരി വർത്തിപ്പിക്കപ്പെട്ടെങ്കിലും ആത്യന്തികമായി അവ കൈകാര്യം ചെയ്യു ന്നതു വെർചൽലോകത്തെത്തന്നെയാണ്. മനുഷ്യസാധ്യമായ എല്ലാ ത്തരം ജോലികളും വേഗതയിൽ തീർക്കുന്നതിനും വ്യത്യസ്ത വ്യക്തി

കളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ഏകോപിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമാണ് മുഖ്യമായും കമ്പ്യൂട്ടർ ഉപയോഗിച്ചിരുന്നത്. അതു പിന്നീട് സ്വയം ഒരു പ്രസ്ഥാനമായിത്തീരുകയും അതിലേക്കുള്ള മുഖ്യവിനിമയങ്ങളായി പല സങ്കല്പനങ്ങളും വികസിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ സൈബർസ്പേസ് ഉല്പാദിപ്പിക്കുന്നത് ആകാംക്ഷയോടെയുള്ള നോട്ടങ്ങളെയാണ്. എന്താണു പുതിയതായി ലഭ്യമാവുകയെന്നും മനുഷ്യസാധ്യമായവയ്ക്കപ്പുറത്തുള്ള എന്തിലേക്കാണു ഈ പുതിയ ഇടം നയിക്കുകയെന്നുമുള്ള ആകാംക്ഷ. മനുഷ്യചിന്തകളുടെ ഏകീകരണത്തിലൂടെ മാത്രം വികസിക്കുന്നവയാണിവയെങ്കിലും, അതല്ലെന്നുള്ള ബോധ(മിഥ്യാധാരണ)മാണ് ഇത്തരം ഒരു ആകാംക്ഷയുടെ ഉറവിടമായി നില്ക്കുന്നത്.

ഫേസ്ബുക്കിൽ പ്രചരിക്കപ്പെട്ട ഒരു പിക്ചർ സ്ലൈഡ് ഇവിടെ പ്രസക്തമാവുകയാണ്. ബെർണാഡ് ഷായുടെ വാക്കുകളാണത്. *നിങ്ങളുടെ കൈയിലുള്ള ഒരു ആപ്പിൾ നിങ്ങളുടെ സുഹൃത്തിന്റെ കൈയിലുള്ള ആപ്പിളുമായി കൈമാറ്റം ചെയ്യുമ്പോൾ രണ്ടുപേർക്കും ഓരോ ആപ്പിൾ മാത്രമാണു പിന്നെയുമുണ്ടാവുക. എന്നാൽ നിങ്ങളുടെ കൈയിലുള്ള ഒരു ഐഡിയ നിങ്ങളുടെ സുഹൃത്തുമായി കൈമാറ്റം ചെയ്യുമ്പോൾ രണ്ടുപേർക്കും രണ്ടു ഐഡിയ ലഭ്യമാകുന്നു.* വളരെ നല്ല ആശയം എന്ന ഉറപ്പിൽ ഇതു മറ്റൊരു സുഹൃത്തുമായി പങ്കുവെച്ചപ്പോൾ ഒരേ മൊബൈൽ നെറ്റുവർക്കിനകത്ത് എത്ര ഐഡിയ ഉണ്ടെങ്കിലെന്താ കാര്യം എന്നു മറുപടിയും കിട്ടി. മാത്രമല്ല, ബെർണാർഡ് ഷായുടേത് ആപ്പിൾ 4 ആണോ 5 ആണോ എന്ന സംശയവും ബാക്കിയായി. തമാശകൾ സൃഷ്ടിക്കുന്നതിന്റെ തോതിനും സാന്ദർഭികമായ കൂട്ടിക്കെട്ടലുകൾക്കും ഏറെ പ്രസക്തിയുണ്ടാവുകയാണ്. അതു മറ്റു പലതുമായും ലിങ്കുചെയ്യപ്പെടുന്നു. ഒരേസമയം തന്നെ വ്യത്യസ്തങ്ങളായ പല മാധ്യമസവിശേഷതകളെയും കൂട്ടിയോജിപ്പിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്നതിനുള്ള സൈബർസ്പെയ്സിന്റെ പ്രത്യേകതയാണിത്.

പരസ്പരപൂരകങ്ങളായ മാധ്യമസമീപനങ്ങളെ സംയോജിപ്പിക്കുന്നതിലൂടെ വൈയക്തികമായ ധാരണകളുടെ paradigm shift *(A paradigm shift could cause one to see the same information in an entirely different way.)* ആണു നടക്കുന്നത്. ഒരേ കാര്യത്തെത്തന്നെ മറ്റൊരു കോണിൽനിന്നു നോക്കുമ്പോൾ പുതിയരീതിയിൽ കാണാൻ കഴിയുന്നതുകൊണ്ട്, ആശയപരമായ മാറ്റങ്ങൾക്കപ്പുറത്തു നോട്ടത്തിന്റെ വൈയക്തികത പ്രസക്തമാകുന്നു. ഇതു നോട്ടക്കുറവും, നോട്ടക്കൂടുതലും മറ്റുമായി ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു.

**സെർച്ച് എഞ്ചിനുകൾ**

സെർച്ച് എഞ്ചിനുകളിൽ ഏറ്റവുമധികം ഹിറ്റുകൾ ഉണ്ടായ പോൺതാരത്തെ സൃഷ്ടിക്കാൻ സിനിമ ശ്രമിക്കുന്നത് അവരുടെ ചിത്രങ്ങൾക്കും വാർത്തകൾക്കും പരോക്ഷമായി സഹായിക്കാൻ സാധിക്കുമെന്നു തിരിച്ചറിഞ്ഞതുകൊണ്ടാവണം. കച്ചവടക്കണ്ണുകൾ വെർചൽ ലോകത്തെക്കൂടി ലക്ഷ്യംവയ്ക്കുകയും അതിനനുസൃതമായ പദപ്രയോഗങ്ങൾ സ്വാഭാവികമായി ഉണ്ടാവുകയും ചെയ്യുന്നു. ഇന്റർനെറ്റിലെ അസംഖ്യം പോൺസൈറ്റുകളുടെ പ്രചാരത്തോടെ രതിസിനിമകൾ ഇല്ലാതായതിനുശേഷം അതിന്റെ തിരിച്ചുവരവിനുള്ള ശ്രമമാണ് മറ്റൊരുതരത്തിൽ കണ്ടത്. മലയാളത്തിലിറങ്ങിയ ചില സിനിമകളും (രതിനിർവേദം) ഇതിനുദാഹരണമാണ്. ലൈംഗികതയ്ക്കു മാത്രം പ്രാധാന്യം നല്കുന്ന സൈറ്റുകളെക്കുറിച്ചുള്ള പരസ്യങ്ങൾ മൗസ് ക്ലിക്കുകൾക്കിടയിൽ പൊതുവെ തെന്നിയെത്തുകയാണു ചെയ്യുന്നത്. ചില അതിർവരമ്പുകളൊക്കെ സൂക്ഷിച്ചിരുന്നെങ്കിലും ചിലപ്പോഴെങ്കിലും അവ അനിവാര്യമാണെങ്കിലും ക്രമേണ ഇവയ്ക്ക് അംഗീകാരം ഉണ്ടാവുകയും വെബ്സൈറ്റുകൾ .com, .org, .co.uk മുതലായവ ഉപേക്ഷിച്ച് .xxx എന്നു തന്നെയാവുകയും ചെയ്തു. അതുപോലെ, ലൈംഗികതയ്ക്കുവേണ്ടി മാത്രമായി സെർച്ച് എഞ്ചിനുകൾ നിർമ്മിക്കപ്പെടുകയും വാർത്ത താഴെപ്പറയുന്ന രീതിയിൽ വരികയും ചെയ്യുന്നു.

*ന്യൂദൽഹി: ഇനി പോൺ എന്റർടെയ്ൻമെന്റിനായി ഗൂഗിളിലും മറ്റും സെർച്ചു ചെയ്തു കഷ്ടപ്പെടേണ്ട. പോൺ സെർച്ചിനു മാത്രമായി പുതിയ പോൺ സെർച്ച് എഞ്ചിൻ ലോഞ്ച് ചെയ്തിരിക്കുന്നു. XXX എന്നാണ് സെർച്ച് എഞ്ചിന്റെ പേര്. ... .... .... .... സെപ്റ്റംബർ അവസാനത്തോടെ ഇത്തരം ഒരു സെർച്ച് എഞ്ചിനുമായി എത്തുമെന്ന് ഐസിഎം രജിസ്ട്രി വൈസ് പ്രസിഡന്റ് സ്റ്റീവ് വിൻയാർഡ് നേരത്തേ പ്രസ്താവിച്ചിരുന്നു. എന്തായാലും പറഞ്ഞ വാക്കു പാലിച്ചിരിക്കുകയാണ് വൈസ് പ്രസിഡന്റ്. ഇനി സമയം കളയാതെ പുതിയ സെർച്ച് എഞ്ചിൻ ഉപയോഗിച്ചു നോക്കൂ. (ഡൂൾ ന്യൂസ്. കോം, സെപ്തം. 27, 2012)*

ഇത്തരമൊരു മാറ്റം മലയാളത്തിലുണ്ടാവില്ല എന്നു തോന്നേണ്ടതില്ല. പുലർമഞ്ഞിന്റെ തണുപ്പേറ്റു മുറ്റത്തുവീഴുന്ന പത്രത്താളുകളുടെ ഇന്റർനെറ്റു പതിപ്പുകളേക്കാൾ, ഇന്റർനെറ്റിൽ മാത്രമുള്ളതും നിരന്തരം അപ്ഡേറ്റു ചെയ്യപ്പെടുന്നതുമായ മലയാളപത്രങ്ങൾ നിരവധിയുണ്ട്. mflintmedia.com, doolnews.com, livevartha.com, webdunia.com മുതലായവ അവയിൽ ചിലതു മാത്രമാണ്. മലയാളത്തേയും മലയാളിയേയും സ്നേഹിക്കുകയും പരസ്യവിപണിയെ ലക്ഷ്യം വെയ്ക്കുകയും ചെയ്യുന്നവയാണിവയോരോന്നും. ഫേസ്ബുക്കിൽ ഒരു ലൈക്ക് നല്കി

യാലോ, ടിറ്ററിലോ, ബ്ലോഗുകളിലോ ഫോളോ ചെയ്യണമെന്നു സൂചന നല്കിയാലോ ഇവ "Share what's new/ What's on your mind" എന്ന തരത്തിലുള്ള ചോദ്യങ്ങളോടെ പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കും.

**ഹാഷ്ടാഗ് സംസ്കാരം**

തികച്ചും വെർച്വലായ ലോകം ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും മനുഷ്യന്റെ അടിസ്ഥാനസ്വഭാവത്തിനു മാറ്റങ്ങളൊന്നും തന്നെയില്ല. മതത്തിന്റെയും സംവരണത്തിന്റെയും പേരിലുള്ള സ്ഥിരം കാഴ്ചപ്പാടുകൾ ഒരുവശത്തും, ദാരിദ്ര്യത്തെയും സാമ്പത്തികഭദ്രതയെയും കുറിച്ചുള്ള വേവലാതികൾ മറുവശത്തും എന്ന നിലയിലാണ് ചർച്ചകൾ പലപ്പോഴും മുന്നോട്ടുപോകുന്നത്. ഇഷ്ടപ്പെടാത്തതിനെ ഏറ്റവും മോശമായതെന്നു കരുതുന്ന വാക്കുകൾകൊണ്ട് അഭിഷേകം ചെയ്യാൻ സൈബർതലമുറയും മടിക്കുന്നില്ല. സമൂഹത്തോടു നേരിട്ടു പറയാൻ മടിയുള്ള പലതും ചർച്ചാവേദികളിലൂടെ കടന്നുവരികയും ചില ഘട്ടത്തിൽ പലരും withdraw ചെയ്യുകയും ചെയ്യുന്നുണ്ട്. മതപരമായ കാഴ്ചപ്പാടുകളെ വിമർശിക്കുമ്പോഴും, തികഞ്ഞ അസഹിഷ്ണുതയോടെ പലതിനെയും പുച്ഛിക്കുന്നതായും പലതും സ്പാം എന്ന പേരിൽ റിപ്പോർട്ടു ചെയ്യപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്നത് സൈബർഇടങ്ങളിൽ പതിവായിട്ടുണ്ട്. ഇത്തരം ചർച്ചകളിലുപരി കാതലായ പലതും സൈബർവേദി അതിന്റെ സാംസ്കാരിക വീക്ഷണമെന്നും പ്രസ്ഥാനമെന്നും വിളിക്കേണ്ട രീതിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഭൗതികലോകത്തുനിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു ലോകമാണിതെങ്കിലും നിലവിലുള്ള മുഴുവൻ സങ്കല്പനങ്ങളെയും ഉൾക്കൊള്ളാൻ സൈബർഇടത്തിനു കഴിയുന്നുണ്ട്. വളരെയേറെ പ്രശ്നങ്ങളുണ്ടാക്കിയ പല വാർത്തകളും ഹാഷ്ടാഗുകൾ വഴിയാണ് കൂടുതൽ പേരിലെത്തിയിട്ടുള്ളത്. അവഗണിക്കാനാവാത്തവിധം ഹാഷ്ടാഗ് സംസ്കാരം ഭരണകൂടങ്ങളെവരെ കർമ്മനിരതരാക്കുകയും ചെയ്യുന്നു. കോളിളക്കമുണ്ടാക്കിയ പല കേസുകളും ഇക്കാലത്ത് നിർണ്ണായകമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നത് സാമൂഹ്യമാധ്യമങ്ങളിലെ ചർച്ചകളെ അടിസ്ഥാനമാക്കിയാണെന്നു കാണാം.

അച്ചടിമാധ്യമങ്ങളോ എഴുത്തുമാധ്യമങ്ങളോ മാത്രമല്ല, സൈബർമാധ്യമവും സൗന്ദര്യദർശനങ്ങളെ സ്വാധീനിക്കുന്നുണ്ട്. തികഞ്ഞ ഔചിത്യത്തോടെ ഓരോന്നിനെയും കാണാനും വിലയിരുത്താനും കഴിയേണ്ടതിന്റെ ആവശ്യകതയും വർദ്ധിച്ചിരിക്കുന്നു. സൗന്ദര്യശാസ്ത്രസങ്കേതങ്ങളിൽ വരേണ്ട മാറ്റങ്ങളെന്തെല്ലാമെന്ന് ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

**സീമാതീതയാഥാർത്ഥ്യമെന്ന വെർച്വൽറിയാലിറ്റി**

അറുപതുകളിലാണ് വെർച്വൽറിയാലിറ്റിയെക്കുറിച്ചുള്ള ചിന്തകളുണ്ടാകുന്നത്. മാസ്മരികമായ കാഴ്ചകളെ അടയാളപ്പെടുത്തുന്നതിനുള്ള ശ്രമമായിരുന്നു അത്. അപരിചിതവും അസാധാരണവുമായ എഴുത്തിനെയും ദൃശ്യങ്ങളെയും പ്രത്യക്ഷീകരിക്കുന്നതിനുള്ള ശ്രമവും. എങ്കിലും സംസ്കാരത്തെക്കുറിച്ചുള്ള വിശകലനങ്ങളിൽ സൈബർഇടങ്ങൾക്കു പ്രത്യേക സ്ഥാനം തന്നെയുണ്ട്. കാരണം, തികച്ചും അഭൗതികമായ ഒന്നിനെ ഭൗതികസാന്നിദ്ധ്യമായി അനുഭവിക്കുന്നതിനുള്ള കഴിവു പലപ്പോഴും അതീതയാഥാർത്ഥ്യങ്ങളായി കടന്നുവരികയും യാഥാർത്ഥ്യത്തേക്കാൾ വിശ്വസനീയതയുള്ള കാഴ്ചകളായിത്തീരുകയും ചെയ്യുന്നിടത്ത് അതിനു സ്വാധീനിക്കുകയും ഇടപെടുകയും ചെയ്യാൻ കഴിയുന്ന മേഖലയുടെ വ്യാപ്തി വർദ്ധിക്കുകയാണ്. കൃത്രിമമായ ലോകം രൂപപ്പെടുത്തുന്നവയെല്ലാംതന്നെ വ്യക്തിയുടേയോ സമൂഹത്തിന്റെയോ സ്വന്തമായിത്തീരുകയും വ്യത്യസ്തമായ ഒരു സ്ഥലിയെ അടയാളപ്പെടുത്തുകയും ചെയ്യും. ഇതൊരുപക്ഷേ, സാംസ്കാരികവ്യവഹാരത്തിൽ മുമ്പു പരിചയമില്ലാത്തതോ, മറ്റൊരു തരത്തിൽ ആഘോഷിക്കപ്പെട്ടതോ, മറ്റെന്തിന്റെയെങ്കിലും അനുകരണമോ ആയിരിക്കും. വിവാഹത്തോടോ ഗൃഹപ്രവേശത്തോടോ അനുബന്ധിച്ച് ഉയർത്തുന്ന ഫ്ളക്സ് ബോർഡുകൾ ഒരു സാധാരണ ഉദാഹരണമാണ്. നേരത്തേ നിലവിലില്ലാതിരുന്ന ഒരു സാംസ്കാരികവിശേഷത്തെ സ്വന്തമാക്കുകയും മറ്റു പലർക്കും പ്രേരണയാകുന്ന രീതിയിൽ സ്വീകരിക്കുകയുമാണിവിടെ. സിനിമയുടെ പോസ്റ്ററുകളെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വലുതും ചെറുതുമായ മനുഷ്യരൂപങ്ങളെ പ്രദർശിപ്പിക്കുന്നതിനുള്ള താല്പര്യമാണിത്. പരസ്യമാക്കുകയെന്നതിലുപരി, ഹോർഡിംഗിൽ പ്രത്യക്ഷപ്പെടാനും അതുവഴി സംതൃപ്തി നേടാനുമുള്ള താല്പര്യത്തെത്തന്നെയാണിതു കാണിക്കുന്നത്.

പല മേഖലയിലും ഡിജിറ്റലൈസേഷനും ഒപ്ടിക്കൽ വിപ്ലവങ്ങളും ഇടപെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ വിപുലനം തന്നെയാണ് സോഷ്യൽ വെബ്ബുകളിലും ബ്ലോഗുകളിലും ആക്ടീവാകുമ്പോൾ സംഭവിക്കുന്നതും. സമാന്തരമായ ഒരു സാംസാകാരിക ഭൂമിശാസ്ത്രമാണ് ഇവിടെ രൂപപ്പെടുന്നത്. എഴുത്തുലിപി മോഡേണാകുമ്പോൾ, നിറങ്ങൾ കൂടുതൽ തിളക്കമുള്ളതാകുമ്പോൾ, വസ്ത്രത്തിനനുസൃതമായ പശ്ചാത്തലം കൂട്ടിച്ചേർക്കപ്പെടുമ്പോൾ വ്യക്തി സ്വയം ഡിജിറ്റലാവുകയാണ്. സ്വയം അപരമായിത്തീരുകയാണ്. കമ്പ്യൂട്ടർനിർമ്മിത ലോകത്തെ സൃഷ്ടിയാവുകയാണ്. അതിന്റെ ഉദാഹരണങ്ങൾ സിനിമകളായി വരികയും അവിടെ ഇച്ഛയുടെ പൂർത്തീകരണമെന്നു ജാകിസ് ലകാൻ വിശേഷിപ്പിച്ച രൂപങ്ങളിലേക്കു സ്വയം പ്രേക്ഷകൻ പറിച്ചു

നടപ്പെടുകയും ചെയ്തു. യന്തിരൻ, രാ-വൺ, അവതാർ, വാർക്രാഫ്റ്റ്: ദ ബിഗിനിംഗ് മുതലായ സിനിമകൾ രൂപപ്പെടുത്തിയ അപരങ്ങൾ മനുഷ്യനെ ഡിജിറ്റൽ ലോകത്തേക്കു കൈപിടിച്ചെത്തിക്കുകയാണ്. ഹോളിവുഡ് സിനിമകളിൽ ചിത്രീകരിക്കപ്പെട്ട അസാധാരണജീവികളും ലോകവും സാങ്കേതികതയുടെ സൃഷ്ടികളായിരുന്നുവെങ്കിൽ ഡിജിറ്റലൈസ് ചെയ്യപ്പെട്ട മനുഷ്യസങ്കല്പങ്ങളെ പൂർത്തീകരിക്കുകയും മനുഷ്യനു വെർച്വൽലോകത്തു വിഹരിക്കുന്നതിനുള്ള താല്പര്യത്തെ അനുഭവിപ്പിക്കുകയുമാണ് ഇവ ചെയ്യുന്നത്.

സംസ്കാരമെന്നത് സമഗ്രമായ ജീവിതശൈലിയെ പ്രതിനിധീകരിക്കുന്നുവെന്നു റെയ്മണ്ട് വില്യംസ് അഭിപ്രായപ്പെടുന്നു. ജീവിതശൈലിയിൽ കാലികമായി വന്നുചേരുന്ന എല്ലാത്തരം മാറ്റങ്ങളെയും സംസ്കാരം ഉൾക്കൊള്ളുന്നുണ്ട്. ഉത്സവങ്ങൾ മികച്ച ഉദാഹരണമാണ്. സാങ്കേതികമായി വരുന്ന എല്ലാത്തരം മാറ്റങ്ങളെയും സ്വാംശീകരിക്കുവാനും അവതരിപ്പിക്കുവാനുമുള്ള ഒത്തുചേരലുകളാണ് ഉത്സവങ്ങൾ. അവ ഉത്സവപ്പറമ്പുകളെ വർണ്ണാഭമാക്കിത്തീർക്കുന്നതും ഓരോ ചടങ്ങുകൾക്കുമനുസൃതമായി പുതിയ സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതും വളരെ സൂക്ഷ്മതയോടെ നോക്കേണ്ടിയിരിക്കുന്നു. മാറ്റങ്ങളെ ഉൾക്കൊള്ളുകയും സാംസ്കാരികവിശേഷങ്ങളോടു കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിൽ ഉത്സവങ്ങൾക്ക് വലിയ പങ്കുണ്ട്. ആചാരവിശേഷങ്ങളോടും ഉത്സവാന്തരീക്ഷത്തിലെ കച്ചവടങ്ങളോടും ചേർന്ന് ഇതു വികസിക്കുന്നു. പൈതൃകമൂല്യമെന്ന് അവകാശപ്പെടുന്നവ പലതും ഓരോതരം കണ്ടുപിടുത്തങ്ങൾക്കുശേഷം കൂട്ടിച്ചേർക്കപ്പെട്ടവയും അവയുടെ തുടർച്ചകളുമാണ്. വെടിക്കെട്ടും സ്വർണ്ണാഭിഷിക്തമായ കിരീടവും വണ്ടിവേഷങ്ങളും ബാന്റുമേളവും മറ്റു താളവാദ്യങ്ങളും രാത്രിയിലെ നാടകവും മിമിക്രിയും ഗാനമേളയും എല്ലാംതന്നെ ഓരോരോ കാലഘട്ടങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ജീവിതശൈലിയിൽ വരുന്ന മാറ്റങ്ങൾ തന്നെയാണ് ഇവിടെയും പ്രസക്തമാവുന്നത്. അവ സംസ്കാരത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു.

**ഹൈപ്പർടെക്സ്റ്റുകൾ**

സൈബർമീഡിയയിൽ, ടെക്സ്റ്റ് എന്ന പദം ഹൈപ്പർടെക്സ്റ്റാകുന്നുണ്ട്. ഒരു ക്ലിക്കിലൂടെ തന്നിരിക്കുന്ന ടെക്സ്റ്റുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു ടെക്സ്റ്റിലേക്കെത്താൻ സാധിക്കും. ഐക്കണുകൾ ഉപയോഗിക്കുമ്പോഴും ഇതു തന്നെയാണു സംഭവിക്കുന്നത്. ഒരു ചിത്രത്തിൽ നിന്നു മറ്റൊന്നിലേക്കോ, പുതിയൊരു ദൃശ്യതലത്തിലേക്കോ, ടെക്സ്റ്റിലേക്കോ എത്തിക്കുവാൻ ക്ലിക്കുകൾക്കു സാധിക്കും. ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള ഈ യാത്രയെ സീമാതീതമായി നിർണയിക്കപ്പെട്ട (virtually determined) യാത്രയെന്നു വിളിക്കാം. അതു

മാർക്കറ്റ്, പൊതുസമൂഹം, വെർച്വൽസമൂഹം, വിവരക്കൈമാറ്റങ്ങൾ തുടങ്ങിയ പലതരം വിഷയങ്ങളുമായി ബന്ധപ്പെട്ടു വികസിക്കുന്നതും നൂതനമെന്നു തോന്നിക്കുന്നതോ, സ്വയം നവീകരിക്കപ്പെടുന്നതോ ആയ വസ്തുതകളെ ഉൾക്കൊള്ളുന്നതുമാണ്.

പൊതുസമൂഹമെന്ന ധാരയിലേക്കെത്തുമ്പോൾ, സാധ്യതകൾ കല്പിക്കുന്ന നന്മയും തിന്മയും എന്ന ദ്വന്ദ്വം സൈബർഇടത്തിലും പ്രസക്തമാണ്. സെർച്ച് എഞ്ചിനുകൾ തരംതിരിച്ചു കാണിക്കുന്ന സേഫ് സെർച്ച്, മോഡറേറ്റ് സെർച്ച്, സ്ട്രിക്റ്റ് മുതലായ തിരച്ചിൽ ഓപ്ഷനുകൾ നല്കുന്ന പാഠവും ഇതു തന്നെയാണ്. ലൈംഗികതയിലുപരിയായ ചില നിയമാവലികളെ അനുസരിക്കുന്നതിനു പ്രേരിപ്പിക്കുന്ന Terms & Conditions സമ്മതമെങ്കിൽ മാത്രമേ മുന്നോട്ടു പോകാൻ കഴിയൂ. അലക്ഷ്യമായ ഒരു ക്ലിക്കിലൂടെ സമ്മതം മൂളുന്ന ഇവ പലപ്പോഴും സാങ്കേതികമായ നൂലാമാലകൾക്കകത്തു സൃഷ്ടിച്ചെടുത്തവയായിരിക്കും. തികച്ചും അജ്ഞാതമായ Jurisdictions പാലിക്കുന്ന പലതിനെയും അംഗീകരിപ്പിക്കുന്നതിലൂടെ സൈബർ ലോകത്തെ പ്രവണതകളെക്കൂടി സ്വീകരിക്കുന്നതിനുള്ള പ്രേരണയാണ് കൃത്രിമമായി, മാനസികമായി സൃഷ്ടിക്കുന്നത്.  വീട്, സമൂഹം, മറ്റ് ഇടങ്ങൾ മുതലായവയെല്ലാം ഒരുലോകത്തേക്ക് ഒതുക്കിത്തീർക്കുകയും അവിടേയ്ക്കാവശ്യമായതെല്ലാം നിരന്തരം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നതിനുള്ള പ്രേരണ ചെലുത്തുകയുമാണ് യഥാർത്ഥത്തിൽ സൈബർലോകം ചെയ്യുന്നത്. മിഥ്യാരതികളുടെ മാസ്മരിക ലോകത്തെ സാമൂഹികാംഗീകാരത്തോടെ പ്രക്ഷേപണം ചെയ്യുന്നതിനുള്ള ഒരു ഭാവികാലത്തെ നോക്കിക്കാണാനും അത് ആസന്നമായതാണെന്നു ബോധ്യപ്പെടുത്താനും നേരത്തേ സൂചിപ്പിച്ച തരത്തിലുള്ള വാർത്തകൾക്ക് സാധിക്കും. അഥവാ അത്തരം വാർത്തകൾ ചില സൂചനകളാണ്.

സമയനിഷ്ഠ, സമയക്രമം എന്നിവ പാലിക്കുന്നതിനുള്ള ഉപാധികളായി കടന്നുവരുന്ന കമ്പ്യൂട്ടർ പോലുള്ള ഉപകരണങ്ങൾ അവയുടെ maintenanceനു വേണ്ടി ചിലവഴിപ്പിക്കുന്ന സമയം സാധാരണയിലും അധികമത്രേ. മാത്രമല്ല, ഫോണ്ടുകൾ മാറി മാറി പരീക്ഷിക്കുന്നതിനും പുതിയവയും പുതിയ രീതികളും ഉപയോഗിച്ചു നോക്കുന്നതിനും ഇവ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രേരണ സമയനിഷ്ഠയെക്കുറിച്ചുള്ള വേവലാതികളേക്കാൾ ഉപരിപ്ലവമായ കാഴ്ചകളുടെ ആനന്ദത്തെ സൂചിപ്പിക്കുകയാണു ചെയ്യുന്നത്.

**സൈബർകൂട്ടായ്മകൾ**

സോഷ്യൽ വെബ്സൈറ്റുകൾ സൃഷ്ടിക്കുന്ന കൃത്രിമ സാമൂഹികബോധം, അതിൽ ഇടപെടുന്നവരെ ഓരോരുത്തരേയും

അവരുടെ പങ്കാളിത്തത്തെക്കുറിച്ചു സ്വയം ബോധ്യപ്പെടുത്തുകയാണു ചെയ്യുന്നത്. നിയന്ത്രണങ്ങൾക്കുവിധേയമായ ഒരു പ്രവർത്തനമണ്ഡലത്തിൽ നിന്നുകൊണ്ടു സാധ്യമായവയെ മാത്രം ലക്ഷ്യം വെയ്ക്കുന്നവയാണിവ. കുടുംബവൃക്ഷം സൃഷ്ടിക്കുന്നതിനുള്ള വെബ് കമ്മ്യൂണിറ്റി (geni.com), സുഹൃത്തുക്കളെ മാത്രം കൂട്ടിച്ചേർക്കുന്നതിനുള്ളതും (facebook.com, googleplus.com, twitter.com, linkedIn.com, delicious.com, stumbleUpon.com, etc.) ഡേറ്റിംഗിന് ആളെ സംഘടിപ്പിക്കുന്നതിനും മറ്റുമായി പ്രവർത്തിക്കുന്ന സൈറ്റുകൾ എന്നിവ സാധാരണ സാമൂഹികസാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തുകയും വൈവാഹികബന്ധങ്ങൾക്കെന്നതുപോലെ വിവാഹേതരബന്ധങ്ങൾക്കും സാമൂഹികാംഗീകാരം നേടിക്കൊടുക്കുകയും ചെയ്യുന്നു. വിവാഹ മാർക്കറ്റിൽ matrimonial id കൈമാറ്റം ചെയ്യപ്പെടുകയും anything else? എന്ന ചോദ്യത്തോടെ മറ്റെല്ലാം അപ്രസക്തമാവുകയും ചെയ്യുന്നു. ചാറ്റിംഗിലൂടെ (Facebook Messenger, googletalk, skype, WhatsApp, etc) കണ്ടെത്തുന്ന മറുപാതിയെക്കുറിച്ചുള്ള വാർത്തകൾക്കു മാധ്യമങ്ങൾ പ്രാധാന്യം നല്കുന്നു. സൈബർലോകം സൈബർ യുഗമായി പരിവർത്തനം ചെയ്യുന്നതിന്റെ സാക്ഷ്യങ്ങളാണിവ. ക്രമേണ ഇവ വളരെ സാധാരണമായ സമ്പ്രദായങ്ങളായി മാറിത്തീരുകയും ചെയ്യും. റെയ്മണ്ട് വില്യംസ് വിഭാവനം ചെയ്ത സാംസ്കാരിക പരിപ്രേക്ഷ്യമാണിത്. ഇവിടെ സാധുവായിത്തീരുന്ന നൂതനസമ്പ്രദായങ്ങളൊന്നും മുമ്പില്ലാതിരുന്നവയല്ല, നേരത്തേയുണ്ടായിരുന്നവയുടെ പുതിയ രൂപം മാത്രമാണ്.

ആഗോളവ്യാപകമായ ഒരു ഇടത്തെ സൃഷ്ടിക്കുന്നതുകൊണ്ട് സങ്കുചിതമായ ദേശീയതകൾ അപ്രത്യക്ഷമാവുകയും മനുഷ്യനെന്ന ദേശീയതയിലേക്ക് സൈബർലോകം എത്തിച്ചേരുകയും ചെയ്യുമെന്നു കരുതേണ്ടതില്ല. കാരണം, ഓരോരുത്തരും ഭൗതികമായ അവരുടെ സ്വത്വത്തിലും ദേശീയതാസങ്കല്പങ്ങളിലും നിന്നുകൊണ്ടാണ് അയഥാർത്ഥമായ സൈബർദേശീയതയിലേക്കെത്തുന്നത്. ഈ സൈബർദേശീയതയാവട്ടെ പരസ്പരപൂരകമായി വർത്തിക്കുന്നതിനുള്ള ഇടത്തെ സൃഷ്ടിക്കുന്നത് ഭൗതികതലത്തിലെ ആശയസംഹിതകളെ അടിസ്ഥാനമാക്കിത്തന്നെയാണ്. ഏകാധിപതികളായ ഭരണാധികാരികൾക്കെതിരെ നടന്ന കലാപങ്ങൾക്കുപുറകിൽ സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കപ്പെട്ട ആശയതന്ത്രങ്ങളുമുണ്ടായിരുന്നുവെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഓരോ ഇടങ്ങളിലും ഒരാൾ പ്രകടിപ്പിക്കുന്ന വ്യക്തിത്വം ആപേക്ഷികമാണ്. സാമൂഹ്യസാഹചര്യങ്ങൾക്കനുസരിച്ച് ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ വ്യക്തിയിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. അതു

പോലെത്തന്നെ, സൈബർഇടങ്ങളിലും ഒരാൾ മറ്റൊരു വ്യക്തിത്വമായി പ്രത്യക്ഷപ്പെടുകയാണു ചെയ്യുന്നത്. വ്യത്യസ്തങ്ങളായ സൈബർ ഇടങ്ങളിൽ വിവിധ ലേബലുകളിൽ അറിയപ്പെടുന്നവരും ഏറെ. ഈ പരിണാമപ്രക്രിയ ഓരോ ഇടപെടലിലും സന്ദർശനത്തിലും ഉണ്ട്. കാലത്തെയും സ്ഥലത്തെയും അതിജീവിക്കുന്നതിനുള്ള മനുഷ്യന്റെ താല്പര്യം സൈബറിടങ്ങളെ സംബന്ധിച്ചും പ്രസക്തമാണ്. വ്യക്തിയെയും സമൂഹത്തെയും അഭിസംബോധന ചെയ്യുന്നതിലൂടെ സ്വയം സൃഷ്ടിക്കുന്ന ബിംബങ്ങളോടുള്ള താല്പര്യമാണ് പ്രകടമാവുന്നത്. നാർസിസിസത്തോടടുത്തു നിൽക്കുന്ന പ്രവണത തന്നെയാണിത്.

സ്വയം നവീകരിക്കപ്പെടുന്നു എന്ന തോന്നലുണ്ടാക്കുകയും അവയുടെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് വിപ്ലവങ്ങളെയും മറ്റും സ്വീകരിക്കുകയും, മറ്റൊരു ബാഹ്യഇടത്തെക്കൂടി അനിവാര്യമായും സ്വീകരിക്കേണ്ടതുണ്ടെന്നും കരുതുന്ന മനുഷ്യനെയാണ്, യുഗയുഗാന്തരങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യസംസ്കൃതിയുടെ പുതിയ അധ്യായത്തിലും കാണാനാവുക. പുതിയ കണ്ടെത്തലുകളെ നിലനിൽക്കുന്ന മനുഷ്യസാധാരണമായ പ്രവണതകളോടു കൂട്ടിച്ചേർക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ മാത്രമാണിവ. അത്തരമൊരു സാഹചര്യം മാത്രമാണ് സൈബർഇടം നൽകുന്നതും. ഈ സാഹചര്യം സാങ്കേതികമായ മറ്റൊരു അധികാരമായിത്തീരുന്നു.

ലിംഗപരമായ വ്യത്യാസങ്ങൾ, വംശീയതയുമായി ബന്ധപ്പെട്ട ധാരണകൾ, ലൈംഗികതയെ സംബന്ധിച്ച കാഴ്ചപ്പാടുകൾ എന്നിവ സൈബർഇടം ഇല്ലാതാക്കി ബൈനറിയുടെയും ടെറാബൈറ്റുകളുടെയും ലോകത്തേക്കു മനുഷ്യൻ എത്തിച്ചേരുമെന്ന പ്രതീക്ഷ, സ്വത്വത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ നഷ്ടപ്പെടുകയും ഏതുനിമിഷവും മറ്റൊരു രൂപത്തിലോ തരത്തിലോ വ്യക്തിസ്വത്വം അപമാനിക്കപ്പെടുമെന്നുള്ള ഭയം, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സൈബർ ഇടത്തിനു പ്രത്യേകിച്ചൊന്നും ചെയ്യാനില്ലെന്ന തിരിച്ചറിവിലേക്കാണ് പുതിയ നൂറ്റാണ്ടെത്തിച്ചേരുന്നത്. അതിസമ്പന്നരുടെയും അതീവ ദരിദ്രരുടെയും ഇടയിലുള്ള വിടവ് ഇല്ലാതെയാക്കുന്ന ലോകക്രമം പ്രദാനം ചെയ്യുന്നതിനു സൈബർഇടത്തിനു കഴിയില്ല. അത് പ്രാഥമികമായി, മിഥ്യാധാരണകളുടെയും അമിതപ്രതീക്ഷകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുന്ന സാംസ്കാരികാവബോധം മാത്രമാണ്. സംസ്കാരവിശേഷങ്ങളെയും ഇടപെടലുകളെയും പുതിയ രീതികളിലേക്ക് വിവർത്തനം ചെയ്യുകയും പുതുസമ്പ്രദായങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിലുപരി, വേഗതയുള്ള ഒരു ജീവിതക്രമത്തെ നിർമ്മിക്കുന്നതിനുള്ള സാങ്കേതികതയുടെ മറ്റൊരു ശ്രമം മാത്രമാണ് സൈബർഇടമെന്നു

പറയാം. അത്തരമൊരു സംസ്കാരവിശേഷത്തെയാണ് സൈബർ ലോകം സൃഷ്ടിക്കുന്നത്.

**ഗ്രന്ഥസൂചി**

1. Cyberprotest:New media, citizens and social movements-Google Books.
2. From the Zapatistas to Indymedia: Dialectics and orthodoxy in contemporary social movements, T Wolfson.
3. Cyber -movement, new social movements, and counter publics, C.H. Palczewski
4 History of emergence of online communities, Jenny Preece, Diane Maloney- Krichmar, Chadia Abras.

# സൈബർ ചാലുകളിലെ ആക്ടിവിസം

ഡോ. എം.ബി. മനോജ്

**1994**ലെ സപാറ്റിസ്താ (Zapatista Movement) മൂവ്മെന്റോടുകൂടിയാണ്[1] ഇന്റർനെറ്റിന്റെ പിൻബലത്തിൽ ആദ്യത്തെ ബഹുജന മുന്നേറ്റം നടക്കുകയും വിജയിക്കുകയും ചെയ്തത്. വേൾഡ് ട്രേഡ് ഓർഗനൈസേഷന്  എതിരെ നടന്ന പ്രക്ഷോഭമായിരുന്നു മറ്റൊന്ന്. നെറ്റ്‌വർക്കിംഗ് സംവിധാനങ്ങളുടെ സഹായത്തോടെ തുറന്ന ഒരു ചർച്ചയിലേയ്ക്ക് പ്രക്ഷോഭങ്ങൾക്കു വികസിക്കുവാൻ ഇക്കാലത്ത് കഴിഞ്ഞു. ഓൺലൈൻ സൈബർ ഇടത്തിന്റെ പിൻബലം ഇതോടെ രൂപപ്പെട്ടു. സമരങ്ങളും നഗരത്തിൽ തടിച്ചുകൂടിയവരെയും പലപ്പോഴും പോലീസിന് മർദ്ദിക്കാനായപ്പോൾ അതിനെ സൈബർ ഇടം നേരിട്ടത് പരിഹാസരൂപത്തിലുള്ള പദപ്രയോഗങ്ങൾ ഉപയോഗിച്ചുകൊണ്ടായിരുന്നു. 'സ്പൂഫ്സൈറ്റു'(Spoof site)കൾ ഉപയോഗിച്ചുകൊണ്ടും ഡബ്ല്യൂ.ടി.ഒയുടെ ഹോംപേജിനെ കളിയാക്കിക്കൊണ്ടുമൊക്കെയായിരുന്നു ഇത് നടന്നിരുന്നത്. ഗ്ലോബൽ ജസ്റ്റിസ് മൂവ്മെന്റ് എന്ന ഒരു വിശാല സമിതിയും ഇതിനെത്തുടർന്ന് രൂപംകൊള്ളുകയുണ്ടായി എന്നതും എടുത്തുപറയേണ്ടുന്ന സംഗതിയാണ്.

## മാറുന്ന സമരമുഖം

പൗരസമൂഹത്തിന് അവരുടെ പ്രശ്നങ്ങളെ അവതരിപ്പിക്കാനുള്ള ഒരു പുതിയ ഉപകരണം എന്ന നിലയിൽ ഇന്റർനെറ്റ് എന്ന മാധ്യമം മാറിത്തീരുകയായിരുന്നു. രണ്ടു തരത്തിലുള്ള കൂട്ടായ പ്രവർത്തനരീതികൾ ഇവിടെ നടക്കുന്നതു കാണാം. ഒന്നാമത്തേത് ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ തന്നെയും പൊതു ഇടത്ത് ഒത്തുകൂടിക്കൊണ്ട് പരമ്പരാഗത പ്രതിഷേധ പരിപാടികൾ ചെയ്യുന്നതാണ്. കേരളത്തിൽ 'ചുംബനസമരം' (2015) തുടങ്ങിയവയെ ഈയർത്ഥത്തിൽ കാണാവുന്ന

താണ്. മറ്റൊന്ന് ഇന്റർനെറ്റിലൂടെത്തന്നെയും പുതിയ സമരപരിപാടികൾ ആവിഷ്കരിക്കുന്ന രീതികളായിരുന്നു. വെർച്ചൽ ഇടങ്ങളെ തകിടം മറിക്കുന്നതരം പ്രവർത്തനങ്ങളായിരുന്നു അവയിൽ പലതും. വെർച്ചൽ സൈറ്റുകളെ ഹാക്കു ചെയ്തുകൊണ്ടും വിശദവും കൂട്ടവുമായ കമന്റുകൾ കൊണ്ടും ലൈക്കുകൾകൊണ്ടും അത് പുതിയ ഒരു സമര ഇടം നിർമ്മിച്ചെടുത്തു.

വ്യത്യസ്ത സ്വഭാവത്തിലുള്ള ആളുകൾക്ക് ഇതിന്റെ വൈവിധ്യങ്ങളിൽ ഊന്നുവാൻ കഴിയുമ്പോൾത്തന്നെയും ഒന്നായതും ഏകീകൃതമായതുമായ ഒരു പ്രതിഷേധരൂപം ഇതിലൂടെ നിർമ്മിച്ചെടുക്കാൻ കൂടി ഇവർക്കു സാധിക്കുന്നു. എന്നാൽ ഇത്തരം നിർമ്മിക്കലിന് പഴയതിനു സമാനമായ ചില പകരരൂപങ്ങൾമാത്രമാണുള്ളത് എന്നു വിലയിരുത്തുന്നവരുണ്ട്. പഴയ രൂപത്തിൽ കണ്ടുവരുന്ന വോട്ടിംഗ്, അംഗത്വമെടുക്കൽ, ലോബിയിംഗ് തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. എന്നാൽ അത്തരം പ്രവർത്തനങ്ങൾ അതിന്റെ അതിർത്തിയും കടന്ന് ഹൈജാക്കിംഗ്, ടെററിസം, ഗറില്ലയുദ്ധരീതികൾ എന്നിവയിലേക്കും മാറിത്തീരുന്നുണ്ട്. യൂറോപ്പിൽ 1960-കളോടുകൂടി തെരുവുസമരരൂപങ്ങൾ (Street demonstration) രൂപപ്പെടുകയും അതിന് സമൂഹത്തിൽ സ്വാഭാവികമായ അംഗീകാരം നേടിയെടുക്കാൻ കഴിയുകയും ചെയ്തു. 'ആക്ടീവിസം' എന്ന പ്രവർത്തനം മറ്റൊരർത്ഥത്തിൽ സൈബറിലേയ്ക്ക് എത്തുമ്പോൾ 'ഹാക്ടീവിസം' (hacktivism)[2] ആയിത്തീരുന്നു എന്ന് ചിലർ നിരീക്ഷിക്കുന്നു.

പലപ്പോഴും സമൂഹത്തിൽ സമരോത്സുകതയ്ക്കു തന്നെയും പല സ്വഭാവങ്ങൾ ഉണ്ടാകാറുണ്ട്. നിയമപരമായതും അല്ലാത്തതും എന്ന് അതിനെ വിളിക്കുന്നുണ്ടല്ലൊ. സാഹിത്യസൃഷ്ടികളുടെയും ചിന്തകരുടെയും പിൻബലവും മറ്റും ഉൾക്കൊള്ളുന്നത് അതിന്റെ നിയമസ്വഭാവത്തെ വെളിപ്പെടുത്തുന്നു.

**ഇ-മാധ്യമങ്ങളുടെ സാധ്യത**

1990-കളോടുകൂടിയാണ് സ്വകാര്യസ്വഭാവം ഉണ്ടായിരുന്ന നവമാധ്യമങ്ങൾക്ക് പൊതുജനങ്ങൾക്കിടയിലേക്ക് ഇറങ്ങിവരുന്നതിനു സാധ്യമാകും വിധത്തിൽ വികാസം സംഭവിച്ചത് ഇന്ത്യയിൽ ഇത് സംജാതമാകുവാൻ കുറേക്കൂടിയും വൈകിയിരുന്നു എന്നു കാണാം. ഒരു പക്ഷേ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിൽ ആകാത്ത കാലം കൂടിയായിരുന്നു അത്. സംഗീതവും സിനിമയും കൂടുതൽ പ്രചരിക്കുംവിധത്തിലായിരുന്നു ഇന്റർനെറ്റിന്റെ തന്നെയും ആദ്യകാലത്തെ പ്രവർത്തനരീതി.

അടുത്തഘട്ടത്തിൽ പ്രത്യേകിച്ചും സിലിക്കൽ വാലി (Silicon Valley) യെ കേന്ദ്രീകരിച്ച് ഒരുവൻവ്യവസായ ശൃംഖലയായി കമ്പ്യൂട്ടർ വ്യവസായം വളർന്നപ്പോൾ അതിന് പഴയ രൂപത്തിൽ നിന്നും മാറി ത്തീർന്നുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് സാക്ഷിയാകേണ്ടി വന്നു. 'ഗീക്ക്' (Geek) എന്നും 'ടെക്കീസ്' (techies) എന്നുവിളിക്കുന്ന ഈ പുതുതലമുറ ഇന്റർനെറ്റിനെയും, വേൾഡ് വൈഡ് വെബ്നെയും വികസിപ്പിച്ചു. അതോടൊപ്പം വ്യക്തികേന്ദ്രിത ടെക്കികൾ, ഹാക്കേഴ്സ്, വിദ്യാർത്ഥികൾ, സാമൂഹ്യസ്വഭാവത്തിലുള്ള ഉപഭോക്താക്കൾ തുട ങ്ങിയവരും രൂപപ്പെട്ടുവന്നു. ഈ തരത്തിലുള്ള കൂട്ടങ്ങളും, വ്യക്തികളും, സജീവമാകുന്നത് തൊണ്ണൂറോടുകൂടിയാണ്. ഇവർ ഉപയോഗിച്ചുവന്നി രുന്ന സോഫ്റ്റുവയറുകളുടെ രീതിയും വ്യത്യസ്ഥമായിരുന്നു. ഗവൺ മെന്റ് സോഫ്റ്റുവയറുകൾ ഉപയോഗിക്കുന്നവരും, കോർപ്പറേറ്റുകളോടു സഹകരിക്കുന്നവരും, ഹാക്ക് ചെയ്ത് എടുക്കുന്നവരും ഇതിൽപ്പെടു ന്നുണ്ട്.

ജനാധിപത്യ സമീപനത്തിലായിത്തീരണം ഇ-മാധ്യമം എന്നും മറിച്ച് കോർപറേറ്റ് രൂപത്തിലായാലും കുഴപ്പമില്ല എന്നു കരുതുന്ന വരുമായ രണ്ടു തരം നിലപാടുകളെയും നമുക്കിവിടെ കാണാം. അറിവ് സ്വതന്ത്രമാകണം (Information is free) എന്ന ആശയമായിരുന്നു പൊതുവെ ഉയർന്നുവന്നത്. നെറ്റ്വർക്കുകളെയും അതിന്റെ പ്രവർത്ത നങ്ങളെയും കോർപ്പറേറ്റുകൾക്ക് കൊടുക്കരുത് എന്നു വാദിക്കുന്ന സമൂഹങ്ങൾ എഴുപതുകളിൽത്തന്നെ വികസിച്ചുവന്നിരുന്നു. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ ഇൻഫോർമേഷൻ ടെക്നോളജിയുടെ വിതരണം ആയിരുന്നു ഇവരുടെ ലക്ഷ്യം. ബർക്കിലി കമ്മ്യൂണിറ്റി മെമ്മറി (Berkeley Community Memory)[3] ഇതിന് ഉദാഹരണമാണ്. ചിക്കാഗോഗ്രൂപ്പ് ഇത്തരത്തിലുള്ള മറ്റൊന്നാണ്. ബുള്ളറ്റിൻ ബോർഡ് സിസ്റ്റം (BBS) ഇവർ നിർമ്മിച്ചതാണ്. മൂവ്മെന്റ് കമ്മ്യൂണിറ്റി നെറ്റ് എന്ന ആശയം ഇവർ പ്രാവർത്തികമാക്കി.

ഇവയെത്തുടർന്ന് വിവിധരൂപത്തിലുള്ള നെറ്റുവർക്കിംഗ് ശൃംഖ ലകളുടെ വികാസവും രൂപംകൊള്ളുകയുണ്ടായി. ജിയോനെറ്റ് (Geonet), വർക്ക് നെറ്റ് (Worknet), ഫിഡോനെറ്റ് (Fidonet), ഇക്കോനെറ്റ് (Econet), ഗ്രീൻനെറ്റ് (Green net), ലേബർ നെറ്റ് (Labornet), പീസ്നെറ്റ് (Peace net) തുടങ്ങിയ പല നെറ്റുവർക്കിംഗ് സംവിധാനങ്ങളും തൊഴിലാളികൾ, പരിസ്ഥിതി പ്രവർത്തനം, സമാധാന പ്രവർത്തനം, സ്ത്രീസുരക്ഷ തുടങ്ങിയ പല പ്രവർത്തനങ്ങൾക്കും ശ്രമിച്ചു. അസോസിയേഷൻ ഓഫ് പ്രോഗ്രസീസ് കമ്മ്യൂണിക്കേഷൻ (APC)എന്ന ഒരു വിപുലീക രിച്ച ശൃഖല 1990ഓടെ സാധ്യമായി. തുടർന്ന് ഗ്ലോബൽ നെറ്റുവർക്കി ലേക്ക് ഇത് അതിന്റെ സേവനം നിർവ്വഹിക്കുകയും ചെയ്തു.

പല എൻ. ജി.ഒ സംഘടനകളും ഇതേത്തുടർന്ന് സാമൂഹിക മുന്നേറ്റത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതു കാണാം. ചെറുകിട കർഷകർ, സ്ത്രീകൾ, തദ്ദേശവാസികൾ, ട്രേഡ് യൂണിയനുകൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർക്കൊക്കെയും നൽകിയ ഇത്തരം സൗജന്യ നെറ്റുവർക്കിംഗ് സംവിധാനങ്ങളാണ് പിന്നീട് ഐ.എം.എഫ് ലോകബാങ്ക് വിരുദ്ധപ്രക്ഷോഭങ്ങൾക്ക് കൂടുതൽ പിന്തുണ ലഭിക്കുവാൻ സഹായകമായത്.

**സൈബർലോകത്തെ പ്രക്ഷോഭസമൂഹം**

ചില നിരീക്ഷകർ പറയുന്നത് ഇന്റർനെറ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള സമൂഹത്തിന്റെ പുതുചലനങ്ങൾക്ക് പുതിയ പ്രായോഗിക സമീപനം തന്നെയും വേണ്ടിവരും എന്നാണ്. കാരണം ഇതുവരെപരിചിതമായ രീതിയിലും സമീപനത്തിൽ നിന്നും അതിന് വേറിട്ട വഴികളുണ്ട് എന്നതാണ്. സൈബർ മൂവ്മെന്റുകളും സ്റ്റേറ്റും തമ്മിലുള്ള സമീപനത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. ഒരർത്ഥത്തിൽ ഒരു വിരുദ്ധ സമൂഹം കൗണ്ടർ പബ്ലിക് (Counter Public) സൈബർ ലോകത്ത് രൂപംകൊള്ളുന്നുണ്ട്. സൈബർ ലോകത്തിലെ പ്രക്ഷോഭസമൂഹം ഒരുപക്ഷെ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായിരിക്കുകയും പങ്കെടുക്കാതിരിക്കുകയും ചെയ്ത ഒന്നാംഘട്ടം അവസാനിക്കുകയും തുടർന്ന് അടിത്തട്ടിലേയ്ക്ക് വ്യാപിക്കുകയും ചെയ്യുന്ന നെറ്റുവർക്കിംഗ് സംവിധാനങ്ങൾ രണ്ടാം ഘട്ടത്തിൽ ആരംഭിക്കുകയും ചെയ്തു. ലോകത്തെല്ലായിടത്തും ഇതു സാധ്യമായി. ചെറിയ വിഷയ സംഘങ്ങൾ (Single issue groups), അതിന്റെ തുടർച്ചകളുള്ള വിപുല സമിതികൾ (adhoc committees), വിവരണകൂട്ടായ്മകൾ (describing net), തുടങ്ങിയവയിലേയ്ക്ക് ഇലക്ട്രോണിക് ജീവിതം മാറിത്തീർന്നു.

പണവും സമയവും ചെലവാക്കാതെ തന്നെ, കൂടുതൽ അയവാർന്നതും എപ്പോളും സമീപിക്കാവുന്നതുമായ ഒരു സാധ്യതകൂടിയായിത്തീർന്നു ഇ-മാധ്യമങ്ങളുടേത്. അതിനനുസരിച്ച് ടെക്നോളജിയും വികസിച്ചുകൊണ്ടിരുന്നു. ഇത്തരം ശ്രമങ്ങൾക്കുമുമ്പുള്ള ആക്ടീവിസത്തിന് ഒരർത്ഥത്തിൽ ആക്ടീവിസ്റ്റ് ഒയാസിസ് (Activist's Oasis)[4] സംഭവിച്ചിരുന്നു.

ഇലക്ട്രോണിക്സ് ആക്ടീവിസം വരുന്നതോടുകൂടി ഇതിനു മാറ്റം വരുന്നുണ്ട്. ഒരു സ്റ്റേറ്റിൽ നിന്നും മറ്റൊന്നിലേയ്ക്ക് ഇതിന് പ്രചരണം എത്തിക്കാൻ കഴിയുമെന്നായി. ഇന്ത്യയിൽത്തന്നെയും ജെ.എൻ.യുവിലെ വിദ്യാർത്ഥികളുടെ അറസ്റ്റുമായി ബന്ധപ്പെട്ട സംഭവത്തിൽ (2016ൽ) ലോകത്തിലെ മുഴുവൻ അക്കാദമിക് സമൂഹത്തിന്റെയും പ്രതികരണവും മറ്റും ഉണ്ടാകുന്നത് ഈ അർത്ഥത്തിൽ അതിന്റെ വേഗത

യെക്കാണിക്കുന്നു. ദേശീയവും പ്രാദേശികവുമായ മാധ്യമങ്ങൾ, ഇ-മെയിൽ അംഗങ്ങളുടെ സമ്മേളനങ്ങൾ, അധികാരനിയമ സംവിധാനങ്ങൾ എന്നിവയിലേയ്ക്കും ഇതിന് പെട്ടെന്ന് അതിന്റെ ആശയങ്ങളെ എത്തിക്കാനാവുന്നു. പാരമ്പര്യമായി നടന്നുവന്നിരുന്ന രാഷ്ട്രീയ സമീപനത്തിൽ നിന്നും മാറിയ രീതിയാണ് ഇതിന്റേത്. ഒരർത്ഥത്തിൽ ഇത് പൗരജനതയുടെ ഇടപെടലുകളാണ്. അതുപോലെ വെർച്വൽ സമൂഹത്തിന്റേതായ ഒരു പ്രവർത്തന മണ്ഡലവും അതിലുണ്ട്. അത് ഇതുവരെ നമുക്ക് പരിചിതമായിരുന്ന പൊതു ഇടവുമായി കണ്ടു പരിചയിച്ച ഒന്നാകുന്നില്ല എന്നതും പ്രത്യേകതയുള്ളതാണ്.

**സൈബർപൊതുമണ്ഡലത്തിന്റെ പ്രസക്തി**

ഇന്റർനെറ്റ് സമൂഹം നിർമ്മിക്കുന്ന പൊതുവിടത്തിന്റേത് മറ്റൊരു തരത്തിലുള്ള വ്യാപ്തിയാണ് നിർമ്മിക്കുന്നത്. അതിന്റെ സങ്കല്പനങ്ങൾ പ്രാദേശികകൂടിച്ചേരലുകൾക്ക് അപ്പുറമുള്ളതാണ്. പല ദേശങ്ങളിലുള്ളവർ, സംസ്ഥാനങ്ങളിലുള്ളവർ, സിറ്റികളിലുള്ളവർ, പല രാജ്യങ്ങളിൽ നിന്നുപോലും ഉൾപ്പെടുന്നവരാവാം ഇതിലെ പൊതു സമൂഹം. അതുകൊണ്ടുതന്നെ ദേശരാഷ്ട്രത്തിന്റെ അതിർത്തികളെത്തന്നെയും ലംഘിക്കുന്നുണ്ട് സൈബർ പൊതുസമൂഹം. ദേശത്തിന്റെ അതിർത്തികൾ ഇഷ്ടപ്പെട്ടാത്ത ഒരു സങ്കല്പദേശത്തിലേയ്ക്കും സൈബർ സമൂഹങ്ങൾ മാറിത്തീരുന്നുണ്ട്.

1980കളോടെ കമ്പ്യൂട്ടർ സംവിധാനങ്ങളിൽ ഗ്രാഫിക്കൽ യൂസറുകൾ ലഭിച്ചുതുടങ്ങി. ബുള്ളറ്റിൻ ബോർഡുകൾകൂടിവരുന്നതോടെ ഇത് ഒന്നുകൂടി ഊർജ്ജസ്വലമായി. യൂസർനെറ്റ് ന്യൂസുകളും (Usenet News) ബുള്ളറ്റിൻ ബോർഡുകളും ആളുകളിൽ ആകർഷകത്വം നൽകി. ഇ-മെയിൽ, ലിസ്റ്റ് സെർവർ, എന്നിവയും മെസേജുകളുടെ കൊടുക്കൽ വാങ്ങലിന് ആക്കം കൂട്ടി. 1988 ൽ ഇന്റർനെറ്റ് റിലേചാറ്റ് (IRC) നിലവിൽവന്നു. റ്റിം ബെർണേർസ്‌ലീ (Tim Berners- Lee)യുടെ മുൻകയ്യിൽ 1991 ലാണ് വേൾഡ്-വൈഡ് വെബ് (www) രൂപംകൊള്ളുന്നത്. ഇന്റർനെറ്റ് ടെലഫോൺ, സ്ട്രീമിംഗ് വീഡിയോ (Streaming video), ഫോട്ടോഗ്രാഫ്, ശബ്ദം, വെബ്ക്യാം, ബ്ലോഗ്, വിക്കി എന്നിങ്ങനെ ഉൾപ്പെടുന്ന ഹൈപ്പർ ടെക്സ്റ്റ് പേജുകൾ രൂപപ്പെടുകയായിരുന്നു.[5] 2001ൽ അമേരിക്കയിൽ 84% പേർ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരായി മാറിത്തീർന്നിരുന്നു.

2002ലെ ഐ.എം.എഫ്, ഡബ്ലിയു.ടി.ഒയ്ക്ക് എതിരെയുള്ള പ്രക്ഷോഭത്തെ ഒരു സ്വതന്ത്ര ഓൺലൈൻ മാധ്യമം ആയ ഇൻഡെമീഡിയ (Indymedia) പ്രചരിപ്പിക്കുകയുണ്ടായി. പൗരസമൂഹത്തിലേയ്ക്ക് ഇന്റർനെറ്റ് ഇറങ്ങിവരുന്നതിന്റെ ഒരു ഘട്ടം ആയിരുന്നു ഇത്. 2003 ലെ

ഇറാഖ് യുദ്ധകാലത്ത് ജർമ്മനിയും യു.കെയും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും യുദ്ധവിരുദ്ധ ഐക്യനിരകെട്ടിപ്പെടുക്കുന്നതിന് ഇന്റർനെറ്റിന് സാധിക്കുകയുണ്ടായി.

ഗ്ലോബൽ ഡേ ഓഫ് ആക്ഷൻ എന്നപേരിൽ പരിസ്ഥിതി സംരക്ഷണത്തിനും, കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തം ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ഒരു വലിയ ചർച്ച വികസിപ്പിക്കാനും (2004–ൽ) കഴിഞ്ഞു. ഗ്ലോക്കലൈസേഷൻ (Glocalisation) എന്നുവിളിക്കുന്ന ആശയം ഒരർത്ഥത്തിൽ ഈ ഘട്ടത്തിൽ സംജാതമാവുകയായിരുന്നു.

**മാറുന്ന ജനകീയകൂട്ടായ്മകൾ**

ആഗോള നീതി-നിർവഹണ ആശയത്തിന് (Global Justice Movement) ഈ വിനിമയ ഉപാധി ഏറെ സഹായിച്ചു. വേൾഡ് സോഷ്യൽ ഫോറം (WSF) അന്തർദേശീയ നിലയിലും യൂറോപ്യൻ സോഷ്യൽ ഫോറം ദേശീയമായും കൂടുതൽ സജീവമായത് ഇ–മാധ്യമത്തിന്റെ സഹായത്തോടെയാണ്. മാത്രവുമല്ല സമരങ്ങളുടെ സ്വഭാവം എത്തരത്തിലായിരിക്കണമെന്നും, എവിടെയൊക്കെയായിരിക്കണമെന്നും പോലീസിന്റെയും മറ്റും പ്രതിരോധത്തെ നേരിടാനുള്ള വഴികൾ എന്തൊക്കെയായിരിക്കണമെന്നും അടക്കമുള്ള മുഴുവൻ കാര്യങ്ങളും ഏറ്റവും പുതിയ സമയത്ത് അപ്പപ്പോൾ പ്രചരിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞു. പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ലിസ്റ്റുകളടക്കമുള്ളവ ശേഖരിക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷനിലൂടെ കഴിയുന്നു. 2001ൽ ജനീവയിൽ നടന്ന ജി.എട്ട് (G8) മീറ്റിങ്ങിനെതിരെയുള്ള പ്രതിഷേധത്തിൽ പ്രതിഷേധക്കാർ എവിടെയൊക്കെയാണ് എത്തിച്ചേരേണ്ടത് എന്നുള്ള സിറ്റിമാപ്പ് സഹിതം പ്രചരിച്ചിരുന്നു.

രഹസ്യസ്വഭാവത്തോടെയുള്ള ഇത്തരം നീക്കങ്ങൾക്ക് ഇ–മീഡിയയുടെ സഹായം ഉറപ്പിച്ച മറ്റൊരു ഉദാഹരണം ഹാർവാർഡ് സർവ്വകലാശാലയിലെ പ്രോഗ്രസീവ് സ്റ്റുഡന്റ്സ് ലേബർ മൂവ്മെന്റിന്റേതാണ് (PSLM). സെക്യൂരിറ്റി ജീവനക്കാർക്കും, സാനിട്ടറിതൊഴിലാളികൾക്കും, ക്ലീനിംഗ് തൊഴിലിൽ ഏർപ്പെടുന്നവർക്കും കൂടുതൽ വേതനം നൽകണം എന്നതായിരുന്നു സമരത്തിന്റെ ഉദ്ദേശ്യം. 2001 ൽ പ്രക്ഷോഭകാരികൾ സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റ് ബ്ലോക്കുകൾ പലയിടങ്ങളിലായി സ്തംഭിപ്പിച്ചു. ഇന്റർനെറ്റിലൂടെ ഓരോ ഗ്രൂപ്പുകളും തമ്മിൽ പരസ്പരം ആശയം കൈമാറിക്കൊണ്ടിരുന്നു. വെർച്വൽ കുത്തിയിരുപ്പ് നടത്തിയ ഇവർ മറ്റൊരു രീതിയിൽ യഥാർത്ഥ സമരക്കളത്തിൽ കുത്തിയിരിക്കുകകൂടിയായിരുന്നു എന്ന തിരിച്ചുവായനയാണ് സംഭവിച്ചത് എന്ന് വിലയിരുത്തപ്പെടുന്നു. മാത്രവുമല്ല കുത്തിയിരുപ്പുസമരങ്ങൾ, പിടിച്ചെടുക്കൽ സമരങ്ങൾ (Sit-in/Occupation)

എന്ന ഒരു പ്രയോഗം വ്യാപകമാകുന്നതും ഇതോടുകൂടിയാണ്. ഓൺ ലൈൻ പരാതിസമർപ്പണം (Online petition) ഇ-മെയിൽ ബോംബ്, വെർച്ചൽ കുത്തിയിരുപ്പ് (E-sit-in) തുടങ്ങിയ സമരരീതികൾ ആരംഭി ച്ചതും ഈ ഘട്ടത്തോടെയാണെന്നു കാണാം. 2006ൽ യൂണിയൻ ഫ്രഞ്ച് വൈൻ കർഷകർ അവരുടെ തോട്ടത്തിനെ പിളർന്നുകൊണ്ടുവരുന്ന നാഷണൽ ഹൈവേയ്ക്ക് എതിരെ ഒരു ഓൺലൈൻ പരാതി (Online Petition) സമർപ്പിക്കുകയുണ്ടായി. വളരെ പെട്ടെന്നു തന്നെ പലമാധ്യ മങ്ങളും അതിൽ ഇടപെട്ടു. പ്രശ്നത്തിൽ പരിഹാരം കണ്ടെത്താൻ കഴിയുകയും ചെയ്തു.

ഗ്ലോബൽ ജസ്റ്റിസ് പ്രവർത്തകരായ ഡെല്ലാ പോർട്ടാ (Della Porta)യും മോസ്ക(Mosca)യും ചേർന്ന് 2005ൽ ഓൺലൈൻ ഇ-മെയിൽ പെറ്റിഷൻ എന്ന ഒരാശയത്തിനു തുടക്കമിട്ടു. ഇത്തരം പരാതികൾ കേൾക്കുന്നതിനും കാണുന്നതിനും മനസിലാക്കുന്നതിനു മായി നിരവധി സൈറ്റുകൾ തുടർന്നു രൂപംകൊള്ളുകയുണ്ടായി. ഐ പെറ്റിഷൻ ഡോട്ട്കോം (Ipetition.com), ദ പെറ്റീഷൻ സൈറ്റ് ഡോട്ട് കോം (The petitionsite.come ) മൂവ് ഓൺ ഡോട്ട് ഓർഗ് (Move on.org) തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ഇറാഖ് യുദ്ധവുമായി ബന്ധ പ്പെട്ട് ബിൽ ക്ലിന്റൺ ഇംപീച്ച്മെന്റ് നേരിട്ട സംഭവങ്ങൾ ഇ-പെറ്റീഷന്റെ രൂപത്തിൽ തുടക്കം കുറിച്ച പരാതികളായിരുന്നു. പിന്നീട് ഫേസ് ബുക്ക് (Face Book) സജീവമായപ്പോൾ ഇത്തരം ചലനങ്ങൾ അതിലേയ്ക്കു കൂടി വ്യാപിക്കുന്നതു കാണാം.

കൊളമ്പിയൻ പ്രസിഡന്റ് ഹ്യൂവോചാവേസ് യൂറോപ്യൻ യൂണിയ നോട് (FARC) കൊളമ്പിയയെ ഭീകര സംഘടനയായി കാണരുത് എന്ന് ആവശ്യപ്പെടുകയുണ്ടായി. ഏതാനും മണിക്കൂകൾക്കകം ഹ്യൂവോ ചാവേസിന്റെ അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് ഒരു ഫേസ്ബുക്ക് കൂട്ടായ്മ രൂപപ്പെടുകയും 2008 ഫെബ്രുവരി 4ന് നാലുമി ല്യൺ ജനങ്ങൾ കൊളമ്പിയയിൽ തടിച്ചുകൂടുകയും ചെയ്തു.

അതുപോലെ ഒന്നാണ് ഇ-മെയിൽ ബോംബ്. ലക്ഷക്കണക്കിനു പരാതികൾ ഒന്നിച്ച് അയച്ചുകൊണ്ട് വെബ് സൈറ്റിന്റെ പ്രവർത്തനത്തെ ജാമാക്കുകയൊ, വൈറസുകളുപയോഗിച്ച് സൈറ്റ് നശിപ്പിക്കുന്നതും ഹാക്ടീവിസ്റ്റ് (hacktivist) രീതികളാണ്. ഇവയൊക്കെ ഉൾപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങളിൽ ബർമ സ്വതന്ത്ര (Free Burma)[6] പ്രക്ഷോഭം ചർച്ചചെയ്യപ്പെടുന്ന ഒരു ഉദാഹരണമായിത്തീർന്നിട്ടുണ്ട്.

**സൈബർആക്ടിവിസവും ബഹുസ്വരതയും**

2010-11 ലെ അറബ് വസന്തത്തിലും (Arab Spring) നവമാധ്യമ ങ്ങളുടെ സ്വാധീനം കാണുവാൻ കഴിയും. സാറ്റലൈറ്റ് ടെലിവിഷൻ

(Satellite Television) സെൽഫോൺ (Cell Phones) സോഷ്യൽനെറ്റു വർക്കിംഗ് (Social networking) വീഡിയോ ബ്ലോഗിംങ്ങ് (Video - blogging) സിറ്റിസൺ ജേർണലിസം (Citizen Journalism) തുടങ്ങിയവ ഇ-പ്രക്ഷോഭത്തിന് സഹായകമായി. ഐഫോൺ (Iphones) ബ്ലാക്ബെറി (Black berries) ലാപ്ടോപ്പുകൾ (Laptops) സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രിതീതിയഥാർത്ഥ്യ പരമായ (Virtual public spheres) ഒരു പൊതുഇടം നിർമ്മിക്കുകയായി രുന്നു. ഫേസ്ബുക്ക്, ടിറ്റർ, യൂട്യൂബ്, തുടങ്ങിയവയടക്കം നവമാധ്യമ ങ്ങൾ പ്രധാനപങ്കുവഹിച്ച പ്രക്ഷോഭം ആയി ഇത് ഉദാഹരണപ്പെടുകയും ചെയ്തു.

ഇന്ത്യയിലും സാമൂഹ്യപ്രക്ഷോഭങ്ങൾക്ക് സൈബർ മാധ്യമ ങ്ങൾ പലതരത്തിലും ഉപയോഗിക്കപ്പെടുന്നുണ്ട്. പുതുതലമുറയുടെ പല പ്രക്ഷോഭങ്ങൾക്കും സൈബർ മാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കു ന്നുണ്ട്. ഡൽഹിയിൽ കൊലചെയ്യപ്പെട്ട നിർഭയ എന്ന വിദ്യാർത്ഥിനി യ്ക്ക് പിന്തുണ നൽകിക്കൊണ്ട് (2012-ൽ) ഉയർന്നുവന്ന പ്രക്ഷോഭം ഇതിൽ പ്രധാനപ്പെട്ടതാണ്.

അമേരിക്ക അടക്കമുള്ള സമ്പന്നരാജ്യങ്ങളിൽ 84% പേർ നവ മാധ്യമങ്ങളെ അവരുടെ ഭാഗമാക്കിയിട്ടുള്ളവരാണ്. എന്നാൽ ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ 5% മാത്രമാണ് ഇ-മാധ്യമങ്ങൾ ഉപയോഗിക്കു ന്നത്. അതുകൊണ്ടു തന്നെയും സാധാരണക്കാരുടെ വാർത്തകൾക്ക് കിട്ടുന്ന അവസരത്തേക്കാൾകൂടുതൽ മറ്റുവാർത്തകളായിപ്പോകുന്നു എന്ന ഒരു വിമർശനം ശ്രദ്ധേയമായതാണ്. വെബ് സൈറ്റുകളുടെ നിർമ്മാണം അടക്കമുള്ളവ സാധാരണകാർക്ക് സാധ്യമാണോ എന്ന ചോദ്യവും, ഇലക്ട്രോണിക് മാധ്യമങ്ങളിലേയ്ക്കുള്ള സാക്ഷരത വേണ്ട വിധം ലോകത്ത് സാധ്യമായിട്ടുണ്ടോ എന്നതും സൈബർ മാധ്യമ കേന്ദ്രിത പ്രക്ഷോഭങ്ങളുടെ സാധ്യതയെ പരിമിതപ്പെടുത്തുന്നുണ്ട്. ഭൂരിപക്ഷജനതയും ഇന്നും പരമ്പരാഗത സമരരൂപങ്ങളെയാണ് ആശ്ര യിക്കുന്നത്. എങ്കിലും സൈബർ മാധ്യമത്തിന് ചുരുങ്ങിയ കാലം കൊണ്ടു തന്നെ ശക്തമായ അതിന്റെ സാന്നിധ്യമറിയിക്കാൻ ഇന്നു സാധിച്ചിട്ടുണ്ട്.

**കുറിപ്പുകൾ**

1. സപാറ്റിസ്താ മൂവ്മെന്റ് (Zapatista Movement -1994): ഇത് ദക്ഷിണ മെക്സിക്കോയിൽ നടന്ന ഒരു പ്രാദേശിക പ്രക്ഷോഭം ആയിരുന്നു. ചിയാപ്പാസ് (Chiapas) എന്ന അടിസ്ഥാന ജനസമൂഹത്തിന്റെ അവ കാശങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു ഈ പ്രക്ഷോഭം. അവരുടെ സ്വയം ഭരണ അവകാശത്തിൽ ഊന്നുന്നതായിരുന്ന ഇത്. ആഗോള

നെറ്റുവർക്കിലേയ്ക്ക് വ്യാപിച്ച ഇതിന്റെ പ്രചരണം അതിവിശാലമായ ഒരു ഐക്യത്തിന് സഹായിക്കുകയുണ്ടായി.

2. ഹാക്ടീവിസം (hacktivism): ഒരു ആക്ടീവ് ഗ്രൂപ്പ് അവരുടേതായി നിർമ്മിച്ചെടുക്കുന്ന സൈബർ ഇടങ്ങൾ. ചിലപ്പോൾ അത് ക്രിത്രിമമായി നിർമ്മിച്ചതായിരിക്കും. ഇലക്ട്രോണിക് സിവിൽ ഡിസ്ഒബീഡിയൻസിന്റെ (Electronic Civil Disobedience) ഭാഗമായി ഇത്തരം പ്രവർത്തനങ്ങളെ കണക്കാക്കുന്നു.
3. ബർക്കിലി കമ്മ്യൂണിറ്റി മെമ്മറി (Berkeley Community Memory): എന്ന പ്രസ്ഥാനം സിലിക്കൺ വാലിയിൽ രൂപം കൊണ്ടു. ഇന്റർനെറ്റിന്റെ പ്രവർത്തനങ്ങളും നെറ്റുവർക്കിംഗ് സേവനങ്ങളും കോർപ്പറേറ്റ് സ്ഥാപനങ്ങൾ പിടിച്ചടക്കിയപ്പോൾ സാധാരണ ജനങ്ങൾക്ക് അവയുടെ സേവനം എത്തണം എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. അതിനായി സ്വതന്ത്ര സോഫ്റ്റുവയറുകൾ അടക്കമുള്ളവ നിർമ്മിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഇവർ ശ്രദ്ധിച്ചു.
4. ആക്ടീവിസ്റ്റ് ഒയാസിസ് (Activist's Oasis): പൊതുവെ ആക്ടീവിസത്തിനു സംഭവിക്കുന്ന പ്രതിസന്ധികളും സാങ്കേതികമായ തകരാറുകളും മൂലം വേണ്ടത്ര വികസിക്കാതെ പോകാറുണ്ട്. അത് പൊതുജനങ്ങളിൽ എത്തിക്കുന്നതിനു കഴിയാതെ വരാറുണ്ട്. ഇലക്ട്രോണിക് ആക്ടീവിസം വരുന്നതോടുകൂടി ഇതേ പ്രതിസന്ധികൾ മറ്റൊരു രൂപത്തിൽ മാറ്റപ്പെടുന്നുണ്ട്.
5. ഹൈപ്പർ ടെക്സ്റ്റ് പേജ് (Hyper Text Pages): കമ്പ്യൂട്ടറിൽ നിർമ്മിച്ചെടുത്ത ഒരു മാധ്യമ സംവിധാനമാണ് ഇത്. ഒരേ സമയത്തുതന്നെ ഗ്രാഫിക് പേജുകൾ, ബുള്ളറ്റിൻ ബോർഡുകൾ, യൂസർ നെറ്റ് ന്യൂസ്, ഇന്റർനെറ്റ് തുടങ്ങിയവയ്ക്ക് ഒപ്പം, ശബ്ദം, മെസേജിങ്ങ്, സ്ട്രീമിങ്ങ് വീഡിയോ, MP3, ഇന്റർനെറ്റ് ടെലഫോൺ, ഫോട്ടോഗ്രാഫ്, വെബ് ക്യാം, ബ്ലോഗ്, വിക്കി, മൂവി തുടങ്ങിയ ഉപയോഗസാധ്യതകളുടെ വൈവിധ്യം ഒന്നിച്ചു സാധ്യമാകുന്ന ഒരു മാധ്യമ സംവിധാനമായി മാറുന്ന പേജിനെയാണ് ഹൈപ്പർ ടെക്സ്റ്റ് പേജ് എന്നു വിളിക്കുന്നത്. ഓൺലൈൻ കമ്മ്യൂണിക്കേഷനോടൊപ്പം, മോർഫ് (Morph) മൈഗ്രേറ്റ് (migrate) അടക്കമുള്ളവയും ഇതിലൂടെ സാധ്യമാകുന്ന നിരന്തരം കൂട്ടിച്ചേർക്കപ്പെടുന്ന ഒരു മാധ്യമ യൂണിറ്റാണിത്.
6. ബർമ സ്വതന്ത്ര പ്രചരണം (Free Burma campaign): ബർമീസ് ഡിഗ്രി വിദ്യാർത്ഥിയായ സർനി (Zar Ni)ഒരു വെബ് സൈറ്റിന് രൂപം കൊടുത്തു. ലോകത്തുടനീളം ബർമിസുകളുടെ കുടിയിറക്കിനെതിരെ പിന്തുണ ലഭിക്കുക എന്നതായിരുന്നു ലക്ഷ്യം. ലക്ഷ്യത്തിനു വലിയ പിന്തുണ ലഭിക്കുകയുണ്ടായി.

7. അറബ് വസന്തം (Arab Spring): 2010–2011 ലാണ് അറബ് വസന്തം എന്ന പേരിലുള്ള ജനകീയ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്. തുണീഷ്യ, ഈജിപ്റ്റ്, ലിബിയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഇതുവ്യാപിച്ചു. ഗവൺമെന്റുകളുടെ ഏകാധിപത്യത്തിനെതിരെയുള്ള സമരങ്ങളായി അതുമാറി. വെർചൽ ഇടങ്ങളിലെ പിടിച്ചെടുക്കൽ യഥാർത്ഥ സ്ഥല ങ്ങൾ പിടിച്ചെടുക്കലായിത്തീർന്നു. ഹബീബ് ബൊർഗ്യുബ അവന്യു, താഹിർ സ്ക്വയർ, പേൾസ്ക്വയർ, സനാനയൂണിവേഴ്സിറ്റി ക്വോർട്ടർ, തുടങ്ങിയവയിലൊക്കെയും ലക്ഷക്കണക്കിന് പ്രക്ഷോഭകാരികളെ ക്കൊണ്ടു നിറഞ്ഞു. ഹോസ്നിമുബാറക്ക്-ഈജിപ്ത്, അലി അബ്ദുള്ള -യെമൻ, മുഹമ്മദ് ഗദ്ദാഫി–ലിബിയ, ആബിദിൻ ബെൻ അലി–തുനീഷ്യ തുടങ്ങിയ ഭരണാധികാരികൾക്ക് ഭരണം നഷ്ടമായി.

**സഹായകസൈറ്റുകളും പിഡിഎഫ് ലേഖനങ്ങളും**


1. Cyberprotest:New media, citizens and social movements-Google Books.
2. The Arab Spring and the Role of ICTS, Lhem Allagui, Johanne Kuebler.
3. A Cyber- archaeology Approach to social movement research: Framework and case study, Zimbra, A. Abbasi, H.Chen.
4. Far-right media on the internet: Culture discourse and power, C. Atton.
5. From the Zapatistas to Indymedia: Dialectics and orthodoxy in contemporary social movements, T Wolfson.
6. Protest 2.0: online interactions and aboriginal activists, TL Petray
7. Cyber -movement, new social movements, and counter publics, C.H. Palczewski
8. Internet and social movement action repertoires: opportunities and limitations, Jeroen Van Laer and Peter Van Aelst
9. History of emergence of online communities, Jenny Preece, Diane Maloney- Krichmar, Chadia Abras.
10. Cyber Social Networks and Social Movements, Isoran Shangapour, Seidawan Hosseini, Hashem Hashem Nejad.

# സൈബർഫെമിനിസം: ഒരു സാംസ്കാരികസംവാദം

ഡോ. സുജാറാണി മാത്യു

സ്ത്രീകളുടെ ബൗദ്ധികവും ഭൗതികവുമായ വിമോചന
പ്രസ്ഥാനമെന്ന നിലയിലും അക്കാദമിക് മേഖലയിലെ പാഠനശാഖ
എന്ന നിലയിലും ഫെമിനിസത്തിന് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്.
ഓരോ കാലത്തും ഓരോ ദേശത്തും ഓരോ രീതിയിലാണ് സ്ത്രീവി
മോചന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നത്. വർത്തമാനകാലം
സൈബർ മാധ്യമങ്ങളുടേതാണ്. സൈബർ മാധ്യമങ്ങൾ മുന്നോട്ടു
വെയ്ക്കുന്ന നവസാക്ഷരത, ആശയവിനിമയ രീതികൾ, പൊതുമണ്ഡ
ലങ്ങൾ, വ്യവഹാര രീതികൾ തുടങ്ങിയവയുടെ പിൻബലത്തിൽ രൂപ
മെടുത്ത നവസ്ത്രീ വിമോചനത്തെയാണ് സൈബർ ഫെമി
നിസ(Cyberfeminism)മെന്ന് പറയുന്നത്. സൈബർ ഫെമിനിസത്തെ
നെറ്റ്വർക്ക് ഫെമിനിസം(Network feminism) എന്ന് വിശേഷിപ്പിക്കാ
റുണ്ട്. ഫെമിനിസ്റ്റ് ശാസ്ത്ര സാങ്കേതിക പഠനങ്ങൾ (Feminist Science
and Technology Studies) സൈബർ ഫെമിനിസവുമായാണ് ബന്ധ
പ്പെട്ടു നിൽക്കുന്നത്.

ഇന്റർനെറ്റും (Internet) സൈബർ ഇടവും (Cyberspace)
സ്ത്രീപുരുഷ ലിംഗവ്യത്യാസമില്ലാതെ പ്രവർത്തസജ്ജമായ മണ്ഡല
മാണ്. സാങ്കേതികതയും (Technology) ആശയവിനിമയവും
(Communication) സൈബർനെറ്റിക്സിൽ (Science of Control and
communication in animal and machine system) പ്രവർത്തന സജ്ജമാ
യതോടെ ഭാഷാ വിനിയോഗത്തിന്റേയും ആശയ ഉത്പാദനത്തിന്റെയും
സ്വാതന്ത്ര്യം സ്ത്രീക്കും പുരുഷനും വ്യത്യസ്തതകളില്ലാതെ സാധ്യ
മായി. ഈ പശ്ചാത്തലം അധവാ സൈബർ കാലഘട്ടം പ്രയോജന
പ്പെടുത്തി സ്ത്രീകൾ ബുദ്ധിപൂർവ്വം അവരുടെ അസ്തിത്വത്തെ കേന്ദ്ര
സ്ഥാനത്തേക്ക് കൊണ്ടുവരുന്ന നിർണയങ്ങൾ, പ്രസ്താവനകൾ, നിരീ

ക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിച്ചു. സൈബർ ഫെമിനിസത്തിനു മുമ്പുള്ള എല്ലാ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളും പുരുഷനെ പ്രതിരോധിക്കുവാനോ, പുരുഷനോടൊപ്പം നിൽക്കാനോ വേണ്ടിയുള്ള തീവ്രശ്രമത്തിന്റെ പിൻബലത്തിലാണ് രൂപീകരിച്ചത്. സൈബർ ഫെമിനിസം സ്ത്രീശരീരം, ബുദ്ധി, ജീവശാസ്ത്ര സവിശേഷത, സ്ത്രൈണാനുഭവം തുടങ്ങിയവയെ പുനർനിർണയത്തിന് വിധേയമാക്കി. തുടർന്ന് പുരുഷനുമുകളിൽ ഒരു സാധ്യതയും ശക്തിയുമായി സ്ത്രീയെ നിർണയിച്ചു. ഈ നിർണയത്തിന് നവസാങ്കേതികതയെ പ്രകോപനപരമായ രീതിയിൽ സൈബർ ഫെമിനിസ്റ്റുകൾ കൂട്ടുപിടിക്കുകയും ചെയ്തു.

### സ്ത്രീ പ്രകൃതിയല്ല സാങ്കേതികതയാണ്


സ്ത്രീകളെ പ്രകൃതിയോടും അതിന്റെ സൗന്ദര്യത്തോടും ഭാവസ്വഭാവത്തോടും ഉപമിച്ചിരുന്ന കാലമുണ്ടായിരുന്നു. വിവിധ ശാഖകളായി പ്രചരിക്കുകയും നിർണയിക്കുകയും ചെയ്ത ഫെമിനിസത്തിലെ ഒരു ശാഖയാണ് എക്കോ ഫെമിനിസം (Echo feminism). വർത്തമാനകാല സാമൂഹ്യപരിസരവും സ്ത്രീജീവിതവും വിലയിരുത്തിക്കൊണ്ട് ഡോണ ഹാരവേ (Donna Haraway) സ്ത്രീകൾക്ക് പ്രകൃതിയോടല്ല സാങ്കേതികതയോടാണ് അല്ലെങ്കിൽ നവീന യന്ത്രങ്ങളോടാണ് സാമ്യവും അടുപ്പവുമെന്ന് ഉദാഹരണങ്ങൾ നിരത്തി സമർത്ഥിച്ചു. A Manifesto for Cyborgs എന്ന പ്രബന്ധത്തിൽ ഡോണ ഹാരവേ മനുഷ്യൻ ഒരു സൈബോർഗ് ആണെന്ന് (Hybrid of Machines and Organism) പറഞ്ഞു. എക്കോ ഫെമിനിസ്റ്റ് ചിന്തകൾക്ക് എതിരായി സ്ത്രീകളുടെ നവീനമായ അസ്തിത്വം വെളിവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പ്രബന്ധം രചിച്ചത്.

പുരുഷൻ പ്രകൃതിയെ നിസാരവത്കരിച്ച് ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങളുടെ/യന്ത്രങ്ങളുടെ ഉപഭോക്താവും ഉപാസകനുമായി മാറുന്ന കാഴ്ചയാണുള്ളത്. സാങ്കേതികതയെ ഉൾക്കൊള്ളാതെയും ആശ്രയിക്കാതെയും പുരുഷന് ബൗദ്ധികസംവാദത്തിലൂടെ പ്രവർത്തന നിരതനായി മുന്നേറാനാവാത്ത അവസ്ഥയാണുള്ളത്. സാങ്കേതികതയുടെ വർത്തമാനകാല സ്വഭാവവുമായും സാങ്കേതികതയുടെ വ്യാപ്തിയുമായും സ്ത്രീയെ ബന്ധപ്പെടുത്തുമ്പോൾ തന്നെ സ്ത്രീക്ക് സ്വാഭാവികതയോടെ പ്രസക്തി കൈവരുന്നു. ഡോണ ഹാരവേയുടെ ഈ വിലയിരുത്തലുകളാണ് വിപ്ലവമുണർത്തുന്ന സൈബർ ഫെമിനിസ്റ്റ് ചിന്തകൾക്ക് പ്രചോദനമായത്.

### വീനസ് മാട്രിക്സ്

കലാകാരികളായ നാലു സ്ത്രീകളുടെ ഒരു കൂട്ടായ്മ 1991ൽ രൂപമെടുത്തു. അവർ 21-ാം നൂറ്റാണ്ടിലെ നവമാധ്യമ സാക്ഷരത നേടിയ

സൈബർ ലോകത്തിനു മുന്നിലേക്ക് സ്ത്രീകൾക്കായി ഒരു വിജ്ഞാന പത്രം (Manifesto) പുറത്തിറക്കി. അതിന് അവർ നല്കിയ പേര് സൈബർ ഫെമിനിസ്റ്റ് മാനിഫെസ്റ്റോ (Cyber feminist manifesto) എന്നാണ്. ഈ മാനിഫെസ്റ്റോ രൂപീകരിച്ച കലാകാരികൾ വീനസ് മാട്രിക്സ് (VNS Matrix) എന്ന പേരിലാണ് അറിയപ്പെടുന്നത്. വീനസ് മാട്രിക്സ് വിഭാവനംചെയ്യുന്നത് സാങ്കേതിക ജ്ഞാനത്തിലൂടെ സ്ത്രീകൾക്ക് ആധിപത്യമുള്ള ഒരു ലോകത്തെയാണ്.




സൈബർ സ്പേസിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പുരുഷാധിപത്യത്തെ (Big daddy mainframes) ചോദ്യം ചെയ്തുകൊണ്ട് 'The clitoris is the direct line to the matrix' എന്ന് വീനസ് മാട്രിക്സ് സ്ഥാപിച്ചു. സ്ത്രീയുടെ സാധ്യതയും അധികാരവും പ്രഖ്യാപിക്കുന്ന ചിത്രങ്ങൾ, പ്രസ്ഥാവനകൾ തുടങ്ങിയവ ഇന്റർനെറ്റിലെ സൈറ്റുകളിലൂടെ പ്രചരിപ്പിക്കുന്നതും ഈ കൂട്ടായ്മയുടെ ശക്തമായ പ്രവർത്തനങ്ങളായിരുന്നു.

വേർജീനിയ ബാരറ്റ് (Virginia Barratt), ജൂലിയാന പിയേഴ്സ് (Julianne Pierce), ഫ്രാൻസെസ്ക ദെ റിമിനി (Francesca da Rimini), ജോസഫൈൻ ബാറാറ്റ് (Josephine Barratt) എന്നീ സ്ത്രീ കലാകാരികളുടെ കൂട്ടായ്മയാണ് വീനസ് മാട്രിക്സ് രൂപീകരിച്ചത്. ഇവർ സാങ്കേതികതയിലൂടെ കലകളിൽ സ്ത്രീകൾക്കുള്ള സ്ഥാനം പ്രഖ്യാപിക്കുന്നു. ഇതിനായി മോർഫ് ചെയ്ത് സ്ത്രീകളും സാങ്കേതികതയും തമ്മിലുള്ള ബന്ധത്തിന്റെ ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിച്ചു. സൈബർകാലത്തെ സാങ്കേതികതയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ത്രീകളെ Brave New Girls എന്നാണ് നിർണയിക്കുന്നത്. പുരുഷന്മാരാണ് ഇത്രയും കാലം സാങ്കേതികതയെ കുത്തകയാക്കി വച്ചിരുന്നത്. ഇതി

നോടുള്ള പ്രതിഷേധം വീനസ് മാട്രിക്സ് പ്രഖ്യാപിച്ചു. സാങ്കേതിക മേഖലയിലേക്ക് സ്ത്രീകളെ എത്തിക്കുവാൻ വേണ്ട വിപ്ലവാത്മകമായ പ്രചരണവും ദൗത്യവുമാണ് തുടർന്ന് വീനസ് മാട്രിക്സ് നിർവ്വഹിച്ചത്. ഇതിനായി ആ കൂട്ടായ്മ സ്വീകരിച്ച മാർഗ്ഗം ആശയപ്രചരണമാണ്.




പുരുഷകോയ്മാസമൂഹത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന വലിയ പീഡനങ്ങളിലൊന്ന് ലൈംഗിക ചൂഷണത്തിന്റേതാണ്. സ്ത്രീയുടെ ശരീരവും ശരീരഭാഗങ്ങളും ഭാഗീകമായി അലങ്കരിച്ചും മറച്ചു വെച്ചും 'സൗന്ദര്യം' രൂപീകരിച്ച് അതിനെ വിപണന വസ്തുവാക്കുന്ന സംസ്കാരം വർത്തമാനകാല മാധ്യമയുഗത്തിലും സജീവമാണ്. ലൈംഗികത മൂലമുള്ള പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുവാൻ കമ്പ്യൂട്ടർ സാങ്കേതികതയിലെ ഹാർഡ് വെയറും സോഫ്റ്റ്വെയറും ഉപയോഗിച്ചു തുടങ്ങി. സ്ത്രീ ശരീരത്തിൽ ഉദ്യോഗജനകമായിട്ടൊന്നുമില്ലെന്ന് അവർ ആശയപ്രചരണത്തിലൂടെ പ്രഖ്യാപിച്ചു.

വീനസ് മാട്രിക്സ് ഭാഷാ വിനോദനത്തിലൂടെ (Play of Language) സൈബർ ഇടത്തിലെ ആൺകോയ്മയെ ചോദ്യം ചെയ്യുന്ന രീതിയും ശ്രദ്ധേയമാണ്. Bitch, Cunt തുടങ്ങിയ പദങ്ങൾ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നവയാണ്. ഇത്തരം പദങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപയോഗിച്ചിരുന്നുമില്ല. ഈ പദങ്ങൾ വെളിവായി പറഞ്ഞ് അതിന് പുത്തൻ സാംസ്കാരികമാനം നൽകുവാൻ വീനസ് മാട്രിക്സ് മുൻകൈയ്യെടുത്തു. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ പ്രതിപ്രവർത്തനക്ഷമതയുള്ള സാമൂഹ്യമാധ്യമങ്ങളിലൂടെ പുരുഷകോയ്മയെ തിരസ്കരിച്ച് ആശയവിനിമയം നടത്തുന്ന ധീരസ്ത്രീകളെ സൈബർ പൊതുമണ്ഡലത്തിൽ സംഘടിപ്പിക്കാനും വീനസ് മാട്രിക്സ് മുൻകൈ എടുത്തു.

സ്ത്രീശരീരം, ലൈംഗികത, സ്വകാര്യ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് നല്കിപോന്നിരുന്ന സ്ത്രൈണകർത്തൃത്വത്തെ വീനസ് മാട്രിക്സ് ചോദ്യം ചെയ്തു. പുരുഷ കർത്തൃത്വം പോലെയോ അതിന് മുകളിലൊ ഉള്ള ഒരു 'പെർഫോമൻസ്' എന്ന നിലയിൽ ഇതിനെ കാണാമെന്ന് പ്രഖ്യാപിച്ചു. ആത്മവിശ്വാസത്തിലൂടെ രൂപമെടുക്കുന്ന 'ധീരത' ഓരോ സ്ത്രീയുടെയും അസ്തിത്വനിർണയത്തിന്റെ ഭാഗമാകണമെന്നും സാങ്കേതികതയുമായി ബന്ധപ്പെടുത്തി പുത്തൻ കർത്തൃത്വം രൂപപ്പെടുത്തണമെന്നും വീനസ് മാട്രിക്സ് നിർദ്ദേശിച്ചു.

**സൈബർനെറ്റിക്സും സ്ത്രീസംവാദവും**

ആശയവിനിമയത്തിന്റെ രീതികളും സവിശേഷതയുമാണ് വ്യക്തികളെ സമൂഹത്തിൽ സ്ഥാനപ്പെടുത്തുന്നത്. ആശയരൂപീകരണത്തിലും വിനിമയത്തിലും ഇന്റർനെറ്റ് മൊബൈൽഫോൺ തുടങ്ങിയ മാധ്യമങ്ങൾ സജീവമായതോടെ മനുഷ്യനൊപ്പം മാധ്യമങ്ങളും ആശയവിനിമയത്തിന്റെ ഭാഗമായി. ഒരു വ്യക്തിയുടെ ഭാഷാരൂപീകരണത്തിലും വിനിമയത്തിലും മാധ്യമങ്ങൾ കൂടി പങ്കാളിത്തം ചെലുത്തിയതോടെ ഫെമിനിസ്റ്റ് സംവാദത്തിൽ (Feminist Discourse) സൈബർനെറ്റ്ക്സിനെക്കുറിച്ച് (Cybernetics) കൂടി സംസാരിച്ചു തുടങ്ങി. വിപുലമായ അർത്ഥം ഉത്പാദിപ്പിക്കുന്ന പദമാണ് സൈബർനെറ്റിക്സ് (Science of Control and Communication in animal and Machine Systems).

ഇയാൻ ലാൻകാഷയർ (Ian Lancashier) എഴുതിയ Cyber textuality and philology എന്ന ലേഖനത്തിൽ സൈബർനെറ്റിക്സ് സിസ്റ്റം രൂപീകരിക്കുന്ന ആശയസമഗ്രതയെ അഥവാ പാഠത്തെ വ്യക്തമാക്കുന്നത് സൈബർ ടെക്സ്റ്റ് (Cyber text) ആണെന്ന് വ്യക്തമാക്കുന്നു. എസ്പൻ ആർസെതിന്റെ (Espen Aarseth) വിഖ്യാതമായ 'Cybertext' എന്ന ഗ്രന്ഥത്തിൽ സൈബർ പാഠങ്ങൾ എല്ലാം ergodic ആണെന്ന് വ്യക്തമാക്കുന്നുണ്ട്. എർഗോഡിക്കിന്റെ അർത്ഥം Path of Energy or Work എന്നാണ്. മേരി ഡാലി (Mary Daly) ഷൂളാമിത്ത് ഫയർസ്റ്റോൺ (Shulamith Firestone) തുടങ്ങിയ സ്ത്രീവിമോചന പ്രവർത്തകർ സാങ്കേതികയും (Technology) സൈബർ നെറ്റ്ക്സിന്റെ (Cybernetics) സാധ്യതകളും സ്ത്രീകൾ അവരുടെ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചു.

ഇന്റർനെറ്റും ടെക്നോളജിയുമെല്ലാം ചില കാര്യങ്ങളിൽ സങ്കീർണത പുലർത്തുന്നവയാണ്. നിയതമായ അറിവും വിനിയോഗക്രമവും കൊണ്ട് സങ്കീർണതകളെ മറികടക്കാനും ഉപകാരപ്രദമായ രീതിയിൽ ക്രമീകരിക്കാനും കഴിയും. സാഡി പ്ലാന്റ് (Sadie Plant)

ഇന്റർനെറ്റും സ്ത്രീയും ചില കാര്യങ്ങളിൽ സമാനതകൾ പുലർത്തുന്നുണ്ടെന്ന് വിലയിരുത്തുന്നു. “Both are non-linear, self-replicating systems concerned with making connections” (Encyclopedia of New Media). ഡിജിറ്റൽ വൽക്കരണത്തിന് വിധേയമായ കാലഘട്ടത്തിൽ ലോകം ക്രമത്തിൽ സ്ത്രൈണവൽക്കരിക്കപ്പെടുകയാണ്. ഡിജിറ്റൽവൽക്കരിക്കപ്പെട്ട ഈ കാലഘട്ടത്തിൽ പ്രതിപ്രവർത്തനക്ഷമതയുള്ള മാധ്യമങ്ങൾ സ്ത്രീകളുടെ സ്വതന്ത്രമായ ആശയവിനിമയത്തിനും തൊഴിലിനും ജീവിതത്തിനും വേണ്ടിയുള്ളതാണ്. ആശയം അഥവാ പാഠം മാധ്യമസഹായത്തോടെ രൂപീകരിച്ച് അയയ്ക്കുന്ന വ്യക്തിയും (sender) മാധ്യമസഹായത്തോടെ പാഠം നിരീക്ഷിക്കുന്ന ആളും (observer) തമ്മിലുള്ള ബന്ധം സൈബർ സ്പെയിസിന്റെ സാധ്യതയിലാണ് പ്രസക്ത മാകുന്നത്. അദൃശ്യമായ സൈബർ സ്പെയിസിന്റെ നിയന്ത്രണം ആശയവിനിമയത്തിന്റെ പ്രസക്തികൊണ്ടും വ്യാപ്തി കൊണ്ടും സ്ത്രീകൾക്ക് ആധിപത്യമുള്ളതാക്കണമെന്ന് സാഡി പ്ലാന്റ് നിർദ്ദേശിക്കുന്നു. അങ്ങനെ സംഭവിക്കുമ്പോൾ സ്വഭാവികതയോടെ സ്ത്രീകൾക്ക് മുൻനിരയിലെത്താമെന്നും ലിംഗവിവേചനമില്ലാതെ സ്ത്രീകൾക്ക് അവരുടെ അസ്തിത്വം പ്രഖ്യാപിക്കാനാകുമെന്നും സാഡി പ്ലാന്റ് നിരീക്ഷിക്കുന്നു.

നാൻസി പാറ്റേർസൺ (Nancy Paterson) സൈബർ ഫെമിനിസത്തെ നിർവ്വചിക്കുന്നത് സാങ്കേതികതയുടെയും സാങ്കേതികബന്ധമുള്ള ആശയവിനിമയരീതികളുടെയും ആഗോളവിപുലമായ മേഖലകളെ കേന്ദ്രീകരിച്ചാണ്. ഭാഷ, സമൂഹം, ആചാരം, രാഷ്ട്രം തുടങ്ങിയവയുടെ വേലിക്കെട്ടുകളില്ലാതെ പരസ്പരം അറിയാനും ആശയവിനിമയം നടത്താനും അവരനുഭവിക്കുന്ന പ്രശ്നങ്ങൾ സംവാദാത്മകമാക്കാനും നവമാധ്യമങ്ങളിലൂടെ കഴിയുമെന്ന് നിരീക്ഷിക്കന്നു. സാങ്കേതികജ്ഞാനവും മാധ്യമങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഭാഷകളിലൂടെ സാധ്യമാകുന്ന അറിവുകളുടെ വ്യാപ്തിയും സ്ത്രീകൾക്ക് നവമായ സ്വാതന്ത്ര്യം നൽകുമെന്ന് നാൻസി പാറ്റേർസൺ വിലയിരുത്തുന്നു.

**ആശയനിർമ്മിതിയിലെ സ്ത്രൈണവിപ്ലവം**

വോൾക്കാർട്ട് (Volkart) എന്ന ചിന്തകൻ സൈബർ ഫെമിനിസ്റ്റുകളുടെ പൊതു ചിന്തയെ വിശകലനം ചെയ്യുന്നത് ശ്രദ്ധേയമാണ്. വീനസ് മാട്രിക്സും ഇതര സൈബർ ഫെമിനിസ്റ്റുകളും ഓരോ രീതിയിൽ പ്രഖ്യാപിക്കുന്നത് സ്ത്രീയുടെ കാലികപ്രസക്തമായ സാധ്യതയും ശക്തിയുമാണ്. പുത്തൻ ഡിജിറ്റൽ സിസ്റ്റത്തിലേയ്ക്കുള്ള വാതായനങ്ങൾ സ്ത്രീകളുടെ ജനനേന്ദ്രീയങ്ങൾക്ക് സമാനമായ ഒന്നാണ്. ഇതിനുദാഹരണമായി സാഡി പ്ലാന്റിന്റെ തന്നെ വാക്കുകൾ കടമെടുത്ത് ഉദ്ധരിക്കുന്നു. "Disks are sucked into the dark recess of welcoming

vagins slits" സൈബർ ഇടത്തിനെയും സാങ്കേതികതയേയും ലൈംഗികവൽക്കരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അർത്ഥവിസ്തൃതി കൈവരുന്നത് സ്വഭാവികമാണ്. മാധ്യമത്തോടുള്ള ഇഷ്ടം പോലെ സ്ത്രീയോടുള്ള ഇഷ്ടവും കമ്പ്യൂട്ടറിന്റെ മെമ്മറിയും ഉപഭോക്താവിന്റെ ഓർമ്മയും ചേർന്നുള്ള പ്രവർത്തനവും ആവശ്യമുള്ളപ്പോൾ സിഡികളും പെൻഡ്രൈവുകളും മാധ്യമത്തിലേക്ക് അഥവാ കമ്പ്യൂട്ടറിലേയ്ക്ക് തിരുകിവച്ച് ഉപയോഗിക്കുന്നതിലെല്ലാം ലൈംഗികതയുടെ തലങ്ങൾ കണ്ടെത്തുമ്പോൾ സൈബർ ഫെമിനിസം പുതിയൊരു പ്രതിഷേധ പാതയിലൂടെ സ്ത്രൈണത ആഘോഷിക്കുകയാണ്.

മുഖ്യധാര ഫെമിനിസത്തിലെ സിസ്റ്റർഹുഡ് (Sisterhood) എന്ന കല്പന സൈബർ ഫെമിനിസ്റ്റുകൾ മാറ്റത്തിന് വിധേയമാക്കി. ഇതിനെ ഇന്റർനെറ്റ് വിനിമയത്തിലൂടെ രൂപപ്പെട്ടു വരുന്ന വിപുലമായ അർത്ഥം ഉൽപ്പാദിപ്പിക്കുന്ന കണക്ടിവിറ്റി (Connectivity) എന്ന അവസ്ഥയുമായി ബന്ധിപ്പിച്ചു. ഇന്റർനെറ്റുമായി ബന്ധപ്പെട്ട എല്ലാ ആശയവിനിമയത്തിലും ഒരു മാധ്യമം പ്രസക്തമാണ്. മാധ്യമവും മാധ്യമത്തിലൂടെ രൂപപ്പെടുന്ന ആശയവും പരസ്പരബന്ധിതമായ ശൃംഖലയുടെ കണ്ണിയാണ്. ആശയോദ്പാദ ക്ഷമതയുള്ള ശൃംഖലയിലെ നിരവധി സാധ്യതകളുള്ള അസ്തിത്വത്തിന്റെ ഉടമയായാണ് ഇവിടെ സ്ത്രീയെ നിർണയിക്കുന്നത്. സ്ഥലം, സമയം, കാലം തുടങ്ങിയ അവസ്ഥകളെ ഇന്റർനെറ്റ് നവമായ രീതിയിൽ പുനർനിർവ്വചനത്തിനു വിധേയമാക്കിയല്ലോ. ഇന്റർനെറ്റ് സ്ത്രീയേയും ആശയപ്രകാശനത്തിന്റെയും ആശയവിനിമയത്തിന്റെയും അടിസ്ഥാനത്തിൽ അനിഷേധ്യമായ ഒരിടത്ത് എത്തിച്ചിരിക്കുന്നു.

**സാംസ്കാരിക സംവാദത്തിന്റെ പ്രസക്തി**

ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയ മാധ്യമഇടങ്ങളിലെ തീക്ഷ്ണമായ സംവാദങ്ങളിലൂടെ സൈബർ ഫെമിനിസത്തെ ശ്രദ്ധേയമാക്കുവാൻ സൈബർ ഫെമിനിസ്റ്റുകൾക്ക് കഴിഞ്ഞു. മാധ്യമങ്ങൾ മുന്നോട്ടു വയ്ക്കുന്ന സാംസ്കാരികാവസ്ഥയുമായി ബന്ധിപ്പിച്ച് സ്ത്രീയുടെ അസ്തിത്വത്തെപ്പറ്റിയുള്ള വിചിന്തനങ്ങൾക്കും പ്രസക്തി ഏറിയിട്ടുണ്ട്. ഇന്റർനെറ്റിലൂടെയുള്ള ആക്ടിവിസം (Activism) സജീവമാകുന്നത് പല രീതിയിലാണ്. ബഹുസമൂഹങ്ങൾക്ക് അയയ്ക്കുന്ന ഇ-മെയിലുകൾ, വെബ്സൈറ്റുകൾ, യൂ ട്യൂബ്, ഫെയിസ്ബുക്ക് തുടങ്ങിയവയും ഇതര സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലെ പോസ്റ്റുകളുമെല്ലാം ആക്ടിവിസം സജീവമാക്കുവാൻ കഴിയുന്ന മേഖലകളാണ്.

സൈബർ ഫെമിനിസത്തിലെ ശ്രദ്ധേയമായ മറ്റൊരു മുന്നേറ്റമാണ് ഇന്റർനെറ്റിലെ സ്ത്രീകളുടെ കൂട്ടായ്മകൾ. സ്ത്രീയുടെ പ്രശ്ന

ങ്ങൾ ചർച്ചചെയ്യുന്നതിനും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെ സംവാദാത്മകമാക്കി പൊതുസമൂഹത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും സ്ത്രീകൾക്ക് സംരക്ഷണവും സുരക്ഷയും സാധ്യമാക്കുന്ന രീതിയിൽ നിയമനിർമ്മാണം നടത്തുന്നതിനുമെല്ലാം ഈ കൂട്ടായ്മകൾ ആശയപ്രചരണത്തിലൂടെ യത്നിക്കുന്നു. ഇന്റർനെറ്റിലൂടെ സ്ത്രീകൾ സ്ത്രീകൾക്കുവേണ്ടി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ ഗ്രേൾസ് മൂവ്മെന്റ് (Grrls Movement) എന്നാണ് വിളിക്കുന്നത്. Grrls, Guerilla I എന്നീ പേരുകളിൽ സ്ത്രീ പ്രാമുഖ്യം വെളിപ്പെടുത്തിക്കൊണ്ട് സ്ത്രീകൾതന്നെ സ്ത്രീകളുടെ ഉന്നമനത്തിനായി ഇന്റർനെറ്റിലൂടെ പ്രവർത്തിക്കുന്നത് മികവാർന്ന രീതിയിലാണ്.

**സൈബർഫെമിനിസ്റ്റ് സംഘങ്ങൾ**

സൈബർ ഫെമിനിസ്റ്റുകളുടെ കൂട്ടായ്മകൾ നവമാധ്യമങ്ങളിൽ സജീവമാണ്. ഓരോ കൂട്ടായ്മയും അവരുടേതായ രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്.റഷ്യയിലെ സൈബർ ഫെമിൻ ക്ലബ് (Cyber-Femin Club), ജർമ്മനിയിലെ ഓൾഡ് ബോയിസ് നെറ്റ്വർക്ക് (Old Boys Network) തുടങ്ങിയ കൂട്ടായ്മകൾ സ്ത്രീകൾക്ക് ഡിജിറ്റൽ ടെക്നോളജിയെപറ്റി പഠിക്കാൻ വേദിയായിട്ടുണ്ട്. സൈബർ ഫെമിനിസ്റ്റ് ഇന്റർനാഷണൽ സെമിനാറുകളും അതിന്റെ പേപ്പറുകളും സാഹിത്യപഠനപക്ഷത്ത് സൈബർ ഫെമിനിസത്തിന്റെ സാധ്യതകൾ ആരായുന്നവയാണ്. സ്ത്രീകൾ മാത്രമുള്ള ലിസ്റ്റ് സേർവ്സ് (List serves) സൈബർ ഫെമിനിസ്റ്റ് സംവാദത്തിനുള്ള ഇടമാണ്. Faces, OBV തുടങ്ങിയവയും ഇത്തരത്തിലുള്ള ശ്രദ്ധേയമായ ചില ഇടങ്ങളാണ്. സ്ത്രീകൾ സ്ത്രീകൾക്കായി രൂപീകരിച്ച നെറ്റ്വർക്ക് സൈറ്റുകളും ബ്ലോഗുകളും അവരുടെ പ്രശ്നങ്ങളെ ശക്തിയുക്തം അഭിമുഖീകരിക്കുകയും പ്രശ്നപരിഹാരത്തിനായി അദ്ധ്വാനിക്കുകയും ചെയ്യുന്നുണ്ട്. വെബ്ബ് 2.0യുടെ കാലത്ത് പുറത്തിറങ്ങിയ ഫെയ്സ് ബുക്ക്, ട്വിറ്റർ എന്നീ സാമൂഹ്യമാധ്യമ ഇടങ്ങൾ സ്ത്രീകളെ അവരുടെ 'സെക്കന്റ് സെക്സ്' എന്ന അസ്തിത്വത്തിൽ നിന്ന് വിടുതൽ നേടുവാൻ ഉത്ബോദിപ്പിക്കുന്നു.

സൈബർ ഫെമിനിസ്റ്റുകളിൽ അധികവും നവമാധ്യമസാക്ഷരത നേടിയ യുവതലമുറയിൽപെട്ടവരാണ്. ഇവരുടെ ഇടയിൽ ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണിന്റെയും ഉപയോഗം വ്യാപകമാണ്. യൂട്യൂബ്, ഫെയ്സ് ബുക്ക്, ടിറ്റർ, വാട്ട്സ് ആപ് എന്നിവയിലെല്ലാം പുതുതലമുറ അവരുടെ ഫോട്ടോകളും വീഡിയോകളും രചനകളും മനോഭാവങ്ങളും പ്രദർശിപ്പിക്കുന്നു. സ്ത്രീകൾ പല രീതിയിൽ നിരീക്ഷണമായും, പരിഹാസമായും, സർഗ്ഗരചനകളായും, ചരിത്രങ്ങളായും, വീഡിയോകളായും മുന്നോട്ടു വെയ്ക്കുന്ന ആശയവിനിമയം സമൂഹത്തിൽ

അവർക്ക് നിർണായകമായ ഇടം നേടിക്കൊടുക്കുക തന്നെ ചെയ്യും. മുൻകാല ഫെമിനിസ്റ്റുകളെ പോലെ സ്ത്രീ ആയതിന്റെ പേരിൽ വില പിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നവരല്ല സൈബർ ഫെമിനിസ്റ്റുകൾ. സ്ത്രൈണതയുടെ സൗന്ദര്യത്തിലും സാധ്യതയിലും ആനന്ദിക്കുന്ന ഒരു ഗണമായി സൈബർ ഫെമിനിസത്തിന്റെ കാലത്ത് അവർ മാറിക്കഴിഞ്ഞു. ഇതിന് അവർ കൂട്ടുപിടിക്കുന്നത് സൈബർ സാങ്കേതികതയേയും സാധ്യതകളെയുമാണ്. സൈബർഫെമിനിസ്റ്റുകൾ മുന്നോട്ടു വെയ്ക്കുന്ന സ്ത്രീസംബന്ധമായ നിരീക്ഷണങ്ങളും വിലയിരുത്തലുകളും നവമായൊരു സാമൂഹ്യബോധം രൂപീകരിക്കുവാൻ കാരണമായി.

വർത്തമാനകാല പ്രസക്തമായ സൈബർ ഫെമിനിസത്തിന് മൂന്ന് മേഖലകൾ വസ്തുനിഷ്ഠമായ വിലയിരുത്തലിനായി ഉണ്ടെന്നാണ് സുസന്നാ പാസോണൻ (Susanna Pasonan) വ്യക്തമാക്കുന്നത്.

1. സാങ്കേതികവൽക്കരിക്കപ്പെട്ട ഇന്നത്തെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ മനുഷ്യനും യന്ത്രവും തമ്മിലുള്ള ബന്ധങ്ങൾ പഠിക്കുന്നു.
2. വർത്തമാനകാല സാങ്കേതികതകളുടെ വിവിധ മേഖലകളുടെ ഉപയോഗങ്ങളെ പറ്റിയുള്ള അഭിപ്രായങ്ങൾ. ഉദാ: പ്രത്യുൽപാദനം, ജെനിതകപഠനം തുടങ്ങിയവ.
3. നവമാധ്യമങ്ങളെപറ്റിയും അവയിലൂടെ ശാക്തീകരണവിധേയമാകുന്ന അവസ്ഥകളെപറ്റിയുമുള്ള പഠനങ്ങൾ, സിദ്ധാന്തങ്ങൾ തുടങ്ങിയവ (Paasonan, 2010:341).

'സൈബർ ഫെമിനിസം 2.0' എന്ന ഗ്രന്ഥത്തിൽ രാധിക ഗജ്ജാല (Radhika Gajjala) വ്യക്തമാക്കുന്നത് 20-ാം നൂറ്റാണ്ടിലെ സൈബർ ഫെമിനിസം സ്ത്രീകളിലെ ഓൺലൈൻ സ്വത്വത്തെ ഉൾക്കൊണ്ടുകൊണ്ടാണ് സജീവമാകുന്നതെന്നാണ്. പലതരം ബ്ലോഗുകൾ, കമ്പ്യൂട്ടർ ഗെയിമുകൾ, കോൺഫറൻസ്, ഓൺലൈൻ ഗ്രൂപ്പുകൾ, ചാറ്റ് റൂമുകൾ, മെസേജുകൾ തുടങ്ങിയവയിലൂടെ സ്ത്രീകളുടെ പ്രവർത്തനങ്ങൾ മുമ്പുള്ളതിനെക്കാളും തീവ്രവും വ്യാപ്തിയുമുള്ളതുമാകുന്നു. ആശയനിർമ്മിതിയുടെയും വിനിമയത്തിന്റെയും വ്യാപ്തിയാണ് ഒരു സമൂഹത്തെ നിർണയിക്കുന്നതെങ്കിൽ ഇന്ന് സ്ത്രീയുടെ സ്ഥാനം അനിഷേധ്യമാണ്. സ്ത്രീകൾ അവരുടെ ശരീരംകൊണ്ടും ശരീരഭാഷകൊണ്ടും രൂപീകരിക്കുന്ന ഭാഷയും വൈകാരികമണ്ഡലം നിർമ്മിക്കുന്ന ഭാഷയും ഒരുവശത്ത് നിൽക്കുമ്പോൾ ബൗദ്ധികവിശകലനങ്ങളിലൂടെ രൂപീകരിക്കുന്ന സംവാദാത്മകമായ ഭാഷകളും പ്രതിഷേധങ്ങളുമെല്ലാം മറുവശത്ത് ഊഷ്മളതയോടെ അലയടിക്കുന്നു. സ്ത്രീസമൂഹം രൂപീ

കരിക്കുന്ന ആശയങ്ങളുടെ ബഹുസ്വഭാവവും ബഹുസ്വരതയുമാണ് ഇന്ന് അതിന്റെ പ്രസക്തി നിർണയിക്കുന്നത്.

**പ്രായോഗിക പക്ഷം**

കുറെ അധികം പഠനങ്ങളും നിരീക്ഷണങ്ങളും സിദ്ധാന്തങ്ങളും സൈബർഫെമിനിസ്റ്റുകൾ മുന്നോട്ടു വെച്ചെങ്കിലും യഥാർത്ഥ ജീവിതത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പലതാണ്. ഈ പ്രശ്നങ്ങളെപറ്റി സൈബർ ഫെമിനിസ്റ്റുകൾ ബോധവതികളുമാണ്. സൈബർ സ്പേസ് സ്ത്രീകളെ കേവലമായ ലൈംഗികതയ്ക്കുവേണ്ടി പലവിധത്തിൽ ചൂഷണംചെയ്യുന്നു. വർത്തമാനകാലത്ത് ഏറ്റവും കൂടുതൽ അതിക്രമങ്ങൾ സ്ത്രീകൾക്കു നേരെ നടക്കുന്നത് മാധ്യമങ്ങളുമായി ബന്ധപ്പെട്ടുതന്നെയാണ്. നവമാധ്യമങ്ങളും സൈബർ സാങ്കേതികതയും കൊണ്ടുമാത്രം സ്ത്രീകളുടെ ശാക്തീകരണത്തിന് കാരണമാകുമെന്ന വിശ്വാസം ഒരു ഉടോപ്യൻ സ്വപ്നമാണ്. സൈബർ ഫെമിനിസ്റ്റുകൾക്ക് സൈബർ സ്പെയിസിലെ വെർചൽലോകത്തിലൂടെയല്ലാതെ വസ്തുതകളെ കാണുവാനും വിലയിരുത്തുവാനുമുള്ള രാഷ്ട്രീയബോധം അനിവാര്യമാണെന്ന് ഈ കാലഘട്ടത്തിലെ ഒരു പക്ഷം പഠിതാക്കൾ നിർദ്ദേശിക്കുന്നു. സ്ത്രീകളുടെ പാർശ്വവത്കരണത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. ആൺ അധികാരം അനിവാര്യതയാണെന്ന സാമൂഹ്യബോധം എല്ലാ മേഖലകളിലും ശക്തമായി. ഇതിനെ നിഷേധിക്കാനും പ്രതിരോധിക്കാനും ശക്തമായ ബൗദ്ധിക പ്രവർത്തനങ്ങൾ ആവശ്യമാണ്. നവമാധ്യമങ്ങളിലൂടെ സ്ത്രീവരുദ്ധമായ അവസ്ഥകളെ നിരന്തരം സംവാദാത്മകമാക്കുന്നതിലൂടെ പുത്തൻ മനോഭാവം രൂപപ്പെടുത്തുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സ്ത്രീസമൂഹം. വർത്തമാനകാല മാധ്യമവിനിമയാവസ്ഥയുമായി/ സൈബർ അന്തരീക്ഷവുമായി ബന്ധിപ്പിച്ച് സ്ത്രീകളുടെ സാധ്യതകൾ നിരീക്ഷിക്കാനും അത് സംവാദാത്മകമായി സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാനും സൈബർ ഫെമിനിസ്റ്റുകൾക്ക് കഴിഞ്ഞു. ഇതുതന്നെയാണ് സൈബർ ഫെമിനിസത്തിന്റെ കാലികപ്രസക്തി അക്കാദമിക മേഖലയിലും സ്ത്രീവിമോചന മേഖലയിലും സംവാദാത്മകതയോടെ സജീവമാക്കുന്നത്.

സൈബർമേഖല അനുദിനം വൈവിധ്യമുള്ള പാഠങ്ങൾ കൊണ്ടും സിദ്ധാന്തങ്ങൾ കൊണ്ടും സജീവമായിക്കൊണ്ടിരിക്കുമ്പോൾ തന്നെ സൈബർഫെമിനിസ്റ്റുകൾ അതിനനുസരിച്ച് അവരുടെ പഠന നിർണയങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നുണ്ട്. ഈ അവസ്ഥ സൈബർ ഫെമിനിസത്തെ സജീവമാക്കി നിർത്തുവാൻ ഉപകരിക്കുന്നു. പ്രാദേശികമായി വരെ ഓരോ സ്ഥലത്തും രൂപപ്പെട്ടുവരുന്ന സ്ത്രീകൂട്ടായ്മകൾ നവമായ രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും

സൈബർഫെമിനിസ്റ്റുകളുടെ തീക്ഷ്ണമായ ചിന്തകൾ കാരണമായിട്ടുണ്ട്. ആഗോളസമൂഹത്തിലെ സ്ത്രീകളെ സൈബർസ്പേസിന്റെ വിപുലമായ പൊതുമണ്ഡലത്തിൽ എത്തിക്കുവാനും സംവാദാത്മകമായ ചിന്തകളിലേക്ക് അവരുടെ ബുദ്ധിയേയും പ്രവർത്തനങ്ങളേയും നയിക്കുവാനും സൈബർഫെമിനിസ്റ്റുകളുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## Bibliography


1. Bialkowska. Renata. “Cyberfeminism: Its Histroy and Relevance Today”. June 16.2013. Web Consalio, Mia. “Cyberfeminism” *Encyclopedia of New Media* n.d.Web.
2. Braidotti. R 1996: Cyberfeminism with a Difference http://www.let.uu.nl/Womens studing/rosi/cyberform.htm.
3. Gajjala, Radhika, Yeon Ju Oh. *Cyberfeminism* 2.0 New York. Peter Lang Pub Inc . 8 Feb 2012. Print.
4. Haraway, Donna. Simians, Cyborges and Women: The Reinvention of Natur. Routledge , New York. 1991. Print.
5. Paasonan, Susannah. “Revisiting Cyberfeminism” *The European Journal of Communications Research* . 36(2011)335-352.http://www.jenjenson/courses/gendertech/wp-content/uploads/2010.pdf
6. Plant, Sadie 1997: Zero+ Ones=Digital Women + the New Technoculture London: Fourth Estate .
7. Spender Dale 1995 Nattering on the Net: Women, Power and Cyberspace, N. Melbourne, Victoria: Spinifex Press.
8. VNS Matrix 1991.: Cyber Feminist manifesto. http:// www.syxorg/gashiel/VNS/ TEXT/PINKmani .HTM.get
9. Volkart, Y. “Techniques of Cyberfeminism : Strategic Sexulisations Between Method and Fantasy. 2002. <http://www.obn.org/reading-room/writings/html>

# സൈബർ സംസ്കാരവും സൈദ്ധാന്തികരും

ഡോ. തോമസ് സ്കറിയ

സമൂഹത്തിന്റെ സൂചകമാകുന്ന പ്രയോഗങ്ങളെ സമസ്ത മാനങ്ങളിലും ക്രമപ്പെടുത്തുന്നവയെ ഉൾക്കൊള്ളുന്ന വ്യവസ്ഥയാണ് സംസ്കാരം. അനുഷ്ഠാനങ്ങൾ, കഥകൾ, വിനോദോപാധികൾ, ജീവിതശൈലി, കായികവിനോദം, വ്യവസ്ഥകൾ, വിലക്കുകൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ തുടങ്ങിയ ഒരു സമൂഹത്തിന്റെ എല്ലാ പ്രധാനശീലങ്ങളെയും അതുൾക്കൊള്ളുന്നു. ആഗോളവത്കൃതസമൂഹത്തിൽ അത് കല, ഓപ്പറ, ഫാഷൻ, സിനിമ, ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവയെക്കൂടി സ്വീകരിക്കുന്നു. കർത്തൃത്വം സംസ്കാരത്തിന്റെ ഒരു ഫലമാണ്. മനുഷ്യവർഗ്ഗത്തിന് സംസ്കാരത്തിനു വെളിയിൽ ഇടം ഇല്ല. അതുകൊണ്ട് കാതറിൻ ബെൽസി, സംസ്കാരം നമുക്കറിയാവുന്ന എല്ലാം ഉൾക്കൊള്ളുന്ന ഒന്നാണെന്ന് അഭിപ്രായപ്പെടുന്നു. ആ അർത്ഥത്തിൽ നമ്മൾ എല്ലായ്പോഴും സംസ്കാരത്തിനുള്ളിലാണ്. നമ്മൾ ചെയ്യുന്നതിനെക്കുറിച്ച് നമുക്കെന്തറിയാമോ അതാണ് സംസ്കാരം. അതിന്റെ സവിശേഷതകളെ ഇങ്ങനെ ചുരുക്കി പ്രതിപാദിക്കാം.

- സംസ്കാരം ശീലിക്കുന്നതാണ്.
- സംസ്കാരം പങ്കുവയ്ക്കുന്നതാണ്.
- സംസ്കാരം സമന്വയിക്കലാണ്.
- സംസ്കാരം ചലനാത്മകമാണ്.

സാമൂഹിക ജീവിതത്തിന്റെ സമസ്ത തലത്തേയും ആകൃതിപ്പെടുത്തുന്ന പ്രയോഗങ്ങളിലും പ്രതിനിധാനങ്ങളിലും ആഴ്ന്നിരിക്കുന്ന സംസ്കാരത്തെ അതുകൊണ്ടുതന്നെ റയ്മണ്ട് വില്യംസ് 'ജീവിതരീതി' എന്നു നിർവ്വചിക്കുന്നു. പാഠങ്ങൾ, ബിംബങ്ങൾ, ഭാഷണം, പെരുമാറ്റരീതികൾ, ആഖ്യാനഘടകങ്ങൾ എന്നിവയെല്ലാം അതിൽ വരുന്നു. സംസ്കാരത്തോടൊപ്പമോ സംസ്കാരത്തിലോ എങ്ങനെ വ്യക്തമാ

ക്കപ്പെടുന്നു എന്നും എങ്ങനെ ജനങ്ങൾ ദൈനംദിനജീവിതം രൂപപ്പെടുത്തുന്നു എന്നും ഉള്ള വിശദീകരണമാണ് സംസ്കാരപഠനം.

**സൈബർസംസ്കാരം**

ആധുനിക സമൂഹത്തെ മാർക്സിസം മുതലാളിയും തൊഴിലാളിയും ബൂർഷ്വാസിയും പ്രോലിറ്റേറിയറ്റും തമ്മിലുള്ള വൈരുദ്ധ്യത്തെ ആസ്പദമാക്കി നിർവ്വചിക്കുന്നു. സമൂഹം വൈരുദ്ധ്യം നിറഞ്ഞതാണെന്ന വാദത്തെ ഫ്രാങ്കോ പെറോക്സ് നിഷേധിക്കുന്നില്ല. അദ്ദേഹം വ്യവസായ യുഗത്തിൽ യാഥാർത്ഥ്യവുമായി അടുത്തുനില്ക്കുന്നതെന്ന് അദ്ദേഹത്തിന് തോന്നുന്ന ഒരു വിഭജനം നടത്തുന്നു. യന്ത്രങ്ങളുടെ അധിപരും ദാസരുമെന്നായിരുന്നു ആ വിഭജനം. അധിപർ എന്നു പറയുന്നതിൽ യന്ത്രങ്ങളുടെ ഉടമ മാത്രമല്ല ഉൾപ്പെടുന്നത്. ടെക്നീഷ്യന്മാരും അഡ്മിനിസ്ട്രേറ്റർമാരുമൊക്കെയുണ്ട്. വാസ്തവത്തിൽ, ആധുനിക സമൂഹം കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരും ഉപയോഗിക്കുന്നില്ലാത്തവരും എന്ന അവസ്ഥയിൽ നിന്നുപോലും പരിവർത്തിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ലോകം ഇന്റർനെറ്റ് പൗരന്മാരുടേതായിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ഇന്റർനെറ്റിലൂടെ നിറവേറ്റപ്പെടുന്ന പ്രവർത്തനങ്ങളെയും ഫലവത്താകുന്ന സാമൂഹികചലനങ്ങളെയും സൂചിപ്പിക്കുവാനായി 'സൈബർ' എന്ന ഉപസർഗ്ഗപദം ഉപയോഗിക്കുന്നു. സൈബർ ആക്ടിവിസം, സൈബർ കഫേ, സൈബർ ആർട്ട് തുടങ്ങിയവ അങ്ങനെ രൂപപ്പെട്ടതാണ്. അത്തരം ആക്ടിവിറ്റികളെയെല്ലാം സൂചിപ്പിക്കുവാനായി സമൂഹത്തിൽ സൈബർ സംസ്കാരം എന്ന ഒരു പുതുസങ്കല്പം തന്നെ രൂപംകൊണ്ടു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഇന്റർനെറ്റിന്റെ സുശക്തഫലത്തെ ഗ്രഹിക്കുന്നതിനായി ചില പണ്ഡിതന്മാർ ഒരു സങ്കല്പമെന്ന നിലയിൽ ഉപയോഗിച്ചതാണ് സൈബർ സംസ്കാരം. പിയറേ ലെവി അക്കൂട്ടത്തിൽ പ്രധാനിയാണ്.

**സൈബർസംസ്കാര പഠനം**

സൈബർ സംസ്കാരം സൈബർ സ്ഥലത്തിലെ ജീവിതരീതിയാണ് അഥവാ സൈബർ സ്ഥലത്തു രൂപപ്പെടുന്ന ജീവിതരീതിയാണ്. അക്കാദമിക് അന്വേഷണത്തിന്റെ ഒരു മേഖലയായി അതും മാറിയിട്ടുണ്ട്. അതിനെക്കുറിച്ചു പഠിക്കുന്ന ശാഖയ്ക്ക് സൈബർ സംസ്കാര പഠനമെന്നു പറയുന്നു. അതിന്റെ പരിധിയിൽ എന്തെല്ലാം വരുമെന്നു ഡേവിഡ് ബെൽ വ്യക്തമാക്കുന്നുണ്ട്.

1. റോബോട്ടുകൾ, കൃത്രിമബുദ്ധി, കൃത്രിമജീവിതം, നാനോ ടെക്നോസയൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
2. ശാസ്ത്രത്തിന്റെ ചരിത്രത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ.
3. പുതുസാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നവർ, ഉപയോഗങ്ങൾ,

അവയുടെ സുശക്ത ഫലങ്ങൾ എന്നിവയുടെ സാമൂഹികതല ങ്ങൾ.

4. ശാസ്ത്രസാങ്കേതികവിദ്യയുടെ തത്ത്വശാസ്ത്രം
5. സൈബർ സ്ഥലം, സൈബർ സംസ്കാരം.
6. സൈബർ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നതിൽ ദാർശനിക സിദ്ധാന്തങ്ങളുടെ പ്രയോഗം.
7. സൈബർ ഫെമിനിസം, സൈബോർഗ് ഫെമിനിസം എന്നിവ ഉൾപ്പെടെ ശാസ്ത്രത്തെക്കുറിച്ചും സാങ്കേതികവിദ്യയെക്കുറിച്ചു മുള്ള ഫെമിനിസ്റ്റ് പഠനങ്ങൾ.
8. സൈബർ മനഃശാസ്ത്രം (സൈബർ സ്ഥലത്തിന്റെ മനോവൈ ജ്ഞാനിക സ്വാധീനം)
9. സൈബർ സംസ്കാര രൂപങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ നേർക്കുള്ള സൈബർ സ്ഥലത്തിന്റെ ഭൗതികാത്മകവും പ്രതീ കാത്മകവും പരീക്ഷണാത്മകവുമായ മാനങ്ങൾ ഗ്രഹിക്കുന്ന സംസ്കാരപഠന സമീപനങ്ങൾ.
10. പുതുസാങ്കേതികവിദ്യകളുമായി സർഗ്ഗാത്മക കലകൾക്കും പ്രയുക്ത കലകൾക്കുമുള്ള പാരമ്പര്യത്തെക്കുറിച്ചുള്ള പഠനം.
11. പുതുസാങ്കേതികവിദ്യകളുടെ ലാവണ്യശാസ്ത്രപഠനം
12. പുതുസാങ്കേതികവിദ്യകളുടെ ഭാഷകൾ ഉൾപ്പെടുന്ന ഭാഷാശാ സ്ത്രത്തെക്കുറിച്ചുള്ള ഗവേഷണം.

ഇങ്ങനെ അനവധി വിഷയങ്ങളും വിജ്ഞാനമേഖലകളും ഉൾ പ്പെടുന്ന സൈബർ സംസ്കാരപഠനം ഒരു സങ്കീർണ്ണ പഠനശാഖയാണ്. ഇന്റർനെറ്റ് ഗാലക്സി പഠനങ്ങളുടെ ഭൂപടത്തിന് നാല് ആകർഷക കേന്ദ്രങ്ങളുണ്ട്. (1) സൈബർ സംസ്കാരം ഇന്റർനെറ്റ് സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള ഒരു നൂതന സംസ്കാര മാതൃക യെന്ന നിലയിൽ, (2) ഇന്റർനെറ്റ് ആവിർഭാവ സംസ്കാരമെന്ന നിലി യിൽ, (3) ഇന്റർനെറ്റിൽ വികസിക്കുന്ന സാംസ്കാരികോത്പന്നങ്ങ ളെന്ന നിലയിൽ, (4) ഒരു മാധ്യമരൂപമെന്ന നിലയിൽ. ഈ നാലു മൂലകങ്ങളും സംസ്കാരത്തെ സംപ്രത്യയവല്കരിക്കുന്നു നാലു പ്രധാന തരംഗങ്ങളാണ് – സംസ്കാരത്തെ ഒരു അനുരൂപീകരണ തന്ത്രമെന്ന നിലയിൽ, ഒരു സമഗ്ര വ്യവസ്ഥയെന്ന നിലയിൽ, ഒരു പ്രതീകാത്മക ക്രമമെന്ന നിലയിൽ, ഒരു സൂചകപ്രയോഗമെന്ന നിലയിൽ. ഈ വ്യത്യസ്ത സാംസ്കാരിക പരിപ്രേഷ്യങ്ങൾ സൈബർ സംസ്കാര പഠനങ്ങളിലെ ഗവേഷണങ്ങളിൽ നാലു പ്രധാന ശ്രദ്ധാകേന്ദ്രങ്ങളു മായി ബന്ധപ്പെട്ടു നിൽക്കുന്നു. (1) ഇന്റർനെറ്റ് ഒരു സാങ്കേതികവിദ്യ

യെന്ന നിലയിൽ, (2) ഇന്റർനെറ്റ് ഒരു പുതു സാമൂഹിക സാഹചര്യമെന്ന നിലയിൽ, (3) ഇന്റർനെറ്റ് ഒരു പുതു സർഗ്ഗാത്മകോപകരണമെന്ന നിലയിൽ, (4) ഇന്റർനെറ്റ് ഒരു വിനിമയ മാധ്യമമെന്ന നിലയിൽ. താഴെ കൊടുക്കുന്ന പട്ടിക നോക്കുക.

| **ഒരു പുതു സാംസ്കാരിക മാതൃക** | **ഇന്റർനെറ്റ് സംസ്കാരം** |
|---|---|
| ഇന്റർനെറ്റ് ഒരു സാങ്കേതിക വിദ്യയെന്ന നിലയിൽ | സൈബർ സ്പെയിസ് ഒരു പുതു സാമൂഹിക പ്രകരണമെന്ന നിലയിൽ |
| ഒരു പുതു സമൂഹത്തിന്റെ ആവിർഭാവം | സാംസ്കാരിക രൂപങ്ങളുടെ ആവിർഭാവം |
| സാമൂഹിക സാംസ്കാരിക മാറ്റം | പ്രതീതി സമൂഹം |
| സംസ്കാരം ഒരു അനുരൂപീകരണ തന്ത്രമെന്ന നിലയിൽ | സംസ്കാരം ഒരു വ്യവസ്ഥാ സമഗ്രതയെന്ന നിലയിൽ |
| **ഒരു സാംസ്കാരികോത്പന്നം** | **ഒരു മാധ്യമരൂപം** |
| ഇന്റർനെറ്റ് ഒരു ഉപകരണമെന്ന നിലയിൽ | വിനിമയ മാധ്യമമെന്ന നിലയിൽ ഇന്റർനെറ്റ് |
| സർഗ്ഗാത്മക ഉല്പന്നം | ഉപഭോഗശീലങ്ങൾ |
| ഡിജിറ്റൽ സംസ്കാരം | മാസ് മീഡിയായെ വെല്ലുവിളിക്കുന്ന മാധ്യമരൂപം |
| സംസ്കാരം പ്രതീകാത്മകോത്പന്നമെന്ന നിലയിൽ | സാമൂഹിക പ്രയോഗമെന്ന നിലയിൽ സംസ്കാരം |

തിരശ്ശീലയിലെ ജീവിതം, നെറ്റ്വർക്ക് സമൂഹം, സൈബോർഗ് രീതികൾ, പ്രവാഹപ്രദേശങ്ങൾ എന്നിവയൊക്കെ പരിശോധിച്ചും പരിഗണിച്ചും വികസിക്കുന്ന സൈബർ സംസ്കാരപഠനത്തിനു ആമുഖമായി 'സൈബർ സ്ഥല'ത്തെ പരിചയപ്പെടുത്തേണ്ടതുണ്ട്.

**സൈബർ സ്ഥലം**

ലോകത്തിലെ എല്ലാ അറിവുകളാലും നിർമ്മിക്കപ്പെടുന്ന ഒരു പ്രതീതി ഭൂഭാഗത്തെ വിശദീകരിക്കുവാനായി സൈബർ പങ്ക് (cyber punk) എഴുത്തുകാരൻ വില്യം ഗിബ്സൺ നിർമ്മിച്ച സംജ്ഞയാണ് സൈബർ സ്ഥലം (cyber space). നവസൈദ്ധാന്തികമൂർച്ഛയെന്നു വിളിച്ചതിൽ നിന്നു രൂപംകൊണ്ട ഈ സ്ഥലനാമത്തെ വില്യം ഗിബ്സൺ തന്റെ നോവലായ Neuromancer (1984)-ൽ വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിവിധ വിശദീകരണങ്ങളെ പിന്തുടർന്നു കണ്ടെത്തുന്ന സൈബർ സ്ഥലത്തെ ഗിബ്സോണിയൻ സൈബർ സ്പെയ്സ് എന്നു വിളിക്കുന്നു. ജോൺ പെറിബാർലോയെന്ന അമേരിക്കൻ സൈബർ ഗുരുവാണ് കമ്പ്യൂട്ടർ നെറ്റ്വർക്കുമായി ബന്ധപ്പെടുത്തി സൈബർ

സ്ഥലമെന്ന് ആദ്യമായി പ്രയോഗിച്ചത്. അദ്ദേഹത്തിന്റെ വിവരണത്തെ ആധാരമാക്കിയുള്ള സൈബർ സ്ഥലത്തെ ബാർലോവിയൻ സൈബർ സ്പെയ്സ് എന്നും വിളിക്കുന്നു. ഇവ തമ്മിൽ താരതമ്യം ചെയ്യപ്പെട്ടിട്ടുണ്ട്. സൈബർ സ്പെയ്സ് ഒരു സാങ്കല്പിക സ്ഥലമാണ്. കമ്പ്യൂട്ടേഷണൽ ഡിവൈഡുകൾക്കിടയിൽ നിലനിൽക്കുന്ന സാങ്കല്പിക സ്ഥലത്തെ സൂചിപ്പിക്കുവാനുള്ള ഒരു രൂപകമെന്നു പറയാം. അതു ഭാവനയിലും കല്പിത കഥകളിലുമൊക്കെ നിലനില്ക്കുന്നു.

സൈബർ സ്ഥലത്തെ ഒരു സമാന്തരപ്രപഞ്ചമായി, പൊതുമനോഭൂഭാഗമായിട്ടൊക്കെ വിശേഷിപ്പിക്കുന്നു. ഇതൊരു പ്രതീതി സ്ഥലമാണെന്നും അതു നിലനില്ക്കുന്നതല്ലെന്നും വാദിക്കുന്നവരുണ്ട്. ബ്രിട്ടീഷ് ദാർശനികനായ കാൾ പൊപ്പെർ (1902-98) മൂന്നു ലോകങ്ങളുടെ അസ്തിത്വത്തെ പരിഗണിച്ചു. ഭൗതിക വസ്തുക്കൾ, സംഭവങ്ങൾ, ജീവനുള്ള വസ്തുക്കൾ എന്നിവയുടെ ലോകമാണ് അതിൽ ആദ്യത്തേത്. മാനസിക സംഭവങ്ങളുടെയും വസ്തുക്കളുടെയും ലോകമാണ് രണ്ടാമത്തേത്. മൂന്നാമത്തേതാകട്ടെ മനുഷ്യമനസ്സിന്റെ ഉല്പന്നങ്ങളുടെ ലോകവും. അതിൽ അമൂർത്തവസ്തുക്കളും ഉൾപ്പെടുന്നു; സിദ്ധാന്തങ്ങൾ, സമവാക്യങ്ങൾ, ജ്ഞാനം എന്നിങ്ങനെ. മറ്റു രണ്ടു ലോകങ്ങളെയും അപേക്ഷിച്ച് മൂന്നാമത്തെ ലോകത്തിന് സ്വയംഭരണ പ്രാപ്തിയുണ്ട്. അതിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഒന്നും രണ്ടും ലോകങ്ങളെ ബാധിക്കും. സൈബർ സ്ഥലവും സംസ്കാരവും സംബന്ധിച്ച ചർച്ചകളൊക്കെ മൂന്നാമത്തെ ലോകത്തെക്കുറിച്ചുള്ളതാണ്. സൈബർ സ്ഥല രൂപകല്പനയ്ക്കും നിർമ്മിതിക്കും മിഷേൽ ബനഡിക്ട് ഏഴു തത്ത്വങ്ങൾ അവതരിപ്പിക്കുന്നു.

1. രണ്ടു വസ്തുക്കൾ ഒരേ സ്ഥലത്ത് ഒരേ സമയം ഇല്ലായെന്നുള്ള തത്ത്വം - ഒഴിവാക്കൽ.
2. പരമാവധി ഒഴിവാക്കൽ
3. ഉപയോക്താക്കൾക്ക് സ്വതന്ത്രമായ അസ്തിത്വം-നിഷ്പക്ഷത.
4. വിവരങ്ങളുടെ അളവ് സ്ഥലത്തിലും സ്ഥലത്തിൽ സ്ഥലത്തിന്റെ അളവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച തത്ത്വം-മാപന തത്ത്വം.
5. സംക്രമണ തത്ത്വം
6. സൈബർ സ്ഥലത്തിന്റെ ഉപയോക്താവിനെ മറ്റും ഉപയോക്താക്കൾക്കു കാണാൻ സാധിക്കുന്നു - വ്യക്തിപരമായ ദൃശ്യത.
7. സാർവ്വജനീനത്വം-സൈബർസ്ഥലത്തിൽ സാമൂഹിക യാഥാർത്ഥ്യത്തെ ഷെയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട തത്ത്വം. വ്യക്തികൾക്ക് ഒരേ കാര്യം തന്നെ സൈബർ സ്ഥലത്തിൽ കാണു

കയും കേൾക്കുകയും ചെയ്യാൻ സാധിക്കുന്നു.

ജീവിതം സ്ക്രീനിലേക്കു ചുരുങ്ങുകയും സൈബർ സ്ഥലത്തു കാണാമെന്നാവുകയും ചെയ്തതോടെ ജീവിതം ഓഫാവുകയും ലൈൻ ഓണാവുകയും ചെയ്യുന്നു. അതോടെ സൈബർ സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് പ്രാധാന്യമേറി. സൈബർ സംസ്കാരത്തെക്കുറിച്ചുള്ള ചിന്തകൾ പ്രതിനിധാനങ്ങൾ, അർത്ഥങ്ങൾ, ഇമേജുകൾ എന്നിവയെ ഉൾക്കൊള്ളുന്നു. പുതുസാങ്കേതിക വിദ്യകൾ മാറ്റുകയോ മാറ്റുന്നതോ മാറ്റാവുന്നതോ ആയ നമ്മുടെ ജീവിതങ്ങളെക്കുറിച്ചും അങ്ങനെ രൂപപ്പെടുന്നതുമായ നമ്മളെക്കുറിച്ചുമുള്ള ചിന്തകളാണ് സൈബർ സംസ്കാരത്തിന്റെ ഭൂമിക. ഡേവിഡ് സിൽവൽ പോപ്പുലർ സൈബർ സംസ്കാരം, സാമൂഹിക സൈബർ സംസ്കാരം, വിമർശനാത്മക സൈബർ സംസ്കാരം എന്നിങ്ങനെ അത്തരം പഠനത്തിന് മൂന്നിഴകൾ കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യയും മനുഷ്യനും തമ്മിലുള്ള ഭൗതികവത്കരിക്കപ്പെട്ട ബന്ധങ്ങളെ പരിചരിക്കുന്നവയാണ് സൈബർ സംസ്കാരത്തെക്കുറിച്ചുള്ള കഥപറച്ചിലുകൾ. സൈബർ ഭൗതികസംസ്കാരത്തെ ഗ്രഹിക്കുവാനും അവ നമ്മളിൽ ഉണർത്തുന്ന ചിന്തകളും അനുഭൂതികളും ഉപയോഗങ്ങളും ഇടപെടലുകളും അറിയുവാനും അത്തരം കഥപറച്ചിലുകൾ സഹായിക്കുന്നു. കമ്പ്യൂട്ടറുകൾ 'ഉറ്റമിത്രം' പോലെ 'ഉറ്റയന്ത്ര'മായി മാറുന്നു. ഇത്തരം യന്ത്രങ്ങൾ ഒരു പുതുവർഗ വ്യവസ്ഥയ്ക്കു രൂപം നല്കുന്നു. അത് അവയുടെ ഉപയോഗിക്കലുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ആർജ്ജിക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു. കമ്പ്യൂട്ടറിനു മുന്നിൽ ഇരുന്ന് ഇന്റർനെറ്റിലേക്കു പ്രവേശിക്കുമ്പോൾ സൈബർ സ്പെയിസിലേക്കു നമ്മുടെ ബോധത്തെ അപ്‌ലോഡ് ചെയ്യുന്നു. അങ്ങനെ നമ്മൾ ബന്ധപ്പെടുന്ന ആശയങ്ങൾ, വ്യക്തികൾ അവ അഥവാ അവർ നല്കുന്ന വിവരങ്ങൾ, ബന്ധങ്ങൾ എന്നിവ കണക്ടിവിറ്റിയുടെ പുതിയ രൂപമാണ്. കമ്പ്യൂട്ടറിനു മുന്നിൽ ഇന്റർനെറ്റിന്റെ ലോകത്തിൽ നമ്മുടെ മനസ്സ് ബന്ധപ്പെട്ടു നില്ക്കുന്ന ഹൈപ്പർ ലിങ്കുകളിൽ ആധുനിക പഠനങ്ങൾ അന്തർപാഠപരതയാണു കാണുന്നത്.

പുതുഗ്ലോബൽ സാംസ്കാരിക സമ്പദ്‌വ്യവസ്ഥയെ വിശ്ലേഷകമായ പ്രവാഹങ്ങൾ അഥവാ ഒഴുക്കുകളായി നരവംശശാസ്ത്രജ്ഞനായ അർജുൻ അപ്പാദുരൈ രേഖപ്പെടുത്തുന്നു. അദ്ദേഹം അഞ്ചു പ്രവാഹങ്ങളെ തിരിച്ചറിഞ്ഞു. അവ താഴെ പരാമർശിക്കുന്നവയാണ്.

1. എത്തനോസ്കേപ്പ് - ജനപ്രവാഹം
2. ടെക്നോസ്കേപ്പ് - യന്ത്രപ്രവാഹം
3. ഫിനാൻസ്കേപ്പ് - പണപ്രവാഹം

4. മീഡിയാസ്കേപ് - ബിംബപ്രവാഹം
5. ഡിയോസ്കേപ് - ആശയപ്രവാഹം

**സൈബർ സംസ്കാര സൈദ്ധാന്തികർ**

അപ്പാദുറൈയുടെ ആശയങ്ങളെ പിന്തുടർന്ന് ഗ്ലോബൽ സമ്പദ് വ്യവസ്ഥയുദിക്കുന്നത് വിവരാധിഷ്ഠിത ഉല്പാദനവും മത്സരവും വഴിയാണെന്ന് വാദിച്ച 'മാനുവൽ കാസ്റ്റെൽസ്' സൈബർ സംസ്കാര സൈദ്ധാന്തികരിൽ പ്രമുഖനായി അറിയപ്പെടുന്നു. നെറ്റ്വർക്ക് സമൂഹത്തിന്റെ വഴക്കമുള്ള ഘടനയെ നിയന്ത്രിക്കുന്നത് ഓൺ അല്ലെങ്കിൽ ഓഫ് എന്ന ലളിത ദ്വന്ദ്വയുക്തിയാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. നെറ്റ്വർക്കേഴ്സിന്റെ തൊഴിൽ, ജീവിതമാതൃകകളെ അപഗ്രഥിക്കുവാൻ അദ്ദേഹം തന്റെ ജീവിതത്തിലെ നല്ലൊരു സമയം തന്നെ ചിലവഴിക്കുകയുണ്ടായി. വിനിമയത്തിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ സാങ്കേതിക വിദ്യകൾ സംസ്കാരത്തെ മാറ്റിത്തീർക്കുന്നുവെന്നും കാസ്റ്റൽസ് വാദിക്കുന്നു. ഇന്റർനെറ്റിന്റെ സംസ്കാരത്തിലേക്കു ലോകം പതിയെ പരിവർത്തിക്കപ്പെടുകയാണ്. ഹാക്കർ സംസ്കാരമൊക്കെ അങ്ങനെ വരുന്നതാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. സുരക്ഷിതത്വമെന്ന സങ്കല്പമായിരിക്കും ലോകം ഇനി നേരിടാൻ പോകുന്ന ഒരു വലിയ ഭീഷണിയെന്നു റ്റോം സ്റ്റാൻഡേജും സാങ്കേതികവിദ്യയുടെ ഭാവിയെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്. വിവര വിജ്ഞാന യുഗത്തിലെ സമ്പദ്വ്യവസ്ഥ, സമൂഹം, സംസ്കാരം എന്നിവയെക്കുറിച്ചൊക്കെ കാസ്റ്റെൽസ് പഠിക്കുകയുണ്ടായി. നെറ്റ്വർക്ക് സമൂഹത്തിന്റെ സമ്പദ്ഭൂമിശാസ്ത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന information technology and global capitalism (2000), നെറ്റ്വർക്ക് സമൂഹത്തിൽ ഇന്റർനെറ്റിന്റെ റോളിനെക്കുറിച്ചു നടത്തിയ പ്രഭാഷണങ്ങൾ സമാഹരിച്ച The Internet Galaxy തുടങ്ങിയവ കാസ്റ്റെൽസിന്റെ പ്രധാന കൃതികളാണ്. അദ്ദേഹത്തിനു ശേഷം സൈബർ സംസ്കാര പഠനത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച സൈദ്ധാന്തിക ഡോണാ ഹാരാവേയാണ്. എൺപതുകളിൽ അവർ എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച Simians Cyborgs and women (1991) എന്ന കൃതിയിൽ 'സൈബോർഗ് മാനിഫെസ്റ്റോ'യും ഉൾപ്പെടുത്തിയിരിക്കുന്നു. "In short, we are all cyborgs. the cyborg is our ontology; it gives us our politics" എന്നതാണ് അവരുടെ പ്രിയപ്പെട്ട ആശയം. പുതുലോകക്രമത്തിൽ സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ വിധിയും ഭാവിയും എന്താണെന്ന് അവർ അന്വേഷിക്കുന്നു. സൈബോർഗ് ഫെമിനിസത്തെ ശക്തമായ ഒരു മേഖലയാക്കി അവർ മാറ്റുകയുണ്ടായി. സൈബോർഗ് മാനിഫെസ്റ്റോ ഒരു പുതിയ മേഖലയെ സാംസ്കാരികാന്വേഷണത്തിൽ, രാസത്വരണവിധേയമാക്കുകയുണ്ടായി. സൈബോർഗോലോജി

(cyborgology) എന്ന് അത് അറിയപ്പെടുന്നു.

ക്രിസ് ഗ്രേ, കാറ്റി കിംഗ്, ഹേലാ സാൻഡോവൽ തുടങ്ങിയവർ ഡോണാ ഹാരാവേയെ പിന്തുടർന്ന സൈദ്ധാന്തികരാണ്. സൈബർ സംസ്കാരത്തിന്റെ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയിൽ നിന്നും സൈബർ സംസ്കാരത്തിന്റെ സമസ്ത ലാൻഡ്സ്കേപ്പിലേക്കും വികസിക്കുന്ന തലത്തോളം ഈ മേഖലയിലെ പഠനങ്ങൾ ഇന്ന് വികസിച്ചിരിക്കുന്നു.

ഇൻർനെറ്റ് ഉപയോഗത്തിലൂടെ സാമൂഹിക ബന്ധത്തിലും സ്വത്വബോധത്തിലും സമൂഹത്തിലും ഉണ്ടാകുന്ന മാറുന്ന വ്യവസ്ഥകളിൽ നിന്ന് ആവിർഭവിക്കുന്ന സാംസ്കാരിക മാതൃകകളെ സാമൂഹ്യ പഠനത്തിന്റെ കാതലായി പരിഗണിക്കുകയാണ് സൈബർ സംസ്കാര സൈദ്ധാന്തികർ പൊതുവെ അവലംബിക്കുന്ന തന്ത്രം. അവരിൽ ചിലരാകട്ടെ ഒരു പുതുരീതി രാഷ്ട്രീയ പ്രയോഗങ്ങളിലും സാമ്പത്തിക വിനിമയത്തിലും ഇന്റർനെറ്റ് വരുത്തുന്നുവെന്ന് ചിന്തിക്കുന്നു. അങ്ങനെ ഒരു പുതുയുഗത്തിന് രൂപം നൽകാൻ കെല്പുള്ള സാങ്കേതികവിദ്യയെന്ന നിലയിൽ ഇന്റർനെറ്റിനെ സമീപിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്ന ഒരു പുതു സാങ്കേതികവിദ്യയെന്ന നിലയിൽ ഇൻർനെറ്റിനെ അവർ കാണുന്നു. ഇതു സൃഷ്ടിക്കുന്ന വിവര വിജ്ഞാനസമൂഹത്തിന് ഒരു പുതു സാംസ് കാരിക ക്രമമായിരിക്കും ഉണ്ടായിരിക്കുക എന്നു പ്രതീക്ഷിക്കുന്നു. നരവംശ ശാസ്ത്രപഠനത്തിന്റെ മേഖലകളെയും സൈബർ സംസ്കാരപഠനത്തിന് ഉപയുക്തമാക്കുന്നതിലേയ്ക്ക് വളർന്നിരിക്കുന്നു. പ്രതീതി സമൂഹം ഒരു പുതിയ ഗോത്രമാണെന്നു (tribe) പറയാം. ഓൺലൈൻ/ഓഫ് ലൈൻ, യഥാർത്ഥം/പ്രതീതി ജോഡികളെ വേർതിരിച്ചു പഠിച്ചുകൊണ്ട് സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ബോധത്തിലെ വ്യത്യാസങ്ങൾ കണ്ടെത്തുന്ന രീതിയും പ്രയോഗിക്കപ്പെടുന്നു. കല, സാഹിത്യം, സംഗീതം എന്നിവയിലെ സർഗ്ഗാത്മക സൃഷ്ടികളെയും ഇരു ജോഡികളുടെയും പ്രതീകാത്മകോത്പന്നമെന്ന നിലയിൽ വിലയിരുത്തുകയും പഠിക്കുകയും ചെയ്തുകൊണ്ട് സൈബർ സംസ്കാരപഠനം ഇന്ന് ഏറെ കാതം മുന്നോട്ടു പോയിരിക്കുന്നു.

### Refrences


1. Catherine Belsey, **Culture and the Real**, Routledge London 2009.
2. David Bell, **Cyberculture Theorists**, Routledge London 2009.
3. Gayatri Chakravorthy Spivak, **In Other Worlds**, Routledge New York 1998.
4. Tom Standage (Ed.), **The Future of Technology**, Viva Books, London 2006.

# സൈബർ പൊതുമണ്ഡലം വ്യാപ്തിയും പ്രസക്തിയും

ജ്വെയ്സ് ജോണി

**ജൈ**വിക സ്വഭാവം പുലർത്തുന്ന ഏതൊരു സമൂഹവും പരിണാമങ്ങൾക്കും പ്രതികരണങ്ങൾക്കും വിധേയമാണ്. കാലാനുസൃതം നവവ്യവഹാരങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയെ പരിഷ്കരിക്കുന്നതിനും ഇത്തരം സാമൂഹ്യ ഇടപെടലുകൾ അനിവാര്യമാണുതാനും. ഉത്തരാധുനികഘട്ടമെന്ന് പൊതുവിൽ വിവക്ഷിക്കപ്പെടുന്ന സമകാലിക സാമൂഹ്യ ചുറ്റുപാടിൽ പുത്തൻ അറിവുകളുടെ നിർമ്മിതിയും അതിന്റെ പ്രക്ഷേപണവും സൈബർ ലോകത്തിന്റെ സ്വാധീനതയിലാണെന്ന് നിരീക്ഷിക്കുന്നതിൽ അതിശയോക്തിയേതുമില്ല. ലോകഭൂപടത്തിൽ തന്നെ സങ്കീർണ്ണവും നിർണ്ണായകവുമായ പല രാഷ്ട്രീയ, സാമൂഹ്യ സമവാക്യങ്ങളെയും രൂപീകരിക്കുന്നതിൽ സൈബർ സ്വാധീനം ഒരു ചാലകശക്തിയായി പ്രവർത്തിക്കുന്നു. 2011ൽ ടുണീസിയയിലും ഈജിപ്തിലും നടന്ന മുല്ലപ്പൂ വിപ്ലവത്തിന്റെയും അറബ് വസന്തത്തിന്റെയും രംഗപാഠമൊരുക്കിയതിന്റെ പിന്നണിയിൽ സൈബർ ഇടപെടലുകളുടെ സാന്നിദ്ധ്യം സുദൃശ്യമാണ്. ഇത്തരം രാഷ്ട്രീയ ഗതിവിഗതികളെ വിശകലനം നടത്തുമ്പോഴാണ് പ്രതീതിയിൽ നിന്ന് സാമൂഹ്യ യാഥാർത്ഥ്യത്തിലേക്കുള്ള അന്തരം ഏറെ നേർത്തതാണെന്ന ബോധ്യം ശക്തിപ്പെടുന്നത്.

ആധുനികാന്തര സൈദ്ധാന്തിക സമീപനങ്ങളിൽ, വിശേഷിച്ച് അന്തർവൈജ്ഞാനിക പഠനങ്ങളിൽ സജീവ ചർച്ചക്ക് വിധേയമായ സംജ്ഞയാണ് പൊതുമണ്ഡലം (Public Sphere). ചരിത്രം, സാമൂഹ്യ ശാസ്ത്രം, രാഷ്ട്രീയം, മാധ്യമ പഠനം തുടങ്ങിയ നിരവധി ശാഖകളിലെ രീതി ശാസ്ത്രങ്ങളുടെ സംഘാതത്തിലൂടെ മാത്രമാണ് പൊതുമണ്ഡലം എന്ന സങ്കൽപ്പനം നിർവ്വചിക്കാൻ സാധിക്കുന്നത്. ജർമ്മൻ സാമൂഹ്യശാസ്ത്രജ്ഞനും തത്ത്വചിന്തകനുമായ യൂർഗൻ ഹാബർമാസ് വിഭാവനം ചെയ്ത പൊതുമണ്ഡലം എന്ന ചിന്താപദ്ധതി സമകാലിക

നവമാധ്യമ നിയന്ത്രിത ലോകത്തിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്നത് അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും സാധ്യത നൽകുന്ന വിഷയമാണ്.

**പൊതുമണ്ഡലം: സിദ്ധാന്തങ്ങൾ, പുനർവായനകൾ**

പൊതുമണ്ഡലം എന്ന പദത്തെ മുൻനിർത്തിയുള്ള ആധുനികാനന്തര സൈദ്ധാന്തിക പരിസരം രൂപപ്പെടുന്നത് യൂർഗൻ ഹാബർമാസിന്റെ *The Structural Transformation of the Public Sphere: An Inquiry into a Category of Bourgeois Society* എന്ന ഗ്രന്ഥത്തിന്റെ പ്രസാധനത്തോടുകൂടിയാണ്. നിരവധി പിൽക്കാല അക്കാദമിക പര്യവേക്ഷണങ്ങൾക്ക് ഇത് വഴിയൊരുക്കുകയായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ രാഷ്ട്രീയ സാമൂഹിക പരിസ്ഥിതികളോട് ബന്ധിപ്പിച്ചുകൊണ്ടാണ് ഹാബർമാസ് പൊതുമണ്ഡലം എന്ന സങ്കൽപ്പനം അവതരിപ്പിക്കുന്നത്. അതിനു മുൻപ് നിലനിന്നിരുന്ന ജന്മിത്തത്തിന്റെയും രാജാധികാരത്തിന്റെയും ഘട്ടത്തിൽ ഇത്തരമൊരു പൊതു സംവാദ തലം നിലനിന്നിരുന്നില്ല എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. മധ്യകാല യൂറോപ്പിന്റെ സാമൂഹിക വ്യവസ്ഥിതിയിൽ പൊതു/സ്വകാര്യം എന്നീ സംവർഗ്ഗങ്ങൾ നിലനിന്നിരുന്നില്ലെന്നും ഹാബർമാസ് വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള ജന പ്രാതിനിധ്യത്തെ വിമർശനാത്മകമായി ഹാബർമാസ് ഇപ്രകാരം കുറിക്കുന്നു: " This *Publicness* (or *Publicity*)*of representation* was not constituted as a social realm, that is as public sphere;rather, it was something like a status attribute, if this term may be permitted"(7)

പൊതുമണ്ഡലം എന്ന വിചാരമാതൃകയെ സൂചിപ്പിക്കുന്നതിനായി ഹാബർമാസ് 'എഫന്റ്ലിഷ്കൈറ്റ്' (offentlichkeit) എന്ന ജർമ്മൻ പദമാണ് ഉപയോഗിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ സംജാതമായ ജ്ഞാനോദയ ചിന്തയുടെയും (Enlightenment) മുതലാളിത്ത വ്യവസ്ഥയുടെയും ആവിർഭാവത്തോടാണ് പൊതുമണ്ഡല രൂപീകരണത്തെ അദ്ദേഹം ബന്ധിപ്പിക്കുന്നത്. മുതലാളിത്ത മൂലധനവ്യവസ്ഥയുടെ പരിണിത ഫലമായി പൊതു/സ്വകാര്യ (Public/Private) സ്വത്ത് എന്ന ധാരണ നിലവിൽ വന്നു. സ്വകാര്യസ്വത്തും വിദ്യാഭ്യാസവുമുള്ള വ്യക്തികളുടെ കൂട്ടായ്മകൾ ഇക്കാലയളവിൽ രൂപം കൊള്ളുകയും അവർ സാമൂഹിക-രാഷ്ട്രീയ സംബന്ധിയായ വിഷയങ്ങളെപ്പറ്റി പൊതുയിടങ്ങളിൽ യുക്ത്യാധിഷ്ഠിതമായ സംവാദങ്ങളിലേർ പ്പെടു കയും (Rational Debates) ചെയ്തു. ഇത്തരത്തിൽ സാമ്പത്തിക/അധികാര കേന്ദ്രങ്ങളുടെ നിയന്ത്രണരേഖകൾക്ക് അതീതമായി രൂപമെടുത്ത വ്യവഹാരങ്ങളെയാണ് ഹാബർമാസ് ബൂർഷ്വാ പൊതുമണ്ഡലം (Bourgeois Public Sphere) എന്ന ആശയം കൊണ്ട് വിഭാവനം ചെയ്യുന്നത്.

"The bourgeois public sphere may be conceived above all as the sphere of private people come together as public; they soon claimed the sphere regulated from above against the public authorities themselves, to engage them in a debate over the general rules governing relations in the basically privatized but publicaly relevant sphere of commodity exchange and social labor. The medium of this political confrontation was peculiar and without historical precedent: people's public use of their reason" (27).

ഹാബർമാസിന്റെ പരികൽപ്പനയിൽ ഇത്തരം മധ്യവർഗ്ഗ പൊതുമണ്ഡലത്തിൽ പിറവിയെടുക്കുന്ന വ്യവഹാരങ്ങളും പൊതു സമ്മതികളും (public consensus) രാഷ്ട്രനയ രൂപീകരണങ്ങളിലും രാജ്യ താത്പര്യങ്ങളെ നിർണ്ണയിക്കുന്നതിലും കാതലായ പങ്കു വഹിക്കുന്നു. അതിനാൽത്തന്നെ പ്രാതിനിധ്യ സ്വഭാവം (Representative publicity) പുലർത്തുന്ന വ്യവസ്ഥയെക്കാൾ യുക്തിപരവും വിമർശനാത്മകവുമായ സംവാദങ്ങളിലൂടെ (rational critical debates) രൂപപ്പെടുന്ന ജനഹിതമാണ് ജനാധിപത്യ വ്യവസ്ഥിതിയുടെ അടിത്തറയായി ഹാബർമാസ് നിരീക്ഷിക്കുന്നത്.

ഇത്തരം ക്രിയാത്മകമായ സംവാദങ്ങൾ അരങ്ങേറുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും അക്കാലയളവിൽ അഭിവൃദ്ധി നേടി. കോഫി ഹൗസുകൾ, സലൂണുകൾ തുടങ്ങിയ പൊതുയിടങ്ങൾ ഇത്തരം സജീവ ചർച്ചകൾക്ക് വേദിയൊരുക്കി. ഇംഗ്ലണ്ടിൽ കോഫി ഹൗസുകളെ കേന്ദ്രീകരിച്ച് പ്രബലമായൊരു സാഹിത്യ പൊതുമണ്ഡലം (Literary Public Sphere) രൂപപ്പെട്ടു. ഇത്തരം സാഹിത്യ പൊതുസദസ്സുകളെ പിൻപറ്റി പത്രങ്ങളും ആനുകാലികങ്ങളും വ്യാപകമായി പ്രചരിച്ചു. റിച്ചാർഡ് സ്റ്റീലിന്റെ *The Tatler* (1709-11), ജോസഫ് അഡിസനിന്റെ *The Spectator* (1711-12) തുടങ്ങിയ ആനുകാലികങ്ങൾ ഇംഗ്ലണ്ടിന്റെ സാമൂഹ്യ സാഹിത്യമണ്ഡലങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയവയാണ്. *The Spectator* -ൽ ജോസഫ് അഡിസൻ ഇപ്രകാരം കുറിച്ചിരിക്കുന്നു: "...I shall be ambitious to have it said of me, that I have brought Philosophy out of closets and libraries, schools and colleges, to dwell in clubs and assemblies, at tea- tables and in coffee-houses" ("Uses of the Spectator"). അക്കാലങ്ങളിലെ പ്രബലമായ സാഹിത്യ പൊതുമണ്ഡലങ്ങളുടെ സാക്ഷ്യപത്രമായി മേൽസൂചിപ്പിച്ച ഉദ്ധരണി പരിഗണിക്കാവുന്നതാണ്. ഇതിനെ പിൻപറ്റി ഒരു രാഷ്ട്രീയ പൊതുമണ്ഡലവും (Political Public Sphere) ഇംഗ്ലണ്ടിൽ രൂപപ്പെട്ടു.

രാഷ്ട്രീയ, സാമൂഹ്യ, സാഹിത്യമേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകിയ മധ്യവർഗ്ഗ പൊതുമണ്ഡലം കാലക്രമേണ

ജീർണ്ണാവസ്ഥയിലായി. ഇതിന്റെ കാരണങ്ങളായി ഹാബർമാസ് നിരീക്ഷിക്കുന്നത് സമൂഹത്തിലും മാധ്യമരംഗത്തും വന്നുചേർന്ന ചില അപചയങ്ങളെയാണ്. മുതലാളിത്ത വ്യവസ്ഥയുടെ നിലപാടുകളിൽ സംഭവിച്ച ഭേദഗതികളും സാമൂഹിക ക്ഷേമരാഷ്ട്രത്തിന്റെ (Social Welfare State) കടന്നുവരവും നിർണ്ണായകമായ ആശയ സംവാദങ്ങൾ അരങ്ങേറിയിരുന്ന പൊതുമണ്ഡലം എന്ന ആശയാന്തരീക്ഷത്തെ ദോഷകരമായി ബാധിച്ചു. മുതലാളിത്ത സാമ്പത്തികക്രമത്തിലെ വ്യതിയാനം സമൂഹത്തിൽ ഉപഭോഗസംസ്കാരത്തിന് തുടക്കം കുറിച്ചു. അതോടൊപ്പം സാമൂഹിക ക്ഷേമരാഷ്ട്രത്തിന്റെ ആവിർഭാവത്തോടു കൂടി ഭരണകൂടവും സമൂഹവും തമ്മിലുള്ള ബന്ധം ഏകതാനമായി. ഇത്തരമൊരു സാമൂഹികഘട്ടത്തിൽ പൊതുമണ്ഡലം എന്ന സങ്കൽപ്പം അപ്രസക്തമാവുകയാണ്. കൂടാതെ, ബഹുജനമാധ്യമങ്ങളുടെ അനിയന്ത്രിതമായ വളർച്ചയും സ്വാധീനവും പൊതുമണ്ഡലത്തിന്റെ ശൈഥില്യത്തിനു വേഗത വർദ്ധിപ്പിച്ചു. "...But as soon as and to the degree that the public sphere in the world of letters spread into the world of consumption, this threshold become levelled. So- called leisure behaviour, once it had become part of the cycle of production and consumption, was already apolitical ..." (160).

ഹാബർമാസിന്റെ ബൂർഷ്വാ പൊതുമണ്ഡലസങ്കൽപ്പം സാമൂഹ്യശാസ്ത്ര അക്കാദമിക പരിസരങ്ങളിൽ പുതിയൊരു വഴിത്തിരിവായിരുന്നു. അതിനാൽത്തന്നെ അതിന്റെ നിരവധി ബദൽ വായനകൾ പിന്നീട് കടന്നു വരുന്നു. അതിൽ മുഖ്യമായ ഒന്നാണ് ഓസ്കാർ നെഗിയും അലക്സാണ്ടർ ക്ലൂഗും മുന്നോട്ടു വച്ച Proletarian Public Sphere എന്ന ആശയം. ഹാബർമാസിന്റെ ബൂർഷ്വാ പൊതുമണ്ഡല സങ്കൽപ്പത്തിൽ നിന്ന് വിഭിന്നമായി പൊതുമണ്ഡലത്തിന്റെ ബഹുസ്വരതയെ ഇവർ *Public Sphere and Experience: Toward an Analysis of the Bourgeois and Proletarian Public Sphere* എന്ന പഠനത്തിൽ വിശദമായി അവതരിപ്പിക്കുന്നു. "The loss of a public sphere within the various sectors of the left, together with the restricted access of workers in their existing organizations to channels of communication, soon led us to ask whether there can be any effective forms of a counterpublic sphere against the bourgeois public sphere. This is how we arrived at the concept of the proletarian public sphere..." (xliii).

ഹാബർമാസിന്റെ പൊതുമണ്ഡലം എന്ന ചിന്താപദ്ധതിയുടെ ന്യൂനതയായി നാൻസി ഫ്രേസർ ചൂണ്ടിക്കാണിക്കുന്നത് പ്രതിനിധാന തലങ്ങളിലെ വിടവുകളാണ്. സ്ത്രീ, അധഃസ്ഥിത, കീഴാള സ്വരങ്ങളോ പ്രതിനിധാനങ്ങളോ ബൂർഷ്വാ പൊതുമണ്ഡലങ്ങളിൽ അസന്നിഹിത

മാണ്. അതിനാൽത്തന്നെ ഒരു കീഴാള പൊതുമണ്ഡലത്തിന്റെ (Subaltern Public Sphere) ബദൽസാധ്യത ഫ്രേസർ വിഭാവനം ചെയ്യുന്നു. “This historiography records that members of subordinated social groups- women, workers, peoples of colour, and gays and lesbians - have repeatedly found it advantageous to constitute alternative publics. I propose to call these *Subaltern Counterpublics* in order to signal that they are parallel discursive arenas where members of subordinated social groups invent and circulate counter discourses to formulate oppositional interpretations of their identities, interests and needs” (“Rethinking the Public Sphere” 497).

ഇത്തരത്തിൽ പരിശോധിക്കുമ്പോൾ, ഹാബർമാസിന്റെ പൊതുമണ്ഡലമെന്ന ചിന്താപദ്ധതിയും അതിന്റെ നിരവധിയായ പുനർവായനകളും അക്കാദമിക പരിസരങ്ങളെ സജീവമാക്കുന്നു. ബൂർഷ്വാ പൊതുമണ്ഡലമെന്ന പദ്ധതിക്കപ്പുറം വൈവിധ്യങ്ങളും വൈജാത്യങ്ങളും നിറഞ്ഞ നിരവധി പൊതുമണ്ഡലങ്ങളുടെ സാധ്യത നിലനിൽക്കുന്നു. ബഹുസ്വരമാതൃകകളുടെ ഈ ഭൂമികയിലാണ് സൈബർ പൊതുമണ്ഡലം (Cyber Public Sphere) എന്ന ആശയത്തെ സ്ഥാനപ്പെടുത്തേണ്ടത്.

**സൈബർ പൊതുമണ്ഡലം: വാദപ്രതിവാദങ്ങളുടെ അക്കാദമിക ഇടങ്ങൾ**

ഉത്തരാധുനികമായ സാമൂഹിക ജീവിതത്തിൽ ഇന്റർനെറ്റിന്റെ സാന്നിദ്ധ്യവും സ്വാധീനവും ഒരു അനിവാര്യതയാണ്. അറിവിന്റെ നിർമ്മിതിയിലും വിനിമയത്തിലും ആശയ സംവേദനത്തിലും അവിഭാജ്യഘടകമായി സൈബറിടങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഹാബർ മാസിന്റെ തിരോഭവിച്ച പൊതുമണ്ഡലസങ്കൽപ്പങ്ങൾ നവമാധ്യമകാലത്ത് പുതിയ വ്യവസ്ഥകളും നിലപാടുകളുമായി സൈബറിടങ്ങളിൽ തിരികെയെത്തി. ആധുനിക കാലത്തിന്റെ മുഖമുദ്രയായിരുന്ന കുത്തക മുതലാളിത്തം (Monopoly Capitalism) ബഹുരാഷ്ട്ര മുതലാളിത്തത്തിനു (Corporate Capitalism) വഴിമാറുമ്പോൾ മറ്റെല്ലാ മേഖലകളിലുമെന്നപോലെ സംവാദ മണ്ഡലങ്ങളിലും ഒരു ഭാവുകത്വ വ്യതിയാനം നടപ്പിലാവുന്നു.

സൈബർ പൊതുമണ്ഡലത്തിന്റെ സാധ്യതയും സാധുതയും തിരഞ്ഞുകൊണ്ടുള്ള നിരവധി അക്കാദമിക പഠനങ്ങൾ നിലവിലുണ്ട്. അതിൽത്തന്നെ സൈബർ പൊതുമണ്ഡലത്തിന്റെ സാധ്യതകളെ നിരാകരിച്ചും പുരസ്കരിച്ചുമുള്ള പഠനങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു. സൈദ്ധാന്തികതലങ്ങളിൽ അരങ്ങേറുന്ന ആശയപരമായ

കലാപങ്ങളാണ് സൈബർ പഠനങ്ങളെ മാധ്യമ പഠനമേഖലകളിൽ വേറിട്ടു നിർത്തുന്നത്.

പൊതുമണ്ഡലമെന്ന ആശയത്തെ ഇന്റർനെറ്റ് സ്വാധീനിക്കുന്നില്ലെന്ന പ്രഖ്യാപനത്തി ലൂടെയാണ് ജോഡി ഡീൻ ശ്രദ്ധ നേടുന്നത്. അവരുടെ നിഗമനങ്ങളിൽ ഇന്റർനെറ്റ് ഒരു പൊതുമണ്ഡലമായി പ്രവർത്തിക്കുന്നില്ലെന്നും മുതലാളിത്ത വ്യവസ്ഥയുടെ ഭാഗമായ 'Communicative Capitalism' എന്ന പ്രക്രിയയിൽ സക്രിയമായി ഇടപെടുന്നുവെന്നും നിരീക്ഷിക്കുന്നു. ജനാധിപത്യവ്യവസ്ഥിതിയിൽ ഇടപെടുവാൻ ഇന്റർനെറ്റിന് സാധിക്കുമെന്ന ധാരണ മുതലാളിത്ത വ്യവസ്ഥ നിർമ്മിക്കുന്ന ഒരു മിഥ്യാവബോധമാണെന്നതാണ് ജോഡി ഡീനിന്റെ വാദഗതി. " New media present themselves for and as a democratic public in their eager offering of information, access and opportunity. They present themselves as a democratic public when the very fact of networked communication comes to mean democratization, when expansious in the infrastructure of the information society are assumed to be enactments of a demos. But, as is becoming increasingly clear, the expansion and intensification of communication and entertainment networks yields not democracy, but something else entirely: communicative capitalism ("The Net and Multiple Realities" 527).

കൂടാതെ സൈബറിടങ്ങളെ 'Zero institution'[1] എന്ന നിലയിലാണ് ജോഡി ഡീൻ സമീപിക്കുന്നത്. യുക്ത്യാധിഷ്ഠിതമായ സംവാദങ്ങൾ അരങ്ങേറുന്നു എന്ന ധാരണ ജനിപ്പിക്കുമ്പോഴും ഉചിതമായൊരു പൊതുബോധം സൈബർ പൊതുമണ്ഡലം നിർമ്മിക്കുന്നില്ലെന്നും അവർ സമർത്ഥിക്കുന്നു. "…the web is a zero institution. It provides an all encompassing space in which social antagonism is simultaneously expressed and obliterated. It is a global space in which one can recognize oneself as connected to everyone else, as linked to everything that matters. At the same time, it is a space of conflicting networks and network of conflict so deep and fundamental that even to speak of consensus or convergence seems an act of naïveté at best, violence at worst. Both these dimensions of convergence or conflict hold without canceling each other out or resolving into a process of legitimation and some sort of will formation that carries with it a supposition of rationality. The Web is communicative capitalism's imaginary of uncontested, yet competitive, global flow. ("The Net and the Multiple Realities" (529- 530).

എന്നാൽ, നിരവധി പരിമിതികൾ ചൂണ്ടിക്കാണിക്കുന്നുവെങ്കിലും സൈബർ സൈദ്ധാന്തികനായ ലിങ്കൺ ഡാൽബർഗ് സൈബർ പൊതുമണ്ഡലമെന്ന സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. പൊതുമണ്ഡലമെന്ന സങ്കൽപ്പനത്തിന്റെ സവിശേഷ ഘടകങ്ങളായി അദ്ദേഹം നിരീക്ഷിക്കുന്നവ ഇവയാണ്:

1. ഭരണകൂട, സാമ്പത്തിക ശക്തികളിൽ നിന്നുള്ള സ്വതന്ത്രമായ അസ്തിത്വം (Autonomy from state and economic power).
2. യുക്തിപരമായ വിമർശനങ്ങൾക്കുള്ള സാധ്യതകളും ഇടങ്ങളുമൊരുക്കുക (Exchange and critique of criticizable moral practical validity claims).
3. സാംസ്കാരിക, രാഷ്ട്രീയ നിലപാടുകളെ മുൻനിർത്തി സംവാദത്തിലേർപ്പെടുന്നവരുടെ സ്വയം വിമർശനം (Reflexivity).
4. സംവാദത്തിലെ ഇതരനിലപാടുകളോടും അഭിപ്രായഭിന്നതകളോടുമുള്ള മാതൃകാപരമായ സമീപനം (Ideal role taking).
5. ആശയപരവും രാഷ്ട്രീയപരവുമായി പുലർത്തുന്ന വിശ്വസ്തത (sincerity).
6. രാഷ്ട്രീയ, സാമൂഹിക, ലിംഗ അസമത്വങ്ങൾക്കപ്പുറം വ്യവഹാര മേഖലകളിലെ പ്രാതിനിധ്യവും തുല്യതയും ഉറപ്പാക്കുക (Discursive inclusion and equality).

"Extending the Public Sphere through Cyberspace: The Case of Minnesota E- Democracy" എന്ന ലേഖനത്തിലാണ് ഡാൽബർഗ് സൈബർ പൊതുമണ്ഡലത്തിനനുകൂലമായ തന്റെ നിലപാടുകൾ വ്യക്തമാക്കുന്നത്. Minnesota E- Democracy എന്ന ഓൺലൈൻ ഫോറത്തിന്റെ സവിശേഷ പഠനത്തിലൂടെ മേൽപ്പറഞ്ഞ ആറ് ലക്ഷണങ്ങൾ ഉൾക്കൊള്ളുന്ന പക്ഷം സൈബർ പൊതുമണ്ഡലം എന്ന വാദം നിലനിൽക്കുമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ഇതിനായി നിരവധി തുടരന്വേഷണങ്ങളും ഗവേഷണങ്ങളും അനിവാര്യമാണെന്ന വാദമാണ് ഡാൽബർഗിനുള്ളത്. ഓൺലൈൻ സംവാദത്തിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സാമൂഹിക അസമത്വങ്ങളെ അതിലംഘിക്കുന്ന ഒരു പദ്ധതിയാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. "More research is needed to identify ways to improve and extend online deliberations to further facilitate the requirements of the public sphere condition. Multidisciplinary and multi-perspectival research is required that takes into account the social, cultural and technological factors impacting upon online deliberations" (www. firstmonday.org).

മേലുദ്ധരിച്ച രണ്ട് സൈദ്ധാന്തിക നിലപാടുകൾ ഭിന്നാഭിപ്രായങ്ങൾ വെളിവാക്കുന്നുവെങ്കിലും അവ അടിസ്ഥാനപരമായി ഹാബർമാസ് വിഭാവനം ചെയ്ത പൊതുമണ്ഡലമെന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. എന്നാൽ മാർക്ക് പോസ്റ്ററുടെ സൈദ്ധാന്തിക നിലപാടുകൾ വേറിട്ട പാതയാണ് സ്വീകരിച്ചിരിക്കുന്നത്. ഹാബർമാസിന്റെ സങ്കൽപ്പമനുസരിച്ച് സൈബർ പൊതുമണ്ഡലത്തെ നിർവ്വചിക്കുന്നത് ഒരു പരിമിതിയായാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. നവമാധ്യമ സങ്കേതങ്ങൾ ആധാരമാക്കിയുള്ള സൈബർ പൊതുമണ്ഡല ചിന്തകൾക്ക് നവീനമായ നിർവ്വചനങ്ങളാണ് ആവശ്യമെന്ന് പോസ്റ്റർ നിരീക്ഷിക്കുന്നുണ്ട്. സൈബർ പ്രതലത്തിൽ പൊതു/സ്വകാര്യ ഇടങ്ങൾ എന്നീ സംവർഗ്ഗങ്ങൾ പ്രശ്നവത്കരിക്കപ്പെടുന്നു. “If “public” discourse exists as pixels on screens generated at remote locations by individuals are has never and probably will never meet, as it is in the case of the Internet with its “virtual communities”, “electronic cafes”, bulletin boards, e-mail, computer conferencing and even video conferencing, then how is it to be distinguished from “private” letters, print face and so forth” (“Cyber Democracy: Internet and the Public Sphere”).

ഇത്തരമൊരു സന്നിഗ്ദ്ധഘട്ടത്തിലാണ് ഹാബർമാസിന്റെ പൊതുമണ്ഡലത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സൈബറിടങ്ങളിൽ അപ്രസക്തമാകുന്നത്. ഹാബർമാസിന്റെ നിലപാടുകളെ നിരാകരിച്ചുകൊണ്ടുവേണം സൈബർ പൊതുമണ്ഡലങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ പുരോഗമിക്കേണ്ടത് എന്ന നിലപാടും മാർക്ക് പോസ്റ്റർ മുന്നോട്ട് വയ്ക്കുന്നു.

ഇവിടെ സൂചിപ്പിച്ച സൈദ്ധാന്തിക നിലപാടുകളെ സമൂലമായി അവലോകനം നടത്തുമ്പോൾ പൊതുമണ്ഡല/സൈബർ പൊതുമണ്ഡലങ്ങളുടെ അടിസ്ഥാന പ്രമാണം തന്നെ വിഭിന്നമാണെന്ന് വ്യക്തമാകുന്നു. ആശയസംവേദനത്തിന്റെ (Communication) പ്രാഥമികതലം പോലും ഇരുസംവർഗ്ഗങ്ങൾക്കും വ്യത്യസ്തമാണ്. പൊതുമണ്ഡല സങ്കൽപ്പനത്തിൽ മുഖാമുഖ (Face to face communication) തലത്തിലുള്ള സംവേദനമാണ് നടക്കുന്നതെങ്കിൽ സൈബർ പൊതുമണ്ഡലം വെബ്ബ് അധിഷ്ഠിത(web based communication) ശൈലി പിൻപറ്റുന്നു. അതിനാൽത്തന്നെ ഏകീകരിക്കപ്പെട്ടതും സമീകരിക്കപ്പെട്ടതുമായ ലക്ഷണനിർണണ്ണയങ്ങൾക്ക് ഇവ പര്യാപ്തമല്ല. ഇവ രണ്ടും രൂപമെടുത്ത കാലഘട്ടങ്ങളുടെ സവിശേഷതകളും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്.

## പ്രതീതിയിൽ നിന്ന് യാഥാർത്ഥ്യത്തിലേക്ക്: സൈബർ പൊതുമണ്ഡലവും സാമൂഹിക ഇടപെടലുകളും

സൈദ്ധാന്തികവും ആശയപരവുമായ തലങ്ങൾക്കപ്പുറത്തേക്കുള്ള പ്രയോഗമാതൃകകളേയും സവിസ്തരം തന്നെ നോക്കിക്കാണേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ പ്രധാനമായും ഊന്നൽ നൽകേണ്ടത് കേരളീയ സാമൂഹിക പരിവർത്തനത്തിനാണ്. തുറവിയുള്ള സംവാദങ്ങിലേർപ്പെടാവുന്ന പൊതുയിടങ്ങളായി നിലനിന്നിരുന്ന ചായക്കടകൾ, വായനശാലകൾ, ആർട്ട്സ് ക്ലബ്ബുകൾ തുടങ്ങിയവ കേരളീയ സമൂഹത്തിൽ നവോത്ഥാന ആശയങ്ങൾക്ക് വർദ്ധിച്ച ഊർജ്ജമാണ് നൽകിയത്. സുഭാഷ് ചന്ദ്രന്റെ *മനുഷ്യന് ഒരു ആമുഖം*എന്ന നോവലിൽ ഇത്തരമൊരു കൂട്ടായ്മ ചിത്രീകരിക്കുന്നത് ശ്രദ്ധേയമാണ്. "ഈഗിൾസ് ക്ലബ്ബിൽ വെറും പത്രവായന മാത്രമായിരുന്നില്ല നടന്നിരുന്നത്. പുരോഗമനാശയങ്ങളാൽ പ്രചോദിതരായ തച്ചനക്കരയിലെ ഒരു പുതിയ തലമുറ, ജാതിയോ, മതമോ വേലികെട്ടാത്ത, അധ്വാനിക്കുന്നവന്റെ വിയർപ്പിന് വീഞ്ഞിനേക്കാൾ വീര്യം വകവെച്ചുകൊടുക്കുന്ന, മുകളിലും താഴെയുമായി നിന്നു സംസാരിച്ച് കഴുത്തുളുക്കാത്ത ഒരു പുതിയ ലോകക്രമത്തെക്കുറിച്ച് ഇത്തിരിപ്പോന്ന ആ മുറിയുടെ വടക്കുഭാഗത്തുള്ള ഒരൊറ്റ ജനലിലൂടെ അകത്തു കയറിയ വെളിച്ച ത്തിൽ അറിഞ്ഞു തുടങ്ങുകയായിരുന്നു"(134). എഴുപതുകളിൽ, കേരളത്തിലെ ഒരു ശരാശരി ഉൾനാടൻ ഗ്രാമത്തിലെ പൊതുമണ്ഡലത്തിന്റെ പരാമർശമായി മേലുദ്ധരിച്ച ഭാഗത്തെ കാണാവുന്നതാണ്.

തൊണ്ണൂറുകളുടെ ആദ്യപാദത്തിൽതന്നെ കേരളീയ സമൂഹം ഒരു ഭാവുകത്വ വ്യതിയാനത്തെ അഭിസംബോധന ചെയ്തു തുടങ്ങി. ഉദാരവത്കരണത്തിന്റെയും ആഗോളവത്കരണത്തിനു തുടക്കമായ നവസാമ്പത്തിക സമീപനങ്ങളുടെയും ഇടപെടൽ സമൂഹത്തിൽ ഇക്കാലയളവിൽ തെളിഞ്ഞുവന്നു. നഗരവത്കരണം, അണുകുടുംബവത്കരണം തുടങ്ങിയ സാമൂഹിക പരിണാമങ്ങളിലൂടെ കേരളീയ പൊതുമണ്ഡലങ്ങൾ പൊതുയിടങ്ങളിൽനിന്ന് പിൻവാങ്ങി. ടെലിവി ഷൻ, കേബിൾ നെറ്റ്വർക്ക്, ജനപ്രിയ വാരികകൾ തുടങ്ങിയവ യുടെ വളർച്ച പൊതുയിടങ്ങളിൽനിന്ന് കുടുംബത്തിന്റെ സ്വകാര്യതയി ലേക്ക് ജനജീവിതത്തെ പുനർക്രമീകരിച്ചു.

ഇതിനെത്തുടർന്നുണ്ടായ സൈബർ യുഗത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച ആശയസംവേദനത്തിന്റെ പുതിയ ഇടങ്ങളെ അനാവൃതമാക്കി. ഇന്റർനെറ്റിന്റെ ഉപയോഗത്തെ ഒരു സംവേദന മണ്ഡലമാക്കി ഉപയോഗപ്പെടുത്തുവാനാരംഭിച്ചതു മുതൽ സ്വകാര്യ ഇടങ്ങളിൽ നിന്ന് കൊണ്ടുതന്നെ സൈബർ ഇടങ്ങളിലേക്ക് ആരോഗ്യകരമായ സംവാദങ്ങൾ വളർന്നു. ടിറ്റർ, ഫേസ്ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സമൂഹ

മാധ്യമങ്ങൾ ഇതിന് അനുകൂലമായ പ്രതലങ്ങളൊരുക്കി. സൈബർ പൊതുമണ്ഡലത്തിനു മറ്റൊരു ദൃഷ്ടാന്തം വിക്കിപീഡിയയാണ്. അറിവുകളെ നിർമ്മിക്കുന്നതിനും ആലേഖനം ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനും സൈബർ പരിജ്ഞാനം നേടിയ ഏതൊരുവനും വിക്കിപീഡിയ അവസരമൊരുക്കുന്നു.

യുക്ത്യാധിഷ്ഠിതമായ ബൗദ്ധിക സംവാദങ്ങൾ സൈബർ പരിസരങ്ങളിൽ ഒതുങ്ങിനിന്നില്ല എന്നതാണ് ശ്രദ്ധേയം. സാമൂഹികമായ ഇടപെടലുകളിലേക്കും പ്രക്ഷോഭങ്ങളിലേക്കുമതു വളരുന്ന കാഴ്ച കാലിക പ്രസക്തിയർഹിക്കുന്നതാണ്. നിർഭയ കേസിൽ രാഷ്ട്രപതി ഭവനു മുൻപിൽ തടിച്ചുകൂടി പ്രതിഷേധ ശബ്ദമുയർത്തിയ ജനാവലി ഇതാണ് സൂചിപ്പിക്കുന്നത്. സ്ത്രീ സുരക്ഷാസംബന്ധമായ നിയമ നിർമ്മാണങ്ങളിലേക്ക് നയിക്കുന്നതിൽ പോലും സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനതയിൽ ഉയർന്ന ഈ ജനമുന്നേറ്റത്തിനായി എന്നതും നിസ്സാരമായ ഒന്നല്ല. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദരാബാദ് കേന്ദ്ര സർവ്വകലാശാല, ജവഹർലാൽ നെഹ്റു സർവ്വകലാശാല, രോഹിത് വെമുലയുടെ മരണം തുടങ്ങിയ സമകാലിക വിദ്യാർത്ഥി വിഷയങ്ങളും പ്രക്ഷോഭങ്ങളും ദേശീയ, അന്തർദേശീയ ശ്രദ്ധ നേടിയതിനു പിന്നിലും നവമാധ്യമങ്ങൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. ഇത്തരം വിഷയങ്ങളിൽ നിന്ന് ദേശീയതയെയും ഫാസിസത്തെയും സംബന്ധിച്ച സംവാദങ്ങളും സൈബർ പൊതുമണ്ഡലങ്ങളിലരങ്ങേറി.

ദേശീയ തലത്തിൽ തന്നെ സൈബർ പൊതുമണ്ഡലത്തിന്റെ സ്വാധീനം പ്രകടമായ മറ്റൊരു വിഷയമായിരുന്നു Net Neutrality-യുമായി ബന്ധപ്പെട്ട സംവാദങ്ങൾ. ഫേസ്ബുക്കിന്റെ സ്വാധീനതയിൽ ഇന്ത്യയിൽ നടപ്പിലാക്കേണ്ടിയിരുന്ന Internet. org, Free Basics പദ്ധതികൾ സൈബർ ആക്ടിവിസ്റ്റുകളുടെ സജീവമായ പ്രതികരണങ്ങളിലൂടെ പിൻവലിക്കപ്പെട്ടു. Free Basics-ന് അനുകൂലമായ തരത്തിൽ ഫേസ്ബുക്ക് തങ്ങളുടെ മാധ്യമത്തിലൂടെ പ്രചരണങ്ങൾ നടത്തിയെങ്കിലും അതിനെ അതേ മാധ്യമത്തിലൂടെതന്നെ പ്രതിരോധിക്കുവാനും സൈബർ പൊതുമണ്ഡലത്തിനായി. 2016 ഫെബ്രുവരി 8-നു ട്രായ് പുറപ്പെടുവിച്ച Net Neutralityക്കു അനുകൂലമായ വിധി സൈബർ സമരത്തിന്റെ തിളക്കമാർന്ന ഒരേടായി പരിഗണിക്കാവുന്നതാണ്.

സമാനമായ രീതിയിൽ തെരുവിലേക്കിറങ്ങിയ സൈബർ പൊതുമണ്ഡലത്തിന്റെ ഇടപെടലുകൾ കേരളീയ സമൂഹത്തിലും കാണാവുന്നതാണ്. ജിഷ വധത്തെത്തുടർന്നുണ്ടായ പ്രതിഷേധങ്ങളും ഫാസിസത്തിനെതിരെ ഉയർന്നുവന്ന ചുംബനസമരം, മനുഷ്യസംഗമം എന്നിവയും അവയിൽ ചിലത് മാത്രം. യാഥാസ്ഥിതിക മതമൗലിക വാദ

ങ്ങൾക്കെതിരെ ഉയർന്നുവന്ന ഡിങ്കോയിസവുംസൈബർ പൊതുമണ്ഡലമുയർത്തുന്ന പ്രതികരണങ്ങളുടെ പ്രതിധ്വനികളാണ്.

മതം, രാഷ്ട്രീയം, സിനിമ തുടങ്ങിയ സാമൂഹിക ഇടപെടലുകൾ അനിവാര്യമായ സമസ്ത മേഖലകളും പൊതുമണ്ഡല സംവാദങ്ങളിൽ ഇടം നേടുന്നു. ഇത്തരം സംവാദങ്ങൾക്കു ഭൗതിക സാഹചര്യം ഒരുക്കുക എന്ന ദൗത്യം മാത്രമാണ് ചായക്കടകൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുയിടങ്ങൾ ചെയ്തിരുന്നത്. അത്തരം പൊതുയിടങ്ങൾ ചില ഗ്രാമങ്ങളിലെങ്കിലും ഇന്നും അവശേഷിക്കുന്നുണ്ട്. എന്നാൽ ജനാധിപത്യ വ്യവസ്ഥിതിയെയോ, സാമൂഹികമായ ഇടപെടലുകളെയോ സ്വാധീനിക്കത്തക്കവണ്ണം ആശയവിനിമയങ്ങളോ സംവാദങ്ങളോ അവിടെ അരങ്ങേറുന്നില്ല. ഇത്തരം യുക്ത്യാധിഷ്ഠിതമായ, രാഷ്ട്രീയ ഗതിവിഗതികളെ സ്വാധീനിക്കുവാൻ പോന്ന സംവാദാന്തരീക്ഷത്തെയാണ് പൊതുമണ്ഡലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

സൈബർ പൊതുമണ്ഡലങ്ങളുടെ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമല്ല. ഫേസ്ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ സൈബർലോകത്തിലെ പൊതുയിടങ്ങൾ മാത്രമാണ്. വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള സ്വതന്ത്രമായ സംവാദങ്ങളും ജനാധിപത്യത്തിലുള്ള സക്രിയമായ ഇടപെടലുകളും അരങ്ങേറുന്നതിനാലുമാണ് സൈബർ ഇടങ്ങളെ പൊതുമണ്ഡലം എന്ന് നിരീക്ഷിക്കുന്നത്. ഫേസ്ബുക്കിലെ ലൈക്ക്, അൺലൈക്ക്, ഷെയർ, റിയാക്റ്റ്, കമന്റ് തുടങ്ങിയ സംവിധാനങ്ങൾ വിശാലാർത്ഥത്തിൽ സൈബർ പൊതുമണ്ഡലത്തിലെ പ്രതികരണങ്ങളായി വേണം പരിഗണിക്കേണ്ടത്. Slacktivism[2], Clicktivism[3] തുടങ്ങിയ ആക്ഷേപങ്ങൾ സൈബർ പൊതുമണ്ഡലത്തിനെതിരെ ഉയരുന്നുവെങ്കിലും അവയെല്ലാം പ്രതികരണങ്ങളുടെ പുതിയ മുഖങ്ങളായി വേണം പരിഗണിക്കേണ്ടത്.

നവമാധ്യമപഠനങ്ങൾ തനതായ രീതിശാസ്ത്രങ്ങൾ ആവശ്യപ്പെടുന്നു. മറ്റ് മാധ്യമങ്ങളുടെ മുഴക്കോലുകൊണ്ട് നവമാധ്യമങ്ങളെ അളക്കുവാൻ ശ്രമിക്കുന്നത് ആശാസ്യമല്ല. സ്വതന്ത്രമായ അസ്ഥിത്വവും സാധ്യതകളുമുള്ള അക്കാദമിക പരിസരങ്ങളായി വേണം നവമാധ്യമ/ സൈബർ പൊതുമണ്ഡലപഠനങ്ങൾ പുരോഗമിക്കേണ്ടത്.

**ഗ്രന്ഥസൂചി**


1. Dean, Jody. *"The Net and Multiple Realities "*, The Cultural Studies Reader, During, Simon.(ed.)., London: Routledge, 2007. Print.
2. Fraser, Nancy. *"Rethinking the Public Sphere: A Contribution to the Critique of Actually Existing Democracy"*, The Cultural

Studies Reader, During, Simon.(ed.)., London: Routledge, 2007. Print.

3. Habermas, Jurgen. *The Structural Transformation of the Public Sphere*, Cambridge: The MIT Press, 1991. Print.
4. Negi, Oskar., Alexander Kluge. *Public Sphere and Experience,* London: University of Minnesota Press,1993. Print.
5. സുഭാഷ് ചന്ദ്രൻ. *മനുഷ്യന് ഒരു ആമുഖം*, കോട്ടയം: ഡി.സി. ബുക്സ്, 2016.
6. ഷാജി ജേക്കബ്. *പൊതുമണ്ഡലവും മലയാളഭാവനയും*, കണ്ണൂർ: കൈരളി ബുക്സ്, 2014.

**ഇന്റർനെറ്റ് സ്രോതസ്സുകൾ**

1. Addison, Joseph. “Uses of the Spectator.” <http-//www.ourcivilisation.com/smartboard/>.Web.
2. Dahlberg, Lincoln. “Extending the Public Sphere through yberspace: The Case of Minnesota E- Democracy.” <http-//firstmonday.org/article/view/838/747>. Web.
3. Poster, Mark. “CyberDemocracy: Internet and Public Sphere.” <http-//www.humanities.uci.edu/mposter/writings/democ.html>. Web.

# സൈബർ സംസ്കാരവും മാധ്യമ സംലയനവും

ഡോ. സുനിൽ ജോസ്

നവമാധ്യമങ്ങളും അവയുടെ സാമൂഹിക പ്രസക്തിയും ആധുനികകാലത്ത് ഏറെ ചർച്ചചെയ്യപ്പെടുന്ന പഠനവിഷയമാണ്. കമ്പ്യൂട്ടറിനെയും ഇന്റർനെറ്റിനെയും ആധാരമാക്കുന്ന മാധ്യമതന്ത്രങ്ങളെയാകെ വിളിക്കാവുന്ന പേരാണ് നവമാധ്യമങ്ങൾ (new media) എന്നത്. വെബ്സൈറ്റുകൾ, ബ്ലോഗുകൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെയെല്ലാം നവമാധ്യമങ്ങളിൽ ഉൾപ്പെടും. നവമാധ്യമങ്ങളിലെ സാങ്കേതികവിദ്യയിൽ ഉണ്ടായ സൂക്ഷ്മവും വിപുലവുമായ മാറ്റങ്ങൾ ഒരു പുത്തൻ സൈബർ സംസ്കാരത്തിന് രൂപം നൽകിക്കഴിഞ്ഞു.

പതിനാലാം നൂറ്റാണ്ടിൽ അച്ചടിവിദ്യയും പത്തൊമ്പതാം നൂറ്റാണ്ടിൽ ഫോട്ടോഗ്രാഫിയും സമൂഹത്തിന്റെ സംസ്കാരത്തിൽ വിപ്ലവകരമായ ചലനം സൃഷ്ടിച്ചു. പുതിയ മാധ്യമവിപ്ലവത്തിന്റെ ഇക്കാലത്ത് സംസ്കാരത്തിന്റെ എല്ലാവശങ്ങളും - ഉല്പാദനവും വിതരണവും - കംപ്യൂട്ടർവല്ക്കരിക്കപ്പെട്ട ഒരു ആശയവിനിമയലോകത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഈ പുതുവിപ്ലവം പഴയവയേക്കാൾ പതിന്മടങ്ങ് ശക്തമാണ്. അച്ചടിയുടെ ആവിർഭാവം സാംസ്കാരികവിനിമയത്തിന്റെ ഒരുവശത്തെ അതായത് വിതരണത്തെ മാത്രമാണ് ബാധിച്ചത്. ഇതുപോലെ ഫോട്ടോഗ്രാഫിയുടെ കണ്ടെത്തൽ നിശ്ചലദൃശ്യങ്ങൾ എന്ന ഒരു സങ്കല്പനത്തെമാത്രമാണ് സ്വാധീനിച്ചത്. എന്നാൽ കംപ്യൂട്ടർ മാധ്യമവിപ്ലവം ആശയവിനിമയത്തിന്റെ സമസ്തഘട്ടങ്ങളെയും (all stages) എല്ലാത്തരം (all types) മാധ്യമങ്ങളെയും (അച്ചടി, നിശ്ചലചിത്രങ്ങൾ, ചലനചിത്രങ്ങൾ, ശബ്ദം മുതലയാവ) ഒന്നുപോലെ സ്വാധീനിക്കുന്നു. സ്വീകരണം, ഇടപെടൽ, ശേഖരണം, വിതരണം എന്നീ രംഗങ്ങളിൽ ഈ സ്വാധീനം ശക്തമാണ്.

പരമ്പരാഗത മാധ്യമങ്ങളായി കരുതിപ്പോരുന്ന പത്രങ്ങൾ, പുസ്തകങ്ങൾ, മാസികകൾ, സിനിമകൾ, സൗണ്ട് റിക്കാർഡിംഗുകൾ, റേഡിയോ, ടെലിവിഷൻ എന്നിവയിൽ നിന്നും നവമാധ്യമങ്ങളെ വ്യത്യസ്തമാകുന്നത് അവയുടെ ഉൾക്കൊള്ളാനുള്ളശേഷി, അരേഖീയത (Non linearity), ഇടപെടലുകൾക്കുള്ള സാധ്യത, ഒന്നിൽനിന്നും അനേകതകളിലേക്ക് വാതിൽ തുറക്കാനുള്ളശേഷി (Hyperlinking) തുടങ്ങിയ സവിശേഷതകൾ തന്നെയാണ്. മറ്റ് മാധ്യമങ്ങളെ ഉൾക്കൊള്ളാനും സ്വാംശീകരിക്കാനുമുള്ള അനന്തശേഷിയാണ് സൈബർമാധ്യമങ്ങളുടെ അടിസ്ഥാന സവിശേതകളിൽ ഏറ്റവും പ്രധാനം. അതുവരെയുള്ള മാധ്യമരൂപങ്ങളെയെല്ലാം സ്വാംശീകരിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നതാണ് ഇന്റർനെറ്റ്. വേൾഡ്‌വൈഡ് വെബ്ബിന്റെ പിറവിയോടെ മാധ്യമ ജനുസ്സുകളെയെല്ലാം ഇന്റർനെറ്റ് ഉൾക്കൊണ്ടത് പഴയ മാധ്യമങ്ങളുടെ എല്ലാ സാധ്യതകളോടും കൂടിയായിരുന്നു.

നവമാധ്യമസങ്കല്പത്തിന്റെ ഉദയം സാധ്യമായത് കപ്യൂട്ടിംഗിന്റെയും മാധ്യമസാങ്കേതികതയുടെയും സംലയനത്തിന്റെ (Convergence) ഫലമായാണ്. നിലവിലിരുന്ന എല്ലാ മാധ്യമങ്ങളെയും സാംഖ്യ സംബന്ധമായ പ്രതിനിധാനത്തിലേക്ക് (Nemerical Data) മാറ്റുന്നതിലൂടെയാണ് അവ കംപ്യൂട്ടറുകളിൽ സ്വീകാര്യമായിത്തീരുന്നത്.

**നവമാധ്യമങ്ങളും കംപ്യൂട്ടറും**

നവമാധ്യമസങ്കല്പനത്തിന്റെയും കംപ്യൂട്ടറുകളുടെയും വരവ് സമകാലികമായിരുന്നു. ജനപ്രിയ മാധ്യമങ്ങളും കംപ്യൂട്ടറുകളും തോളോട് തോൾ ചേർന്നാണ് ആധുനിക സമൂഹത്തെ സാധ്യമാക്കിയത്. കുറെവർഷങ്ങൾ ഇവ രണ്ടും സമാന്തരമായി സഞ്ചരിച്ചുകൊണ്ടിരുന്നു. ഇവയിൽ ധാരാളം പുതിയ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടക്കുന്നുണ്ടായിരുന്നു. 1890 കളിൽ മാധ്യമചരിത്രത്തിൽ നിശ്ചലചിത്രങ്ങളെ ചലനചിത്രങ്ങളാക്കി മാറ്റാമെന്ന കണ്ടെത്തലുണ്ടായി. 1893ൽ ആദ്യത്തെ മൂവി സ്റ്റുഡിയോ എഡിസന്റെ ബ്രാക് മരിയ – 20 സെക്കൻസ് ഷോട്സുകൾ നിർമ്മിച്ച് പ്രത്യേക കിനറ്റോ സ്കോപ്പ് പാർലറുകളിൽ പ്രദർശിപ്പിച്ചു തുടങ്ങി. രണ്ടുവർഷങ്ങൾക്കുശേഷം ലൂമിയെ സഹോദരനമാർ അവരുടെ പുതിയ സിനിമാറ്റോ ഗ്രാഫിക് ക്യാമറ/പ്രോജക്ഷനുകളിൽ ആദ്യം ശാസ്ത്രജ്ഞന്മാർക്കും പിന്നീട് പൊതുജനങ്ങൾക്കും മുന്നിൽ ചലച്ചിത്രങ്ങൾ അവതരിപ്പിച്ചു. ഒരു വർഷത്തിനുള്ളിൽ ജോഹന്നാസ് ബർഗിലും ബോംബെയിലും റിയോ ഡി ജനിറോയിലും മെൽബണിലും മെക്സിക്കോ സിറ്റിയുലം ഒസ്ക്കാര യിലും ജനങ്ങൾ ഈ നവമാധ്യമ സൃഷ്ടികൈകണ്ട് അത്ഭുതപരതന്ത്രരായി.

1936 ൽ അലൻ ടൂറിംഗ് (Alan Turing) എന്ന് ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനും (യൂണിവേഴ്സൽ ടൂറിംഗ് മെഷീൻ), ജർമ്മൻ എഞ്ചി

നീയറായ കൊൻഡ്രാഡ് സൂസും (Konrad Zuse) തങ്ങളുടെതായ രീതിയിൽ കംപ്യൂട്ടറുകളുമായി രംഗത്തെത്തി. ഏറെകാലത്തിനുശേഷം നിലവിലിരുന്ന എല്ലാ മാധ്യമങ്ങളും സാംഖ്യാസംബന്ധമായ പ്രതിനിധാനത്തിലേക്ക് വിവർത്തനംചെയ്യപ്പെട്ടു. അങ്ങനെ അവയെല്ലാം കംപ്യൂട്ടറുകളുടെ ഭാഗമായി. ഗ്രാഫിക്സുകളും ചലനചിത്രങ്ങളും ശബ്ദങ്ങളും രൂപങ്ങളും സ്ഥലങ്ങളും അക്ഷരങ്ങളും കപ്യൂട്ടറിന്റെ ഭാഗമായി. അങ്ങനെ മാധ്യമങ്ങൾ നവമാധ്യമങ്ങളായി മാറി. ഈ മാറ്റം മാധ്യമത്തെയും കംപ്യൂട്ടറിനെയും ഒരുപോലെ ബാധിച്ചു. കംപ്യൂട്ടർ വെറു ഒരു കണക്കുക്കൂട്ടൽ യന്ത്രത്തിനപ്പുറം മാധ്യമത്തിന്റെ ഭാഗമായി, എത്രയോ മടങ്ങ് പ്രവർത്തനസാധ്യതകളുള്ള ഒരു നിത്യജീവിതാനുഭവമായി.

ആധുനിക സമൂഹത്തിന്റെ സമസ്തമേഖലകളിലും കപ്യൂട്ടർ വൽക്കരണം ആശയവിനിമയ കൈമാറ്റതലങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. മാധ്യമങ്ങളുടെ ഉല്പാദനം, ശേഖരണം, വിതരണം, സ്വാംശീകരണം, പാഠം, പാരമ്പര്യം, സംസ്കാരം, ഉപയോഗം തുടങ്ങിയ എല്ലാ രംഗങ്ങളിലും വിപ്ലവകരമായ മാറ്റങ്ങളുണ്ടായി.

**മാധ്യമസംലയനം നിർവചനങ്ങൾ**

മാധ്യമസംലയന (Media Convergence) ത്തെ കുറിച്ച് ധാരാളം വ്യത്യസ്തമായ നിഗമനങ്ങൾ നിലവിലുണ്ട്. എല്ലാ സൈദ്ധാന്തികരും രണ്ടോ മൂന്നോ കാര്യങ്ങളുടെ കൂടിച്ചേരൽ എന്ന അർത്ഥത്തിൽ സംലയനം (Convergence) എന്ന സങ്കല്പനത്തെ അംഗീകരിക്കുന്നുണ്ട്. ധാരാളം വ്യത്യസ്ത വാദഗതികൾ എന്താണ് യഥാർത്ഥത്തിൽ മാധ്യമസംലയനം എന്ന ചോദ്യത്തിനുത്തരമായി മുന്നോട്ടു വന്നിട്ടുണ്ട് (Grant and Wilkinson, 2009). ഒരു വശത്ത് സംലയനം വ്യത്യസ്ത മാധ്യമ സങ്കേതങ്ങളും ഉപകരണങ്ങളും വാർത്താവിതരണത്തിനായി ഒന്നിച്ചു ചേരുന്നതിനെയാണ് അർത്ഥമാക്കുന്നത് (Jenkins, 2006:3). മറ്റൊരു വശത്ത് മാധ്യമങ്ങളുടെ ഉള്ളടക്കം (Content) ഒന്നിലധികം മാധ്യമങ്ങളുടെ പ്രതലങ്ങളിലേക്ക് ഒഴുകിപ്പരക്കുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. മാധ്യമങ്ങളുടെ പ്രേക്ഷകർക്ക് മാധ്യമ ഉള്ളടകത്തിന്റെ നിർമ്മാണത്തിലും വിതരണത്തിലും മുമ്പ് ഇല്ലാത്തവിധത്തിലുള്ള സ്വാധീനമുണ്ടെന്നും അതുകൊണ്ട് തന്നെ മാധ്യമസംലയനത്തെക്കുറിച്ചുള്ള പര്യാലോചനകൾ ആദ്യം തന്നെ ഒരു സമൂഹത്തിലുണ്ടാകുന്ന സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങളെ പഠനവിധേയമാക്കണമെന്നും മറ്റൊരു കൂട്ടർ വാദിക്കുന്നു.

ജെൻകിൻസിന്റെ അഭിപ്രായത്തിൽ മാധ്യമസംലയനം ഒരു നൈരന്തര്യമാണ്. അതിനെ പഴയ മാധ്യമങ്ങളെ മാറ്റി പകരം പുതിയവയെ പ്രതിഷ്ഠിക്കുക എന്ന അർത്ഥത്തിലല്ല മറിച്ച് വ്യത്യസ്തമായ മാധ്യമങ്ങളുടെ പല തരത്തിലുള്ള പാരസ്പര്യമായാണ് കാണേണ്ടത്

(Jenkins, 2006:13). ജെൻകിൻസിന്റെ ഈ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഡെവ്സ് (Deuze) മാധ്യമസംലയനത്തെ മുമ്പ് പരസ്പരബന്ധിതമല്ലാതിരുന്ന വ്യത്യസ്ത മാധ്യമങ്ങളുടെ സഹകരണവും പാരസ്പര്യവും (Co-operation & Collaboration) ആയാണ് കാണുന്നത് (Erdal, 2011: 213).

ടെലികമ്യൂണിക്കേഷൻ, കംപ്യൂട്ടർ വ്യവസായം എന്നിവയോടുള്ള മാധ്യമങ്ങളുടെ കൂടിച്ചേരലായാണ് ബെർനെറ്റും മാർഷലും മാധ്യമസംലയനത്തെവിലയിരുത്തുന്നത് (Grant and Wilkinson, 2009:5) മറ്റൊരു വാക്കിൽ പറഞ്ഞാൽ വ്യത്യസ്ത മാധ്യമങ്ങളുടെ അതിരുകൾ മാഞ്ഞുപോയി അവയെല്ലാം ഒരു ഡിജിറ്റൽ പ്രതലത്തിൽ ഒന്നിച്ചു ചേരുന്നതാണ് മാധ്യമസംലയനത്തിന്റെ അനുഭവം.

ഈ അടുത്തകാലത്ത് സംഭവിക്കുന്ന ഇത്തരം പുതുമകൾ കൊണ്ട് സമൂഹത്തിലും മാധ്യമവ്യവസായത്തിലും എന്താണ് ഗുണം എന്ന ചോദ്യവും പ്രസക്തമാണ്. മാധ്യമസംലയനം കൊണ്ട് നിർമ്മാതാക്കൾക്കും ഉപഭോക്താക്കൾക്കും കൂടുതൽ വെല്ലുവിളികളാണോ സാധ്യതകളാണോ ലഭിക്കുന്നത്. പ്രത്യേകമായി അന്വേഷണവിധേയമാക്കേണ്ടുന്ന ഒരു രംഗം മാധ്യമത്തിന്റെ ഉടമസ്ഥത (Media ownership) യാണ്. ഇക്കാലത്ത് മാധ്യമവ്യവസായത്തെ നിയന്ത്രിക്കുന്നതിനാവശ്യമായ മുഴുവൻ ശക്തിയും കേന്ദ്രീകരിച്ചിരിക്കുന്നത് വളരെ ചെറിയ അംഗസംഖ്യമാത്രമുള്ള സ്വകാര്യ ഉടമകളുടെ കൈകളിലാണ്. ഉദാഹരണത്തിന് വാനർ ബ്രദേഴ്സ് (Warner Bros) പോലുള്ള സിനിമയിൽ മാത്രം ശ്രദ്ധിച്ചിരുന്ന സംരംഭകർ ഇന്ന് വിനോദവ്യവസായത്തെ ഒന്നടങ്കം - കംപ്യൂട്ടർ ഗെയിമുകൾ, പുസ്തകങ്ങൾ, മാസികകൾ, വെബ്സൈറ്റുകൾ, കളിപ്പാട്ടങ്ങൾ-അടക്കി വാഴുകയാണ്. അവയെല്ലാം മാധ്യമസംലയനത്തിന്റെ ഭാഗമാണ് (Jenkins, 2006). ഈ ഒരു പ്രവണതക്ക് ധനാത്മകവും ഋണാത്മകവുമായ വശങ്ങളുണ്ട്. ഒരു വശത്ത് പങ്കുവ യ്ക്കപ്പെടുന്ന സാമഗ്രികളുടെ വ്യത്യസ്തകൾ കുറയുന്നതിനിയാക്കുകയും അങ്ങിനെ സാമ്പത്തികസ്ഥിതിയില്ലാത്തവരുടെ ശബ്ദങ്ങൾ കേൾക്കപ്പെടാതിരിക്കുകയും ചെയ്യുന്നു (Branston et al, 2010:179) മറുവശത്ത് വാണിജ്യവൽക്കരിക്കപ്പെട്ട മാധ്യമങ്ങൾ വലിയ മാധ്യമ കോർപ്പറേഷൻസ് കൈയാളുകയും നിയന്ത്രിക്കുകയും ചെയ്യുമ്പോൾ സേവനങ്ങളുടെ മൂല്യവും പങ്കാളികളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും സാങ്കേതികവികസനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും. മാധ്യമപ്രവർത്തകരുടെ പ്രമാണികത്വത്തിന് മാറ്റം വരുത്തി ഒരു പുതിയ അവബോധം നിർമ്മിക്കാനും ഇത് സഹായകമാണ് (Grant, 2009). മാധ്യമസംലയനത്തിന്റെ മറ്റൊരു ന്യൂനതയായി ജെൻകിൻസ് കണ്ടെത്തുന്നതാണ് പങ്കാളിത്തവിടവ് (Participation gap). മാധ്യമസംലയനം പൊതുവെ

പ്രേക്ഷകരുടെ പങ്കാളിത്തത്തെ പ്രത്യേകിച്ചും മാധ്യമ ഉള്ളടക നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കുമെങ്കിലും വലിയ ഒരളവോളം പുതു സാങ്കേതികവിദ്യകളോടും മാധ്യമങ്ങളുടെ പുതു രൂപങ്ങളോടും ഇപഴകുന്നതിനാവശ്യമായ നൈപുണി (skill) അത് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ പ്രേക്ഷകരുടെ ഒരു വലിയ വിഭാഗം പുതു മാധ്യമ സംസ്കാരത്തിന് പുറത്താക്കുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നു (Jenkins, 2006:23).

**മാധ്യമസംലയനവും പരസ്പരവ്യവഹാരവും**

മാധ്യമസംലയനത്തെ പഴയ മാധ്യമങ്ങളും പുതിയവയും തമ്മിലുള്ള പരസ്പരവ്യവരാഹമായേ മനസിലാക്കാൻ കഴിയൂ. മൊബൈൽ ഫോണിന്റെ ആദ്യത്തെ ഉപയോഗം പരസ്പരം സംസാരിക്കുക എന്നതിൽ നിന്ന് ഇന്ന് മൊബൈൽ ഫോണുകൾ മൊബൈൽ ബ്രോഡ് ബാന്റ്, വൈഫൈ, ടെക്സ്റ്റിങ്ങ്, ജി.പി.എസ്. നാവിഗേഷൻ, മ്യൂസിക് പ്ലയർ, ടച്ച് സ്ക്രീൻ, ഫുൾ കീബോർഡ്, ക്യാമറകൾ, സംസാരം തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കുന്ന സിസ്റ്റം എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ വേദിയായി. മൊബൈൽ ഫോണുകൾ ഇന്ന് 'നാലാം തിര'യായി (Fourth Screen) (ചലച്ചിത്രത്തിന്റെ തിരശീല), ടെലിവിഷൻ, കംപ്യൂട്ടർ എന്നിവയാണ് മറ്റ് മൂന്ന് തിര (Screen) കൾ) ഓൺലൈനിലാകാനും ചിത്രങ്ങളോ വീഡിയോകളോ അയക്കാനും പാട്ടുകേൾക്കാനുമൊക്കെ ഏറ്റവും എളുപ്പത്തിൽ സാധ്യമായതോടെ ജനപ്രിയമാധ്യമങ്ങൾ അനുദിന ജീവിതത്തിന്റെ ഭാഗമായി.

1960 കളിലെ ആരംഭദശയിൽ നിന്ന് ഇന്റർനെറ്റ് ബഹുദൂരം വളർന്നു. അതൊരു മാധ്യമ 'പവർഹൗസാ'യി (Power House) നിലവിലിരുന്ന മറ്റെല്ലാ മാധ്യമങ്ങളെയും ഉൾക്കൊണ്ടു (encompassed) കൊണ്ട് വികസിച്ചു. 1990 കൾക്ക് മുമ്പ് ഇമെയിൽ, ഫയൽട്രാൻസ്ഫറുകളായാണ് ഉപയോഗിച്ചിരുന്നത്. ഇന്റർനെറ്റ്, വേൾഡ് വൈഡ് വെബ്ബിന്റെ (www) വരവോടെ വെബ് ബ്രൗസറുകൾ രംഗത്തെത്തി. ഇ-മെയിലുകൾ, സേർച്ച് എഞ്ചിനുകൾ, ഇൻസ്റ്റന്റ് മെസേജുകൾ, ബ്ലോഗുകൾ, വിക്കി വെബ് സൈറ്റും, (Wiki Web Sites) വിക്കിപീഡിയ, വിക്കിമാപ്പിയ, വിക്കിലീക്ക്സ്, വിക്കി ട്രാവൽ തുടങ്ങിയവ സാമൂഹിക മാധ്യമങ്ങളായ മൈസ്പെയസ് (My Space) ഫെയ്സ് ബുക്ക്, (H:5, Belbo), സ്കൈപ്പ് (Skype) തുടങ്ങിയവയും ധാരാളം സാമൂഹിക മാധ്യമസൈറ്റുകളും ഇന്റർനെറ്റിനെ ജനകീയമാക്കി.

**മാധ്യമസംലയനചരിത്രം**

1870 കളിലാണ് ടെലിഫോൺ കണ്ടുപിടിച്ചത്. 1920 കളിൽ റേഡിയോ എത്തി. 1950 കളിൽ ടെലിവിഷൻ രംഗത്തുവന്നു. 1970 കളി

ലാണ് പേർസണൽ കംപ്യൂട്ടർ പി.സി.) സാധ്യമാകുന്നത്. ഓരോ മാധ്യമ വൃത്തത്തിനും അതിന്റേതായ തനതു ധർമ്മങ്ങളുണ്ടായിരുന്നു. 1990കളിൽ ഇന്റർനെറ്റ് കംപ്യൂട്ടറുകളിൽ ലഭ്യമായതോടെ ഡിജിറ്റൽ മാധ്യമങ്ങളെ ഒരു കുടക്കീഴിലാക്കാൻ അതിന് സാധിച്ചു. അങ്ങനെ എഴുത്തും ചിത്രങ്ങളും ശബ്ദവും ചലനചിത്രങ്ങളും (Text, photo, audio and video) ഒരൊറ്റയിടത്ത് സംലയിപ്പിക്കാൻ (converge) സാധിച്ചു. ഇന്ന് ടെലിവിഷനിൽ ഇന്റർനെറ്റ് ലഭ്യമാകുന്ന ടെലിവിഷൻ സെറ്റുകളുണ്ടായി. ഐ പാഡുകളും (ipad) ടാബ്‌ലെറ്റുകളും (tablet) സ്മാർട്ട് ഫോണുകളും മാധ്യമസംലയനത്തിന്റെ വ്യത്യസ്തയാർന്ന വേദികളായി മാറി.

ടെലിവിഷൻ വ്യവസായത്തിന്റെ വർഷങ്ങളായുള്ള വളർച്ചയാണ് മാധ്യമസംലയനത്തിന്റെ ഏറ്റവും അനുയോജ്യമായ ഉദാഹരണം. അനലോഗ് മാധ്യമത്തിൽ നിന്ന് ഡിജിറ്റൽ മാധ്യമത്തിലേക്കുള്ള പരിവർത്തനമാണ് മാധ്യമസംലയന ചർച്ചകളുടെ കേന്ദ്രബിന്ദു. അനലോഗ് എന്ന വാക്കുതന്നെ ഉപയോഗിക്കുന്നത് തുല്യരൂപമുള്ള മറ്റെന്തിനോടോ ഉള്ള സാദൃശ്യത്തെ വിവരിക്കാനാണ് (Dewdney and Ride, 2006:227). ടെലിവിഷനിലൂടെ അയച്ചുകൊടുക്കുന്ന സിഗ്നലുകൾ യഥാർത്ഥ സംഭവസ്ഥലത്തുള്ള ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും സാദൃശ്യത്തെ കാണിക്കുന്നവയാണ്. ഡിജിറ്റൽ കോഡുകളുടെ വരവോടെ മാധ്യമങ്ങളുടെ നിർമ്മാണത്തിലും സംലയനത്തിലും ധാരാളം പുതിയ സാധ്യതകൾ ഉണ്ടായി. ഉല്പാദകരും ഉപഭോക്താക്കളും തമ്മിൽ പല തരത്തിലുള്ള പരസ്പര വ്യവഹാരങ്ങൾക്ക് അത് വഴിയൊരുക്കി.

**മാധ്യമസംലയനം സാധ്യതകളും വെല്ലുവിളികളും**

ആധുനിക മനുഷ്യന്റെ ജീവിതത്തിന്റെ ഭാഗമാണ് മാധ്യമങ്ങളുടെ സംലയനം. വ്യത്യസ്ത വേദികളിലും ഫ്ളാറ്റുഫോമുകളിലും സംവിധാനങ്ങളിലുമുള്ള സാങ്കേതികവിദ്യകളുടെ വളർച്ച (ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ആശയവിനിമയം തുടങ്ങിയവ) പ്രേക്ഷകർക്ക് വ്യത്യസ്ത തരം മാധ്യമ തെരഞ്ഞെടുപ്പുകൾ സാധ്യമാക്കി. മാധ്യമ സാങ്കേതികവിദ്യ ജീവിതത്തെ കുറേക്കൂടെ എളുപ്പമുള്ളതാക്കി തീർത്തു. വ്യാവസായികരംഗത്ത് സാങ്കേതികവിദ്യയുടെ വികാസത്തോടെ സോഫ്റ്റുവെയറുകളുടെയും ഉല്പാദനത്തിന്റെയും ചിലവ് കുറക്കാൻ കഴിഞ്ഞു. ടെലിവിഷനെയും ടെലികമ്മ്യൂണിക്കേഷനെയും ഇന്റർനെറ്റിനെയുമൊക്കെ ഒന്നിപ്പിക്കുന്നതു വഴി ഓരോ മാധ്യമത്തിനും വ്യത്യസ്തമായ വാർത്താ റിപ്പോർട്ടർമാരെയും മറ്റ് ജോലിക്കാരെയും കണ്ടെത്താതെ തന്നെ ഉല്പന്നത്തിന്റെ ഗുണനിലവാരം ഉയർത്താൻ കഴിയും. അതിന്റെ ഫലമായി പ്രേക്ഷകരുടെ സംതൃപ്തി നേടിയെടുക്കാനും അങ്ങനെ കൂടുതൽ ആളുകളിലെത്താനും അത് ഉല്പാദകരെ സഹായിക്കുന്നു. പൊതുജനത്തിന്റെ ഭാഗത്തു നിന്നാകട്ടെ കൂടുതൽ സൗകര്യ

പ്രദമായ രീതിയിലുള്ള വിവരങ്ങളുടെ ലഭ്യത. മാധ്യമ ഉപഭോഗത്തെ ഒരു പുതിയ അനുഭവമാക്കി മാറ്റുന്നു.

മാധ്യമ സംലയനം വാർത്താപ്രേക്ഷകരെ ചെറിയ കൂട്ടങ്ങളായി വിഭജിക്കുന്നതിനിടയാക്കാറുണ്ട്. ഏറെ സങ്കീർണമായ ഒരു ലോക ത്തിൽ എല്ലാത്തിനും സമയം കണ്ടെത്തുക പ്രയാസമായതുകൊണ്ട് ഓരോരുത്തരും അവരവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വാർത്താ മാധ്യമങ്ങളെ തിരഞ്ഞെടുക്കേണ്ടിവരുന്നതിനാലാണിത്. മാധ്യമ സംലയനം മാധ്യമങ്ങളുമായി പ്രേക്ഷകർക്ക് നേരിട്ട് സംവദിക്കാനും അവയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും അവസരമൊരുക്കു ന്നുണ്ട്. കൂടാതെ വമ്പിച്ച തോതിലുള്ള പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്നത് മാധ്യമങ്ങളും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്ത മാക്കുകയും ചെയ്യും. പരസ്പരവ്യവഹാര(interactive)ത്തിന് ധാരാളം അവസരം ഒരുക്കുന്ന വേൾഡ് വൈഡ് വെബ് (www) പോലുള്ളവ ജനങ്ങൾക്കായി ഗാനങ്ങളും വീഡിയോകളും ചിത്രങ്ങളും ആശയങ്ങളും നിർമ്മിക്കാനും പങ്കുവയ്ക്കാനും പകർത്തിയെടുക്കാനും ധാരാളം അവ സരമൊരുക്കുന്നു.

മറുവശത്ത് മാധ്യമസംലയനം നിരവധി വെല്ലുവിളികളും മുന്നോട്ടുവയ്ക്കുന്നുണ്ട്. വിവരങ്ങളുടെ ആധിക്യം (information overload) ആവശ്യമുള്ള ഒരു പ്രത്യേക അറിവിന്റെ ലഭ്യത ക്ലേശകര മാക്കുന്നു. അതിവേഗത്തിൽ സാങ്കേതികവിദ്യകൾക്കുണ്ടാകുന്ന മാറ്റ ങ്ങൾ ചിലപ്പോഴെങ്കിലും പ്രേക്ഷകർക്ക് ആശയകുഴപ്പങ്ങളുണ്ടാക്കുന്ന തിന് കാരണമായിത്തീരാം. പരമ്പരാഗതമായ മാധ്യമങ്ങളെ മാത്രം പരിചയിച്ച ഒരു തലമുറക്ക് അതിവേഗത്തിലുള്ള ഇത്തരം മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയണമെന്നില്ല.

### മാധ്യമസംലയനവും വർത്തമാനകാല സമൂഹവും

സാങ്കേതികവിദ്യ അനുദിനമെന്നോണം നവീകരിക്കപ്പെട്ടുകൊ ണ്ടിരിക്കുകയാണ്. നൂറ്റാണ്ടുകളിലൂടെയുള്ള പരിണാമഘട്ടങ്ങളിലാണ് ടെലിഫോണുകളും ടെലിവിഷനും കംപ്യൂട്ടറുകളുമൊക്കെ രംഗത്തെ ത്തിയത്. 1870–കളിൽ എലിഷാഗ്രെയും (Elisha Gray) അലക്സാണ്ടർ ഗ്രഹാമും (Alexander Graham) ടെലിഫോൺ കണ്ടുപിടിച്ചു. ഇതൊരു വലിയ മാറ്റത്തിന് തുടക്കമിട്ടു. അതിനുമുമ്പ് ടെലഗ്രാഫുകളിലൂടെ മാത്ര മായിരുന്നു ആശയവിനിമയം സാധ്യമായിരുന്നത്. ടെലഫോണിന്റെ കണ്ടുപിടുത്തത്തെ 1990കളിൽ മൊബൈൽഫോണിന്റെ കണ്ടുപിടുത്തം എത്രയോ വിപ്ലവകരമായി മുന്നോട്ടുകൊണ്ടുപോയി. 1930കളോടെ കംപ്യൂട്ടർ സാങ്കേതികവിദ്യയുടെ പലതരം തുടക്കങ്ങൾ ആരംഭിക്കുക യായി. 1981 അപ്പോളോ കമ്പനി DN 100 എന്ന പേരിൽ സ്വന്തം കംപ്യൂ

ട്ടറുകൾക്ക് രൂപകല്പന നൽകി. കാലത്തിലൂടെ കംപ്യൂട്ടറുകൾക്ക് മാറ്റങ്ങൾ സംഭവിച്ചു. അതിന്റെ കാര്യപ്രാപ്തിയിലും രൂപത്തിലും എത്രയോ വലിയ വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. ഇന്നും പുതിയ തരത്തിലും തലത്തിലും കംപ്യൂട്ടർ രംഗം പരിവർത്തനത്തിന്റെ പാതയിലാണ്. ടെലിവിഷനിലും മാറ്റങ്ങളുണ്ടായി. കറുപ്പും വെളുപ്പും (Black & White) ചിത്രങ്ങളിൽ നിന്ന് ബഹുവർണ്ണചിത്രങ്ങളിലേക്കും പിന്നീട് HD, 3D മുതലായ സാങ്കേതിക മാറ്റങ്ങളിലേക്കും അവ വളർന്നു.

കാലാകാലങ്ങളിൽ വ്യത്യസ്ത രീതികളിൽ വളർന്നു വന്ന സാങ്കേതികവിദ്യകളെല്ലാം തന്നെ മനുഷ്യരുടെ അനുദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറി. ആധുനികമായ ഈ ഓരോ സാങ്കേതികവിദ്യയും ഇന്ന് പാരസ്പര്യത്തിന്റെ ദിശയിലാണ്. മൊബൈൽ സാങ്കേതികവിദ്യ ടെലിവിഷന്റെയും കംപ്യൂട്ടറിന്റെയും സാങ്കേതികവിദ്യകളോട് കൈകോർക്കുന്നു. ഫോണിൽ സംസാരിക്കുക എന്നതിൽ നിന്ന് വ്യത്യസ്തമായി സന്ദേശങ്ങളും ചിത്രങ്ങളും അയയ്ക്കാനും സാമൂഹ്യമാധ്യമങ്ങളായ ഫെയ്സ് ബുക്ക്, ടിിറ്റർ, വാട്സ് ആപ്പ് തുടങ്ങിയവയിലൂടെ ആശയവിനിമയത്തിന്റെ പല രൂപങ്ങൾ പരീക്ഷിക്കാനും ഇന്ന് അവസരമൊരുങ്ങിക്കഴിഞ്ഞു. പത്രങ്ങളുടെ വാർത്താ ആപ്ലിക്കേഷനുകളിലൂടെ മൊബൈലിൽ വാർത്താപത്രങ്ങൾ വായിക്കാനും ടെലിവിഷൻ ചാനലുകൾ കാണാനും കളികൾ, ഈമെയിലുകൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ആസ്വദിക്കാനും സാധിക്കുന്നു.

നമ്മുടെ ജീവിതത്തെ വളരെ അധികം മാറ്റിക്കഴിഞ്ഞ മാധ്യമ സംലയനം(Media Convergence) വ്യത്യസ്ത മാധ്യമങ്ങളിലെ സാങ്കേതിക ഉള്ളടക്കങ്ങളെ ഒന്നിപ്പിക്കുകയാണ് ചെയ്യുന്നത് (Campbell, Martin & Fabos, 2012:48). സാങ്കേതികവിദ്യയുടെ പരിണാമമാണിവിടെ സംഭവിക്കുന്നത്. ഒരുപോലെയുള്ള കാര്യങ്ങൾ ചെയ്യുവാൻ പല തരത്തിലുള്ള സാങ്കേതികവിദ്യകളെ സംയോജിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. സ്മാർട്ട്ഫോണിൽ ഫോണും റോഡിയോയും ടെലിവിഷനും ഇന്റർനെറ്റും അവയുടെ തനതുസേവനങ്ങളുമായി ഒന്നിച്ചു ചേരുന്നു. ഐപാട് (iPad) ലാപ്ടോപ്പിന്റെ ഒരു ചെറുപതിപ്പായി വെബ് സേർച്ച് ചെയ്യാനും ടെലിവിഷനും സിനിമകളും കാണാനും കംപ്യൂട്ടറിന്റെ എല്ലാ ജോലികളും നിർവ്വഹിക്കാനും പര്യാപ്തമായി കഴിഞ്ഞു. ഇന്ന് ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, കംപ്യൂട്ടറുകൾക്ക് ഫോണിലൂടെയും വീഡിയോ ചാറ്റുകളിലൂടെയും ആശയവിനിമയം നടത്താം. ഇന്റർനെറ്റ് ടെലിവിഷനുമായി യോജിപ്പിക്കപ്പെട്ടു കഴിഞ്ഞതിനാൽ ഇന്റർനെറ്റിലൂടെ ടെലിവിഷൻ ചാനലുകൾ കാണാനും തങ്ങളുടെ നിർദ്ദേശങ്ങൾ ചാനലുകളെ അറിയിക്കാനും പരിപാടികളോട് പ്രതികരിക്കാനും കഴിയുമെന്നായിരിക്കുന്നു. ഇങ്ങനെ സാങ്കേതികവിദ്യകളുടെ ഈ സംലയനം

(Convergence) ഉപഭോക്താവിന് വളരെ അനായാസമായും വേഗത്തിലും ക്രിയാത്മകമായും മാധ്യമങ്ങളെ ഉപയോഗിക്കാൻ അവസരമൊരുക്കുന്നു. ആളുകൾക്ക് ഇന്റർനെറ്റിലെ സാമൂഹ്യമാധ്യമങ്ങളിലൂടെ വളരെ വേഗത്തിൽ അകലങ്ങളിലുള്ളവരുമായി ബന്ധത്തിലായിരിക്കാൻ കഴിയുന്നു. സാങ്കേതികവിദ്യയുടെ ഈ വലിയ വളർച്ചയോടൊപ്പം തന്നെ മനുഷ്യൻ മുഖാമുഖം കാണാനും ആശയം കൈമാറാനുപയോഗിക്കുന്ന സമയത്തിൽ സാരമായ കുറവുണ്ടായി. പരസ്പരമുള്ള മുഖാമുഖ സംഭാഷണങ്ങളെക്കാൾ സാങ്കേതികവിദ്യകളെ കാര്യമായി കരുതുന്നത് മനുഷ്യന്റെ സാമൂഹിക മനഃസാക്ഷിയിലുണ്ടായ വലിയ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

## Reference


1. E. Grant, August & S.Wilkinson, Jeffery 2009. *Understanding Media Convergence*, Oxfortd University Press.
2. Jenkins, Henry 2006. *Convergence Culture: Where old and New Media Collide*. New York University Press, New York, London.
3. ---2009.*Confronting the Challenges of Practicipatory Culture: Media Education for the 21st Century.* MIT Press, London.
4. Erdal, Ivar John 2011. *Coming to Terms with Convergence Journalism*: Cross-Media as a Theoretical and Analystical Concept. Convergence:The International Journal of Research into New Media Technologies May 17; 213-223 ps. doi:101177/1354856510397 109.
5. Branston, Gill & Stafford, Roy 2010. *The Media Student's Book*, Routledge, London and New York.
6. Campbell, Richard R. Martin, Christopher & Fabos, Bettina2012. *Media & Culture An Introduction to Mass Communicati on* St. Martin's New York.

# സൈബർസാഹിത്യം

മനോജ് ജോസഫ്

**അ**ച്ചടി ആവിർഭവിച്ച് അഞ്ഞൂറുവർഷങ്ങൾക്കുശേഷമാണ് കമ്പ്യൂട്ടർ കേന്ദ്രീകൃത ഇലക്ട്രോണിക് സാഹിത്യം ഉദയംകൊള്ളുന്നത്. കമ്പ്യൂട്ടർ മാധ്യമത്തിലേക്ക് പ്രവേശിച്ചതിന്റെ ഭാഗമായി ഭാഷയും സാഹിത്യവും പല വിധത്തിലുള്ള രൂപപ്പെടലുകൾക്ക് വിധേയമായി. അച്ചടിലോകം പകർന്നു നൽകിയ സാധ്യതകൾക്കു മുകളിലാണ് കമ്പ്യൂട്ടറും സാങ്കേതികവിദ്യയും പ്രതിഷ്ഠിക്കപ്പെട്ടത്. ഇലക്ട്രോണിക് സാഹിത്യത്തെപ്പറ്റി പഠനം നടത്തിയ കാതറീൻ ഹെയ്ൽസ് (Katherine Hayles) വിലയിരുത്തുന്നു. "ആളുകൾ ഡിജിറ്റൽ സൃഷ്ടികളെ സമീപിക്കുന്നത് പ്രിന്റ് മീഡിയാകൾവഴി രൂപംകൊണ്ട ചില ധാരണകളോടും പ്രതീക്ഷകളോടും കൂടിയാണ്. അക്ഷരരൂപങ്ങളിൽ ഒളിപ്പിച്ചുവച്ചിരുന്ന വിശാലവും ആഴവുമായ അറിവുകളുടെയും അച്ചടിസമ്പ്രദായങ്ങളുടെയും അച്ചടിസാഹിത്യരീതികളുടെയും മുകളിലാണ് ഇലക്ട്രോണിക് സാഹിത്യം നിർമ്മിക്കപ്പെട്ടിരിക്കുന്നത്" (2007:4). അച്ചടിസാങ്കേതികതയുടെ പിന്നാലെ കടന്നുവന്ന ഇലക്ട്രോണിക് സാങ്കേതികതയെ അച്ചടിയുടെ തുടർച്ചയും അധികസാധ്യതയുമെന്ന നിഗമനത്തിലാണ് ആളുകൾ സ്വീകരിച്ചത്.

എഴുത്തിന്റെ ചരിത്രത്തോടെ ആരംഭിച്ച സാങ്കേതികവിദ്യയുടെ തുടർച്ചയായിട്ടാണ് കമ്പ്യൂട്ടർസാങ്കേതികവിദ്യയെയും മനസ്സിലാക്കുന്നതും പഠിക്കുന്നതും. ഭാഷ ഓരോ മാധ്യമത്തിലും ആ മാധ്യമത്തിന്റെ സാധ്യതകളെയും മേന്മകളെയും സ്വാംശീകരിക്കുകയും ഭാഷയുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്തു. ഭാഷയ്ക്ക് അധികമായി ലഭിച്ച സാങ്കേതികസാധ്യതയെന്ന നിലയിലാണ് സൈബർ സാഹിത്യത്തെ കാണാൻ കഴിയുക. എഴുത്തും അച്ചടിയും നൽകിയതിനെക്കാൾ കൂടുതൽ സാങ്കേതികസാധ്യതകളെ പ്രദാനം ചെയ്യുന്നതിന് കമ്പ്യൂട്ടറിനു സാധിച്ചു.

കമ്പ്യൂട്ടർ സാങ്കേതികത പ്രദാനംചെയ്യുന്ന പശ്ചാത്തലമാണ് സൈബർ സാഹിത്യത്തിന് അർത്ഥവും പ്രാധാന്യവും നല്കുന്നത്. അച്ചടിലോകത്തു പ്രത്യക്ഷപ്പെടുന്ന സാഹിത്യസൃഷ്ടികളെക്കാൾ അവ ഓരോന്നും വ്യത്യാസപ്പെട്ടു നില്ക്കുന്നു. എഴുത്തിന്റെയും അച്ചടിയുടെയും ലോകത്തുനിന്ന് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റ് ശൃംഖലകളുടെയും ലോകത്തെത്തുമ്പോൾ സാഹിത്യം കൂടുതലായി സാങ്കേതികതയുടെ അവസ്ഥകളെ അവയുടെ സ്വത്വത്തിലേക്കു സ്വീകരിക്കുന്നു. എഴുതുന്നതിനുള്ള ഉപകരണം എന്നതിലുപരി സാഹിത്യരൂപത്തിന്റെ ഭൗതിക ഘടനയുടെ ഭാഗമായി കമ്പ്യൂട്ടർ സാങ്കേതികതയെ പ്രയോജനപ്പെടുത്തുന്നു. സാഹിത്യത്തിന്റെയും ഭാഷയുടെയും ലോകത്ത് കമ്പ്യൂട്ടർ ഒഴിവാക്കാനാവാത്ത സ്വാധീനങ്ങളെയും സാധ്യതകളെയും പ്രദാനം ചെയ്യുന്നു.

**സൈബർ പദനിരുക്തി**

വിവരസാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഫലമായി മലയാള ഭാഷയിലേക്ക് തത്സമമായി കടന്നുവന്ന പദമാണ് 'സൈബർ'. തൊണ്ണൂറുകളുടെ ആരംഭത്തിൽ മലയാളത്തിലേക്കുവന്ന ഈ പദം ഇന്ന് ഒരു സാംസ്കാരിക പശ്ചാത്തലത്തെ നിർണ്ണയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. 'സൈബർ' (cyber) എന്ന പദത്തിന് ഓക്സ്ഫോഡ് അഡ്വാൻസ്ഡ് ലേണേഴ്സ് ഡിക്ഷ്ണറി നല്കുന്ന അർത്ഥം "ഇലക്ട്രോണിക് ആശയശൃംഖലാ പ്രവർത്തനവുമായി പ്രത്യേകിച്ച് ഇന്റർനെറ്റുമായി ബന്ധപ്പെട്ടത് എന്നാണ്." വാച്യാർത്ഥത്തിൽ സൈബർ എന്ന പദം അതിയന്ത്രവത്ക്കരണം (automation), മനുഷ്യനിർമ്മിതം/കൃത്രിമ നിയന്ത്രണം (artificial control), കമ്പ്യൂട്ടർവത്ക്കരണം (computerization) എന്നെല്ലാം അർത്ഥമാക്കുന്നു.

സൈബറിടം (cyber space), സൈബർകഫെ, സൈബർ സാഹിത്യം, സൈബർ ചാരൻ, സൈബർ കുറ്റകൃത്യം, സൈബർ ലോകം, സൈബർ സെക്സ്, സൈബർ ഗെയിംസ്, സൈബർസെൽ ഇങ്ങനെ ആഗോളഗ്രാമത്തിലെ പൗരന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടുനില്ക്കുന്ന എല്ലാ ഇടങ്ങളെയും പ്രവർത്തികളെയും വെർച്വൽ ലോകത്ത് പ്രതിനിധാനം ചെയ്യുന്ന തരത്തിൽ സൈബർ എന്ന പദം വികാസം പ്രാപിച്ചുകഴിഞ്ഞു.

സൈബർ എന്ന പദം ഏറ്റവും അധികം പ്രസിദ്ധമായത് സൈബർ സ്പേയ്സുമായി ബന്ധപ്പെട്ടാണ്. 1980കളിൽ ശാസ്ത്ര കഥകളിലൂടെ പ്രത്യക്ഷപ്പെട്ട പദമാണ് സൈബർ സ്പെയ്സ് (സൈബറിടം). തൊണ്ണൂറുകളോടെ ഈ പദം ലോകവ്യാപകമായി സ്വീകരിക്കപ്പെട്ടു. സൈബർ എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് നോർബർട്ട്

വീനർ (Norbert Wiener) ആണ്. അമേരിക്കയിൽ ഗണിതശാസ്ത്രജ്ഞ നായ വീനർ 1948ൽ എഴുതിയ പുസ്തകത്തിന് നല്കിയ തലക്കെട്ട് സൈബർ നെറ്റിക്സ് (Cyber Netics) എന്നാണ്. ആ പുസ്തകത്തിന്റെ ഉപശീർഷകമായി അല്പംകൂടി കൂട്ടിച്ചേർക്കലുണ്ടായിരുന്നു. ആ ഉപ ശീർഷകം അതിന്റെ അർത്ഥത്തെ വിശദീകരിക്കുന്നു. 'കൺട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ ഇൻ ദി ആനിമൽ ആൻഡ് ദി മെഷീൻ' എന്നാണത്. വാർത്താവിനിമയമാർഗ്ഗങ്ങളെയും, നിയന്ത്രണങ്ങളെയും പറ്റിയുള്ള പഠനം, പ്രത്യേകമായി മനുഷ്യന്റെയും മൃഗത്തിന്റെയും മസ്തിഷ്കത്തെ യന്ത്രസംവിധാനവും ഇലക്ട്രോണിക് പ്രയോഗങ്ങ ളുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പഠനം എന്നാണ് സൈബർ നെറ്റിക്സുകൊണ്ട് അദ്ദേഹം അർത്ഥമാക്കിയത്. സൈബർ സ്പെയ്സിന്റെ ഉത്ഭവം സൈബർ നെറ്റിക്സ് (Cyber Netics) എന്ന വീനറിന്റെ ഈ പദത്തിൽനിന്നാണ്. വിവരങ്ങളുടെ കൈമാറ്റവും നിയന്ത്രണവുമായി വീനർ ഈ പദത്തെ ബന്ധിപ്പിക്കുന്നു. ഈ പദമാകട്ടെ കടന്നുവന്നത് കുബെർനെറ്റ്സ് (Kubernets) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. ഇതിന്റെ അർത്ഥം ചുക്കാൻ പിടിക്കുന്നവൻ/നിയന്ത്രിക്കുന്നവൻ (steersman) എന്നൊക്കെയാണ്. അതിനാൽ നിരുക്തിപരമായി സൈബർ എന്ന പദത്തിന് ചുക്കാൻപിടിക്കുന്നവൻ/നിയന്ത്രിക്കുന്നവൻ (steersman) എന്ന് അർത്ഥം കല്പിക്കാം.

ഇന്റർനെറ്റിന്റെ വിസ്മയലോകവുമായി ബന്ധപ്പെട്ട് വളർന്നു വന്ന ഈ പദം ഭൗതികലോകത്തിന് പകരം വയ്ക്കുന്ന മറ്റൊരു ലോകത്തിന്റെ കാഴ്ചപ്പാടുകളെ വിശദമാക്കുന്ന പദമായി മാറ്റപ്പെട്ടു കഴിഞ്ഞു.

പ്രതീതിയാഥാർത്ഥ്യമെന്ന് വിളിക്കപ്പെടുന്ന അതീന്ദ്രിയലോക ത്തിന്റെ ചിന്തകളും കാഴ്ചപ്പാടുകളും ദൃശ്യലോകത്തെയും അവിടെ വ്യാപരിക്കുന്ന മനുഷ്യനെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഈ അതീ ന്ദ്രിയലോകത്തിന്റെ സൃഷ്ടികർത്താവ് മനുഷ്യൻതന്നെയാണ്. മനുഷ്യൻ സൃഷ്ടിച്ച യന്ത്രവൽകൃതമായ ലോകം മനുഷ്യന്റെ വികാരങ്ങളെയും വിചാരങ്ങളെയും ചിന്തകളെയും ഭാഷയെയും സാഹിത്യത്തെയും നിയ ന്ത്രിക്കുകയും നിർണ്ണയിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. സൈബർ ഭാഷ, സൈബർസാഹിത്യം എന്ന പദങ്ങളും എത്തി നിൽ ക്കുന്നത് ഈ അർത്ഥത്തിലേക്കാണ്. മനുഷ്യൻ സൃഷ്ടിച്ച യന്ത്രവത്കൃത ലോകത്തിലേക്കു കടന്നുചെല്ലുന്ന സാഹിത്യം അതിന്റെ സവിശേഷത കളോടെ പ്രസിദ്ധീകരിക്കപ്പെടുന്നു. മനുഷ്യനിർമ്മിത യന്ത്രങ്ങൾ മനു ഷ്യഭാവനയാകുന്ന സാഹിത്യത്തിന്റെ ഘടകങ്ങളായി കൂട്ടിച്ചേർക്കപ്പെ ടുകയും അവയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഇവിടെ സംഭവിക്കുന്നത്.

## സൈബർസാഹിത്യത്തിന്റെ പശ്ചാത്തലം

ചരിത്രത്തിന്റെ ആരംഭം മുതൽ കലയും സാഹിത്യവുമായി ബന്ധപ്പെട്ടാണ് മനുഷ്യൻ ജീവിച്ചുവന്നിട്ടുള്ളത്. വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ സാഹിത്യവാസനകളെ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. ഓരോ കാലത്തിലും ആഖ്യാനങ്ങളുടെ അവതരണത്തിന് ഓരോ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തിയിരുന്നു. വർത്തമാനകാലത്ത് സാഹിത്യവാസനകളെ സംവേദനം ചെയ്യുന്നതിന് കമ്പ്യൂട്ടർ സാങ്കേതികവിദ്യയാണ് മനുഷ്യൻ കൂടുതലായി പ്രയോജനപ്പെടുത്തുന്നത്. മനുഷ്യന്റെ ആശയസംവേദനത്തിന്റെ ലോകത്തിലേക്കു കടന്നുവന്ന കമ്പ്യൂട്ടറിനെ ഇതര കലകളെപ്പോലെ പഠനവിഷയമാക്കണമെന്ന് ബ്രെൻഡാ ലോറൽ (Brenda Laurel) അഭിപ്രായപ്പെടുന്നു. സാഹിത്യപ്രകാശനത്തിന്റെയും അന്യോന്യസമ്പർക്കത്തിന്റെയും മേഖലകളിൽ പുത്തൻസാധ്യതകളെ വാഗ്ദാനം ചെയ്യുന്നതിന് കമ്പ്യൂട്ടർ സാങ്കേതികവിദ്യയ്ക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് സാഹിത്യത്തിലും ആശയവിനിമയരംഗത്തും വിവരവിജ്ഞാനരംഗത്തും ഒഴിവാക്കാനാവാത്ത സാന്നിധ്യമായി കമ്പ്യൂട്ടർ സാങ്കേതികത മാറിക്കഴിഞ്ഞു. മനുഷ്യനും കമ്പ്യൂട്ടറും തമ്മിലുള്ള പ്രവൃത്തിയുടെ ഫലമായി ഇന്ന് അവതരിക്കുന്ന സാഹിത്യത്തെയാണ് സൈബർസാഹിത്യമെന്ന് വിളിക്കുക. മനുഷ്യന്റെ സാങ്കേതികസൃഷ്ടിയായ കമ്പ്യൂട്ടറും സർഗ്ഗാത്മകസൃഷ്ടിയായ സാഹിത്യവും തമ്മിലുള്ള കൂടിച്ചേരലാണ് സൈബർസാഹിത്യത്തിലുൾച്ചേർന്നിരിക്കുന്ന പ്രവൃത്തി. അതിനാൽ സർഗ്ഗാത്മകതയുടെയും സാങ്കേതികതയുടെയും സഹകരണസൃഷ്ടിയെന്ന് അതിനെ വിളിക്കാം. ഈ സൃഷ്ടിയിൽ കമ്പ്യൂട്ടറും മനുഷ്യനും തുല്യപങ്കാളിയായിത്തീരുന്നു.

സാഹിത്യത്തിന്റെ മേഖലയിലേക്കുള്ള സാങ്കേതികവിദ്യയുടെ കടന്നുവരവിനെപ്പറ്റി കാതറിൻ ഹെയ്ൽസ് (Katherine Hayles) രണ്ടായിരത്തിരണ്ടാമാണ്ടിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു.

"ഊർജ്ജസ്വലമായ ഇലക്ട്രോണിക് ടെക്സ്റ്റ്വാലിറ്റിയുടെ പുതിയ പശ്ചാത്തലം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഒരു കാര്യം കൂടുതൽ വ്യക്തമായിരിക്കുകയാണ്. സാഹിത്യനിർമ്മിതിയുടെ ഭൗതിക അടിത്തറയെ മറന്നുകൊണ്ട് ഇനിയും അധികകാലം മുന്നോട്ടുപോകാനാവില്ല. സാഹിത്യപഠനത്തിൽ കമ്പ്യൂട്ടർ എന്ന കലാവസ്തുവിന്റെ ബാഹ്യരൂപത്തെ അതിന്റെ ഉപസവിശേഷതയായി മാത്രം സ്ഥാനപ്പെടുത്തിയുള്ള കാലം ഇനി അധികം നീളുകയില്ല. കമ്പ്യൂട്ടർ, സാഹിത്യനിർമ്മിതിയുടെ മുഖ്യസ്ഥാനത്തു വരും, ഇതില്ലാതെ കരുത്തുള്ള സൃഷ്ടികളെ രൂപപ്പെടുത്തുവാൻ കഴിയുമെന്ന പ്രതീക്ഷപോലും ഇല്ലെന്നാകും. എങ്ങനെയാണ് സാഹിത്യം കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ പ്രഭാവത്തിൻ

കീഴിൽ മാറ്റത്തിന് വിധേയമാകുന്നതെന്ന് തുടർന്ന് കാണുവാൻ കഴിയും.” (2002:19)

ഇന്റർനെറ്റു സാങ്കേതികവിദ്യയുടെ ആരംഭകാലത്ത് ഹെയ്ൽസ് നടത്തുന്ന നിരീക്ഷണം യാഥാർത്ഥ്യമാകുന്നതാണ് തുടർന്നുള്ള കാല ഘട്ടത്തിൽ കാണുവാൻ സാധിക്കുന്നത്. ഇലക്ട്രോണിക് ടെക്സ്റ്റ്വാലിറ്റിയുടെ പുതിയ പശ്ചാത്തലത്തിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യയെ ഉപസവിശേഷതയായി മാത്രം കണ്ടിരുന്ന കാലത്തിൽ നിന്നും സാഹിത്യ സൃഷ്ടിയുടെ പ്രധാനഭാഗമായി കമ്പ്യൂട്ടർ സാങ്കേതികവിദ്യ അവതരിപ്പിക്കപ്പെട്ട കാലമാണ് സൈബർകാലം. സാഹിത്യസൃഷ്ടികളുടെ ഭൗതിക പ്രപഞ്ചത്തെ സൃഷ്ടിച്ചിരുന്ന കാലത്തിൽനിന്ന് സാഹിത്യത്തിന്റെ ആന്തര ഘടനയിലേക്കു സാങ്കേതികവിദ്യ കടന്നുവന്നു. നവമാധ്യമകാലത്തിൽ സാങ്കേതികവിദ്യയുടെ പ്രഭാവത്തിൻ കീഴിൽ പുതിയ സാഹിത്യരൂപങ്ങൾ അവതരിച്ചുകൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതികവിദ്യ സാഹിത്യസൃഷ്ടിയുടെ ആന്തരികഘടനയെ നിർമ്മിക്കുന്ന അവസ്ഥയാണ് വർത്തമാന കാലം സംഭാവന ചെയ്യുന്നത്.

കമ്പ്യൂട്ടർ സാങ്കേതികതയും സാഹിത്യവും തമ്മിലുള്ള പാരസ്പരികതയെ അടിസ്ഥാനമാക്കി കമ്പ്യൂട്ടർ കവിതകളെപ്പറ്റി എസ്പൻ ആർസെത് (Espen Aarseth) നിരീക്ഷിക്കുന്നു. “മനുഷ്യ ആഖ്യാതാവും യന്ത്ര ആഖ്യാതാവും തമ്മിലുള്ള കലാസൗന്ദര്യപരമായ ബന്ധത്തിലാണ് കമ്പ്യൂട്ടർ കവിത നിർമ്മിക്കപ്പെടുന്നത്. കമ്പ്യൂട്ടറുകൾ മനുഷ്യ ആഖ്യാതാവിനെ അനുകരിക്കാൻ നിർബന്ധിക്കപ്പെടുന്നു” (1997:129). സൈബർസാഹിത്യത്തെപ്പറ്റിയുള്ള പ്രധാന നിരീക്ഷണമാണ് ആർസെത് എസ്പൻ നടത്തുന്നത്. മനുഷ്യ ആഖ്യാതാവും യന്ത്ര ആഖ്യാതാവും തമ്മിലുള്ള കലാസൗന്ദര്യപരമായ ബന്ധത്തിന്റെ ഫലമായാണ് സൈബർസാഹിത്യം നിർമ്മിക്കപ്പെടുന്നത്. ആഖ്യാതാവ് എന്ന വീക്ഷണംതന്നെ കഥയുടെ സ്രഷ്ടാവ്, കഥ പറയുന്നവൻ എന്ന അർത്ഥത്തിലാണ് പ്രയോഗിക്കാറുള്ളത്. ഇവിടെ കമ്പ്യൂട്ടർ കവിതകളിൽ ഒരേസമയം രണ്ട് സ്രഷ്ടാക്കൾ സന്നിഹിതരാകുന്നു. കവിതയുടെ അസ്തിത്വപരവും ജൈവപരവുമായ സാധ്യതയായി കമ്പ്യൂട്ടർ സാങ്കേതികത മനുഷ്യഭാവനയോട് ഒന്നിച്ചുചേർക്കപ്പെടുന്നു എന്ന് ആർസെത്ത് വീക്ഷിക്കുന്നു.

**സൈബർസാഹിത്യം - പൊതുവീക്ഷണം**

വിശാലമായ അർത്ഥത്തിൽ ഡിജിറ്റൽ സാഹിത്യവുമായി ബന്ധപ്പെട്ട എന്തിനെയും സൈബർസാഹിത്യം എന്നു നിർവചിക്കാൻ കഴിയും. അതായത് കമ്പ്യൂട്ടർ ലോകത്ത് നിർമിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന സാഹിത്യത്തെ സൈബർസാഹിത്യം എന്നു വിളിക്കുന്നു (Viires, 2005:153-154). കമ്പ്യൂട്ടറുമായി ബന്ധ

പ്പെട്ട സാഹിത്യത്തെ, ഹൈപ്പർ ടെക്സ്റ്റ് സാഹിത്യം, ഡിജിറ്റൽസാഹിത്യം, സൈബർ സാഹിത്യം എന്നിങ്ങനെ പല പേരുകളിലും അടയാളപ്പെടുത്തുന്നു. കമ്പ്യൂട്ടർ സാങ്കേതികവിദ്യയും സാഹിത്യവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിലൂടെ വളർന്നുകൊണ്ടിരിക്കുന്ന സാഹിത്യത്തിന്റെ പുതിയ രൂപമാണ് സൈബർസാഹിത്യത്തിൽ കാണുന്നത് (2005:153). കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഭാഷയിലേക്കും ഭാഷ കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലേക്കും പ്രവേശിച്ചപ്പോൾ സാഹിത്യത്തിന്റെ എഴുത്തിലും പ്രകാശനത്തിലും പുതിയ സങ്കേതങ്ങളെ രൂപപ്പെടുത്തുവാൻ ഇടവരുത്തി. മുമ്പെങ്ങും സാധ്യമായിട്ടില്ലാത്തവിധം സാങ്കേതിക വിജ്ഞാനം ഭാഷയുടെ അതിരുകൾക്കുള്ളിലേക്ക് പ്രവേശിച്ച് അവിടെ പുതിയ രൂപങ്ങളെ സൃഷ്ടിക്കുന്നു. കമ്പ്യൂട്ടർ നെറ്റുവർക്കു മാധ്യമങ്ങളുടെ ആവിർഭാവം വഴി വന്ന മാറ്റത്തെ റോബർട്ട് സിമിനോവ്സ്കി (Robert Simanowski) നിരീക്ഷിക്കുന്നു. "കമ്പ്യൂട്ടർ നെറ്റ്വർക്ക് മാധ്യമങ്ങളുടെ ആഗമനത്തോടുകൂടി സാഹിത്യരംഗം പൊതുവിൽ മാറ്റപ്പെട്ടു. സാഹിത്യം ഓൺലൈൻവഴി വർദ്ധിച്ച അളവിൽ നിർമ്മിക്കപ്പെടുകയും, വിനിമയം ചെയ്യപ്പെടുകയും, സംവേദിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. ഡിജിറ്റൽ സാഹിത്യത്തിൽ ഗുണനിലവാരത്തിലുള്ള പുതിയ സാഹിത്യരൂപങ്ങൾ പിറവിയെടുക്കുന്നു (2010:15).

കമ്പ്യൂട്ടർ സാങ്കേതികതയിലും ഭാഷയിലും നിർമ്മിക്കപ്പെടുന്ന സൈബർസാഹിത്യം കമ്പ്യൂട്ടർ സാങ്കേതികതയാൽ മാത്രമേ എഴുതാനും വായിക്കാനും കഴിയുകയുള്ളൂ. സൈബർസാഹിത്യത്തിന്റെ ഭാഷ കമ്പ്യൂട്ടർ സാങ്കേതികതയുടെ ഭാഷ തന്നെയാണ്. അതായത് കമ്പ്യൂട്ടർ ടെക്നോളജിയുടെ സാങ്കേതിക പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയെടുത്തതും കമ്പ്യൂട്ടർ സാങ്കേതിക ഉപകരണങ്ങളുടെ സഹായത്താൽ മാത്രം ഉപയോഗിക്കാൻ കഴിയുന്നതുമായ ഭാഷയാണ് സൈബർസാഹിത്യഭാഷ. ഇവിടെ കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ ഗുണങ്ങൾ സാഹിത്യത്തിന്റെ അധികഗുണമായി കൂട്ടിച്ചേർക്കപ്പെടുന്നു. വേൾഡ് വൈഡ് വെബ് (world wide web/www) കോംപാക്റ്റ് ഡിസ്ക് (Compact Disk) ഹാർഡ് ഡ്രൈവ് (Hard Drive) എന്നിവിടങ്ങളിൽ നിർമ്മിക്കപ്പെടുന്ന സാഹിത്യവ്യവഹാരങ്ങളെ സൈബർസാഹിത്യമെന്ന് പൊതുവിൽ വിളിക്കാം (Viires, 2005:154).

**സൈബർ സാഹിത്യം - വ്യത്യസ്തരൂപങ്ങൾ**

സൈബർസാഹിത്യത്തെ മനസ്സിലാക്കുമ്പോൾ വ്യത്യസ്തരൂപങ്ങളെ പരിചയപ്പെടേണ്ടിയിരിക്കുന്നു. സൈബർസാഹിത്യരൂപങ്ങളെ പൊതുവേ മൂന്നായി തരംതിരിക്കുന്നു.

1) ഇന്റർനെറ്റിൽ അഥവാ സൈബർലോകത്ത് കാണുന്ന എല്ലാ പാഠത്തെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ഒന്നാമത്തെ വിഭാഗം.

ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെടുന്ന ഗദ്യങ്ങൾ, പദ്യങ്ങൾ, ഡിജിറ്റലൈസ് ചെയ്യപ്പെട്ട കൃതികൾ, പ്രത്യേകിച്ച് ക്ലാസിക്കൽ കൃതികൾ, ഓൺ ലൈൻ സാഹിത്യ മാഗസിനുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെ ടുന്നു. ഇത് വളരെ വിശാലമായ സാഹിത്യലോകമാണ്. പഴയകാല ഘട്ടത്തിലെ ധാരാളം ക്ലാസിക്കൽ കൃതികളും ഇതര സാഹിത്യ ങ്ങളും സൈബർ ലോകത്ത് പുനഃപ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. മിക്കവാറും പ്രാചീന കൃതികളുടെ കോപ്പികളും Mp3 ഫയലുകളി ലുള്ള ഓഡിയോ ബുക്കുകളും ഇന്ന് ഓൺലൈനിൽ ലഭ്യമാണ്. അച്ചടിമേഖലയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങൾ പലതും ഒരേസമയം ഇ-ബുക്കുകളായും പ്രസിദ്ധീകരിക്കപ്പെടുന്നു. ഇങ്ങനെ സൈബർ ഇടത്തിൽ പ്രതിഷ്ഠിക്കപ്പെട്ട എല്ലാ കൃതികളും ഉൾപ്പെ ടുന്നതാണ് ഒന്നാമത്തെ വിഭാഗം. സൈബർലോകത്തു പ്രത്യക്ഷ പ്പെടുന്നുണ്ടെങ്കിലും പ്രസിദ്ധീകരണ ഇടമെന്ന നിലയിൽ മാത്രമേ അവ സൈബർസാധ്യതകളെ പ്രയോജനപ്പെടുത്തുന്നുള്ളൂ. കമ്പ്യൂട്ടർ സാങ്കേതികവിദ്യയും സൈബർലോകത്തിന്റെ സവിശേഷതകളും പ്രസി ദ്ധീകരണയിടം എന്നതിലുപരി ഇവ പ്രയോജനപ്പെടുത്തുന്നില്ല.

2) ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ സ്വതന്ത്രമായ പ്രസിദ്ധീകരണ ഇടം ലഭ്യമായപ്പോൾ ധാരാളം ആളുകൾ സൈബർലോകത്തേക്കു കട ന്നുവന്നു. നിരവധി സോഷ്യൽനെറ്റുവർക്ക് മാധ്യമങ്ങൾ പ്രസാധക രംഗത്ത് ഉദയംചെയ്തു. ഇത്തരത്തിൽ ഇന്റർനെറ്റ് മാധ്യമരംഗത്ത് അവതരിപ്പിക്കപ്പെട്ടവയാണ് ഫെയ്സ്ബുക്ക്, ഓർക്കൂട്ട്, മൈസ്പേ യ്സ്, ബ്ലോഗ്, വാട്സ്ആപ്പ്, ഓൺലൈൻ മാഗസിനുകൾ, വിക്കി പീഡിയ തുടങ്ങിയവ. സാഹിത്യപ്രസാധനത്തിനുള്ള വേദി തുറന്നു കിട്ടിയപ്പോൾ നിരവധി ആളുകളെ അവ ആകർഷിച്ചു. എഴുത്തുകാർ ക്കൊപ്പം എഴുത്തിൽ ആഭിമുഖ്യമുള്ളവരും സൈബറിടങ്ങളെ ആശ്ര യിച്ചു. കൃതഹസ്തരായ എഴുത്തുകാരും പുതുതായി കടന്നുവന്ന വരും ഉൾപ്പെട്ട വലിയ ഗണം അവിടെ സന്നിഹിതരായി. ഇതിൽ ബ്ലോഗുകളും, ടെക്സ്റ്റ് അധിഷ്ഠിതമായ കമ്പ്യൂട്ടർഗെയിമുകളും, ഓൺലൈൻ നോവലുകളും ജേർണലുകളുമെല്ലാം ഉൾപ്പെടുന്നു. ഇവയിലധികവും എഴുത്തിലും പ്രസിദ്ധീകരണത്തിലും വായനയിലും സൈബർസാധ്യതകളെ ചെറിയ അളവിൽ മാത്രമേ പ്രയോജനപ്പെ ടുത്തുന്നുള്ളൂ.

3) മൂന്നാം വിഭാഗമെന്നത് കമ്പ്യൂട്ടറുകളുടെ നെറ്റ്‌വർക്ക് സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സൈബർ ടെക്സ്റ്റു കളാണ്. ഹൈപ്പർ ടെക്സ്റ്റുകളും ലിങ്കുകളും മൾട്ടിമീഡിയ സങ്കേത ങ്ങളും ഉപയോഗിച്ച് പാഠത്തിനു രൂപം നല്കുന്നു. വീഡിയോ, ആനി മേഷൻ ചിത്രങ്ങൾ, സിനിമ, മ്യൂസിക് തുടങ്ങി വിവിധ മാധ്യമങ്ങ

ളുമായി ബന്ധപ്പെട്ട് വിശാലമായ ഭൂമികയിലാണ് ഇവ നിലനില്ക്കുന്നത്. സാഹിത്യപരമായി സങ്കീർണ്ണമായ ഘടനയെ ഉള്ളിൽ വഹിക്കുന്ന ഇത്തരം ടെക്സ്റ്റുകളിൽ പരീക്ഷണങ്ങളും രീതികളും കൂടുതലായി ഉൾച്ചേർത്തിരിക്കും. ഇവയാണ് ആധികാരികമായി സൈബർ സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നത്.

**സൈബർസാഹിത്യം - നിർവ്വചനം**

കമ്പ്യൂട്ടർനെറ്റുവർക്ക് മാധ്യമങ്ങളുടെ ആഗമനത്തോടുകൂടി സാഹിത്യരംഗം പൊതുവിൽ പരിവർത്തനത്തിനു വിധേയമായി. കമ്പ്യൂട്ടർനെറ്റുവർക്കു മാധ്യമങ്ങളുടെ ആവിർഭാവം സാഹിത്യത്തിൽ തീർത്ത സാങ്കേതികവത്കരണമാണ് സൈബർസാഹിത്യം (Simanowski, 2010:15). കൈയെഴുത്തിലും അച്ചടിയിലും മാത്രം സന്നിഹിതമായിരുന്ന സാഹിത്യം ഓൺലൈനിൽ നിർമ്മിക്കപ്പെടുകയും വിനിമയംചെയ്യപ്പെടുകയും ചെയ്യുമ്പോൾ അവ സൈബർസാഹിത്യമായി പരിവർത്തനം ചെയ്യുകയാണു ചെയ്യുന്നത്. ഇന്ന് മലയാളത്തിൽ പ്രത്യക്ഷപ്പെടുന്ന സൈബർസാഹിത്യത്തിൽ ബഹുഭൂരിപക്ഷവും ഈ വിഭാഗത്തിൽപെടുന്നവയാണ്.

പൊതുവിൽ സൈബർസാഹിത്യത്തിന് നല്കുന്ന മൂന്ന് നിർവചനങ്ങൾ താഴെ പറയുന്നവയാണ്.

1) നെറ്റിസൺമാരാൽ നിർമ്മിക്കപ്പെടുന്ന സാഹിത്യം
2) മൗലികമായി ഓൺലൈനിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹിത്യം.
3) സൈബർസ്പെയ്സിന്റെ വിശാലമായ പശ്ചാത്തലത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും സംവദിക്കപ്പെടുകയും ചെയ്യുന്ന സാഹിത്യം.

ഡിജിറ്റൽ മാധ്യമങ്ങളുടെ ആരംഭകാലത്ത് അവയ്ക്കു നല്കപ്പെട്ട നിർവ്വചനം "ഡിജിറ്റലായി ജന്മം കൊണ്ടത്" എന്നായിരുന്നു (Hayles, 2007:3).

ഈ നിർവചനങ്ങളെല്ലാം സാഹിത്യത്തിന്റെ സൈബർ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് നിർമ്മിക്കപ്പെട്ടവയാണ്.

സൈബർ ടെക്സ്റ്റിനെപ്പറ്റി പഠനം നടത്തിയ എസ്പൻ ആർസെത്ത് (Espen Aarseth) സൈബർടെക്സ്റ്റിനെ നിർവചിക്കുന്നു. "കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്ന സാഹിത്യവും കമ്പ്യൂട്ടർ ഗെയിമുകളും വെർച്വൽ റിയാലിറ്റികളും മാത്രമല്ല കണ്ണുകൾക്ക് നിസ്സാരമല്ലാത്ത പ്രയത്നം സൃഷ്ടിക്കുന്നതും ചലനാത്മകവും ബഹുരേഖീയമായ ഏതു പാഠത്തെയും ഏതു രൂപത്തെയും സൈബർ ടെക്സ്റ്റ് എന്നു നിർവചിക്കാം" (1997:9-10). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സൈബർ സാഹിത്യം എന്നത് ഏതെങ്കിലുമൊരു മാധ്യമത്തിൽക്കൂടി വരുന്നതു

കൊണ്ടോ അവയുടെ അവതരണരീതികൊണ്ടോ അല്ല ഒരു ടെക്സ്റ്റ് എപ്രകാരം നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അത് ബഹുരേഖീയവും ത്രിമാനവും കണ്ണുകളുടെ ദൃഷ്ടികേന്ദ്രത്തെ മാറ്റി പ്രതിഷ്ഠിക്കുന്ന തരത്തിൽ പ്രയത്നമുളവാക്കുന്നതുമായിരിക്കണം. അത്തരം എല്ലാ ടെക്സ്റ്റുകളെയും സൈബർ ടെക്സ്റ്റായി അദ്ദേഹം പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ നിർവ്വചനകാലത്ത് ഇന്റർനെറ്റ് സാങ്കേതികവിദ്യയോ നവമാധ്യമസംവിധാനങ്ങളോ ഇത്രമാത്രം വികസിതമായിരുന്നില്ല.

ഇലക്ട്രോണിക് മീഡിയായുടെ ആരംഭകാലത്ത് ഇലക്ട്രോണിക് എഴുത്തിനെയും പ്രസാധനത്തെയും വായനയെയും പ്രോത്സാഹിപ്പിക്കുന്നതിന് ഇലക്ട്രോണിക് ലിറ്ററേച്ചർ ഓർഗനൈസേഷൻ (ELO) എന്ന കമ്മറ്റി രൂപീകരിക്കപ്പെട്ടിരുന്നു. നോഹ വാൻഡ്രിപ്പ് ഫ്രൂയിൻ (Noah Wardrip Fruin) തലവനായ കമ്മറ്റി സൈബർ സാഹിത്യത്തെ നിർവ്വചിക്കുന്നു. "കമ്പ്യൂട്ടർശൃംഖലകളുമായി ബന്ധപ്പെട്ടു നില്ക്കുന്നതും ഒറ്റയ്ക്കു പ്രവർത്തിക്കുന്നതുമായ കമ്പ്യൂട്ടറുകളുടെ കഴിവുകളെയും അവയുടെ പശ്ചാത്തലങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് നിർമ്മിക്കപ്പെടുന്ന സാഹിത്യസൃഷ്ടികളെയാണ് ഇലക്ട്രോണിക് സാഹിത്യം എന്നു വിളിക്കുന്നത്" (Hayles, 2007: 4). ഇവിടെ സൈബർ സാഹിത്യമായി പരിഗണിക്കുന്നത് കമ്പ്യൂട്ടറിന്റെയും കമ്പ്യൂട്ടർശൃംഖലയുടെയും ഉള്ളിൽ സൃഷ്ടിക്കപ്പെടുന്ന സാഹിത്യരൂപങ്ങളെയാണ്.

നോഹ വാൻഡ്രിപ്പ് ഫ്രൂയിന്റെ (Noah Wandrip Fruin) അഭിപ്രായത്തിൽ "സൈബർസാഹിത്യമെന്നത് കമ്പ്യൂട്ടർ ഗണനംവഴിയുള്ള സാഹിത്യസൃഷ്ടികളാണ്. ലാപ്റ്റോപ്പുകൾ, ഡെസ്ക്ടോപ്പുകൾ, സേർവ്വറുകൾ, സെൽഫോണുകൾ, ഗെയിം കീബോർഡുകൾ, പരസ്പര സമ്പർക്ക മാധ്യമങ്ങൾ തുടങ്ങിയുള്ള കമ്പ്യൂട്ടറുകളുടെയും പ്രവർത്തനത്താൽ സൃഷ്ടിക്കപ്പെടുന്നവയാണ് സൈബർസാഹിത്യം. ഇത് നെറ്റുവർക്കും നെറ്റുവർക്കുസംസ്കാരവുമായി ബന്ധപ്പെട്ടുനില്ക്കുന്നു"(2010:15). കമ്പ്യൂട്ടർ ഗണനം എന്നത് അവയുടെ അസ്ഥിത്വപരമായ അംശത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്. കമ്പ്യൂട്ടറുകളുടെ പ്രവർത്തനലോകത്തു സൃഷ്ടിക്കപ്പെട്ട സാഹിത്യം എന്ന് വാൻഡ്രിപ്പ് അർത്ഥമാക്കുന്നു.

"സാഹിത്യത്തിന്റെ സങ്കീർണ്ണമായ വിന്യാസം എന്നാണ്" ജോർഗൺ സ്കാഫർ (Jorgen Schafer) സൈബർസാഹിത്യത്തെ നിർവചിക്കുന്നത്. വ്യവഹാരപരവും സൈദ്ധാന്തികവുമായ മാനങ്ങളെ നിരീക്ഷിച്ചുകൊണ്ടാണ് സ്കാഫർ ഇപ്രകാരം സൈബർ സാഹിത്യത്തെ നിർവചിക്കുന്നത്. റെയ്നെ കോസ്കീമ (Raine Koskimaa)യുടെ വീക്ഷണത്തിൽ "എല്ലാ ഡിജിറ്റൽ സൃഷ്ടികളും പരീക്ഷണാത്മകരചനകളാണ്" (2010:130). ആധുനികമാധ്യമങ്ങളുടെ ഉള്ളിൽ സാഹിത്യത്തിനും

സാഹിത്യ വ്യവഹാരങ്ങൾക്കും സംഭവിച്ച പരിണാമമാണ് സൈബർ സാഹിത്യം. സാഹിത്യം ഇലക്ട്രോണിക് ഉപകരണങ്ങളിലേക്കും ഡിജിറ്റൽ മീഡിയാ സാഹിത്യലോകത്തിലേക്കും പ്രവേശിച്ചതിന്റെ ഫലമായി ഉത്ഭവിച്ചതാണ് സൈബർസാഹിത്യം (Koskimaa, 2007:3-4). കോസ്കിമായുടെ അഭിപ്രായത്തിൽ ആധുനികമാധ്യമങ്ങളുടെ അതിരുകൾക്കുള്ളിൽ നടത്തപ്പെട്ട പരീക്ഷണങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെട്ട സൈബർസാഹിത്യം ഓരോ മാധ്യമത്തിന്റെയും പശ്ചാത്തലത്തിൽ പരീക്ഷണാത്മകമായി പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആധുനികമാധ്യമങ്ങളുടെ വളർച്ചയുടെ തലങ്ങളെ വിലയിരുത്തിക്കൊണ്ടാണ് അദ്ദേഹം സാഹിത്യത്തെ പഠിക്കുന്നത്. സൈബർസാഹിത്യത്തിന്റെ പ്രധാന ഘടകമായി വർത്തിക്കുന്നത് ഡിജിറ്റൽ സാങ്കേതികതയുടെ ഈ പുത്തൻ കണ്ടുപിടുത്തങ്ങളാണ്.

റോബർട്ട് സിമാനോവ്സ്കി (Robert Simanowski) മാധ്യമസാധ്യതകളെ സാഹിത്യത്തോട് ചേർത്തുവച്ചുകൊണ്ട് സൈബർസാഹിത്യത്തെ വിശദീകരിക്കുന്നു. ഡിജിറ്റൽ സാഹിത്യമെന്നത് സാഹിത്യ പാരമ്പര്യത്തോടൊപ്പം ഇതരകലാസൃഷ്ടികളുടെ പുരോഗതികളെ ഭാഗഭാക്കാക്കിക്കൊണ്ട് വിശാലമായ വർണ്ണരൂപങ്ങളെപ്പറ്റി ചർച്ചചെയ്യാൻ ആവശ്യപ്പെടുന്നു. വ്യത്യസ്ത മാധ്യമങ്ങളെയും വ്യത്യസ്ത വിജ്ഞാനശാഖകളെയും ഉൾക്കൊള്ളുന്ന ഡിജിറ്റൽസാഹിത്യം ബഹുവിധമായ പങ്കാളിത്തത്തിന്റെ ഇടമാണ് (2010:17-18). അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഡിജിറ്റൽ എൻകോഡിങ്ങിന്റെ ഫലമായി നിർമ്മിക്കപ്പെടുന്നതാണ് സൈബർസാഹിത്യം. എന്നാൽ ഈ അക്ഷരങ്ങളിൽ ഡിജിറ്റൽ ഘടകങ്ങൾ മാത്രമേയുള്ളുവെങ്കിൽ അവ ഡിജിറ്റൽ സാഹിത്യമാകില്ല. അതിനാൽ ഡിജിറ്റൽ സാഹിത്യം ഡിജിറ്റാലിറ്റിയുടെ ഭാഷാവിഷയമായ പടലങ്ങളേക്കാൾ ഉയർന്നുനിൽക്കുന്നു. സാഹിത്യവിഷയത്തോടൊപ്പം ഡിജിറ്റൽ മാധ്യമഘടങ്ങളുംകൂടിയാണ് ഡിജിറ്റൽസാഹിത്യത്തെ രൂപപ്പെടുത്തുന്നതെന്ന് യുക്തിപൂർവ്വം അദ്ദേഹം നിരീക്ഷിക്കുന്നു (2010:18-19).

സ്ട്രിക്ക്ലാൻഡ് സ്റ്റെഫാനി (Strickland Stephanie) സൈബർ സാഹിത്യത്തെ നിർവചിക്കുന്നത് ഇലക്ട്രോണിക് കവിതയെ അടിസ്ഥാനപ്പെടുത്തിയാണ്. ഇലക്ട്രോണിക് കവിതയുടെ എല്ലാ സവിശേഷതകളെയും സൈബർസാഹിത്യത്തോട് ചേർത്തുവയ്ക്കുന്നു.

"ഇലക്ട്രോണിക് കവിത അതിന്റെ നിർമ്മിതിയിലും പരിപാലനത്തിലും പ്രദർശനത്തിലും കമ്പ്യൂട്ടർ സാങ്കേതികതയെ ആശ്രയിക്കുന്നു കമ്പ്യൂട്ടറിന്റെ പ്രവർത്തികളില്ലാതെ ഈ സാഹിത്യത്തെ പരിചയിച്ചറിയാനാകില്ല, വായിക്കാനാകില്ല, അവ സൃഷ്ടിക്കാനുമാകില്ല" (2010:1). സ്റ്റെഫാനിയുടെ വീക്ഷണത്തിൽ കമ്പ്യൂട്ടറിന്റെ സാങ്കേതികതകളിൽ നിർമ്മിക്കപ്പെടുന്ന എല്ലാ സാഹിത്യത്തെയും സൈബർ

സാഹിത്യത്തിൽ ഉൾപ്പെടുത്തുന്നു. കമ്പ്യൂട്ടറിന്റെ ലോകത്തിൽ നിർമ്മിക്കപ്പെടുകയും അവിടെതന്നെ സൂക്ഷിക്കപ്പെടുകയും കമ്പ്യൂട്ടർമാധ്യമങ്ങളിലൂടെ പ്രദർശിക്കപ്പെടുകയും ചെയ്യപ്പെടുന്ന സാഹിത്യസൃഷ്ടികളാണവ.

സെലസ്നിക്കർ ജാക്കാ (Zeleznikar Jaka) യുടെ അഭിപ്രായത്തിൽ സാഹിതീയ ഭാവം ഉൾച്ചേർന്ന ഡിജിറ്റലായുള്ള ഉള്ളടക്കത്തെയാണ് സൈബർസാഹിത്യം എന്നു വിശേഷിപ്പിക്കുന്നത്. അതിനാൽ കാര്യമായ നഷ്ടപ്പെടുത്തലുകളില്ലാതെ അവയെ പ്രിന്റുമീഡിയായിലേക്കു പകർത്താനാവില്ലെന്ന് ജാക്കാ വിവരിക്കുന്നു. അലൻ ലിയു (Alan Liu) വിന്റെ അഭിപ്രായത്തിൽ സൈബർസാഹിത്യമെന്നത് "സത്തയിൽ സാങ്കേതികതയെ വഹിക്കുന്ന രൂപമാണ്" (2013:19).

സൈബർസാഹിത്യത്തിന്റെ സങ്കീർണ്ണതകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പീറ്റർ ഗാലിസൺ (Peter Galison) സൈബർസാഹിത്യത്തെ വിശദീകരിക്കുന്നത്. "വ്യത്യസ്ത പദാവലികളും, സാങ്കേതികവൈദഗ്ദ്ധ്യങ്ങളും, സാഹിത്യഭാവനകളും ഒന്നിച്ചു സമ്മേളിച്ച് അവയുടെ സഹവാസം വഴിയുള്ള വ്യവഹാരമണ്ഡലങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്ന, സ്വഭാവത്തിൽതന്നെ സങ്കരമായ ഒന്നാണ് ഡിജിറ്റൽ സാഹിത്യം" (1997:47-48). ഗാലിസന്റെ അഭിപ്രായത്തിൽ സാഹിത്യത്തിന്റെയും സാങ്കേതികവിദ്യയുടെയും സമ്മേളനത്താൽ സൈബർ സാഹിത്യം ഒരു സങ്കരസൃഷ്ടിയായിട്ടാണ് നിർമ്മിക്കപ്പെടുക. അവ സാഹിത്യവും സാങ്കേതികവിദ്യയുമായി ചേർന്നു നിൽക്കുന്ന വ്യവഹാരമണ്ഡലങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

ദൃശ്യത്തിന്റെയും ശബ്ദത്തിന്റെയും സന്നിവേശം പാഠങ്ങളെ പുതിയ സംവേദനമേഖലകളിലേക്ക് ആനയിച്ചു. ഒരേസമയം പാഠവും ദൃശ്യചിത്രങ്ങളും ശബ്ദരേഖകളും ആവിഷ്കാരപ്രാധാന്യം നേടിയ സൈബർടെക്സ്റ്റിന്റെ സവിശേഷതകളെയെല്ലാം പരിഗണിച്ചുകൊണ്ടാണ് പൈറെറ്റ് വൈറസ് (Piret Viires) നിർവ്വചിക്കുന്നത്. "ദൃശ്യചിത്രത്തോടും ശ്രാവ്യസങ്കേതത്തോടുംകൂടി ഒരു പാഠം നിർമ്മിക്കപ്പെടുകയും നിലനിർത്തപ്പെടുകയും എന്നാൽ ദൃശ്യചിത്രത്തെക്കാളും ശ്രാവ്യസങ്കേതങ്ങളെക്കാളും പ്രാധാന്യം പാഠത്തിനുണ്ടായിരിക്കുകയും ചെയ്താൽ ആ പാഠത്തെ സൈബർ ടെക്സ്റ്റ് എന്നു വിളിക്കാം" (2005:160). സാഹിത്യമെന്നത് അക്ഷരങ്ങളുടെ നിർമ്മിതിയായതിനാൽ സൈബർസാഹിത്യത്തിൽ അക്ഷരത്തിന്റെയും പാഠത്തിന്റെയും പ്രാമുഖ്യത്തെ പ്രഖ്യാപിക്കുകയാണ് പൈറെറ്റ് വൈറസ്.

സൈബർസാഹിത്യത്തെപ്പറ്റിയുള്ള നിർവചനങ്ങളെല്ലാം അവയുടെ ഘടനയെയും നിർമ്മിതിയെയും സവിശേഷതകളെയും വെളി

പ്പെടുത്തുന്നതാണ്. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ ഉള്ളിൽ സൃഷ്ടിക്കപ്പെടുന്ന സൈബർസാഹിത്യം സാഹിത്യത്തിന്റെയും സാങ്കേതികവിദ്യയുടെയും സവിശേഷതകളെയും സാധ്യതകളെയും ഒരേ സമയം സത്തയിൽ ഉൾച്ചേർക്കുന്നു. സാങ്കേതികതയ്ക്ക് സാഹിത്യഭാവനകളെ എത്രമാത്രം ഉണർത്തുവാൻ കഴിയും, സാഹിത്യഭാവനയ്ക്ക് സാങ്കേതികതയെ എത്രമാത്രം ആശ്രയിക്കാൻ കഴിയും തുടങ്ങിയ ചിന്തകൾ ആരംഭകാലം മുതല്ക്കേ നിലനില്ക്കുന്നതാണ്. സാഹിത്യഭാവനകൾക്ക് ബാഹ്യമോടി സൃഷ്ടിക്കാനും സാഹിത്യവായനയുടെ ഫലമായി മനോമുകുരത്തിൽ വിരിഞ്ഞുവരുന്ന ഭാവനാലോകത്തെക്കൂടി സൃഷ്ടിക്കാനും കഴിയുന്ന അത്ഭുതപ്രതിഭാസമാണ് സൈബർസാങ്കേതികവിദ്യയുടെ സന്നിവേശം വഴി സാധ്യമാകുന്നത്. സാങ്കേതികതയുടെ കൂട്ടിച്ചേർക്കലുകൾ വഴി എഴുത്തിന്റെയും വായനയുടെയും ചിന്തയുടെയും തലങ്ങൾ വിപുലമാക്കപ്പെട്ടു. സാഹിത്യത്തിന് ഉപരിയായിനിന്ന ഭാവനാലോകത്തെ ഒരളവിലെങ്കിലും സാഹിത്യപാഠത്തിലേക്ക് ഉൾച്ചേർക്കാൻ കമ്പ്യൂട്ടർ സാങ്കേതികവിദ്യ വഴി ഇടവരുത്തുകയും ചെയ്തു.

## Bibliography


1. Aarseth, Espen. 1997: *Cybertext: Perspective On Ergodic Literature,* https://is.muni.cz/el/1421/jaro2014/IM098b/aarseth-cybertext-Introduction.pdf.
2. Galison, L.Peter.1997: *Image And Logic: A Material Culture Of Microphysics*, University Of Chicago, Chicago.
3. Hayles, Katherine. 2002: *Writing Machines,* MIT press, Cambridge.
4. Hayles, Katherine. 2007: *Electronic Literature what is it*, http://eliterature.org/pad/elp.html.preface pdf.
5. Koskimaa, Raine.2007: *The Challenge Of Cybertext: Teaching Literature In The Digital World*, http://www.uoc.edu/uocpapers/4/dt/eng/koskimaa.pdf.
6. Koskimaa, Raine. 2010: *Approaches To Digital Literature: Temporal Dynamics and Cyborg Authors,*Quoted In Simanowki *Reading moving Letters: Digital Literature in Research and Teaching*, http://www.beck-shop.de/fachbuch/leseprobe/9783837611304_Excerpt_001.PDF.

7. Liu, Alan. 2013: *Imagining The New Media Encounter*. Ray Siemens And Susan Schreibman(Ed.), *A Companion To Digital Literary Studies*, Wiley & Black well Publishing Ltd, West Sussex, Oxford.
8. Simanowski, Robert. 2010: *Reading Digital Literature A subject between Media and Methods*, http://elmcip.net/sites/default/files/attachments criticalwriting/ts11301.pdf.
9. Stephanic, Strickland. 2010: *Born DigitalAnd The Definition Found In The Electronic Literature*, http://eliterature-org/about.
10. Viires, Piret. 2005: *Literature In Cyberspace*, http://www.folklore.ee/folklore vol 29/cyberlit.pdf.
11. Wandrip, Noah Fruin. 2010: *Five Elements Of Digital Literature*, www.transcript-verlag.de/ts1130/ts1130pdf.

# സൈബർസാഹിത്യത്തിന്റെ അവതാരലീലകൾ

അനിറ്റ ഷാജി

**ആ**വിഷ്കരണ മാധ്യമവും ആഖ്യാനവും പരസ്പര ബന്ധിതമാണ്. വാമൊഴി (Oral), വരമൊഴി (Print), തിരമൊഴി (Hypertext) എന്നീ ആവിഷ്കരണ സങ്കേതങ്ങളെയാണ് മാധ്യമം എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. കലാ/സാഹിത്യ ആവിഷ്കരണത്തിനായി സ്വീകരിക്കുന്ന ആഖ്യാനരീതിയെ ഒരു പരിധിയോളം നിർണ്ണയിക്കു ന്നത് മാധ്യമത്തിന്റെ സവിശേഷതകളാണ്. മാധ്യമവും ആഖ്യാനവും തമ്മിലുള്ള ബന്ധത്തിനും വ്യത്യാസത്തിനുമാണ് കലയെ ദൃശ്യം, ശ്രാവ്യം എന്നിങ്ങനെ വേർതിരിക്കുന്ന പരമ്പരാഗത സമീപനം ഊന്നൽ നൽകുന്നത്. സാഹിത്യചരിത്രത്തിൽ നിർണ്ണായകമായ വാമൊഴി, വരമൊഴി, തിരമൊഴി ഘട്ടങ്ങളും അതാതു ഘട്ടങ്ങളിൽ രൂപം കൊണ്ടിട്ടുള്ള സാഹിത്യരൂപങ്ങളും (Genre) തമ്മിലുള്ള ബന്ധം സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. സമകാലികമായ തിരമൊഴി മാധ്യമ സങ്കേതവും ഈ സങ്കേതത്തിന്റെ പുത്തൻ ആഖ്യാന മാതൃകകളും കൂടുതലായി വിലയിരുത്തേണ്ടതുണ്ട്.

### മാധ്യമങ്ങളും ആഖ്യാനരീതികളും

മാധ്യമത്തിന്റേതായ സവിശേഷതകൾ ആഖ്യാന മാതൃകയിൽ ആവർത്തനങ്ങൾ സൃഷ്ടിക്കുക വഴി സാഹിത്യരൂപം നിർമ്മിതമാകുന്നു. വാമൊഴിഘട്ടത്തിലെ ആഖ്യാന രൂപങ്ങൾ വിശകലനം ചെയ്യുമ്പോൾ നാടൻപാട്ടുകളിലും നാട്ടുകഥകളിലും ആവർത്തിക്കപ്പെടുന്ന ആഖ്യാന സമ്പ്രദായങ്ങൾ(കെട്ടുമുറകൾ) കണ്ടെത്താനാവും. രേഖപ്പെടുത്തി വയ്ക്കാനാവാത്തതിനാൽ ഓർമ്മയിൽ തങ്ങിനിൽക്കുവാൻ സഹായിക്കുന്ന തരത്തിൽ ഈണ-താളബദ്ധിതവും ലളിതവുമായ ആഖ്യാനഘടന

വാമൊഴിഘട്ടത്തിന്റെ സവിശേഷതയാണ്. ഇവ സ്ഥലകാലത്തുടർച്ച ആഖ്യാന ഘടനയിൽ നിലനിർത്തിയിരുന്നു.

എഴുത്ത്, അച്ചടി എന്നിവയുടെ രൂപീകരണത്തോടെ താളാത്മകത യുടെ അനിവാര്യതയില്ലാത്ത ഗദ്യരൂപം വികസിച്ചു. കാലം, സ്ഥലം എന്നിവയുടെ തുടർച്ച നിർബന്ധമില്ലാത്ത തരത്തിൽ ഗദ്യാഖ്യാനങ്ങൾ നവീകരിക്കപ്പെട്ടു. ശാസ്ത്ര പുരോഗതി, യുക്തിചിന്ത മുതലായവയുടെ കടന്നു വരവും ഗദ്യാഖ്യാനങ്ങളിലെ ആഖ്യാന സമ്പ്രദായങ്ങൾ നവീകരിക്കുന്നതിന് ഉപയുക്തമായി. ഫ്രോയിഡിയൻ മനഃശാസ്ത്ര വിചാരങ്ങളുടെ പ്രചാരം ബോധധാര രചനാസമ്പ്രദായത്തിന് കാരണ മായത് ഇതിന് ഉദാഹരണമാണ്.

ആഖ്യാനരീതിക്കു സമാന്തരമായി സാഹിത്യരചനയും രചയിതാവും തമ്മിലുള്ള ബന്ധവും വായനക്കാരന്റെ സ്ഥാനവും വില യിരുത്തേണ്ടതുണ്ട്. വാമൊഴി ഘട്ടത്തിൽ കൃതിക്ക് പിന്നിൽ കൂട്ടുത്തര വാദിത്വമാണ് നിലനിന്നിരുന്നത്. പാട്ടു നിർമ്മിക്കുന്നവനും പാട്ട് ഏറ്റെ ടുത്തു പാടുന്നവനും തുല്യരായി പരിഗണിച്ചിരുന്നു. മനോധർമ്മ ത്തിന നുസരിച്ച് കൂട്ടിച്ചേർക്കലുകൾ വരുത്തുവാനും ചിലവ പരിഷ്കരിക്കു വാനും ഓരോരുത്തരും അവകാശികളായാണ് പരിഗണിക്കപ്പെട്ടിരു ന്നത്. എഴുത്ത് രൂപപ്പെട്ടതോടെ അതിനു പിന്നിലുള്ള എഴുത്തുകാരൻ എഴുത്തിനുമേൽ അധികാരമുള്ള ഏകകമായി. എഴുത്തുകാരനിൽ നിന്നും ഭിന്നനായ വായനക്കാരന്റെ രൂപീകരണഘട്ടമായും വരമൊഴി ഘട്ടത്തെ പരിഗണിക്കാനാവും. എഴുതപ്പെട്ട കൃതി അടഞ്ഞ ഘടനയു ള്ളതും (closed structure) രേഖീയമായ വായന സാധ്യമാക്കുന്നതു മായി പരിമിതപ്പെട്ടു. ആഖ്യാനത്തിൽ പ്രഥമ പുരുഷാഖ്യാനമോ ഉത്തമ പുരുഷാഖ്യാനമോ നിർവ്വഹിച്ചാലും, ഫ്ളാഷ്ബാക്ക് സങ്കേതമോ ബോധധാര സങ്കേതമോ സ്വീകരിച്ചാലും വായന ആവശ്യപ്പെടുന്ന രേഖീയ ത്തുടർച്ചയെയാണ് ഘടന എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. നോവൽ എന്ന സാഹിത്യരൂപം പരിഗണിച്ചാൽ ഇതിന് കൂടുതൽ വ്യക്തത ലഭിക്കും. നോവലിൽ അദ്ധ്യായ വിഭജനം നിലനിൽക്കുമ്പോഴും ആദ്യം മുതൽ അന്ത്യം വരെ രേഖീയമായിത്തുടരുന്ന വായനാരീതി യാണ് കൃതി ആവശ്യപ്പെടുന്നത്.

വായനയുടെ രേഖീയത, കൃതിയുടെ പാഠസ്വഭാവം, രചന യിലെ പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ മുൻകാല മാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാനും പരിമിതികളെ അതിജീവിക്കു വാനും ഇടം നൽകുന്ന മാധ്യമ സങ്കേതമാണ് തിരമൊഴിയുടേത്. ഘടനയെ സംബന്ധിച്ച് നിലവിലിരുന്ന ധാരണകളെ പൊളിച്ചെഴുതുവാൻ സൈബർ സ്പേസിന്റെ സാധ്യതകൾ പര്യാപ്തമാണ്.

ഹൈപ്പർടെക്സ്റ്റ് സാഹിത്യത്തെ നിർവ്വചിക്കുമ്പോൾ, പ്രശസ്ത സൈബർ എഴുത്തുകാരിയും *Patchwork Girl* പോലുള്ള ഓൺലൈൻ സാഹിത്യകൃതികൾ രചിക്കുകയും ചെയ്ത ഷെല്ലി ജാക്സൺ ഇപ്ര കാരം പറയുന്നു.

.... In hypertext, everything is there at once and equally weighted. It is a body whose brain is dispersed throughout the cells, fraught with potential, fragile with indecision, or rather strong in foregoing decisions, the way a vine will bend but a tree can fall down ....

.... hypertext is schizophrenic: you can't tell what's the original and what's the reference. Hierarchies break down into chains of likenesses, the thing is not more present than what the thing reminds you of; in this way you can slip out of one text into a footnoted text and find yourself reading another text entirely, a text to which your original text is a footnote...

**തിരമൊഴി: ബഹുസ്വര ആഖ്യാന രൂപങ്ങൾ**

ഗ്രന്ഥഘടനയെ സംബന്ധിച്ച പരമ്പരാഗത ധാരണകളെ ഉടച്ചു വാർക്കുന്നതിനുള്ള ശ്രമങ്ങളുടെ തുടക്കം അച്ചടിക്കപ്പെട്ട ഗ്രാഫിക് ആഖ്യാനങ്ങളിൽ കാണാൻ കഴിയും. രേഖാചിത്രണ കലയും എഴുത്തും സംയോജിപ്പിച്ച് ആഖ്യാനം നിർവ്വഹിക്കുന്നവയാണ് ഗ്രാഫിക് ആഖ്യാന ങ്ങൾ. ഗ്രാഫിക് ആഖ്യാനങ്ങളുടെ ഇന്ത്യൻ പതിപ്പുകളിൽ പ്രമുഖ *അമർചിത്രകഥകളും* *Karadi Tales*-ഉം ആയിരുന്നു. ഇത്തരം കോമിക് പതിപ്പുകളുടെ പാത പിന്തുടർന്ന് മലയാളത്തിലും നിരവധി ബാല പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയുണ്ടായി. ഗ്രാഫിക് നോവലു കൾ എന്ന സാഹിത്യവിഭാഗം പോലും മലയാളത്തിൽ രൂപപ്പെടുന്നത് ഏറെ വൈകിയാണ്. ബഷീർ (*പ്രേമലേഖനം, ആനവാരിയും പൊൻ കുരിശും*), പത്മരാജൻ (*തകര, കള്ളൻ പവിത്രൻ*) തുടങ്ങിയവരുടെ ഗ്രാഫിക് രൂപത്തിൽ അനുകൽപ്പനം നടത്തിയ നോവലുകൾ വേറിട്ട വായനാ നുഭവം നൽകി. പുസ്തകത്തിന്റെ കെട്ടും മട്ടും സംബന്ധിച്ച് നിലനിന്നി രുന്ന ഘടനാ സങ്കൽപ്പങ്ങളെ ഒരു പരിധിയോളം പൊളിച്ചു കളയുവാൻ ഇവയ്ക്കായി. സൈബറിടത്തിന്റെ നവ സങ്കേത സാധ്യതകൾ നോവൽ രചനയിൽ കടന്നുവരുന്നതും ഗ്രാഫിക് നോവലുകളുടെ മേഖലയി ലാണ്. സൈബറിടത്തിന്റെ സാധ്യതകളും പുതു ആഖ്യാന രീതികളും സൃഷ്ടിച്ച നവസാഹിത്യരൂപങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഡിജിറ്റൽ ഇന്ററാക്ടീവ് നോവൽ**

വായനയുടെ ഗതിയും കൃതിയുടെ പാഠസ്വഭാവവും നിർണ്ണയി ക്കുവാൻ വായനക്കാരനെ ചുമതലപ്പെടുത്തികൊണ്ട് സൈബർ

സ്പെയ്സിൽ രചിക്കപ്പെടുന്ന സാഹിത്യവിഭാഗമാണ് ഇന്ററാക്ടീവ് നോവലുകൾ. വായനയുടെയും രചനയുടെയും വേളകളിൽ വായനക്കാരന്റെ ഇടപെടൽ ഇവിടെ നിർണ്ണായകമാണ്. വായനക്കാരനും വായനയ്ക്കും അനുസരിച്ച് പാഠം വ്യത്യസ്തമാകുന്നതിന്റെ പ്രത്യക്ഷ-പ്രയോഗ-മാതൃകകളായി ഇന്ററാക്ടീവ് നോവലുകളെ പരിഗണിക്കാനാവും. ഉദാഹരണമായി, ജെ.കെ.റൗളിംഗിന്റെ ഹാരിപോട്ടർ പരമ്പരകളുടെ ഇന്ററാക്ടീവ് നോവൽ പതിപ്പായ *Pottermore* ഹാരിപോട്ടറുടെ മാന്ത്രികലോകത്തിലൂടെയുള്ള വ്യത്യസ്തമായ വായനാനുഭവം സാധ്യമാക്കുന്നു. വായനയ്ക്കിടയിൽ അഭിരുചിക്കനുസരിച്ച് മുന്നോട്ടോ പിന്നോട്ടോ വശങ്ങളിലേക്കോ വായന പരന്നു നീങ്ങുന്ന സമ്പ്രദായം ലഭ്യമാണ്. ഇന്ററാക്ടീവ് നോവൽ ഗണത്തിൽ ഉൾപ്പെടുന്ന മറ്റ് ജനകീയ നോവലുകളാണ് ഡേവിഡ് ബെൻസന്റെ *No Dead Trees,* സ്കോട്ട് ആഡംസിന്റെ *Adventure Land, Infocom* ന്റെ *Zork Series* എന്നിവ. വായനക്കാരൻ രചനയിൽ പങ്കാളിയാക്കുന്ന സൈബർ രചനാതന്ത്രം ഈ നോവലുകളിൽ പ്രകടമാണ്.

**2. ഡിജിറ്റൽ ഗ്രാഫിക് നോവൽ**

സൈബർ മാധ്യമത്തിൽ നിരവധി ഗ്രാഫിക് നോവലുകൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. ഡാനിയൽ ലിസ്കിന്റെ *Wormword Saga* ജനപ്രിയതയുള്ള ഡിജിറ്റൽ ഗ്രാഫിക് നോവലാണ്. വായനയുടെയും ദൃശ്യാത്മകതയുടെയും സാധ്യതകൾ ഇവ സംയുക്തമായി നൽകുന്നു. പുസ്തകത്തെ സംബന്ധിച്ച ഘടനാ ധാരണകളെ അപ്പാടെ പൊളിച്ചെഴുതുന്നതിൽ ഡിജിറ്റൽ ഗ്രാഫിക് നോവലുകൾക്ക് പ്രമുഖ പങ്കുണ്ട്. കുറച്ചു വാക്കുകളും കൂടുതൽ ചിത്രങ്ങളുമാണ് *Wormword Saga*യിൽ ആഖ്യാനം നിർവ്വഹിക്കുന്നത്. ഡിജിറ്റൽ ഗ്രാഫിക് നോവലുകളും ഇന്ററാക്ടീവ് സ്വഭാവം പുലർത്തുന്നവയാണ്. വായനയുടെ ഭാവനാത്മകതയെ ഒരു പരിധിയോളം തടയുന്നു എന്ന വിമർശനം ഉന്നയിച്ചാൽ പോലും വായനയിൽ നിന്നകന്നിരുന്ന ഒരു വലിയ വിഭാഗത്തെ അതിലേക്കു തിരിച്ചു കൊണ്ടുവരുവാൻ *Wormword Saga*പോലുള്ള ഡിജിറ്റൽ ഗ്രാഫിക് നോവലുകൾക്കായി. 2010-ൽ പുറത്തുവന്ന *Wormword Saga*യുടെ ആദ്യ പതിപ്പു തന്നെ വൈറലായിരുന്നുവെന്ന് ഡാനിയൻ ലിസ്ക് തന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നത് ഡിജിറ്റൽ ഗ്രാഫിക് നോവലുകളുടെ ജനപ്രിയ തെളിയിക്കുന്ന ഘടകമാണ്.

**3. ട്വിറ്ററേച്ചർ (ട്വിറ്റർ + ലിറ്ററേച്ചർ)**

നൂറ്റിനാൽപ്പത് ചിഹ്നങ്ങൾ(Characters)കൊണ്ട് ആഖ്യാനം പൂർത്തിയാക്കേണ്ടുന്ന വെല്ലുവിളി നിറഞ്ഞ ഹ്രസ്വരചനാ സമ്പ്രദായമാണ് ട്വിറ്ററേച്ചർ. ട്വിറ്റർ എന്ന സാമൂഹിക സമ്പർക്ക മാധ്യമത്തിന്റെ

സാധ്യതകളുപയോഗിച്ച് രചിക്കപ്പെടുന്ന സാഹിത്യ മാതൃകകളെയാണ് ട്വിറ്ററേച്ചർ എന്ന സമുച്ചയ പദം ദ്യോതിപ്പിക്കുന്നത്. ട്വിറ്ററിൽ എഴുതുന്ന നോവലുകളെ Twovel (Twitter +Novel) സാഹിത്യരചനകളെ Twiction (Twitter +Fiction), ത്രില്ലറുകളെ Twiller (Twitter + Thriller) എന്നും വ്യവഹരിക്കുന്നു. നിശ്ചിതവാക്കുകൾ ഉപയോഗിച്ച് വൃത്തനിബദ്ധമായി എഴുതപ്പെട്ടിരുന്ന പദ്യങ്ങൾക്ക് സമാനമാണ് ട്വിറ്ററിൽ രചിക്കപ്പെടുന്ന സാഹിത്യരൂപങ്ങൾ. ഏണസ്റ്റ് ഹെമിംഗ്‌വേയുടെ ആറ് വാക്കുകളിൽ എഴുതപ്പെട്ട *For sale: baby shoes, never worn* എന്ന കൃതി (six word story) ഇത്തരം ട്വിറ്റർ ആഖ്യാനങ്ങളുടെ അച്ചടി മാധ്യമത്തിലുള്ള പൂർവ്വമാതൃകയാണ്. ചുരുങ്ങിയ വാക്കുകളിൽ ധ്വനിപ്രധാനമായി രചിക്കുന്നവയാണ് ട്വിറ്റർ സാഹിത്യമെന്ന് പൊതുവിൽ പറയാനാവും. ഒറ്റ ശ്ലോകങ്ങൾക്കും സോണറ്റുകൾക്കും ഹൈക്കു കവിതകൾക്കും സമാനമായി അക്ഷരങ്ങൾക്കും മാത്രകൾക്കും പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഘടനാപ്രധാനമായ രചനകൾക്കൂടിയാണിവ. കൂടാതെ നിരവധി ആളുകൾ ചേർന്ന് രചന പൂർത്തിയാക്കുന്ന സാഹിത്യ രചനാസംരംഭങ്ങൾക്കും ട്വിറ്റർ വേദിയൊരുക്കുന്നു, Crowd Sourced Narratives, Collaborated Narration എന്നീ പേരുകളിലാണ് ഇത്തരം കൂട്ടുരചനകൾ അറിയപ്പെടുന്നത്. നീൽ ഗെയ്മാനും ബിബിസി അമേരിക്ക ഓഡിയോ ബുക്ക്സും സംയുക്തമായി നടത്തിയ നോവൽ രചനാ പരീക്ഷണമായ *"Hearts, Keys and Puppetry"* ഇതിനുദാഹരണമാണ്. Sam was brushing her hair when the girl in the mirror put down the hairbrush, smiled & said "We don't love you any more" - എന്ന പ്രസിദ്ധമായ ട്വീറ്റിനെ പിൻപറ്റി ഫോളോവേഴ്സിന്റെ കൂട്ടായ്മയിൽ രചിക്കപ്പെട്ട ഒരു പരീക്ഷണ ആഖ്യാനമായിരുന്നുവിത്.

**4. നാനോ ഫിക്ഷനും ഇതര ഹ്രസ്വാഖ്യാനങ്ങളും**

വാക്കുകളുടെയും ചിഹ്നങ്ങളുടെയും എണ്ണം മാനദണ്ഡമാക്കി നിരവധി സാഹിത്യ രൂപങ്ങൾ സൈബറിടത്തിൽ രൂപം കൊണ്ടിട്ടുണ്ട്. ഇരുപത്തിയഞ്ചു വാക്കുകൾകൊണ്ട് രചന പൂർത്തിയാക്കേണ്ടുന്ന ഹിന്റ് ഫിക്ഷനുകൾ, അൻപത്തിയഞ്ചു വാക്കുകൾ വരെ ഉപയോഗിക്കാവുന്ന നാനോ ഫിക്ഷനുകൾ, ആയിരം വാക്കുകൾ ഉപയോഗിക്കാവുന്ന ഫ്ളാഷ് ഫിക്ഷനുകൾ തുടങ്ങിയവ ഇവയിൽ ചിലത് മാത്രം. നാനോ ഫിക്ഷനുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി *Nanoism* എന്ന പേരിൽ ഓൺലൈൻ ജേണൽ പ്രവർത്തിക്കുന്നുണ്ട്. ഫ്ളാഷ് ഫിക്ഷന്റെ സാധ്യതകൾ അന്വേഷിക്കുന്ന മറ്റൊരു ഇ- ജേണലാണ് *Smokelong Quarterly*. ഇത്തരം നവസംരംഭങ്ങൾ സൈബർ ഇടത്തിലെ സാഹിത്യത്തെ നവീകരിക്കുകയും അതുവഴി പുത്തൻ രൂപഭാവങ്ങൾ തേടുകയും ചെയ്യുന്നു.

നോവലുകളുൾപ്പെടുന്ന ഗദ്യാഖ്യാനങ്ങളുടെ ഘടനയിൽ ഹൈപ്പർ ടെക്സ്റ്റിന്റെ സാധ്യതകൾ പൊളിച്ചെഴുത്തുകൾ നടത്തിയ തിനു ദൃഷ്ടാന്തമാണ് മുകളിൽ പരാമർശിച്ച പുതു ആഖ്യാന മാതൃക കൾ. ഹൈപ്പർ ടെക്സ്റ്റിൽ കൃതി അടഞ്ഞ ഘടനയുള്ള ഒന്നായല്ല പരിഗണിക്കപ്പെടുന്നത്. കൃതിയിൽ ഹൈപ്പർലിങ്കുകൾ നൽകുക വഴി ആഖ്യാനത്തിലെ രേഖീയത ചോദ്യം ചെയ്യപ്പെട്ടു. എവിടെ നിന്നും വായന ആരംഭിക്കാവുന്ന തരത്തിലുള്ള ആഖ്യാനരീതിയാണ് സൈബർ രചനകൾ പൊതുവിൽ പിന്തുടരുന്നത്. വായനക്കാരന് രചനയിൽ ഇടപെടുന്നതിനും രചനയിൽ പങ്കാളിയാവുന്നതിനുമുള്ള അവസരം ഇവ നൽകുന്നു. ഒരാൾ എഴുതുന്ന കൃതിക്കു പുറമേ മറ്റൊരു പാഠമെന്ന നിലയിൽ പുതിയൊരധ്യായം ഹൈപ്പർലിങ്കിന്റെ സഹായത്തോടെ കൂട്ടിചേർക്കുവാനും ഈ മാധ്യമം അവസരം നൽകുന്നു. തമിഴ് സാഹിത്യ കാരനായ ജയമോഹന്റെ *വെൺമുരശ്* പോലുള്ള ബൃഹദ് ഇ-രചനകൾ അധ്യായശേഷം വായനക്കാരന്റെ അഭിപ്രായങ്ങൾ ആരായുന്നതിന് അവസരം ഒരുക്കുകയും, അതിനനുസരിച്ച് ആഖ്യാനത്തിൽ മാറ്റം വരുത്തു കയും ചെയ്യുന്നുണ്ട്. വായനാ മധ്യേ തിരഞ്ഞെടുപ്പുകൾ നടത്താനുള്ള അവസരവും തിരമൊഴി ആഖ്യാനം നൽകുന്നു. ഹൈപ്പർലിങ്കുകൾ വഴി വായന പരസ്പരബന്ധിതമായ ശൃംഖലയാക്കി മാറ്റുന്നതിനുള്ള സാധ്യതയാണിത്. ഇവിടെ വായന അവസാനിക്കാത്തതും വായന ക്കാരനനുസരിച്ച് പാഠനിർമ്മിതികൾക്ക് സാധ്യത നൽകുന്നതു മാണ്. ചുരുക്കത്തിൽ തിരമൊഴി മാധ്യമത്തിലെ പുതു സാഹിത്യ മാതൃകകൾ എഴുത്ത്, വായന എന്നിവയെ സംബന്ധിച്ച് നിലനിന്നിരുന്ന പരമ്പരാഗത ധാരണകളെ പൊളിച്ചെഴുതുകയാണ്. രചനയിലെ പങ്കാളിത്തം, ബഹു സ്വരത എന്നിവ ഈ പൊളിച്ചെഴുത്തിന്റെ ഉൽപ്പന്നങ്ങളുമാണ്.

സൈബറിടത്തിലെ പുതു ആഖ്യാന വിനിമയങ്ങളെക്കുറിച്ച് പൊതുവിൽ ചർച്ച ചെയ്തുവെങ്കിലും ഇത്തരം ആഖ്യാന മാതൃകകൾ മലയാളത്തിൽ സുലഭമല്ലെന്ന വസ്തുത പരിഗണിക്കേണ്ടതുണ്ട്. പുസ്തകങ്ങളുടെ ഘടനയിൽ ആദ്യ പരീക്ഷണമെന്ന നിലയിൽ കടന്നു വന്ന ഗ്രാഫിക് നോവലുകൾ മലയാളത്തിലിപ്പോഴും അച്ചടി മാധ്യമത്തിൽ തന്നെയാണുള്ളത്. മലയാളത്തിൽ ഡിജിറ്റൽ ഗ്രാഫിക് നോവലുകളോ ഇന്ററാക്ടീവ് നോവലുകളോ രചിക്കപ്പെടാത്തതിന്റെ കാരണങ്ങളിലൊന്ന് വായനയുടെ വിപണി ഇന്നും പുസ്തകങ്ങളെ കേന്ദ്രീകരിച്ച് നിലനിൽ ക്കുന്നുവെന്നതാണ്. ഫേസ്ബുക്ക് പ്രതലത്തിൽ നിപിൻ നാരായണന്റേ തുൾപ്പെടെ ലഘു ഡിജിറ്റൽ ഗ്രാഫിക് രചനകൾ (Minim al Art) പ്രത്യക്ഷ പ്പെടാറുണ്ട്. എന്നിരുന്നാലും ഇവിടെ പുസ്തകങ്ങൾക്കാണ് വിപണി സാധ്യത മുന്നിട്ടു നിൽക്കുന്നത്. പ്രാദേശികതയ്ക്കും വ്യക്തിപരതയ്ക്കും പ്രധാന്യം നൽകുന്ന ഓർമ്മക്കുറിപ്പുകൾ ഫേസ്ബുക്കിന്റെ പ്രതലത്തിൽ

സജീവമാകുമ്പോഴും ഇവയുടെ അച്ചടിച്ച പതിപ്പുകൾ വൻതോതിൽ വിറ്റുപോവുകയും വായിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ദീപാ നിശാന്തിന്റെ *കുന്നോളം വരുമല്ലോ ഭൂതകാലക്കുളിർ, നനഞ്ഞുതീർത്ത മഴകൾ* എന്നീ പുസ്തകങ്ങളും നിപിൻ നാരായണന്റെ *നൊസ്റ്റാൾജിയത്തിന്റെ പുസ്തകവും* ഉദാഹരണങ്ങളാണ്. അതുകൊണ്ടു തന്നെ സൈബർ രചനകളായി പുറത്തു വന്ന (ബ്ലോഗുകൾ) മിക്ക രചനകളും അച്ചടിക്കപ്പെട്ടു. സജീവ് എടത്താടിന്റെ *കൊടകരപുരാണം, പുഴ.* കോം-ൽ പ്രസിദ്ധീകരിക്കുന്ന കഥകളുടെ സമാഹാരങ്ങൾ എന്നിവയും ഇതിനു ദൃഷ്ടാന്തമാണ്.

സൈബർ ഇടത്തിൽ രചിക്കപ്പെടുന്ന ഇന്ററാക്ടീവ് നോവലുകളും ഡിജിറ്റൾ ഗ്രാഫിക് നോവലുകളും ബൃഹദ് തുടരാഖ്യാന സ്വഭാവം പ്രകടിപ്പിക്കുന്നവയാണ്. എന്നാൽ മലയാളത്തിൽ ശ്രദ്ധേയമായ നിപിന്റെ ഡിജിറ്റൽ ഗ്രാഫിക് കുറിപ്പുകളോ ദീപാ നിശാന്തിന്റെ രചനകളോ ഇത്തരം തുടരാഖ്യാന സ്വഭാവമുള്ളവയല്ലെന്നതും പ്രസക്തമാണ്. ഒറ്റയൊറ്റ സംഭവങ്ങളെ കേന്ദ്രീകരിക്കുന്ന നീളൻ കുറിപ്പുകളും സമകാലിക സംഭവങ്ങളുടെ ധ്വന്യാത്മകവും വിമർശനാത്മകവുമായ കുറിപ്പുകളുമാണിവ. മലയാളിയുടെ ഇനിയും സ്ഥിരത കൈവരിക്കാത്ത സൈബർ ജീവിതത്തിന്റെ സാക്ഷ്യപത്രമാണ് ഇത്തരത്തിൽ തുടർച്ചയായി അച്ചടിക്കപ്പെടുന്ന സൈബർ രചനകൾ.

നവസാങ്കേതിക സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്നുവെങ്കിലും സൈബർ സ്പെയ്സിന്റെ സാധ്യതകൾ കേരളീയ സമൂഹം ഇനിയുമേറെ കണ്ടെത്തേണ്ടിയിരിക്കുന്നു. സാഹിത്യരചനാ മണ്ഡലങ്ങളിൽ മലയാളത്തിന്റെ ക്രിയാത്മകമായ പങ്ക് ബ്ലോഗുകളിലും ഫേസ്ബുക്കിലും വാട്സാപ്പിലുമായി പരിമിതപ്പെടുന്നു. *അഴിമുഖം, ഉത്തരകാലം* തുടങ്ങിയ ഓൺലൈൻ പോർട്ടലുകളും *തർജ്ജനി, നവമലയാളി* പോലുള്ള ഓൺലൈൻ മാസികകളും കേരളീയ സാഹിത്യ സാമൂഹ്യമണ്ഡലങ്ങളിൽ സജീവമായി ഇടപെടുന്നു. എന്നിരുന്നാലും, രൂപ/ഘടനാ സംബന്ധിയായ പരീക്ഷണ എഴുത്തുകളിൽ കേരളീയ സൈബർ പരിസരം ഇന്നും കാതങ്ങൾ പിന്നിലാണെന്നതാണ് വസ്തുത. ഭാവപരവും സത്താപരവുമായ ആഖ്യാനങ്ങൾക്കപ്പുറത്ത് രൂപഘടനയിൽ സംജാതമാകുന്ന വ്യതിരിക്തതകളാണ് പുതിയൊരു സൈബർ സാഹിത്യരൂപത്തെ നിർമ്മിക്കുന്നത്. മലയാള സൈബർ സാഹിത്യത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ഇത്തരം അനാവൃത സൈബർ ഭൂമികകളിലേക്കുള്ള പര്യവേക്ഷണങ്ങളിലാണ്.

**സഹായക ഗ്രന്ഥങ്ങൾ**

രാജശേഖരൻ, പി.കെ., *ഏകാന്തനഗരങ്ങൾ,* കോട്ടയം:ഡി.സി. ബുക്സ്, 2015.

ജോസ് കെ. മാനുവൽ(എഡി.). *നവമാധ്യമങ്ങൾ: ഭാഷ, സാഹിത്യം, സംസ്കാരം*, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2014.

Gervais, Bertrand. "Is there a Text on this Screen? .Reading in an Era of Hypertextuality."

Siemens, Ray. and Susan Schrcibman (ed). *Digital Literary Studies*. Oxford: Wiley Blackwell, 2008.

Morrison, Aimee. "Blogs and Blogging : Text and Practice."Siemens, Ray. and Susan Schrcibman (ed). *Digital Literary Studies*. Oxford: Wiley Blackwell, 2008.

Ryan Laure, Marie. "Fictional Worlds in the Digital Age." Siemens, Ray. and Susan Schrcibman (ed). *Digital Literary Studies*. Oxford: Wiley Blackwell, 2008.

Saltz, David Z., "Digital Literary Studies: Perfomance and Interaction."

Siemens, Ray and Susan Schrcibman (ed). *Digital Literary Studies*. Oxford: Wiley Blackwell, 2008.

Vandendorpe, Christian. "Reading on Screen : The New Media Sphere." Siemens, Ray and Susan Schrcibman (ed). *Digital Literary Studies*. Oxford: Wiley Blackwell, 2008.

**ഇന്റർനെറ്റ് സ്രോതസ്സുകൾ**

Alexander, Leigh. "The joy of text- the fall and rise of interactive fiction". http://www. theguardian.com/technology/2014/oct/22/ interactive-fiction-awards-games (22/10 14)

Jackson, Shelley. "Stitch Bitch: the patchwork girl" http://web.mit.edu/ comm-forum/papers/jackson.html(07/07/16) Rudin, Michael. "From Hemingway to Twitterature: The Short and Shorter of It."

http://quod.lib.umich.edu/j/jep/3336451.0014.213 (04/07/16)

https://www.pottermore.com/

https://wormworldsaga.com/

http://nanoism.net/

http://www.smokelong.com/

# സൈബർജീവിതവും സർഗ്ഗഭാവനയും

എൻ. മുരാരിശംഭു

**സൈ**ബർ സാങ്കേതികവിദ്യ സാഹിത്യത്തിനു ഭീഷണിയാകുന്നുണ്ടെന്ന് കവി സച്ചിദാനന്ദൻ മുൻപൊരിക്കൽ പറയുകയുണ്ടായി.* സൈബർ എഴുത്തിനെ ആക്രമിക്കുന്നുണ്ടെന്ന് മലയാളത്തിന്റെ പ്രിയപ്പെട്ട കാഥികനായ എം.ടിയും ഈയടുത്തകാലത്ത് അഭിപ്രായപ്പെട്ടിട്ടുണ്ട്.** പുതിയ സാധ്യതകളെ ഗർഭം ധരിച്ചിരിക്കുന്ന ഈ അവസ്ഥ ചെറുപ്പക്കാരായ എഴുത്തുകാർ ഉപയോഗപ്പെടുത്തണമെന്നും സച്ചിദാനന്ദൻ നിർദ്ദേശിക്കുന്നു. ഈ ആകുലതകൾ നമ്മുടെ മുഖ്യധാരാ എഴുത്തുകാർക്ക് യന്ത്രവൽകൃത ജീവിതത്തോടുള്ള വിമുഖതയാണെന്നോ ടെക്നോളജിയിലുള്ള പരിമിതി കൊണ്ടാണെന്നോ ആക്ഷേപമുയരാം. എന്നാൽ പുതിയ സാമൂഹ്യവ്യവസ്ഥയുടെ ഭാഗമായി മാറിയിരിക്കുന്ന സൈബർ സംസ്കാരം, നമ്മുടെ ദൈനംദിന ജീവിതത്തിലുണ്ടാക്കിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉത്കണ്ഠയോടെ നോക്കിക്കാണുവാൻ പ്രേരിപ്പിക്കുമ്പോൾ സൈബർ ജീവിതത്തെയാകെത്തന്നെ കടന്നാക്രമിക്കുകയാണോ എന്നു തോന്നുക സ്വഭാവികം മാത്രം.

ഉദാരവല്ക്കരണവും ആഗോളീകരണവുമൊക്കെ സൃഷ്ടിച്ച നവലോകക്രമം ആർക്കും എന്തിനോടും തോന്നുന്ന ആഗ്രഹത്തെയും ആവശ്യത്തെയും കൈപ്പിടിയിലാക്കാമെന്ന അവസ്ഥ സംജാതമാക്കി. ലോകത്തിന്റെ കെട്ടുപാടുകളെത്തന്നെ അഴിച്ചു കളഞ്ഞ ഈ ആഗോളവത്ക്കരണം സാങ്കേതികവിദ്യയുടേയും നവമാധ്യമങ്ങളുടെയും ആഘോഷത്തിന്റെ കാലത്തിലേക്കാണ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ് ബന്ധിതമായ കമ്പ്യൂട്ടറുകളും മറ്റാധുനിക ഉപകരണങ്ങളും ജീവിതപരിസരങ്ങളെ ഗണ്യമായി സ്വാധീനിച്ചതിന്റെ ഫലമായി രൂപപ്പെട്ടതാണ് സൈബർ സംസ്കാരം.

സാങ്കേതിക സാധ്യതകൾ അതിന്റെ എല്ലാ മെച്ചവും നമുക്കു സമ്മാനിക്കുമ്പോൾ ത്തന്നെ ജീവിതത്തിൽ അതു ചെറുതല്ലാത്ത ദൂഷ്യ ഫലങ്ങളെയും സൃഷ്ടിക്കുന്നു. സൈബർ സ്പേസ് എന്തോ വെർചൽ സ്പേസ് എന്നോ ഒക്കെ വിളിക്കപ്പെടുന്ന ഇന്റർനെറ്റ് ജീവിതം വ്യക്തി കൾ അവനവനിലേക്ക് മാത്രമായി ചുരുങ്ങുന്നതിനിടയാക്കി. പുറമേ നടക്കുന്ന കാര്യങ്ങളെപ്പറ്റി അവന് ആകുലതകളില്ലാതായി. ഇങ്ങനെ മാനവികത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിച്ചുകൊണ്ടിരിക്കുന്നത്. സംസ്കാരമെന്ന പദത്തിന്റെ അർത്ഥം പോലും പുതിയ പുതിയ 'വെർഷനുകളിൽ' വ്യാഖ്യാനിക്കുന്നവരായി മാറിയിരിക്കുന്നു 'ഇ' തലമുറയിൽപ്പെട്ടവർ.

ആഗോളവൽക്കരണ കാലത്ത് ഉപഭോഗസംസ്കാരം മുന്നോട്ടുകൊണ്ടുപോകാനാണ് മാധ്യമങ്ങൾ ഏറെയും ശ്രമിക്കുന്നത്. പല കാര്യങ്ങളിലും തദ്ദേശീയ സംസ്കാരങ്ങളെ പിന്തള്ളി ഒരു ഏകജാതീയത രൂപമെടുക്കുന്നതിന് ഇതു കാരണമാകുന്നു. ഭാഷയിലും ഭക്ഷണത്തിലും വേഷത്തിലുമൊക്കെ ഇതു പ്രതിഫലിക്കുന്നു. വർത്തമാന കാലത്തിൽ ജീവിക്കുമ്പോഴും ഭാവിയുടെ വിദൂരസ്വപ്നങ്ങളിൽ അഭിരമിക്കാനുള്ള പ്രലോഭനങ്ങളായി ഇവ മാറിയിരിക്കുന്നു.

നമ്മുടെ യാഥാർഥ്യബോധത്തെ മാധ്യമങ്ങൾ ഹൈജാക്കു ചെയ്തുകൊണ്ടിരിക്കുന്നു എന്നും സർവ്വഇന്ദ്രിയങ്ങളും സ്തംഭിച്ച ഒരു ജീവിയായിരിക്കുന്നു മലയാളി എന്നും ശ്രീ.എം.എൻ.വിജയൻ വളരെ മുൻപേ പറഞ്ഞത് ഇവിടെ ഓർക്കാം. "ഈ വർത്തമാനപ്പത്രം എന്റെ മുമ്പിൽനിന്നു മാറ്റൂ ഞാൻ സത്യം കാണട്ടേ." എന്നാണ് അദ്ദേഹം പറയുന്നത്. സത്യത്തെ മറയ്ക്കുന്ന ഒന്നായി മാധ്യമങ്ങൾ മാറുന്നതിനോടുള്ള അമർഷമായിരുന്നു ഈ വാക്കുകൾ. "ഈ ആഗോളീകരണ കാലത്ത് പത്രം മറ്റൊരു 'കൺസ്യൂമർ പ്രോഡക്റ്റ്' മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഉപഭോക്താവിന്റെ ദൈനംദിനാവശ്യം തൃപ്തിപ്പെടുത്തി നടത്തിപ്പുകാർക്ക് ലാഭമുണ്ടാക്കിക്കൊടുക്കുകയല്ലാതെ സമൂഹത്തെ നന്നാക്കേണ്ട ഉത്തരവാദിത്വം എന്തിനു വെറുതെ ഏറ്റെടുക്കണം എന്ന നിലയിലേക്ക് പത്രപ്രവർത്തകരുടെ ചിന്ത മാറിയിരിക്കുന്നു." 'ഫോർത്ത് എസ്റ്റേറ്റിന്റെ മരണം' കുറിച്ചുകൊണ്ട് മുതിർന്ന പത്രപ്രവർത്തകനായ എൻ.പി.രാജേന്ദ്രൻ അഭിപ്രായപ്പെടുന്നു.

ഇതും കടന്ന് ജനാധിപത്യത്തിന്റെ 'ഫിഫ്ത് എസ്റ്റേറ്റ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന (വില്യം എച്ച്.ഹഡ്സൺ) നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന ജീവിതപരിസരം കുറേക്കൂടി സങ്കീർണ്ണമാക്കുകയാണ് കാര്യങ്ങൾ. ഒന്നാം ലോകയുദ്ധത്തിന്റെ തോൽവിയെക്കുറിച്ച് ഹിറ്റ്ലർ 'മീങ്കാംഫി'ൽ പറയുന്നുണ്ട്. Germany lost the battle, because it lost the propaganda war. പ്രചരണം ചെറു യുദ്ധമാണ്. അതു ജയിച്ചാലേ

വലിയ യുദ്ധം ജയിക്കാനാകൂ എന്ന്.ഇതു തിരിച്ചറിഞ്ഞ ഹിറ്റ്ലർ രണ്ടാം ലോകയുദ്ധത്തിൽ സൈനികശക്തിയേക്കാൾ പ്രചരണശക്തിക്ക് ഊന്നൽ നൽകുകയുണ്ടായത്രേ. ഹിറ്റ്ലറുടെ പ്രചരണകാര്യങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന ഗിബൽസിന്റെ തന്ത്രം പ്രസിദ്ധമാണല്ലോ. "ഒരു നുണ നൂറു തവണ ആവർത്തിച്ചാൽ അതു സത്യമായിത്തീരും." ഒറ്റ നുണ യിൽത്തന്നെ വലയിൽ വീഴുന്ന 'വിദ്യാസമ്പന്നനായ' മലയാളി ആഗോ ളഗ്രാമത്തിന്റെ സന്തതിയായിക്കഴിഞ്ഞിട്ട് നാളേറെക്കഴിഞ്ഞിരിക്കുന്നു.

അക്ഷരങ്ങളിൽ നിന്ന് അക്കങ്ങളുടെ ലോകത്തേക്കുള്ള മല യാളിയുടെ പരക്കംപാച്ചിൽ ആർദ്രത നഷ്ടപ്പെട്ട ഒരു സമൂഹത്തെ സൃഷ്ടി ക്കാൻ കാരണമായി. 'ചെക്ക് കൊണ്ടു ജീവിക്കുന്ന ഒരു സമൂഹമായി കേരളം' (എം.എൻ.വിജയൻ) മാറിയത് അവനിൽ വളർന്നു വന്ന ഉപ ഭോഗ സംസ്കാരത്തിന്റെ ഭാഗമായ പൊങ്ങച്ചസംസ്കാരം മൂലമാണ്. മുതലാളിത്തത്തിന്റെ പുതിയ രീതിയായ 'വ്യാമോഹ വ്യവസായം' നമ്മെ കീഴ്പ്പെടുത്തിയപ്പോൾ ജീവിതത്തിന്റെ എല്ലാ മേഖലകളേയും അതു ബാധിച്ചു. ജീവിതത്തിലുള്ളതേ സാഹിത്യത്തിലുണ്ടാകൂ. ആഗോളീ കരണത്തിന്റെ സ്ഥായീ ഭാവമായ വാണിജ്യസംസ്കാരം സൈബറിൽ അന്തർലീനമായിട്ടുണ്ട്. ആഗോളീകരണത്തിന്റെ ലക്ഷ്യമായ 'വില്പന' പ്രണയത്തിലും രതിയിലുമൊക്കെ കടന്നു വന്നിരിക്കുന്നു. മനുഷ്യ ബന്ധങ്ങൾക്കും മൂല്യങ്ങൾക്കും അവയുടെ പഴയ അർഥം നഷ്ടപ്പെടുന്നു. നമ്മുടെ സാഹിത്യത്തിനെ സൈബർ സംസ്കാരം സ്വാധീനിക്കുന്നത് രണ്ടു വിധത്തിലാണ്. സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കാനൊരിടം നൽകുന്നു എന്നതാണ് ബ്ലോഗുകളെയും ഫേസ്ബുക്ക് കുറിപ്പുകളേയും ജനപ്രിയമാക്കിയ പ്രധാന വസ്തുത. പത്രാധിപന്മാരുടെ കനിവിനു കാത്തിരിക്കാതെ സ്വയം പ്രസിദ്ധീകരിക്കാനുള്ള സാധ്യത നൽകിയ ഇവ രചനയുടെ സനാതനമായ ഊർജ്ജം കൈ മുതലായുള്ള പലരെയും ശ്രദ്ധേയരാക്കി. സർഗ്ഗാത്മകത കൈമുതലായുള്ള ആർക്കും അത് പ്രകാശിപ്പിക്കാനുള്ള ഒരിടമെന്ന നിലയിൽ 'സൈബർ സ്പേസ്' തുറന്നു നൽകിയത് വിശാലമായ ചക്രവാളങ്ങളാണ്. എന്നാൽ സാഹി ത്യവും ജീവിതവും രണ്ടാകാത്തിടത്തോളം കാലം സൈബർ പരിസരം ആത്യന്തികമായി ജീവിതത്തിനു നൽകുന്നതെന്തെന്ന ആശങ്കകൾ പ്രമേയ തലത്തിൽ നമ്മുടെ സാഹിത്യത്തെ ഇന്ന് ചിന്താകൂലമാക്കുന്നു. ഇത് യന്ത്രത്തെ ആഘോഷപൂർവ്വം സ്വീകരിക്കുന്ന മാധ്യമ കൂട്ടായ്മകൾ മൂലം നഷ്ടമാകുന്ന മാതൃഭാഷയെയും പാരമ്പര്യങ്ങളെയും മൂല്യങ്ങ ളേയും നിലനിർത്താൻ വേണ്ടിയുള്ള പ്രതിരോധം കൂടിയായി മാറുന്നു.

വില്യം ഗിബ്സന്റെ 'ന്യൂറൊമാൻസർ' എന്ന ശാസ്ത്രനോവ ലിലാണ് 'സൈബർ സ്പേസ്' എന്ന പദം ആദ്യമായി ഉപയോഗിച്ചിട്ടു ള്ളത്. മനുഷ്യജീവി വ്യവഹാരങ്ങളെയെല്ലാം സ്പർശിച്ചുകൊണ്ട്

'സൈബർ സ്പേസ്' പിന്നീട് ഉത്തരാധുനിക ചിന്തയുടെ ഭാഗമായി മാറുന്ന കാഴ്ചയാണ് സാഹിത്യത്തിലുളവാക്കിയത്. പുരോഗമന സാഹിത്യത്തിന്റേയും ആധുനിക സാഹിത്യത്തിന്റെയും കാലത്തെന്ന പ്പോലെ നമ്മുടെ ജീവിതപരിസരം ഇന്നും നീറിപ്പുകഞ്ഞുകൊണ്ടിരി ക്കുന്നു. എല്ലാവിധ സുഖസൗകര്യങ്ങൾക്കിടയിലും മനുഷ്യൻ നേരി ടുന്ന നവസംഘർഷങ്ങൾ വിവരസാങ്കേതികവിദ്യയുടെ വ്യാപനം മൂല മുണ്ടായ സൈബർ സംസ്കാരത്തിന്റെ പരിണതഫലങ്ങളാണെന്ന് അനുഭവസാക്ഷ്യങ്ങളാണല്ലോ.

'തത്വവിചാരങ്ങളുടെ ഘാതകനാണ് കമ്പ്യൂട്ടർ (നൃത്തം) എന്ന് മലയാളത്തിലെ ആദ്യത്തെ സൈബർ നോവലിൽ രേഖപ്പെടുത്തു ന്നുണ്ട്. വിനിമയ സാങ്കേതികവിദ്യ സൃഷ്ടിക്കുന്ന പ്രതീതി യാഥാർത്ഥ്യ ത്തിന്റെ ഘടകവുമായി മലയാള ഭാവന ബന്ധപ്പെട്ടു തുടങ്ങുന്ന എം. മുകുന്ദന്റെ ഈ നോവൽ ഏറെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞതാണ്. കമ്പ്യൂ ട്ടറുകൾക്കു പിന്നിലെ അദൃശ്യസ്ഥലമായ സൈബർ സ്പേസ് ഇന്ന് മലയാള ഭാവുകത്വത്തെ വിവിധ തലങ്ങളിൽ നവീകരിക്കുന്നു. യാഥാർഥ്യ മായതിനെ മറച്ചു കാണിക്കുകയും അയഥാർഥമായതിനെ പൊലിപ്പിച്ചു കാട്ടുകയും ചെയ്യുന്ന സൈബർസ്പേസിൽ എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളും അരങ്ങേറുന്നുണ്ട്. ഇങ്ങനെ സൈബർ സിറ്റി ഹൃദയ ശൂന്യമാകുമ്പോൾ പ്രതീക്ഷിക്കപ്പെടുകയും നിരാകരിക്കപ്പെടുകയും നിഷേധിക്കപ്പെടുകയും വിഷാദിക്കുകയും ഒക്കെ ചെയ്യുന്ന ജീവിതമു ഖങ്ങൾ സാധാരണമാകുന്നു.

ശാസ്ത്രത്തെയും സാഹിത്യത്തെയും സംയോജിപ്പിച്ചുകൊ ണ്ടുള്ള സയൻസ് ഫിക്ഷനുകൾ പാശ്ചാത്യനാടുകളിൽ സുലഭമാണ്. സാങ്കേതികവിദ്യയുടെ അതിശക്തമായ വേരോട്ടം സൈബർ പങ്ക് (Cyber Punk) എന്ന സാഹിത്യശാഖയ്ക്ക് തുടക്കമിട്ടു. 'ഗിബ്സൺ' പരിചയപ്പെടുത്തുന്ന 'പങ്ക്' സമൂഹത്തിൽനിന്ന് തികച്ചും ഒറ്റപ്പെട്ടു പോകും വണ്ണമുള്ള പ്രത്യേകതകൾ കാണിക്കുന്ന വ്യക്തികളോ പ്രവൃത്തി കളോ ആണ് അർത്ഥമാക്കുന്നത്. ശൃംഖലാബന്ധിതമായ കമ്പ്യൂട്ടറു കളാൽ നിയന്ത്രിതമായ ഭാവിയുടെ സാധ്യതകളും ഒപ്പം ആകുലതകളും സൈബർ പങ്ക് വിശദീകരിക്കുന്നു. സാങ്കേതികവിദ്യയെ അപ്പാടെ എതിർ ക്കുകയോ അനുകൂലിക്കുകയോ അല്ല സൈബർ പങ്ക് സാഹിത്യം. അതു കൊണ്ടുതന്നെ സൈബറിടങ്ങൾ സൃഷ്ടിക്കുന്ന പുതിയ സാംസ്കാരിക മാന ങ്ങൾ പൂർണ്ണമായി നിരാകരിക്കപ്പെടേണ്ടവയല്ലെന്ന് ഏത് എഴുത്തു കാരനുമറിയാം. പുതിയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന മൂല്യങ്ങളെയും അഭിപ്രായഗതികളെയും പുനരുൽപ്പാദിപ്പിക്കുകയോ ഉറപ്പിക്കുകയോ ഒക്കെയാണ് സൈബർ പരിസരകൃതികളിലൂടെ എഴുത്തുകാർ നിർവ്വ ഹിക്കുന്നത്. സാങ്കേതികവും സാമൂഹികവുമായുള്ള മുന്നേറ്റത്തിന്

ആധുനികതയുടെ എല്ലാ സാധ്യതകളും ആവശ്യമാണെങ്കിലും അവയ്ക്ക് സംസ്കാരം ലഭ്യമാവില്ല എന്ന തിരിച്ചറിവിൽ നിന്നാകണം സൈബറിലെ ഇടപെടലുകൾ സൃഷ്ടിക്കുന്ന ജീവിതപരിതോപസ്ഥകളെക്കുറിച്ച് എഴുത്തുകാരെ ചിന്തിപ്പിക്കുന്നത്. സാഹിത്യഭാഷയും സാങ്കേതികഭാഷയും തമ്മിലുള്ള പ്രധാന വ്യത്യാസം ഒന്ന് മാനുഷികമാണെങ്കിൽ മറ്റേത് യാന്ത്രികമാണെന്നതാണ്. ആർദ്രതയും സ്വകാര്യതയുമാണ് സാഹിത്യഭാഷയുടെ മുഖമുദ്രയെങ്കിൽ സാങ്കേതികഭാഷയിൽ അത് യാന്ത്രികവും പൊതുസ്വഭാവമുള്ളതുമാകുന്നു.

നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സാഹിത്യം മാത്രമല്ല മറിച്ച് ഇന്റർനെറ്റ് സംസ്കാരത്തെ കുറിച്ച് പ്രതിപാദിക്കുന്ന സാഹിത്യകൃതികളും സൈബർ സാഹിത്യത്തിലുൾപ്പെടുന്നു. മലയാളത്തിൽ സൈബർ ലോകം പ്രമേയമാക്കുന്ന കഥകളും നോവലുകളും കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട പുത്തൻ വ്യാപാരശൈലി സൃഷ്ടിക്കുന്ന ആശയപരവും സദാചാരപരവുമായ സംഘർഷങ്ങളെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. ആഗോളീകരണകാലത്തിന്റെ പേരിലുള്ള കേവലം പ്രബന്ധരചനകളാണ് നമ്മുടെ ഇന്നത്തെ സാഹിത്യമെന്ന ആക്ഷേപമുയരുമ്പോഴും ശ്രദ്ധേയമായ ചില സംഭാവനകൾ മലയാളത്തിലുണ്ടായിരിക്കുന്നു. എം.നന്ദകുമാറിന്റെ 'വാർത്താളി: സൈബർ സ്പേസിൽ ഒരു പ്രണയനാടകം (നീണ്ടകഥ) ചന്ദ്രമതിയുടെ 'വെബ്സൈറ്റ്', സുനന്ദന്റെ 'വെള്ളിനേഴി ഡോട്ട് കോം', വിനു എബ്രഹാമിന്റെ 'ചില പ്രീമോഡേൺ ഇടപെടലുകൾ', സേതുവിന്റെ 'അടയാളവാക്യങ്ങൾ', ബി മുരളിയുടെ 'ചാറ്റൽ മഴയിലെ ഏകാകി', തുടങ്ങിയ കഥകൾ സൈബർ സാങ്കേതികതയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന പുതിയ ഭാവുകത്വത്തിന്റെ രചനകളാണ്. എം.മുകുന്ദന്റെ 'നൃത്തം', സി.വി.ബാലകൃഷ്ണന്റെ 'ദിശ', സേതുവിന്റെ 'അടയാളങ്ങൾ', ബന്ന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങൾ, മധുപാലിന്റെ 'ഫേസ്ബുക്ക്, രാഹുലിന്റെ 'ഒരു ഫേസ്ബുക്ക് പ്രണയകഥ, പ്രവീൺ ചന്ദ്രന്റെ 'അപൂർണ്ണതയുടെ ഒരു പുസ്തകം', അമലിന്റെ 'വ്യസനസമുച്ചയം' എന്നീ നോവലുകൾ സൈബർ സംസ്കാരത്തിന്റെ ശക്തമായ സ്വാധീനഫലങ്ങളാണ്. സൈബർ ലോകത്തിലെ പ്രധാന സങ്കേതങ്ങളായ ഇ-മെയിൽ, ഓർക്കൂട്ട്, ഫേസ്ബുക്ക് എന്നീവയൊക്കെ സുപ്രധാന പങ്കു വഹിക്കുന്ന കഥാപാത്രങ്ങളാകുന്നു ഈ കൃതികളിലൊക്കെ. കഥയെ മുന്നോട്ടു നയിക്കുന്ന പ്രധാന ഘടകങ്ങളായി ഇവ അവതരിപ്പിക്കപ്പെടുന്നു

ഫേസ്ബുക്ക് പോസ്റ്റുകൾ, പ്രണയങ്ങൾ, ഹാക്കിംഗ്, മോർഫിംഗ് തുടങ്ങിയ സാങ്കേതിക കുറ്റകൃത്യങ്ങൾ, കലയിലും സാഹിത്യത്തിലും ഇടപെടുന്ന സൈബർ വാണിജ്യതന്ത്രങ്ങൾ തുടങ്ങി നിരവധി വസ്തുതകൾ പുതിയ കാലത്തെ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടു വരു

ന്നുണ്ട്. ഓൺലൈൻ ഇടപാടുകൾ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഇങ്ങനെ ജീവിതം ലിങ്കു ചെയ്യപ്പെടുമ്പോൾ സംഭവിക്കാവുന്ന അപചയങ്ങളും അപസ്വരങ്ങളുമാണ് ഈ കൃതികളിലെയൊക്കെ പ്രമേയം.

സൈബർ സ്പേസ് ഏറ്റവും അധികം ഉപയോഗിച്ചതും ഉപയോഗിക്കുന്നതും നമ്മുടെ കവിതയാണ്. സൈബറിൽ കവിതയുടെ പെരുമഴക്കാലം തന്നെയാണുണ്ടായത്. മാധ്യമ വ്യവഹാരങ്ങൾ സൃഷ്ടിച്ച പ്രതീതിയുടേയും യാഥാർത്ഥ്യത്തിന്റേയും ദൃശ്യലോകത്തിരുന്ന് കവിതയുടെ പണിയാല തീർക്കുന്നവർ, പുതിയ തലമുറയിലേറെയാണ്. സൈബറിൽ പെയ്തിറങ്ങിയ കവിതയുടെ തുലാവർഷപ്പെരുമഴയിൽ പുതിയ കാലത്തെ ജീവിതത്തിന്റെ ആകുലതകൾ ചിലരെങ്കിലും കോരിയിടുന്നുണ്ട്. ജീവിതവും കവിത പ്രസിദ്ധീകരിക്കുന്ന മാധ്യമവും ഒന്നു തന്നെയാകുമ്പോൾ കവിത വായനയുടെ പുതുവഴികൾ തേടുന്നു.

പേനയുടെ സ്ഥാനത്തു മൗസ്സും കടലാസിന്റെ സ്ഥാനത്ത് മോണിറ്ററും വന്നതോടെ ഭാഷയെ പുനഃപ്രതിഷ്ഠിക്കുന്ന ഒരു ചരിത്ര ദൗത്യത്തിനാണ് ബ്ലോഗുകവിതകൾ വഴിവെച്ചത്.

മുഖ്യധാരയിലെ കവികൾ സൈബറിന്റെ വ്യാപനത്തിൽ അതൃപ്തരാണ്. ഉദ്ഗ്രഥിതഭാഷയിൽ, സൈബർ ബിംബങ്ങളിലൂടെ, പുതിയതും വിചിത്രവുമായ കപട സദാചാരബോധങ്ങളെ പൊളിച്ചെഴുതാൻ കവിതയിലൂടെ ഇവർ ശ്രമിക്കുന്നു. പ്രമുഖരായ പലരും ബ്ലോഗിലേക്കു കടന്നുവന്നതും ശ്രദ്ധേയമാണ്. കവിതയിലെ സൈബർ കല്പനകൾ പുതിയ ജീവിതചിഹ്നങ്ങളുമായി ഏറെയടുത്തു നിൽക്കുന്നു.

സൈബർയുഗത്തിന്റെ പദാവലിയും മോണിട്ടറിലെ ദൃശ്യസമ്പന്നതയും ഇന്റർനെറ്റിന്റെ അനന്തസാധ്യതയും ചൂഷണബിംബങ്ങളായി സാഹിത്യസൃഷ്ടികളിൽ കടന്നു വരുന്നു. ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ ജീവിതത്തിലെ വിപത്തായി മാറുന്നതിലെ വൈരുദ്ധ്യമാണ് ഇവരെല്ലാം പ്രകാശിപ്പിക്കുന്നത്. സാങ്കേതികവിദ്യയുടെ യന്ത്രമുഖത്തോട് പൊരുതിത്തോൽക്കുന്ന ഇടത്തരക്കാർ ആധുനിക ജീവിതരീതിയുടെ താളം തെറ്റലിന്റെ രക്തസാക്ഷികളാകുന്നു. അതേസമയം കുട്ടികൾ, സ്ത്രീകൾ, തടവുകാർ, ബഹിഷ്കൃതർ, നിയമവിരുദ്ധർ, രോഗികൾ, മാനസിക ദുർബലർ, അപരിചിതർ, അധഃകൃതർ, അസന്തുഷ്ടർ, അസംഘടിതർ, ഭീരുക്കൾ, വിപരീതവ്യക്തികൾ, വിഘാടകർ, ന്യൂനപക്ഷങ്ങൾ തുടങ്ങി സൈബറിടം വിമോചിപ്പിക്കുന്നവരുടെ പട്ടിക വളരെ വലുതാണ്." (ഡോ.എം.സിദ്ധിക്ക്) സർഗ്ഗാത്മകതയ്ക്ക് വിരൽത്തുമ്പിൽ പ്രസിദ്ധീകരണ-പ്രക്ഷേപണമൊരുക്കിയും വായനക്കാരന്റെ പക്ഷപാതങ്ങളെ അപ്പപ്പോൾ അറിയാനുള്ള അവസരമൊരുക്കിക്കൊണ്ടും 'സർഗ്ഗാത്മകത'യെ 'ലൈവാ'ക്കുന്നു. എന്നതാണ് സൈബറിടത്തിന്റെ ഒരു പ്രത്യേകത.

സൈബർ കാലത്തിനനുയോജ്യമായ സൈബർ കാവ്യഭാഷ വികസിപ്പിച്ചെടുത്തുകൊണ്ട്, ആധുനികോത്തര ജീവിതസാഹചര്യങ്ങൾ നമ്മുടെ കാഴ്ചയ്ക്കും അഭിരുചിയിലും സംഭവിക്കുന്ന മാറ്റങ്ങൾ ഉടലിനെ മാത്രമല്ല സമൂഹത്തെത്തന്നെ രോഗഗ്രസ്തമായുന്നുവെന്ന് സൈബർ കവിതകൾ വിളിച്ചു പറയുന്നു. എസ്.ജോസഫ്, തോമസുകുട്ടി, എം.ആർ.രേണുകുമാർ, മീരാൻകുട്ടി, എം.ബി.മനോജ്, മനോജ് കുറൂർ, വിഷ്ണുപ്രസാദ് തുടങ്ങിയവർ സൈബർ ഇടങ്ങളെ തങ്ങളുടെ കവിതയിൽ പ്രസാധനത്തിനും പ്രമേയത്തിനുമുള്ള ഉപാധികളാക്കുന്നു.

'എഴുത്ത്' സ്ത്രീയുടേതാണെന്നതുകൊണ്ട് മാത്രം ആഘോഷവത്ക്കരിക്കപ്പെടേണ്ടതല്ലെന്നും 'ജീവിത'മുള്ള രചനകൾ ലിംഗ പരിഗണനകൾക്കതീതമായി വായിക്കപ്പെടേണ്ടതുമാണെന്നരിക്കേ, പണ്ടത്തേക്കാൾ കുറേക്കൂടി മോശമായ വർത്തമാനകാലത്തെ സ്ത്രീ മനോഭാവത്തെ പ്രതിരോധിക്കാൻ സൈബറിലെ സ്ത്രീ ഇടപെടലുകളും ക്രിയാത്മകരചനകളും എടുത്തുകാട്ടേണ്ടവ തന്നെ. മലയാള ബ്ലോഗുകളിലെ പെണ്ണിടപെടലുകൾ സർഗ്ഗാത്മകമാകുമ്പോൾത്തന്നെ, അടുക്കളയും ഓഫീസുമായി ഒരുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകളിൽ ചിലരെങ്കിലും ക്രമേണ വിനോദത്തിനും അസാന്മാർഗ്ഗികവൃത്തികൾക്കും തുറന്നുകിട്ടിയ മേഖലയായി സൈബർ മാറുന്നതായാണ് അടുത്ത കാലത്തെ വാർത്തകൾ പറഞ്ഞു തരുന്നത്.

സർഗ്ഗാത്മകതയും സാമൂഹികപ്രസക്തമായ വിഷയങ്ങളുമായും പൊതുലോകത്തോടു ഇന്ന് നിരവധി സ്ത്രീകൾ സംവാദിച്ചുകൊണ്ടിരിക്കുന്നു. "കോർപ്പറേറ്റ് വൽക്കരിക്കപ്പെട്ട ജീവിതത്തിലെ അടുക്കളക്കും തീൻമേശക്കും കട്ടിലിനും ബന്ധങ്ങൾക്കുമുണ്ടായ സവിശേഷതകളിൽ നിന്നും സാഹിത്യവും വിഭിന്നമാകുന്നില്ല." സൈബറിലെ സ്ത്രീയുടെ ഇടപെടൽ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതും സാമൂഹികപ്രതിബന്ധവുമാകേണ്ടതുണ്ട്. നിർഭാഗ്യവശാൽ വികലവും സ്ത്രീവിരുദ്ധവുമായ ഒരു സംസ്കാരമാണ് ഇപ്പോൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്.

അവനവൻ പ്രകാശനത്തിന്റെ സൈബർ സ്പേസിലൂടെ സജീവവും അർത്ഥവത്തായതുമായ ഇടപെടലിലൂടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരികരംഗത്തെ ഉന്നത വ്യക്തികൾ പുതിയ കാലത്തിന്റെ പാതയിലൂടെ സഞ്ചരിച്ചു തുടങ്ങിയിരിക്കുന്നു ഇത് സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും സമൂലമായ മാറ്റങ്ങൾക്ക് പ്രചോദനമേകുന്നുണ്ട്. ഫെയ്സ്ബുക്ക്, ട്വിറ്റർ ഷെയറുകൾ പിന്നീട് പത്രമാധ്യമങ്ങളിൽ വൻചർച്ചകൾക്കാണ് സാധ്യതയൊരുക്കുന്നത്.

ഗൗരവമുള്ള ഉള്ളടക്കത്തിനും ഭാഷയ്ക്കും പകരം എന്തിനെയും ലളിതമായെടുക്കുന്ന രചനാശൈലിയാണ് ഒട്ടുമിക്ക ബ്ലോഗുകളിലു

മുള്ളത്. ഇതിൽ പെരുമാറിയ യുവത്വത്തിന്റെ ജീവിത സമീപനത്തിൽ തന്നെയുണ്ടായിരുന്നു. വേവലാതികളില്ലാത്ത ആഴം കുറഞ്ഞ കാഴ്ച്ചപ്പാടുകളുടെ ഒരു ലാഘവത്വം. നർമ്മപ്രധാനമായ ഒരു ശൈലിക്ക് ഇത് വഴി വെച്ചു.

ബഹുഭാഷാ സമൂഹങ്ങളിൽ ജീവിക്കുന്ന മലയാളിയുടെ ജീവിതപരിസരങ്ങളെ ചിത്രീകരിക്കാനും സൈബർ സഹായകമാകുന്നുണ്ട്. ബ്ലോഗുകളിലും മറ്റും അപ്പപ്പോൾ തന്നെ വായനക്കാരന്റെ പ്രതികരണ ങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും പലപ്പോഴും അത് ഉപരിപ്ലവമായ അഭിപ്രായ പ്രകടനങ്ങൾ മാത്രമാകുമ്പോൾ എം.കെ.ഹരികുമാറിന്റെ സാഹിത്യ നിരൂപണം പഴയ സാഹിത്യവാരഫലത്തെഓർമ്മിപ്പിക്കുന്നു. "ഇടയ്ക്കിടെ 'ഫൗൾ' വിളിക്കുന്ന അമ്പയറായ നിരൂപകന്റെ സാന്നിദ്ധ്യം ഏറ്റവും അനിവാര്യമാകുന്നത് സൈബർ ഇടത്തിലാണ്.

പബ്ലിക് ടോയ്‌ലറ്റുകളിലും ലിഫ്റ്റ് ക്യാബിനുകളിലും ട്രെയിൻ കമ്പാർട്ടുമെന്റുകളിലും വിട്ട് സൈബറും 'എന്തും തുറന്നെഴുതുന്ന' മലയാളിയുടെ എഴുത്തിടമായി മാറിയിട്ടുണ്ടല്ലൊ. സർഗ്ഗാത്മകബ്ലോഗർമാരെയും ഈ 'പൂരപ്പാട്ടുകാർ' വെറുതെ വിടാറില്ല. സൈബറിൽ ദുർഗന്ധം സൃഷ്ടിക്കുന്ന ഇവർ ജീവിതത്തിലേക്കും ഇതു പകരാൻ ഇടനൽകുന്നു.

ടി.വിയും സിനിമയും മൊബൈൽഫോണും ഇന്റർനെറ്റും കവർന്നെടുക്കുന്നതിനു ശേഷം സാഹിത്യത്തിനു സമയം ബാക്കിയില്ലാതായപ്പോൾ ഗൗരവമായ വായന അടിതെറ്റിപ്പോകാൻ ഇടയായി. സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഇടനാഴികയിൽ പിറന്ന് അതേ സാങ്കേതിവിദ്യയുടെ വികാസപരിണാമത്തിനിടയിൽ കാലിടറിയത് പുസ്തകവായനയാണ്. ബ്ലോഗുപോലുള്ള നവമാധ്യമങ്ങളും ആമുഖ വായനയിലേക്ക് ഒതുങ്ങിത്തുടങ്ങിയിട്ടുണ്ടിപ്പോൾ. വർഷത്തിൽ ഒരു മാസം മുഴുവൻ, ഒരു പുസ്തകത്തിന്റെ (രാമായണം) വായനയ്ക്കായി മാറ്റിവെച്ച നാട് ഒരുപക്ഷേ ലോകത്തിൽ തന്നെ നമ്മുടേത് മാത്രമാകും. അതുകൊണ്ടു തന്നെ എഴുത്തും വായനയും അത് ഉൽപ്പാദിപ്പിക്കുന്ന സംസ്കാരവും വീണ്ടും വരും. വാമൊഴിൽനിന്നും വരമൊഴി യിലേക്കും ഇന്നിപ്പോൾ തിരമൊഴിയിലുമായി തിരയടിച്ചുയരുന്ന മൊഴി മലയാളം അതിന്റെ സാരസ്വതങ്ങൾകൊണ്ട് ഏത് പുതിയ കാലത്തിന്റേയും വെല്ലുവിളികളെ സ്വീകരിക്കാൻ പ്രാപ്തÖുമാകâ¢.

* കേന്ദ്രസാഹിത്യ അക്കാദമിയുടേയും കേരളസാഹിത്യ അക്കാദമിയുടേയും സംയുക്താഭിമുഖ്യത്തിൽ 2003-ൽ നടന്ന സെമിനാർ പ്രഭാഷണത്തിൽ.

** കോഴിക്കോട് നടന്ന സാംസ്കാരിക സമ്മേളനത്തിലെ പ്രസംഗത്തിൽ നിന്ന് - മാധ്യമം, 2015 നവം. 7

**ഗ്രന്ഥസൂചി**


1. ആഗോളവൽക്കരണം അർഥം, വ്യാപ്തി, സിദ്ധാന്തം - എ.ഡി. എം.എ ഉമ്മർ - കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് - 2000.
2. കെ.ശാരദാ മണി - മാറുന്ന ലോകം, മാറ്റുന്നതാര്? പ്രഭാത് ബുക്ക് ഹൗസ്.
3. ഡോ. എം. സിദ്ധിക്ക്: സൈബർ ജനാധിപത്യവും മലയാള സാഹിത്യത്തിന്റെ ഭാവിയും. വിജ്ഞാനകൈരളി ആഗസ്റ്റ് 2016.
4. ഡോ.സന്ധ്യ: കണ്ണേത്ത് സ്ത്രീപക്ഷസാഹിത്യവും ചില സംവരണങ്ങളും - അക്ഷരം ഓൺലൈൻ
5. വി.പി.സുബൈർ: വലമൊഴിയും കുറുമൊഴിയും പുതിയ പത്രഭാഷയും - മീഡിയ മാഗസിൻ ഡോട്ട് ഇൻ.
6. കെ. ശാരദാമണി:മാറുന്ന ലോകം, മാറ്റുന്നതാര്? പ്രഭാത് ബുക്ക് ഹൗസ്.
7. കലേഷ് എം. നവമാധ്യമങ്ങളും സൈബർ ജനാധിപത്യവും മീഡിയ മാഗസിൻ ഡോട്ട് ഇൻ.
8. വി.യു.സുരേന്ദ്രൻ : പുതുലോക കവിതയിലെ ഭാഷ. ഹരിതകം ഡോട്ട് കോം.
9. മുഖ്താർ ഉദരംപൊയിൽ: ഇന്റർനെറ്റിൽ സ്ത്രീകൾ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്? പുടവ മാസിക ഡിസംബർ 2011.
10. സൈബർ ഇടത്തിലെ പുതുകവിത (റിപ്പോർട്ട്)-ചിന്ത ഡോട്ട് കോം.

# സൈബറിടങ്ങളിലെ സാസ്കാരിക വിനിമയങ്ങൾ

ഡോ. എം.എസ്.പോൾ

**വാ**യനയും വിമർശനവും ചർച്ചകളും അഭിപ്രായപ്രകടനങ്ങളുമുൾപ്പെടെയുള്ള സാസ്കാരിക പ്രവർത്തനങ്ങൾ നടന്നിരുന്ന പൊതുമണ്ഡലങ്ങൾ ഇല്ലാതാവുകയും അവയൊക്കെ സൈബർ ഇടങ്ങളിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്യുന്നുണ്ടിന്ന്. സാംസ്കാരിക പരിപാടികളും ചർച്ചകളും നടന്നിരുന്ന വേദികൾ പരിമിതപ്പെടുന്നുണ്ടെങ്കിലും അഭിപ്രായപ്രകടനങ്ങളും വിവാദങ്ങളും മറ്റൊരു തലത്തിൽ സംഭവിക്കുന്നുണ്ട്. നവസാമൂഹികമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ടിറ്റർ, വാട്ട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളുടെ ഇടങ്ങൾ സാസ്കാരിക ചർച്ചാവേദികളായി മാറുമ്പോൾ അത് മറ്റൊരു പൊതുമണ്ഡലത്തെയാണ് സൃഷ്ടിക്കുന്നത്.

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ സാസ്കാരിക പൊതുമണ്ഡലം എക്കാലത്തും സജീവമായിരുന്നെന്ന് കാണാം. നവോത്ഥാനകാലഘട്ടത്തിൽ അത് ഒട്ടേറെ സംവാദങ്ങളുടെ ഭൂമികയായിരുന്നു. സാമുദായിക ആചാര്യന്മാരും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരും കമ്യൂണിസ്റ്റുകളും തീവ്ര ഇടതുപക്ഷ സഹയാത്രികരും പ്രോജ്വലിപ്പിച്ച ഒരു സംവാദാത്മക അന്തരീക്ഷം ഇരുപതാം ശകതത്തെ അർത്ഥപൂർണ്ണമാക്കിയിരുന്നു. തൊഴിലിടങ്ങളിലെയും പൊതുഇടങ്ങളിലെയും അഭിപ്രായ ഭേദങ്ങളും കോലായ ചർച്ചകളും പൊതുവേദികളിലേക്കും ആനുകാലികങ്ങളിലേക്കും കടന്നുവരികയും അത് ഗൗരവമുള്ള ഒരു സാമൂഹിക ഇടപെടലിന് അവസരമൊരുക്കുകയും ചെയ്തു. വർത്തമാനകാല സാംസ്കാരിക വിശകലനങ്ങളിലും ചർച്ചകളിലും ഗൃഹാതുരത്വ

ത്തോടെ പരാമർശിക്കപ്പെടുന്ന ഒരു വിഷയമാണ് ചായക്കടകളും വായനശാലകളും തൊഴിലിടങ്ങളുമടങ്ങുന്ന സാധാരണക്കാരുടെ ചർച്ചാവേദികൾ. ഇത്തരം ചർച്ചകൾ നടക്കുന്ന ഇടങ്ങൾ ഇന്ന് പരിമിതപ്പെടുന്നുണ്ട്. എന്നാൽ സൈബർ സാധ്യതകൾ ഇവയൊക്കെ തിരിച്ചുകൊണ്ടു വരുന്നുണ്ട്. നവസാമൂഹിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതിയ സംവാദപരിസരങ്ങളാണ് ഇന്നത്തെ പൊതുമണ്ഡലങ്ങൾ.

സാങ്കേതികതവിദ്യയുമായി അൽപമെങ്കിലും പരിജ്ഞാനമുള്ളവർക്കാണ് നവസാമൂഹിക മാധ്യമങ്ങളുമായി ബന്ധം സ്ഥാപിക്കാനാകുന്നത്. അതിൽത്തന്നെ കൂടുതൽ നിയന്ത്രണങ്ങളും ഉപാധികളുമില്ലാത്ത ഒരു സൈബർ ഇടത്തോടാണ് മിക്കവക്കും ആഭിമുഖ്യം തോന്നാറുള്ളത്. ഇത്തരം ഒരു മാധ്യമസാധ്യതയാണ് ഫെയ്സ്ബുക്ക് മുന്നോട്ടു വെയ്ക്കുന്നത്. 'ഓർക്കൂട്ട്' എന്ന പേരിൽ മുൻപുണ്ടായിരുന്ന സൗഹൃദകൂട്ടായ്മയുടെ വിപുലീകരിച്ച രൂപമാണിത്. സ്വന്തം പ്രൊഫൈൽ സൃഷ്ടിച്ചുകൊണ്ട് മറ്റു സുഹൃത്തുക്കളെ തേടാനും സവിശേഷ ഗ്രൂപ്പുകളുടെ ഭാഗമാകാനും ആർക്കും സന്ദേശമയക്കാനും സൗകര്യമുള്ള സംവിധാനമാണിത്. പതിമൂന്നു വയസ്സ് പൂർത്തിയായ സമൂഹത്തിന്റെ ഏതുമേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഇവിടെ അംഗമാകാം. മാർക്ക് സുക്കർബർഗ് ഉപജ്ഞാതാവായ ഫെയ്സ്ബുക്കിന്റെ പരിധിയിൽ ആദ്യമെത്തിയിരുന്നത് ഹാർവാർഡ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ മാത്രമായിരുന്നു. പിന്നീട് ബോസ്റ്റൺ സ്റ്റാൻഫോർഡ് തുടങ്ങിയ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികളും ഇതിന്റെഭാഗമായി. ഇന്ന് ലോകമെങ്ങും പ്രചാരമുള്ള ഒരു സാമൂഹികമാധ്യമായി ഫെയ്സ്ബുക്ക് മാറിയിട്ടുണ്ട്. സ്വന്തം പ്രൊഫൈൽ നൽകി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ സുഹൃത്തുക്കളെ തിരയാനും അവർക്ക് സൗഹൃദാപേക്ഷ അയക്കാനും ഇവിടെ സൗകര്യമുണ്ട്. സ്വന്തം ചിത്രങ്ങൾ, ഫോട്ടോ, വീഡിയോ, അഭിപ്രായങ്ങൾ എന്നിവ അപ്ഡേറ്റ് ചെയ്യാനും അത് മറ്റു സുഹൃത്തുക്കളുമായി പങ്കുവെയ്ക്കാനും ഫെയ്സ്ബുക്കിൽ സൗകര്യമുണ്ട്. അടുത്ത സുഹൃത്തുക്കൾ, പ്രത്യേക ഗ്രൂപ്പുകൾ എന്നിവ സൃഷ്ടിച്ചുകൊണ്ട് അവ വിപുലീകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാനും ഇവിടെ സൗകര്യമുണ്ട്. ഇഷ്ടമല്ലാത്ത വ്യക്തികളെയോ ഗ്രൂപ്പുകളെയോ തല്കാലത്തേക്ക് മരവിപ്പിക്കാനും സ്ഥിരമായി ഒഴിവാക്കാനും ഫെയ്സ്ബുക്ക് അതിലെ അംഗങ്ങൾക്ക് സ്വാതന്ത്ര്യം നല്കുന്നുണ്ട്. ഫെയ്സ്ബുക്ക് പേജുകൾ വഴി പണം കൊടുത്ത് തങ്ങളുടെ പ്രസരണവ്യാപ്തി വികസിപ്പിക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്.

വിവിധ മാനങ്ങളുള്ള ഒരു സോഷ്യൽ നെറ്റ്വർക്ക് എന്ന് ഫെയ്സ്ബുക്കിനെ വിശേഷിപ്പിക്കാം. ഇതര സാമൂഹിക മാധ്യമങ്ങളെ അപേക്ഷിച്ച് കുറച്ചൊക്കെ ജനാധിപത്യത്തിനും വിമർശനത്തിനുമുള്ള

സൗകര്യം ഇവിടെയുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ സാമൂഹിക ജീവിതത്തെ സൈബർ ഇടങ്ങളിലേക്ക് മാറ്റി പ്രതിഷ്ഠിക്കുന്ന വിധത്തിൽ ഒരു പ്രതീതിസാംസ്കാരികരംഗം സൃഷ്ടിക്കാൻ ഫെയ്സ്ബുക്കിന് കഴിഞ്ഞിട്ടുണ്ട്.

പൊതുവെ സാമൂഹികജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നവരാണ് മലയാളികൾ. എന്തിനെയും വിമർശിക്കാനും സ്വാഭിപ്രായം മുന്നോട്ടുവെയ്ക്കാനുമുള്ള ആർജവം മലയാളിക്കുണ്ട്. അടിയന്തരാവസ്ഥ മലയാളിയുടെ സർഗാത്മജീവിതത്തെ സ്വാധീനിച്ചതിന്റെയും ആഴത്തിൽ പരിക്കേൽപ്പിച്ചതിന്റെയും കാരണവുമിതാണ്. കല സാഹിത്യം, ചരിത്രം, രാഷ്ട്രീയം, ഭരണകൂടം, ജീവിതശൈലി തുടങ്ങി ദൈനംദിന വ്യവഹാരങ്ങളെ സംബന്ധിച്ച് ഏതുകാര്യങ്ങളിലും മലയാളിക്ക് വ്യക്തമായ നിലപാടുണ്ട്. പത്രവായനവും ചർച്ചയും അഭിപ്രായ പ്രകടനങ്ങളും രാഷ്ട്രീയ പക്ഷപാതവും ചേർന്നുണ്ടാക്കിയെടുക്കുന്ന ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്നാണിതുണ്ടാകുന്നത്. ഇത്തരത്തിൽ ഉയർന്ന ജനാധിപത്യ ബോധവും പൗരാവകാശങ്ങളെക്കുറിച്ചുള്ള അറിവുകളും മലയാളിയെ വ്യത്യസ്തനാക്കിയിട്ടുണ്ട്. രാഷ്ട്രീയം, അധികാരം, നീതിന്യായവ്യവസ്ഥ, സാമ്രാജ്യത്വം, സമുദായ സംഘടനകൾ എന്നിവയോടൊപ്പം സന്ധിചെയ്തു നിൽക്കുമ്പോൾ തന്നെ ചില സന്ദർഭങ്ങളിലെങ്കിലും കർക്കശമായി വിമർശനമുന്നയിക്കാൻ മലയാളിക്ക് കഴിയുന്നുണ്ട്. അധികാരവ്യവസ്ഥയെ നിശിതമായി വിമർശിച്ചിട്ടുള്ള ഒട്ടേറെ പ്രവർത്തകരെ കേരളത്തിന്റെ ആനുകാലിക ചരിത്രം പരിശോധിച്ചാൽ കാണാനാകും. കേരളത്തിലെ ജനാധിപത്യബോധവും പൊതുബോധവും രൂപപ്പെടുന്നതിൽ ഇവിടുത്തെ സാംസ്കാരിക ജീവിതം ഏറെ സഹായകരമായിട്ടുണ്ട്. പൊതുവിഷയങ്ങളെ പഠിക്കാനും വിശകലനം ചെയ്യാനും അവയെ ഇടതുപക്ഷ വീക്ഷണത്തിലോ യാഥാസ്ഥിതിക നിലപാടുകളിലോ നിന്ന് ചർച്ച ചെയ്യാനും മലയാളിക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഉയർന്നുവന്ന ദലിത് സ്ത്രീപക്ഷ നിലപാടുകളുടെയും ഇതര സ്വത്വപരികൽപനകളുടെയും വെളിച്ചത്തിൽ ഏതു സാമൂഹിക വിഷയങ്ങളെയും വ്യത്യസ്തമാനങ്ങളിൽ വിശകലനം ചെയ്യാൻ മലയാളികൾ ശ്രദ്ധിക്കുന്നുണ്ട്. പത്രങ്ങൾ, ആനുകാലികങ്ങൾ, ചാനൽ ചർച്ചകൾ  എന്നിവപോലെ തന്നെ ഒരുസൗകര്യപ്രദമായ മാധ്യമമായി ഫെയ്സ്ബുക്ക് മാറിയിട്ടുണ്ട്. വായനശാലയുടെയോ ചായക്കടയുടെയോ അക്കാദമിക് അവകാശങ്ങളുടെയോ സ്ഥലപരിമിതിയെ അതിലംഘിച്ച് കൊണ്ട് എല്ലാവർക്കും അവസരമുറപ്പിച്ചുള്ള ഒരു മാധ്യമ സൗകര്യമാണ് ഫെയ്സ്ബുക്ക് മുന്നോട്ടുവെയ്ക്കുന്നത്.

ഒരു വ്യക്തിയുടെയോ ഒരു സംഘമാളുകളുടെയോ പ്രൊഫൈൽ ലോകം മുഴുവൻ കാണുന്നുവെന്നും പറയാൻ കഴിയില്ലെങ്കിലും ഏതെ

ങ്കിലുമൊരു വിഷയത്തിൽ താല്പര്യം ജനിക്കുന്നവർക്ക് പരസ്പരം സംവദിക്കാനും അവയുടെ ആശയലോകത്തെ വിപുലപ്പെടുത്താനും ഇവിടെ അവസരമുണ്ട്. കേവല വിനോദം, സ്വന്തം പ്രവൃത്തികൾ മറ്റുള്ളവരെ അറിയിക്കൽ, തങ്ങളുടെ നേട്ടങ്ങൾക്ക് പ്രചാരം നൽകൽ എന്നീ പരിമിതലക്ഷ്യങ്ങളാണ് സാമൂഹികമാധ്യമങ്ങളിലെത്തുന്ന ബഹുഭൂരിപക്ഷത്തിനുള്ളത്. എന്നാൽ സംവാദത്തിനുള്ള ഒരിടമായി ഇതിനെ സമീപിക്കുന്ന മറ്റൊരു വിഭാഗമുണ്ട്. ഈ കൂട്ടർ മുൻപ് പ്രാദേശിക ചർച്ചാവേദികളിലും ക്യാംപസ് ചർച്ചകളിലുമൊക്കെ ഇടപെട്ടിരുന്നവരാണ്. ഇവരാണിന്ന് ഫെയ്സ്ബുക്കിലെ സാംസ്കാരിക പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്.

എഴുത്ത്, രാഷ്ട്രീയം, അധികാരം, മതം, സാഹിത്യം, വിദ്യാഭ്യാസം, സിനിമ, ഇതരകലകൾ ജീവിതശൈലി എന്നിങ്ങനെ സമൂഹത്തിന്റെ നാനാമേഖലയേയും സംബന്ധിച്ച് നിരവധി വിഷയങ്ങൾ ഫെയ്സ്ബുക്ക് എന്ന സൈബർ മാധ്യമത്തിൽ ചർച്ചചെയ്യപ്പെടുന്നുണ്ടിന്ന്. അടുത്ത കാലത്തായി കേരളത്തിൽ നിന്ന് അപ്രത്യക്ഷമായ ഒരു വിഭാഗമാണ് സാംസ്കാരിക നായകന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ആധികാരിക ശബ്ദങ്ങൾ. അവരുടേതായി പത്രങ്ങളിൽ ശനിയാഴ്ചകളിൽ മാത്രം പ്രസിദ്ധപ്പെടുത്തിയിരുന്ന വാചകങ്ങൾ പ്രസ്തുത ആഴ്ചകളിലെ പ്രധാനപ്പെട്ട നിരീക്ഷണങ്ങളുമായി കരുതിപോന്നിരുന്നു. പ്രധാന അഭിമുഖങ്ങളിലും നിന്ന് തിരഞ്ഞടുക്കപ്പെടുന്ന ചില വാചകങ്ങൾ മാത്രമാണ് ഇവിടെ ഉൾപ്പെടുത്താറുള്ളത്. അറിയപ്പെടുന്ന എഴുത്തുകാർ, അതാത് കാലത്ത് വിവാദങ്ങളിലൂടെ ശ്രദ്ധേയരായവർ, രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവർ തുടങ്ങിയവരുടെ വാചകങ്ങൾ മാത്രമാണിവിടെ ഇടം നേടുന്നത്. എന്നാൽ വളരെ ആധികാരികമായി ഓരോ വിഷയങ്ങളെയും വിലയിരുത്തിക്കൊണ്ടുള്ള നിരവധി അഭിപ്രായങ്ങൾ ഫെയ്സ്ബുക്കിലൂടെ ഓരോ ദിവസവും പുറത്തുവരുന്നുണ്ട്. സ്വന്തം എഴുത്തുകളും നിലപാടുകളും നാലാൾക്ക് മുന്നിലെത്തിക്കുവാൻ മറ്റുമാധ്യമങ്ങളുടെ പിന്തുണയില്ലാത്ത നിരവധിയാളുകൾക്ക് ഒരു പൊതുവേദിയായി ഫെയ്സ്ബുക്ക് മാറിയിട്ടുണ്ട്. ഇന്ന് കേരളത്തിൽ നടക്കുന്ന സാംസ്കാരികസംവാദങ്ങൾ പ്രധാനമായും ഈ സൈബർ ഇടം വഴിയാണ് പ്രചരിക്കുന്നത്. ഗസറ്റ് വിജ്ഞാപനങ്ങളെക്കാൾ പ്രാധാന്യത്തോടെ ഭരണാധികാരികൾ പൊതുജനങ്ങൾക്കുവേണ്ടി ഫെയ്സ്ബുക്ക് പേജുകളും പ്രൊഫൈലുകളും ആരംഭിക്കുകയാണിന്ന്.

വായന, സാഹിത്യനിർമ്മിതി എന്നിവയെ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുമ്പോഴും പുസ്തകപ്രസാധന രംഗത്തുണ്ടായ വലിയമാറ്റത്തെ കണ്ടില്ലെന്ന് നടിക്കാനാവില്ല. നിരവധി ചെറുകിട പ്രസാധകർ ഇന്ന് കേരളത്തിലുണ്ട്. ദിവസം തോറും വിവിധ വിഷയങ്ങ

ളിൽ സംബന്ധിച്ച് ഒട്ടേറെ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. എഴുത്തുകാരെ സംബന്ധിച്ചിടത്തോളം സ്വന്തം കൃതിയുടെ പ്രസാദനം ആഘോഷിക്കപ്പെടുന്ന, പെടേണ്ടുന്ന ചടങ്ങാണ്. എന്നാൽ പല കഥാ പാത്രങ്ങളും പുസ്തകപ്രകാശന വാർത്ത യ്ക്ക് പ്രാധാന്യം നൽകി കാണുന്നില്ല. വാർത്തയ്ക്കുവേണ്ടി പ്രമുഖരെ പ്രകാശന ചടങ്ങിലേക്ക് വിളിക്കേണ്ട സ്ഥിതിവിശേഷമുണ്ട്. പുസ്തക പ്രകാശനം, പുസ്തക ചർച്ച, പുസ്തങ്ങളെക്കുറിച്ചുള്ള എഴുത്തുകൾ എന്നിവയ്ക്കെല്ലാം ഇന്ന് സാമൂഹിക മാധ്യമങ്ങളിലിടം ലഭിക്കുന്നു. പുസ്തകവായന, സ്വാഭി പ്രായങ്ങൾ, സാമൂഹിക വിമർശനം, ജനകീയ സമരങ്ങൾ, മതസാമു ദായിക വിമർശനങ്ങൾ എന്നിങ്ങനെ മുഖ്യധാരാമാധ്യമങ്ങൾ ചർച്ച ചെയ്യാത്ത ഒട്ടുമിക്ക വിഷയങ്ങളും ഇന്ന് ഫെയ്സ്ബുക്കിൽ കടന്നുവ രുന്നുണ്ട്. ട്രോളുകൾ, കാർട്ടൂണുകൾ, ചലച്ചിത്രസന്ദർഭങ്ങൾ എന്നിവ വഴി എല്ലാ വിഷയങ്ങളെയും വിമർശനാത്മകമായി സമീപിക്കുന്നതിനി വിടെ സൗകര്യമുണ്ട്. സോളാർ വിഷയം, അതുമായി ബന്ധപ്പെട്ട സമരങ്ങൾ, നിയമസഭയിലെ ബഡ്ജറ്റ് അവതരണം, 2016 നിയമസഭാ പൊതുതിര ഞ്ഞെടുപ്പ് കാലത്തെ പ്രധാനമന്ത്രിയുടെ സോമാലിയ പരാമർശം, വിവ രാവകാശവിഷയം സംബന്ധിച്ച് ഇടതുപക്ഷ സർക്കാരിന്റെ നിലപാ ടുകൾ, മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുള്ള തർക്കങ്ങൾ തുടങ്ങി നിരവധി വിഷയങ്ങൾ അടുത്തകാലത്ത് ഫെയ്സ്ബുക്കിൽ ചർച്ചയായിട്ടുണ്ട്. അച്ചടിമാധ്യമങ്ങളിൽ വിവാദമാകുമ്പോൾ ഇവിടെ വൈറലാകുന്നു അത്രമാത്രം.

ചിലർക്കുമാത്രം ഇടം ലഭിച്ചിരുന്ന പൊതുമണ്ഡലങ്ങളിൽ നിന്ന് വ്യത്യസ്തമായി ആർക്കും കടന്നുവരാം എന്നതാണ് സൈബർ ഇട ങ്ങളുടെ സവിശേഷത. അധികാര, ഭരണകൂട നിയമവ്യവസ്ഥയെ നിശി തമായി വിമർശിച്ചുപോന്ന ഫോർത്ത് എസ്റ്റേറ്റും ഇവിടെ വിമർശിക്ക പ്പെടുന്നു. സ്വന്തം വിലാസത്തിലും മറഞ്ഞു നിന്നും അഭിപ്രായപ്രകടനം നടത്താനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ട്. ഇതാണ് പുതിയ സാംസ്കാ രികപ്രവർത്തനങ്ങൾ നടക്കുന്ന പൊതുമണ്ഡലം. നോട്ടീസും പ്രചാരണ വേലയുമില്ലാതെ പത്രവാർത്തകൾക്കുവേണ്ടി കാത്തിരിക്കാതെ പൊതു സമ്മേളനങ്ങളും സെമിനാറുകളും നടക്കുകയാണിവിടെ.

യാഥാർത്ഥ്യലോകത്തിന് സമാന്തരമായ പ്രതീതിയാഥാർത്ഥ്യ ലോകം മറഞ്ഞുപോയ പൊതുഇടങ്ങളെ വീണ്ടെടുക്കുകയാണിന്ന്. 'വിട' എന്ന കവിതയിൽ പി.പി.രാമചന്ദ്രൻ ഗൃഹാതുരത്വത്തോടെ സൂചി പ്പിക്കുന്ന പൊതുഇടങ്ങൾ പുതിയരൂപത്തിൽ തിരിച്ചുവരികയാണിന്ന്.

# സൈബർ സംസ്കാരത്തിന്റെ രണ്ടാം പരിച്ഛേദം

ശ്രീനാഥ് സദാനന്ദൻ

സംസ്കാരം എന്ന പദത്തിന് ഒരു വാക്കിൽ നിർവചനം നൽകാൻ ആവില്ല. ഒരു വ്യക്തി ജീവിക്കുന്ന പ്രദേശത്തെ ആശ്രയിച്ചാണ് സംസ്കാരം രൂപപ്പെടുന്നത്. സംസ്കാരം ആർജിച്ചെടുക്കുന്നതാണ്. ഒരു പ്രദേശത്ത് നിലവിലുള്ള സംസ്കാരത്തെ ആ പ്രദേശത്ത് പുതുതായി എത്തുന്ന വ്യക്തി പുതുതായി സാംശീകരിച്ച് രൂപപ്പെടുത്തേണ്ടതുണ്ട്. മതം, ഭാഷ, വസ്ത്രം, സാമൂഹിക ഇടപെടലുകൾ എന്നിവയെല്ലാം സംസ്കാരരൂപീകരണത്തിന് കാരണമാകുന്നു. വ്യക്തിക്ക് ജീവിക്കാൻ അനുകൂല സാഹചര്യമൊരുക്കുകയാണ് സംസ്കാരത്തിന്റെ ലക്ഷ്യം. അതുകൊണ്ട് തന്നെ സാംസ്കാരിക നിർമ്മിതിയിലൂടെ പുലരുന്ന ആശയങ്ങൾ എല്ലാം തന്നെ നല്ലതാവും എന്ന് പൊതുവേ ഒരു ധാരണയുണ്ട്. റെയ്മണ്ട് മില്യംസ് സംസ്കാരത്തെ 'A Whole way of life' എന്നു വിശേഷിപ്പിക്കുന്നു. ജീവിതത്തെ മുഴുവൻ ബാധിക്കുന്നതാണ് സംസ്കാരം, എന്ന ആശയം കടന്നു വരുമ്പോൾ സമൂഹവും സംസ്കാരവും (Culture and Society) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. നല്ല സംസ്കാരം ഒരു സമൂഹത്തിന്റെ സുഗമമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എങ്കിലും ഓരോ സമൂഹത്തിലും സാംസ്കാരിക വെല്ലുവിളി ഉയർത്തുന്ന പല ഘടകങ്ങളുമുണ്ട്. പലപ്പോഴും കുറ്റകൃത്യങ്ങൾ സമൂഹത്തിന്റെ നിലവിലുള്ള അവസ്ഥയുടെ ഭാഗമാകുകയും സംസ്കാരത്തെ മലീമസമാക്കുകയും ചെയ്യുന്നു.

സംസ്കാരം പരിഷ്കരിക്കപ്പെടുന്നതാണ്. മൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കും ജീവിതരീതികൾക്കും ഓരോ കാലഘട്ടത്തിലും

മാറ്റങ്ങൾ ഉണ്ടാകുന്നു. അതനുസരിച്ചുണ്ടാകുന്ന നിയമങ്ങൾ സംസ്കാരത്തിന്റെ മാറ്റു കൂട്ടുന്നു.

മനുഷ്യരാശിയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഓരോ സന്ദർഭത്തിലും ഉചിതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടാണ് നിലവിലുള്ള ബാഹ്യഘടന നേടിയെടുത്തത്. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കാലഹരണപ്പെട്ട ചിന്താഗതികൾ പരിഷ്കരിക്കാൻ തയ്യാറായാൽ മാത്രമേ ഒരോ സമൂഹത്തിനും മുന്നേറാൻ കഴിയൂ.

മനുഷ്യ ജീവിതത്തെ സുഗമമാക്കുന്ന പല കണ്ടെത്തലുകളും ക്രമേണ സംസ്കാരത്തിന്റെ ഭാഗമാകാറുണ്ട്. പുതിയ കണ്ടെത്തലുകൾ ജീവിതം ആയാസരഹിതമാക്കുക മാത്രമല്ല ചെയ്തത്. ചരിത്രത്തിൽ പുതിയ നാഴികക്കല്ലുകൾ കൂടിയായി. കാളവണ്ടിയിൽ നിന്നും മോട്ടോർ വാഹനത്തിലേക്കുള്ള മാറ്റം സംഭവിച്ചതുപോലെ അനുദിനം സംസ്കാര ചിഹ്നങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. പുതിയ നൂറ്റാണ്ടിനെ സൂചിപ്പിക്കുന്ന പദമാണ് സൈബർ യുഗം എന്നത്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി ത്തീർന്നിട്ടുണ്ട്. ഇന്നത്തെ സമൂഹത്തെ അടയാളപ്പെടുത്തേണ്ടിവന്നാൽ അതിൽ നിന്നും കമ്പ്യൂട്ടർ ഒഴിച്ചു നിർത്താനാവില്ല.

കമ്പ്യൂട്ടറിന്റെ വരവ് സമൂഹത്തിൽ വളരയേറെ മാറ്റങ്ങൾക്ക് വഴി തെളിച്ചു. കൃത്യതയും, വ്യക്തതയും, സൂക്ഷ്മതയും ഉൾക്കൊള്ളുന്ന മാധ്യമമായി കമ്പ്യൂട്ടർ കടന്നു വന്നപ്പോൾ ചെയ്യുന്ന പ്രവൃത്തിയിൽ പൂർണ്ണതയ്ക്കു പ്രാധാന്യമേറി. എഴുത്തിലും, വായനയിലും തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലയിലും സ്വാധീനിക്കുന്ന ഘടകമായി കമ്പ്യൂട്ടർ. ടൈപ്പ് റൈറ്റിംഗ് യന്ത്രത്തേക്കാൾ കൃത്യതയും വ്യക്തതയും ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ടൈപ്പിംഗ് എഴുത്തിന്റെ പുതിയ രീതിയാണ് അവതരിപ്പിച്ചു തന്നത്. വായനയും ക്രമേണ കംമ്പ്യൂട്ടർ മുഖേനയായി. ഇന്റർനെറ്റിലൂടെ എത്തുന്ന വാർത്തകളും വിശേഷങ്ങളും അറിയാൻ ആവശ്യക്കാർ ഏറെയായി. ദിനപ്പത്രത്തെക്കാളും ടെലിവിഷനെക്കാളും വേഗതയേറിയ മാധ്യമമായി ഇന്റർനെറ്റ് മാറി. ക്രമേണ പണത്തിന്റെ വിനിമയം, ഷോപ്പിംഗ്, ബിസ്സിനസ്സ്, ആശയവിനിമയം എന്നിങ്ങനെ എല്ലാം ഇന്റർനെറ്റിന്റെ സഹായത്തോടു കൂടിയായി.

മൊബൈൽ ഫോണുകളുടെ ഉപയോഗം വർദ്ധിച്ചത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. സംസാരിക്കാൻ മാത്രമുപയോഗിക്കുന്ന മൊബൈൽ ഫോണിൽ നിന്ന് അത്യാധുനിക സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്ന സ്മാർട്ട്ഫോണുകളുടെ കാലം എത്തിയപ്പോൾ അവ ഉപയോഗിക്കുന്നവരുടെ സൗകര്യങ്ങൾ മെച്ചപ്പെട്ടു. മൊബൈൽ ഫോണിൽ ഇന്റർനെറ്റ് കണക്ഷൻ കൂടിയായപ്പോൾ കമ്പ്യൂട്ടർ മുഖേന

ചെയ്തിരുന്ന പലതും മൊബൈൽ ഫോണിലൂടെ ചെയ്യാമെന്നായി. ഒരു ഘട്ടത്തിൽ അന്തസ്സിന്റെ അടയാളമായി (Status Symbol)കൊണ്ടു നടന്നിരുന്ന ഈ ഉപകരണം ഇന്ന് നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും ബന്ധിപ്പിക്കുന്ന ഉപകരണമാണ്.

സാമൂഹ്യമാറ്റം സൈബർ സംസ്കാരത്തിലേക്ക് വഴി തെളിച്ചപ്പോൾ ഗുണങ്ങളോടൊപ്പം ദോഷങ്ങളും ഏറെ സംഭവിച്ചു. ഇന്റർനെറ്റിന്റെ മായാലോകവും, 3ജിയിൽ നിന്നും 4ജിയിൽ എത്തിനിൽക്കുന്ന മൊബൈൽഫോണും ഇന്ന് സാങ്കേതികത്തികവിന്റെ കാഴ്ചകളാകുന്നു. ഇന്റർനെറ്റും മൊബൈൽ ഫോണും കാട്ടിത്തന്ന വഴിയിലൂടെ സമൂഹം സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ സമൂഹത്തിൽ തെറ്റു ചെയ്തിരുന്നവരും ആ വഴി സ്വീകരിച്ചു. എല്ലാ സാമൂഹിക വ്യവഹാരങ്ങൾക്കും ഇന്റർനെറ്റും, മൊബൈൽഫോണും കേന്ദ്രമായി മാറിയപ്പോൾ കുറ്റ കൃത്യങ്ങൾക്കും സാധ്യതയേറി. അതുവരെ നിലനിന്നിരുന്ന കുറ്റകൃത്യങ്ങളുടെ സൈബർ രൂപമാണ് ഇന്നു കാണാൻ കഴിയുന്നത്. സൈബർ മേഖലയുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങളുടെ വ്യാപ്തി അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയുമാണ്.

**സൈബർ സംസ്കാരം**

സൈബർ സംസ്കാരം എന്ന പദത്തിന് പ്രസക്തിയേറുന്നത് തൊണ്ണൂറുകളിലാണ്. ഇന്റർനെറ്റിന്റെ ഉപയോഗം വർദ്ധിക്കുന്നത് ആ കാലഘട്ടത്തിലാണ്. വരാനിരിക്കുന്ന സൈബർ യുഗം മുന്നിൽ കണ്ട് ഇന്റർനെറ്റിന്റെ ഉപയോഗം ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ സമൂഹം തയ്യാറായി. ഇന്റർനെറ്റ് കഫേകളും, ഗെയിം സ്റ്റേഷനുകളും വൻ തോതിൽ ഉയർന്നു വന്നത് സൈബർ സംസ്കാരത്തിന്റെ ഭാഗമായാണ്. കത്തുകളെ ഇലക്ട്രോണിക് മെയിലുകളാക്കി പുതിയ മാറ്റത്തിനൊപ്പം സഞ്ചരിക്കാൻ ഏവരും ശ്രമിച്ചു.

വേൾഡ് വൈഡ് വെബ് (www) എന്ന ഇന്റർഫേസാണ് ലോകം മുഴുവനുമായി ബന്ധപ്പെടാനുള്ള അവസരം നമുക്ക് നൽകിയത്. കോടിക്കണക്കിനുള്ള വെബ് കേന്ദ്രങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് കൺമുന്നിലുള്ള കംപ്യൂട്ടർ സ്ക്രീനിലേക്ക് എത്തിച്ചു തരുന്ന രീതി ആദ്യം കൗതുകവും പിന്നീട് ആവശ്യവുമായി. ക്രമേണ ഇന്റർനെറ്റിന്റെ ദുരുപയോഗ സാധ്യതകളിലേക്കും ഒരു വിഭാഗം ചിന്തിച്ചു തുടങ്ങി. പുതിയ നൂറ്റാണ്ടിലേക്ക് കടന്നപ്പോൾ സൈബർ സംസ്കാരം നമ്മുടെ ചിന്തകളേയും പ്രവൃത്തിയേയും എല്ലാം മാറ്റത്തിന് വിധേയമാക്കി. സ്വത്വത്തെയും സാമൂഹിക ബന്ധങ്ങളെയും നന്നായി സ്വാധീനിക്കുവാൻ സൈബർ സംസ്കാരത്തിന് കഴിഞ്ഞു.

സൈബർ സംസ്കാരത്തെക്കുറിച്ചുള്ള കണ്ടെത്തലുകൾ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായ ഡേവിഡ് പോർട്ടർ തന്റെ ഇന്റർനെറ്റ് സംസ്കാരം (Internet Culture) എന്ന ഗ്രന്ഥത്തിൽ കുറിക്കുന്നു. പരസ്പരം കൈമാറിവരുന്ന ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും സഞ്ചയമാണ് ഇന്റർനെറ്റ് മുഖാന്തിരമുള്ള ആശയ വിനിമത്തിന്റെ അടിസ്ഥാനം. ചില ചിഹ്നങ്ങൾക്കും അടയാളങ്ങൾക്കും പൊതുവായ ആശയം കൽപ്പിച്ച് അവയെ ഒരേപോലെ ഉൾക്കൊള്ളാൻ കഴിയുന്നവരാണ് ഇന്റർനെറ്റ് സംസ്കാരത്തിന്റെ ഭാഗമാകാൻ കഴിയുന്നവർ. ഇങ്ങനെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു കൂട്ടം ആളുകൾ തന്നെയാണ് ഒരു പുതിയ സമൂഹത്തിന്റെ നിർമ്മിതിയ്ക്ക് കാരണമാകുന്നത്. ഈ സമൂഹം നിലനിൽക്കുന്നത് കംപ്യൂട്ടർ സ്ക്രീനിൽ അല്ലെങ്കിൽ ഫോണിന്റെ സ്ക്രീനിലാണ്. ഈ സമൂഹത്തിൽ ഉൾപ്പെടുന്ന ഓരോ വ്യക്തിക്കും തന്റേതായ ഒരു സ്വകാര്യ ഇടമുണ്ട്. സമൂഹത്തിൽ വ്യക്തി പുലർത്തേണ്ട മാന്യത തന്നെ ഇവിടെയും ഓരോ അംഗവും പുലർത്തേണ്ടതാണ്. മറഞ്ഞിരിക്കുന്ന വ്യക്തിത്വം അപഥസഞ്ചാരം നടത്തുമ്പോൾ ഒരു കുറ്റകൃത്യം ജനിക്കുന്നു.

കുറ്റകൃത്യങ്ങൾ സൈബർ സംസ്കാരത്തിന്റെ മറ്റൊരു തലം തന്നെയാണ്. ഒരു സംസ്കാരത്തിൽ ശരിയും തെറ്റും കാണപ്പെടുന്നതിന് തുല്യമായി ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്. ഇന്റർനെറ്റും കമ്പ്യൂട്ടറും സ്മാർട്ട്ഫോണും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളെ ലഘൂകരിക്കുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നേർവഴിയിലൂടെയുള്ള ഇത്തരം ഉപയോഗങ്ങളാണ് സൈബർ സംസ്കാരത്തിന്റെ ഒന്നാം പാതിയായി കാണാൻ കഴിയുന്നത്. തെറ്റുചെയ്യാനും അതുപ്രചരിപ്പിക്കാനും നവമാധ്യമങ്ങൾ ഉപയോഗിക്കുന്ന മറ്റൊരു വിഭാഗവും സൈബർ സംസ്കാരത്തിന്റെ ഭാഗമാണ്. ഇങ്ങനെ സാങ്കേതികവിദ്യയെ തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതിനെ സൈബർ സംസ്കാരത്തിന്റെ രണ്ടാം പരിച്ഛേദം എന്നും പറയാം.

**കുറ്റകൃത്യങ്ങളുടെ വിഭജനം**

സൈബർ കുറ്റകൃത്യങ്ങളെ പ്രധാനമായും നാലു വിഭാഗമായി വിഭജിക്കാം. ( Cyber crime -A Threat to person, property, government and socities, Ev. Havprect Singh Dalla, M S Geetha) ഒന്നാമത്തേത് ഒരു വ്യക്തിക്ക് എതിരേയുള്ള കുറ്റകൃത്യങ്ങളാണ്. ഇരകൾക്ക് സ്ഥിരമായി മാനസികപീഢ ഉളവാക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളുടെ പ്രധാന കാരണം വ്യക്തിവിരോധം തന്നെയാണ്. ഇ-മെയിൽ വഴിയോ സമൂഹ്യ മാധ്യമങ്ങളിലൂടെയോ നടത്തുന്ന വ്യക്തിഹത്യ, ഫോൺ സന്ദേശങ്ങളിലൂടെയോ, ദൃശ്യങ്ങളിലൂടെയോ നടത്തപ്പെടുന്ന ചൂഷണം, ഹാക്കിംഗ്,

ക്രാക്കിംഗ് മുതലായ കമ്പ്യൂട്ടറിനെ തകരാറിലാക്കുന്ന പ്രവർത്തനങ്ങൾ എന്നിവയെല്ലാം വ്യക്തിക്ക് എതിരേയുള്ള കുറ്റകൃത്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.

പണം ലക്ഷ്യമാക്കിയുള്ള കുറ്റകൃത്യങ്ങളാണ് രണ്ടാമത്തെ ഇനത്തിലുള്ളത്. വൈറസ് കടത്തി വിട്ട് കംമ്പ്യൂട്ടറിലെ രേഖകൾ തകരാറിലാക്കുക, ഓൺലൈൻ തട്ടിപ്പ്, എ.ടി.എം കവർച്ച എന്നിവയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടും.

ഗവൺമെന്റിനെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളാണ് മൂന്നാമത്തെ വിഭാഗത്തിലുള്ളത്. വളർന്നു കൊണ്ടിരിക്കുന്ന ഇന്റർനെറ്റ് ഉപയോഗം കുറ്റകൃത്യങ്ങൾക്ക് ജനങ്ങളെ പ്രേരിപ്പിക്കുന്നു. തെറ്റിനേക്കുറിച്ചുള്ള അജ്ഞതയും ജനങ്ങളെ രാജ്യത്തിന് എതിരെയുള്ള കുറ്റകൃത്യങ്ങളിൽ പങ്കാളികളാക്കുന്നു. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള വെബ്സൈറ്റുകളുടെ ഹാക്കിംഗ്, ഭീഷണികളാകുന്ന ഇ-മെയിൽ സന്ദേശങ്ങൾ, അജ്ഞാതഫോൺ കോളുകൾ എന്നിവയെല്ലാം ഇത്തരത്തിലുള്ള തീവ്രവാദപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. സൈബർ തീവ്രവാദം ഈ വിഭാഗത്തിൽപെടുന്ന ഒരു കുറ്റകൃത്യമാണ്. ഡൽഹിയിലെ പാർലമെന്റ് ആക്രമണവും മുംബൈ ആക്രമണവും സൈബർ തീവ്രവാദത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്നു.


സമൂഹത്തിനെതിരേയുള്ള സൈബർ കുറ്റകൃത്യങ്ങളാണ് നാലാമത്തെ വിഭാഗത്തിലുള്ളത്. ഇന്റർനെറ്റ് മറ്റുള്ളവർക്ക് ഉപദ്രവമാകുന്ന തരത്തിൽ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഈ വിഭാഗത്തിൽപ്പെടുത്താം. ഓൺലൈൻ ചൂതാട്ടം, മൊബൈൽ ക്യാമറയുടെ ദുരുപയോഗം, എസ്.എം.എസ് ദുരുപയോഗം എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടുത്താം.

**കുറ്റകൃത്യങ്ങളുടെ ലോകം**

ഒരു കുറ്റകൃത്യം ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി ചെയ്യുന്നതാണ് സൈബർ ക്രൈം എന്ന് പറയുന്നത്. കമ്പ്യൂട്ടറോ, കമ്പ്യൂട്ടർ ശൃംഖലയോ ഈ കുറ്റകൃത്യത്തിൽ പങ്കാളികളാകുന്നു. അപരവ്യക്തിത്വങ്ങളിൽ മറഞ്ഞിരുന്ന് പരിചിതരെ കബളിപ്പിക്കുന്നതിൽ തുടങ്ങി രാജ്യത്തിന്റെ ആഭ്യന്തര രഹസ്യങ്ങൾ അയൽ രാജ്യങ്ങളിലേക്ക് ചോർത്തിക്കൊടുക്കുന്ന തരത്തിൽ വരെ ഈ കുറ്റകൃത്യങ്ങളുടെ വ്യാപ്തി വർദ്ധിച്ചിരിക്കുന്നു. ഇന്റർനെറ്റ് സാക്ഷരത നവമാധ്യമങ്ങളിലേക്ക് വഴി തെളിക്കുമ്പോൾ തന്നെ അതിന് പിന്നിലെ അപകട സാധ്യതയും ഏറെയാണ്.

ലോകജനസംഖ്യയുടെ 40 ശതമാനത്തോളം ഇന്ന് ഇന്റർനെറ്റ് കണക്ഷനുള്ളവരാണ്. 1993 ൽ അത് വെറും 14,121, 924 മാത്രമായിരു

ന്നു. ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം 1993–ൽ നിന്നു 2016 ൽ എത്തുമ്പോൾ 3,424,971,237 ആയി വർദ്ധിച്ചു കഴിഞ്ഞു (International Telecommunication Union). അതുപോലെ തന്നെ മൊബൈൽ ഫോണുകളുടെ ഉപയോഗവും വ്യാപകമായി വർദ്ധിച്ചു. സംസാരത്തിന് മാത്രം ഉപയോഗിക്കുന്ന ഉപകരണം എന്നതിൽ കഴിഞ്ഞ് മൊബൈൽ ഫോൺ എന്ന ഉപകരണത്തിന് പ്രയോഗ സാധ്യത വർദ്ധിച്ചപ്പോൾ സമൂഹം അതിന്റെ ദുരുപയോഗത്തിന്റെ സാധ്യതകളും തിരഞ്ഞു.




ഇന്റർനെറ്റ് ഉപഭോക്താക്കളുടെ വർദ്ധനവിനെ കുറിക്കുന്ന ഗ്രാഫ് (International Telecommunication Union)

കൊണ്ടു നടക്കാവുന്ന ഒരു ഫോൺ ലഭിച്ചു തുടങ്ങിയപ്പോൾ നാം അതിനെ തെറ്റായ ദിശയിലേക്ക് കൊണ്ടുപോകാനാണ് ശ്രമിച്ചത്. മൊബൈൽ ഫോണിന്റെ പ്രാരംഭദശയിൽ തന്നെ കള്ളം പറയാനുള്ള ഉപകരണമാക്കി അതിനെ മാറ്റാനാണ് നാം ശ്രമിച്ചത്. ഒരു സ്ഥലത്തു നിന്നുകൊണ്ട് മറ്റൊരു സ്ഥലത്താണ് നിൽക്കുന്നത് എന്ന് സ്ഥാപിക്കാൻ മൊബൈൽഫോൺ കൊണ്ട് കഴിഞ്ഞു. വ്യക്തിയിൽ ഉള്ള വിശ്വാസത്തെയും ദുരുപയോഗം ചെയ്യാൻ മൊബൈൽ ഫോണുകൾ കൊണ്ട് കഴിഞ്ഞു. ക്രമേണ ക്യാമറ ഉൾപ്പെടെയുള്ള ഫോണുകൾ വന്നതോടു കൂടി നമ്മുടെ ഫോൺ ദുരുപയോഗങ്ങൾ വർദ്ധിച്ചു വന്നു. സ്വകാര്യത

യിൽ കടന്നു കയറി അപകടം വിതയ്ക്കുന്ന വസ്തുവായി മൊബൈൽ ഫോണുകൾ മാറി.

ഇന്റർനെറ്റ് സർവ്വസാധാരണമാകുന്നതിന് മുൻപ് തന്നെ ഇന്റർനെറ്റിന്റെ സാധ്യതകൾ ദുരുപയോഗം ചെയ്യപ്പെട്ടു തുടങ്ങിയിരുന്നു. ഫോട്ടോഷോപ്പ് പോലെയുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ച് ചിത്രങ്ങൾ മാറ്റം വരുത്തി ചിലർ സ്വകാര്യ സംതൃപ്തി നേടിയിരുന്നു. ക്രമേണ സമൂഹമാധ്യമങ്ങളുടെ വരവോട് കൂടി ഇത്തരം കുറ്റകൃത്യങ്ങളുടെ തീവ്രത കൂടി. സമൂഹമാധ്യമങ്ങളിലെ അവഹേളനത്തിൽ മനം നൊന്ത് ആത്മഹത്യയ്ക്കു ശ്രമിയ്ക്കുന്ന പെൺകുട്ടികളുടെ എണ്ണം അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

സാമ്പത്തിക വിനിമയങ്ങൾ എല്ലാം തന്നെ കടലാസിൽ നിന്ന് പ്ലാസ്റ്റിക് മണിയിലേയ്ക്ക് കടക്കുമ്പോൾ വിനിമയത്തിലുള്ള സുരക്ഷയാണ് ഏവരും ശ്രദ്ധിച്ചത്. എന്നാൽ അതി വിദഗ്ദ്ധമായിട്ടുള്ള എ.ടി.എം. കവർച്ചകൾ പണത്തിന്റെ സുരക്ഷയെ കുറിക്കുന്ന അനേകം ചോദ്യങ്ങൾക്ക് കാരണമായി. എ.ടി.എം. കാർഡിന്റെ രഹസ്യപിൻ നമ്പർ വരെ ചോർത്തുന്ന വിധത്തിലുള്ള ഹൈടെക് തട്ടിപ്പുകൾ നമ്മുടെ കൊച്ചു കേരളത്തെ വരെ ഞെട്ടിച്ചുകൊണ്ടിരിക്കുന്നു.


നവസാങ്കേതികവിദ്യകൾ പുരോഗതിയിലേക്കുള്ള മാർഗ്ഗം കാട്ടുമ്പോൾ കവർച്ചയും, ചോർച്ചയുമായി, ചോദ്യചിഹ്നങ്ങൾ ഉയർത്തുകയാണ് സൈബർ കുറ്റവാളികൾ. അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന സൈബർ കുറ്റകൃത്യങ്ങൾ നമ്മുടെ മുൻപിൽ ഉയർത്തുന്ന ചോദ്യമിതാണ്. എന്തുകൊണ്ടാണ് സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നത്. ഉത്തരം ലളിതമാണ്. നമ്മുടെ ഉള്ളിലെ കുറ്റവാളിക്ക് കുറ്റകൃത്യം ചെയ്യാൻ അനുകൂല സാഹചര്യം ലഭിക്കുന്നത് തന്നെയാണ് പ്രധാന കാരണം.

**സൈബർ തീവ്രവാദം**

തീവ്രവാദ പ്രവർത്തനങ്ങളിൽ ഇന്റർനെറ്റ്, സ്മാർട്ട്ഫോൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ സൈബർ ടെററിസം എന്നുപറാം. സ്മാർട്ട് ഫോണുകൾ സർവ്വ സാധാരണമായതോടു കൂടി ആശയവിനിമയം ഏറ്റവും സുരക്ഷിതമാക്കാൻ കഴിഞ്ഞു. അതോടൊപ്പം വാട്സാപ്പ് പോലുള്ള മെസ്സേജിംഗ് ആപ്ലിക്കേഷനുകൾ ആശയവിനിമയത്തിലെ സ്വകാര്യത ഉറപ്പുവരുത്തുന്നു. ഒരു തരത്തിൽ നല്ലതിനും മറ്റൊരു തരത്തിൽ മോശമായ പ്രവർത്തനങ്ങൾക്കും ഇത് കാരണമാകുന്നു. 2015 നവംബർ 13 ന് പാരീസിൽ ഉണ്ടായ ഭീകരാക്രമണം നടത്തിയ തീവ്രവാദികൾ പരസ്പരം ആശയവിനിമയം നടത്തിയത് വാട്സാപ്പ് സന്ദേശങ്ങളിലൂടെയായിരുന്നു. ഇത്തരം പല തീവ്രവാദ

സംഘടനകളും യുവാക്കളെ സംഘത്തിലേക്ക് ചേർക്കുവാൻ സന്ദേശങ്ങൾ അയയ്ക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത കാലത്ത് തീവ്രവാദ സംഘടനകൾക്ക് കേരളത്തിലെ ചെറുപ്പക്കാരുമായി ഉള്ള ബന്ധം വെളിപ്പെടുത്തുന്ന കണ്ടെത്തലുകൾ പുറത്തു വന്നിട്ടുണ്ട്.

ഫേസ്ബുക്കിനു പിന്നാലെ ഏറെ പ്രിയമേറിയ സാമൂഹ്യ മാധ്യമമാണ് വാട്സാപ്പ്. വാട്സാപ്പിന്റെ ഉടമസ്ഥാവകാശം ഫേസ്ബുക്ക് ഏറ്റെടുത്തതോടെ അതിലെ സന്ദേശങ്ങൾക്ക് പരിപൂർണ്ണമായ സുരക്ഷിതത്വം ഉറപ്പു വരുത്തി. 'end-to-end encryption' എന്നതാണ് വാട്സാപ്പ് സന്ദേശങ്ങളുടെ സവിശേഷതയായി സി.ഇ.ഒ മാർക്ക് സുക്കർ ബർഗ് പറയുന്നത്. കൂടുതൽ മെച്ചപ്പെടുത്തിയ ഈ സവിശേഷത മുഖേന വാട്സാപ്പ് ഉപയോഗിക്കുന്നവർ നടത്തുന്ന സന്ദേശങ്ങളുടെ കൈമാറ്റവും, ഫോട്ടോ, വീഡിയോ, വോയിസ് മെസ്സേജ് എന്നിവയെല്ലാം തന്നെ കോഡുകളാൽ രേഖപ്പെടുത്തുന്നു. ഉപയോക്താക്കൾക്ക് ഹാക്കർമാരിൽനിന്നും തങ്ങളുടെ സന്ദേശങ്ങളുടെ സുരക്ഷിതത്വം ഇത് ഉറപ്പു നൽകുന്നു.




end-to-end encryption വാട്സാപ്പ് സന്ദേശങ്ങളുടെ ആദ്യന്ത സുരക്ഷ ഉറപ്പുവരുത്തുന്നു

വാട്സാപ്പ് സന്ദേശങ്ങൾ കോഡുകളാൽ രേഖപ്പെടുത്തുന്ന രീതിയുടെ സവിശേഷതകൾ വാട്സാപ്പിന്റെ പ്രാരംഭകരിലൊരാളായ ജാൻ കോം തന്റെ ബ്ലോഗിലൂടെ വെളിപ്പെടുത്തുന്നു. ഒരു വ്യക്തി അയയ്ക്കുന്ന സന്ദേശം ആർക്ക് അയയ്ക്കുന്നുവോ അയാൾ മാത്രമാണ് കാണുന്നത്. അല്ലെങ്കിൽ അയാൾ അയയ്ക്കുന്ന ഗ്രൂപ്പിലെ അംഗങ്ങ

ൾക്ക് മാത്രം. മറ്റൊരാൾക്ക് ഈ സന്ദേശം കവർന്നെടുക്കാൻ കഴിയില്ല എന്നു സാരം. കമ്പ്യൂട്ടർ വിദഗ്ദ്ധൻ വിചാരിച്ചാൽ പോലും കണ്ടെത്താൻ കഴിയാത്ത രീതിയിൽ ഈ സന്ദേശങ്ങൾ സുരക്ഷിതമാകുന്നു. എന്നാൽ സൈബർ സെക്യൂരിറ്റി വിദഗ്ദ്ധർ ഈ പുതിയ മാറ്റത്തോടുള്ള തങ്ങളുടെ അനിഷ്ടം പ്രകടിപ്പിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിലെ സന്ദേശങ്ങൾ നൽകുന്ന ഇത്തരം സുരക്ഷ രാജ്യത്ത് തീവ്രവാദികളുടെ പ്രവർത്തനങ്ങളെ സഹായിച്ചേക്കാം എന്ന് അവർ അഭിപ്രായപ്പെടുന്നു. അതിർത്തി കടന്നെത്തുന്ന ഭീകരപ്രവർത്തനങ്ങൾ നടത്തുന്നവർക്ക് തങ്ങളുടെ സന്ദേശങ്ങൾ ചോരുന്നില്ലെന്ന ഉറപ്പ് ആശ്വാസമാണ് പകർന്നു നൽകുന്നത്.

സൈബർ നിയമ വിദഗ്ദ്ധനായ പവൻ ദഗ്ഗൽ സമാന ആശയം പങ്കുവയ്ക്കുന്നു. കണ്ടെത്താനാവാത്ത കോഡുകളായി സന്ദേശങ്ങൾ അയയ്ക്കുന്നത് തീവ്രവാദ ഗ്രൂപ്പുകൾക്ക് ഒരു പ്രോത്സാഹനമായി മാറുന്നു. സന്ദേശങ്ങൾ പാതിവഴിയിൽ നിലയ്ക്കുന്നില്ല എന്ന് അവർ ഉറപ്പിക്കുന്നു. വാട്സാപ്പിന് ഇന്ത്യയിൽ ഒരു ഓഫീസ് ഇല്ലാത്തതും പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ദഗ്ഗൽ കൂട്ടിച്ചേർക്കുന്നു.

വാട്സാപ്പിനൊപ്പം റഷ്യൻ നിർമ്മിതമായ ടെലഗ്രാം എന്ന ആപ്ലിക്കേഷനും ഭീകരവാദത്തെക്കുറിച്ചുള്ള ആശങ്ക പരത്തുന്നു. ഐ. എസ് (ഇസ്ലാമിക് സ്റ്റേറ്റ്) തീവ്രവാദികൾ പാരിസിൽ നടത്തിയ ആക്രമണം ലോകത്തിനു മുഴുവൻ പകർന്നു നൽകുന്നത് ഒരു ഭീതിയാണ്. ആ ഭീതി നിലനിൽക്കാനാണ് തീവ്രവാദി സംഘങ്ങൾ ആഗ്രഹിക്കുന്നത്. IAMAI (Internet and Mobile Asscoaition of India) ഉദ്യോഗസ്ഥനായ രക്ഷിത് ടണ്ഠന്റെ അഭിപ്രായ പ്രകാരം ഒരു സ്മാർട്ട് ഫോണോ മെസ്സേജിംഗ് ആപ്ലിക്കേഷനോ രാജ്യത്തിന്റെ സുരക്ഷിതത്വത്തിന് എതിരായി പ്രവർത്തിക്കുന്നെങ്കിൽ അതിനെ തടയാനുള്ള അധികാരം നിയമത്തിനുണ്ടാകും. അത് പക്ഷേ, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാവുകയില്ല. മറിച്ച് സംഭവിച്ചേക്കാവുന്ന ഒരു ഭീകരാക്രമണത്തിനെതിരേയുള്ള മുൻകരുതലാകും.

ദൈനംദിന ജീവിതത്തിൽ ഏറ്റവും വിശ്വസനീയമായ ആശയവിനിമയ മാർഗ്ഗമായി ഉപയോഗിക്കുന്ന മാധ്യമങ്ങൾ തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് നയിക്കപ്പെടുന്നുണ്ടെങ്കിൽ സമർത്ഥരായ തീവ്രവാദികൾക്ക് ഇത്തരം മാധ്യമങ്ങളെ അവർക്ക് അനുകൂലമാക്കുന്നരീതിയിൽ ഉപയോഗിക്കുന്നത് വളരെ എളുപ്പമാകും. ആദ്യന്തം സുരക്ഷിതമായ ആശയവിനിമയം സെക്യൂരിറ്റി ഏജൻസികൾക്ക് ഒരു വെല്ലുവിളിയാകും എന്നതിൽ സംശയമില്ല. സോഷ്യൽ മീഡിയ വിശകലന വിദഗ്ദ്ധൻ അനൂപ് മിശ്ര തന്റെ ആശങ്കകൾ വെളിപ്പെടുത്തുന്നു.

സാമൂഹ്യ മാധ്യമങ്ങൾക്ക് അനുവദിക്കുന്ന അതിരു കവിഞ്ഞ സ്വാതന്ത്ര്യം രാജ്യത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കുമെന്നതിൽ സംശയമില്ല. സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം പ്രതിദിനം വർദ്ധിക്കുന്ന സന്ദർഭത്തിൽ രാജ്യസുരക്ഷ ഓരോ വ്യക്തി യുടേയും കൂടി ഉത്തരവാദിത്വമാണ്.

**നെറ്റിലെ സിനിമാ ചോർച്ച**

ലോകം മുഴുവൻ ആകാംക്ഷയോടെ രജനികാന്ത് ചിത്രം 'കബാലി' റിലീസിനായി കാത്തിരിക്കുമ്പോഴാണ് ആ വാർത്ത പരന്നത്. കബാലിയുടെ സെൻസർ കോപ്പി ഇന്റർനെറ്റിൽ പ്രചരിക്കുന്നു. അനേകം പേർ അത് ഡൗൺലോഡ് ചെയ്യുകയും പരസ്പരം കൈമാറുകയും ചെയ്തു. ഏറെ പ്രതീക്ഷയോടെ റിലീസിംഗ് പ്രതീക്ഷിച്ചിരിക്കുന്ന ഒരു സിനിമയുടെ ചോർച്ച നിർമ്മാതാവിന് കോടികളുടെ നഷ്ടമാണ് ഉണ്ടാക്കുന്നത്. ഇവിടെ രണ്ടു തരത്തിലാണ് കുറ്റകൃത്യം നടക്കുന്നത്. ഒന്ന് സെൻസറിംഗ് നൽകുന്ന ചിത്രത്തിന്റെ ചോർച്ച രണ്ടാമതായി റിലീസ് ചെയ്യാനിരിക്കുന്ന/തീയേറ്ററിൽ ഓടുന്ന ചിത്രത്തിന്റെ ഇന്റർനെ റ്റിലെ പ്രചരണം.

വ്യാജ വീഡിയോ കാസറ്റുകളും ഓഡിയോ കാസറ്റുകളും ഒരു കാലത്ത് വിപണിയിൽ സുലഭമായിരുന്നു. അതിനു ശേഷം സിഡി വന്നതോടെ വ്യാജ സീഡികളും എംപീത്രികളും എത്തി. അതും കടന്ന് എംപിത്രി, വിസിഡി പോലെ ശേഖരിച്ചു വെയ്ക്കുന്ന ഫയലുകൾ ഇല്ലാതെ വന്നപ്പോൾ ഡൗൺലോഡിംഗിനു പ്രസക്തിയേറി. സിനിമ യുടെ വ്യാജകോപ്പിയും അനുമതിയില്ലാതെ പകർത്തിയ പാട്ടുകളും ഇന്റർനെറ്റിൽ അപ്ലോഡ്ചെയ്യുന്നത് വളരെ എളുപ്പമായി. അതുപോലെ തന്നെ കയ്യിലുള്ള മൊബൈൽ ഫോണിൽ സപ്പോർട്ട് ചെയ്യുന്ന വീഡി യോയുടെ സൈസ് അനുസരിച്ചുള്ള ഓൺലൈൻ കോപ്പികളും വന്ന തോടുകൂടി എത്ര വലിയ സിനിമയാണെങ്കിലും ഒരു ഇന്റർനെറ്റ് കഫേ യിൽ പോയിരുന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ ഡൗൺലോഡ് ചെയ്യാമെന്നായി. അല്ലെങ്കിൽ കയ്യിലുള്ള സ്മർട്ട് ഫോണിൽ നെറ്റ്പ്ലാൻ ഉപയോഗിച്ച് ഏറ്റവും പുതിയ ചിത്രങ്ങൾ ഡൗൺലോഡ് ചെയ്യുന്ന രീതിയിലേക്ക് നാം എത്തിച്ചേർന്നു.

സെൻസർ കോപ്പി വിവാദം ചർച്ചാ വിഷയമായി മാറുന്നത് 2015-ൽ റിലീസ് ചെയ്ത 'പ്രേമം' ഇന്റർനെറ്റിലൂടെ പ്രചരിച്ചപ്പോഴാണ്. നിറഞ്ഞ സദസ്സിൽ ചിത്രം പ്രദർശിപ്പിച്ച് വരുമ്പോഴാണ് ചിത്രത്തിന്റെ കോപ്പി നെറ്റിൽ കണ്ടെത്തിയത്. അത് പക്ഷേ, വ്യാജപ്രിന്റ് അല്ല, മറിച്ച് സെൻസർ കോപ്പിയാണെന്ന് കണ്ടെത്തിയതോടെ വിവാദങ്ങൾ ആരം ഭിച്ചു. സെൻസർകോപ്പി വിവാദം ചിത്രത്തെ കാര്യമായി ബാധിച്ചില്ല.

പക്ഷേ, റിലീസിനു മുൻപുള്ള സിനിമയുടെ സുരക്ഷിതത്വം ഒരു വലിയ പ്രശ്നമായി മാറി.




സുഹൃത്തുക്കളോടൊപ്പം വീട്ടിൽ പ്രേമം (സെൻസർ കോപ്പി) കാണുന്നു ഫേയ്സ്ബുക്ക് പോസ്റ്റ്

ഇവിടെ നിന്നു ചോരുന്ന സിനിമാ, നെറ്റിൽ അപ്‌ലോഡ് ചെയ്യപ്പെടുന്നത് വിദേശത്ത് വെച്ചായിരിക്കും. ചെയ്യുന്ന കുറ്റകൃത്യത്തെക്കുറിച്ച് ഉറച്ച ബോധ്യമുള്ളത് കൊണ്ടുതന്നെയാണ് സുരക്ഷിതനായ കുറ്റവാളി വിദേശത്ത് ഇരുന്ന് തന്റെ കരുക്കൾ നീക്കുന്നത്. എന്നാൽ ഇന്ന് വീഡിയോ എവിടെ നിന്നാണ് അപ്‌ലോഡ് ചെയ്യപ്പെട്ടത് എന്ന് കണ്ടെത്താനുള്ള സംവിധാനങ്ങൾ സൈബർ സെല്ലിലുണ്ട്.

പ്രേമത്തെത്തുടർന്ന് 'ഭജ്രംഗി ഭായിജാൻ' എന്ന ഹിന്ദി ചിത്രത്തിന്റെ സെൻസർ കോപ്പിയും നെറ്റിൽ പ്രചരിച്ചു. 2015-ലെ പണം വാരിയ ചിത്രങ്ങളിൽ ഒന്നാണ് ഇതെന്നതാണ് മറ്റൊരു യാഥാർത്ഥ്യം. 2016ൽ 'ഗ്രേറ്റ് ഗ്രാന്റ് മസ്തി' എന്ന ചിത്രത്തിന്റെ സെൻസർ കോപ്പി ചിത്രത്തിന്റെ റിലീസിഗിംന് 2 ആഴ്ച മുൻപ് നെറ്റിൽ പ്രത്യക്ഷപ്പെട്ടു. വിവാദങ്ങൾ ഉയർത്തിയ 'ഉഡ്താ പഞ്ചാബ്' എന്ന ചിത്രത്തിന്റെ സെൻസർ കോപ്പിയുടെ ചോർച്ചയും വൻ വിവാദങ്ങൾക്ക് കാരണമായി. 'കബാലി' പ്രചരിച്ച സൈറ്റുകളിൽ നിന്ന് സൈബർ സെൽ ചിത്രം നീക്കം ചെയ്തു. ഇത്തരം കുറ്റകൃത്യങ്ങൾ കോടികൾ മുടക്കിയെടുക്കുന്ന സിനിമാ വ്യവസായത്തിന്റെ നട്ടെല്ലാണ് തകർക്കുന്നത്.

**ഒളി ക്യാമറകൾ**

ഷർട്ടിന്റെ ബട്ടൺസോളം പോന്ന ഒളിക്യാമറകൾ വരുത്തുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. മാധ്യമ പ്രവർത്തകർ ഉപയോഗിച്ചു വന്നിരുന്ന ഇവ ഇന്ന് വളരെകുറഞ്ഞ ചിലവിൽ ലഭിക്കുന്നതോടെ അതിന്റെ ഉപയോഗവും ദുരുപയോഗവും വർദ്ധിച്ചു. ആരുടെയും സ്വകാര്യതയിൽ കടന്നു കയറാവുന്ന ഒരു അപകടം പിടിച്ച ഉപകരണമായി ഒളിക്യാമറകൾ മാറി. പലരൂപത്തിൽ ഇവ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ചിലപ്പോഴൊക്കെ വ്യക്തി വിരോധം തീർക്കാനുള്ള ഉപകരണമാകാനും

ഇതിനു കഴിഞ്ഞു. ബാത്ത്റൂമുകളിൽ, വസ്ത്രശാലകളിലെ ഡ്രസ്സിംഗ് റൂമുകളിൽ, ഹോട്ടൽ റൂമുകളിൽ എന്നിങ്ങനെ പ്രതീക്ഷിക്കാത്ത പല യിടത്തും ഒളിക്യാമറകൾ എത്തിത്തുടങ്ങി. പെൺശരീരങ്ങളെ ലാക്കാക്കി ക്കൊണ്ട് നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ അനുദിനം പെരുകിക്കൊ ണ്ടിരിക്കുന്നു. പെരുവഴിയിൽ പോലും സ്ത്രീകൾ സുരക്ഷിതരല്ല എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. സെക്യൂരിറ്റി ക്യാമറ കളിലെ ദൃശ്യങ്ങളും പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടാറുണ്ട്. എപ്പോഴും എവിടേയും നമ്മെ ഒരു ക്യാമറ പിൻതുടരുന്നു എന്ന ബോധ്യം ഉണ്ടായിരിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അത്യാവശ്യമാണ്. ഇന്റർനെറ്റിലെ അശ്ലീല വെബ്സൈറ്റുകളിൽ ഒളിക്യാമറ ദൃശ്യങ്ങൾക്ക് വളരെയേറെ ആവശ്യക്കാരാണുള്ളത്. അത് ഓരോ പ്രദേശത്തെ കേന്ദ്രീ കരിച്ചാണ് പ്രചരിക്കുന്നത്. എടിഎമ്മിലെ സെക്യൂരിറ്റി ക്യാമറയിൽ പതിഞ്ഞ കമിതാക്കളുടെ വീഡിയോ അടുത്ത കാലത്ത് ഏറെ സെർച്ച് ചെയ്യപ്പെട്ട വീഡിയോയാണ്. ഇന്ന് 'സെൽഫി'കളുടെ കാലമാണ്. അപ കടകരമായ സെൽഫികളെടുത്ത് സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റു ചെയ്ത് ലൈക്ക് നേടാനാണ് ഇന്നത്തെ യുവതലമുറ ശ്രമിക്കുന്നത്. ഇത്തരം അപകടകരമായ ശ്രമങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർ അനേ കരാണ്. അപകടകരമായ സെൽഫി എടുക്കുന്നത് ഇന്ന് ഭാരതത്തിലെ പല സംസ്ഥാനങ്ങളിലും ശിക്ഷാർഹമായ കുറ്റകൃത്യമാണ്.



'ജീവൻ കളയുന്ന സെൽഫി' ഇന്നത്തെ യുവത്വത്തിന്റെ മുഖമുദ്ര

## ചാറ്റിംഗും ചീറ്റിംഗും

മര്യാദയുടെ അതിര് ലംഘിക്കപ്പെടുന്ന ഇടമായിക്കഴിഞ്ഞിരിക്കുന്നു സമൂഹ മാധ്യമങ്ങൾ. ഫേസ്ബുക്കിലെയും വാട്സാപ്പിലെയും സൗഹൃദ കൂട്ടായ്മകൾക്ക് ഇന്ന് പല രഹസ്യ അജണ്ടകളുമാണ് ഉള്ളത്. മനസ്സാക്ഷിത്വമില്ലാതെ പെരുമാറുവാൻ ഇന്നത്തെ ഓൺലൈൻ സമൂഹത്തിന് കഴിഞ്ഞിരിക്കുന്നു. അസഭ്യഭാഷ, ലൈംഗികചുവയുള്ള കമന്റുകൾ, ദൃശ്യങ്ങൾ എന്നിവയെല്ലാം തന്നെ സാമൂഹ്യമാധ്യമങ്ങളുടെ പൊതുസ്വഭാവമാണ്. ലൈക്കും കമന്റും നേടാൻ എന്തിനും തയ്യാറാകുന്ന ഒരു തലമുറ വളർന്ന് വരുന്നത് അപകടകരമാണ്. ആരെയും എന്തിനെയും വിമർശിക്കുന്ന തലത്തിലേക്ക് ഒരു തലമുറയെത്തുമ്പോൾ ആരെയും ഭയക്കേണ്ട ആവശ്യം അവർക്കില്ലെന്ന് വരുന്നു. നിയന്ത്രിക്കാൻ കഴിയാത്ത നിലയിലേക്ക് അവർ കൂപ്പുകുത്തുന്ന കാഴ്ചയും തുടർന്നു കാണേണ്ടി വരുന്നു.

വ്യക്തിവൈരാഗ്യമുള്ള സ്ത്രീകളുടെ പേര് മൂത്രപ്പുരയിലും മറ്റും എഴുതിയിരുന്നവർ ഇന്നത് രേഖപ്പെടുത്തുന്നത് തന്റെ വാട്സാപ്പ് ഗ്രൂപ്പിലാണ്. അതുകൊണ്ട് ആ വ്യക്തി സംതൃപ്തനാകുന്നു. ഇത്തരം മാനസിക രോഗികളെക്കൊണ്ട് നമ്മുടെ നാട് നിറഞ്ഞിരിക്കുന്നു.

പെൺവാണിഭത്തിനും കഞ്ചാവ് കച്ചവടത്തിനും സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്ന രീതി അടുത്ത കാലത്ത് നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ പെൺവാണിഭം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഈ കച്ചവടം ഓൺലൈൻ ഷോപ്പിംഗ് പോലെ ലളിതമാണ്.

ബി.എം.ഫ്രണ്ട്ഷിപ്പ് അഥവാ ബ്രോഡ് മൈന്റ് ഫ്രണ്ട്ഷിപ്പ് പോലെയുള്ള ബന്ധങ്ങൾ അപകടങ്ങൾ വിളിച്ചു വരുത്തുന്നു. തൂലികാ സൗഹൃദത്തിന്റെ മൊബൈൽ രൂപമായ ഇത്തരം സൗഹൃദങ്ങളിൽ ആദ്യം മൊബൈൽഫോൺ സന്ദേശങ്ങളിൽ ആരംഭിച്ച് ക്രമേണ ഓൺലൈൻ ചാറ്റിങ്ങിലേക്ക് കടക്കുന്നു. അതിൽ ലൈംഗികതയുടെ നിറം കടക്കുന്നതോടെ പ്രശ്നങ്ങൾക്ക് തുടക്കമായി. സൗഹൃദം കൊതിക്കുന്ന പെൺകുട്ടികൾ ഓൺലൈനിൽ എത്തുന്ന സുഹൃത്തിന്റെ നിർബന്ധപ്രകാരം തന്റെ നഗ്നചിത്രങ്ങളോ വീഡിയോ ദൃശ്യങ്ങളോ അയച്ചു കൊടുക്കുകയും അത് പിന്നീട് ഇന്റർനെറ്റിൽ പ്രചരിക്കപ്പെടുന്നതുമായ വാർത്ത ഇന്ന് സർവ്വസാധാരണമാണ്. ഒരു പ്രണയബന്ധം തകരുമ്പോഴോ മറ്റോ ആവും തന്റെ കയ്യിലുള്ള ദൃശ്യങ്ങൾ കാമുകൻ ദുഷ്ട ലാക്കോട് കൂടി പ്രചരിപ്പിക്കുന്നത്. ഇത്തരം സന്ദർഭങ്ങളെ മനോധൈര്യത്തോടു കൂടി സമീപിക്കുവാൻ പെൺകുട്ടികൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

പ്രശസ്തരായ ആളുകൾ മരിച്ചു എന്ന് പ്രചരിപ്പിക്കുന്നത് ഇന്ന് ഒരു സ്ഥിരം സംഭവമായിട്ടുണ്ട്. സിനിമാ താരങ്ങളോ, രാഷ്ട്രീയനേതാക്കളോ മരിച്ചു എന്ന് പ്രചരിപ്പിക്കുന്നതിലൂടെ നേടുന്നത് വന്യമായ ഒരു ആനന്ദമാണ്. ഇത്തരം പ്രചരണങ്ങൾക്ക് ഇരയാ കുന്നവർ പലപ്പോഴും ഇതിനോട് പ്രതികരിക്കാറില്ല. മൊബൈൽ സന്ദേശങ്ങളുടെ കാലത്ത് തുടങ്ങിയ ഇത്തരം പ്രവർത്തനങ്ങൾ വാട്സാപ്പ് മെസേജിംഗ് കാലത്തിലും തുടരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ സിനിമയിൽ**

സിനിമാ പോലെയുള്ള ജനപ്രിയ മാധ്യമങ്ങളും ഇന്ന് സൈബർ കുറ്റകൃത്യങ്ങൾ ചർച്ചചെയ്യുന്നു. 1995 ൽ റിലീസ് ചെയ്യപ്പെട്ട 'ഹാക്കേർസ്' എന്ന ഇംഗ്ലീഷ് ചിത്രമാണ് ആദ്യമായി ഒരു സൈബർ കുറ്റകൃത്യത്തിന്റെ കഥ പറഞ്ഞത്. ഐൻ സോഫ്റ്റലി സംവിധാനം ചെയ്ത ചിത്രം കൗമാരക്കാരായ ഒരു കൂട്ടം ഹാക്കർമാരുടെ കഥയാണ് പറഞ്ഞത്. ഇന്റർനെറ്റിന്റെ ഉപയോഗത്തെക്കുറിച്ച് ജനങ്ങൾക്ക് വലിയ അറിവില്ലാതിരുന്ന കാലഘട്ടത്തിലാണ് ഈ ചിത്രം റിലീസ് ചെയ്തത്.

ഹരിദാസ് സംവിധാനം ചെയ്ത് 1996 ൽ പുറത്തു വന്ന ചിത്രമാണ് 'ഇന്ദ്രപ്രസ്ഥം'. മോർഫിംഗിന്റെ സാധ്യതകൾ ചിത്രത്തിൽ വിശദമായി അവതരിപ്പിക്കപ്പെട്ടു. ഇന്റർനെറ്റും ഇന്റർനെറ്റിന്റെ മാജിക്കും ഒക്കെ മലയാളി പ്രേക്ഷകരെ പരിചയപ്പെടുത്തിയത് ഇന്ദ്രപ്രസ്ഥമാണ്.

മെയിൽ സന്ദേശങ്ങൾ വഴിത്തിരിവാകുന്നതും, കൊലചെയ്യപ്പെട്ട വ്യക്തിയുടെ ഇ-മെയിൽ പാസ്‌വേഡ് കണ്ടെത്തുന്നതും മറ്റും ക്രമേണ സിനിമയിലെ സ്ഥിരം കാഴ്ചകളായി. എ.ടി.എം കൗണ്ടറിലെ തരംഗങ്ങൾ പിടിച്ചെടുത്ത് രഹസ്യകോഡ് മനസ്സിലാക്കുന്ന മോഷ്ടാവിന്റെ കഥ പറഞ്ഞ 'റോബിൻഹുഡ്', ഹൈടെക് മോഷ്ടാവായ 'ക്രേസി ഗോപാലൻ', ബണ്ടിചോറിന്റെ കഥ പറഞ്ഞ 'ബണ്ടി ചോർ' എന്ന മലയാളം ചിത്രവും 'ഓയേ ലക്കി ലക്കി ഓയേ' എന്ന ഹിന്ദിചിത്രവും അവയിൽ ചിലതാണ്.

നവ തരംഗസിനിമയുടെ വരവോട് കൂടി മലയാള സിനിമാ മാറ്റങ്ങൾക്ക് വിധേയമായി. 2010-ൽ 'ട്രാഫിക്' എന്ന ചിത്രം മാറ്റങ്ങൾക്ക് വഴിതെളിച്ചു. വഴിവിട്ട ബന്ധങ്ങൾക്ക് മൊബൈൽഫോൺ സഹായകമാകുന്നത് എപ്രകാരമാണെന്ന് ഈ രാജേഷ് പിള്ള ചിത്രം കാട്ടിത്തരുന്നു. സമീർ താഹിർ സംവിധാനം ചെയ്ത 'ചാപ്പാകുരിശ്' ഒരു മൊബൈൽ ഫോണിനെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളാണ് പറഞ്ഞത്. അർജ്ജുൻ എന്ന നായകകഥാപാത്രം തന്റെ കാമുകിയുമൊത്തുള്ള രഹസ്യ നിമിഷങ്ങൾ ഒരു മൊബൈൽ ക്യാമറയിൽ ചിത്രീകരിക്കുന്നതും, ആ ഫോൺ മറ്റൊരാളുടെ കയ്യിൽ എത്തിപ്പെടുന്നതു

മാണ് ചിത്രത്തിന്റെ കഥ. അർജ്ജുന്റെ ഫോൺ കിട്ടുന്ന അൻസാരി അറിയാതെ തന്നെ അതിലെ വീഡിയോ ദുരുപയോഗം ചെയ്യപ്പെടുന്നു. തുടർന്നുണ്ടാകുന്ന സംഭവ വികാസങ്ങളാണ് ചിത്രം പറയുന്നത്.

2013-ൽ റിലീസ് ചെയ്യപ്പെട്ട ദൃശ്യവും മൊബൈൽ ക്യാമറയുടെ ദുരുപയോഗം ചർച്ച ചെയ്ത ചിത്രമാണ്. ദൃശ്യത്തിന് ലഭിച്ച വൻ സ്വീകരണം ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം ആ ചിത്രം പുനർ നിർമ്മിക്കാൻ കാരണമായി. അതേ വർഷം തന്നെ പുറത്തുവന്ന 'ബ്ലാക്ക് ബട്ടർഫ്ളൈ' എന്ന ചിത്രവും ദുരുപയോഗം ചെയ്യപ്പെടുന്ന മൊബൈൽ ക്യാമറയുടെയും അതുപയോഗിക്കുന്ന പക്വതയില്ലാത്ത കുട്ടികളുടെയും കഥയാണ് പറഞ്ഞത്. ഫെയ്സ്ബുക്കിലെ വ്യാജപ്രൊഫൈലിന്റെ ദുരുപയോഗം പ്രമേയമാക്കിയെത്തിയ 'ഒരു വടക്കൻ സെൽഫി'യും(2015) ശബ്ദം മാറ്റുന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷനുപയോഗിച്ച് പ്രതികാരം ചെയ്യുന്ന പ്രമേയം അവതരിപ്പിച്ച 'പുതിയ നിയമം' (2016) എന്ന ചിത്രവും ഈ ജനുസ്സിൽപ്പെട്ടതാണ്.

കാലഘട്ടത്തിന്റെ കാഴ്ചയാണ് സിനിമാ പ്രേക്ഷകന് നൽകുന്നത്. സിനിമ നൽകുന്ന സൂചനകളെ ഉചിതമായി മനസ്സിലാക്കാനുള്ള വിവേകം പ്രേക്ഷകനുണ്ടാകേണ്ടത് അത്യാവശ്യമാണ്. മാധ്യമങ്ങളിൽ നിന്നും തിരിച്ചറിവുണ്ടാകുന്നത് ഒരു തെറ്റല്ല. മറിച്ച് നവമാധ്യമങ്ങളുടെ ഉപയോഗം തിരിച്ചറിയുന്ന മാധ്യമ പ്രവർത്തകരുടെ കണ്ടെത്തലുകളെ അംഗീകരിക്കാനും അതിൽ നൽകുന്ന മുന്നറിയിപ്പു മനസ്സിലാക്കാനും ഉള്ളശേഷിയാണ് പ്രേക്ഷകർക്ക് ഉണ്ടാകേണ്ടത്.

**വൈറസും മറ്റും**

മുഖ്യ വിവര സ്രോതസ്സുകൾ ഭീഷണിയിൽ (Vital Information Sources Under Siege) എന്നതിന്റെ ചുരുക്കപ്പേരാണ് 'വൈറസ്'. ജീവകോശത്തിൽ അതിവേഗം പെരുകി രോഗമുണ്ടാക്കുന്ന വിഷാണുവാണ് വൈറസ്. അതുപോലെ ഒരു കംപ്യൂട്ടർ പ്രോഗ്രാമിനുള്ളിൽ വിഷാണുപോലെ ഒളിഞ്ഞിരിക്കുന്ന പ്രത്യേക കോഡിനു സിസ്റ്റം തകരാറിലാക്കാൻ കഴിയും. അതിലെ ഡേറ്റകളും നശിപ്പിക്കപ്പെടും. കമ്പ്യൂട്ടറുകളിൽ കുഴപ്പമുണ്ടാക്കുന്ന ഇത്തരം കോഡിനും സൈബർ ഭാഷയിൽ 'വൈറസ്' എന്ന് പറയും. രഹസ്യമായി തയ്യാറാക്കുന്ന ഒരു പ്രോഗ്രാം ഏതെങ്കിലും കമ്പ്യൂട്ടറിലെ പ്രോഗ്രാമുകളിലൊന്നുമായി താദാത്മ്യം പ്രാപിക്കുന്നതു വരെ മൃതാവസ്ഥയിലായിരിക്കും. പാകമായ ഒരവസ്ഥയിൽ വൈറസ് സ്വന്തം പതിപ്പുകളെ സൃഷ്ടിച്ചു കൊണ്ട് കിട്ടുന്ന വഴികളിലൂടെ എത്താവുന്ന കമ്പ്യൂട്ടറുകളിൽ എത്തി നാശം വിതച്ചു തുടങ്ങുന്നു. ആർക്കും എവിടെ നിന്നും ഈ അന്തകനെ സൃഷ്ടിച്ച് ഇ-മെയിലിലൂടെ കമ്പ്യൂട്ടർ ലോകത്തേക്ക് കയറ്റി വിടാം. 1970 ൽ കണ്ടെത്തിയ ക്രീപ്പർ ആണ് ലോകത്തിൽ ആദ്യത്തെ വൈറസ് എന്നു കരു

തപ്പെടുന്നു. ഇന്റർനെറ്റിലൂടെയാണ് കൂടുതലും വൈറസുകൾ പരക്കുന്നത്. അതുപോലെ ഫ്ളോപ്പി. സി.ഡി, യുഎസ്ബി ഡ്രൈവ് എന്നിവയിലൂടെ എല്ലാം തന്നെ വൈറസുകൾ കമ്പ്യൂട്ടറിലേക്ക് എത്തിച്ചേരാൻ സാധ്യതയുണ്ട്. അപരിചിതമായ ഇ-മെയിൽ സന്ദേശങ്ങളെ കരുതലോടെ സമീപിക്കുക മാത്രമായിരുന്നു ആദ്യകാലങ്ങളിൽ വൈറസിനെ പ്രതിരോധിക്കാനുള്ള ഏക പോംവഴി. ക്രമേണ ആന്റി വൈറസുകളുടെ കണ്ടെത്തലിലൂടെ കമ്പ്യൂട്ടറുകളുടെ പ്രതിരോധശേഷി ഒരു പരിധി വരെ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

പ്രധാനമായും മൂന്നു തരത്തിൽ വൈറസുകൾ പ്രവർത്തിക്കുന്നു. വോംസ് (Worms)എന്ന ആദ്യവിഭാഗം കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്നു. ട്രോജൻ (Trojan) എന്ന രണ്ടാമത്തെ വിഭാഗം ഉപഭോക്താവിന്റെ അറിവോട് കൂടി അല്ലാതെ തന്നെ കമ്പ്യൂട്ടറിന്റെ പ്രവർത്തനം നടത്തുന്നു. മാൽവേർ (Malware)എന്ന മൂന്നാമത്തെ വിഭാഗം ഒരു സോഫ്റ്റ് വെയർ ആയും കരുതാം. ഇത് കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരുടെ പ്രവർത്തനങ്ങൾ അറിയുന്നതിനും അവരുടെ പുതിയ വിവരങ്ങൾ കവർന്നെടുക്കുന്നതിനും വേണ്ടി ഉപയോഗിച്ചുവരുന്നു.

ആന്റിവൈറസ് സോഫ്റ്റ്വെയറുകൾ ഒരു കാവൽക്കാരനെപ്പോലെ പ്രവർത്തിക്കുന്നു. വൈറസ് ഭീഷണിയിൽ നിന്നും അത് കമ്പ്യൂട്ടറിനെ സംരക്ഷിക്കുകയും ചില സാധ്യതകൾ മുൻകൂട്ടി അറിയിക്കുകയും ചെയ്യുന്നു. 'മെലിസ' 'ലവ് ബഗ്' എന്നിവയാണ് കൂടുതൽ നാശനഷ്ടങ്ങൾ വരുത്തിയ വൈറസുകൾ. 26 മാർച്ച് 1999 നാണ് 'മെലിസ' എന്ന വൈറസ് ഇ-മെയിലുകളെ ബാധിച്ച് കമ്പ്യൂട്ടർ ശൃംഖലയെ തകരാറിലാക്കിയത്. മെലിസയുടെ പ്രവർത്തനം മൈക്രോ സോഫ്റ്റ് കോർപ്പറേഷന്റെ ഇ-മെയിൽ സംവിധാനങ്ങളെ തകരാറിലാക്കി. പ്രധാനപ്പെട്ട ഇ-മെയിൽ സന്ദേശം എന്നപേരിൽ എത്തിയ മെയിൽ തുറന്നവരുടെ കമ്പ്യൂട്ടർ തകരാറിലായി. മെലിസയുടെ വരവിനെ തുടർന്ന് അപരിചിതരുടെ ഇ-മെയിൽ സന്ദേശങ്ങൾ പരിശോധിക്കുന്നതിൽ ജനങ്ങൾ മുൻകരുതലെടുത്തു.

'ലവ ബഗ്' എന്ന വൈറസും കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കിയതാണ്. സബ്ജക്ട് ലൈനിൽ 'ഐ ലവ് യൂ' എന്ന് എഴുതിയാണ് 'ലവ് ബഗ്' ഇൻബോക്സിലെത്തിയത്. LOVE LETTER FOR YOU TXT .V.B.S എന്ന ഫയൽ തുറന്ന ആളുകളുടെ ഇ-മെയിൽ അഡ്രസ് ബുക്ക് പ്രവർത്തനരഹിതമായി. അതോടൊപ്പം തന്നെ മ്യൂസിക് ഫയലുകളും കമ്പ്യൂട്ടർ ഗ്രാഫിക്സും 'ലവ് ബഗ്' തകരാറിലാക്കി. 'ഫ്രണ്ട്സ് മെസേജ്' എന്ന വൈറസും ഏറെ നാശനഷ്ടമുണ്ടാക്കിയ ഒന്നാണ്.

## വിവരസാങ്കേതിക വിദ്യാനിയമം

വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സുരക്ഷിതവും ഭദ്രവുമാക്കാനും നിയന്ത്രിക്കാനും വേണ്ടി ഇന്ത്യൻ പാർലമെന്റ് 2000-ത്തിൽ നടപ്പാക്കിയ നിയമമാണ് വിവരസാങ്കേതിക വിദ്യാനിയമം (IT Act 2000) സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കർശനമായ ശിക്ഷയാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2000 ഒക്ടോബർ 17-നാണ് ഐടി ആക്ട് 2000 എന്ന പേരിൽ സൈബർ നിയമം ഉണ്ടാവുന്നത്. 2009 ഒക്ടോബർ 27-ന് ഇത് ഭേദഗതി ചെയ്തു. ഭരണ പ്രക്രിയയിൽ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഡിജിറ്റൽ രേഖകളുടെ ആധികാരികത ഉറപ്പാക്കാനുള്ള ഇ-ഒപ്പുകൾ, തന്ത്രപ്രധാന വിവരവ്യൂഹങ്ങളെ സംരക്ഷിത സിസ്റ്റങ്ങളാക്കൽ തുടങ്ങി സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാ നടപടികൾ വരെ ഈ നിയമത്തിൽ പരാമർശിക്കുന്നു. ഐടി ആക്ടിന് ആധാരമാകുന്നത് 1996-ൽ UN-ൽ രൂപീകരിക്കപ്പെട്ട ഇലക്ട്രോണിക് കൊമേഴ്സ് നിയമമാണ്.

### ഉപസംഹാരം

ഈയടുത്ത കാലത്താണ് റൊമേനിയക്കാരായ യുവാക്കൾ കേരളത്തിലെ എ.ടി.എം. കവർച്ചയ്ക്ക് പിടിയിലാകുന്നത്. തിരുവനന്തപുരത്തെ എ.ടി.എം. കൗണ്ടറിൽ ഘടിപ്പിച്ച യന്ത്രത്തിലൂടെ ഉപഭോക്താക്കളുടെ പിൻനമ്പർ മനസ്സിലാക്കി മുംബൈയിൽ ഇരുന്നാണ് ഇവർ കവർച്ച നടത്തിയത്. മെഷീനിന്റെ മുകളിൽ യന്ത്രം ഘടിപ്പിക്കുന്ന ദൃശ്യം സെക്യൂരിറ്റി ക്യാമറയിൽ പതിഞ്ഞതാണ് വഴിത്തിരിവായത്. ഈ സംഭവം റൊമേനിയ എന്ന നഗരത്തെക്കുറിച്ചുള്ള പഠനങ്ങളിലേക്ക് വഴിതെളിക്കുന്നു. റൊമേനിയൻ ടൗൺ സൈബർ കുറ്റകൃത്യങ്ങളുടെ തലസ്ഥാനമായി കണക്കാക്കാം. ചിലർ ഈ പ്രദേശത്തെ 'ഹാക്കർവില്ല' 'സൈബർ കുറ്റകൃത്യങ്ങളുടെ കേന്ദ്രം' എന്നിങ്ങനെയൊക്കെയാണ് വിശേഷിപ്പിക്കുന്നത്. വളരെ കുറച്ച് ജനസംഖ്യയുള്ള ഈ പ്രദേശത്ത് അധിവസിക്കുന്നത് അനേകം സൈബർ കുറ്റവാളികളും കള്ളന്മാരുമാണ്. ഇവിടുത്തെ കുറ്റവാളികൾ ആദ്യം ഇരയാക്കിയത് ഈ പ്രദേശത്തെ ആളുകളെ തന്നെയാണ്. ഏറ്റവും അപകടകരമായ നഗരം എന്ന് ഇന്റർനെറ്റിൽ പ്രചരിക്കുന്ന ഈ നഗരത്തെ കുറിച്ചുള്ള വിവരങ്ങൾ മറ്റുപല യാഥാർത്ഥ്യങ്ങളും വെളിപ്പെടുത്തുന്നു. അറിയപ്പെടുന്ന ഒന്നോ രണ്ടോ നഗരങ്ങൾ മാത്രമാണ് ഈ കണക്കെടുപ്പുകളിൽ പെടുന്നത്. എന്നാൽ ഇതിൽപെടാത്ത അനേകം പ്രദേശങ്ങൾ ലോകത്തിൽ സൈബർ കുറ്റകൃത്യങ്ങളുടെ കേന്ദ്രങ്ങളായി നിലനിൽക്കുന്നു.

സാങ്കേതികവിദ്യ അനുദിനം വികസിക്കുന്ന സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകുന്നത് സ്വാഭാവികമാണ്. സൈബർ സെൽ ഓരോ

പ്രദേശത്തും കാര്യക്ഷമമായ പ്രവർത്തനം നടത്താറുണ്ടെങ്കിലും ഇത്തരം കുറ്റകൃത്യങ്ങൾ പലപ്പോഴും അറിയപ്പെടാതെ പോകുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർ അത് രഹസ്യമാക്കി വെയ്ക്കുവാൻ ശ്രമിക്കുന്നതും ഇത്തരം കുറ്റകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഒരു ഗണത്തിലും ഉൾപ്പെടുത്താൻ കഴിയാത്ത വിധത്തിൽ അനുദിനം പുതിയ കുറ്റകൃത്യങ്ങൾ സൈബർ ലോകത്തിൽ രൂപം കൊണ്ടിരിക്കുകയാണ്. അതിനു സഹായകമാകുന്ന തരത്തിൽ സാങ്കേതിക വിദ്യയും വളർന്നുകൊണ്ടിരിക്കുന്നു. അനേകം സോഫ്റ്റ്‌വെയറുകളും മൊബൈൽ ഫോൺ ആപ്ലിക്കേഷനുകളും ദിനംപ്രതി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവയിൽ പകുതിയും തെറ്റായ ഉപയോഗങ്ങൾക്കുതകുന്നതാണ്. നിയമനടപടികൾ കർശനമായും നടക്കുന്നുണ്ടെങ്കിലും കുറ്റകൃത്യങ്ങളിലേക്ക് തിരിയാനുള്ള മനോഭാവം സമൂഹത്തിന്റെ പ്രത്യേകതയാണ്. അത് നിയമത്തെ മനഃപൂർവ്വം വെല്ലുവിളിക്കുന്നതായി കരുതാനാവില്ല. ശരിതെറ്റുകളെ പ്രതിനിധീകരിക്കുന്ന ഓരോ വിഭാഗവും ഉണ്ടാകുന്നത് സംസ്കാരത്തിന്റെ പ്രത്യേകതയാണ്.

## Bibliography


Chomsky, Noam. *Media Control: The Spectacular Achievement of Propaganda*. Seven Stories Press: new York,1997.

Crystal, David. *Language and the Internet.* Cambridge University Press: Cambridge, 2001.

Schmidt, Eric and Jared Cohen. *The New Digital Age*. John Murrary Publishers: Great Britain, 2013.

Tomi, Ahonen.T. *Mobile as $7^{th}$ Mass Media*. Oxford University Press:New York. 2006.


## WebSite


http://www.ndtv.com/topic/cyber-crime

http://www.securityweek.com/cybercrime

http://zeenews.india.com/tags/Cyber-crime.html

https://www.theguardian.com/technology/cybercrime

http://www.independent.co.uk/topic/ComputerCrime

https://en.wikipedia.org/wiki/Cybercrime

https://en.wikipedia.org/wiki/International_cybercrime

http://www.ncpc.org/resources/files

http://www.itu.int/ITU-D/cyb/cybersecurity

https://www.library.cornell.edu/colldev/mideast/cycrime

https://www.kpmg.com/Global/en/IssuesAndInsights/ArticlesPublications/Documents

http://www.internetjournalofcriminology.com

http://english.manoramaonline.com/news/just-in/cyber-security

http://keralacybercrimes.blogspot.in/2011/06/blog-post.html

# സൈബറിടവും വിഭാഗീയതയും

സജി കരിങ്ങോല

**ആ**ധുനിക ജനാധിപത്യസമൂഹത്തിന്റെ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്ന അപകടകരമായ പ്രവണതയാണ് പൊതുജനസമൂഹ മധ്യത്തിലെ വിഭാഗീയ ചിന്തകൾ. ചരിത്രകാലം മുതൽക്കേ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-മതാധിഷ്ഠിത തരം തിരിവുകൾ മനുഷ്യർക്കിടയിൽ സജീവമായിരുന്നു. മാനവികതയിലൂന്നിയ സാംസ്കാരിക വിപ്ലവങ്ങൾ മനുഷ്യനിലെ മതിൽകെട്ടുകളെ ഒരു പരിധി വരെ തകർത്തുകളയാൻ സഹായിച്ചിട്ടുണ്ട്. സൈബർ മാധ്യമങ്ങളുടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിഭാഗീയ ചിന്തകൾ കൂടുതൽ ശക്തമായി തിരിച്ചുവരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. മതത്തിന്റെ പേരിലുള്ള വേലിക്കെട്ടുകൾ ജനങ്ങൾക്കിടയിൽ തീർക്കാനും മതത്തെ ഉപയോഗിച്ചുള്ള പ്രതിലോമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനുമെല്ലാം സൈബർ മാധ്യമങ്ങളുടെ നിരവധിയായ സാധ്യതകൾ തല്പരകക്ഷികളായ വിഭാഗങ്ങൾ പ്രയോജനപ്പെടുത്തുന്ന ഒട്ടും ആശാസ്യകരമല്ലാത്ത കാഴ്ചകൾക്കാണ് നാം ഇന്ന് സാക്ഷ്യം വഹിക്കുന്നത്.

**പൊതുമണ്ഡലവും സൈബറിടവും**

സാമൂഹികമായി രൂപീകൃതമാവുന്ന പൊതുമണ്ഡലത്തിന്റെ ഒരു അനുഛേദമായി സൈബറിടം ഒരുക്കുന്ന പൊതുമണ്ഡലത്തേയും കാണാവുന്നതാണ്. ഒരു പൊതുമണ്ഡലത്തിന്റെ സവിശേഷതകൾ എന്നത് ആ പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിൽ പങ്കെടുക്കുന്ന ജനവിഭാഗങ്ങളുടെ പൊതുചിന്താധാരയുടെ ആകെത്തുകയാണ്. ഇത്തരത്തിൽ ഒരു പൊതുസമൂഹവും അതിന്റെ ചിന്താധാരയും മതേതരത്വം എന്ന മാനുഷികമൂല്യത്തിൽ അടിയുറച്ചതാണ് എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ആ പൊതുമണ്ഡല രൂപീകരണത്തിൽ പങ്കെടുക്കുന്ന ജനവിഭാഗങ്ങൾ ഭൂരിഭാഗവും മതേതരത്വം എന്ന ആശയം

സ്വന്തം വ്യക്തിത്വങ്ങളിൽത്തന്നെ കാത്തുസൂക്ഷിക്കുന്നുണ്ട് എന്ന താണ്. ഇത്തരത്തിൽ മതേതരത്വത്തെ സ്വന്തം വ്യക്തിജീവിതത്തിന്റെ ഭാഗമായിത്തന്നെ നിലനിർത്തിപ്പോരാൻ നിർബന്ധിക്കുന്ന പലഘട കങ്ങളുമുണ്ട്. സാംസ്കാരികമായും ദൈവശാസ്ത്രപരവുമായി നേടുന്ന അറിവ് ഇത്തരം ഘടകങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന ഒന്നാണ്. ഉദാഹരണമായി 1950 കളിൽ കേരളസമൂഹത്തിൽ ഉണ്ടായ വായനാ വിപ്ലവം സാംസ്കാരികവും സാമൂഹികവുമായ ചിന്താധാരകളിൽ സമൂ ലമായി മാറ്റം വരുത്തുന്നതിന് സഹായകമായി. മതരഹിത സമൂഹമെന്ന ആശയത്തിലൂന്നിയ കമ്മ്യൂണിസ്റ്റ്-നക്സലൈറ്റ് ചിന്തകൾക്ക് പുതിയ തലമുറയിൽ ലഭിച്ച സ്വീകാര്യതയും ഇതിനോടൊപ്പം ചേർന്നപ്പോൾ വൈശിഷ്ട്യങ്ങളേറെയുള്ള ഒരു മതേതര പൊതുമണ്ഡലം കേരളത്തിൽ രൂപീകൃതമായി. ചരിത്രപരമായി കേരളത്തിൽ നിലനിന്നിരുന്ന സൗഹാർദ്ദത്തിന്റേതായ ഒരു ഘടകംകൂടി ഇതിൽ ഉൾച്ചേർന്നപ്പോൾ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഗാന്ധിയൻ ഫിലോസഫിയുടേയും ഭരണ ഘടനാപരമായ ബാധ്യതയുടേയും ഫലമായി രൂപപ്പെട്ട മതേതര പൊതുമണ്ഡലത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒന്നായി ഇതു മാറി.

സൈബറിടം എന്ന വിർച്ച്വൽ റിയാലിറ്റിയിൽ ഒരു പൊതു മണ്ഡലം രൂപമെടുക്കുമ്പോൾ അതിന് സ്ഥലത്തിന്റേയോ കാല ത്തിന്റേതോ ആയ പല പരിമിതികളും ഇല്ലാതാവുന്നു. അതിനാൽ ത്തന്നെ ആശയങ്ങളുടെ ഏറ്റുമുട്ടലും സ്വാംശീകരണവും യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും അവയുടെ 'ജനുവിനിറ്റി' വേണ്ട തോതിൽ വെളി പ്പെടുത്താൻ വിർച്ച്വൽ റിയാലിറ്റിയിലൂന്നിയ പൊതുമണ്ഡലത്തിന് സാധ്യമാവുന്നില്ല. ഭൂരിഭാഗവും തങ്ങളാണെന്ന് സമർത്ഥിക്കാൻവേണ്ടി ഒരു ആശയത്തെ പിൻപറ്റുന്നവർ വ്യാജ പ്രൊഫൈലുകളിലൂടെയും അക്കൗണ്ടുകളിലൂടെയും യഥേഷ്ടം പ്രചാരണം നടത്തുന്നു. മാധ്യമ രംഗത്ത് കുന്നുകൂടിയ സെൻസേഷണലിസത്തിന്റെ ബഹിർസ്ഫുരണങ്ങൾ സൈബർ രംഗത്തും പലപ്പോഴും അപ്രധാനമായതും വ്യക്തിഹത്യ നടത്തുന്നതും വർഗ്ഗീയചിന്ത വളർത്തുന്നതുമായ വാർത്തകൾക്കും ചർച്ചകൾക്കും പ്രാധാന്യം നൽകുന്നു. നിയമംകൊണ്ട് പൂർണമായും നിയന്ത്രിക്കാനാവാത്ത സൈബറിടത്തിൽ ഒരു സാമൂഹിക പൊതു മണ്ഡലത്തിൽ സാധ്യമാവാത്ത പലതരം അസാന്മാർഗികതകളും കടന്നുവരുന്നതും അതിനാലാണ്.

**വിഭാഗീയത സൈബറിടത്തിൽ**

സൈബറിടം പൂർണമായും ഭരണഘടനാപരമായോ ഒരു രാജ്യ ത്തിന്റെ മാത്രം നിയമമനുസരിച്ചോ നിയന്ത്രിക്കാവുന്ന ഒരു ഇടമല്ല. അതിനാൽത്തന്നെ മതേതരത്വം, മാനവികത, ദേശീയത, സ്വത്വബോധം

തുടങ്ങിയ മൂല്യങ്ങൾ നിയമത്തിന്റെ കണ്ണികൾക്കപ്പുറം വ്യക്തിനിബ ന്ധമായ മാനസികചോദനയുടെ അടിസ്ഥാനത്തിലാണ് സൈബറിട ത്തിൽ രൂപപ്പെടുന്നത്. അനന്തമായ ആശയസംവാദങ്ങളിലൂടെ തെറ്റു കൾ തിരുത്തി ആശയവ്യക്തത കൈവരുത്തുന്നതിനോടൊപ്പംതന്നെ വിഭാഗീയ-വേർതിരിവുകൾക്കും സൈബർസ്പേസ് കളമൊരുക്കുന്നുണ്ട്. ഐസിസ് പോലെയുള്ള ഭീകരവാദ പ്രസ്ഥാനങ്ങൾക്കുണ്ടായ വളർച്ച, യൂറോപ്പിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സ്വത്വവാദപ്രസ്ഥാനങ്ങൾ എന്നിവയൊക്കെ സൈബറിടത്തിന്റെ അനന്ത സാധ്യതകൾ കൗശല പൂർവം ഉപയോഗപ്പെടുത്തി പൊതുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ശ്രമിച്ചവരും ഒരുപരിധിവരെ അതിൽ വിജയിച്ചവരുമാണ്. വിശ്വമാന വികതയിലേക്ക് ലോകത്തെ കൈപിടിച്ചുയർത്തും എന്ന് ഒരു ഘട്ട ത്തിൽ പ്രവചിക്കപ്പെട്ടിരുന്ന സൈബറിടം ഇന്ന് 'സെക്ടേറിയൻ' ചിന്താ ധാരയുടെ കൈകളിലകപ്പെട്ട് അതിന്റെ ആത്യന്തികലക്ഷ്യത്തിൽനിന്ന് മെല്ലെ അകന്നുപോകുന്നു എന്നത് ഏറെ ആശങ്കയുണർത്തുന്നതാണ്.

അൽഖയ്ദ നേതാവായ അയ്മാൻ അൽ സമാഹിരി ഒരിക്കൽ പറയുകയുണ്ടായി.

""Al-qaeda is in a battle and more than half of this battle is taking place in the battle field of the media. Al- Qaeda is in a battle for the hearts and minds of the Ummah"

(Seib and Janbek 2011, www.e-ir.info)

മതമൗലീകവാദികൾക്ക് ഏറെ പ്രിയങ്കരമായിരിക്കാൻ സൈബ റിടത്തിന് കഴിഞ്ഞത് അതിന്റെ വിർചൽ റിയാലിറ്റി എന്ന സ്വാഭാവികത കൊണ്ടാണ്. തന്റെ ആശയത്തിന് പ്രചാരകരെ ലഭിക്കാനും അതുവഴി കണ്ണികൾ ഒന്നൊന്നായി ക്രമേണ ഒരു വല തന്നെ നെയ്യാനും അവരെ പ്രാപ്തരാക്കുന്നത് സൈബറിടത്തിൽ ദേശ-ദൂര-കാലഭേദങ്ങൾ ഇല്ല എന്നതുതന്നെയാണ്. സാമൂഹിക പൊതുമണ്ഡലത്തിൽ ഇത്തരം പ്രവ ണതകളും അതിന്റെ പ്രചാരകരും സാമൂഹിക ഒറ്റപ്പെടൽ അനുഭവിച്ചി രുന്നുവെങ്കിൽ സൈബറിടത്തിൽ അത്തരം ഒറ്റപ്പെടലുകൾ അനുഭവ വേദ്യമാകുന്നില്ല എന്നതും ഈ വിർചൽ റിയാലിറ്റിയുടെ പ്രത്യേകത മൂലമാണ്.

**ഇടപെടലുകൾ**

മതേതരത്വം സൈബറിടത്തിൽ ഇടപെടുന്നത് മൂലം വിഭാഗീയ പ്രവണതകൾ ഒരു പരിധിവരെ ചെറുക്കാൻ സാധിക്കും. സമൂഹത്തെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കാനും അതുവഴി രാഷ്ട്രീയ-സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരും ഫെയ്സ്ബുക്ക്, വാട്സ് ആപ്, വെബ്സൈറ്റ്, ബ്ലോഗ് തുടങ്ങിയ സൈബർ മാധ്യമങ്ങളെയെല്ലാം

അതിവിദഗ്ധമായി ദുരുപയോഗം ചെയ്യുന്നുണ്ട്. ഐസിസ് പോലെയുള്ള തീവ്രവാദ സംഘടനകൾ റിക്രൂട്ട്മെന്റിനുപോലും ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സൈബറിടത്തെയാണ്.

""Terrorists do not really need printed media anymore to convey messages. The official media have been replaced by the internet which, in the end, is much more easier to use, much quicker and much more effective." (Moutot, Nacos, 2006)

ഇന്ത്യയിലെ മതമൗലീകവാദികളും സൈബറിടത്തിലെ ഇത്തരം സാധ്യതകളെപ്പറ്റി ബോധവാന്മാരായിക്കഴിഞ്ഞു. കൃത്യമായ രാഷ്ട്രീയ-സാമൂഹ്യ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത യുവതലമുറയേയും ഐടി പോലുള്ള നൂതന ടെക്നോളജി മേഖലയിൽ ജോലിയെടുക്കുന്ന യുവാക്കളെയുമാണ് ഇക്കൂട്ടർ കൂടുതലായി നോട്ടമിടുന്നത്.

""New technologies have simple allowed the disseminastion of terrorists messages to reach a broader audience with a more concise message" (Baran, 2008, www.e-ir.info)

ഫെയ്സ്ബുക്ക് പോലെയുള്ള നവമാധ്യമങ്ങളിൽ ഏറ്റവും ആകർഷകവും പുതുമയുള്ളതുമായ പേരുകളിൽ ഇവർ തുടങ്ങുന്ന പേജുകളിലോ ഗ്രൂപ്പുകളിലോ ആകൃഷ്ടരാവുന്ന യുവാക്കളെ അവർ പോലുമറിയാത്തതരത്തിലുള്ള 'ബ്രയിൻവാഷിംഗ്' വഴിയാണ് തങ്ങളുടെ 'ഐഡിയോളജിയുടെ' ഉത്തമ ശിഷ്യൻമാരാക്കുക. ഗ്രൂപ്പുകളിലും പേജുകളിൽ പോസ്റ്റ് ആയും വീഡിയോ ലിങ്കുകളായും തങ്ങളുടെ ആശയങ്ങളെ സാധൂകരിക്കുന്ന രീതിയിൽ സത്യത്തെ വളച്ചൊടിച്ച് അവതരിപ്പിക്കാൻ കഴിവുള്ള 'ഫോട്ടോഷോപ്പിംഗ്' വിദഗ്ധരും ഐ.പി. അഡ്രസ് പോലും ഹാക്ക് ചെയ്യാൻ കഴിയുന്ന ഹാക്കർമാരും അടങ്ങുന്ന അതിബൃഹത്തായ ഇൻഫ്രാസ്ട്രക്ച്ചറാണ് ഇത്തരം സംഘങ്ങൾക്കുള്ളത്. പെയ്ഡ് കമന്റിംഗ് വഴി തങ്ങളുടെ പോസ്റ്റുകൾക്ക് കൂടുതൽ ആധികാരികത സൃഷ്ടിക്കാനും ഇവർക്ക് കഴിയുന്നു. പലതരത്തിലുള്ള ചതികളും ഇക്കൂട്ടർ തങ്ങളുടെ ഗ്രൂപ്പുകളിലോ പേജുകളിലോ പങ്കാളിത്തം വർദ്ധിപ്പിക്കാനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി ആകൃഷ്ടമായ പേരുകളിൽ ഇത്തരം സംഘങ്ങൾ ആദ്യം ഒരു ഫെയ്സ്ബുക്ക് ഗ്രൂപ്പോ പേജോ രൂപീകരിക്കും. ആ പേരിനോട് നീതി പുലർത്തുന്ന രീതിയിലുള്ള പോസ്റ്റുകളും വീഡിയോകളും ആദ്യകാലഘട്ടത്തിൽ ഷെയർ ചെയ്യുകയും ചെയ്യും. ഇതിൽ ആകൃഷ്ടരാകുന്നവർ തങ്ങളുടെ സുഹൃത്തുക്കളേയും ഇത്തരം ഗ്രൂപ്പുകളിൽ പങ്കാളികളാകാൻ ക്ഷണിക്കും. നിർദ്ദോഷമായ ഇത്തരം പ്രവർത്തനം വഴി ഗ്രൂപ്പിലെ അംഗബലം വർദ്ധിച്ചു എന്നുകണ്ടാൽ ഇതിന്റെ പിന്നിലെ യഥാർത്ഥ സംഘം അവ

രുടെ തന്ത്രത്തിന്റെ ആദ്യപടിയായി പതിയെ ഗ്രൂപ്പിൽ വരുന്ന കണ്ട ന്റിൽ അവരുടെ ഐഡിയോളജി ചേർക്കാൻ തുടങ്ങും. ഇത് വളരെ സാവധാനത്തിലും സൂക്ഷ്മതയിലുമാണ് ചെയ്യുക. സാധാരണ പോസ്റ്റു കൾക്കിടയിൽ രണ്ടുദിവസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ ഇത്തരം പോസ്റ്റുകൾ കൂടിയ ഷെയർ ചെയ്യുകയും ദീർഘകാലമായി ഗ്രൂപ്പ് അഡ്മിൻ അംഗങ്ങൾക്കിടയിൽ സമ്പാദിച്ച വിശ്വാസ്യതയെ ചൂഷണം ചെയ്ത് അവയെ സത്യമായി അവതരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ പതിയെ അത്തരം ഗ്രൂപ്പുകളിലെ അംഗങ്ങളെ അവരുടെ ഐഡിയോളജിയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്നു. മറ്റൊരു തന്ത്രമെന്നത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളിലേക്ക് തങ്ങ ളുടെ ആളുകളെ തിരുകിക്കയറ്റുകയും ചർച്ചകളെ തങ്ങളുടെ അജണ്ട ക്കനുസിർച്ച മാറ്റുകയുമെന്നതാണ്. വർഗീയമായ ചർച്ചകൾകൊണ്ട് പ്രസിദ്ധമായ ഫെയ്സ്ബുക്കിലെ 'റൈറ്റ് തിങ്കേഴ്സ്' (Right thinkers) എന്ന ഗ്രൂപ്പ് ഇതിനൊരുദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്.

ഇത്തരം പ്രതിലോമകരമായ പ്രവർത്തനങ്ങളെ പ്രതിരോധി ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും സൈബറിടത്തിൽ ധാരാ ളമായി നടക്കുന്നുണ്ട്. സാമ്പത്തിക-രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഒരു വിഭാഗം അക്ഷീണം സൈബറിടത്തിൽ വിഭാഗീയ പ്രവർത്തനം നട ത്തുമ്പോൾ മറുവശത്ത് ലാഭേച്ഛയില്ലാതെ സാമൂഹിക പ്രതിബന്ധത മാത്രം കൈമുതലാക്കി നടത്തുന്ന പ്രതിരോധങ്ങളെ പ്രോത്സാഹിപ്പി ക്കേണ്ടതാണ്.

**പൊതുമണ്ഡല നിർമിതിയും ജനാധിപത്യമൂല്യങ്ങളും**

ഇന്ത്യയെപ്പോലൊരു ജനാധിപത്യരാജ്യത്ത് പൊതുമണ്ഡല രൂപീകരണത്തിൽനിന്ന് മതേതരത്വത്തെ ഒഴിച്ചുനിർത്തുക സാധ്യമല്ല. പലവിധമായ ഭാഷകളുടേയും സംസ്കാരങ്ങളുടേയും ആകെത്തുക യായ ഇന്ത്യയെന്ന മഹാരാജ്യത്ത് 'മതേതരത്വം' എന്ന മൂല്യത്തിലധി ഷ്ഠിതമായ ഭരണഘടന തയ്യാറാക്കുക വഴി രാഷ്ട്രശില്പികളായ മഹാ ന്മാരും സാമൂഹ്യസഹവർത്തിത്വം തന്നെയാണ് വിഭാവന ചെയ്തിട്ടു ള്ളത്. വിഭജിച്ച് നിൽക്കുന്ന ഒരു രാജ്യത്തിനും പുരോഗതിയിലേക്ക് കാലെടുത്തു വയ്ക്കുക സാധ്യമല്ല. സമൂഹത്തെ വിഭജിക്കാൻ ശ്രമം നടത്തുന്നവർ ആത്യന്തികമായി രാജ്യത്തിന്റെ ശത്രുക്കളും അതുവഴി ലോകമാനവികതയുടേയും തന്നെ ശത്രുക്കളാണ് എന്ന സത്യമാണ് നാം മനസ്സിലാക്കേണ്ടത്. ഇത്തരം പ്രവണതകളെ സാമൂഹിക പൊതു മണ്ഡലത്തിലും സൈബറിടത്തിൽ രൂപമെടുക്കുന്ന പൊതുമണ്ഡല ത്തിലും ഒറ്റപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

മതേതരത്വമെന്നത് എല്ലാ മതങ്ങൾക്കും തുല്യപരിഗണന നൽകാനും ഇഷ്ടമുള്ള ഏതു മതവിശ്വാസമനുസരിച്ച് ജീവിക്കാനു

മുള്ള പൗരാവകാശമാണ്. ഇത്തരം മൂല്യം പിൻതുടരുന്ന ഒരു ജനാധിപത്യ രാജ്യത്തിൽ മതവിശ്വാസിയല്ലാത്ത ഒരാൾക്കും അതിനുള്ള വ്യക്തി സ്വാതന്ത്ര്യം അതത് ഭരണഘടനകൾ നൽകുന്നു. ഒരു പ്രത്യേക വർഗ ത്തിനോ, വർണത്തിനോ, മതവിഭാഗത്തിനോ സ്വയം അപ്രമാദിത്വം പ്രഖ്യാ പിക്കാൻ നൽകുന്ന അവസരം ആത്യന്തികമായി ജനാധിപത്യ സമൂ ഹത്തിന് ഭൂഷണമല്ല. അത്തരം പ്രവണതകൾ ജനാധിപത്യധ്വംസന ങ്ങളിലേക്കേ നയിച്ചിട്ടുള്ളൂ എന്നത് ചരിത്രം വ്യക്തമാക്കുന്നുണ്ട്.

**സൈബറിടത്തിലെ വിഭാഗീയതുടെ ദോഷവശങ്ങൾ**

സൈബറിടത്തിലെ വിഭാഗീയത സാമൂഹികജീവിതത്തിൽ പ്രതിഫലനമുണ്ടാക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. സൈബ റിടത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് സാമൂഹികമായി സൃഷ്ടി ക്കാൻ സാധിക്കുന്ന ചലനം 'ഡൽഹിയിലെ കൂട്ടബലാൽസംഗ'ത്തിനെ തിരായ പ്രതിഷേധങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചി ട്ടുണ്ട്. മുല്ലപ്പൂ വിപ്ലവം പോലെയുള്ള വിപ്ലവസമരങ്ങളും സൈബറിടം സാമൂഹികമായ ഇടപെടലുകൾക്ക് എത്രത്തോളം വഴിയൊരുക്കുന്നു എന്നതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ഇത്തരം സാഹചര്യങ്ങൾ നമുക്ക് മുന്നിലുള്ളതിനാൽത്തന്നെ സൈബറിടത്തിന് ജനങ്ങൾക്കിട യിൽ പ്രത്യേകിച്ച് യുവതലമുറയിൽ ചെലുത്താൻ കഴിയുന്ന സ്വാധീ നത്തെ മനസിലാക്കാൻ സാധിക്കും. സൈബറിടത്തിൽ മതേതരത്വ ത്തിനും ജനങ്ങൾക്കിടയിലുള്ള സൗഹാർദ്ദത്തിനും സംഭവിക്കുന്ന വിള്ളൽ അത്യന്തം ആശങ്കയോടെ വീക്ഷിക്കാൻ നമ്മെ പ്രാപ്തരാ ക്കുന്നതും അതാണ്.

സൈബറിടത്തിലെ വിഭാഗീയതയുടെ ആത്യന്തികമായ ദോഷ വശം എന്നത് പ്രതിലോമകരമായ ഐഡിയോളജികൾ പൊതുഇട ങ്ങളിൽ ആശ്വാസ്യകരമല്ലാത്ത രീതിയിൽ ചർച്ച ചെയ്യപ്പെടുന്നു എന്ന താണ്. ഇതര മതങ്ങളെ മോശക്കാരാക്കുന്ന പോസ്റ്റുകളും വീഡിയോ കളും യഥേഷ്ടം ഷെയർ ചെയ്യുക വഴി ഭിന്നിപ്പിന്റെ ഒരു തലം സാധാ രണക്കാരുടെ ഇടയിൽ സംജാതമാകുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഐസിസ് പോലെയുള്ള എക്സ്ട്രീമിസ്റ്റ് തീവ്രവാദ സംഘട നകളിലേക്ക് യുവാക്കളെ റിക്രൂട്ട്മെന്റ് ചെയ്യാനും സൈബറിടത്തിലെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ട്. ഇത്തരം ഐഡിയോളജികൾക്ക് യാതൊരുവിധ സ്വാധീനവുമില്ലാത്ത ബ്രിട്ടൻ പോലെയുള്ള യൂറോപ്യൻ രാജ്യ ങ്ങളിൽനിന്നുപോലും ഐസിസ് റിക്രൂട്ട്മെന്റ് നടത്തിയത് സൈബ റിടത്തിന്റെ സാധ്യതകളെ വിദഗ്ധമായി ഉപയോഗപ്പെടുത്തിയാണ്.

ഉത്തർപ്രദേശിലെ മുസാഫർ നഗറിലുണ്ടായ കലാപങ്ങളിലും സൈബറിടത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിയിട്ടുള്ളതായി

കാണാൻ സാധിക്കും. സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ച ഒരു വീഡിയോയാണ് മുസാഫർനഗറിൽ കലാപം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കാൻ കാരണമായത്. 2012-ലെ ആസാം കലാപത്തിനും പ്രധാന കാരണമായത് സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു ഫോട്ടോയും അനുബന്ധ പോസ്റ്റുമാണ്.

ഡൊണാൾഡ് ട്രംപിന്റെ മുസ്ലീം വിരുദ്ധ പരാമർശങ്ങൾ അമേരിക്കയിൽ മാത്രമല്ല ലോകം മുഴുവൻ ചർച്ചയായത് സൈബറിടത്തിന്റെ സാധ്യതകൾഉപയോഗപ്പെടുത്തിയാണ്. പല സങ്കുചിത ലക്ഷ്യങ്ങൾക്കായി പ്രസ്തുത പരാമർശത്തെ വിവിധ രീതിയിലാണ് ലോകത്തിന്റെ പല കോണുകളിൽ പ്രചരിപ്പിച്ചത്.

ഇത്തരം വിഭാഗീയ പ്രവണതകൾ തടയപ്പെടുന്നില്ലെങ്കിൽ ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയും അതുവഴി മാനവപുരോഗതിക്ക് തന്നെ ഭീഷണിയാവുകയും ചെയ്യും. കൂടുതൽ ബോധവൽക്കരണവും സൈബർ വിദ്യാഭ്യാസവും നൽകുന്നതുവഴി ഒരു പരിധിവരെ ജനങ്ങളെ ഇത്തരം പ്രവൃത്തികളിൽനിന്ന് പിൻതിരിപ്പിക്കാൻ സാധിക്കും. 'സൈബർ സർവൈലൻസും' (Cyber surveillance), 'സൈബർ നിയമങ്ങളും' കൂടുതൽ ശക്തമാക്കുക വഴി ഗവൺമെന്റുകൾക്കും ഇത്തരം പ്രവണതകളെ തടയാൻ സാധിക്കും.

**നർമവും സൈബറിടത്തിലെ വിഭാഗീയ ചിന്തകളും**

മതേതരത്വത്തിന് ഭീഷണിയാവുന്ന തരത്തിൽ വിഭാഗീയ ചിന്തകൾ സൈബറിടത്തെ ഉപയോഗപ്പെടുത്തുമ്പോൾ അതിനെതിരെ ഉയർന്നുവരുന്ന പ്രതിരോധങ്ങളിൽ 'നർമത്തിനു' പ്രഥമായ സ്ഥാനമുണ്ട്. ജനങ്ങളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുന്ന തരം പോസ്റ്റുകൾക്കു പോലും ബദലായി നർമം കലർത്തിയ കമന്റുകൾ നൽകുമ്പോൾ ലഭിക്കുന്ന സ്വീകാര്യത കാണിക്കുന്നത് ജനങ്ങൾക്കിടയിൽ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്ഥാനമുണ്ട് എന്നാണ്. കേരളത്തിലെ ഒരു കൂട്ടം അജ്ഞാതരായ സംഘപരിവാർ അനുയായികൾ ബംഗാളിലെ 'മാൾഡാ' കലാപത്തെ വർഗീയമായി ഉപയോഗപ്പെടുത്താൻ ശ്രമിച്ചതിനെ കേരളത്തിലെ സാധാരണക്കാരായ സൈബർ ഉപയോക്താക്ക ൾ പ്രതിരോധിച്ചത് നർമത്തെ ഉപയോഗപ്പെടുത്തിയാണ്. കേരളത്തിലെ പ്രമുഖ വാർത്താചാനലുകളുടെ ഫെയ്സ്ബുക്ക് പേജുകളിൽ ഏതു വാർത്തക്കു കീഴിലും സംഘപരിവാർ അനുയായികൾ കോപി പേസ്റ്റ് ചെയ്ത 'മാൾഡ മാൾഡ മാൾഡ, നിങ്ങളുടെ റിപ്പോർട്ടർമാരെ മാൾഡയിലേക്ക് അയക്കൂ, അവിടെ നിരപരാധികളായ ഹിന്ദുക്കളെ മുസ്ലീംഗങ്ങൾ കൂട്ടക്കൊല ചെയ്യുന്നു. അവിടെ നടക്കുന്നത് ലോകത്തെ അറിയിക്കൂ എന്ന തരത്തിലുള്ള പോസ്റ്റുകൾക്ക് കീഴിലായി നർമത്തിൽ കലർന്ന 'മാൾഡ

മാൾഡ മാൾഡ, ദയവുചെയ്ത് നിങ്ങളുടെ റിപ്പോർട്ടർമാരെ മാൾഡയിലേക്ക് അയക്കൂ. അവിടെ ബിരിയാണി കൊടുക്കുന്നുണ്ട്.' എന്ന കമന്റിന് ആയിരക്കണക്കിന് ലൈക്കുകൾ കിട്ടിയത് നർമത്തിന് ഇത്തരം പ്രവർത്തികളെ എപ്രകാരം ഫലപ്രദമായി പ്രതിരോധിക്കാം എന്നതിനെ ചൂണ്ടിക്കാണിക്കുന്നു.

ഡൊണാൾഡ് ട്രംപിന്റെ മുസ്ലീം വിരുദ്ധ പരാമർശങ്ങൾക്കെതിരെ പുരോഗമന മുസ്ലീം ചിന്തകനായ ഒമർഅമറും സൈബറിടത്തിൽ പ്രതിരോധിച്ചത് നർമത്തെ ഉപയോഗപ്പെടുത്തിയാണ്. അമേരിക്കക്കാരല്ലാത്ത മുസ്ലീങ്ങൾ പുറത്തുപോകണം എന്ന ട്രംപിന്റെ പ്രസ്താവനയ്ക്ക് പകരമായി, ശരീരം മുഴുവൻ മൂടുന്ന കറുത്ത പർദ്ദയണിഞ്ഞ മുസ്ലീം സ്ത്രീകളോട് 'നിങ്ങൾ ഇതു കേട്ടു വിഷമിക്കേണ്ട കാര്യമില്ല. നിങ്ങളെ കണ്ടാൽ മടക്കിവച്ച കുടയാണെന്നു വിചാരിച്ചോളും. ആരും പുറത്താക്കില്ല' എന്ന ഒമർ അമറിന്റെ പോസ്റ്റ് ലക്ഷക്കണക്കിനാളുകളാണ് ഷെയർ ചെയ്തത്.

ഇത്തരത്തിൽ നർമത്തെ ഫലപ്രദമായി സൈബറിടത്തിൽ ഉപയോഗപ്പെടുത്തിയാൽ എത്ര കടുത്ത വിഭാഗീയ ചിന്തയേയും ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കും എന്ന് മനസ്സിലാക്കാം.

**മതനിരപേക്ഷതയുടെ ഭാവി സൈബറിടത്തിൽ**

മതേതരത്വത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളാത്ത ഒരു ജനാധിപത്യസമൂഹത്തിന് മുന്നോട്ടുപോവുക സാധ്യമല്ല. മതേതരത്വ ആശയങ്ങളും സാമൂഹിക സഹവർത്തിത്വത്തിന്റെ ആവശ്യകതയും ജനങ്ങളിലേക്കെത്തിക്കാൻ കൂടുതൽ ഫലപ്രദമായ ഇടപെടൽ സൈബർ ലോകത്ത് ആവശ്യമുണ്ട്. ഇതിലേക്കുള്ള ആദ്യപടിയായി വേണ്ടത് സാധാരണ ജനങ്ങളിലേക്ക് 'സൈബർ സാക്ഷരത' എത്തിക്കുക എന്നതാണ്. സാമൂഹിക പൊതുമണ്ഡലത്തിൽനിന്നും കൂടുതൽ പങ്കാളിത്തം സൈബർ പൊതുമണ്ഡലത്തിലേക്ക് എത്തുമ്പോൾ ഫലപ്രദമായതും ആശയസംപുഷ്ടമായതുമായ സംവാദങ്ങൾക്ക് അത് വഴി തുറക്കും. അതുവഴി മതേതരത്വം പോലെയുള്ള മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സാധിക്കുന്ന സഹിഷ്ണുതാ മനോഭാവമുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കാൻ സാധിക്കും.

**ഉപസംഹാരം**

ചരിത്രാതീത കാലം മുതൽ ഇന്നുവരെയുള്ള മാനവസംസ്കാരത്തിന്റെ പുരോഗതി പരിശോധിച്ചാൽ സാഹോദര്യവും സഹവർത്തിത്വവും വഹിച്ച പങ്ക് നിസ്തുലമാണ്. യുദ്ധങ്ങളും കലാപങ്ങളും ഏൽപ്പിച്ച മുറിപ്പാടുകളിൽ നിന്ന് മുന്നോട്ടു കുതിക്കാൻ നമ്മെ സഹായിച്ചതും ഇത്തരം മൂല്യങ്ങളാണ്. വിവരസാങ്കേതിക വിപ്ലവത്തിന്റെ ഇന്നത്തെ കാലത്ത് മാനുഷികമൂല്യങ്ങൾക്ക് കോട്ടം തട്ടാതെ നോക്കേണ്ടത് അത്യാ

വശ്യമായിത്തീർന്നിരിക്കുന്നു. വിഭാഗീയതയുടെയും സ്വത്വവാദത്തിന്റേയുമൊക്കെ ഭീഷണി സൈബറിടങ്ങളിലും വ്യാപിക്കുമ്പോൾ മതേതരത്വത്തിന്റെ ഉൾക്കാമ്പിന് പോറലേല്പിക്കാതെ എപ്രകാരം കാത്തുസൂക്ഷിക്കാം എന്ന് ഈ പഠനം വിശദീകരിക്കുന്നു. ആശയസംവാദങ്ങളിലൂടെയും ബഹുജനപങ്കാളിത്തത്തിലൂടെയും സർക്കാർ ഇടപെടലിലൂടെയുമൊക്കെ പ്രതിലോമസാഹചര്യങ്ങളെ തരണം ചെയ്ത് ഒരു മതേതര മനസ് സൈബർ പൊതുമണ്ഡലത്തിലും സാധ്യമാക്കാം എന്നതും നിരീക്ഷണത്തിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

**ഗ്രന്ഥസൂചി**


1 ഷാജി ജേക്കബ്. *പൊതുമണ്ഡലവും മലയാളഭാവനയും*, കണ്ണൂർ: കൈരളി ബുക്സ്, 2014.

2. A Cyber- archaeology Approach to social movement research: Framework and case study, Zimbra, A. Abbasi, H.Chen.

3. Cyber Social Networks and Social Movements, Isoran Shangapour, Seidawan Hosseini, Hashem Hashem Nejad.

# സൈബർ മേഖലയിലെ ദൃശ്യാഖ്യാനങ്ങൾ

ജോസഫ് ടി.കെ.

മാനവവംശത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും വിവിധ മാനങ്ങൾ പരിശോധിച്ചാൽ ആശയവിനിമയപ്രക്രിയയുടെ നിരവധി ഘടകങ്ങൾ കണ്ടെത്താനാവും. പ്രാചീനമായ ആംഗ്യവിക്ഷേപങ്ങളിൽനിന്ന് ലിപിയിലുറച്ച ഇന്നത്തെ വാച്യചിഹ്നവ്യവസ്ഥയിൽ മാനവരാശി എത്തിയത് വിനിമയ നിർമ്മിതിയുടെ വ്യത്യസ്തഘട്ടങ്ങളിലൂടെയാണ്. വാമൊഴിയിൽനിന്ന് വരമൊഴി യിലേക്കുള്ള രൂപാന്തരം ശ്രദ്ധേയമാണ്. വരമൊഴിയുടെ പുനർനിർമ്മിതി എന്ന നിലയിൽ ദൃശ്യഭാഷാരൂപീകരണവും സാധ്യമായി. നവമാധ്യമം എന്ന വ്യവഹാരരൂപം ആശയവിനിമയ/ആശയാവിഷ്കാര പ്രക്രിയകളുടെ പുതുരൂപത്തെ അടയാളപ്പെടുത്തുന്നു.

ആശയരൂപീകരണം, അവയുടെ വിനിമയം എന്നീ ഘടകങ്ങളിൽ ഉണ്ടാവുന്ന നവത്വംനവമാധ്യമനിർമ്മിതിയെ സഹായിക്കുന്നുണ്ട്. ശാസ്ത്രീയ രംഗത്തുണ്ടാവുന്ന സാങ്കേതികാംശങ്ങൾ ഈ നവത്വത്തെ വളർത്തുന്നു. നവമാധ്യമസാക്ഷരത പ്രസ്തുത നവത്വത്തിന്റെ സവിശേഷതയാണ്. കാഴ്ചയിലും കേൾവിയിലും ജനിക്കുന്ന സർക്ഷാത്മകത നവമാധ്യമസാക്ഷരതക്ക് പിൻബലമായി നിൽക്കുന്നു. പങ്കുവയ്ക്കലിന്റെയും സ്വീകാര്യത്തിന്റെയും ഇടമായി നവമാധ്യമങ്ങൾ മാറി. ഇന്റർനെറ്റ് എന്ന അമൂർത്തമായ ആശയം നൽകിയ വേഗതയുടെ അന്തരീക്ഷത്തിൽ ലോകം ഒരു ആഗോളഗ്രാമ(Global Village)മായി തീർന്നു.

കാഴ്ചയുടെ കുത്തകവത്കരണത്തെ വിച്ഛേദിച്ചുകൊണ്ട് ആശയസ്വീകാര്യത്തിന്റെയും ദൃശ്യവിനിമയത്തിന്റെയും തുറന്ന ഇടങ്ങളെ സാധ്യമാക്കുന്നതിന് ഇന്റർനെറ്റ് അധിഷ്ഠിതമായ നവമാധ്യമങ്ങൾ സുപ്രധാന പങ്കാണ് വഹിച്ചത്. അതിൽത്തന്നെ വാട്ട്സ് ആപ്പും യൂട്യൂബും പുതിയ കാലത്തിന്റെ ആവേഗങ്ങൾക്കൊപ്പം സഞ്ചരിക്കുവാൻ സമൂഹത്തെ പ്രാപ്തമാക്കി. ബ്ലോഗുകൾ സാധ്യമാക്കിയ സ്വതന്ത്ര

പ്രസാധനം അതേ അനുപാതത്തിൽത്തന്നെ ദൃശ്യമേഖലയിലും സാധ്യമാക്കുവാൻ യൂടൂബിന്റെ കടന്നുവരവിന് അവസരമൊരുക്കി. തന്റെ സർക്ഷാത്മകത ലോകത്തോട് വിളിച്ചുപറയുവാൻ പുതുസാങ്കേതികവിദ്യയിലൂടെ, തുറന്ന അവസരങ്ങൾ നവമാധ്യമങ്ങൾ വ്യക്തിക്ക് നൽകി. വേഗതയാർന്ന നവസന്ദേശവിനിമയ ഉപാധി എന്ന നിലയിൽ വാട്ട്സ് ആപ്പ് സമൂഹത്തിനുള്ളിൽ ചെലുത്തിയ സ്വാധീനവും ശ്രദ്ധേയ മാണ്.

സമകാലികാവസ്ഥയിൽ നവമാധ്യമങ്ങളുടെ ഇടപെടൽ സമൂഹത്തിന്റെ ഘടനയിൽ വലിയ തോതിലുള്ള സ്വാധീനം ചെലുത്തുന്നുണ്ട്. ഈ സ്വാധീനവലയങ്ങൾ ഭാഷ, വ്യവഹാരം, സമൂഹം എന്നിങ്ങനെ എല്ലാ അടരുകളിലേക്കും അരിച്ചിറങ്ങിക്കൊണ്ടിരുന്നു. സൈബർ ജനാധിപത്യം കൂടുതലായി കാണപ്പെടുന്ന നവമാധ്യമങ്ങളിലെ പ്രധാനികളാണ് വാട്സ് ആപ്, യൂടൂബ് എന്നിവ. വ്യക്തിപരവും സാമൂഹികവുമായ ഇടപെടലുകൾ നവമാധ്യമങ്ങളിൽ സാധാരണയാണ്. ഇടപെടൽ സർവ്വസാധാരണമായതിന്റെ പിന്നിൽ വേഗത, തത്സമയ പ്രതികരണങ്ങൾ, സമയത്തിന്റെയും കാലത്തിന്റെയും പരിധികൾ വെല്ലുന്ന സാങ്കേതികത, കുറഞ്ഞ ചെലവ് എന്നീ ഘടകങ്ങൾ കാരണമാണ്.

നവമാധ്യമങ്ങളുടെ വളർച്ചയെ നിർണയിച്ച ഒരു പ്രധാന ഘടകമാണ് കുറഞ്ഞ ചെലവ് എന്നത്. ഏതാണ്ട് സൗജന്യമായിത്തന്നെ സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളും, ആപ്ലിക്കേഷനുകളും ഉപയോഗിക്കാൻ സാധിക്കുന്നു. ലോകത്തിന്റെയും മലയാളിയുടെയും കാഴ്ചാശീലത്തിൽ യൂടൂബ് എന്ന സോഷ്യൽ മീഡിയാ സൈറ്റ് വരുത്തിയ മാറ്റവും വാട്സ് ആപ് എന്ന ആപ്ലിക്കേഷൻ വഴി വിവര കൈമാറ്റങ്ങളുടെ നവീനമാർഗവും സവിശേഷ ശ്രദ്ധയാകർഷിക്കുന്നുണ്ട്.

**വാട്സ് ആപ്പിന്റെ ജനകീയത**

വാട്സ് ആപ്പിന്റെ ജനകീയത നിർണ്ണയിക്കുന്നത് ഇൻസ്റ്റന്റ് മെസേജിങ്ങിനുള്ള സാധ്യതയാണ്. ഇലക്ട്രോണിക് യുഗത്തിലെ വിവരകൈമാറ്റങ്ങളുടെ ഏറ്റവും നവീനമായ ആശയമായ ഇൻസ്റ്റന്റ് മെസേജുകൾ വഴി പല വിധ സന്ദേശങ്ങൾ കൈമാറാൻ സാധിക്കും. എസ്.എം.എസിന്റെ പരിമിതികളെ പാടെ ഇല്ലാതാക്കി ദൃശ്യശ്രാവ്യ ചിത്രീകരണങ്ങളും വെബ് ലിങ്കുകളും അയക്കാൻ ഇവിടെ സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ടെക്സ്റ്റ് എന്ന പരിമിതിയിൽനിന്ന് ബഹുമാധ്യമ അനുഭവം ഉണ്ടാക്കാൻ ഇൻസ്റ്റന്റ ് മെസേജുകൾക്കു സാധിക്കുന്നു.

മുഖാമുഖമുള്ള സംസാരം കഴിഞ്ഞാൽ ഇന്ന് വളരെ സജീവമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹികമാധ്യമമായി വാട്സ് ആപ്പ് മാറി ക്കഴിഞ്ഞു. ഇത്തരം നിർണ്ണായക ഇടപെടൽ വാട്സ്

ആപ്പിനെ കൂടുതൽ ജനകീയമാക്കി. വാട്സ് ആപ്പ് പോലുള്ള ഇൻസ്റ്റന്റ് മെസേജുകളുടെ ഈ പുതിയ കാലത്ത് നവമാധ്യമങ്ങളിലെ വമ്പന്മാരായിരുന്ന ഫേസ്ബുക്കും ഗൂഗിൾ പ്ലസു മെല്ലാം പഴഞ്ചന്മാരായിരിക്കുന്നു. മാധ്യമ പരിണാമദശയിലെ സവിശേഷമായ ഒരു കാലഘട്ടമായാണ് ഇത്തരം പുത്തൻ മാധ്യമങ്ങളുടെ ഇടപെടലുകൾ വിലയിരുത്തപ്പെടുന്നത്.

സ്വകാര്യത വാട്സ് ആപ്പിന്റെ ജനകീയതയ്ക്കുള്ള മറ്റൊരു കാരണമാണ്. വ്യക്തികളുടെ സ്വകാര്യതയ്ക്ക് നൽകന്ന ബഹുമാനം ഇവിടെ ശ്രദ്ധേയമാണ്. ഫേസ്ബുക്ക് പോലുള്ള സാമൂഹികമാധ്യമങ്ങൾ നിരന്തരമായി നാം ആരാണെന്നും എവിടെയാണെന്നും അറിയുകയും പറയുകയും ചെയ്യുന്നിടത്ത് ഒരു ഫോൺ നമ്പറിന്റെ മാത്രം വിവരകൈമാറ്റത്തിലൂടെ വാട്സ് ആപ്പ് ഉപയോഗിക്കാമെന്നത് ഈ മാധ്യമത്തെ ജനപ്രിയമാക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ തുറസുകളാണ് വാട്സ് ആപ്പ് പോലുള്ള ഇൻസ്റ്റന്റ് മെസേജിങ് ആപ്ലിക്കേഷനുകൾ നൽകുന്നത്.

ബഹുമാധ്യമസാധ്യതകൾ ഉപയോഗിച്ചുകൊണ്ടുള്ള നിരന്തരവും എളുപ്പത്തിലുമുള്ള സാമൂഹിക ഇടപെടലുകൾ സാധ്യമാക്കിത്തരുന്ന മാധ്യമമാണ് വാട്സ് ആപ്പ്. ഇതര സാമൂഹിക മാധ്യമങ്ങളിൽനിന്ന് വാട്സ് ആപ്പിനെ വേറിട്ടു നിർത്തുന്ന ഘടകവും ഇതാണ്. ഒരേ സമയം ഒന്നിലധികം ആളുകളുമായും എളുപ്പത്തിൽ തത്സമയം ഇടപെടാനും വാട്സ്ആപ്പ് അവസരമൊരുക്കുന്നുണ്ട്. സമൂഹമാധ്യമങ്ങളിലെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിലെ താരമാണ് വാട്സ് ആപ്പ്.

**യൂട്യൂബ് – കാഴ്ചാശീലത്തിന്റെ നവീനമാർഗം**

ലോകം കീഴടക്കിയ കാഴ്ചാശീലമായി ഇന്ന് യൂട്യൂബ് മാറിയിരിക്കുന്നു. ബ്രോഡ്കാസ്റ്റ് യുവേഴ്സെൽഫ്( Broadcast Yourself) എന്ന തലവാചകവുമായി ജനം കൂടുതൽ ആശ്രയിക്കുന്ന നവമാധ്യമമായി യൂട്യൂബ് എന്ന വീഡിയോ ഷെയറിംഗ് സൈറ്റ് മാറിയിരിക്കുന്നു. ഇന്റർനെറ്റിലേക്ക് വീഡിയോഭാഗങ്ങൾ കൂട്ടിച്ചേർക്കാനും മറ്റുള്ളവരുടെ മുമ്പിൽ അത് പ്രദർശിപ്പിക്കുവാനും സഹായിക്കുന്ന സംവിധാന മാണ് യൂട്യൂബ്.

മലയാളിയുടെ കാഴ്ചാശീലത്തിൽ യൂട്യൂബ് ചെലുത്തിയ സ്വാധീനം വലുതാണ്. അവനവൻ പ്രസാധകനും സംപ്രേക്ഷകനുമാവാനുള്ള ഇടം നൽകിയ നവമാധ്യമങ്ങൾ തങ്ങളുടെ പക്കലെത്തുന്ന അന്വേഷകരെ നിരാശരാക്കുന്നില്ല. യൂട്യൂബിന്റെ ഗവേഷണവിഭാഗമായ ടെസ്റ്റ്ട്യൂബ് (www.youtube. com/testtube) യൂട്യൂബിലെ പുതിയ സൗകര്യങ്ങളെക്കുറിച്ച് വിവരിക്കുകയും അഭിപ്രായം തേടുകയും ചെയ്യുന്ന ഇടമാണ്. ഉപയോക്താക്കൾക്ക് പുതുതായി വരാൻ പോകുന്ന യൂട്യൂബ് സൗകര്യങ്ങളെക്കുറിച്ച് വായിച്ചറിയാനുള്ള സൗകര്യവും അഭിപ്രായം രേഖപ്പെടുത്താനുള്ള വേദിയും ടെസ്റ്റ്ട്യൂബ് ഒരുക്കിത്തരുന്നുണ്ട്.

ദിനംപ്രതി കോടിക്കണക്കിന് മിനിറ്റ് വീഡിയോകളാണ് യൂടൂബിൽ സംപ്രേക്ഷണം ചെയ്യുന്നത്. ഇപ്രകാരം ലഭിക്കുന്ന വീഡിയോകളുടെ വിശ്വാസ്യതയും ചില സമയങ്ങളിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

യൂടൂബിലെ വീഡിയോകൾ സംബന്ധിച്ച നിരവധി സംശയങ്ങൾ ചില ഘട്ടങ്ങളിൽ ഉയർന്നുവരുന്നുണ്ട്. കൃത്രിമമായി നിർമ്മിക്കപ്പെട്ടവയാണോ ഇവ എന്ന് വിശകലനംചെയ്യാൻ ഇന്ന് കൃത്യമായ സംവിധാനങ്ങളില്ല. സെക്സ്, വയലൻസ്, മതവൈരം വളർത്തുന്ന വീഡിയോ ദൃശ്യങ്ങൾ എന്നിവ വിലക്കുകൾ ലംഘിച്ച് യൂടൂബിൽ പ്രത്യക്ഷപ്പെടുന്നതാണ് ഇതിൽ പ്രധാനം.ഇന്നസെന്റ ്സ് ഓഫ് മുസ്ലീംസ്എന്ന മുസ്ലീം വിരുദ്ധ സിനിമ യൂടൂബിലൂടെ പ്രചരിച്ചത് ഇതിന് ഉദാഹരണമാണ്. സിനിമയുടെ അവതരണത്തെ തുടർന്ന് അമേരിക്കൻവിരുദ്ധവികാരം ലോകമെങ്ങും ഉയരുകയും തുടർന്ന് നടന്ന കലാപത്തിൽ കുറെ ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. മാധ്യമസ്വാതന്ത്ര്യത്തിന്റെ പേരിൽ യൂടൂബിൽ എന്തും പ്രദർശിപ്പിക്കാം എന്നത് അപകടകരമാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

ദൃശ്യാഖ്യാനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഇടങ്ങളാണ് നവമാധ്യമങ്ങൾ. ദൃശ്യാഖ്യാനത്തെ ഇന്റർനെറ്റും മൊബൈൽഫോണും കൈകാര്യം ചെയ്യുന്നത് അതാത് മാധ്യമങ്ങളുടെ പൊതുസ്വഭാവത്തിനനുസരിച്ചാണ്. മൊബൈൽഫോൺ വ്യക്തിയുടെ കൈവെള്ളയിൽ ഒതുങ്ങിനിൽക്കുന്ന, വ്യക്തിയോട് ചേർന്നുനിൽക്കുന്ന ഉപയോഗ മാധ്യമമാണ്. അതുകൊണ്ടുതന്നെ വ്യക്തിയുടെ സ്വകാര്യതയ്ക്കും ഇടപാടുകൾക്കും അത് കാരണമാവുന്നു. മൊബൈൽഫോണിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന വർത്തമാനകാല വിനിമയവേദിയാണ് വാട്ട്സ് ആപ്പ്. ഇന്റർനെറ്റ് അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ വ്യക്തികളെ തമ്മിലും സമൂഹങ്ങളെ തമ്മിലും വിപുലമായ വലയത്തിനുള്ളിലാക്കുന്ന ആശയവിനിമയ ഉപാധിയാണ്. ഇന്റർനെറ്റിന്റെ നിരവധിയായ വിനിമയ രീതികളിലൊന്നാണ് യൂടൂബ്. യൂടൂബിന്റെ ഏറ്റവും വലിയ സാധ്യതയും പ്രസക്തിയും അതിന്റെ ദൃശ്യാഖ്യാനത്തിനുള്ള ഇടമാണ്.

ഭാഷ എന്ന നിലയിൽ വാട്ട്സ് ആപ്പിലെയും യൂടൂബിലെയും ദൃശ്യാഖ്യാനങ്ങളെ നിർണയവിധേയമാക്കുമ്പോൾ ആഖ്യാനത്തിന്റെയും ആസ്വാദനത്തിന്റെയും ബഹുസ്വരതയാണ് വെളിവാകുന്നത്. ദൃശ്യാഖ്യാനത്തിൽ വരുന്ന ഭാഷയ്ക്ക് അർത്ഥവ്യാപ്തി നൽകുന്നവയിൽ സ്ഥലത്തിനും കാലത്തിനുമൊപ്പം അതിൽ പ്രത്യക്ഷപ്പെടുന്ന ചലനാത്മകമായ ദൃശ്യങ്ങൾക്കും പശ്ചാത്തലസംഗീതത്തിനും നിർണ്ണായകമായ സ്ഥാനമാണ് ഉള്ളത്. നിറം, ചലനം, വീക്ഷണദിശ, അവതരിപ്പിക്കുന്ന സംഭവം അഥവാ കാണിക്കുന്ന ദൃശ്യസമുച്ചയം തുടങ്ങിയവ ഭാഷയുമായി ബന്ധ

പ്പെട്ട് രൂപീകരിക്കുന്ന അർത്ഥത്തിന്റെ തുടർച്ച സൃഷ്ടിക്കുന്നു. ദൃശ്യാഖ്യാനത്തിന്റെ ഭാഷയെ വിലയിരുത്തുമ്പോൾ മാധ്യമസാക്ഷരതയിലൂടെ നേടിയെടുത്ത, അല്ലെങ്കിൽ മാധ്യമവിനിമയത്തിലൂടെ സ്വായത്തമാക്കിയ ഭാഷാജ്ഞാനം പ്രസക്തമാണ്. ഭാഷാനുഭവം തീവ്രവും തീക്ഷ്ണവുമാകുന്നത് അവതരിപ്പിക്കുന്ന ആശയത്തിന്റെ പ്രസക്തിയനുസരിച്ചാണ്. ആശയത്തിന്റെ പ്രസക്തി കാലത്തോടും അവസ്ഥയോടും ബന്ധപ്പെട്ടു നിൽക്കുന്നു. മദ്യനിരോധനചർച്ച തീവ്രമായിരിക്കുന്ന കാലഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട ആഖ്യാനങ്ങൾക്ക് പ്രസക്തിയുണ്ട്. ചുംബനസമരവുമായി ബന്ധപ്പെട്ടും, ജീൻസിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടും ഫേസ്ബുക്കിലും യൂടൂബിലും വന്ന ദൃശ്യാഖ്യാനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടത് ആ ആശയങ്ങളുടെ കാലികപ്രസക്തികൊണ്ടു കൂടിയാണ്.

വർത്തമാനകാലത്തോട് സംവദിക്കുന്ന ദൃശ്യാഖ്യാനങ്ങളാൽ സമൃദ്ധമാണ് വാട്ട്സ് ആപ്പും യൂടൂബും. ഇതുതന്നെയാണ് ഇത്തരം മാധ്യമങ്ങളെ ജനപ്രിയമാക്കാനുള്ള കാരണവും. പ്രതികരണത്തിന്റെ രീതിക്കും കാലാനുസൃതമായി മാറ്റം സംഭവിക്കുന്നു. നാൽക്കവലയിൽ സംഘം ചേർന്ന് രൂപീകരിക്കുന്ന ഒരു പ്രതികരണാവസ്ഥയിൽനിന്നും മാധ്യമകേന്ദ്രീകൃതമായ ഇടങ്ങളിലൂടെ (വാട്ട്സ് ആപ്പ്, യൂടൂബ്, ഫേസ്ബുക്ക്, ടിറ്റർ, വൈബർ തുടങ്ങിയവ) പ്രതികരിക്കുന്ന ഒരു സൈബർ ഇടത്തിലേക്ക് സമൂഹം സഞ്ചരിച്ചെത്തി. ഇവിടെ വ്യക്തിയുടെ അസാന്നിധ്യത്തിലും ആശയം മൂർത്തസാന്നിധ്യമാകുന്ന സവിശേഷമായ അവസ്ഥ സംജാതമാകുന്നു. ആശയരൂപീകരണകേന്ദ്രത്തേക്കാൾ കൂടുതൽ പ്രാധാന്യം ആശയത്തിനും ആശയസ്വീകരണമേഖലക്കും കൈവരുന്നു.

വേഗത ഈ ആശയവിനിമയമാർഗത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. ദൃശ്യങ്ങളെയും അവസ്ഥകളെയും വ്യക്തികളെയും പ്രതിരൂപങ്ങളാക്കി ലോകത്തിന്റെ ഏതു കോണിലേക്ക് എത്തിക്കുവാനും ഈ മാധ്യമങ്ങൾക്ക് നിമിഷാർദ്ധങ്ങൾ മതി. ഇവിടെ സവിശേഷമായ ഭാഷാരൂപീകരണമാണ് ഇത്തരം ദൃശ്യാവിഷ്കാരങ്ങളിലൂടെ സംഭവിക്കുന്നത്. ദൃശ്യങ്ങളെ പ്രതിരൂപങ്ങളായി രേഖപ്പെടുത്തിക്കഴിഞ്ഞാൽ അവയെ മോർഫ് ചെയ്തും ആനിമേഷനിലൂടെ കൂട്ടിച്ചേർക്കലുകൾ വരുത്തിയും സമയത്തിന്റെയും ചലനത്തിന്റെയും അവസ്ഥകൾക്ക് മാറ്റം വരുത്തിയും പുതിയൊരു കലാസൃഷ്ടിയാക്കി മാറ്റാനുള്ള സാധ്യതയുണ്ട്. യഥാർത്ഥത്തിൽ ഈ അവസ്ഥ ദൃശ്യരൂപീകരണത്തിന്റെ പുതിയൊരു ആഖ്യാനമാണ് വെളിപ്പെടുത്തുന്നത്.

**വാട്ട്സ് ആപ്പിലെ ചിത്രീകരണങ്ങൾ**

സംവേദനശീലങ്ങളിലെ പുതിയ കണ്ണിയായ വാട്ട്സ് ആപ്പ് വർത്തമാനകാലാവസ്ഥയുടെ സവിശേഷതകളെ ആർജ്ജിച്ചെടുത്ത

നവമാധ്യമമാണ്. സംവാദങ്ങൾ, സ്വാഭിപ്രായങ്ങൾ, കടങ്കഥകൾ, വിമർശനങ്ങൾ, പരിഹാസങ്ങൾ, പൊങ്ങച്ചങ്ങൾ, അറിവുകൾ, വൈകാരികതകൾ എന്നിങ്ങനെ വാട്ട്സ് ആപ്പിലുടെ വിനിമയംചെയ്യപ്പെടുന്ന വ്യവഹാരങ്ങൾ ഭാഷയെ പുനഃക്രമീകരിക്കുന്നു. ചിത്രങ്ങൾ, സംഭാഷണങ്ങൾ, ലിഖിതങ്ങൾ, ദൃശ്യങ്ങൾ എന്നിവയുടെ സംയോജനത്തിലൂടെ ഒരു നവഭാഷ സൈബർ ഇടത്തിൽ വാട്ട്സ് ആപ്പ് ഒരുക്കുന്നു.

വാട്ട്സ് ആപ്പിന്റെ ജനകീയതയെ കൂടുതൽ വേരുറപ്പിക്കുന്നത് അതിന്റെ ദൃശ്യാഖ്യാനത എന്ന സവിശേഷതയാണ്. ഇതിലൂടെ ഒരുക്കുന്ന ദൃശ്യാഖ്യാന ങ്ങൾക്ക് വർത്തമാനകാല കേരളീയാന്തരീക്ഷത്തിന്റെ പുതുമയുണ്ട്. വാട്ട്സ് ആപ്പിലൂടെ വിനിമയംചെയ്യുന്ന ചിത്രീകരണ (വീഡിയോ) ങ്ങളെ പഠനസൗകര്യാർത്ഥം വിജ്ഞാനം, വിനോദം, സാമൂഹികം എന്ന് മൂന്നായി വർഗീകരിച്ചിരിക്കുന്നു. തെരഞ്ഞെടുത്ത ഏതാനും ചിത്രീകരണങ്ങളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

**വിജ്ഞാനം**

വിജ്ഞാനസംബന്ധിയായ പല വിവരങ്ങളും വാട്ട്സ് ആപ്പ് എന്ന നവമാധ്യമത്തിലൂടെ ഉത്പാദിപ്പിച്ചെടുക്കുകയും വിനിമയ വിധേയമാവുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസവുമായ ബന്ധപ്പെട്ട ദൃശ്യാഖ്യാനങ്ങൾ, വാർത്തകൾ, ന്യൂമെറിക്കൽ ആർട്ട് എന്നിവ വിജ്ഞാനഗണത്തിൽ ഉൾപ്പെടുന്ന ദൃശ്യാഖ്യാന ങ്ങളാണ്. വിദ്യാഭ്യാസമേഖലയിലെ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ക്ലാസുകളും, ക്ലാസുകളുടെ ഭാഗമായി രൂപീകൃതമാവുന്ന ദൃശ്യാഖ്യാനമാതൃകകളും ചർച്ചകളും വിനിമയം ചെയ്തു വരുന്നു. മുഖ്യധാരാമാധ്യമങ്ങളിൽ ചർച്ചക്ക് വിധേയമാവാത്ത പല പ്രാദേശികവാർത്തകളും വാട്ട്സ് ആപ്പിൽ വിഷയമായി വരുന്നു. ബോധവത്കരണരീതിയിലുള്ള വീഡിയോ ക്ലിപ്പുകളും വിജ്ഞാനസംവേദനത്തിനുള്ള മാധ്യമമാണ്.

വിദ്യാലയത്തിൽ താഴ്ന്നതലം മുതൽ ആലപിച്ചുവരുന്ന ദേശീയഗാന (ഭാരതം)ത്തിന്റെ അർത്ഥതലങ്ങളെ ദൃശ്യസൂചനകളുടെ അകമ്പടിയോടെ ആഖ്യാനംചെയ്യുന്ന ഒരു വീഡിയോയുടെ ആഖ്യാനരീതിയാണ് ഇവിടെ ആദ്യം ചർച്ചചെയ്യുന്നത്. നാല് കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയപരിസരത്ത് കുട്ടികളിലൂടെ ദേശീയഗാനത്തിന്റെ ആംഗലേയ ാഷാർത്ഥം ചിത്രീകരിച്ചിരിക്കുന്നു.

"YOU ARE THE ruler of our minds
God of India's Destiny
Your Name Inspires
Punjab, Sindh, Gujarath, Marath

Dravida, Orissa, Bengal
It Echoes in
Vindyas Himalaya
Yamuna Ganga
It's Chanted by Indian Ocean
For Your Blessing
Sing Your Praise
Our Protection is in Your Hands
God of India's Destiny
May You Get Victory Victory Victory"




കാഴ്ചയിലൂടെ ആശയഗ്രഹണം സാധിക്കുക എന്ന തന്ത്രമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ദേശീയഗാനത്തിലെ വരികൾക്കനുസരിച്ച് പശ്ചാത്തല ക്രമീകരണം സൃഷ്ടിക്കാനും ശ്രമിച്ചിട്ടുണ്ട്. കാഴ്ചയിൽ രൂപീകൃതമാവുന്ന ജ്ഞാനനിർമ്മിതി ഇവിടെ സംജാതമാകുന്നു. കാഴ്ചയും കേൾവിയും കേന്ദ്രീകൃതമായി പ്രവർത്തിക്കുവാൻ സഹായിക്കുന്ന ഇത്തരം ദൃശ്യാഷാനിർമ്മിതി കൾ നവമാധ്യമങ്ങളുടെ പ്രത്യേകതയാണ്. ദേശീയോദ്ഗ്രഥനം വളർത്തുക, ദേശീയചിന്ത ഉണർത്തുക എന്നിവയോടൊപ്പം അർത്ഥസംവേദനവും ഇവിടെ സാധിക്കുന്നു.

**വിനോദം**

വാട്ട്സ് ആപ്പ് പോലുള്ള സാമൂഹികശൃംഖലാമാധ്യമങ്ങളിലൂടെ ഏറ്റവും കൂടുതൽ വിനിമയ വിധേയമാവുന്നത് വിനോദപ്രദാനങ്ങളായ

ദൃശ്യാഖ്യാനങ്ങളാണ്. ഹാസ്യരൂപത്തിലുള്ളവ, അബദ്ധങ്ങൾ, കാർട്ടൂണുകളിലൂടെയുള്ള നർമ്മങ്ങൾ എന്നിങ്ങനെ വ്യത്യസ്ത രീതികളിൽ നർമ്മം ഉത്പാദിപ്പിക്കപ്പെടുന്നു. അബദ്ധരൂപത്തിലുള്ള ദൃശ്യാഖ്യാനങ്ങൾക്കു പ്രേക്ഷക പങ്കാളിത്തം കൂടുതലാണ് എന്ന വസ്തുത ശ്രദ്ധേയമാണ്. വാർത്ത വായിക്കുമ്പോൾ സംഭവിച്ച അബദ്ധങ്ങൾ, കല്യാണ വീട്ടിൽ മണവാളന് സംഭവിച്ചത്, വാഹനയാത്രയ്ക്കിടയിൽ സംഭവിച്ചത്, കായികമത്സരങ്ങൾക്കിടയിലുള്ളത്, മൃഗങ്ങൾക്ക് പറ്റിയത് എന്നിങ്ങനെ അബദ്ധദൃശ്യങ്ങൾക്ക് അനേകം മേഖലകളുണ്ട്. ഈ ഗണത്തിൽപ്പെടുത്താവുന്ന, വാട്ട്സ് ആപ്പിലൂടെ പ്രചരിച്ച ശ്രദ്ധേയമായ ഒരു വീഡിയോ ആണ് ഒരു അറബി ഒട്ടകത്തിന്റെ മുകളിൽ എങ്ങനെ കയറുന്നു എന്ന് ആവിഷ്ക്കരിച്ചിരിക്കുന്ന ചിത്രീകരണം. അറബി ഒട്ടകപ്പുറത്ത് കയറുന്ന വീഡിയോയിൽ മലയാളത്തിലുള്ള ശബ്ദലേഖനം കൂട്ടിച്ചേർത്തിരിക്കുന്നു.




“ആദ്യം വലത്തേ കാൽ എടുത്ത് വെയ്ക്കുക, എന്നിട്ട് നേരെ ഇരിക്കുക, എന്നിട്ട് ഒട്ടകത്തെ എണീപ്പിക്കുക...” ഇപ്രകാരമുള്ള ശബ്ദസൂചനകളിലൂടെ ഒട്ടകപ്പുറത്തു കയറാൻ ശ്രമിക്കുകയും താഴെ വീഴുകയും ചെയ്യുന്ന ദൃശ്യം വിനോദം പ്രദാനംചെയ്യുന്നു. അറബിനാട്ടിലെ മൃഗമാണ് ഒട്ടകം. അറബിക്ക് പോലും ഒട്ടകത്തിന് മുകളിൽ കയറുവാനറിയില്ല എന്ന പരിഹാസം പരോക്ഷമായി ഈ ദൃശ്യാഖ്യാനത്തിലൂടെ പ്രകടമാകുന്നു.

നാടൻപാട്ടുകൾ, ചലച്ചിത്രതാരങ്ങൾ കഥാപാത്രങ്ങളായി വരുന്ന വീഡിയോകൾ, രാഷ്ട്രീയനേതാക്കളുടെ കാർട്ടൂണുകൾ എന്നിവ വാട്ട്സ് ആപ്പിലൂടെ പ്രചരിക്കുന്നുണ്ട്. ജീവൻ ടീവിയിൽ സംപ്രേക്ഷണം ചെയ്യുന്ന മാമുക്കോയ നായകനായി വരുന്ന ‘ഗഫൂർക്കാ ദോസ്ത്’, ‘ടിന്റുമോൻ ജോക്സ്’ എന്നീ കാർട്ടൂണുകൾ ഇത്തരത്തിൽ സംവേദനം ചെയ്യുന്നവയാണ്.

**സാമൂഹികം**

വിജ്ഞാനവും വിനോദവും മാത്രമല്ല, സാമൂഹികപരമായ ഇട പെടലുകളും വാട്ട്സ് ആപ്പ് എന്ന നവമാധ്യമരൂപത്തിലൂടെ സാധ്യമാവുന്നുണ്ട്. നമ്മുടെ പൊതു സാമൂഹിക സാംസ്കാരിക രാഷ്ട്രീയമണ്ഡല ങ്ങളിൽ നടക്കുന്ന സമകാലിക പ്രശ്നങ്ങളെ/വിവാദങ്ങളെ ആക്ഷേപ ഹാസ്യം കലരുന്ന രീതിയിൽ വിമർശിക്കുകയും പ്രതികരണവിധേയ മാക്കുകയും ചെയ്യുന്ന സജീവ ഇടമായിത്തീർന്നിരിക്കുന്നു വാട്ട്സ് ആപ്പ് അടക്കമുള്ള സാമൂഹികമാധ്യമങ്ങൾ തീർക്കുന്ന സൈബർ പൊതുമ ണ്ഡലങ്ങൾ.

സാമൂഹിക പ്രതികരണമെന്ന നിലയിൽ, ഭക്ഷണം പാഴാക്കുന്ന തിനെതിരെ ചിത്രീകരിക്കപ്പെട്ട ദൃശ്യാഖ്യാനം വിനിമയ വിധേയമായ ഒരു വീഡിയോ ആണ്.




"മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന്
താങ്കൾ കണ്ടുവോ?
അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്,
പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ
പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ"

ഇപ്രകാരമുള്ള ലിഖിതവ്യാഖ്യാനങ്ങളോടൊപ്പം ദരിദ്ര-സമ്പന്ന ബാല്യ ങ്ങളുടെ ചിത്രങ്ങളും അവസ്ഥയും ഭക്ഷണരീതികളും ഇടകലർത്തി യുള്ള ദൃശ്യാവിഷ്കാരരീതിയിലൂടെ വിമർശനത്തിന്റെ മറ്റൊരു തലം ഉരുത്തിരിയുന്നു. നാം ദിനംപ്രതി പാഴാക്കിക്കളയുന്ന ഭക്ഷണം അമൂ ല്യമാണെന്നും അത് പാവപ്പെട്ടവന് ഒരു നേരത്തെ അത്താണിയാ ണെന്നും ദൃശ്യസൂചനകളിലൂടെ ഈ വീഡിയോ വ്യക്തമാക്കിത്തരുന്നു.

## വാട്ട്സ് ആപ്പിലെ ചിത്രാഖ്യാനങ്ങൾ

വാട്ട്സ്ആപ്പ് അവതരിപ്പിക്കുന്ന ദൃശ്യാഖ്യാനത്തിന്റെ വൈവിധ്യം വലുതാണ്. വ്യത്യസ്തങ്ങളായ ഇടങ്ങളിൽ നിന്ന് വിവിധങ്ങളായ ദൃശ്യാഖ്യാനമാതൃകകൾ വാട്ട്സ് ആപ്പിലൂടെ അതിവേഗം പ്രചരിക്കുന്നുണ്ട്. ചിത്രങ്ങൾ, ചിത്രീകരണങ്ങൾ, ശബ്ദലേഖനങ്ങൾ, ലേഖനരൂപങ്ങൾ, പേരും ഫോൺ നമ്പരും ഉൾപ്പെടുന്ന കോൺടാക്ട് ഫയൽ കൂടാതെ വാട്ട്സ്ആപ്പിലുള്ള ലഘുചിഹ്നങ്ങൾ (Icons, Emotions) എന്നിവയും കൈമാറ്റം ചെയ്യുന്നു. ഇവയിൽ ചിത്രങ്ങളുടെ ആഖ്യാനമാതൃകകളെ വിശകലനം ചെയ്ത് പരിശോധിക്കുന്നു.

നിശ്ചലചിത്രങ്ങളായി പ്രചരിക്കുന്നവ പല വിഭാഗങ്ങളിൽപെട്ടവയാണ്. രൂപീകൃതമാവുന്ന ഇടവും കാലവും ചിത്രാഖ്യാനത്തിന് വിഷയമാവുന്നുണ്ടണ്ട്. പ്രചരിച്ച ചിത്രങ്ങളിൽനിന്നും തെരഞ്ഞെടുത്തവയാണ് ഇവിടെ വിശകലനംചെയ്യുന്നത്. വാർത്താചിത്രങ്ങൾ, ബോധവൽക്കരണം, പത്രക്ലിപ്പുകൾ, നർമ്മം (ആനുകാലികം), പ്രചോദനാത്മക ചിന്തകൾ, നുറുങ്ങുകഥകൾ, വിശേഷ ദിനാശംസകൾ, ജീവിത യാഥാർത്ഥ്യങ്ങൾ, കുസൃതിക്കണക്കുകൾ, ചലച്ചിത്രരംഗം, കൗതുക ചിത്രങ്ങൾ, അറിയിപ്പുകൾ (നോട്ടീസ്), ആക്ഷേപഹാസ്യം, ആനുകാലികം, കാർട്ടൂണുകൾ, വാർത്താപത്രിക എന്നീ വിഭാഗങ്ങളിലായാണ് ചിത്രങ്ങളെ ഇവിടെ പഠനവിധേയമാക്കുന്നത്.

### വാർത്താചിത്രങ്ങൾ

ദിനപത്രത്തിന്റെ മാതൃകയിൽ വാർത്തകളെ ഉൾപ്പെടുത്തി ഒരു ചിത്രമായി ഇവിടെ കൈമാറ്റം ചെയ്യുന്നു. ഓരോ വാർത്തക്കും ചേർന്ന ചിത്രങ്ങളും ചേർത്തിട്ടുണ്ട്. വിദ്യാഭ്യാസം, അഴിമതി, വിപത്ത്, സംഘട്ടനം, പരിസ്ഥിതി, രാഷ്ട്രീപ്രശ്നങ്ങൾ, സ്പോർട്സ് തുടങ്ങി വിവിധ മേഖലകളിലെ വാർത്തകൾ ഉൾക്കൊള്ളിച്ച് ഓരോ മേഖലയിലും ഉള്ളവരെ ആകർഷിക്കുന്ന രീതിയിൽ ചിത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നു. പ്രധാന വാർത്തകൾ തലക്കെട്ടുകളായി മാത്രം നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.



വാട്സ് ആപ്പ് ന്യൂസ്‌വെയർ (ണവമമ്യൈ ചലംണൈ്യല) എന്ന വാട്സ് ആപ്പ് ന്യൂസ്പേപ്പറിന്റെ ദൃശ്യമാണ് മുകളിൽ നൽകിയിരിക്കുന്നത്. വേറിട്ട ആഖ്യാനത്തിലൂടെ വിനിമയം ചെയ്യുന്ന അറിവിടങ്ങൾക്ക് ഒരു ഉദാഹരണമാണിത്. വെറുമൊരു ചിത്രം എന്നതിലുപരി പൊതുജനസ്വീകാര്യമായ വാർത്താവിശേഷങ്ങൾ ഇവിടെ സ്വീകരിച്ചിരിക്കുന്നു. വാർത്ത എന്നത് വിപണന വസ്തുവാകുന്നു. ആ സാധ്യതകൾ കൂടി ഇവിടെ ഉപയോഗിക്കുന്നുണ്ട്. മനുഷ്യൻ ഒരു സാമൂഹികജീവി ആണ്. ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ നിമിഷംപ്രതി അറിയാനുള്ള ആവേശം ഈ ചിത്രലിഖിതാഖ്യാനത്തിനു പിന്നിലുണ്ട്.

## മനുഷ്യബന്ധത്തിന്റെ തീവ്രത പ്രകടിപ്പിക്കുന്ന ചിത്രങ്ങൾ

മനുഷ്യബന്ധങ്ങളുടെ പവിത്രതയും മാതൃസ്നേഹത്തിന്റെ പ്രസക്തിയും വെളിപ്പെടുത്തുന്ന ചിത്രമാണ് ചുവടെ നൽകിയിരിക്കുന്നത്.




മനുഷ്യന്റെ വൈകാരികതയെയും ബുദ്ധിയെയും സ്വാധീനിക്കുന്ന രീതിയിലാണ് ചിത്രങ്ങളും ലിഖിതക്കുറിപ്പുകളും നൽകിയിരിക്കുന്നത്. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം വൈകാരികത എന്നതിനപ്പുറം പവിത്രമായ രക്തബന്ധം കൂടിയാണ്. ഒരു വ്യക്തിക്ക് തന്റെ അമ്മയോടുള്ള കടമയും ഉത്തരവാദിത്വവും പരോക്ഷമായി ചിത്രീകരിക്കുന്ന ചിത്രാഖ്യാനമാണിത്.

രണ്ട് ചിത്രങ്ങളിലൂടെ അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം വ്യക്തമാക്കിത്തരുന്നു. തുടർന്ന് ശാസ്ത്രീയമായ അറിവും ഇവിടെ പങ്കുവെയ്ക്കുന്നു. ഈ ശാസ്ത്രീയതയുടെ പിൻബലത്തിൽ അമ്മയും കുഞ്ഞും തമ്മിലുള്ള രക്തബന്ധവും അതിലൂടെ വ്യക്തിക്ക് തന്റെ മാതാവിനോടുള്ള ഉത്തരവാദിത്വവും ഈ ചിത്രാഖ്യാനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. പ്ലീസ് ഷെയർ (Please Share) എന്ന നിർദ്ദേശത്തിൽ എല്ലാവരിലും ഈ ചിത്രം എത്തണം എന്ന ചിന്തയും ഇവിടെ പങ്കുവെയ്ക്കുന്നുണ്ടണ്ട്.

**പത്രത്തിലെ ക്ലിപ്പുകൾ**

അച്ചടിമാധ്യമങ്ങളിൽ പ്രധാനിയാണ് ദിനപത്രങ്ങൾ. പത്ര മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ എല്ലാവരിലും എത്തുക പ്രയാസ മാണ്. സവിശേഷ ശ്രദ്ധ അർഹിക്കുന്ന വാർത്താക്കുറിപ്പുകളുടെ ഫോട്ടോ മൊബൈൽഫോണിൽ എടുത്ത് വാട്ട്സ് ആപ്പിലൂടെ കോൺ ടാക്ട് ലിസ്റ്റിലുള്ളവർക്ക് അയച്ചുകൊടുക്കാനാവും.


വിഷമാണ്
ആ ചായയും കാപ്പിയും
Mathrubhumi News.. Ethnic Health Court
-ടി.വി. കൃഷ്ണൻ, പയ്യന്നൂർ.
Ethnic Health Court

'വിഷമാണ് ആ ചായയും കാപ്പിയും' എന്ന തലക്കെട്ടിൽ മാതൃ ഭൂമി പത്രത്തിൽ വന്ന വാർത്തയുടെ ക്ലിപ്പാണിത്. എത്നിക് ഹെൽത്ത് കോർട്ട് (Ethnic Health Court) എന്ന ഗ്രൂപ്പാണ് ചിത്രം അയച്ചതിനു പിന്നിൽ. ട്രെയിൻ യാത്രക്കിടയിൽ വാങ്ങുന്ന ചായയും കാപ്പിയും എപ്രകാരമാണ് ചില ട്രെയിനുകളിൽ പാചകംചെയ്യുന്നത് എന്നതാണ് ചിത്രത്തിലെ വിഷയം. പാചകം ചെയ്യുന്നതിലെ അപാകതയും അതി ലൂടെ ഉണ്ടാകുന്ന അപകടവും പൊതുജനസമക്ഷം കൊണ്ടുവരുകയും അതിലൂടെ ബോധവത്ക്കരണം നൽകുകയുമാണ് ഇ വ്യത്യസ്ത വിഷ യങ്ങൾ ഉൾക്കൊള്ളുന്ന നിരവധി ചിത്രീകരണങ്ങൾ വാട്ട്സ് ആപ്പ് വഴി വിനി മയ വിധേയമാവുന്നുണ്ട്. മതചിന്തകൾ ഉൾക്കൊള്ളുന്ന പ്രസംഗങ്ങൾ,

രാഷ്ട്രീയപ്രസംഗങ്ങൾ, പരസ്യങ്ങൾ, കുടുംബ വിശേഷങ്ങൾ, ജീവിത മുഹൂർത്തങ്ങൾ ഇങ്ങനെ നിരവധി ആഖ്യാനമാതൃകകൾ സുലഭമാണ്. ഇവയൊക്കെ വാട്ട്സ് ആപ്പിലൂടെ വിനിമയ വിധേയമാകുമ്പോൾ അവ സംവേദനം ചെയ്യുന്ന ജ്ഞാനനിർമ്മിതിയും നവഭാഷാരൂപീകരണവും നവമാധ്യമങ്ങളുടെ സംഭാവനയാണ്.

**ദൃശ്യാഖ്യാനങ്ങൾ യൂടൂബിൽ**

കൺമുമ്പിൽ തെളിയുന്ന കാഴ്ചകൾ ദൃശ്യവത്ക്കരിക്കുകയും പ്രദർശന വസ്തുവാക്കുകയും ചെയ്യുന്ന ശീലം നവമാധ്യമങ്ങളിലൂടെയാണ് കൂടുതലായും സാമാന്യജനത്തിലെത്തിയത്. സിനിമകളിലും ടെലിവിഷനിലും തെളിയുന്ന ദൃശ്യങ്ങൾ കൃത്യമായ തിരക്കഥകളിലൂടെയും സെൻസറിംഗിനു വിധേയമാക്കിയും ആണ് ആവിഷ്ക്കരിക്കുന്നത്. ആവിഷ്ക്കാരസ്വാതന്ത്ര്യം പൂർണമായും ഉപയോഗിക്കാനാവാത്ത ഇത്തരം സാഹചര്യങ്ങളിൽനിന്നും വ്യക്തിക്ക് മോചനം നൽകിയ നവമാധ്യമങ്ങൾ സ്വാതന്ത്ര്യത്തിന്റെ പുതുവഴികൾ അവന് തുറന്നുകൊടുത്തു. അവനവൻ പ്രസാധകനും സംപ്രേക്ഷകനുമായ നവഇടങ്ങളിൽ പുത്തൻ കാഴ്ചാശീലം ഉദയംചെയ്തു. കാലങ്ങളായി പരിചയിച്ചുപോന്ന ആസ്വാദനശീലങ്ങൾ തകർത്തുകൊണ്ട് കടന്നുവന്ന യൂടൂബ് എന്ന നവമാധ്യമം കാഴ്ചവച്ച കാഴ്ചാശീലം സംപ്രേക്ഷണത്തിന്റെയും ആസ്വാദനത്തിന്റെയും പുത്തൻ രുചിക്കൂട്ടുകൾ ദിനംപ്രതി അവതരിപ്പിക്കുന്നുണ്ട്.

വേറിട്ട കാഴ്ചാശീലമാണ് യൂടൂബ് ആസ്വാദകന് പകർന്നു നൽകിയത്. യൂടൂബിന്റെ സൈറ്റിലേക്ക് ദിനംപ്രതി കൂട്ടിച്ചേർക്കുന്ന ചിത്രങ്ങളും ചിത്രീകരണങ്ങളും ആസ്വാദകനിലേക്ക് നേരിട്ടെത്തുകയും സ്വാഭിപ്രായം കുറിക്കാൻ അവന് അവസരം ലഭക്കുകയും ചെയ്യുന്നു. എഡിറ്റോറിയൽ നിയന്ത്രണങ്ങളുള്ള പത്ര-ദൃശ്യമാധ്യമങ്ങളിൽനിന്നും ഉപയോക്താക്കൾ നയിക്കുന്ന ഇന്റർനെറ്റിന്റെ ആശയവിനിമയമേഖലകളിലൊന്നായ യൂടൂബിലെത്തുമ്പോൾ ആഖ്യാനത്തിന്റെയും ആസ്വാദനത്തിന്റെയും നവീനമാർഗങ്ങൾ കാണാനാവുന്നു. വ്യത്യസ്ത വിഷയങ്ങളിൽ വിവിധങ്ങളായ ധാരാളം ചിത്രീകരണങ്ങൾ ഇന്ന് യൂടൂബിൽ ലഭ്യമാണ്.

**വിജ്ഞാനം**

ആസ്വാദനത്തോടൊപ്പം വിജ്ഞാനം ഉത്പാദിപ്പിക്കുകയും അത് വിനിമയവിധേയമാക്കുകയും ചെയ്യുന്ന ദൃശ്യാനുഭവങ്ങൾ യൂടൂബിൽ ലഭ്യമാണ്. അറിവ് വിനിമയംചെയ്യുന്ന ഇത്തരം ഇടങ്ങളിൽ ദൃശ്യാഖ്യാനത്തിനും പ്രസക്തിയുണ്ട്. വിജ്ഞാനദായകമായ ദൃശ്യാഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ദൃശ്യങ്ങളിലെ ഭാഷ വിനിമയംചെയ്യുന്നത് അറിവനുഭവങ്ങളാണ്. ആഖ്യാനമികവുകൊണ്ടും ദൃശ്യഭാഷകൊണ്ടും

വിജ്ഞാന വിഭാഗത്തിൽപ്പെടുന്ന ചിത്രീകരണങ്ങൾ ശ്രദ്ധ നേടുന്നുണ്ട്. കാഴ്ചയും കേൾവിയും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുമ്പോൾ ചിത്രീകരണത്തിൽ തെളിയുന്ന ദൃശ്യഭാഷയുടെ ആഴം വലുതാവുന്നു. അതുകൊണ്ടു കൂടിയാണ് വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറായത്. കേൾവിയോടൊപ്പം കാഴ്ചയും ഇത്തരം അറിവിടങ്ങൾക്ക് സഹായകരമായി വർത്തിക്കുന്നു.

വിജ്ഞാനം ആഖ്യാനംചെയ്യുന്ന വിഭാഗത്തിൽപ്പെട്ട ദൃശ്യാനുവ ങ്ങളാണ് ഇവിടെ പഠനവിധേയമാക്കിയത്. ഫോട്ടോഗ്രഫി പഠനം എപ്രകാരം ലളിതമാക്കാം എന്നതാണ് വീഡിയോ (https://www.youtube.com/watch? v=6LtuODnaCco). ഫോട്ടോഗ്രഫിയുടെ വിവിധങ്ങളായ പ്രത്യേകതകൾ ദൃശ്യഭംഗിയുള്ള പ്രകൃതിയെ പശ്ചാത്തലമാക്കി അവതരിപ്പിക്കുന്നു. മാധ്യമം മലയാളമാണ്. കാമറകളുടെ ചരിത്രം ലളിതമായി അവതരിപ്പിച്ചുകൊണ്ടാണ് ക്ലാസ് ആരംഭിക്കുന്നത്. ചോദ്യങ്ങൾ സ്വയം ചോദിച്ചുകൊണ്ട് പാഠാവതരണം നടത്തിയിരിക്കുന്നു.




വിജ്ഞാനപ്രദമായ അറിവുകൾ നൽകുന്ന ഇത്തരം ദൃശ്യാനുഭവങ്ങൾ പങ്കുവയ്ക്കുന്ന കാഴ്ചയുടെ ഇടം ശ്രദ്ധേയമാണ്. ആഖ്യാനത്തിലെ പ്രത്യേകത, കാഴ്ചയുടെയും കേൾവിയുടെയും പുത്തൻ ജ്ഞാനനിർമ്മിതി, പങ്കുവയ്ക്കാനും അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ എന്നിവ രേഖപ്പെടുത്താനും ഉള്ള തോന്നൽ സൃഷ്ടിക്കൽ തുടങ്ങിയവ ഇപ്രകാരമുള്ള നിർമ്മിതികൾ സൃഷ്ടിക്കുന്നു. വാമൊഴി, വരമൊഴി എന്നിവയിൽനിന്നും ദൃശ്യാഖ്യാനത്തിന്റെ നവീനാനുഭവം സംപ്രേക്ഷകനും സ്വീകർത്താവിനും ഇവിടെ ലഭ്യമാകുന്നു. മേൽപ്രസ്താവിച്ച രണ്ട് ദൃശ്യാഖ്യാനങ്ങളും ജ്ഞാനനിർമ്മിതിയുടേതാണ്. അവതരണരീതിയിലെ മേന്മയും ഇവിടെ ശ്രദ്ധ അർഹിക്കുന്നു. ഇപ്രകാരമുള്ള ധാരാളം ദൃശ്യാഖ്യാനങ്ങൾ യൂടൂബിൽ ലഭ്യമാണ്. കാഴ്ചയിടത്തിന്റെ ഇത്തരം പുത്തൻ ആഖ്യാനാനുഭവങ്ങൾ ഒരു പുതിയ ദൃശ്യഭാഷ സംജാതമാക്കുന്നു.

**വിനോദം**

വിനോദത്തിന്റെ മേഖലയിൽ ദൃശ്യാനുഭവങ്ങൾ നൽകുന്ന പ്രാധാന്യവും പ്രസക്തിയും ശ്രദ്ധ അർഹിക്കുന്നു. അവനവൻ സംപ്രേ

ക്ഷകനാകാനുള്ള അവസരം ലഭിച്ചതോടെ യൂടൂബ് വിനോദാഖ്യാന പ്രധാനമായ ദൃശ്യചിത്രീകരണങ്ങളുടെ സൂപ്പർ മാർക്കറ്റ് ആയി മാറി. കാര്യഗൗരവമുള്ളതും അല്ലാത്തതുമായ നിരവധി ദൃശ്യാഖ്യാനങ്ങൾ ഇവിടെ ലഭ്യമാണ്. ദൃശ്യഭാഷക്കാണ്. ഇവിടെ പ്രാധാന്യം. ഇത്തരത്തിലുള്ള കാഴ്ചയനുഭവത്തിലൂടെ കടന്നുപോവുന്ന ഒരാൾക്ക് കേൾവിയുടെ പരിമിതിയിൽനിന്നും മോചനം ലഭിക്കുന്നു. കാഴ്ചയും കേൾവിയും യോജിക്കുമ്പോൾ ഉ ാവുന്ന ആസ്വാദനത്തിന്റെ നവ്യാനുഭവം ഇത്തരം ദൃശ്യാഖ്യാനങ്ങളുടെ പ്രത്യേകതയാണ്.

വിനോദാഖ്യാനപ്രദാനങ്ങളായ ചിത്രീകരണങ്ങൾക്ക് പഠന സൗകര്യാർത്ഥം സിനിമകൾ, കായികമത്സരങ്ങൾ, നർമ്മം, അമളികൾ എന്ന വിജനമാണ് സ്വീകരി ച്ചിരിക്കുന്നത്. സിനിമകളുടെ ഒരു വൻശേഖരമാണ് യൂടൂബിലുള്ളത്. വിവിധ രാജ്യങ്ങളിലെ വ്യത്യസ്തഭാഷകളിലും സംസ്കാരങ്ങളിലുമുള്ള ധാരാളം സിനിമകൾ ഇവിടെ സുലഭമാണ്. വിപണിയിൽ ലഭ്യമല്ലാത്ത സിനിമകൾപോലും യൂടൂബിൽ കാണാവുന്നതാണ്. മലയാളത്തിലെ ക്ലാസിക് സിനിമകൾ മുതൽ പുതു സിനിമകൾ വരെ ഇവിടെ സുലഭമാണ്.

ആദ്യകാലസിനിമകളായ പഞ്ചതന്ത്രവും(https://www. youtube.com/ watch?v=rYUKMYMFD38) ഭക്തഹനുമാനും (https:/ /www.youtube.com /watch?v=EpL ZQQMYkqc) ക്ലാസിക് സിനിമാ വിഭാഗത്തിൽപ്പെട്ടവയാണ്. ഇവ നൽകുന്ന കാഴ്ചയനുഭവം ചലച്ചിത്ര സ്നേഹികൾക്കും പഠിതാക്കൾക്കും ഉപകാരപ്രദമാണ്.







**രാഷ്ട്രീയം**

രാഷ്ട്രത്തെ സംബന്ധിക്കുന്ന ദൃശ്യാഖ്യാനങ്ങൾ യൂടൂബിൽ ലഭ്യമാണ്. ഓരോ രാഷ്ട്രത്തിനും സ്വന്തമായ പൈതൃകവും സംസ്കാരവുമു ്. അത് ആ രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുന്നു. ഓരോ രാഷ്ട്രത്തെക്കുറിച്ചും അറിയാനും പഠിക്കാനും യൂടൂബ് സഹായിക്കുന്നു. ജീവിതരീതി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അധികാരഘടന, പ്രധാനസംഭവങ്ങൾ ഇങ്ങനെ രാഷ്ട്രത്തെ ആധികാരികമായി സമീപി

ക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ ഇവിടെ ലഭ്യമാണ്. പലതും ആധികാരികപഠനങ്ങളാണ്. ചരിത്രപരമായ പ്രത്യേകതകളും ഇത്തരം ദൃശ്യങ്ങൾ വിനിമയം ചെയ്യുന്നു ്. ഓരോ രാഷ്ട്രവും രൂപപ്പെട്ടുവന്നതും അതിനു പിന്നിൽ പ്രവർത്തിച്ച മനുഷ്യ/മനുഷ്യേതര ഘടകങ്ങളുംരാഷ്ട്ര പഠനത്തിന്റെ ഭാഗമാവുന്നു.

ഭാരതത്തെക്കുറിച്ചുള്ള ദൃശ്യാഖ്യാനങ്ങൾ യൂടൂബിൽ ലഭ്യമാണ്. ഭാരതത്തിന്റെ സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായ പ്രത്യേകതകൾ വ്യക്തമായി അവതരിപ്പിക്കുന്ന ചിത്രീകരണങ്ങൾ ചരിത്രവിദ്യാർത്ഥികൾക്കും ചരിത്രാന്വേഷകർക്കും ഗുണകരമാണ്. അവ വിനിമയംചെയ്യുന്ന അറിവിടങ്ങൾ യൂടൂബ് പോലുള്ള നവമാധ്യമങ്ങൾ പ്രോത്സാഹിപ്പിക്കുന്നു ്. അതിനുള്ള തെളിവാണ് ഇത്തരം ദൃശ്യാഖ്യാന സംപ്രേക്ഷണങ്ങൾ.

ഒരു ജനാധിപത്യ രാഷ്ട്രമാണ് ഭാരതം. ജനങ്ങളാണിവിടെ പ്രധാന ഘടകം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് ഭരണ രംഗത്ത് വരുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഭാരതത്തിന്റെ ജനാധിപത്യപ്രക്രിയ അഥവാ രണാധികാരികളെ തെരഞ്ഞെടുക്കൽ ഒരു വലിയ പ്രക്രിയയാണ്. അതായത് വോട്ടെടുപ്പിലൂടെ ഓരോ ദേശത്തെയും അധികാരികളെ നിർണ്ണയിക്കുന്നു. വോട്ടെടുപ്പിന് ഓരോ വ്യക്തിയും തന്റെ പേര് വോട്ടർപട്ടികയിൽ ചേർക്കേതു ്. ഒരു കാലത്ത് ഗവൺമെന്റ് ഓഫീസുകളിലൂടെ നിശ്ചിത സമയത്ത് മാത്രമേ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അനുവാദം ഉ ായിരുന്നുള്ളു. എന്നാൽ ഇന്ന് ഇന്റർനെറ്റ് സൗകര്യമുള്ളിടത്ത് നിന്നും ഓൺലൈനായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കും.

'How to Apply for Voter ID Card Online in INDIA – Election Commission in India' (https://www.youtube.com/watch?v=mexdHI90S7M) എന്ന വീഡിയോ എങ്ങനെ ഓൺലൈനായി വോട്ട് ചെയ്യാനുള്ള തിരിച്ചറിയൽ കാർഡ് ലഭ്യമാക്കാം എന്ന് വിശദീകരിക്കുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതോടൊപ്പം തിരിച്ചറിയൽ കാർഡും ആവശ്യമാണ്. ചിത്രീകരണത്തിൽ ഉപയോഗിച്ചിരിക്കുന്ന മാധ്യമം ഇംഗ്ലീഷ് ആണ്.



ലളിതവത്കരണത്തിന്റെ ഒരവസ്ഥയെ ഈ വീഡിയോ ആഖ്യാനം ചെയ്യുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ പോയി ക്യൂ നിന്ന് അധ്വാനവും സമയവും പാഴാക്കി ചെയ്തിരുന്ന ഒരു പ്രവൃത്തി സ്മാർട്ട ്ഫോൺ/കമ്പ്യൂട്ടർ ഉപയോഗിച്ച് സ്വയമായി ചെയ്യാം എന്നത് ഒരു നവ മാധ്യമ സാധ്യതയാണ്. ഈ ലളിതവത്കരണം സാമാന്യജനത്തിലെ ത്തണമെങ്കിൽ ഇത്തരം ദൃശ്യാഖ്യാനങ്ങൾ ആവശ്യമാണ്. ലളിതമായ ആഖ്യാനത്തിലൂടെ ഒരു ഗൗരവപ്രവൃത്തിയെ, അതായത് ഒരു പൗരന്റെ കടമയെ വ്യക്തമാക്കിത്തരുന്നു.

**സാമൂഹികം**

സാമൂഹികമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി വീഡിയോകൾ യൂടൂബിൽ ലഭ്യമാണ്. അച്ചടി-ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ തിരസ്ക്കരിക്കുന്ന വിഷയങ്ങൾ സെൻസറിംഗിനു വിധേയമാകാതെ അതേപടി യൂടൂബിന്റെ വിശാലമായ തലത്തിലെത്തുന്നു. പൊതുതാല്പര്യമുള്ള വിഷയങ്ങൾ (Citizen Journalism) ചിത്രീകരിക്കുകയും അത് പ്രദർശിപ്പിക്കുകയും ചെയ്യുമ്പോൾ സാമൂഹികമായ ഇടപെടലുകൾ ഇവിടെ നടക്കുന്നു. വേഗത, സർക്ഷാത്മകത, ദൃശ്യബോധം എന്നീ ഘടകങ്ങൾ ഇത്തരം ദൃശ്യാഖ്യാനങ്ങളുടെ പ്രചരണത്തെ സഹായിക്കുന്നവയാണ്. പൊതുജനശ്രദ്ധ അർഹിക്കുന്ന വിഷയങ്ങളെ ചിത്രീകരിച്ച് വേഗത്തിൽ ലോകത്തിലെവിടെയും എത്തിക്കാൻ ഇവിടെ സാധിക്കുന്നു. സർക്ഷാത്മകതയിലുറച്ച യാഥാർത്ഥ്യം അവ പ്രദാനംചെയ്യുന്നുണ്ടെങ്കിൽ അത്തരം വീഡിയോകൾ ജനശ്രദ്ധ ആകർഷിക്കുകതന്നെ ചെയ്യും.

കടിഞ്ഞാൺ പിടിച്ചുള്ള കുതിരപ്പുറത്തെ യാത്രയെ അനുസ്മരിപ്പിക്കുന്ന അംഗചലനങ്ങളാണ് 2012 ജൂലൈ മാസത്തിൽ പുറത്തിറങ്ങിയ 'ഗന്നം സ്റ്റൈൽ' (Gangnam Style) എന്ന ഗാനത്തിന്റെ കാതൽ. സോളി ലെ ഗന്നം ജില്ലയിലെ പുത്തൻപണക്കാരെ കളിയാക്കുന്ന ഗാനമാണ് ഇതെന്ന് നവമാധ്യമങ്ങളിലൂടെ വ്യക്തമാവുകയും ചെയ്തു. ദൃശ്യാഖ്യാനങ്ങളിൽ കടന്നു വരുന്ന ആക്ഷേപഹാസ്യങ്ങളും സാമൂഹികവിമർശനങ്ങളും അടങ്ങിയ ഇത്തരം വീഡിയോകൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നു. സൈബർ ജനാധിപത്യത്തിന്റെ ഈ പൊതുമണ്ഡലത്തിൽ നടക്കുന്ന സാമൂഹിക ഇടപെടലുകൾ പലതും ആഖ്യാനമികവ് പുലർത്തുന്നവയാണ്.

വർത്തമാനകാലാവസ്ഥയിൽ നടക്കുന്ന സാമൂഹികമാറ്റങ്ങൾ ദൃശ്യാഖ്യാനങ്ങൾക്ക് വിഷയമാകാറുണ്ട്. യാഥാർത്ഥ്യങ്ങളെ അതേപടി അവതരിപ്പിക്കുന്ന വീഡിയോകളുണ്ട്. എന്നാൽ ആശയസ്വീകരണത്തിലൂടെ പ്രത്യക്ഷമായും പരോക്ഷമായും വിഷയാവതരണം നടത്തുന്ന

വയും ഉണ്ട്. അത്തരത്തിലുള്ള ഒരു ദൃശ്യാഖ്യാനമാണ് ഏഷ്യാനെറ്റ് ന്യൂസി(മലയാളം)ൽ സ്ഥിരമായി വരുന്ന 'മുൻഷി' എന്ന പരിപാടി. മുൻഷിയുടെ എപ്പിസോഡുകൾ യൂടൂബിൽ ലഭ്യമാണ്.

'Munshi on Balakrishnapilla Issue on UDF 27th March 2015' (https://www.youtube.com/watch?v=y1nMmPU1NJ0) എന്ന ദൃശ്യാഖ്യാനത്തിൽ രാഷ്ട്രീയരംഗത്തെ ഏറ്റക്കുറച്ചിലുകൾ ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്നു. വീഡിയോയിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളുടെ വേഷവും ഭാഷാരീതിയും ആഖ്യാനപ്രത്യേകതകളാണ്. വ്യത്യസ്ത രാഷ്ട്രീയപാർട്ടികളെ പ്രതിനിധാനംചെയ്യുന്ന കഥാപാത്രങ്ങൾ വിനിമയംചെയ്യുന്ന ദൃശ്യഭാഷ സാമൂഹിക വിമർശനവും ആക്ഷേപഹാസ്യവും പ്രചരിപ്പിക്കുന്നുണ്ട്.




കേരളത്തിലെ വർത്തമാനകാലാവസ്ഥയിൽ നടക്കുന്ന അനുഭവങ്ങളാണ് 'മുൻഷി'എന്ന ദൃശ്യാഖ്യാനത്തിന് പശ്ചാത്തലമായി വരുന്നത്. ഇവിടെ വിനിമയവസ്തുവാകുന്ന വിഷയത്തിന് യോജിച്ച ദൃശ്യപശ്ചാത്തലവും ഉൾപ്പെടുത്തിയിട്ടുണ്ട്. കഥാപാത്രങ്ങളുടെ സംഭാഷണവും വിഷയത്തെ സജീവമായി നിർത്താൻ സഹായിക്കുന്നവയാണ്. സ്വീ കർത്താവിന് മടുപ്പ് തോന്നിക്കാത്ത വിധത്തിൽ മൂന്നു മിനിട്ടിൽ താഴെ ദൈർഘ്യമുള്ള ഈ ദൃശ്യാവതരണം യൂടൂബിലെ ആഖ്യാനമികവുകളിലൊന്നാണ്.

**ദേശീയം**

'ദേശീയത' എന്ന ഘടകം ഓരോ രാഷ്ട്രത്തെ സംബന്ധിച്ചും പ്രാധാന്യ മർഹിക്കുന്ന ഇടമാണ്. ചരിത്രം, സ്മാരകങ്ങൾ, വ്യക്തികൾ, ഭരണഘടന, സംസ്കാരങ്ങൾ എന്നിവ ദേശീയതയുടെ പൂരകങ്ങളാണ്. ഓരോ രാജ്യത്തിനും തനതായ ദേശീയസ്വഭാവം ഉണ്ട്. ഭാരതത്തെ സംബന്ധിച്ചിടത്തോളം ദേശീയതയെ പൂരിപ്പിക്കുന്ന നിരവധി ഘടക

ങ്ങൾ ഉണ്ട്. സ്വാതന്ത്ര്യസമര സ്മാരകങ്ങൾ, രാജഭരണകാലത്തെ അപൂർവ്വശേഷിപ്പുകൾ/നിർമ്മിതികൾ, സംസ്കാരവൈവിധ്യം, ജനാധിപത്യപ്രക്രിയ തുടങ്ങിയ ഘടകങ്ങൾ ഉദാഹരണങ്ങളാണ്.

ഭാരതത്തിന്റെ 'ദേശീയത'യെ അപഗ്രഥിക്കുന്ന ഒരാൾക്ക് ആ ജ്ഞാനനിർമ്മിതിക്കാവശ്യമായ ധാരാളം റഫറൻസ് യൂടൂബിൽനിന്ന് കണ്ടെത്താനാവും. പലകാലങ്ങളിലായി വ്യത്യസ്ത വിഷയങ്ങളിൽ വിവിധങ്ങളായ ദൃശ്യാഖ്യാനങ്ങൾ ഇവിടെ ലഭ്യമാണ്. ഇവയിൽ രൂപപ്പെട്ടുവരുന്ന അറിവടയാളങ്ങൾ കണ്ടെത്തുക എളുപ്പമാണ്. ഇത്തരത്തിൽ ശ്രദ്ധേയമായ ചലനദൃശ്യങ്ങളാണ് സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സംപ്രേക്ഷണം ചെയ്തിരിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരം 1857–1947 (Indian Independence Struggle 1857-1947) എന്ന വീഡിയോ ദൃശ്യം (https://www.youtube.com/watch?v=lrPptVXH w3k).




ചിത്രങ്ങളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 1857 മുതലുള്ള യുദ്ധചിത്രീകരണങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ബ്രിട്ടീഷ് ഭരണകൂടമായിരുന്നു എതിരാളി. വന്ദേമാതരം എന്ന ദേശഭക്തിഗാനത്തിന്റെ ഉപകരണസംഗീതം പശ്ചാത്തലസംഗീതമായി ഉപയോഗിച്ചിരിക്കുന്നു. ദൃശ്യത്തിലെ വിവരങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ അടിക്കുറിപ്പായി നൽകിയിരിക്കുന്നു. ചരിത്രപഠിതാക്കളുടെ ആവശ്യങ്ങളെ നിറവേറ്റുന്ന രീതിയിലാണ് ഈ ചിത്രീകരണാഖ്യാനം പൂർത്തിയാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ദേശീയസമരങ്ങളുടെ നേർദൃശ്യങ്ങളും എഡിറ്റ്ചെയ്ത ചിത്രീകരണങ്ങളും യൂടൂബ് സംവേദനംചെയ്യുന്നുണ്ട്.

ഭാരതീയ സ്വാതന്ത്ര്യസമരങ്ങൾ ബ്രിട്ടീഷ് അധിനിവേശത്തിൽനിന്നും രാജ്യത്തെ സ്വതന്ത്ര്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചവ ആയിരുന്നു. 1947 ആഗസ്റ്റ് 15-ന് ലഭിച്ച സ്വാതന്ത്ര്യം മേൽവിവ

രിച്ച തരത്തിലുള്ള സ്വാതന്ത്ര്യസമരങ്ങളുടെ ഫലമാണ്. ഭാരതത്തിന് സ്വാതന്ത്ര്യം നൽകുന്ന ചടങ്ങിന്റെ ദൃശ്യവത്കരണം യൂടൂബിൽ ലഭ്യ മാണ്. ഓരോ ഭാരതീയനും അഭിമാനിക്കാവുന്ന മുഹൂർത്തം പ്രദാനം ചെയ്യുന്ന ഈ അപൂർവ്വദൃശ്യങ്ങൾ വിനിമയംചെയ്യുന്ന ചരിത്രജ്ഞാനം ശ്രദ്ധേയമാണ്.

**സഹായഗ്രന്ഥങ്ങൾ**


ആദർശ്, വി.കെ. *ഇനി വായന ഇ-വായന*. കോട്ടയം: ഡി.സി.ബുക്സ്, 2009.

ദിനേശ്, വർമ്മ. *ഇടവും വലവും കീഴടക്കുന്ന മൊബൈൽആപ്പുകൾ.* ദേശാഭിമാനി വാരിക ആഗസ്റ്റ് 17, 2014.

ദിലീപ്, വി.കെ.*അതിരുവിടുന്ന ആത്മാനുരാഗം.* ദേശാഭിമാനി വാരിക ഒക്ടോബർ, 2014.

ബിമിനിത്, ബി.എസ്. *വൈറൽമാർക്കറ്റിങ്:കളിയും കെണിയും*. മാതൃഭൂമി ആഴ്ചപ്പതിപ്പ് മെയ്, 2013.

മാനുവൽ, കെ.ജോസ്. *നവമാധ്യമങ്ങൾ ഭാഷ സാഹിത്യം സംസ്കാരം*. കോട്ടയം: നാഷണൽ ബുക്സ്, 2014.

രമേഷ്, വരുൺ. *വിപ്ലവംവിതയ്ക്കുന്ന ഇൻസ്റ്റന്റ് മെസേജുകൾ.* മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒക്ടോബർ 21, 2014.

രാമചന്ദ്രൻ നായർ, പന്മന. *മാധ്യമ പഠനങ്ങൾ*. കോട്ടയം: കറന്റ് ബുക്സ്, 2009.

വേണുഗോപാൽ, കെ.എം. "*ആപ്പ്ജലധിയിൽ കൗമാരഭാവന*". ഭാഷാപോഷിണി ഏപ്രിൽ, 2014.

# കേരളീയ സൈബർസമൂഹവും ആപ്പുകളും

അനൂപ് കെ. ആർ

ഇന്റർനെറ്റിന്റെയും ഡിജിറ്റൽ വിവരവിനിമയത്തിന്റെയും സാങ്കൽപ്പിക സ്ഥലരാശിയാണ് സൈബർ ലോകം. പ്രതീതിയാഥാർത്ഥ്യത്തി(Virtual Reality)ന്റേതായ സൈബർലോകം കഴിഞ്ഞകാല ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ഭിന്നമായ അനുഭവ പരിസരമാണ് അനുനിമിഷം രൂപപ്പെടുത്തിയെടുക്കുന്നത്. പ്രതീതിയായി നിലനിൽക്കുമ്പോഴും നമുക്ക് അത് യാഥാർത്ഥ്യമായി അനുഭവപ്പെടുകയും ചെയ്യുന്നു. ആഗോളവത്കരണാനന്തര സാമൂഹിക സാംസ്കാരികാന്തരീക്ഷത്തിൽ പ്രതീതിയാഥാർത്ഥ്യം എന്നത് ഒരു വ്യക്തി പ്രാദേശികമായി ജീവിതം നയിക്കുമ്പോൾ തന്നെ വിശ്വപൗരത്വത്തിലേക്ക് ഉണർത്തിയെടുക്കുന്നതിന് അനുകൂലമായ അനുഭവമണ്ഡലം രൂപപ്പെടുത്തിയെടുത്തു. 21–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ കേരളീയ ഗ്രാമങ്ങൾ സൈബർ ശൃംഖലയുടെ പരിധിക്കകത്തായി. തുടർന്നുള്ള കാലയളവ് സൈബർ സാക്ഷരതയുടെ അനിവാര്യതയിലേക്ക് നമ്മെ കൊണ്ടെത്തിച്ചു. സാങ്കേതികവിദ്യ നമ്മുടെ നിത്യജീവിതത്തിന്റെ എല്ലാ മേഖലകളേയും ഗണ്യമായ തോതിൽ സ്വാധീനിച്ചു തുടങ്ങി. വിജ്ഞാനം, വിനോദം, ആത്മീയത, രാഷ്ട്രീയം തുടങ്ങിയവയുടെ പരമ്പരാഗത ഇടങ്ങൾ സൈബർ ഇടങ്ങളിലേക്ക് ചേക്കേറുന്ന കാഴ്ചയാണ് നാം കണ്ടത്.

വായന, തപാൽ, വിനോദങ്ങൾ, വ്യാപാരവ്യവഹാരങ്ങൾ തുടങ്ങി പ്രാദേശിക ചിട്ടവട്ടങ്ങൾക്കുള്ളിൽ നിലനിന്നിരുന്നവയും വിശ്വവ്യാപനവലയുടെ വേഗതയാർന്നതും സൗകര്യപ്രദവുമായ തുറസ്സായ ഇടങ്ങളിലേക്ക് പറിച്ചു നടപ്പെട്ടു. തപാലിൽ നിന്നും ഇ–മെയിലിലേക്കുള്ള പരിവർത്തനമാണ് സൈബർ ഇടത്തിൽ ആദ്യത്തെ വിപ്ലവകരമായ മാറ്റമായി പരിഗണിക്കാവുന്നത്. വേഗതയും കൃത്യതയുമാർന്ന

ഇ-മെയിൽ സമൂഹത്തിലെ ഉപരിവർഗ്ഗത്തെയാണ് ആദ്യകാലത്ത് സ്വാധീനിച്ചതെങ്കിൽ സമകാലിക ജീവിതാവസ്ഥയിൽ ഇ-മെയിൽ എന്നത് ഒരു വ്യക്തിയ്ക്ക് സ്വന്തമായിട്ടുള്ള തന്റെ അഡ്രസ്സ് പോലെ സ്വാഭാവികമായ ഒന്നായിമാറി. ഇതിന്റെ തുടർചലനങ്ങൾ എന്ന നില യ്ക്കാണ് സമൂഹമാധ്യമങ്ങൾ രൂപപ്പെടുന്നത് (ഓർക്കൂട്ട്, യാഹൂ, ഫെയ്സ്ബുക്ക്, വാട്സ് ആപ്) ഇത് സൈബർ ഇടങ്ങളെ പൊതുവിടങ്ങ ളാക്കിത്തീർത്തു. അ(ച്ചടി) വായനയിൽ നിന്ന് ഇ(ലക്ട്രോണിക്) വായന യിലേക്കും വാമൊഴിയിൽ നിന്നും വരമൊഴിയിൽ നിന്നും തിരമൊഴി യിലേക്കുള്ള പരിവർത്തനവും ആഗോളഭാഷയിൽ നിന്ന് പ്രാദേശിക ഭാഷയിലേക്കുള്ള സൈബർവഴക്കങ്ങളും സൈബർ ഇടങ്ങളെ കൂടു തൽ ജനകീയമാക്കി.

നിത്യജീവിതത്തിലെ എല്ലാ അടരുകളിലേക്കും സൈബർ വ്യവ ഹാരങ്ങൾ കടന്നു വന്നിരിക്കുന്നു. പടികടന്നെത്തിയ സൈബർ വ്യവ ഹാരത്തിന്റെ പരിധിക്കുള്ളിലായിക്കഴിഞ്ഞിരിക്കുന്നു ശരാശരി കേര ളീയ ജീവിതം. സമൂഹമാധ്യമങ്ങളുടെ കടന്നുവരവാണ് സൈബർ ഇട ങ്ങളെ ജനകീയമാക്കിയത്. ഒരു കളിമട്ടിൽ ആരംഭിച്ചു സൈബർ സൗഹൃ ദങ്ങൾ സൈബർ ഇടങ്ങളിൽ കൂടുതൽ ഇടപഴകാനും അടുത്തറിയാനും അവസരം നല്കി. സൈബർ സൗഹൃദങ്ങൾ, സൈബർ ഗെയിമുകൾ എന്നിവ സാധ്യമാക്കിയ വിനോദങ്ങളും അറിവുകളും സ്വായത്തമാക്കിയ ഒരു പുതുസമൂഹം ക്രമേണ രൂപപ്പെട്ടു. "നെറ്റിസൺ" എന്നറിയപ്പെടുന്ന ഒരു നവതലമുറ ജീവിതത്തിന്റെ ഭൂരിപക്ഷ സമയവും 'ഓൺലൈനി'ൽ ആയിരിക്കുകയും സൈബർ ഇടങ്ങളിൽ സജീവമായും നിർജീവമായും ഇടപെടുന്നവരാണ്. ഇത്തരക്കാരുടെ സാമൂഹികവും-സാംസ്കാരികവും - രാഷ്ട്രീയവും-ആത്മീയവും-ബൗദ്ധികവും- വ്യാപാരപരവുമായ ഇട പെടലുകൾ സൈബർ ഇടങ്ങളെ സജീവമാക്കി നിലനിർത്തുന്നു. "ക്രിയാത്മകമായ ആശയവിനിമയം നടക്കുന്ന ഈ പൊതുഇടങ്ങളിൽ നിന്ന് വിപണി കേന്ദ്രിത മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഉപഭോഗ സംസ് കാരത്തിലേക്ക് പരിണമിക്കുകയാണ് സമൂഹം ചെയ്തത് (ജേക്കബ്, ഷാജി 2007:367). സൗഹൃദം, അറിവ്, വിനോദം എന്നിവയ്ക്കായി സൈബർ ഇടങ്ങളിൽ ചേക്കേറിയവർ വൈകാതെ തന്നെ കമ്പോള ത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായി രൂപപ്പെടുന്ന സൈബർഗലി കളിൽ എത്തപ്പെട്ടു. വിശ്വവ്യാപനവലയുടെ രാജകീയ പാതകളേക്കാൾ കമ്പോള താല്പര്യത്തോട് ഒട്ടിനിൽക്കുന്നവയാണ് ഒറ്റയടിപ്പാതകളായ 'ആപു'(App)കൾ. ആപുകളുടെ കടന്നുവരവ് ഉപഭോഗ/ഉത്പാദന/ സേവനമേഖലകളിൽ വ്യതിരക്തമായ അനുഭവപരിസരം രൂപപ്പെടുത്തി. വ്യക്തിയുടെ അസാന്നിദ്ധ്യത്തിൽ അവയുടെ ആശയസാന്നിദ്ധ്യം സാധ്യമാക്കുന്നത് കമ്പോള താല്പര്യത്തിന് അനുഗുണമാണെന്ന തിരി

ച്ചറിവ് വൻകിട-ചെറുകിട ഉത്പാദകരേയും ആപുകളുടെ ലോകത്ത് എത്തിച്ചു. തങ്ങളുടെ ഏതൊരു ഉത്പന്നവും സേവനവും തങ്ങളുടെ അദൃശ്യനായ ഉപഭോക്താവിന് അതിവേഗം കൈമാറുന്ന ആപുകളുടെ രംഗപ്രവേശം പുതിയൊരു സാംസ്കാരികാനുഭവമണ്ഡലം രൂപപ്പെടുത്തി.

**'ആപി'ന്റെ ചരിത്രവഴി**

മൊബൈൽഫോൺ ആദ്യമായി വിപണിയിലെത്തിയത് 1983-ലാണ് (അമേരിക്കയിൽ). മോട്ടറോള ഡൈന ടി.എ.സി 8000 എക്സ് (Motorola Dyna TAC 8000X) ആയിരുന്നു ഉപഭോക്താക്കളുടെ കൈയിലെത്തിയ ആദ്യ മൊബൈൽഫോൺ. ഫോൺ വിളിക്കുക എന്നഒരു ഉപയോഗം മാത്രമേ അതിനുണ്ടായിരുന്നുള്ളൂ. 1970-ലെ പ്രധാന വീഡിയോ ഗെയിമായ 'സ്നേക്കി'(Snake)നെ മൊബൈൽ ഫോണിൽ ഉൾച്ചേർത്തുകൊണ്ട് 'നോക്കിയ' അവതരിപ്പിച്ചതോടെ മൊബൈൽഫോൺ എന്നത് വിളിക്കാൻ മാത്രമുള്ളതല്ല എന്ന ചിന്താഗതി രൂപപ്പെട്ടുവന്നു. വൈകാതെ Pony, Tetris, Tic-Tac-Toe തുടങ്ങിയ ഗെയിമുകളും മൊബൈൽഫോണിൽ ഇടംപിടിച്ചു. 1990-കളോടെ വിശ്വവ്യാപനവല(www)യെ ഫോണിൽ ഉൾച്ചേർക്കാനുള്ള പരിശ്രമം വിജയിച്ചതോടെ മൊബൈൽ ഫോൺ എന്ന ഉപകരണത്തിന്റെ വ്യാപ്തി വിപുലമായി. ഒരാളുടെ സാധാരണ ഉപയോഗത്തിനുള്ള സംഗതികളെല്ലാം വ്യത്യസ്ത ആപ്ലിക്കേഷനുകളായി അവതരിപ്പിച്ചുകൊണ്ടാണ് 2007-ൽ ആപ്പിൾ മേധാവി സ്റ്റീവ് ജോബ്സ് ഐഫോൺ പുറത്തിറക്കിയത്. ഇന്റർനെറ്റ്, കമ്മ്യൂണിക്കേറ്റർ, മൊബൈൽ ഫോൺ, ഐപോഡ് (മ്യൂസിക് പ്ലെയർ) തുടങ്ങിയ മൂന്ന് ഉപകരണം/ആപ്ലിക്കേഷനുകളായിരുന്നു ആ ഫോണിൽ ഉൾപ്പെടുത്തിയിരുന്നത്. അനായാസകരമായി കാര്യങ്ങൾ നിർവ്വഹിക്കാൻ വഴി തുറക്കുന്ന ഈ ആപുകളുടെ സ്ഥാനത്ത് ഇന്ന് ആയിരക്കണക്കിന് ആപുകൾ രംഗപ്രവേശം ചെയ്തു കഴിഞ്ഞു. ഇന്റർനെറ്റിലേക്കുള്ള യാത്രയിൽ ആയാസരഹിതവും വേഗതയാർന്നതുമായ ആപുകളുടെ സാധ്യത വൈകാതെ മറ്റ് സ്മാർട്ട്ഫോൺ പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തി.

നവസമൂഹമാധ്യമങ്ങൾ രൂപപ്പെടുത്തിയെടുത്ത സൈബർ പൊതുമണ്ഡലത്തിലേക്ക് സ്വകാര്യതയുടെയും അതിവേഗത്തിന്റെ പുതുലോകങ്ങൾ തുറന്നിട്ടുകൊണ്ടാണ് മൊബൈൽ ആപുകളുടെ കടന്നുവരവ്. ഇനിയുള്ള കാലവും ലോകവും ആപുകളുടേതാണെന്ന മുന്നറിയിപ്പുമായിട്ടാണ് ആപുകൾ രംഗപ്രവേശം ചെയ്തത്. ഒരു കെട്ടിടത്തിന്റെ അത്ര വലുപ്പവും 27 ടൺ ഭാരമുള്ള എറിയാക് കമ്പ്യൂട്ടറിൽ നിന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിലേക്കും - ലാപ്ടോപ്പിലേക്കുമുള്ള ചരിത്രയാത്രയ്ക്ക് വേഗതയാർന്നത് ഇന്റർനെറ്റിന്റെ കടന്നുവരവാണ്.

ഇന്റർനെറ്റിനെ കൂട്ടുപിടിച്ചാണ് മൊബൈൽ/സ്മാർട്ട് ഫോണുകൾ തങ്ങളുടേതായ ഇടം രൂപപ്പെടുത്തിയത്. കമ്പ്യൂട്ടർ വഴി വിശ്വ വ്യാപനവലയിലേക്ക് എത്തുന്നവരുടെ എണ്ണം പ്രതിദിനം കുറഞ്ഞുവ രുകയാണ്. വിശ്വവ്യാപനവലയുടെ പെരുവഴിയേക്കാൾ ആപുകൾ തീർക്കുന്ന ഒറ്റയടിപ്പാതകളാണ് പുതുതലമുറയെ ഏറെ ആകർഷിക്കു ന്നത്. സമൂഹമാധ്യമങ്ങളുടെ ഉപയോഗത്തിനും മൊബൈൽ ആപുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം അനുനിമിഷം ഏറിവരുകയാണ്. മെസേ ജിങ് ആപുകളും ഗെയിമുകളും മാത്രമായിരുന്നു കേരളീയരിൽ സ്വീകാ ര്യത രൂപപ്പെടുത്തിയിരുന്നെങ്കിൽ ഇന്ന് യൂട്ടിലിറ്റി ആപുകളിലേക്ക് അതിവേഗം ചുവടുമാറി പുതുസാധ്യതകളെ പ്രയോജനപ്പെടുത്തുന്ന കാഴ്ചകളാണ് പ്രകടമാകുന്നത്. ഇന്റർനെറ്റിന്റെ കുറഞ്ഞ വിലയിലുള്ള ലഭ്യതയും സ്മാർട്ട്ഫോൺ കമ്പനികൾക്കിടയിൽ നിലനിൽക്കുന്ന കിട മത്സരവും ആപുകളുടെ ലോകത്തെ വികസിതമാക്കി. തദ്ദേശീയ ഭാഷ കളിലുള്ള ആപുകളുടെ ലഭ്യത ആപുകളുടെ സ്വീകാര്യത വർദ്ധിപ്പിച്ചു. ഡെസ്ക്ടോപ്പിലും ലാപ്ടോപ്പിലുമൊക്കെ വെബ് വഴി സമൂഹമാധ്യമ ങ്ങൾ ഉൾപ്പെടെയുള്ള സൈബർ ഇടങ്ങൾ ഉപയോഗിച്ചിരുന്നെങ്കിൽ 'സൈബർ പൗരന്മാർ' സ്വകാര്യതയ്ക്ക് കൂടുതൽ സ്വീകാര്യത നൽകുന്ന ആപുകളിലേക്ക് ചേക്കേറി. സമൂഹമാധ്യമങ്ങളിൽ എത്ര ഒളിച്ചു വെച്ചാലും സ്വകാര്യത വെളിപ്പെട്ടുപോരുന്ന അവസ്ഥ നിലവിലുണ്ട്. ആപുകളുടെ ലോകത്ത് വ്യക്തി ആരാണെന്നത് പ്രശ്നമല്ല. മൊബൈൽ നമ്പറും ഇ-മെയിൽ ഐഡിയും ഇന്റർനെറ്റുമുണ്ടെങ്കിൽ ആപുകളുടെ ലോകത്തേയ്ക്ക് പ്രവേശിക്കാം. തങ്ങൾക്ക് ഇഷ്ടമുള്ള ആളുകൾ/സ്ഥാ പനങ്ങളുമായി മാത്രം ചേർന്ന് ഇഷ്ടമുള്ളവ പങ്കുവെയ്ക്കാനും സ്വീക രിക്കാനുമുള്ള സൈബർ ഇടങ്ങളായി ആപുകൾ മാറി. ഇത്തരം ആപു കൾ രൂപപ്പെടുത്തിയ അനുഭവമണ്ഡലം 'യൂട്ടിലിറ്റി' ആപുകൾക്ക് അനു കൂലമായ കാലാവസ്ഥ രൂപപ്പെടുത്തി തികച്ചും ഉപഭോക്ത സംസ്ഥാ നമായി കേരളത്തിലെ ശരാശരി മലയാളികളിൽ വളരെ വേഗം സ്വാധീനം രൂപപ്പെടുത്താൻ യൂട്ടിലിറ്റി ആപുകൾക്ക് സാധിച്ചു.

**യൂട്ടിലിറ്റി ആപും കമ്പോള താല്പര്യങ്ങളും**

യൂട്ടിലിറ്റി ആപുകൾ മറ്റ് മൊബൈൽ ആപുകളെപ്പോലെ ഓരോ വ്യക്തിയും പ്രത്യേകം ഡൗൺലോഡ് ചെയ്താണ് ഉപയോഗിക്കേണ്ടത്. ഉപയോഗിച്ചവരുടെ പ്രചരണങ്ങളാണ് 'യൂട്ടിലിറ്റി ആപു'കളെ ജനകീ യമാക്കിയത്. ദൈനംദിനജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശി ക്കുന്ന മൊബൈൽ ആപുകൾ ആയാസരഹിതമായ ജീവിതാന്തരീക്ഷ മാണ് ക്രമപ്പെടുത്തുന്നത്. ജനജീവിതത്തെ സാരമായി ബാധിക്കുന്ന പല ആപുകളും പുറത്തിറക്കിയിരിക്കുന്നത് ഗൂഗിൾ ഗ്രൂപ്പാണ്. ഗൂഗിളിന്റെ ഗൂഗിൾ മാപ്പ്, ഗൂഗിൾ ക്രോം, ഗൂഗിൾ ഡ്രൈവ്, ഗൂഗിൾ ട്രാൻസ്ലേറ്റർ,

പ്ലേമ്യൂസിക്ക്, ഹാങ് ഔട്ട്. ഹാന്റ് റൈറ്റിങ് ഇൻപുട്ട് തുടങ്ങിയ ആപ്പുകൾ ജനപ്രിയങ്ങളാണ്. "ഗെയിമുകൾ, ഓഫീസ് പാക്കേജ്, സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകൾ തുടങ്ങി പരശ്ശതം ഉപയോഗങ്ങൾക്കുവേണ്ടി ലക്ഷക്കണക്കിന് ആപ്സുകളാണ് ആൻഡ്രോയിഡ്, ആപ്പിൾ ഐ ഉപകരണങ്ങൾ എന്നിവിടങ്ങളിലായി പടർന്നു കിടക്കുന്നത്. ഇന്റർനെറ്റിലേയ്ക്കുള്ള യാത്ര ലളിതമാക്കുന്നു എന്നതാണ് ആപ്സിനെ ജനപ്രിയമാക്കുന്നത്. ബ്രൗസർ ഉപയോഗിക്കാതെ തന്നെ ആപ്സ് ഐക്കൺ വഴി അതാത് സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നു എന്നു പറയാം" (ആദർശ്, വി.കെ.2015:23). എന്തിനും ഏതിനും ആശ്രയിക്കാവുന്ന ഒന്നായി ആപുകൾ മാറി. ആപുകളുടെ കടന്നുവരവ് പരമ്പരാഗത ശീലങ്ങളെ പുതുക്കിപ്പണിതു.

കാസറ്റ്/ഡിവിഡി/എംപി 3 വാങ്ങി സിനിമാപാട്ട്, ലളിതഗാനം, ഓണപ്പാട്ടുകൾ, നാടകഗാനം, ഭക്തിഗാനം തുടങ്ങിയവയൊക്കെ ആസ്വദിക്കുന്ന മലയാളികളുടെ ശീലങ്ങൾക്ക് ഇന്ന് മാറ്റം സംഭവിച്ചിരിക്കുന്നു. സംഗീതം ആസ്വദിക്കുന്നതിൽ സംഭവിച്ച ഇടിവല്ല ഇതിന് കാരണം. തികച്ചും സൗജന്യമായി ലഭിക്കുന്ന സംഗീത ആപുകളുടെ ധാരാളിത്തമാണ് മലയാളിയുടെ സംഗീതസംബന്ധിയായ ശീലങ്ങളെ പുതുക്കിപ്പണിതത്. Plingd Music Malayalam Song, Malayalam Songs, old new mp3, Malayalam Song Loard Ayyappa, Malayalam Christian song, Malayalam Onam song, Malayalam Paattupusthakamതുടങ്ങിയ ആപുകൾ മലയാളിയുടെ സംഗീത താല്പര്യങ്ങളെ സാരമായി സ്വാധീനിക്കുന്നുണ്ട്.

ജ്യോതിഷം കൈകാര്യം ചെയ്യുന്ന നിരവധി ആപുകൾ സ്മാർട്ട് ഫോൺ പ്ലാറ്റ് ഫോമുകളിൽ ലഭ്യമാണ്. ജനപ്രിയ ആപുകളുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നവയാണ് ജ്യോതിഷ ആപുകൾ. തങ്ങളുടെ നാളെയെക്കുറിച്ചുള്ള ആകാംക്ഷയാണ് ഇത്തരം ആപുകളെ ജനപ്രിയമാക്കിയത്. പ്രശസ്ത ജ്യോതിഷപണ്ഡിത കുടുംബമായ കാണിപ്പയ്യൂരിന്റെ പേരിലടക്കം നിരവധി ജ്യോതിഷ ആപുകൾ ഇപ്പോൾ ലഭ്യമാണ്.

യൂബർ, ഒലേ തുടങ്ങിയ ഓൺലൈൻ ടാക്സി സർവ്വീസുകൾ രംഗത്ത് വന്നതോടെ പരമ്പരാഗത ടാക്സി സർവ്വീസിനെ ആശ്രയിക്കുന്നവരുടെ എണ്ണം ക്രമേണ കുറഞ്ഞു വരുകയാണ്. കുറഞ്ഞ ചിലവിൽ കൂടുതൽ കാര്യക്ഷമമായി സർവീസുകൾ ലഭ്യമാക്കുന്നു എന്നതാണ് ഇത്തരം സർവ്വീസുകളുടെ പ്രധാന സവിശേഷത. കൊച്ചി അടക്കമുള്ള മെട്രോസിറ്റികളിലാണ് ഓൺലൈൻ ടാക്സി സർവ്വീസുകൾ ആരംഭിച്ചതെങ്കിലും ചെറിയ ടൗണുകളിലേക്ക് തങ്ങളുടെ പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിന്റെ ശ്രമങ്ങൾ ഇവർ ആരംഭിച്ചു കഴിഞ്ഞു. റോഡിന്റെ വശങ്ങളിൽ വരിവരിയായിക്കിടന്ന് ഉപഭോക്താക്കളെ

തേടുന്ന കാലത്തിന് അറുതിയാക്കാൻ പോകുകയാണെന്ന സൂചനകൾ പ്രകടമായിത്തുടങ്ങി. ഓട്ടോ ടാക്സിയേക്കാൾ കുറഞ്ഞ നിരക്കിൽ എ.സി കാറിൽ സഞ്ചരിക്കാം എന്നത് വരും കാലം ഓൺലൈൻ ടാക്സികളുതേടാണെന്ന് വ്യക്തമാകുന്നു.

ഏത് പുതുമാധ്യമങ്ങൾ രംഗത്ത് വന്നാലും അതിനെ തങ്ങൾക്കിണങ്ങുന്ന വിധം അനുകൂലമാക്കിയെടുക്കാൻ മത-ആത്മീയസ്ഥാപനങ്ങൾക്ക് കഴിയാറുണ്ട്. അച്ചടി-റേഡിയോ-ടെലിവിഷൻ-ഓൺലൈൻ മാധ്യമങ്ങൾ എന്നിങ്ങനെ അതതുകാലത്തെ മാധ്യമങ്ങളെ വളരെ കണിശതയോടെ പ്രയോജനപ്പെടുത്തിയ മതസ്ഥാപനങ്ങൾ, മൊബൈൽ ആപുകളെയും പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ മതങ്ങളുടെയും മതഗ്രന്ഥങ്ങളുടെ പല ഭാഷകളിലുള്ള ആപുകൾ ഇപ്പോൾ സജീവമാണ്. കേരളീയാന്തരീക്ഷത്തിൽ ഏറ്റവും അധികം ചർച്ചചെയ്ത ആപുകളിൽ ഒന്നാണ് ശബരിമലയിലെ വെർചൽ ക്യൂവിനായി തയ്യാറാക്കിയ ആപ്ലിക്കേഷൻ. മുൻകൂട്ടി തന്റെ ദർശന സമയം ക്രമീകരിക്കാം എന്നതായിരുന്നു ഈ ആപ്ലിക്കേഷന്റെ പ്രധാന സവിശേഷത. ഇതേ തുടർന്ന് പല ആരാധനാലയങ്ങളും തങ്ങളുടെ പലതരത്തിലുള്ള സേവനങ്ങൾ ആപുവഴി ലഭ്യമാക്കിത്തുടങ്ങി.

ഉത്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമായുള്ള നിരവധി ആപുകൾ രംഗത്തുണ്ട്. ആമസോൺ, സ്നാപ് ഡീൽ, ഫ്ളിപ്കാർട്ട്, ഒ.എൽ.എക്സ് തുടങ്ങിയവ ജനപ്രിയ ആപുകളാണ്. പൊതുവിപണിയിലെ ഉത്പന്നത്തിന്റെ വിലയേക്കാൾ താഴ്ന്ന നിലയിൽ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നു എന്നതാണ് ഈ ആപുകളെ ജനപ്രിയമാക്കുന്നത്. ഇത്തരം ആപുകളുടെ പിന്തുടർച്ച എന്ന നിലയ്ക്ക് തികച്ചും പ്രാദേശികമായ ആപുകളും രംഗത്ത് എത്തിക്കഴിഞ്ഞു. 'പാലക്കാടൻ മട്ട'യുടെ ആപ് ഇത്തരത്തിലുള്ളതാണ്. ഇന്ത്യയിലെവിടെയിരുന്നും ഈ ആപുവഴി 'പാലക്കാടൻ മട്ട' വീട്ടിലെത്തിക്കാം. അരി തിരഞ്ഞെടുക്കാനും പണമടയ്ക്കാനും വിവരങ്ങൾ കൈമാ റാനും ഒക്കെ സാധ്യമാകുന്ന തരത്തിലാണ് ഈ ആപ് തയ്യാറാക്കിയിരിക്കുന്നത്. ജൈവകൃഷിക്ക് പേരുകേട്ട കഞ്ഞിക്കുഴിയിലെ ജൈവകർഷക കൂട്ടായ്മ മൊബൈൽ ആപുവഴി തങ്ങളുടെ ഉത്പന്നങ്ങൾ വിൽപനയ്ക്ക് എത്തിച്ചിട്ടുണ്ട്.

പുതുചലച്ചിത്രങ്ങൾ വെള്ളിത്തിരയിലെത്തുന്ന അന്നുതന്നെ തിയ്യേറ്ററിൽ പോയി തിക്കിത്തിരക്കി ടിക്കറ്റ് എടുത്ത് 'സിനിമ' കാണുന്ന കാലം കഴിഞ്ഞു. തിയ്യേറ്ററിൽ ചലച്ചിത്രം എത്തുന്നതിനു മുമ്പേ തങ്ങളുടെ ഇരിപ്പിടങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാവുന്ന ആപുകൾ രംഗത്ത് വന്നിട്ടുണ്ട്. ബുക്ക് മൈഷോ, ടിക്കറ്റ് ന്യൂ തുടങ്ങിയ ആപുകൾ ഉപയോഗിച്ച് സിനിമാ ബുക്ക് ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കുടുംബപ്രേക്ഷകരും ഫാൻസ് അസോസിയേഷനുകളുമാണ് ഇത്തരം

സൗകര്യങ്ങളെ പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. ഇതുപോലെ തന്നെ വിമാന/ട്രെയിൻ/ബസ് യാത്രാ ടിക്കറ്റുകൾ ലഭ്യമാക്കുന്ന മൊബൈൽ ആപുകൾ രംഗത്തുണ്ട്. ക്രമേണ സ്വീകാര്യത രൂപപ്പെടുത്തിയെടുക്കാൻ ഇത്തരം ആപുകൾക്ക് സാധിക്കുന്നുണ്ടെന്നതാണ് വാസ്തവം. ബാങ്കിങ് ഇടപാടുകൾ, മൊബൈൽ റീച്ചാർജിങ് തുടങ്ങിയ സേവനങ്ങളും ആപ് അധിഷ്ഠിതമായിക്കഴിഞ്ഞു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി കേരളാ പോലീസ് 'സ്ത്രീ സുരക്ഷ' എന്ന മൊബൈൻ ആപ് തയ്യാറാക്കിയിട്ടുണ്ട്. രാത്രിയിൽ ഒറ്റയ്ക്കായിപ്പോവുകയോ സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽപ്പെടുകയോ ചെയ്താൽ രക്ഷാസന്ദേശം പോലീസ് കൺട്രോൾ റൂമിലേയ്ക്ക് നൽകാനുള്ള സംവിധാനമാണ് ഈ ആപ്. നഗരങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതമല്ലെന്ന് ഉറപ്പുള്ള സ്ഥലങ്ങളെക്കുറിച്ച് ഗൂഗിൾ മാപ്പിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ സൂചന നല്കുന്ന 'സേഫ്ടിപിൻ' പോലുള്ള ആപ്പുകൾ സാധ്യതകളുടെ മറ്റൊരു മുഖമാണ് കാണിക്കുന്നത്. ഡൽഹി, ചെന്നൈ, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ നടപ്പാക്കിയിട്ടുള്ള ഈ പദ്ധതി മറ്റു നഗരങ്ങളിലേയ്ക്കും പടരുകയാണ്.

രക്തദാനത്തിന്റെ പ്രധാന്യം സമൂഹത്തിൽ പ്രചരിച്ചെങ്കിലും വേണ്ട വിധത്തിൽ രക്തദാന കൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ പലപ്പോഴും സാധിക്കാറില്ലായിരുന്നു. അപൂർവ്വഗ്രൂപ്പുകളിലടക്കമുള്ള രക്തം ലഭ്യമാക്കാനും രക്തദാനത്തിനും സൗകര്യമൊരുക്കുന്ന നിരവധി ആപുകൾ കേരളത്തിന്റെ പശ്ചാതലത്തിൽ രൂപപ്പെട്ടിട്ടുണ്ട്. കേരള ബ്ലഡ് ബാങ്ക്, ബ്ലഡ് ഡോണേഴ്സ് കേരള, കേരള ബ്ലഡ് സെന്റർ, എം.പ്ലസ് എന്നിവ കേരളത്തിലെ പ്രധാന ബ്ലഡ് ബാങ്ക് ആപുകളാണ്. സാമൂഹികപ്രതിബദ്ധതയുടെ പുതിയ മാനങ്ങൾ ഈ ആപുകൾ പ്രകടിപ്പിക്കുന്നുണ്ട്.

ഇ-കൊമേഴ്സിൽ നിന്ന് എം-കൊമേഴ്സിലേയ്ക്ക് സമൂഹം മാറുന്നതിനെ പ്രവണതകൾ സജീവമാണ്. സാമ്പത്തിക ഇടപാടുകൾ നിർവ്വഹിക്കാൻ ബാങ്കിലേക്കോ എ.ടി.എമ്മിലേയ്ക്കോ പോകാതെ തന്നെ ഇരുപത്തിനാലുമണിക്കൂറും സേവനം നൽകുന്ന ബാങ്കിംങ് ആപുകൾ രംഗത്തുണ്ട്. മുൻനിര ബാങ്കുകൾ അവരുടെ പ്ലാറ്റ്ഫോം ആണ് ഇതിന് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് കാര്യങ്ങൾക്ക് മാറ്റം വന്നുതുടങ്ങി. ഭാരതീയ റിസർവ്വ് ബാങ്കിന്റെ നേതൃത്വത്തിൽ ഇന്റർബാങ്ക് മൊബൈൽ പേയ്മെന്റ് സർവ്വീസ് (IMPS) ആപുകൾ രംഗത്ത് വന്നതോടെ കൂടുതൽ കാര്യക്ഷമമായ, സുരക്ഷിതമായ മൊബൈൽ ബാങ്കിങ് സാധ്യമായി. ഏകീകൃത പണമൊടുക്കൽ സംവിധാന(യൂ.പി.ഐ)ത്തിന്റെ സാധ്യതകളാണ് ഐ.എം.പി.എസ്. ആപുകൾ പ്രയോജന

പ്പെടുത്തുന്നത്. അമ്പതു രൂപാമുതൽ ഒരു ലക്ഷം രൂപാ വരെയുള്ള ഇടപാടുകൾ സാധ്യമാകുന്ന ഐ.എം.പി.എസ് ആപുകൾ കറൻസി രഹിത ശക്തിയാകാൻ ഇന്ത്യയെ പ്രാപ്തമാക്കുന്നു. സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെ 29 ബാങ്കുകൾ യു.പി.ഐ സംവിധാനവുമായി സഹകരിച്ചിട്ടുണ്ട്. ഒറ്റ മൊബൈൽ ആപ് ഉപയോഗിച്ചുകൊണ്ട് തന്നെ ഇവയിൽ ഏത് ബാങ്കിന്റെയും പരിധിയിൽ പണമിടപാട് നടത്താം എന്നതാണ് ഇത്തരം ആടിന്റെ പ്രധാന സവിശേഷത.

കുട്ടികളെയും മുതിർന്നവരെയും പഠനപ്രവർത്തനത്തിൽ സഹായിക്കുന്ന നിരവധി ആപുകളാണ് ഇന്നുള്ളത്. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസു വരെയുള്ള എൻ.സി.ആർ.ടി. വിദ്യാർത്ഥികളുടെ പുസ്തകങ്ങളുടെ ഇ-ബുക്ക് പതിപ്പുകളും സഹായവീഡിയോകളും ലഭ്യമാക്കുന്ന ഇ-പാഠശാല (e-pathasala) N.C.E.R.T Books, N.C.E.R.T Solutions, My CBSE Guide, CBSE study Apps, BYJU's The learning App തുടങ്ങിയവ വളരെഅധികം സ്വീകാര്യത രൂപപ്പെടുത്തിയ ആപുകളാണ്. കേരളത്തിൽ പാഠപുസ്ത വിതരണം വൈകിയതിന്റെ പേരിൽ സമരങ്ങൾ കൊടുമ്പിരികൊണ്ട സമയത്താണ് 'പാഠപുസ്തകം' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ രൂപപ്പെടുന്നത്. ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലെ എല്ലാ പാഠഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് 'പാഠപുസ്തകം' എന്ന ആപ്. വെർച്വൽ പഠനങ്ങൾക്ക് വലിയ തോതിലുള്ള സ്വാധീനം നമ്മുടെ സമൂഹത്തിൽ രൂപപ്പെടുത്തുന്നതിന്റെ സൂചനകളാണ് ഇത്തരം ആപുകളുടെ വലിയ തോതിലുള്ള സ്വീകാര്യത.

ഭാഷാപഠനം, ദിവസേനയുള്ള വ്യായാമമുറകൾ, യോഗ, സൗന്ദര്യവർദ്ധക ശീലങ്ങൾ, പാചകക്കുറിപ്പുകൾ, ചലച്ചിത്രഗാനങ്ങൾ, വാഹനസംബന്ധിയായ അറിവുകൾ, പ്രയോജനപ്രദമായ പുതിയകാല ഉപകരണങ്ങളെ പരിചയപ്പെടുത്തുന്നതടക്കമുള്ള ആപുകൾ അവതരിപ്പിച്ചുകഴിഞ്ഞു. അച്ചടി-ദൃശ്യമാധ്യമങ്ങൾ തങ്ങളുടെ സ്വീകാര്യത രൂപപ്പെടുത്തുന്നതിനായി ആശ്രയിക്കുന്നത് ആപുകളെയാണ്. ഏഷ്യാനെറ്റ്. മാതൃഭൂമി, മനോരമ, കൗമുദി, മംഗളം തുടങ്ങിയ മാധ്യമസ്ഥാപനങ്ങൾ തങ്ങളുടെ ആപ്ലിക്കേഷനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രധാന അച്ചടി -ദൃശ്യമാധ്യമങ്ങൾ വാർത്തകൾക്കായി ആപുകളെ ആശ്രയിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു.

പ്രശസ്തമായ വാട്സ് ആപിനു പുറമേ ഹോട്ട്സ്റ്റാർ, നീഡ്ഫോർ, സ്പീഡ്, ടി-ട്വന്റി ഫീവർ, സൊമാറ്റോ, ഇന്ത്യ റെയിൽ ഇൻഫോ, സാവം, ധിംഗാന, ബുക്ക് മൈഷോ, എൻ.ഡി.പേ, ഒ.എൽ.എക്സ്, എസ്.ബി.ഐ, ഐ.സി.ഐ.സി.ഐ, ഹോട്ട്സ്റ്റാർ, ടൈംസ് ഓഫ് ഇന്ത്യ, ന്യൂസ് ഹണ്ട്,

മാജിക് ബ്രിക്സ, എന്നിങ്ങനെ ഇന്ത്യയിൽ സജീവമായ ആപുകളിൽ അധികവും വാർത്താ ബാങ്കിങ്, മെസേജിങ്, വിനോദരംഗങ്ങളിലുള്ള വയാണ്. മെസേജിങ് ആപ് വഴിയാണ് ഒട്ടുമിക്കവരും ഈ ലോകത്ത് സുപരിചിതരാകുന്നെങ്കിലും ഏവരും യൂട്ടിലിറ്റി ആപുകളിലേയ്ക്ക് മാറുന്ന പ്രവണത പ്രബലമാണ്. വിക്കിപീഡിയ, ഹലോ അഡ്രസ്സ്, ആധാർ കാർഡ്, വോട്ടേഴ്സ് ഐഡി എൻറോൾമെന്റ്, സമഗ്ര എം. ഗവൺമെന്റ് സർവ്വീസസ്, എം.ഗവേർൺസ്, സ്റ്റേറ്റ് ബാങ്ക് ഫ്രീഡം, സമയം, വാത്മീകി, കടംകഥ (മലയാളത്തിലുള്ള കടങ്കഥകളുടെ ശേഖ രണമാണ് കടംകഥ എന്ന ആപ്), കാർഷിക വിവര സാങ്കേതികം ഒരു വിരൽത്തുമ്പിൽ, ഇ-വോട്ടർ കേരള, ലുലുമാൾ, ക്ലിക് കേരള, എന്റെ ഡീൽ, എം.വി.ഡി-ഐഎം (മോട്ടോർ വാഹന വിഭാഗത്തിന്റെ മൊബൈൽ ആപ്ലിക്കേഷൻ), ആനവണ്ടി, കൃഷി ആപ്, ഇ-ഡിസ്ട്രിക്റ്റ്, ഓട്ടോബീറ്റ്സ്, പോക്കി മോൻ, ആംഗ്രിബേർഡ്. മലയാളം എഡിറ്റർ, ഇംഗ്ലീഷ്, മലയാളം - ഹിന്ദി ഡിക്ഷണറി, മലയാളം റീഡർ, ഗാനം-ഇപ്പോഴും, രാമായണം, ഭഗവത്ഗീത, ബൈബിൾ, ഖുറാൻ, മെട്രോട്രെയിൻ ആപ്, ടാക്സി ആപ്, കെ.എസ്.ആർ.ടി.സി ആപ് തുടങ്ങിയ ആപുകൾ മലയാളികളുടെ ഇട യിൽ വലിയ തോതിലുള്ള സ്വീകാര്യതയാണ് ലഭിച്ചത്. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്മാർട്ട് ഫോൺ പ്ലാറ്റ് ഫോമുകളിലായി (ആപ്പിളിന്റെ ഐ ട്യൂൺ, ഗൂഗിളിന്റെ പ്ലേസ്റ്റോർ) ഇരുപതുലക്ഷത്തില ധികം ആപുകൾ തങ്ങളുടെ ഉപഭോക്താക്കളുടെ ആവശ്യങ്ങളെ നിറ വേറ്റാനായി സദാ തയ്യാറാക്കിയിരിക്കുന്നുണ്ട്. ആപ് സംസ്കാരം വ്യാപി ച്ചതോടെ ഉല്പാദന-വിതരണ മേഖല തന്നെ മാറ്റപ്പെട്ടു. ഉല്പന്നങ്ങ ളുടെ രൂപവും വിതരണരീതിയും പുനർനിർണ്ണയം ചെയ്യപ്പെട്ടു. ആപിനു കൂടി സ്വീകാര്യമായ വിധത്തിൽ ഉല്പന്നങ്ങളുടെ രൂപവും നിറവും മാറി ത്തുടങ്ങി.

പുതിയ കാലത്തിന്റെ ആവേഗങ്ങളെ ഉൾക്കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തങ്ങളുടെ സേവന വിതരണത്തിനായി ആപുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി. ഇ-ഗവേൺസ് പൂർണ്ണ തോതിൽ സജ്ജമാകുന്നതോടെ സർക്കാർ സ്ഥാപനങ്ങളും സ്മാർട്ടായി തുട ങ്ങും. ഇ-ഡിസ്ട്രിക്ട് പദ്ധതി ഇതിനായുള്ള ചുവടുവെയ്പ്പാണ്. കേരള സർക്കാരിന്റെ അക്ഷയകേന്ദ്രം, കേന്ദ്ര ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതി സ്റ്റാർട്ടപ്പ് വില്ലേജ് തുടങ്ങിയവ ആപ് അധിഷ്ഠിത സേവന മേഖലകൾക്കനുകൂലമായ സാഹചര്യങ്ങൾ രൂപപ്പെടുന്നുണ്ട്. ഇത്തര ത്തിൽ രൂപപ്പെടുന്ന ആപുകൾ ജനങ്ങളും സർക്കാരും തമ്മിലുള്ള വിടവ് അകറ്റാൻ പര്യാപ്തമാണ്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജാതി സർട്ടി ഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് അടക്കമുള്ളവ ഇത്തരത്തിൽ ലഭ്യമാ യിത്തുടങ്ങി. തൊഴിലാർത്ഥികളെ ലക്ഷ്യംവെച്ചുള്ള പി.എസ്.സിയുടെ

'തുളസി' എന്ന ആപ് സർക്കാർ നിയന്ത്രണത്തിലുള്ള ശ്രദ്ധേയമായ ആപുകളിൽ ഒന്നാണ്.

സ്വായത്തമാക്കുക എന്ന സുഖമാണ് ആപുകൾ നൽകുന്നത്. മറ്റുള്ളവരുടെ സ്മാർട്ട് ഫോണുകളിൽ ഉള്ളതായ ആപുകൾ ശേഖരിക്കുക എന്ന ചോദനയായിരിക്കും അത് തൃപ്തിപ്പെടുത്തുന്നത്. ഉപയോഗിക്കുക എന്നതിനേക്കാൾ സ്വന്തമാക്കുക എന്ന ആനന്ദത്തിനാണ് പലപ്പോഴും അവിടെ മുൻതൂക്കം. നമ്മുടെ കൈയിലുണ്ട് എന്ന തോന്നൽ, അത് നല്കുന്ന ഒരു തരത്തിലുള്ള അനുഭൂതിയാണ് പലപ്പോഴും ഉപയോഗമില്ലാത്ത ആപുകളുടെ ശേഖരണത്തിലേയ്ക്ക് നമ്മെ നയിക്കുന്നത്. ഓരോ സ്മാർട്ട് ഫോണുകളിലും പത്തിലധികം ആപുകൾ ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ലാത്തവയാണ്.

വിളിയുപകരണം എന്ന നിലവിട്ട് വിവിധോദ്ദേശ്യ ഉപകരണമെന്ന നിലയിലേയ്ക്ക് മൊബൈൽഫോൺ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്വാധീനം ചെലുത്തിത്തുടങ്ങി. വിവരസാങ്കേതിക വിദ്യയോടുള്ള ആധുനിക മനഷ്യന്റെ ആസക്തിയുടെ പ്രതീകമാണ് മൊബൈൽഫോണുകൾ. എപ്പോഴും കൈയെത്തും ദൂരത്ത് തന്നെ ഉണ്ടാവണമെന്ന് ആഗ്രഹിക്കുന്ന മൊബൈൽ ഫോണിലെ വിവിധ ആപുകളിലായി മണിക്കുറുകളോളം ചെലവഴിക്കുന്ന സമൂഹ മായി കേരളീയർ മാറി. ആഗോളമാറ്റങ്ങളോട് അതിന്റെ നേർഅനുപാദത്തിൽ പ്രതികരിക്കുന്ന ഒരു സാമൂഹിക സാംസ്കാരിക അന്തരീക്ഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. എഴുപതുകളിലും എൺപതുകളിലും കേരളത്തിലെ സാമൂഹിക-സാംസ്കാരിക രംഗത്തുണ്ടായ പരിവർത്തനങ്ങൾ (കൂട്ടുകുടുംബത്തിന്റെ അസ്തമയവും അണുകുടുംബത്തിന്റെ ഉദയവും, തൊഴിൽ തേടിയും പഠനാർത്ഥവും മലയാളിയുടെ പ്രവാസ ജീവിതം, സാക്ഷരതാപ്രസ്ഥാനം) കേരളീയ ജീവിതാന്തരീക്ഷത്തെ ഗ്രാമീണതയിൽ നിന്ന് നഗരശൃംഖലയിലേയ്ക്ക് നയിച്ചു. കാർഷികവൃത്തിയിലൂന്നിയുള്ള ജീവിതം നയിച്ചിരുന്ന മലയാളികൾ ഉപഭോഗസംസ്കാരത്തിന്റെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് ജീവിതത്തെ പരുവപ്പെടുത്തി. ഇത്തരത്തിൽ മാനസികമായും ഭൗതികമായും കമ്പോളതാല്പര്യങ്ങളോട് ഇണങ്ങി നിൽക്കുന്ന കേരളീയ സമൂഹത്തിൽ 'ഡിജിറ്റൽ അന്തരം' മറ്റുള്ള ഇന്ത്യൻ പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. ഇത് ആപുകളുടെ വ്യാപനത്തിന് അനുകൂലമായ കാലാവസ്ഥ രൂപപ്പെടുത്തി. യാഥാർത്ഥ്യമായിട്ടുള്ള അനുഭവങ്ങളേക്കാൾ പ്രതീതിയാഥാർത്ഥ്യ അനുഭവങ്ങൾക്ക് മൂല്യമുള്ള ഒരു സമൂഹമായി മലയാളി അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. തീർത്തും യാന്ത്രികമായിത്തീരുന്ന മനുഷ്യജീവിതത്തിന്റെ പരിച്ഛേദമാണ് ഓരോ ആപുകളും. പണംകൊടുത്തുപയോഗിക്കേണ്ടതും സൗജന്യമായി ലഭ്യമാകുന്നതുമായ ആപുകൾ

ഏറെയുണ്ടെങ്കിലും കേരളീയർക്ക് പൊതുവെ താല്പര്യം സൗജന്യ ആപുകളോടാണ്. വിചാരിക്കുന്നത് കൈയ്യിൽ അപ്പോൾ തന്നെ കിട്ടുന്ന ഒരു ശീലം ആധുനിക സാങ്കേതികവിദ്യ നൽകുന്നുണ്ട്. അങ്ങനെ വിചാരിക്കുന്നത് വിരൽത്തുമ്പിൽ കിട്ടുന്ന ആപുകളുടെ ലോകം ആപ് സാക്ഷരതയിലേക്ക് നമ്മെ കൈപിടിച്ച് നടത്തുന്നു.

[1] സ്മാർട്ട് ഫോൺ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാകുന്ന ആപ്ലിക്കേഷനുകളുടെ ചുരുക്കരൂപമാണ് ആപ് (APP). ആപ്ലിക്കേഷന്റെ ചുരുക്കെഴുത്തായി 'ആപ്പ്', 'ആപ്' എന്നിങ്ങനെ ഉപയോഗിക്കുണ്ടെങ്കിലും ഈ ലേഖനത്തിലുടനീളം ആപ് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

**ഗ്രന്ഥസൂചി**

ആദർശ്, വി.കെ., *ഇ-ലോകം ഇത്ര വിപുലം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം: 2015.

ആദർശ്,വി.കെ., *വിവരസാങ്കേതികത നിത്യജീവിതത്തിൽ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2011.

ജേക്കബ്, ഷാജി., *മാധ്യമങ്ങളുടെ രാഷ്ട്രീയം* ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്: 2006.

ജേക്കബ്, ഷാജി., *മാധ്യമങ്ങളുടെ സാംസ്കാരികരാഷ്ട്രീയം* സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം. മലയാള പഠനസംഘം, കാലടി: 2007.

ജേക്കബ്, ഷാജി., *വിപരീതങ്ങൾ,* പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം: 2010.

ബിമിനിത്, ബി.എസ്., *നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ*, കേരള പ്രസ് അക്കാദമി, കൊച്ചി: 2014.

മാനുവൽ, കെ.ജോസ്., *നവമാധ്യമങ്ങൾ*: ഭാഷ സാഹിത്യം സംസ്കാരം, എൻ.ബി. എസ്, കോട്ടയം: 2014.

Baker, Edwin. *Digital Economics: Principles, Methods and Application.*

Eric Brousseas and Nicolas Curien. Cambridge University Press: New York, 2007.

Craig, Geoffery. *The Media Politics and Public Life*. Allen & Unwin.: Australia, 2007.

# സൈബർനെറ്റിക്സ് സിദ്ധാന്തം

ജിഷ എം. ലാൽ

വിപുലമായ അർത്ഥം വിനിമയം ചെയ്യുന്ന പദമാണ് സൈബർ നെറ്റിക്സ്. പ്രതിപ്രവർത്തനക്ഷമതയുള്ള നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട ആശയവിനിമയ സങ്കേതങ്ങളെപ്പറ്റി പഠിക്കുവാൻ സൈബർ നെറ്റിക്സ് സങ്കേതങ്ങൾ വിനിയോഗിക്കുന്നു. മനുഷ്യനും യന്ത്രവും ചേർന്ന് ഭാഷരൂപീകരിച്ച് ആശയവിനിമയം നടത്തുന്നതുമായി ബന്ധിപ്പിച്ചാണ് വർത്തമാനകാലത്ത് സൈബർ നെറ്റിക്സ് പഠനങ്ങൾ പുരോഗമിക്കുന്നത്. എന്താണ് സൈബർനെറ്റിക്സ് സിദ്ധാന്തമെന്നും അതിന്റെ ചരിത്രം, പ്രവർത്തനരീതി, പരിവർത്തനവിധേയമായ, സ്വഭാവം തുടങ്ങിയവയാണ് ഈ പ്രബന്ധത്തിൽ സാമാന്യമായി പ്രതിപാദിക്കുന്നത്. നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട ഭാഷാപഠനവും ഭാഷാരൂപീകരണ നിർണയവും സൈബർനെറ്റിക്സ് വിശകലനങ്ങളുടെ പിൻബലത്തിലാണ് സജീവമാകുന്നത്. സാങ്കേതികതയെമാറ്റി നിർത്തി ജീവിക്കാനും ആശവിനിമയം നടത്താനും കഴിയില്ലെന്ന അവസ്ഥ സ്വാഭാവികതയോടെ സംജാതമായിക്കഴിഞ്ഞു. ആശയവിനിമയത്തിന്റെ അടിസ്ഥാനത്താൽ രൂപമെടുക്കുന്ന സമൂഹങ്ങൾ, പൊതുമണ്ഡലങ്ങൾ, വ്യവഹാരങ്ങൾ, സംസ്കാരങ്ങൾ, ബന്ധങ്ങൾ തുടങ്ങിയവയെല്ലാം വർത്തമാനകാലത്ത് പ്രസക്തവും സാധ്യവുമാകുന്നത് നവീനമാധ്യമങ്ങളിലൂടെയാണ്. സ്ഥലം, കാലം, സമയം തുടങ്ങിയവയെ നവമാധ്യമങ്ങൾ ആശയവിനിമയ പ്രക്രിയയുടെ അടിസ്ഥാനത്തിൽ നവമായ രീതിയിൽ ക്രമീകരിച്ചു. ഈ ക്രമീകരണം മനുഷ്യബുദ്ധിയേയും ഭാവനയേയും സർഗാത്മാകതയേയും തീക്ഷ്ണമായിത്തന്നെ സ്വാധീനിച്ചു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ സൈബർനെറ്റിക്സ് എന്ന പദം പുതുമയുള്ളതും വിസ്തൃതവുമായ അർത്ഥമാണ് ഉത്പാദിപ്പിക്കുന്നത്.

**ചരിത്രം**

രണ്ടാം ലോകമഹായുദ്ധത്തിന്റെ പിടിയിലമർന്ന ലോകത്തെ രക്ഷിക്കാൻ പല കോണുകളിലും അന്തർവൈജ്ഞാനിക സമ്മേളനങ്ങൾ വിളിച്ചുചേർത്തു. അത്തരത്തിൽ 1942-1953 കാലയളവിൽ ജോയിഷ് മേസി ജൂനിയർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ന്യൂയോർക്കിൽ വിളിച്ചുചേർത്ത സമ്മേളനത്തിലാണ് ഒരു അന്തർവൈജ്ഞാനിക പരിഹാരമെന്നവണ്ണം 'സൈബർനെറ്റിക്സ്' എന്ന ആശയം മുന്നോട്ടു വരുന്നത്. മനുഷ്യരിലേയും യന്ത്രങ്ങളിലേയും ആശയവിനിമയത്തിന്റെ നിയന്ത്രണശാസ്ത്രമാണ് സൈബർ നെറ്റിക്സ് സിദ്ധാന്തം. ആശയങ്ങളും അവയുടെ സംവേദനമാർഗ്ഗങ്ങളും പ്രത്യേകിച്ച് നിയന്ത്രണസ്വഭാവമുള്ള ആശയവിനിമയങ്ങൾ, സമയവും ദൂരവുമിടയിൽ വരുന്നതുകൊണ്ട് ആശയങ്ങൾക്ക്/സന്ദേശങ്ങൾക്ക് ഉണ്ടാകുന്ന ശോഷണം, മനുഷ്യരും അവർ അനുദിനം ബന്ധപ്പെട്ടു നിൽക്കുന്ന വ്യവസ്ഥകളും അവർ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ ധർമ്മങ്ങൾ എന്നിവ പരിശോധിക്കലാണ് സൈബർനെറ്റിക്സ് ചെയ്യുന്നത്. അന്തർവൈജ്ഞാനികശാഖയായതുകൊണ്ടുതന്നെയിത് ഗണിതശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ജന്തുശാസ്ത്രം, കമ്പ്യൂട്ടർ സയൻസ്, എൻജിനിയറിങ്ങ്, മാനേജ്മെന്റ് പഠനങ്ങൾ, മനഃശാസ്ത്രം, സോഷ്യോളജി (സാമൂഹികശാസ്ത്രം), വിദ്യാഭ്യാസം, കല എന്നിവയുമായി ബന്ധപ്പെട്ടുനിൽക്കുന്നു.

"കൈബർനെറ്റ്സ്" (kybernetes - ചുക്കാൻ പിടിക്കുന്നയാൾ) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് 'സൈബർനെറ്റിക്സ്' എന്ന പദമുണ്ടായിരിക്കുന്നത്. എല്ലാം നിയന്ത്രിക്കുന്നയാൾ എന്നു അർത്ഥം വരുന്ന ലാറ്റിൻ വാക്കുമായി ഇതു ബന്ധപ്പെട്ടു നിൽക്കുന്നു. 'സൈബർനെറ്റിക്സ്' എന്ന ആശയത്തിന് പ്ലേറ്റയോളം തന്നെ പഴക്കമുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ ഫ്രഞ്ച് ഭൗതികശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനുമായ ആന്ദ്രെമാരി ആമ്പയർ (1775-1836) സിവിൽ ഗവൺമെന്റ് (പൊതുഭരണനിയന്ത്രണ വ്യവസ്ഥ) ശാസ്ത്രം വിശദീകരിക്കുന്നതിന്റെ ഭാഗമായി 1834ൽ തന്റെ Essai sur la philospohie des sciences എന്ന ഉപന്യാസത്തിലാണ് ആദ്യമായി 'സൈബർനെറ്റിക്സ് എന്ന വാക്കുപയോഗിക്കുന്നത്. എന്നാൽ ഈ ആശയത്തെ പുനർജീവിപ്പിച്ചതും വിശദാംശങ്ങളോടുകൂടി വിസ്തരിക്കുകയും ചെയ്തത് 1948ൽ ഗണിതശാസ്ത്രജ്ഞനായ നോർബെർട്ട് വീനെയ്ർ ആണ്. *ദ ഹ്യൂമൻ യൂസ് ഓഫ് ഹ്യൂമൻ ബീയ്ങ്ങ്സ്: സൈബർ നെറ്റിക്സ് ആൻഡ് സൊസൈറ്റി* എന്ന പുസ്തകത്തിൽ സൈബർനെറ്റിക്സ് എന്ന വാക്കു കടമെടുക്കുകയും മൃഗങ്ങളിലും യന്ത്രങ്ങളിലും നടക്കുന്ന ആശയവിനിമയത്തെ നിയന്ത്രിക്കുന്നതിനെക്കുറിച്ചുള്ള പഠനത്തെ നിർവ്വചിക്കാൻ ഉപയോഗിക്കുകയും ചെയ്തു. സ്റ്റാഫോർഡ് ബീയർ, 'സൈബർനെറ്റിക്സി'നെ ഫല

പ്രദമായ സംഘടനയുടെ അഥവാ വ്യവസ്ഥയുടെ ശാസ്ത്രമെന്നു (The Science of Effective System) വിളിച്ചപ്പോൾ, ഗോർഡൻ പാസ്ക്ക് അതിനെ നിർവചിച്ചത് തകർക്കാനാവുന്ന രൂപകങ്ങളുടെ കലയെന്നാണ് (the art of defensible metaphor). സൈബർനെറ്റിക്സ് തത്ത്വങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഫീഡ്ബാക്ക്, ബ്ലാക്ക് ബോക്സ് എന്നിവയിൽ നടക്കുന്നത്. എങ്ങനെയാണ് വിവരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്, അവയോടുള്ള പ്രതികരണങ്ങളും വ്യത്യാസങ്ങളും അല്ലെങ്കിൽ എങ്ങനെ സൂചനകളെ അറിവുകളാക്കി മാറ്റിയെടുക്കാമെന്നുള്ള ചോദ്യങ്ങൾക്കാണ് ഈ പഠനങ്ങൾ ഏറ്റവും കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നത്. വളരെ തത്ത്വചിന്തപരമായ ഒരു നിർവചനം സൈബർനെറ്റിക്സിന് നൽകിയത് 1956ൽ ലൂയീസ കോഫിഗനൽ ആണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു പ്രവൃത്തിയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്ന കലയാണ് (... the art of ensuring the efficacy of action) സൈബർനെറ്റിക്സ്. അമേരിക്കൻ സൊസൈറ്റി ഫോർ സൈബർനെറ്റിക്സിന്റെ (American Society for Cybernetics) പ്രസിഡന്റായ ലൂയീസ് കഫ്മാനിന്റെ (Louis Kauffman) അഭിപ്രായത്തിൽ, വ്യവസ്ഥകളെക്കുറിച്ചും (systems) വ്യവസ്ഥകൾക്കുള്ളിലെ ബന്ധങ്ങളെക്കുറിച്ചും അവയിൽ നിന്നെങ്ങനെയാണ് മറ്റൊന്നുണ്ടായി വരുന്നതെന്നുമുള്ള പഠനമാണ് സൈബർനെറ്റിക്സ് (Cybernetics is the study of systems and process that interact with themselves and procedure themselves from themselves).

**മേസി സമ്മേളനം (1941–1960)**

1941 – 1960ൽ ഫ്രാൻക് ഫ്രേമൗണ്ട് സ്മിത്തിന്റെ നേതൃത്വത്തിൽ ന്യൂയോർക്ക് ജോഷ്വാ മേസി ജൂനിയർ ഫൗണ്ടേഷനിൽ വെച്ച് നടത്തിയ വിവിധ വൈജ്ഞാനികമേഖലകളിലെ വിദഗ്ദ്ധരുടെ സമ്മേളനമാണ് മേസി സമ്മേളനം (Macy Conferences). ശാസ്ത്രങ്ങളുടെ പിൻബലത്തോടുകൂടി അർത്ഥവത്തായ ആശയവിനിമയ രൂപീകരണത്തിനെ പ്രചോദിപ്പിക്കുകയും ശാസ്ത്രത്തിനെ ഒറ്റ വൃത്തത്തിനുള്ളിൽ കൊണ്ടുവരിക്കുകയും ചെയ്യുകയെന്നതായിരുന്നു ഈ സമ്മേളനങ്ങളുടെ മുഖ്യലക്ഷ്യം. പത്തൊൻമ്പതു വർഷത്തിനിടയിൽ നൂറ്റി അറുപതു സമ്മേളനങ്ങൾ നടത്തി. ആഗോളതലത്തിൽ മേസി സമ്മേളനം സൈബർനെറ്റിക്സിന്റെ ഉദയവുമായി ബന്ധപ്പെടുത്തിയാണ് വിശകലനവിധേയമാക്കുന്നത്.

മേസി സൈബർനെറ്റിക്സ് സമ്മേളനത്തിന് വഴിയൊരുക്കിയത് 1942 മെയ്യിൽ നടന്ന 'സെറിബ്രൽ ഇൻഹിബിഷൻ മീറ്റിംങ്ങാണ്" (Cerebral Inhibition Meeting). മിൽട്ടൻ എറിക്സിന്റെ 'ഹിപ്പ്നോട്ടിസസ'വും ഗോവാർഡ് ലീഡെലിന്റെ "കൺഡിഷൻഡ് റിഫ്ളക്സും" പുതിയ

വിജ്ഞാനമണ്ഡലങ്ങളായി അവതരിപ്പിച്ചു. ഗ്രിഗറി ബേറ്റ്സൻ, വാറൈൻ മകോളച്ച്, ലോറൻസ് കെ.ഫ്രാൻങ്ക്, ആർതുറോ റോസൈൻബ്രൂത്ത്, മാർഗരറ്റ് മീഡ്, ലോറൻസ് ക്യൂസി എന്നിവരായിരുന്നു അന്നു സമ്മേളനത്തിൽ പങ്കെടുത്ത മറ്റു പ്രമുഖർ.

## സൈബർനെറ്റിക്സ് സമ്മേളനം

മനുഷ്യമനസ്സിന്റെ പ്രവർത്തനസങ്കീർണ്ണതകളെക്കുറിച്ചുള്ള ശാസ്ത്രപഠനത്തെ വളർത്തിയെടുക്കുകയെന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാനലക്ഷ്യം.

| ക്രമ നം | സമ്മേളനം | വർഷം | വിഷയങ്ങൾ |
|---|---|---|---|
| 1 | 1-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 21-22, 1946 | • സ്വയം-നിയന്ത്രണം, പ്രയോജനം വാദം<br>• നരവംശശാസ്ത്രവും കമ്പ്യൂട്ടറുകൾ എങ്ങനെയാണ് മനസിലാക്കുന്നതെന്നും<br>• ഫീഡ്ബാക്ക്<br>• തലച്ചോറിനുണ്ടാകുന്ന തകരാറുകൾ മൂലമുണ്ടാകുന്ന വ്യത്യാസങ്ങൾ<br>• നീതിശാസ്ത്രത്തിൽനിന്നും ശാസ്ത്രത്തെ മാറ്റുന്നത്.<br>• പെരുമാറ്റത്തിലുണ്ടാകുന്ന കടുംപിടുത്തം. |
| 2 | 2-ാം സൈബർ നെറ്റിക്സ് സമ്മേളനം | ഒക്ടോബർ 17-18, 1946 | • പ്രയോജനവാദം സമൂഹത്തിൽ<br>• Gestalt മനഃശാസ്ത്ര ആശയങ്ങൾ<br>• ഉറുമ്പ് സൈനികരിലെ ടാക്റ്റിൾ (നയരഹിതമായ) സ്വതന്ത്രപരമായ ആശയവിനിമയം |
| 3 | 3-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 13-14, 1947 | • കുട്ടികളുടെ മനഃശാസ്ത്രം |
| 4 | 4-ാം സൈബർ നെറ്റിക്സ് സമ്മേളനം | ഒക്ടോബർ 22-24, 1947 | • മനഃശാസ്ത്രത്തിന്റെ പ്രവർത്തനതലം<br>• അനലോഗ്, ഡിജിറ്റൽ സമീപനങ്ങൾ മനഃശാസ്ത്രത്തിൽ |
| 5 | 5-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 18-19, 1948 | • ഭാഷയിൽ 'ഞാൻ' (I) രൂപീകരണം |
| 6 | 6-ാം സൈബർനെറ്റിക്സ് സമ്മേളനം | മാർച്ച് 24-25, 1949 | • മനുഷ്യശേഷിയെ അളക്കാൻ ന്യൂറോണുകളുടെ (നാഡികളുടെ) എണ്ണം മനസ്സിലാക്കുന്നതിലൂടെ സാധ്യമാകുമോ?<br>• ഓർമ്മ<br>• ഊർജ്ജതന്ത്രവും മനഃശാസ്ത്രവും തമ്മിലുള്ള ബന്ധം |
| 7 | 7-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 23-24, 1950 | • അനലോഗ്, ഡിജിറ്റൽ-മനസ്സിന്റെ വ്യാഖ്യാനം<br>• ഭാഷയും ശ്യാനന്റെ വിവരസിദ്ധാന്തവും<br>• ഭാഷ, ചിഹ്നങ്ങൾ, നാഡീവ്യൂഹത്തിലെ തകരാറുമൂലമുണ്ടാകുന്ന മാനസികരോഗവും |
| 8 | 8-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 15-16, 1951 | • തീരുമാനസിദ്ധാന്തം (Decision Theory)<br>• ഗെയിം തിയറിയുടെ ഉപയോഗ്യത മാനസികവളർച്ചയിൽ<br>• ഭാഷ വിഷകലനം ചെയ്യാനാവശ്യമായ ഭാഷ<br>• മനോരോഗപഠനം ശാസ്ത്രീയമാണോ?<br>• ഒരു ഓർമ്മയുണ്ടാകുന്ന മാനസികസംഭവം എപ്പോഴും അബോധാവസ്ഥയിൽ തന്നെയായിരിക്കുമോ? |
| 9 | 9-ാം സൈബർ നെറ്റിക്സ് സമ്മേളനം | മാർച്ച് 20-21, 1952 | • ന്യൂറോഫിസിയോളജികൾ പ്രശ്നങ്ങൾ തത്ത്വശാസ്ത്രത്തിലും ജ്ഞാനശാസ്ത്രത്തിലും<br>• സൈബർനെറ്റിക്സ്: മൈക്രോലെവലിലും |
| 10 | 10-ാം സൈബർ നെറ്റിക്സ് സമ്മേളനം | ഏപ്രിൽ 22-24, 1953 | • തലച്ചോറിന്റെ പ്രവർത്തനം<br>• ഭാഷയിൽ അർത്ഥങ്ങൾ രൂപീകരിക്കുന്നത്. |


കൂട്ടിച്ചേർത്ത അന്തർവൈജ്ഞാനികപഠനമെന്നു സൈബർ നെറ്റിക്സിനെ വിശേഷിപ്പിക്കാം. സിസ്റ്റം തിയറി (organized), സൈബർ നെറ്റിക്സ്, ജ്ഞാനശാസ്ത്രം എന്നിവയുടെ സങ്കരമാണ് സൈബർ നെറ്റിക്സ് പഠനം.

**ക്ലോഡ് ശ്യാനൻ (1916–2001)**

വിവരസിദ്ധാന്തത്തിന്റെ പിതാവെന്നറിയപ്പെടുന്ന അമേരിക്കൻ ഗണിതശാസ്ത്രജ്ഞനും ഇലക്ട്രിക്കൽ എൻജിനിയറും ആണ് ക്ലോഡ് ശ്യാനൻ. 1937ൽ 'ഡിജിറ്റൽ സർക്യൂട്ടി'ന്റെ മാതൃക രൂപപ്പെടുത്തിയെടുത്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് രാജ്യസുരക്ഷയ്ക്കായി ടെലികമ്മ്യൂണിക്കേഷന്റെ സംരക്ഷണവും കോഡുകൾ ഡീകോഡുചെയ്തതും ശ്യാനൻ ആയിരുന്നു. ഒരു ഗവേഷകശാസ്ത്രജ്ഞനായിരിക്കേ, 'ബെൽ ടെലിഫോൺ കമ്പനി'ക്കായി സന്ദേശങ്ങളെ നശിപ്പിക്കാൻ കഴിയുന്ന സിഗ്നലുകളെ നിയന്ത്രിക്കാൻ സാധിക്കുമെന്നദ്ദേഹം കണ്ടെത്തി. ഈ കണ്ടെത്തൽ സൈബർനെറ്റിക്സിന്റെ അടിസ്ഥാനമാണെന്നു പറയുന്നതിൽ തെറ്റില്ല. ശ്യാനനാണ് ആദ്യമായി സൈബർ നെറ്റിക്സിനെ വിവരങ്ങളുടെ പ്രവർത്തനക്രമീകരണമെന്ന നിലയിൽ വിശേഷിപ്പിക്കുന്നത്. ശ്യാനന്റെ അഭിപ്രായത്തിൽ മനുഷ്യരാണ് വിവരങ്ങളുടെ സ്രോതസ്സുകൾ. ശ്യാനന്റെ ഗണിതശാസ്ത്രപരമായ ആശയവിനിമയസിദ്ധാന്തത്തിലൂന്നിയാണ് സൈബർനെറ്റിക്സിന്റെ പാരമ്പര്യം തുടങ്ങുന്നത്. ഇവിടെ പ്രധാനമായും മൂന്നു ഘട്ടങ്ങളാണുള്ളത്;

1. ഒരു വിവരം/സന്ദേശം കൈമാറ്റംചെയ്യുക.
2. ഉദ്ദേശവും കൈമാറ്റം ചെയ്യപ്പെട്ട സന്ദേശവും തമ്മിലുള്ള വ്യത്യാസം.
3. പ്രതികരണം/ഫീഡ്ബാക്ക്.

സ്വീകരണതലത്തിൽ എന്താണു സംഭവിച്ചതെന്നു വിശദീകരിക്കുന്നതാണ് ഫീഡ്ബാക്ക്.




ശ്യാനനിന്റെ മാതൃകയുടെ ലക്ഷ്യം ഒരു വിവരസ്രോതസ്സിൽ നിന്നും കൈമാറ്റംചെയ്യപ്പെടുന്ന വിവരങ്ങളുടെ അവയുടെ ശരിയായ ലക്ഷ്യസ്ഥാനത്തെത്തിക്കുകയും അങ്ങനെ കൈമാറ്റം ചെയ്യുന്ന വിവരങ്ങൾ തോതുകൂട്ടുകയും ചെയ്യുകയെന്നുള്ളതായിരുന്നു.

കുട്ടികളുടെ ടെലിഫോൺ കളി ഇതിനൊരുദാഹരണമായി എടുക്കാം. ഒരാൾ സന്ദേശം ഒരറ്റത്തു നിന്നു പറഞ്ഞുതുടങ്ങുന്നു. ആ സന്ദേശം തൊട്ടടുത്തു നിൽക്കുന്ന ആളിലേക്കു കൈമാറ്റം ചെയ്യപ്പെടുകയും അവിടെനിന്നു മറ്റൊരാളിലേക്കു വീണ്ടും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. ഈ പ്രവർത്തനം തുടരുന്നു. ഇങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന സന്ദേശം പലതരത്തിലുള്ള പരിവർത്തനങ്ങൾക്കു വിധേയമാക്കുകയും പുതിയ ശബ്ദസ്രോതസ്സുകളിൽനിന്നുള്ള ശബ്ദങ്ങൾ കൂടിച്ചേരുകയും ചെയ്യുന്നു. ഒരു വ്യക്തിയിൽനിന്നും മറ്റൊരു വ്യക്തിയിലേക്കു സന്ദേശം കൈമാറ്റം ചെയ്യപ്പെടുമ്പോൾ തന്നെ ഇത്തരം വ്യതിയാനങ്ങൾ ഉണ്ടായി തുടങ്ങുന്നു. ഈ സന്ദേശം അവസാനമായി സ്വീകരിക്കുന്നയാൾ (ലക്ഷ്യസ്ഥാനം) തനിക്കു ലഭിച്ച സന്ദേശമെന്താണെന്നുറക്കെ വിളിച്ചു പറയുന്നു. ഇതിനെയാണ് ലളിതമായി പറഞ്ഞാൽ 'ഫീഡ് ബാക്ക്' അഥവാ പ്രതികരണമെന്നു വിളിക്കുന്നത്. അവസാനമായി ലഭിക്കുന്ന സന്ദേശവും കൈമാറാൻ ഉദ്ദേശിച്ച സന്ദേശവും തമ്മിൽ യാതൊരുവിധത്തിലുള്ള സാമ്യവും ഉണ്ടാവില്ല. കൈമാറ്റം ചെയ്യപ്പെടാനുദ്ദേശിച്ച സന്ദേശവും കൈമാറ്റം ചെയ്യപ്പെട്ട സന്ദേശവും തമ്മിലുള്ള വ്യത്യാസം നമുക്കു ശരിയായ നിയന്ത്രണത്തിലൂടെ കുറയ്ക്കാൻ സാധിക്കും. ഈ നിയന്ത്രണമാണ് ഒരു തരത്തിൽ പറഞ്ഞാൽ സൈബർനെറ്റിക്സ് ചെയ്യുന്നത്.

## ഒന്നാംഘട്ട സൈബർനെറ്റിക്സ് (First Order Cybernetics)

1. ഫീഡ്ബാക്ക് അല്ലെങ്കിൽ പ്രതികരണം എന്ന ആശയം

ലളിതമായി പറഞ്ഞാൽ ഫീഡ്ബാക്ക് എന്നത് ഒരു വിസ്താരക (amplifier) ത്തിൽ നിന്നും പുറത്തുവിടുന്ന ഊർജ്ജം ഭാഗികമായി വീണ്ടും തിരിച്ചു പരിവർത്തനത്തിനു വിധേയമായി അതിലേക്കു തന്നെ മടങ്ങുന്നതാണ്. ഈ പ്രക്രിയയുടെ സമയത്തുണ്ടാകുന്ന ഔട്ട്പുട്ട് കൂടുതലാണെങ്കിൽ അതിനെ പോസിറ്റീവ് ഫീഡ്ബാക്ക് അഥവാ അനുകൂല പ്രതികരണമെന്നു വിളിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ചാണ്/ഉച്ചഭാഷിണികൾ പ്രവർത്തിക്കുന്നത്. യന്ത്രങ്ങളിൽ നിന്നോ ജീവജാലങ്ങളിൽ നിന്നോ ഉള്ള പ്രതികരണം (feedback) അതിന്റെ തന്നെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുകയാണെങ്കിൽ അത്തരം പ്രക്രിയയെ നെഗറ്റീവ് ഫീഡ് ബാക്ക് അഥവാ പ്രതികൂല പ്രതികരണമെന്നു വിളിക്കുന്നു. പ്രതികൂല പ്രതികരണമാണ് (Negative Feed back) യന്ത്രങ്ങളുടെ നിയന്ത്രണത്തിനായി ആദ്യഘട്ട സൈബർ നെ



Simple Feedback Model
ABLO for negative Feedback

റ്റിക്സ് (ഒന്നാംഘട്ട സൈബർനെറ്റിക്സ്) പ്രധാനമായും സ്വീകരിച്ചത്. പ്രതികൂല പ്രതികരണമുണ്ടാകുന്നതെപ്പോഴും ബാഹ്യമായ ഭൗതികശക്തികൊണ്ടാണ്. ജെയിംസ് വാട്ടിന്റെ അഭിപ്രായത്തിൽ, അപകേന്ദ്രബലംകൊണ്ട് പുറത്തേക്കു വലിക്കുന്ന ഒരു കൂട്ടം ചലിക്കുന്ന ഭാരങ്ങൾക്ക് എൻജിന്റെ വേഗത ഗ്രഹിക്കാൻ സാധിക്കും (Steam Engine-ആവി എൻജിന്റെ പ്രവർ ത്തനം); ഒരു എണ്ണവിളക്കോ വാട്ടർ ക്ലോസെറ്റോ ചലിക്കുന്ന ദ്രാവകത്തിൽ മുങ്ങിക്കിടക്കുന്ന തായിരിക്കും, അവയ്ക്ക് അവയുടെ ശൂന്യത ഗ്രഹിക്കാൻ സാധിക്കും. അവയുടെ "ഗ്രഹിക്കൽ" (Sensing) എന്നത് വെറും ആലങ്കാരികപ്രയോഗം മാത്രമാണ്. ഇവയ്ക്കൊന്നും തന്നെ ഇന്ദ്രിയങ്ങളില്ല, എന്നാൽ ഇവ നിർമ്മിക്കപ്പെട്ടിട്ടുള്ളത് ഒരു നിശ്ചിത അവസ്ഥയിൽ എത്തിച്ചേരുമ്പോൾ സ്വയം തുറക്കുകയോ അടയ്ക്കുകയോ ചെയ്യാവുന്ന രീതിയിലാണ്. ഇത് സാധ്യമാകുന്നത് ഇവയുടെ വാൽവുമായി ഘടിപ്പിച്ചിരിക്കുന്ന ഒരു ഭൗതിക ബന്ധത്തിൽ കൂടിയാണ്.

ഫീഡ്ബാക്ക് എന്നതു തികച്ചും യാന്ത്രികമായ ഒന്നാണ്, അതിൽ സിഗ്നലുകൾ തമ്മിലോ ചിഹ്നങ്ങൾ തമ്മിലോ ആശയവിനിമയം സാധ്യമല്ല. പഴയകാല സൈബർനെറ്റിക്സ് വിദഗ്ദ്ധർ നല്ലൊരു ഉദാഹരണമായി ചൂണ്ടിക്കാണിച്ചിരുന്നത് തെർമോസ്റ്റാറ്റിന്റെ പ്രവർത്തനത്തെയായിരുന്നു. ഒരു എയർകണ്ടീഷിനിംഗ് സിസ്റ്റത്തെ സംബന്ധിച്ചിടത്തോളം തെർമോസ്റ്റാറ്റിന്റെ ധർമ്മമെന്നത് അടയ്ക്കപ്പെട്ട ഒരു മുറിയ്ക്കുള്ളിൽ ആവശ്യത്തിനനുസരിച്ച് മുറിയിലെ താപനില (temperature) ക്രമപ്പെടുത്തുകയെന്നതാണ്. ഒരു ഇടനിലക്കാരനിൽ (മനുഷ്യൻ) നിന്ന് സ്വീകരിക്കുന്ന നിർദ്ദേശത്തെ റഫറൻസ് മൂല്യമായി (reference value) മനസിലാക്കി, തെർമോമീറ്ററിന്റെ സഹായത്തോടെ തെർമോസ്റ്റാറ്റ് മുറിയ്ക്കുള്ളിലെ ശരിയായ താപനില 'ഗ്രഹിച്ച്, ഇവ തമ്മിലുള്ള വ്യത്യാസമനുസരിച്ച് താപനിലയിൽ മാറ്റം വരുത്തുന്നു. കൊടുക്കുന്ന റഫറെൻസ് മൂല്യത്തേക്കാൾ കുറവാണ് രജിസ്റ്റർ ചെയ്യപ്പെടുന്ന മൂല്യമെങ്കിൽ, അത് ഹീറ്റർ പ്രവർത്തിക്കാൻ കാരണമാകുന്നു. അതേസമയം റഫറൻസ് മൂല്യത്തേക്കാൾ കൂടുതലാണ് രജിസ്റ്റർ ചെയ്യപ്പെടുന്ന മൂല്യമെങ്കിൽ ശീതീകരണ (Cooling System) സിസ്റ്റത്തെ പ്രവർത്തനക്ഷമമാകുന്നു. പ്രധാനമായും രണ്ടു തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവയുടെ പ്രവർത്തനം;

**1. വിവേചനധർമ്മം** (The Function of Difference)

ഗ്രഹിച്ചെടുക്കുന്ന താപനിലയനുസരിച്ചല്ല മറിച്ച് റഫറൻസ് മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസമനുസരിച്ചാണ് തെർമോസ്റ്റാറ്റ് പ്രവർത്തിക്കുന്നത്. ഇതിനു പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. ഒന്നാമത്തേതു റഫറൻസ് മൂല്യത്തിനു തുല്യമായ താപനില പ്രസ്തുത സ്ഥലത്തുണ്ടാകുന്നതും രണ്ടാമത്തേതു റഫറൻസ് മൂല്യത്തിനു വ്യത്യാസമുണ്ടാവുകയും തെർമോസ്റ്റാറ്റിനെ ഗ്രഹിക്കാവുന്ന നിലയിലേക്ക് താപനിലയെ തുല്യമാക്കുകയും ചെയ്യുന്നതുമാണ്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും ജീവജാലങ്ങളുടെ (ജീവനുള്ളവയുടെ) സ്വഭാവത്തെ വിശദീകരിക്കാനുള്ള സിദ്ധാന്തമായി പരിഗണിക്കുന്നു (സ്റ്റാൻലി ജോൺസ് - "The kybernetics of natural systems") ഉദ്ദീപന-പ്രതികരണസിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം ഫീഡ്ബാക്ക് എന്ന ആശയം വലിയൊരു പ്രശ്നം തന്നെയാണ്. കാരണം ഉദ്ദീപനങ്ങൾക്കെല്ലാം വ്യക്തമായ ഒരു പ്രതികരണമുണ്ടാകണമെന്നില്ല. നിയമാനുസൃതമായി, ആന്തരീകവ്യവസ്ഥ മനസ്സിലാക്കേണ്ടതും റഫറൻസ് മൂല്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ഈ വ്യവസ്ഥയിൽ വൈരുദ്ധങ്ങളുമാണ്. ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങളില്ലെങ്കിൽ ഒരു പ്രവർത്തനങ്ങളെയും ഉദ്ദീപിപ്പിക്കാൻ സാധ്യമല്ല.

**2. സ്വയം നിയന്ത്രണവും സന്തുലിതാവസ്ഥയും**

സമീപകാലത്ത് 'ഫീഡ്ബാക്ക്' മാതൃകയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ഒരാശയമാണ് സ്വയം-നിയന്ത്രിക്കൽ എന്നത് (self- regulation). പ്രശസ്ത അമേരിക്കൻ ശാസ്ത്രജ്ഞനായ വാൾട്ടർ കാനോൺ (WalterCannon - (1871-1945) അദ്ദേഹത്തിന്റെ "ദ വിസ്ഡം ഓഫ് ദി ബോഡി" എന്ന പുസ്തകത്തിലാണ് ആശയം മുന്നോട്ടുവെയ്ക്കുന്നത്. സസ്തനികളിൽ കാണപ്പെടുന്ന പലതരത്തിലുള്ള ഗോറിയോസ്റ്റാസിസ്' അഥവാ സ്ഥിരതയുള്ള അവസ്ഥയെക്കുറിച്ചുള്ള പഠനവും പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങളോടു ആന്തരികമായ മാറ്റം വരുത്തലുകൾക്കൊണ്ട് അവ എങ്ങനെ പ്രതികരിക്കുന്നുവെന്നും വ്യക്തമായി വിശദീകരിക്കുകയാണ് കാനോൺ ഈ പുസ്തകത്തിലൂടെ ചെയ്യുന്നത്.

രണ്ടാമത്തെ തത്ത്വം അത്ര വ്യക്തമായ ഒന്നല്ല. തൃപ്തികരമായ ഒരു നിയന്ത്രകനാകണമെങ്കിൽ തെർമോസ്റ്റാറ്റ് സൂക്ഷ്മസംവേദനക്ഷമതയുള്ളതായിരിക്കരുത്. അതായത്, അന്തരീക്ഷത്തിലെ താപനിലയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച്, കൃത്യമായ ഒരു റഫറൻസ് മൂല്യം ലഭിക്കാതെ, ഹീറ്ററോ ശീതികരണ സിസ്റ്റമോ പ്രവർത്തിച്ചു തുടങ്ങാൻ പാടില്ല. നിശ്ചിതവും കൃത്യവുമായ ഒരു റഫറൻസ് മൂല്യത്തിന്റെ (മൂല്യം

ലഭിച്ചതിന്റെ) അടിസ്ഥാനത്തിലായിരിക്കണം ഇവ പ്രവർത്തിക്കേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ, അനാവശ്യമായ കമ്പനങ്ങൾ (Oscillations) ഒഴിവാക്കേണ്ടത് സന്തുലിതാവസ്ഥയ്ക്ക് ആവശ്യമാണ്. ഇത് മറ്റൊരു ആശയത്തിലേക്കാണു വഴിവെച്ചത്. ഒരു ജീവജാലത്തിന്റെ നാശത്തിന് കാരണമാകുന്ന ബാഹ്യകാരണങ്ങളിലേക്കു കൂടുതൽ ശ്രദ്ധകൊടുക്കാതെ എന്തൊക്കെ സാഹചര്യങ്ങളാണ് അവയുടെ സന്തുലിതവസ്ഥയെ പരിമിതപ്പെടുത്തുന്നതെന്നു മനസിലാക്കി അവയിൽ തന്നെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള നിയന്ത്രണങ്ങൾ കണ്ടുപിടിക്കുകയുമാണ് വേണ്ടത്. ഗ്രഗറി ബാട്സൺ ഈ ആശയത്തെ പരിണാമസിദ്ധാന്തത്തിലേക്കു പ്രയോഗിച്ചു. അത് പരിതഃസ്ഥിതികളോടു/ചുറ്റുപാടിനോടു പൂർണ്ണമായി ഇണങ്ങിച്ചേരാനുള്ള ജീവജാലങ്ങളുടെ കഴിവിനെക്കുറിച്ച് പുതിയ പുതിയ നിഗമനങ്ങൾക്കും പഠനങ്ങൾക്കും വഴിതെളിച്ചു. രണ്ടാം ഘട്ട സൈബർനെറ്റിക്സിന്റെ പിറവിക്കുള്ള കാരണങ്ങളിലൊന്നിതാണ്.

### 3. പ്രയോജനവാദത്തിന്റെ സ്വദേശീയകരണം (The Domestication of Teology)

നിയന്ത്രണവ്യവസ്ഥയെക്കുറിച്ചുള്ള പഠനങ്ങൾ ശാസ്ത്രത്തിന്റെ പരിമിതിയിൽ കൊണ്ടുവന്ന് യുക്തിപരമായി അവയുടെ ലക്ഷ്യം വിശദീകരിച്ചു. ശാസ്ത്രത്തിൽ വിശദീകരണമാവശ്യമുള്ള വിവക്ഷ (Intention) ഉദ്ദേശ്യം (Purpose) എന്നിങ്ങനെയുള്ള ചിന്തകൾ വിശദീകരണത്തിനതീതമാണെന്നു പറയുന്നു. കാരണം ഈ ചിന്തകൾ യുക്തിപരമായി നടക്കാൻ സാധ്യതയില്ലാത്തതാണ്. എന്നാൽ ഇവയുടെ അഭിപ്രായത്തിൽ വരുംകാല (ഭാവി) ലക്ഷ്യത്തെ നിർണ്ണയിക്കുന്നത് വർത്തമാനകാലത്തിലെ പ്രവർത്തനങ്ങളാണ്. ഇത്തരത്തിലുള്ള വിരോധാഭാസപരമായ സ്വാധീനത്തെ"Teology'' (പ്രയോജനവാദം) എന്നു വിളിക്കുന്നു. അരിസ്റ്റോട്ടലിന്റെ അതിഭൗതികശാസ്ത്രവുമായി ബന്ധപ്പെട്ടു നിൽക്കുന്നു ചിന്താധാരണയാണിത്. അരിസ്റ്റോട്ടലിനെ വീണ്ടും വായിക്കുമ്പോൾ പ്രയോജനവാദത്തെ രണ്ടുതരത്തിൽ വേർതിരിച്ചിട്ടുണ്ടെന്നു കാണാൻ സാധിക്കും. ഒന്നാമത്തേതായി, അത്യുത്തമമായ ഒരു ലോകമാതൃകയുടെ സഹായത്തോടെ പരിപൂർണ്ണത കൈവരിക്കാൻ സാധിക്കുമെന്നും രണ്ടാമതായി, മുൻവിധികളില്ലാത്ത ധാരണകളിലൂടെ മാത്രമേ ലക്ഷ്യം മുൻനിർത്തിയുള്ള സ്വഭാവപ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂഎന്നുമാണ്.

### 4. ഉദ്ദേശ്യവും ലക്ഷ്യവും മുൻനിർത്തിയുള്ള പെരുമാറ്റം (Goal - Directed Behaviour)

ഫീഡ്ബാക്ക് വ്യവസ്ഥയുടെ പഠനലക്ഷ്യത്തെ മുൻനിർത്തിയുള്ള പെരുമാറ്റമെങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഒരു നിശ്ചിതലക്ഷ്യത്തെ

യെങ്ങനെ നേടിയെടുക്കുന്നുവെന്നും ഉദ്ദീപനപ്രതികരണ സിദ്ധാന്തത്തിന്റെ പോരായ്മകളെന്തെന്നും വ്യക്തമാക്കുന്നു. ബി.എഫ്.സ്കിനറിന്റെ (B.F. Skinner-1977) അഭിപ്രായത്തിൽ "മനുഷ്യസ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ അവന്റെ ചുറ്റുപാടിലുണ്ടാകുന്ന വ്യത്യാസങ്ങൾക്കനുസരിച്ചായിരിക്കും. ചിന്താശേഷിയുള്ള ജീവികളും അവയുടെ ചുറ്റുപാടുമായുള്ള ബന്ധവും നേരിട്ടുള്ള സാധാരണബന്ധത്തിലൂടെ (Direct Casual Links) വിശദീകരിക്കുന്നതിൽ പരിമിതികളുണ്ട്. ഒരു ജീവിയുടെ ആന്തരികാവസ്ഥയും, ജ്ഞാനവ്യവസ്ഥയും, അവയുടെ അഭിരുചികളും (ലക്ഷ്യങ്ങളും) മനസിലാക്കുന്നതിനുള്ള ശക്തിയേറിയ ആയുധങ്ങളായി റഫറൻസ് മൂല്യവും ഫീഡ്ബാക്കും മാറിക്കഴിഞ്ഞിരിക്കുന്നു.

1921-ൽ റാൽഫ് ബാർടൻ പെറി, ഉദ്ദേശ്യത്തെ മുൻനിർത്തിയുള്ള പെരുമാറ്റ സമീപനപഠനങ്ങൾ ലേഖനങ്ങളായി പ്രസിദ്ധീകരിച്ചു. സൈബർനെറ്റിക്സ് ആശയങ്ങളായ ലക്ഷ്യ-റഫറൻസിനെയും നെഗറ്റീവ് ഫീഡ്ബാക്കിനെ (പ്രതികൂലപ്രതികരണം)ക്കുറിച്ചുമുള്ള പഠനങ്ങളാണ്. ഒരു പ്രവർത്തനം നടക്കുന്നതെപ്പോഴും അപൂർണ്ണങ്ങളായ ചില പ്രവർത്തനങ്ങളും അതുമൂലം ആ സമയത്ത് ഒരു ജീവിയെ സ്വാധീനിക്കുന്ന തുടർച്ചയായ മാറ്റങ്ങളും തമ്മിലുള്ള കൂട്ടിമുട്ടലുകൾ കൊണ്ടാണ്. അപൂർണ്ണമായ ഒന്നിനെ അതിന്റെ പൂർണ്ണമായ അവസ്ഥയിൽ എത്തിക്കാൻ അതിന്റെ തന്നെ മാനസിക പ്രതിരൂപം ആവശ്യമാണെയെന്നുള്ള വസ്തുത കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

വില്യം ജെയിംസിന്റെ മനഃശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകത്തിൽ രണ്ടുതരത്തിലുള്ള പ്രയോജനവാദത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്.


1. ഒരു ലക്ഷ്യത്തെ നേടിയെടുക്കാൻ പ്രവർത്തിക്കുന്ന ഒരു ഇടനിലക്കാരൻ (Agent)

2. ഈ ഇടനിലക്കാരന്റെ പെരുമാറ്റത്തെ ലക്ഷ്യം നിരീക്ഷിക്കുന്നു. (Goal - directedness)

ഈ വേർതിരിവുകൾ ഗോർഡൻ പാസ്ക് (Gordon Pask) സൈബർനെറ്റിക്സിൽ പരിചയപ്പെടുത്തി. പാസ്കിന്റെ വേർതിരിക്കൽ തെർമോസ്റ്റാറ്റിൽ ഉപയോഗിച്ചപ്പോൾ, നൽകുന്ന റഫറൻസ് മൂല്യവും അവ ഗ്രഹിച്ചെടുക്കുന്ന താപനിലയും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കുകയെന്നതാണ് തെർമോസ്റ്റാറ്റിന്റെ ആന്തരികോദ്ദേശ്യം. ബാഹ്യനിരീക്ഷകനെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യമായ രീതിയിൽ താപനില നിലനിർത്തുകയാണ് ഏറ്റവും പ്രാധാന്യമേറിയ പ്രവൃത്തി.

**5. ക്ലോഡ് ശ്യാനനിന്റെ ആശയവിനിമയമെന്ന ആശയം**

ചുരുക്കത്തിൽ ഒന്നാംഘട്ട സൈബർനെറ്റിക്സിനെ ഇങ്ങനെ അപഗ്രഥിക്കാം;





**ഒരു നിയന്ത്രണവ്യവസ്ഥയുടെ പ്രധാന ഘടകങ്ങൾ**

## രണ്ടാംഘട്ട സൈബർനെറ്റിക്സ് (Second Order Cybernetics)

1970-1980ൽ ഒരു അന്തർവൈജ്ഞാനിക പ്രസ്ഥാനമായി രണ്ടാംഘട്ട സൈബർനെറ്റിക്സ് മാറി. സൈബർനെറ്റിക്സിന്റെ സൈബർനെറ്റിക്സെന്നും നിരീക്ഷണവ്യവസ്ഥയുടെ സൈബർനെറ്റിക്സെന്നും ഹിൻസ് വോൺ ഫോർസ്റ്റർ രണ്ടാംഘട്ട സൈബർനെറ്റിക്സിനെ വിശേഷിപ്പിച്ചു.

രണ്ടാംഘട്ട സൈബർനെറ്റിക്സ്, ആദ്യകാല സൈബർനെറ്റിക്സ് വ്യവസ്ഥയുടെ മാതൃകകളെ സൂക്ഷ്മമായി പരിശോധിച്ചു. തുടർന്ന് അവയുടെ നിയന്ത്രണത്തിന്റെ രാഷ്ട്രീയവും ശാസ്ത്രീയവുമായ ഘടകങ്ങൾ മനസ്സിലാക്കി. ഇത്തരമൊരു സങ്കീർണ്ണവ്യവസ്ഥയുടെ സ്വയം ഭരണാധികാരവും, സ്വയം സ്ഥിരതയും (Self Consistency), സ്വയം പരിശോധിക്കുവാനുള്ള കഴിവും, സ്വയംചിട്ടപ്പെടുത്തിയെടുക്കാനുമുള്ള അവസ്ഥയും ഉൾകൊണ്ടുകൊണ്ട്. തന്നെ നോർബർട്ട് വെയ്നറുടെ 'ആദ്യകാല സൈബർനെറ്റിക്സിൽ നിന്നും മാറി നിന്നാണ് രണ്ടാംഘട്ട സൈബർനെറ്റിക്സിനെ പഠിക്കേണ്ടതെന്ന് മനസിലാക്കി. ശബ്ദങ്ങളെ അനുകൂല പ്രതികരണങ്ങളായി (positive feedback) ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ക്രമക്കേടിനെ തരണം ചെയ്യുകയെന്നതാണ് പുതിയ സൈബർനെറ്റിക്സിന്റെ പ്രധാന ചുമതല. നരവംശശാസ്ത്രജ്ഞരായ ഗ്രിഗറി ബാട്സനും മാർഗരറ്റ് മീഡും (1973ൽ നൽകിയ ഒരഭിമുഖത്തിൽ) പറയുന്നത് ജ്ഞാനം നിർമ്മിക്കുന്ന ഒരു നിരീക്ഷകന്റെ പങ്കാളിത്തം ഉണ്ടായെങ്കിൽ മാത്രമേ രണ്ടാംഘട്ട സൈബർനെറ്റിക്സ് സാധ്യമാകൂ.



ബാട്സന്റെ അഭിപ്രായത്തിൽ അസംസ്കൃതരായ ഒരു വിവരവുമില്ല. എല്ലാ അറിവുകളും/വിവരങ്ങളും മനുഷ്യന്റെ കൈകടത്തലുകൾ മൂലം പലവിധത്തിലുള്ള കൂട്ടിചേർക്കലിനും രൂപപരിവർത്തനത്തിനും വിധേയമാകുന്നു. സ്വാതന്ത്ര്യവ്യവസ്ഥയുടെ സൈബർനെറ്റിക്സെന്ന് ഫ്രാൻസിസ്കോ വരോളാ വിളിക്കുമ്പോൾ, മാതൃകാരൂപത്തിന്റെ ഉദ്ദേശ്യമാണിതെന്നു ഗോർഡൻ പാസ്ക്, നിരീക്ഷിക്കടുന്നു. നിരീക്ഷകനും നിരീക്ഷിക്കപ്പെടുന്നവയും തമ്മിലുള്ള ബന്ധത്തെയാണ് ഈ നിർവ്വചനങ്ങൾ വെളിവാക്കുന്നത്.

ഈ നിർവ്വചനങ്ങളെല്ലാം പൊതുവായി മുന്നോട്ടുവെയ്ക്കുന്നത്. നിരീക്ഷകനും നീരിക്ഷിക്കപ്പെടുന്നവയും നിരീക്ഷണപരിതിക്കുള്ളിലുണ്ടാവണമെന്നും അതിനെക്കുറിച്ചു മതിയായ ധാരണയുണ്ടായിരിക്കണമെന്നും രണ്ടാം സൈബർനെറ്റിക്സ് ശാഠ്യം പിടിക്കുന്നു. രണ്ടാം സൈബർനെറ്റിക്സ് പ്രധാനമായും നീരീക്ഷണവിധേയമാക്കുന്ന മേഖലകളാണ്,

1. ക്വാണ്ടം തീയറി (Quantum Physics)
2. വംശീയ ശാസ്ത്രം (Ethnography)
3. കുടുംബവ്യവസ്ഥ (Family Systems Practice)
4. സാമൂഹ്യശാസ്ത്രം (Sociology of Science)

സാമൂഹ്യശാസ്ത്രത്തിൽ/സാമൂഹ്യപരിധിയിലുണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ

1. നിരീക്ഷകന്റെ പ്രാമുഖ്യം
2. യാഥാർത്ഥ്യത്തെ നിർമ്മിക്കുകയെന്ന പ്രക്രിയയിൽ ഭാഷയുടെ സ്ഥാനം ഇല്ലാതാകുന്നു.
3. ആവർത്തിച്ചുള്ള രണ്ടാംഘട്ട പഠനങ്ങൾ
4. സാമൂഹ്യമായി നിർമ്മിച്ചെടുക്കപ്പെടുന്ന യാഥാർത്ഥ്യത്തിന്റെ ഉത്തരവാദിത്വം

വോൺ ഫോൾസ്റ്റേസ് ഇവയെ വിശദമായി "സൈബർനെറ്റിക്സ് ഓഫ് സൈബർനെറ്റിക്സ്" എന്ന പുസ്തകത്തിൽ വിവരിക്കുന്നു. മുൻപു രേഖപ്പെടുത്തിയതുപോലെ സൈബർ നെറ്റിക്സ് എന്ന തത്ത്വശാസ്ത്രത്തെ അതിൽ പ്രയോഗിക്കുകയാണ് പുതിയ സൈബർനെറ്റിക്സ് ചെയ്യുന്നത്. അതിനുദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് ഒരു ലക്ഷ്യരൂപീകരണമുണ്ടാകുന്നതെങ്ങനെയെന്ന ചോദ്യത്തെയാണ്. എല്ലാ പ്രവർത്തനങ്ങൾക്കും നിശ്ചിതമായ ഒരു ലക്ഷ്യമുണ്ട്. ഒരു ലക്ഷ്യം അനേകം ലക്ഷ്യങ്ങളുടെ വലിയൊരു കൂട്ടത്തെ ജനിപ്പിക്കുന്നു. ലക്ഷ്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ചു പഠിക്കുമ്പോഴാണ്

അവയിൽ അന്തർഭവിച്ചിരിക്കുന്ന ഏകീകരണത്തെ മനസ്സിലാക്കാൻ സാധിക്കുന്നത്.

### 1. നിരീക്ഷകൻ (Observer)

എന്താണ് നിരീക്ഷണവിധേയരാക്കേണ്ടതെന്നു തീരുമാനിക്കുന്നത് ഒരു നിരീക്ഷകൻ തന്നെയാണ്. നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന ജ്ഞാനവും ആ ജ്ഞാനത്തിനെ മുൻനിർത്തി സ്വീകരിക്കുന്ന പ്രതികരണങ്ങളുടെയും ഉത്തരവാദിത്വം നിരീക്ഷകനിൽ നിക്ഷിപ്തമാണ്. നിരീക്ഷണത്തെക്കുറിച്ചുള്ള വിവരണവും ആവശ്യമായ വിശദീകരണം നൽകുന്നതും ഭാവീ നിരീക്ഷണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയെന്നതും ഒരു നിരീക്ഷകന്റെ ചുമതലയിൽപ്പെടുന്നു. ഈ വിവരണങ്ങൾ എല്ലാം സാധ്യമാക്കുന്നത് ഭാഷയെയൊരു മാധ്യമമായി സ്വീകരിക്കുമ്പോൾ മാത്രമാണ്.

നിരീക്ഷണവ്യവസ്ഥയെ നീയതിവാദമായാണ് (Deterministic) കാണുന്നത്. ഡിറ്റെർമിനിസമെന്നാൽ (മനുഷ്യപ്രവർത്തനത്തെ) നിയന്ത്രിക്കുന്ന ഇച്ഛാശക്തിക്കതീതമായി ബാഹ്യപരിതസ്ഥിതികളാണെന്ന വാദമാണ്-ഇവിടെ ഒരു ഇടനിലകാരന്റെയോ നിരീക്ഷകന്റെയോ ആവശ്യമില്ല.

എ) ആകസ്മിക നിയതിവാദം (Casual Determinism)

എല്ലാ പ്രവർത്തനങ്ങൾക്കും വ്യക്തമായൊരു കാരണവും പരിണതഫലവുമുണ്ടെന്ന വാദം.

ബി) അവസ്ഥ-നിയതിവാദം (State Determinism)

ഓരോ അവസ്ഥകളും മറ്റൊന്നിന്റെ പിൻതുടർച്ച മാത്രമാണെന്നുള്ള കാഴ്ചപ്പാട്.

സി) ഘടന നിയതിവാദം (Structural Determinism)

നെറ്റ്വർക്കുകൾ തമ്മിലുള്ള പരസ്പരപ്രവർത്തനത്തിൽ അവയ്ക്കു അവയുടേതായ ഊർജ്ജസംഹിതയുണ്ട്.

ഡി) ഘടനാ സംയോജ്ഞനം (Structural Coupling)

ഇച്ഛാപൂർവ്വമല്ലാത്ത പരസ്പര ആശ്രയത്വം

ജീവശാസ്ത്രപരമായ നിയതിവാദമെന്നത് ഒരു ജീവവ്യവസ്ഥയിൽ നിരീക്ഷക സമൂഹമെങ്ങനെ ആശയവിനിമയം (സംഭരിക്കുന്നു) നടത്തുന്നുവെന്നതാണ്. ഭാഷയ്ക്കാണ് ഇവിടെ പ്രാധാന്യമേറെ കൽപ്പിച്ചിരിക്കുന്നത്. ജീവശാസ്ത്രത്തിന്റേയും പുരോഗമന തീവ്രവാദത്തിന്റെയും വിവരണത്തിൽ, മനുഷ്യസ്വഭാവമെന്നത് അവൻ ജീവിക്കുന്ന ചുറ്റുപാടുകളനുസരിച്ച് രൂപപ്പെടുന്ന സ്വത്വത്തെ അടിസ്ഥാനമാക്കിയാണ്.

**2. ഭാഷയിലൂടെ നഷ്ടമാകുന്ന ധർമ്മങ്ങൾ (The Missing Role for Language)**

പ്രധാനമായും നാലു വിധത്തിലുള്ള ആശയങ്ങളുമായി ഭാഷ യുടെ ധർമ്മങ്ങൾ ബന്ധപ്പെട്ടു നിൽക്കുന്നു.

1. അമൂർത്തം - വസ്തുനിഷ്ഠസിദ്ധാന്തി (Abstract - Objectivist)

ഭാഷയെ ഒരു പ്രതിനിധാനത്തിന്റെ മാദ്ധ്യമമായി കാണുന്നത്.

2. വ്യക്തിനിഷ്ഠം (Individual - Subjectivist)

ആവിഷ്കാരത്തിനുള്ള മാദ്ധ്യമമായി ഭാഷയെ കാണുന്നു. ഇവിടെ വ്യക്തിസ്വാതന്ത്ര്യം സാധ്യമാണ്.

3. വ്യാഖ്യാനശാസ്ത്രം (Hermeneutic)

ഭാഷയെ വ്യാഖ്യാനത്തിനുള്ള/വിശദീകരണത്തിനുള്ള മാദ്ധ്യ മമായി കാണുന്നു.

4. വ്യവസ്ഥാപിതം (Constitute)

മനുഷ്യനെ സാമൂഹ്യജീവിയാക്കി മാറ്റുന്നതിനുള്ള മാദ്ധ്യമം.

അസ്തിത്വത്തെ രൂപപ്പെടുത്തുന്നത് ഭാഷയാണെന്നു ഹെഡ്ഗർ അഭിപ്രായപ്പെടുന്നു. ചലിക്കുന്ന/മാറ്റങ്ങൾക്കു വിധേയരാകുന്ന രൂപ കങ്ങളുടെ സേനയാണു ഭാഷയെന്നു നീഷേ (Nietzsche) പറയുമ്പോൾ, ഒരു ജീവിതരീതിയാണ് ഭാഷയുമായുള്ള കളിയെന്നു വിന്റെൻ സ്റ്റീൻ പ്രസ്ഥാവിക്കുന്നു. സമന്വയിക്കപ്പെട്ട പ്രവർത്തനങ്ങളുടെ ക്രോഡീകര ണമാണ് ഭാഷയെന്നു മാചുറാനാ ഓർമ്മപ്പെടുത്തുന്നു.

ഭാഷ എല്ലാത്തിനേയും (മനുഷ്യനെ) ഒരു സമൂഹജീവിയാക്കി മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. സൈബർനെറ്റിക്സുമായി ചേർത്തുവായിക്കുമ്പോൾ, നിരീക്ഷകനെന്നുള്ളത് രൂപമില്ലാത്തൊരു ആശയം മാത്രമാണ്. 'നിരീക്ഷക'കനെ ഒരിക്കലും സംസാരിക്കാനാ വില്ല. ഭാഷയിലൂടെ മാത്രമേ ഇത്തരത്തിലൊരു ആശയസംവേദനം സാധ്യമാകുകയുള്ളൂ. നിരീക്ഷകന്റെ ഭാഷയാണ് പ്രതിനിധാനത്തിന്റെ മാധ്യമമായി മാറുന്നത്.

**3. ആവർത്തിച്ചുള്ള രണ്ടാംഘട്ട പഠനങ്ങൾ**

മറ്റുള്ളവരെന്തു മനസ്സിലാക്കിയെന്നുള്ളതു മനസിലാക്കലാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്. വളരെ ലളിതമായി മനസിലാക്കൽ എന്ന പ്രക്രിയയെ സൂത്രവാക്യമാക്കി പറഞ്ഞാൽ;

A, B = രണ്ടു മനുഷ്യർ. ഭാഷ കൈകാര്യം ചെയ്യാനും, മനസിലാ ക്കാനും, അതിനനുസരിച്ചു പ്രവർത്തിക്കാനും, അവരുടെ

പ്രവർത്തനത്തിനുണ്ടായ പ്രതിഫലങ്ങളെ നിരീക്ഷിക്കാനും കഴിവുള്ളവർ.

X = A യുമായോ B യുമായോ ബന്ധപ്പെട്ടു നിൽക്കുന്ന ഒരു പ്രശ്നം അല്ലെങ്കിൽ വിശ്വാസം.

എങ്കിൽ,

| A യുടെ രൂപീകരണം | B യുടെ അനുഭവം | ഇവ തമ്മിലുള്ള താരതമ്യം സൂചിപ്പിക്കുന്നത് |
|---|---|---|
| A(X) | (X) | (dis) confirmation (അ)സ്ഥിതീകരണം/ |
| A(X) | B(X) | (dis) Agreement<br>(വി) യോജിപ്പ് |
| A[B(X)] | B(X) | (mis) understanding<br>(തെറ്റി)ദ്ധാരണ |
| A(X) | B[A(X)] | Being (mis) understood<br>(തെറ്റി)ദ്ധരിക്കപ്പെടൽ |
| A[B(A(X)] | B[A(B(X)] | (Future of) realization<br>തിരിച്ചറിവ്/ തിരിച്ചറിവിൽ ഉണ്ടാകുന്ന പരാജയ ങ്ങൾ |

എങ്ങനെയാണ് ഒരു വ്യക്തി യുക്തിപരമായി ഒരാശയം (വിശ്വാസം, പ്രശ്നം) ആവിഷ്കരിക്കുന്നതെന്നും ഉറപ്പിക്കുന്നതെന്നും നിരീക്ഷകനു മാത്രമേ വിലയിരുത്തുവാൻ സാധ്യമാകുകയുള്ളൂ. സാമൂഹികമായ രൂപീകരണമുണ്ടാകുന്നത് ഒരാശയരൂപീകരണത്തിന്റെ പ്രധാന ഘടകങ്ങളെ മനസ്സിലാക്കുന്നതിനും അവ ഒരുമിച്ചുള്ള പങ്കെടുക്കലിലും പരസ്പരമുള്ള ഈ മനസിലാക്കലിനെ അവതരിപ്പിക്കുമ്പോഴുമാണ്.

Ex:

A(x) Vs (X) = (dis) confirmation

A[B(A(X)] Vs B[A(B(x)] = (failure of) realization

(തിരിച്ചറിവുകളിലുണ്ടാകുന്ന പരാജയങ്ങൾ)

നിയമങ്ങൾ, വിവാഹബന്ധങ്ങൾ, പണം എന്നിവയൊക്കെ ഇതിന്റെയടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ സാധിക്കും.

**4. പരസ്പര ഉത്തരവാദിത്വത്തോടു കൂടിയ സാമൂഹ്യപരമായ യാഥാർത്ഥ്യനിർമ്മണം**

ഉത്തരവാദിത്വത്തെ രണ്ടു രീതിയിൽ വേർതിരിക്കാം;

a) C യ്ക്കുവേണ്ടി A യിൽനിന്നും B യിലേക്കു കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്ന (assign), ഉത്തരവാദിത്വം.

b) C യ്ക്കുവേണ്ടി B ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വം.

"Assigning" (നിയോഗിക്കുക) - കൈമാറ്റം ചെയ്യപ്പെടുന്ന ഉത്തരവാദിത്വം ഒരു അധികാരശ്രേണിയുണ്ടാകുന്നു. ഇതിൽ A യ്ക്ക് ഉത്തരവാദിത്വങ്ങൾ മറ്റുള്ളവരിലേക്കു (തനിക്കു താഴെയുള്ളവരിലേക്കു) ഏൽപ്പിച്ചുകൊടുക്കുവാനുള്ള അധികാരമുണ്ട്.

"Assuming" (ഏറ്റെടുക്കുക) - ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വം. Bയുടെ ലക്ഷ്യം മുൻകൂട്ടി മനസ്സിലാക്കുകയാണ് C ഇവിടെ ചെയ്യുന്നത്.

ഏതു രീതിയിലായാലും Bയ്ക്കു താഴെയാണ് Cയുള്ളത്. C എന്നത് ഒരു വ്യക്തിയോ സംഘമോ ആയാൽ, B യുടെ ഉത്തരവാദിത്വമാണ് Cയുടെ രക്ഷാധികാരിയായിരിക്കുകയെന്നതും 'C'യെ സംരക്ഷിക്കുകയെന്നതും.

**സംഭാഷണങ്ങൾ നടക്കുമ്പോഴുണ്ടാകുന്ന പ്രധാന ഉത്തരവാദിത്വങ്ങൾ**

1. അപേക്ഷിക്കാനുള്ള ഉത്തരവാദിത്വം (Requesting an account)

2. സമർപ്പിക്കാനുള്ള ഉത്തരവാദിത്വം (Offering an account)

3.സ്വീകരിക്കാനോ നിരാകരിക്കാനോ ഉള്ള ഉത്തരവാദിത്വം (accepting or rejecting an account)

**സുപ്രധാന ഉത്തരവാദിത്വങ്ങൾ**

1. വിശദീകരണങ്ങൾ (Explanations)

മനസ്സിലാക്കിയവയെ വിവരിക്കുന്നത്.

2. ഒഴികഴിവുകൾ (Excuse)

കർത്തൃത്വത്തെ മാറ്റിനിർത്തികൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തെ പറയുന്നത്.


3. ന്യായീകരണങ്ങൾ (Justification)

കർത്തൃത്വത്തെ അംഗീകരിക്കുകയും ഒരാളുടെ പ്രവർത്തിയിലെ വിശിഷ്ടതയെക്കുറിച്ച് അവകാശവാദങ്ങൾ പറയുകയും ചെയ്യുന്നത്.


രണ്ടാംഘട്ട സൈബർനെറ്റിക്സ് സംഭാഷണത്തിന്റെ സൈബർനെറ്റിക്സിനെ നിർവ്വചിക്കുന്നത് അവയ്ക്കുള്ളിലെ ഘടകങ്ങളെ പൊളിച്ചെഴുതുന്ന ഒരു പ്രവർത്തിയായിട്ടാണ്.

* ഭാഷാരൂപീകരണത്തിന്റേയും പ്രയോഗത്തിന്റേയും ആവർത്തിച്ചുള്ള പ്രവർത്തനമാണ് സൈബർനെറ്റിക്സ്.
* പരസ്പരം അംഗീകരിച്ചുള്ള സംഭാഷകരെ മനസ്സിലാക്കുന്നത്

അവരുടെ സംഭാഷണത്തിലൂടെയാണ് അല്ലാതെ ഒരു നിരീക്ഷകന്റെ കാഴ്ചപ്പാടിലൂടെയല്ല.




- പരസ്പരമുള്ള സംഭാഷണത്തിൽ പങ്കെടുക്കുന്നവർക്കിടയിൽ ഒരു കർത്താവ് (agency) ആവശ്യമാണ്.
- Re. Con. Struction - ശാരീരികവും സാമൂഹികവും വസ്തുനിഷ്ഠമായ ഘടകങ്ങളെ പുനർരൂപീകരണത്തിലൂടെ ഏകോപിപ്പിക്കുന്നതെങ്ങനെയെന്നു പരിശീലിപ്പിക്കുകയാണ് രണ്ടാംഘട്ട സൈബർനെറ്റിക്സ് ചെയ്യുന്നത്.




- രണ്ടാംഘട്ട സൈബർനെറ്റിക്സിൽ സിദ്ധാന്തങ്ങളെക്കാൾ കൂടുതൽ പ്രയോഗങ്ങളാണുള്ളത്.

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ന്യൂറോ സയൻസിലും തുടങ്ങിയുള്ള എല്ലാ വിജ്ഞാനമണ്ഡലങ്ങളിലും സൈബർനെറ്റിക്സ് പ്രയോഗിച്ചു വരുന്നു.

**വർത്തമാനകാലത്തെ സൈബർനെറ്റിക്സ്**

സൈബർ നെറ്റിക്സ് പഠനത്തിന്റെ വിപുലമായ പഠനചരിത്ര പശ്ചാത്തലത്തിൽ നിന്നും ഊർജ്ജവും സാധ്യതയും ഉൾക്കൊണ്ടാണ് നവമാധ്യമകേന്ദ്രീകൃതമായ പഠനങ്ങൾ പുരോഗമിക്കുന്നത്. ഇന്റർനെറ്റ് മൊബൈൽഫോൺ തുടങ്ങിയ നവമാധ്യമങ്ങൾ/നവയന്ത്രങ്ങൾ ആശയരൂപീകരണത്തിന്റെയും ആശയവ്യാപനത്തിന്റെയും ആശയസ്വീകരണത്തിന്റെയും പുത്തൻ അവസ്ഥകളാണ് പ്രദർശിപ്പിക്കുന്നത്. ഇലക്ട്രോണിക്സ് ഭാഷയേയും സാഹിത്യത്തെയുംപറ്റി വസ്തുനിഷ്ഠമായി പഠിക്കുന്ന കാതറിൻ ഹെയിൽസ് (Katherin Hayles) ആശയവിനിമയ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ രണ്ടായി തിരിക്കുന്നു. വൈയക്തിക സാധ്യതകളിലൂടെ ആശയവിനിമയം നടത്തുന്നവരെ ഹ്യൂമൻ എന്നും ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയ നവീന മാധ്യമങ്ങളുടെ സഹായത്തോടെ ആശയങ്ങൾ രൂപീകരിച്ച് വിനിമയം ചെയ്യുന്നവരെ പോസ്റ്റ് ഹ്യൂമൻ എന്നുമാണ് നിർണയിച്ചിരിക്കുന്നത്.

ആശയവിനിമയത്തിലെ സൈബർ നെറ്റിക്സ് സാധ്യതകളാണ് പോസ്റ്റ് ഹ്യൂമന്റെ അസ്തിത്വം നിർണയിക്കുന്നത്. ആശയം അമൂർത്തമായ കല്പനകളുടെ സമഗ്രതയാണ്. ആശയത്തെ മൂർത്തവൽക്കരിക്കുവാൻ ബൗദ്ധിക പ്രവർത്തനത്തിനൊപ്പം മാധ്യമത്തിന്റെ സാധ്യതകൾക്കൂടി വിനിയോഗിക്കുമ്പോൾ സ്വഭാവികതയോടെ മാധ്യമത്തിന്റെ സ്വഭാവം ആശയം പ്രകാശിപ്പിക്കുന്ന ഭാഷയ്ക്കും കൈവരുന്നു. മാധ്യമമില്ലാതെ ഭാഷയും ആശയവും മൂർത്തവൽക്കരിക്കാൻ കഴിയാത്ത അവസ്ഥ മാധ്യമത്തിന്റെ അനിഷേധ്യതയാണ് വ്യക്തമാക്കുന്നത്.


സൈബർനെറ്റിക്സ് സിദ്ധാന്തങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവയാണ് നവമാധ്യമങ്ങളായ ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയവ. ഇ-മെയിൽ, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എല്ലാം തന്നെ ആശയവിനിമയത്തിന്റെ ഓരോ രീതിയിലുള്ള നവീന അവസ്ഥകളാണ് പ്രദർശിപ്പിക്കുന്നത് ഇത്തരം ആശയങ്ങൾ രൂപീകരിക്കാനും വിനിമയം ചെയ്യാനും സ്വീകരിക്കാനുമെല്ലാം ഇന്റർനെറ്റോ മൊബൈൽഫോണോ (മാധ്യമം) ആവശ്യമാണ്. സൈബർനെറ്റിക്സിലെ തന്നെ സന്ദേശം അയക്കുന്നതിനെപ്പറ്റിയും ഫീഡ്ബാക്കിനെ കുറിച്ചും പഠിക്കുന്ന ഉപവിഭാഗമാണ് സൈബർ ടെക്സ്റ്റാലിറ്റി. പ്രധാനമായും അഞ്ചുതലങ്ങളാണ് ഒരു സന്ദേശകൈമാറ്റത്തിനുള്ളത്.

1. സൈബർടെക്സ്റ്റ്
2. സ്വീകർത്താവ്/വായനക്കാരൻ
3. നോയ്സ് (ഏതെങ്കിലും സിഗ്നലുകളുടെയോ വിവരങ്ങളുടേയോ നീക്കത്തെ തടസ്സപ്പെടുത്തുന്ന മറ്റൊരു സിഗ്നൽ)
4. മാധ്യമം
5. പ്രേഷകൻ/അയക്കുന്ന ആൾ

ഇവയെകുറിച്ചുള്ള പഠനമാണ് സൈബർടെക്സ്റ്റാലിറ്റി നടത്തുന്നത്. ഈ അഞ്ചുമാനങ്ങൾ കൂടിച്ചേർന്ന് രണ്ട് തരത്തിലുള്ള സന്ദേശങ്ങൾ രൂപികരിക്കുന്നു.

1. പുറത്തേക്ക് വിടുന്ന സന്ദേശം (an outward message) ഇതൊരു പ്രേഷകനിൽ നിന്നും സ്വീകർത്താവിലേക്ക് കൈമാറ്റുന്ന സന്ദേശമാണ്.
2. ഫീഡ്ബാക്ക് സന്ദേശം (feedback response) ഒരു സന്ദേശം ലഭിച്ചു കഴിഞ്ഞാലുടൻ സ്വീകർത്താവിൽ നിന്നും പ്രേഷകനിലേക്കുള്ള പ്രതികരണ സന്ദേശമാണിത്.

ഗൂഗിൾചാറ്റ്, ഇ-മെയിൽ, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയവയെല്ലാം തന്നെ പ്രവർത്തിക്കുന്നത് മുകളിൽ പറഞ്ഞ രണ്ട് തരം സന്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ്. സന്ദേശകൈമാറ്റത്തിന്റെ പുതിയ രൂപങ്ങളാണ് എസ്.എം.എസുകൾ, ഐ.എമുകൾ, ഇ-മെയിൽ, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ്, ട്വിറ്റർ തുടങ്ങിയവ. ഷോർട്ട് മെസ്സേജ് സർവ്വീസ് എന്നതിന്റെ ചുരുക്കെഴുത്താണ് എസ്.എം.എസ്. (SMS) സ്മാർട്ട്ഫോണുകൾ, ഇന്റർ നെറ്റ് എന്നിവ വഴി നടക്കുന്ന സന്ദേശകൈമാറ്റത്തിനു സമാനമായ പ്രവർത്തനരീതിയാണുള്ളത്.




MSC - ഷോർട്ട് മെസ്സേജ് സെന്റർ. സന്ദേശങ്ങൾ സൂക്ഷിക്കുകയും അയയ്ക്കുകയും ചെയ്യുന്നു.

ഒരു മൊബൈലിൽനിന്നും കൈമാറ്റം ചെയ്യപ്പെടുന്ന സന്ദേശം കേന്ദ്രീകൃത ഷോർട്ട് മെസ്സേജ് സെന്ററിലെത്തുകയും അവിടെ നിന്ന് സന്ദേശം എത്തിച്ചേരേണ്ട സ്വീകർത്താവിന്റെ വിവരങ്ങൾ മൊബൈൽ നമ്പർ, ഫോർമാറ്റ് എന്നിവ നിർണയിച്ച്, നിശ്ചിത മൊബൈൽഫോണിലേക്ക്/ഇന്റർനെറ്റ് സർവ്വീസിലേക്ക് സന്ദേശം എത്തിക്കുന്നു. ഐ.എം. മെസ്സേജിങ്ങ് കൂടുതലായി ഉപയോഗിച്ചുവരുന്നത്. ക്ഷണനേരത്തിൽ സന്ദേശം കൈമാറുന്നതിന്, ചാറ്റ്, വെബ് ലിങ്കുകൾ, വീഡിയോ, ചിത്രങ്ങൾ, ശബ്ദങ്ങൾ, ഫയലുകൾ എന്നിവയ്ക്ക് ഐ.എമുകൾ സഹായിക്കുന്നു.

ഇവയുടെയെല്ലാം പൊതുവായ ന്യൂനതയെന്തെന്നാൽ സന്ദേശങ്ങളുടെ സ്വീകാര്യത ഉറപ്പാക്കുന്നതിൽ ഒരുപരിധിവരെ ഇവ പരാജയപ്പെടുന്നുവെന്നാണ്. നമ്മൾ നൽകുന്ന വ്യക്തിപരമായ വിവരങ്ങൾ ഹാക്ക് ചെയ്യപ്പെടാനുള്ള സാധ്യതയേറെയാണ്. ഒരുപരിധിവരെ നമ്മുടെ വിവരങ്ങൾ ആരൊക്കെ കാണണമെന്ന് തീരുമാനിക്കാനുള്ള അവകാശം സൈബർസ്പേയ്സ് നമുക്ക് തരുന്നുണ്ടെങ്കിലും അതിനെ പൂർണ്ണമായും വിശ്വസിക്കാൻ സാധ്യമല്ല. സ്വകാര്യതയെന്നത് ഇന്നിപ്പോൾ വലിയൊരു പ്രശ്നമായി മാറികൊണ്ടിരിക്കുന്നു. ഒരുപരിധിവരെ സന്ദേശകൈമാറ്റങ്ങളുടെ സ്വകാര്യതയെ നിയന്ത്രിക്കാൻ സൈബർനെറ്റിക്സ് സിദ്ധാന്തത്തിനു സാധിക്കുന്നു. പ്രേഷകനും സ്വീകർത്താവും തമ്മിലുള്ള സന്ദേശങ്ങളെ രഹസ്യകോഡാക്കിമാറ്റി കൈമാറ്റം ചെയ്യുകയാണിവിടെ ചെയ്യുന്നത്. ഉദാഹരണമായി വാട്സ്ആപ്പിൽ സെറ്റിംഗ്സിലുള്ള അക്കൗണ്ട് എന്നതിൽ പ്രൈമറി എന്നൊരു ഓപ്ഷൻ കാണാവുന്നതാണ്. പ്രൈമറി ആക്ടിവേറ്റാക്കിയാൽ message you send to this chat and call/group are now secured with end-to-end encryption (നിങ്ങൾ ഈ ചാറ്റിലേക്ക്/ ഗ്രൂപ്പിലേക്ക് അയച്ചിട്ടുള്ള സന്ദേശങ്ങൾ രഹസ്യകോഡുകളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു) എന്നെഴുതിയിരിക്കുന്നത് കാണാൻ സാധിക്കുന്നതാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വികസിതരൂപമാണ് സൈബർനെറ്റിക്സും സൈബർനെറ്റിക്സ് പഠനങ്ങളും. പ്രതിപ്രവർത്തനക്ഷമതയുള്ള യന്ത്രങ്ങളെ നിർമിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ സൈബർനെറ്റിക്സിന്റെ വളർച്ചയ്ക്കു കാരണമായി. ആധുനികയുഗത്തിലെ സൈബർനെറ്റിക്സ് പഠനങ്ങൾ മനുഷ്യന്റെ ദൈനംദിന ജീവിതത്തെ വരെ സ്വാധീനിക്കുന്നു.

## Bibliography

Ashby, W.R. Introduction to Cybernetics. London: Martino Fine Books, 1963. Print.

Baddley, Alan. *Working Memory and Language: An Overview. Journal of Communication Disorders*.36.3.189-203, 2003.

Canon, Walter. *The Wisdom of the Body*. New York:

W. W. Norton & co., 1932. Print.

Glassefed, ernest von. *Cybernetics and the theory of knowledge*. 8 Jan. 2015 web. 11 Aug. 2016

http://www.cyberneticsteory/cybernetics-theory-of-knowledge/

Gordon, Pask. *The Cybernetics of Human Learning and Performance*. New York: hucthson, 1975. Print.

.... The meaning of cybernetics in the behavioural sciences. *Progress of Cybernetics*. ed. Rose J. London: Gordon and Beach, 1969.pp.3-23. Print.

Hayles, N. Katherine. *How We Bacame Post - Human: Vertual Bodies in Cybernetics Literature and Infromatics*. Chicago: University of Chicago Press, 1999, Print.

Heims, S.J. *Constructing a Social Science for Postwar America: the Cybernetics Group*. Cambridge: MIT Press, 1991. Print.

Heylighen, Francis, Joslyn Cliff. "Cybernetics and Second-Order Cybernetics." *Encyclopedia of Physical Science & Technology.* ed. R. A. Meyers. New York: Academic Press, 2001.print.

Heylighen, F., Joslyn Cliff & Turchin V.ed. *Principia cybernetic web*. 22 July. 2016 <http://pcp.vub.ac.be>

Maturana, H. Neurophysiology of cognition. Cognition: A multiple view. ed. Garvin P. New York: Spartan Books, 1970. Print.

Maturana, H.& Varela, F. *The Tree of Knowledge* (revised edition). Boston: Shambhala Press,1998. Print.

Meystel, A. "Intelligent Systems: A Semiotic Perspective." *International Journal of Intelligent Control and Systems* 1, 31-57.

Richard, G.P. *Feedback thought in social science and system theory*. Philadelphia: University of Pennsylvania Press, 1991. Print.

Shanon, Claude, Warren Weever. *The Mathematical theory of Communication*. Arbana: the University Press of Illois, Print.

Umpleby, S. A.& Dent, Eric B. "the origin and purpose of several traditions in Systems Theory and Cybernetics. *Cybernetics and Systems: An International Journal*, 30: 79-103, 1999.

# ലേഖകപരിചയം

**1. ഡോ. ജോസ് കെ മാനുവൽ**

അധ്യാപകൻ, എഴുത്തുകാരൻ, സെന്റർൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കണ്ണൂർ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കർപ്പകം യൂണിവേഴ്സിറ്റി, കോയമ്പത്തൂർ തുടങ്ങിയിടങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അധ്യാപക നിയമനത്തിനുള്ള സബ്ജക്ട് എക്സ്പേർട്ട് പാനലിലെ അംഗം. നവമാധ്യമങ്ങൾ ഭാഷയിലും സംസ്കാരത്തിലും ചെലുത്തുന്ന അധികാരത്തിന്റെ രാഷ്ട്രീയം എന്ന വിഷയത്തിന് യു.ജി.സി.യുടെ മേജർ റിസേർച്ച് പ്രോജക്ട് ലഭിച്ചു.

**2. ഡോ. സി. ആർ. രാജഗോപാലൻ**

തൃശൂർ ജില്ലയിലെ പെരുമ്പിള്ളിശ്ശേരിയിൽ സി.എൻ.രാമപ്പണിക്കരുടേയും നാരായണിയമ്മയുടേയും മകനായി 1957-ൽ ജനനം. ചേർപ്പ് സിൻ.എൻ.എൻ.ഹൈസ്കൂൾ, തൃശൂർ ഗവൺമെന്റ് കോളേജ്, ശ്രീ. കേരളവർമ്മ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ശ്രീ.കേരളവർമ്മ കോളേജ് മലയാളവിഭാഗത്തിൽ റീഡറായിരുന്നു. ഇപ്പോൾ കേരള സർവ്വകലാശാല മലയാളം വിഭാഗത്തിൽ പ്രൊഫസറാണ്.

കേരള സർവ്വകലാശാല അന്താരാഷ്ട്ര കേരള പഠനകേന്ദ്രം, സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡയറക്ടർ ആണ്. കേരളീയതയുടെ നാട്ടറിവ്, ഡി.സി.ബുക്സിന്റെ നാട്ടറിവുകൾ എന്നീ പരമ്പരകളുടെ ജനറൽ എഡിറ്റർ. എല്ലാം കത്തിയെരിയുകയാണ്, ഗോത്രകലാവടിവുകൾ, കാവേറ്റം നടാൻകലാപഠനങ്ങൾ, മുടിയേറ്റ് നാടോടി നേരരങ്ങ്, ഫോക്‌ലോർ സിദ്ധാന്തങ്ങൾ, മണ്ണമ്മ കേഴുന്നില്ല പ്രകൃതിതിയറിവുകൾ, അലയുന്നവർ, അന്നവും സംസ്കാരവും, കറുത്ത മണികളുടെ കൊയ്ത്ത് എന്നിവയുടെ രചയിതാവ്. കൃഷിഗീതയുടെ എഡിറ്റർ. Summer rain/harvesting the indegenous knoweldge of Kerala,

nattarivu/2000 years of malayalee heritage എന്നിവയുടെ എഡിറ്റർ. കേരള ഫോക്‌ലോർ അക്കാദമി, കേരള സംഗീത നടക അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഗ്രീസ്, ചൈന, ഇറ്റലി, ജനീവ, ഇംഗ്ലണ്ട്, സ്വിസ്‌സർലന്റ്, പോളണ്ട് എന്നിവിടങ്ങളിൽ നാട്ടറിവ്, നാടൻകലാ സംബന്ധമായ അന്താരാഷ്ട്ര സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്.

ഭാര്യ: ശീതൾ വി.എസ്; വിലാസം : ശ്രീകാവ്, കണിമംഗലം പി.ഓ, തൃശൂർ 680027; ഇ-മെയിൽ: rajgopalcr@gmail.com

**3. വി.കെ. ആദർശ്**

1973 മെയ് മുപ്പതിന് കൊല്ലം ജില്ലയിലെ ഉമയനല്ലൂർ വാഴപ്പള്ളി യിൽ ജനിച്ചു. നെയ്യാറ്റിൻകര ജി.പി.ടിയിൽനിന്ന് ഇലക്ട്രോണിക്സ് ആന്റ് ഏവിയോണിക്സിൽ ഡിപ്ലോമ, കൊല്ലം ടി.കെ.എം.എൻജിനി യറിങ് കോളേജിൽ നിന്ന് പ്രൊഡക്ഷൻ എൻജിനിയറിങ്ങിൽ ബി.ടെക് ബിരുദം. കേരള സർവ്വകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വകുപ്പിൽ നിന്നും ടെക്നോളജി മാനേജ്മെന്റിൽ എം.ടെക് ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സിന്റെ അസോസിയേറ്റ്, കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ അംഗം. ആനുകാലികങ്ങളിൽ ശാസ്ത്ര സാങ്കേതിക വിദ്യയെ സംബന്ധിച്ച് പതിവായി എഴുതി വരുന്നു. കേരള സർക്കാരിന്റെ 2007ലെ ഊർജ്ജസംരക്ഷണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൊല്ലം യൂനുസ് കോളേജ് ഓഫ് എൻജിനിയറിങ് ആന്റ് ടെക്നോളജിയിൽ മെക്കാനി ക്കൽ എൻജിനിയറിങ് വിഭാഗം ലക്ചർ. ബ്ലോഗ്: http://blogbhoomi.blogspot.com.

**4. എൻ.പി. സജീഷ്**

കോഴിക്കോട് ജില്ലയിലെ കൽപ്പത്തൂരിൽ ജനിച്ചു. മാസ് കമ്യൂ ണിക്കേഷൻ ആൻഡ് ജേണലിസത്തിൽ ബിരുദാനന്തര ബിരുദം. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. മികച്ച സിനിമാഗ്രന്ഥത്തിനും ലേഖ നത്തിനുമുള്ള സംസ്ഥാന ചലച്ചിത്ര അവർഡ് 2006, 2007 വർഷങ്ങളിൽ ലഭിച്ചു. 2013ൽ വൈജ്ഞാനിക സാഹിത്യഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ ജി.എൻ.പിള്ള എൻഡോവ്മെന്റ് അവാർഡ് നേടി. കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന്റേയും ടെലിവിഷൻ അവാർഡിന്റേയും രചനാവിഭാഗം ജൂറി അംഗമായിരുന്നിട്ടുണ്ട്. മറി മായം, എം 80 മൂസ എന്നീ ആക്ഷേപഹാസ്യപരിപാടികൾക്കുവേണ്ടി നൂറിൽപ്പരം എപ്പിസോഡുകളുടെ രചന നിർവഹിച്ചു. ചരിത്രപഠനങ്ങ ളുടെ സമാഹാരമായ ദൃശ്യദേശങ്ങളുടെ ഭൂപടം, ശലഭച്ചിറകുകൾ കൊഴി യുന്ന ചരിത്രശിശിരത്തിൽ, തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ, പുരുഷവേഷങ്ങൾ (എഡിറ്റർ), ആത്മഹത്യ: ജീവിതംകൊണ്ടു മുറി വേറ്റവന്റെ വാക്ക്, ഉന്മാദം, അബോധത്തിന്റെ മഹോത്സവം (സഹ കർത്താവ്), എന്റെ ഘാതകരുടെ കഥ (തരുൺ തേജ്പാലിന്റെ നോവ

ലിന്റെ വിവർത്തനം), അടൂർ ഗോപാലകൃഷ്ണൻ: സിനിമയിലെ ജീവിതം (ജീവചരിത്രവിവർത്തനം) സഹസ്രാബ്ദത്തിന്റെ സിനിമകൾ( തിരക്കഥാമൊഴിമാറ്റം) എന്നിവയാണ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ. മാധ്യമം ആഴ്ചപ്പതിപ്പ്, ദിനപത്രം എന്നിവയിൽ പത്രാധിപ സമിതി അംഗമായിരുന്നു.

**5. വിശാൽ ജോൺസൺ**

എറണാകുളം ജില്ലയിലെ തിരുവാങ്കുളത്ത് 1991-ൽ ജനനം. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ. ഇപ്പോൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥി. സിദ്ധാർത്ഥ ശിവയുടെ ദേശീയാംഗീകാരം നേടിയ 'ഐൻ' എന്ന സിനിമയിലൂടെ മലയാള ചലച്ചിത്രഗാനരചനാലോകത്തേക്ക് പ്രവേശം ചെയ്തു. ഇടം എന്ന ആൽബത്തിനുശേഷം ഉദയായുടെ ചിത്രമായ കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോയിൽ ഒരു ഗാനത്തിന് രചന നിർവ്വഹിച്ചു. വിലാസം: വെളിപ്പറമ്പിൽ ഹൗസ്, മീമ്പാറ പി.ഒ, കുറിഞ്ഞി. email: vj10391@gmail.com, Mob: 9447704513.

**6. ഡോ. ബിനു സചിവോത്തമപുരം**

കോട്ടയം ജില്ലയിലെ സചിവോത്തമപുരത്ത് ജനിച്ചു. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദാനന്തരബിരുദം, എം.ഫിൽ. ഇപ്പോൾ ഗവേഷകൻ. നാഴികമണി, സിലബിൾ (ഡോ.എം.ബി മനോജുമൊത്ത് എഡിറ്റ് ചെയ്തു) തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചു. തകഴി കഥാപുരസ്കാരം, പൂർണാ ഉറൂബ് കഥാപുരസ്കാരം, ബഷീർ കഥാപുരസ്കാരം, പ്രബന്ധരചനയ്ക്ക് കേരള സമീക്ഷ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഇ-മെയിൽ: nazhikamani@gmail.com. ഫോൺ: 9497325564

**7. ഡോ. ടി. ജിതേഷ്**

പാലക്കാട് ജില്ലയിൽ കടുക്കാംകുന്നത്ത് ജനനം. പട്ടാമ്പി ഗവ. സംസ്കൃത കോളെജിൽ നിന്നും മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും പിഎച്ച്.ഡി. സിനിമയുടെ വ്യാകരണം, ചലച്ചിത്രത്തിന്റെ ആഖ്യാനകം എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, മധുര കാമരാജ് യൂണിവേഴ്സിറ്റി. ഇ-മെയിൽ- githesht@gmail.com, ഫോൺ: 09025782282.

**8. ഡോ. എം.ബി. മനോജ്**

1972-ൽ ഇടുക്കി ജില്ലയിലെ ഇരട്ടയാറിൽ ജനനം. പിതാവ് എസ്. ബാബു. മാതാവ് ടി.കെ. തങ്കമ്മ. കൂട്ടാന്തതയുടെ എഴുപതു വർഷങ്ങൾ, എന്റെ കൂട്ടരെ ഇത് മൂകമാണ്, കാണുന്നീലൊരക്ഷരവും,

Writing in the Dark, ദളിത് പഠനങ്ങൾ, പി.ജെ. സഭാരാജ്, ഓർമ, രാഷ്ട്രീയം, അടയാളം,, ആദർശം, എഴുത്ത്, അവസ്ഥ, മുൻകാലുകൾ കൂട്ടിക്കെട്ടിയ നടത്തക്കാർ തുടങ്ങിയവ കൃതികൾ. കഥയ്ക്ക് 2005-ലെ പുഴ ഡോട്ട് കോം പുരസ്കാരം. 2005-ലെ കാരവൻ കൾച്ചറൽ പുരസ് കാരം, 2009-ലെ കനകശ്രീ പുരസ്കാരം, എം.ജി.യൂണിവേഴ്സിറ്റി, സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും മലയാള സാഹിത്യത്തിൽ ഡോക്ട റേറ്റ്. ഇപ്പോൾ കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ. ഇ-മെയിൽ: mbmanojmb@gmail.com ഫോൺ: 9961327429, 8547727339

### 9. ഡോ. സുജാറാണി മാത്യു

കോട്ടയം ജില്ലയിൽ അമ്മഞ്ചേരിയിൽ ജനനം. മാന്നാനം കെ.ഇ.കോളെജിൽ അസിസ്റ്റന്റ് പ്രൊഫസർ. ഇംഗ്ലീഷ് സാഹിത്യത്തിൽ പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ., ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഫിൽ, മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് പിഎച്ച്.ഡി എന്നിവ നേടി. വുമണിസം: ഓഫ് ദി ഫെമിനിസ്റ്റ് ട്രാക്ക്, ടീൻ വൈബ്സ്, മസ്തിഷ്ക ഭാഷ; പ്രസ ക്തിയും പ്രയോഗവും, വുമണിസം: സ്ത്രീ ചിന്തയും സിദ്ധാന്തവും എന്നിവ പുസ്തകങ്ങൾ.

ഇ-മെയിൽ- mathewsuja@rediffmail.com, ഫോൺ-9447320083

### 10. ഡോ. തോമസ് സ്കറിയ

കോട്ടയം ജില്ലയിലെ കുറിച്ചിത്താനത്തു ജനിച്ചു. എറണാകുളം മഹാരാജാസ് കോളെജിൽ നിന്നും മലയാളത്തിൽ എം.എ. ബിരുദം നേടി. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്നും എംഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. സമകാലിക സാഹിത്യവിമർശനം, ജനപ്രിയ സിനിമകൾ: പഠവും പൊരുളും, ആധുനികാനന്തര കവിത (എഡി.) തിയേറ്ററും സിനിമയും (എഡി.) എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീ കരിച്ചിട്ടുണ്ട്. പാലാ സെന്റ് തോമസ് കോളെജ് മലയാളവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ. വിലാസം:പാലമറ്റം, കുറിച്ചിത്താനം, ഉഴവൂർ – 686634.

### 11. ബ്ലെയ്സ് ജോണി

കോട്ടയം ജില്ലയിലെ അമനകര സ്വദേശി. എം.ജി.സർവ്വകലാ ശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്ന് ഇംഗ്ലീഷിലും മലയാള ത്തിലും ബിരുദാനന്തര ബിരുദം, മധുര കാമരാജ് സർവ്വകലാശാലയിൽ നിന്നും എം.ഫിൽ.ബിരുദം എന്നിവ നേടിയിട്ടുണ്ട്. നിലവിൽ ഗാന്ധി ഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഗവേഷണം ചെയ്യുന്നു. Email: blaisjohny88@gmail.com Mob: 9447766602

## 12. ഡോ. സുനിൽ ജോസ്

കണ്ണൂർ ജില്ലയിലെ മാങ്ങോടിൽ ജനിച്ചു. ആലുവ യു.സി. കോളെജിൽ നിന്ന് മലയാളത്തിലും ബാംഗ്ലൂരിലെ ധർമാരാം കോളെജിൽ നിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദങ്ങൾ. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്നും മലയാളത്തിൽ ബിരുദാനന്തര ബിരുദം. പൂവുകൾക്കൊണ്ട് പൂരിപ്പിക്കേണ്ട ഇടങ്ങൾ, ഇരുപുറത്തിൽ കവിയാതെ പിന്നെയും എന്നിവ കവിതാസമാഹാരങ്ങൾ. മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും മലയാളസാഹിത്യത്തിൽ പിഎച്ച്.ഡി. സെന്റ് അലോഷ്യസ് കോളെജിൽ അസിസ്റ്റന്റ് പ്രൊഫസർ. ഫോൺ–9447781288.

## 13. മനോജ് ജോസഫ്

കോട്ടയം ജില്ലയിലെ കണ്ണിമലയിൽ ജനിച്ചു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും ബിരുദം. എസ്.ബി. കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്ന് എം.ഫിലും നേടി. പിഎച്ച്.ഡി ബിരുദത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രബന്ധം സമർപ്പിച്ചിരിക്കുന്നു. കാഞ്ഞിരപ്പള്ളി സെന്റെ തോമസ് കോളേജിലെ അദ്ധ്യാപകനാണ്.

## 14. അനിറ്റ ഷാജി

ഇടുക്കി ജില്ലയിലെ വിമലഗിരി സ്വദേശിനി. കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും ഒന്നാം റാങ്കോടെ മലയാളത്തിൽ ബിരുദം. എം.ജി.സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും ഒന്നാം റാങ്കോടെ എം.എ., എം.ഫിൽ. ബിരുദങ്ങൾ. ഇപ്പോൾ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ യു.ജി.സി. ധനസഹായത്തോടെ ഗവേഷണം നടത്തുന്നു.
Mob: 8281461548, Email: anittashajimgu@gmail.com.

## 15. എൻ. മുരാരിശംഭു

മാന്നാർ കുട്ടമ്പേരൂർ സ്വദേശി, മസ്ക്കറ്റിൽ ഇന്ത്യൻ സ്കൂളിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ കൊല്ലകടവ് ഗവ. ഹൈസ്കൂളിൽ മലയാളം അദ്ധ്യാപകൻ. നാഗർകോവിൽ എസ്.റ്റി. ഹിന്ദു കോളേജ്, മലയാളം ഡിപ്പാർട്ടുമെന്റിൽ ആൻഡ് റിസർച്ച് സെന്ററിൽ (എം.എസ്. യൂണിവേഴ്സിറ്റി, തിരുനെൽവേലി) പാർട്ട് ടൈം ഗവേഷണം പൂർത്തിയാക്കി. ആനുകാലികങ്ങളിലും ബ്ലോഗിലും എഴുതുന്നു.
ഇ–മെയിൽ: murarisambhu@gmail.com, Mob: 9747059572

**16. ഡോ. എം. എസ്. പോൾ**

കൊട്ടാരക്കരയിലെ ഓടനാവട്ടത്ത് ജനിച്ചു. കേരളസർവകലാശാലയിൽ നിന്നു രാഷ്ട്രതന്ത്രത്തിൽ ബിരുദം. മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദം. മദിരാശി സർവകലാശാലയിൽനിന്നും എം.ഫിൽ. കേരള സർവകലാശാലയിൽ നിന്ന് സാഹിത്യനിരൂപണ പഠനത്തിൽ പിഎച്ച്.ഡി കേരള സാഹിത്യഅക്കാദമിക്കുവേണ്ടി കെ.ടി. യുടെ നാടകങ്ങളെക്കുറിച്ചു പഠനം നടത്തിയിട്ടുണ്ട്. 'ഉത്തരാധുനിക കവിതാ പഠനങ്ങൾ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്തനംതിട്ട കാതോലിക്കേറ്റ് കോളെജ് മലയാളവിഭാഗത്തിൽ അധ്യാപകനാണ്. വിലാസം: മാവിള, ഓടനാവട്ടം പി.ഒ., കൊട്ടാരക്കര, കൊല്ലം-691512.

**17. ശ്രീനാഥ് സദാനന്ദൻ**

കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴിയിൽ 1988-ൽ ജനനം. മണർകാട് എരുമപ്പെട്ടിയിൽ സ്ഥിരതാമസം. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ. ബ്ലോഗ് രചനയിൽ സജീവമാണ്. ഇപ്പോൾ കോട്ടയം കോ- ഓപ്പറേറ്റീവ് കോളേജിൽ മലയാളം അദ്ധ്യാപകനാണ്. വിലാസം: തടത്തിൽപറമ്പിൽ, മണർകാട് പി.ഒ, എരുമപ്പെട്ടി, കോട്ടയം-686019, ഫോൺ:9544619750, ഇ-മെയിൽ. ഇ-മെയിൽ.: jagatisvar @gmail.com.

**18. സജി കരിങ്ങോല**

1979-ൽ കൊല്ലം ജില്ലയിലെ ഓടനാവട്ടത്ത് കരിങ്ങോലയിൽ ജനിച്ചു. കേരളസർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ എം.എ, ബി.എഡ്. മദിരാശി സർവ്വകലാശാലയിൽ നിന്നും എം.ഫിലും, സൈബർ മലയാളത്തിൽ ഗവേഷണവും പൂർത്തീകരിച്ചു. 'സോറി', 'മറീനയിലെ പ്രതിമകൾ', 'അതിരുകൾ' എന്നീ കവിതാ സമാഹാരങ്ങളും, 'മത്സര പരീക്ഷകളിലെ മലയാളം', 'സൈബർ ബഹുസ്വര വായനകൾ' (എഡിറ്റർ), 'മഞ്ഞിൽ വിരിയാത്ത പൂക്കൾ: സിനിമാ അനുഭവം പഠനം' (എഡിറ്റർ) എന്നീ പഠനഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതുന്നു. ഷോർട്ട് ഫിലിമുകൾക്ക് തിരക്കഥകൾ രചിച്ചിട്ടുണ്ട്. കവിതകൾക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇ-മെയിൽ: karingolasaji@gmail.com, ബ്ലോഗ്: karingolasaji.blogspot. com
മൊബൈൽ: 9995385058

**19. ജോസഫ് ടി.കെ**

തൃക്കൊടിത്താനം സ്വദേശി. ആലുവ യു.സി കോളേജിൽ നിന്ന് മലയാളത്തിൽ ബിരുദാന്തര ബിരുദം. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും എംഫിൽ ബിരുദം നേടിയതിനു ശേഷം അവിടെതന്നെ

പിഎച്ച്.ഡി ബിരുദത്തിനുവേണ്ടി ഗവേഷണം നടത്തുന്നു. മുഹമ്മ മദർ തെരേസ ഹൈസ്കൂളിലെ അധ്യാപകനാണ്.

**20. അനൂപ് കെ.ആർ**

കോട്ടയം ജില്ലയിലെ പാമ്പാടി സ്വദേശി. ബസേലിയസ് കോളജ്, കോട്ടയം (ബിരുദം), മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് (ബിരുദാനന്തരബിരുദം, എം.ഫിൽ). എൻ.എസ്.എസ്. കോളജ്, പന്തളം (ബി.എഡ്) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇ–മെയിൽ: anoopkr.pdy@gmailcom, മൊബൈൽ: 9961071235

**21. ജിഷ എം. ലാൽ**

തിരുവല്ല സ്വദേശി. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം. ഇപ്പോൾ സ്കൂൾ ലെറ്റേഴ്സിൽ എം.ഫിൽ ഇംഗ്ലീഷ് ചെയ്യുന്നു.
ഇ.മെയിൽ: jishamlal@gmail.com

# സൈബർ ആധുനികത

## സംവാദം സംസ്കാരം സംലയനം



എഡിറ്റർ
ഡോ. ജോസ് കെ. മാനുവൽ

കേരളത്തിൽ സംഭവിച്ച സൈബർ ആധുനികതയെപ്പറ്റി പുതുതലമുറ എഴുത്തുകാർ നടത്തുന്ന വിലയിരുത്തലാണ് ഈ ഗ്രന്ഥം. സൈബർ ആധുനികതയുടെ സ്വഭാവം, ഓൺലൈൻ വിപണി, ഗ്ലോക്കലൈസേഷൻ, സൈബർ പൊതുമണ്ഡലം, മാധ്യമ സംലയനം, സൈബർ ഫെമിനിസം, സൈബർ നെറ്റിക്സ് തിയറി, സൈബർ സാഹിത്യം, സൈബർ സംസ്കാരം, സൈബർ വിജ്ഞാനം, സൈബർ ആധുനികത സംബന്ധിച്ച നിർവ്വചനങ്ങൾ എന്നിങ്ങനെ തികച്ചും പുതുമയുള്ളതും കാലികപ്രസക്തവുമായ പ്രബന്ധങ്ങളുടെ സമാഹാരം.

TURN BOOKS
Since MMXI
ISBN 978-93-87709-17-1
E-book available
www.josekmanuel.in
Media Studies
turnbooks4u@gmail.com
MRP ₹ 350.00 / $ 6.00